# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃശ്ശൂർ കോർപ്പറേഷൻ

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001

ഇ-മെയിൽ: corptsr.ksad@kerala.gov.in

ഫോൺ : 0487-2443619

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSC4-780/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001
തീയ്യതി: 30/12/2023
ഇ-മെയിൽ:
corptsr.ksad@kerala.gov.in
ഫോൺ: 0487-2443619

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
തൃശ്ശൂർ കോർപ്പറേഷൻ

സർ,

വിഷയം : തൃശ്ശൂർ കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-15,1-162,1-163 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണവകുപ്പ്,തൃശ്ശൂർ (ഉപരിപത്രം സഹിതം)
5. ഓഫീസ് കോപ്പി

നമ്പർ: KSA-TSC4-780/2023 തീയ്യതി: 30/12/2023

# തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2022 മുതൽ 02-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 221 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 76 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലത എം.എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-06-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-06-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മീരാ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഹണി. കെ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, 3.10.2023 വരെ
ശ്രീ.സ്റ്റാൻലി. പി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, 4.10.2023 മുതൽ
ശ്രീമതി. ചൈതന്യ പുരുഷോത്തമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, 3.07.2023 വരെ

ശ്രീമതി. ഷൈനി കൃഷ്ണദാസ്. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 5.07.2023 മുതൽ
ശ്രീമതി. ദിവ്യ. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 1.07.2023 വരെ
ശ്രീമതി. വിദ്യാ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, 3.07.2023 മുതൽ
ശ്രീമതി. സുനിത. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 3.07.2023 മുതൽ
ശ്രീമതി. സോന. കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മാലിനി വി. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഷ. കെ.കെ, ഓഡിറ്റർ
ശ്രീമതി. ജിഷ. കെ.ടി, ഓഡിറ്റർ ,17.06.2023 വരെ
ശ്രീ.രാജീവ്. എൻ. വി,ഓഡിറ്റർ, 19.07.2023 മുതൽ
ശ്രീമതി. നിലുഫർ. ബി.ഐ, ഓഡിറ്റർ, 2.08.2023 വരെ
ശ്രീമതി. ബിന്ദു. കെ.എസ്, ഓഡിറ്റർ, 5.08.2023 മുതൽ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.കെ വർഗ്ഗീസ് | മേയർ | 01-04-2022 | 31-03-2023 |
| ശ്രീ. രാഹേഷ് കുമാർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പ്രദീപ്കുമാർ എം.എസ് | അഡീഷണൽ സെക്രട്ടറി (ഇൻ ചാർജ്) | 01-04-2022 | 08-04-2022 |
| ശ്രീ. സോമശേഖരൻ | അഡീഷണൽ സെക്രട്ടറി (ഇൻ ചാർജ്) | 09-04-2022 | 15-04-2022 |
| ശ്രീമതി. അന്ന ആർ.എസ് | അഡീഷണൽ സെക്രട്ടറി | 16-04-2022 | 31-03-2023 |
| ശ്രീ. സോമശേഖരൻ | ഡെപ്യൂട്ടി സെക്രട്ടറി | 01-04-2022 | 23-12-2022 |
| ശ്രീ. ലാൻസലെറ്റ് സാമുവൽ | ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി | 24-12-2022 | 31-03-2023 |
| ശ്രീമതി. സരസ്വതി എ.കെ | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 01-04-2022 | 27-06-2022 |
| ശ്രീമതി. ഷേർലി ആർ | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 28-06-2022 | 28-08-2022 |
| ശ്രീമതി. മായ പി | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 29-08-2022 | 01-10-2022 |
| ശ്രീമതി. ജ്യോതി പി. ബിന്ദു | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 02-10-2022 | 31-03-2023 |
| ഡോ. പ്രദീപ് വി.എം | സീനിയർ വെറ്ററിനറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർജൻ, വിൽവട്ടം | | |
| ഡോ. റീനു ജോൺ | സീനിയർ വെറ്ററിനറി സർജൻ, ഒല്ലൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയന്തി. ടി.ടി | അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 31-12-2022 |
| ശ്രീമതി. അനിത. കെ.ടി | അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് | 01-01-2023 | 31-03-2023 |
| ശ്രീമതി. സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്മെന്റ് | 01-04-2022 | 31-03-2023 |
| ഡോ. വിനീത എസ് | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-04-2022 | 31-05-2022 |
| ഡോ. രാജൻ കെ.ആർ | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-06-2022 | 29-07-2022 |
| ഡോ. താജ്പോൾ പനയ്ക്കൽ | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 30-07-2022 | 31-03-2023 |
| ഡോ. ബിന്ദു | സൂപ്രണ്ട്, സി.എച്ച്. സി ഒല്ലൂർ | 01-04-2022 | 31-03-2023 |
| ഡോ. അനിത | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. ബിനി വി.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. ബാലസുബ്രഹ്മണ്യം | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-10-2022 |
| ശ്രീ. താജുദ്ദീൻ | ഹെൽത്ത് സൂപ്പർവൈസർ ( ഇൻ ചാർജ്) | 01-11-2022 | 29-11-2022 |
| ശ്രീ. സന്തോഷ് കുമാർ പി.എസ് | ഹെൽത്ത് സൂപ്പർവൈസർ | 30-11-2022 | 31-03-2023 |
| ശ്രീമതി. ധന്യ വിൻസന്റ് | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 01-09-2022 |
| ശ്രീമതി. സിന്ധു എൻ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 02-09-2022 | 31-03-2023 |
| ശ്രീമതി. ശരണ്യ സി.ജി | സി.ഡി.പി.ഒ, അർബൻ 1 | 01-04-2022 | 30-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ജയന്തി സി.ആർ | സി.ഡി.പി.ഒ, അർബൻ 1 | 31-07-2022 | 15-12-2022 |
| ശ്രീമതി. ശ്രീകല കെ | സി.ഡി.പി.ഒ, അർബൻ 1 | 16-12-2022 | 31-03-2023 |
| ശ്രീമതി. ശ്രീവിദ്യ എസ്. മാരാർ | സി.ഡി.പി.ഒ, അർബൻ 2 | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രഭിത വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു പി.ബി | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഉഷാ രാധാകൃഷ്ണൻ | സൂപ്രണ്ട്, മഹിളാ മന്ദിരം | 01-04-2022 | 31-03-2023 |
| ശ്രീ. ഇജാസ് അഹമ്മദ് | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഭരതരാജൻ | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കന്ററി സ്കൂൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷൈബി ജോർജ്ജ് | തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജ എസ്.എസ് | തൃശ്ശൂർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I | 01-04-2022 | 31-03-2023 |
| ശ്രീ. രാജ് ജെ.ആർ | തൃശ്ശൂർ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II | 01-04-2022 | 31-03-2023 |
| ശ്രീ. എൽദോ തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ. ഒല്ലൂക്കര മേഖലാ കാര്യാലയം. | 01-04-2022 | 13-09-2022 |
| ശ്രീമതി. നീതു | അസിസ്റ്റന്റ് എഞ്ചിനീയർ. ഒല്ലൂക്കര മേഖലാ കാര്യാലയം. | 14-09-2022 | 26-12-2022 |
| ശ്രീ. ധനീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ. ഒല്ലൂക്കര മേഖലാ കാര്യാലയം. | 27-12-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ ഗോപിനാഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ. ഒല്ലൂർ മേഖലാ കാര്യാലയം. | 01-04-2022 | 31-03-2023 |
| ശ്രീ. ജയൻ ഇ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ. | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | കുർക്കഞ്ചേരി മേഖലാ കാര്യാലയം. | | |
| ശ്രീ. ഡിറ്റോ ദാസ്. എം | അസിസ്റ്റന്റ് എഞ്ചിനീയർ. അയ്യന്തോൾ മേഖലാ കാര്യാലയം. | 01-04-2022 | 31-03-2023 |
| ശ്രീമതി. സുബിത. സി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ. വിൽവട്ടം മേഖലാ കാര്യാലയം. | 01-04-2022 | 31-03-2023 |
| ശ്രീമതി. റീജ റാഫേൽ | സൂപ്രണ്ട് , ഒല്ലൂർ മേഖലാ കാര്യാലയം. | 01-04-2022 | 25-08-2022 |
| ശ്രീ. ജയകുമാർ. വി | സൂപ്രണ്ട് , ഒല്ലൂർ മേഖലാ കാര്യാലയം. | 26-08-2022 | 31-03-2023 |
| ശ്രീ. ആർ. ഗോപാലകൃഷ്ണൻ | സൂപ്രണ്ട്, കുർക്കഞ്ചേരി മേഖലാ കാര്യാലയം. | 01-04-2022 | 10-06-2022 |
| ശ്രീ. സെബാസ്റ്റ്യൻ ബഞ്ചമിൻ മിരാൻഡ | സൂപ്രണ്ട്, കുർക്കഞ്ചേരി മേഖലാ കാര്യാലയം(ഇൻ ചാർജ്) | 11-06-2022 | 29-06-2022 |
| ശ്രീ. വേണുഗോപാൽ. ആർ | സൂപ്രണ്ട്, കുർക്കഞ്ചേരി മേഖലാ കാര്യാലയം | 30-06-2022 | 14-09-2022 |
| ശ്രീ. നന്ദകുമാർ. പി | സൂപ്രണ്ട്, കുർക്കഞ്ചേരി മേഖലാ കാര്യാലയം | 15-09-2022 | 31-03-2023 |
| ശ്രീ. ജയകുമാർ. കെ | സൂപ്രണ്ട്, അയ്യന്തോൾ മേഖലാ കാര്യാലയം | 01-04-2022 | 31-03-2023 |
| ശ്രീ. ജയാനന്ദൻ. എസ്.വി | സൂപ്രണ്ട്, വിൽവട്ടം മേഖലാ കാര്യാലയം(ഇൻ ചാർജ്) | 01-04-2022 | 24-04-2022 |
| ശ്രീ. നിസാമുദ്ദീൻ. എൻ | സൂപ്രണ്ട്, വിൽവട്ടം മേഖലാ കാര്യാലയം. | 25-04-2022 | 19-05-2022 |
| ശ്രീ. ജയാനന്ദൻ എസ്. വി | സൂപ്രണ്ട്, വിൽവട്ടം മേഖലാ കാര്യാലയം(ഇൻ ചാർജ്) | 20-05-2022 | 31-05-2022 |
| ശ്രീ. അരുൺകുമാർ വി.സി | സൂപ്രണ്ട്, വിൽവട്ടം മേഖലാ കാര്യാലയം. | 01-06-2022 | 21-09-2022 |
| ശ്രീ. അജീഷ്കുമാർ പി.എ | സൂപ്രണ്ട്, വിൽവട്ടം | 22-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| | മേഖലാ കാര്യാലയം. | | |
| ശ്രീ. പോൾ ടി.ജെ | സൂപ്രണ്ട്, ഒല്ലൂക്കര മേഖലാ കാര്യാലയം | 01-04-2022 | 31-05-2022 |
| ശ്രീ. ജയകുമാർ | സൂപ്രണ്ട്, ഒല്ലൂക്കര മേഖലാ കാര്യാലയം | 01-06-2022 | 01-07-2022 |
| ശ്രീ. അഭിലാഷ് എം.പി | സൂപ്രണ്ട്, ഒല്ലൂക്കര മേഖലാ കാര്യാലയം | 02-07-2022 | 18-09-2022 |
| ശ്രീ. ഷാജിമോൻ ഇ.സി | സൂപ്രണ്ട്, ഒല്ലൂക്കര മേഖലാ കാര്യാലയം | 19-09-2022 | 27-09-2022 |
| ശ്രീ. സുനിൽ പി.എം | സൂപ്രണ്ട്, ഒല്ലൂക്കര മേഖലാ കാര്യാലയം | 28-09-2022 | 31-03-2023 |
| ശ്രീമതി. ചിത്രകുമാരി. പി | റവന്യൂ ഓഫീസർ ഗ്രേഡ് I | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ - വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല | 1-1-2 |
| 4 | വസ്തുനികുതി ഡിമാന്റ് ഉത്ഭവസ്ഥാനത്ത് തന്നെ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ഡിമാന്റ് - കളക്ഷൻ = ബാലൻസ് എന്ന രീതിയിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വസ്തു നികുതിയിന്മേൽ സർചാർജ്ജ് തുക കണക്കാക്കുന്നു | 1-1-6 |
| 8 | വസ്തു നികുതിയിന്മേൽ ലൈബ്രറി സെസ്സ് , സർവീസ് സെസ്സ് എന്നിവ കണക്കാക്കുന്നതിൽ വ്യത്യാസം | 1-1-7 |
| 9 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ - ഡിമാന്റ് രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല | 1-1-8 |
| 10 | Accrual ആയി രേഖപ്പെടുത്തുന്ന താഴെപ്പറയുന്ന വരവിനങ്ങൾ ഡിമാന്റ് - കളക്ഷൻ = ബാലൻസ് എന്ന രീതിയിൽ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | Accrual ആയി രേഖപ്പെടുത്തേണ്ടാത്ത താഴെപ്പറയുന്ന വരവിനങ്ങളുടെ ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിലെയും റസീറ്റ് & പേയ്മെന്റ് പത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-10 |
| 12 | ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. | 1-1-11 |
| 13 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | Prior Period Item - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. | 1-1-13 |
| 15 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-15 |
| 17 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. | 1-1-16 |
| 18 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിരിക്കുന്നു. | 1-1-17 |
| 19 | അഡ്വാൻസ് രജിസ്റ്റർ -ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-18 |
| 20 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-19 |

| | | |
|---|---|---|
| 21 | പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-20 |
| 22 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-1-21 |
| 23 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-22 |
| 24 | ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-23 |
| 25 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല. | 1-1-24 |
| 26 | 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ' ൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-25 |
| 27 | വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-26 |
| 28 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. | 1-1-27 |
| 29 | ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് കോർപ്പറേഷന്റെ തന്നെ മറ്റൊരു ബാങ്കിൽ നിക്ഷേപിച്ച തുക വാർഷികകണക്കിൽ കോർപ്പറേഷന്റെ വരുമാനമായും ചെലവായും തെറ്റായി ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു. | 1-1-28 |
| 30 | സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായി ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-1-29 |
| 31 | വൈദ്യുതി വിഭാഗത്തിൽ നിന്നും വാടക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-30 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു | 1-1-31 |
| 33 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം വാർഷിക കണക്കിൽ വരുമാനമായും ചെലവായും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-32 |
| 34 | തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്തില്ല. വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു | 1-1-33 |
| 35 | വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-34 |
| 36 | Earmarked Funds- കണ്ടിജന്റ് പെൻഷൻ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-35 |
| 37 | Redumption Amount സർക്കാറിൽ നിന്നും തുക തിരികെ ലഭ്യമായിട്ടില്ല. | 1-1-36 |
| 38 | സ്ഥിര നിക്ഷേപ തുക ജേണൽ വൗച്ചർ മുഖേന 431600100 – Receivables From Government( Redemption Amount) എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി | 1-1-37 |

| | | |
|---|---|---|
| 39 | തൊഴിൽ രഹിത വേതനം , വിവാഹധനസഹായം റസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-38 |
| 40 | ബജറ്റ് | 1-2 |
| 41 | സാമ്പത്തിക വിശകലനം | 1-3 |
| 42 | ഫണ്ട് വിനിയോഗം | 1-4 |
| 43 | പദ്ധതി അവലോകനം | 1-5 |
| 44 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 45 | ക്ഷേമ പദ്ധതികൾ | 1-7 |
| 46 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 47 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 48 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 49 | സ്ഥിരനിക്ഷേപം 6 കോടിയിലധികം രൂപ കുറവ് ചെയ്തു | 1-11 |
| 50 | ഗുണഭോക്തൃവിഹിതം പിരിവ് - അപാകതകൾ | 1-12 |
| 51 | അഗതി മന്ദിരത്തിലേക്ക് അന്നദാനത്തിന് സംഭാവന-- കൃത്യമായ കണക്ക് ലഭ്യമല്ല | 1-13 |
| 52 | റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു-- സ്ഥാപനത്തിന് 72.55ലക്ഷം നഷ്ടം | 1-14 |
| 53 | വസ്തു നികുതി പരിഷ്കരണത്തിലെ കാലതാമസം-2013 ൽ ആരംഭിച്ച വസ്തു നികുതി പരിഷ്കരണം 2023 ലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല- കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി അസ്സസ്സ്മെന്റ് രജിസ്റ്റർ പോലും പൂർത്തീകരിക്കാൻ കോർപ്പറേഷൻ നടപ്പാക്കിയ നികുതി പരിഷ്കരണ സംവിധാനങ്ങൾക്ക് സാധിച്ചിട്ടില്ല. | 1-15 |
| 54 | വസ്തു നികുതി കണക്കാക്കുമ്പോൾ വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകിയിട്ടില്ല | 1-16 |
| 55 | ബൈ നമ്പർ നൽകി നികുതി പുനർ നിർണ്ണയിച്ചപ്പോൾ 2023-24 വർഷത്തിൽ വരുത്തേണ്ട 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ്വെയറിൽ വരുത്തിയിട്ടില്ല | 1-17 |
| 56 | വസ്തു നികുതി - രണ്ട് രീതിയിൽ കണക്കാക്കി ഈടാക്കുന്നു | 1-18 |
| 57 | തറ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു | 1-19 |
| 58 | തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിൽ വ്യത്യാസം -വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ് | 1-20 |
| 59 | വസ്തു നികുതി നിർണ്ണയം - തറ നിർമ്മിതിയുടെയും വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-21 |
| 60 | കെട്ടിട നികുതി ഇളവ് നൽകൽ-രജിസ്റ്ററുകളും, ഫയലുകളും, കമ്മറ്റി തീരുമാനങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-22 |

| | | |
|---|---|---|
| 61 | വേക്കൻസി റിമിഷൻ അനുവദിച്ചതിലെ അപാകത | 1-23 |
| 62 | വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല-കോർപ്പറേഷൻ മെയിൻ ഓഫീസ് | 1-24 |
| 63 | കെട്ടിടനികുതി നിർണ്ണയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല,കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല- ഒല്ലൂർസോണൽ | 1-25 |
| 64 | ഒല്ലൂർ മേഖല കാര്യാലയം - മൊബൈൽ ടവർ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-26 |
| 65 | അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം -ഒല്ലൂക്കര സോണൽ | 1-27 |
| 66 | അനധികൃത നിർമ്മാണം - ഒല്ലൂക്കര സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് - യു.എ കെട്ടിട നികുതി ഈടാക്കിയിട്ടില്ല-ഒല്ലൂക്കരസോണൽ | 1-28 |
| 67 | അനധികൃത ടവർ നിർമ്മാണം -റഗുലറൈസേഷൻ നടപടികളിലും യു.എ ടാക്സ് ഈടാക്കുന്നതിലും കാലതാമസം-ഒല്ലൂക്കരസോണൽ | 1-29 |
| 68 | അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-30 |
| 69 | അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി ഈടാക്കാതെ ക്രമവത്ക്കരിച്ചു നൽകി | 1-30-1 |
| 70 | തണ്ണീർത്തട നിയമം ലംഘിച്ച് കെട്ടിടം പണിതത്- ക്രമവൽക്കരിച്ചിട്ടില്ല | 1-31 |
| 71 | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം- നടപടിയെടുക്കേണ്ടതാണ് | 1-32 |
| 72 | കൂർക്കഞ്ചേരി സോണലിലെ അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-33 |
| 73 | ഒല്ലൂർ സോണൽ - അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-34 |
| 74 | റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ യു.എ ടാക്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-35 |
| 75 | നികുതി വരുമാനം ഉറപ്പാക്കാതെ കെട്ടിടം റഗുലറൈസസ് ചെയ്തു നൽകി - നഗരസഭ തനതു വരുമാനം നഷ്ടമാക്കി | 1-36 |
| 76 | അനധികൃത നിർമ്മാണം - ചുമത്തിയ നികുതി ഈടാക്കുന്നില്ല - 3759536 രൂപ നികുതി നഷ്ടം | 1-37 |
| 77 | വിൽവട്ടം മേഖലാ കാര്യാലയം -തൊഴിൽ നികുതി -അപാകതകൾ | 1-38 |
| 78 | അയ്യന്തോൾ മേഖലാ കാര്യാലയം-തൊഴിൽ നികുതി രജിസ്റ്റർ, വരുമാനനിർണ്ണയ പത്രികകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-39 |
| 79 | കുർക്കഞ്ചേരി മോഖലാകാര്യാലയം- തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്റർ, വരുമാന നിർണ്ണയ പത്രികകൾ എന്നിവയുലെ അപാകതകൾ | 1-40 |
| 80 | ഒല്ലൂർ മേഖലാകാര്യാലയം-തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രികകൾ | 1-41 |

| | | |
|---|---|---|
| | എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | |
| 81 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-42 |
| 82 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകതകൾ | 1-43 |
| 83 | കൂർക്കഞ്ചേരി മേഖലാകാര്യാലയം- ലൈസൻസ് എടുത്ത എല്ലാസ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല | 1-44 |
| 84 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല-ഒല്ലൂർ മേഖലകാര്യാലയം | 1-45 |
| 85 | 2020- ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ പട്ടികകളിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-46 |
| 86 | 2021-22 പുതിയതായി വ്യാപാര ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളെ 2022-23 ലെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-47 |
| 87 | മുൻസിപ്പാലിറ്റി ആക്ടിന്റെ 8-ാം പട്ടികയിൽപ്പെടുന്ന സ്ഥാപനം - അഗ്നിശമനസേന വകുപ്പിൽ നിന്നും ക്ലിയറൻസ് ലഭ്യമാക്കിയിട്ടില്ല | 1-48 |
| 88 | വ്യാപാര ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനം 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല | 1-49 |
| 89 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ - രേഖകൾ സൂക്ഷിപ്പിൽ കൃത്യതയില്ല | 1-50 |
| 90 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-51 |
| 91 | കടമുറികളുടെ വാടക ഇളവ് അനുവദിച്ചത് - ഉത്തരവ് ലഭ്യമാക്കിയില്ല | 1-52 |
| 92 | വാടകയും നൽകാതെ മുറികൾ ഒഴിഞ്ഞു കിടക്കുന്നു | 1-53 |
| 93 | ഗ്രൗണ്ടുകൾ, സ്റ്റേഡിയം - വാടക വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-54 |
| 94 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ കടമുറികളിൽ നിന്നുള്ള വാടക പരിശോധന- വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-55 |
| 95 | 2007 മുതൽ വാടക കുടിശ്ശിക - കേസ്സിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-56 |
| 96 | അനുവദിച്ച മുറി മൂന്നു വർഷമായിട്ടും ഏറ്റെടുത്തില്ല -തനതു വരുമാനത്തിന് കുറവ് സംഭവിക്കുന്നു | 1-57 |
| 97 | വിവിധയിനങ്ങളിൽ നിന്നുള്ള വാടക വരവ് - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-58 |
| 98 | വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് | 1-59 |
| 99 | വാടക കുടിശ്ശിക - നഗരസഭക്ക് വരുമാന നഷ്ടം | 1-60 |
| 100 | ബിനി ടൂറിസ്റ്റ് ഹോം - തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-61 |

| | | |
|---|---|---|
| 101 | ഹാൾ വാടക വരവ് - അപാകതകൾ | 1-62 |
| 102 | ഒല്ലൂക്കര കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 1-63 |
| 103 | അയ്യന്തോൾ മേഖലാ കാര്യാലയം-പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ, ബൈ ലോ പ്രകാരമുള്ള തുകകൾ ഈടാക്കുന്നില്ല | 1-64 |
| 104 | കെട്ടിട നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-65 |
| 105 | അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന അറിയിപ്പിൽ കാലപരിധി രേഖപ്പടുത്തുന്നില്ല | 1-66 |
| 106 | കൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-67 |
| 107 | റഗുലറൈസേഷൻ അപേക്ഷ -ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ് | 1-68 |
| 108 | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകത | 1-69 |
| 109 | നിബന്ധനകൾ പാലിക്കാതെ പെർമ്മിറ്റ് അനുവദിച്ചു | 1-70 |
| 110 | ഉത്തരവിന് വിധേയമാകാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു | 1-71 |
| 111 | കെട്ടിട നിർമ്മാണ അനുമതി -ഭൂമിയുടെ തരം മാറ്റിയ വില്ലേജ് ഓഫീസിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടല്ല | 1-72 |
| 112 | അഗ്നിസുരക്ഷാ സാക്ഷ്യപത്രം ഉറപ്പാക്കിയില്ല | 1-73 |
| 113 | അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-74 |
| 114 | പെർമിറ്റിൽ നിന്നും അധികരിച്ച എഫ്.എസ്.ഐ യ്ക്ക അധിക ഫീസ് ഈടാക്കിയിട്ടില്ല | 1-75 |
| 115 | നഗരസഭയുടെ റഗുലേറ്ററി സംവിധാനം കാര്യക്ഷമമല്ല - അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിൽ സ്ഥാപനങ്ങൾ കാലങ്ങളായി പ്രവർത്തിക്കുന്നു | 1-76 |
| 116 | ഒല്ലൂർ സോണൽ - വിവരാവകാശ അപേക്ഷകൾ ലഭ്യമായതിനെ തുടർന്നുള്ള പരിശോധനയിൽ അനധികൃത നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് | 1-77 |
| 117 | ഒല്ലൂക്കര സർക്കാർ പുറമ്പോക്കിലെ അനധികൃത നിർമ്മാണങ്ങൾ ഒഴിപ്പിക്കേണ്ടതാണ് | 1-78 |
| 118 | ആർജ്ജിതാവധി സറണ്ടർ രണ്ടു തവണ അനുവദിച്ചു | 1-79 |
| 119 | റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ് അക്കൗണ്ട് | 1-80 |
| 120 | റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്യുന്ന തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-81 |
| 121 | ഫെസ്റ്റിവൽ അഡ്വാൻസ് ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു- തിരിച്ചടവ് നിരീക്ഷിക്കുവാൻ സാധിച്ചിട്ടില്ല | 1-82 |
| 122 | വിധി നടത്തിപ്പുകേസിൽ (EP549/2009) യഥാസമയം നടപടികൾ | 1-83 |

| | | |
|---|---|---|
| | സ്വീകരിച്ചില്ല - നഷ്ടപരിഹാരമായി പലിശയിനത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നു | |
| 123 | ശക്തൻ സ്റ്റാൻഡ്, കുരിയച്ചിറ Owc പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല; പ്ലാന്റിന്റെ ഉൾവശത്ത് വൃത്തിഹീന സാഹചര്യം നിലനിൽക്കുന്നു | 1-84 |
| 124 | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല-22,37,11,947രൂപ തടസ്സപ്പെടുത്തുന്നു | 1-85 |
| 125 | പതിനാലാം പഞ്ചവത്സര പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-86 |
| 126 | പ്രോജക്ടുകൾ ആസൂത്രണം ചെയ്തുവെങ്കിലും നടപ്പാക്കുന്നില്ല – ഫണ്ട് നഷ്ടപ്പെടുത്തുന്നു | 1-87 |
| 127 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-88 |
| 128 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-89 |
| 129 | നഗരസഞ്ചയം പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല - 17,23,35,207 രൂപ തടസ്സത്തിൽ വെയ്ക്കുന്നു | 1-90 |
| 130 | അമൃത് പദ്ധതി ലോൺ തിരിച്ചടവ് - സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്റ്റർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായി ക്രെഡിറ്റ് ചെയ്തിട്ടില്ല - ലോൺ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-91 |
| 131 | ഗുണഭോക്തൃവിഹിതം വരവും ചെലവും പൊരുത്തപ്പെടുന്നില്ല | 1-92 |
| 132 | വിവിധ സ്ഥാപനങ്ങൾക്ക് ഫല വൃക്ഷതൈകളുടെ വിതരണം- അപാകതകൾ | 1-93 |
| 133 | പദ്ധതികൾ ആസൂത്രണം ചെയ്യുന്നതനുസരിച്ച് നടപ്പാക്കുന്നില്ല | 1-94 |
| 134 | മുട്ടക്കോഴി വിതരണം (S551/23) – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-95 |
| 135 | കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് | 1-96 |
| 136 | എ.ബി.സി പദ്ധതി-മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് | 1-97 |
| 137 | എ.ബി.സി പദ്ധതി- അവലോകനം | 1-98 |
| 138 | ക്ഷീര വികസനം - പാലളവ് പട്ടിക തയ്യാറാക്കിയതിലെ അപാകതകൾ -1,90,028/-രൂപ തടസ്സപ്പെടുത്തുന്നു | 1-99 |
| 139 | ശുചീകരണസാധനങ്ങൾ വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-100 |
| 140 | മാലിന്യ സംസ്കരണം - ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-101 |
| 141 | പദ്ധതി ചെലവ് രേഖ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-102 |
| 142 | ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വീട് വാസയോഗ്യമാക്കിയില്ല | 1-103 |
| 143 | ഭവനപുനരുദ്ധാരണം - അർഹത ഉറപ്പാക്കാതെ ധനസഹായം നൽകി | 1-104 |
| 144 | പി.എം.എ.വൈ ലൈഫ് അർബൻ ഭവന നിർമ്മാണ പദ്ധതി - | 1-105 |

| | | |
|---|---|---|
| | അവലോകനം | |
| 145 | അംഗനവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ - സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ചു | 1-106 |
| 146 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -5 ലക്ഷത്തിൽ അധികരിച്ച വാങ്ങൽ നടപടിയ്ക്കു ഇ- ടെണ്ടർ /GeM ലൂടെ യുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-107 |
| 147 | സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചു | 1-108 |
| 148 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി -തുടർ നടപടികൾ | 1-109 |
| 149 | അനുപൂരക പോഷകാഹാരപദ്ധതി - സപ്ലൈകോയ്ക്കു അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 1-110 |
| 150 | കോക്ലിയാർ ഇംപ്ലാന്റേഷൻ-സാമൂഹ്യസുരക്ഷമിഷന് വിഹിതം കൈമാറൽ- വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-111 |
| 151 | ബഡ്സ് സ്കൂളുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല | 1-112 |
| 152 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല | 1-113 |
| 153 | അതിദാരിദ്ര്യ പദ്ധതിയിലേക്കുള്ള വിഹിതം -- മൈക്രോപ്ലാൻ തയ്യാറാക്കിയതിന്റെ വിവരം ഇല്ല | 1-114 |
| 154 | ഹരിതകർമ്മസേനാ വനിതാ അംഗങ്ങൾക്കുള്ള ഇൻഷുറൻസ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-115 |
| 155 | കുടുംബശ്രീ ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-116 |
| 156 | ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകതകൾ | 1-117 |
| 157 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ - പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പാക്കേണ്ടതാണ് | 1-118 |
| 158 | പട്ടികജാതി ദമ്പതികൾക്ക് (മിശ്രവിവാഹം) ധനസഹായം- പദ്ധതി മാർഗരേഖയ്ക്ക് വിഭിന്നമായി പദ്ധതി നടപ്പിലാക്കി | 1-119 |
| 159 | പട്ടികജാതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് - കൗൺസിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല | 1-120 |
| 160 | പട്ടികജാതി -അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നേടാൻ പരിശീലനം പദ്ധതി - അപാകതകൾ | 1-121 |
| 161 | പട്ടികജാതി പദ്ധതി നിർവ്വഹണത്തിനുള്ള ഓഫീസ് ചെലവുകൾ-വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല | 1-122 |
| 162 | പട്ടികജാതിയിൽ ഉൾപ്പെടുന്ന 5,6,7 ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്ന പദ്ധതി - പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ | 1-123 |

| | | |
|---|---|---|
| | പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല | |
| 163 | കെൽട്രോണിന് മുൻകൂർ തുക 309015 രൂപ കൈമാറി - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല;ചെലവ് തുക 3,09,015 രൂപ തടസ്സപ്പെടുത്തുന്നു | 1-124 |
| 164 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രൊജക്റ്റിൽ തുക കൈമാറിയതിലെ അപാകത -ചെലവുതുക 8,53,024 രൂപ തടസ്സത്തിൽ വെയ്ക്കുന്നു | 1-125 |
| 165 | പാലിയേറ്റീവ് കെയർ പ്രൊജക്ട് - ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-126 |
| 166 | പാലിയേറ്റീവ് കെയർ-മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-127 |
| 167 | GST TDS ഈടാക്കിയില്ല - ഈടാക്കി വിവരം അറിയിക്കേണ്ടതാണ് | 1-128 |
| 168 | ആയുർവേദ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-129 |
| 169 | മരുന്നുകളുടെ നിർമ്മാണ തീയതി ഇൻവോയിസ് തീയതിക്ക് ശേഷം രേഖപ്പെടുത്തിയിരിക്കുന്നു | 1-130 |
| 170 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമാക്കേണ്ടതാണ് | 1-131 |
| 171 | NUHM പ്രവർത്തനങ്ങൾ- വിലയിരുത്തൽ | 1-132 |
| 172 | അംഗീകാരം നേടിയ പദ്ധതികൾ നടപ്പാക്കിയില്ല - 45,00,000 രൂപ നഷ്ടപ്പെടുത്തി | 1-133 |
| 173 | വിജ്ഞാനോൽസവം-പദ്ധതി അപാകത | 1-134 |
| 174 | 1,08,143 രൂപ വാട്ടർ ചാർജ് കുടിശ്ശികയായി അടവാക്കി | 1-135 |
| 175 | എസ്.എസ്.കെ വിഹിതം അടവാക്കൽ -തുക തടസ്സപ്പെടുത്തുന്നു | 1-136 |
| 176 | ഫർണീച്ചർ വിതരണം ചെലവ് രേഖയുമായി വ്യത്യാസപ്പെടുന്നു | 1-137 |
| 177 | കളിയുപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-138 |
| 178 | ലൈബ്രറികൾക്ക് പുസ്തകം - സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല | 1-139 |
| 179 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-140 |
| 180 | കോലോത്തും പാടം (TUDA) ഷോപ്പിംഗ് മാൾ നിർമ്മാണം- 6,22,57,496 രൂപ ചെലവഴിച്ച പ്രവൃത്തി സ്തംഭനാവസ്ഥയിൽ-അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,00,00,000 രൂപ തടസ്സപ്പെടുത്തുന്നു | 1-141 |
| 181 | മേനാച്ചേരി ഷോപ്പിംഗ് കോംപ്ലക്സ് പുനർനിർമ്മാണം: ടൗൺ പ്ലാനിംഗ്, ആർക്കിയോളജി വകുപ്പുകളിൽ നിന്നും നിയമാനുസൃത അനുമതികൾ കൂടാതെ പ്രവൃത്തി ആരംഭിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു; അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക | 1-142 |

| | | |
|---|---|---|
| | 7,62,070 രൂപ തടസ്സപ്പെടുത്തുന്നു | |
| 182 | അയ്യന്തോൾ പ്രിയദർശിനി ഹാൾ,കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം പൂർത്തിയായിട്ടില്ല-അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,25,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-143 |
| 183 | കാളത്തോട് കല്യാണ മണ്ഡപം: ഓഡിറ്റോറിയം/ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 2018-19 ൽ ആവിഷ്കരിച്ച പ്രൊജക്ടസമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,49,41,264 രൂപ തടസ്സപ്പെടുത്തുന്നു. | 1-144 |
| 184 | മരാമത്ത് ബില്ലുകൾ ക്വാളിറ്റി ടെസ്റ്റ് ഉറപ്പു വരുത്താതെ അനുവദിക്കുന്നു. - വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-145 |
| 185 | ലാലൂർ ലെഗസി വേസ്റ്റ് ബയോ മൈനിംഗ്-പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ചെലവു തുക 28,30,375 രൂപ തടസ്സപ്പെടുത്തുന്നു. | 1-146 |
| 186 | ജി.ഐ.എസ് മാപ്പിംഗ്-അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവു തുക 49,99,896 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. | 1-147 |
| 187 | ഡെപ്പോസിറ്റ് വർക്ക്- വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക കൈമാറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,37,90,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-148 |
| 188 | ഡെപ്പോസിറ്റ് പ്രവൃത്തി - കെ.എസ്.ഇ.ബിക്ക് മുൻകൂർ തുക കൈമാറി -രേഖകളുടെ അഭാവത്തിൽ ചെലവ് തുക 7904953 രൂപ തടസ്സപ്പെടുത്തുന്നു. | 1-149 |
| 189 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് - സ്റ്റോക്കിലെടുക്കൽ, സാക്ഷ്യപത്രം രേഖപ്പെടുത്തൽ, വിതരണ വിശദാംശം രേഖപ്പെടുത്തൽ എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-150 |
| 190 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. | 1-151 |
| 191 | കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ട്-പൂർത്തീകരിക്കുന്നതിൽ അസാധാരണ കാലതാമസം-അപാകതകളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ചെലവു തുക 44,31,117 രൂപ തടസ്സപ്പെടുത്തുന്നു. | 1-152 |
| 192 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ, നഷ്ടം 227635.65/- | 1-153 |
| 193 | കോവിലകത്തും പാടം- ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് നിഷ്ക്രിയം-നഷ്ടം 3,00,86,568/-രൂപ തൻവർഷ ചെലവ് 50,112/-രൂപ നിരാകരിക്കുന്നു | 1-154 |
| 194 | ശക്തൻ സ്റ്റാന്റിന് സമീപം ഇൻസിനറേറ്റർ സ്ഥാപിച്ചത്-കൗൺസിൽ അംഗീകാരമില്ല-1849760രൂപ തടസ്സപ്പെടുത്തുന്നു | 1-155 |

| | | |
|---|---|---|
| 195 | ടാഗോർ ഹാൾ നിർമ്മാണം- അപാകതകൾ - 408090/-രൂപ നഷ്ടം | 1-156 |
| 196 | സംസം പാർക്ക് റോഡ് പുനരുദ്ധാരണം, രണ്ടാം ഘട്ടം-55,766 രൂപ നിരാകരിക്കുന്നു. | 1-157 |
| 197 | ഡിവിഷൻ 3 - വസന്ത് നഗർ മിനി പാർക്ക് നിർമ്മാണം - 16,84,867 രൂപ ചെലവഴിച്ച സ്ഥലം നാളിതുവരെ പാർക്ക് ആയി ഉപയോഗിച്ചിട്ടില്ല; അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 3,41,609 രൂപ തടസ്സപ്പെടുത്തുന്നു. | 1-158 |
| 198 | പള്ളിക്കുളം MCF നോടു ചേർന്ന് പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണം- അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു. ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു. | 1-159 |
| 199 | കെട്ടിട നിർമ്മാണ പ്രൊജക്ട് ഫയലുകൾ ഹാജരാക്കിയില്ല.4,18,98,657 രൂപ തടസ്സപ്പെടുത്തുന്നു | 1-160 |
| 200 | ഹാജരാക്കാത്ത മരാമത്ത് ഫയലുകൾ-22,05,81,947കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-161 |
| 201 | കുടിവെള്ള വിതരണ മേഖലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-162 |
| 202 | വാട്ടർ സെക്ഷൻ -മീറ്റർ റീഡിംഗ് ബുക്കുകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-163 |
| 203 | 2019 ൽ തുടക്കം കുറിച്ച പഴയ മുനിസിപ്പൽ പ്രദേശത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള അമൃത് പ്രൊജക്ട്- വാട്ടർ എഫിഷ്യന്റ് തൃശൂർ(WET) 2,94,05,428 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യം കൈവരിച്ചിട്ടില്ല. തൻ വർഷത്തെ ചെലവുതുക 68,00,005 രൂപ തടസ്സപ്പെടുത്തുന്നു | 1-164 |
| 204 | അമൃത് പദ്ധതി- ഒരു അവലോകനം | 1-165 |
| 205 | അമൃത്- ക്യാഷ് ബുക്ക് പരിശോധിച്ചതിലെ അപാകതകൾ | 1-166 |
| 206 | അമൃത് -ദീർഘ വീക്ഷണമില്ലാതെ പാർക്ക് പുനരുദ്ധാരണം | 1-167 |
| 207 | അമൃത് പദ്ധതി - അച്യുത മേനോൻ പഠനോദ്യാനം ലക്ഷ്യം കൈവരിച്ചില്ല - 3378903/-രൂപ തടസ്സപ്പെടുത്തുന്നു | 1-168 |
| 208 | അമൃത് - ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തുക 921,98,849/-രൂപ തടസ്സപ്പെടുത്തുന്നു | 1-169 |
| | ഭാഗം **2** | |
| 1 | കൂർക്കഞ്ചേരി മേഖലാകാര്യാലയം-തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു | 2-1 |
| 2 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- അപാകതകൾ -9052.65രൂപ നഷ്ടം | 2-2 |
| 3 | ടാഗോർ ഹാൾ നിർമ്മാണം- 299781/-രൂപ വരവ് നഷ്ടം | 2-3 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | 1,08,143 രൂപ വാട്ടർ ചാർജ്ജ് കുടിശ്ശികയായി അടവാക്കി | 3-1 |
| 2 | കോവിലകത്തും പാടം- ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് നിഷ്ക്രിയം- നഷ്ടം 3,00,86,568/-രൂപ, തൻവർഷത്തെ ചെലവ് 50112/-രൂപ നിരാകരിക്കുന്നു. | 3-2 |
| 3 | ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ, നഷ്ടം 218583/- | 3-3 |
| 4 | പള്ളിക്കുളം MCF നോടു ചേർന്ന് പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണം- അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു. ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 5 | അനുപൂരക പോഷകാഹാരപദ്ധതി - സപ്ലൈകോയ്ക്കു അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 3-5 |
| 6 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും - പ്രിന്റിംഗ് ചാർജ്ജിനത്തിൽ അധികം നൽകിയ 20130രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-6 |
| 7 | സംസം പാർക്ക് റോഡ് ടാറിംഗ് രണ്ടാം ഘട്ടം - 55766രൂപ നിരാകരിക്കുന്നു | 3-7 |
| 8 | ടാഗോർ ഹാൾ നിർമ്മാണം - ചെലവ് നഷ്ടം - 108309/-രൂപ | 3-8 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഹാജരാക്കാത്ത തനത് ഫണ്ട് വൗച്ചറുകൾ |
| 4 | ഹാജരാക്കാത്ത മരാമത്ത് ഫയലുകൾ |
| 5 | വാടക അടവാക്കാത്തവരുടെ വിവരങ്ങൽ |
| 6 | നടപ്പാക്കാത്ത പദ്ധതികൾ |
| 7 | വാർഷികധനകാര്യപത്രിക -സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.07.2023 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2023തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി& എജി ഓഫാ ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1-1-1 വാർഷിക കണക്കിലെ അപാകതകൾ - വരവിനങ്ങളുടെ ഡിമാന്റ് തുക കൃത്യമായി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54എഫ് &ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59)

I) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

Ii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

Iii) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

Iv) ഡി&ഒ ഡിമാന്റ് രജിസ്റ്റർ

V) വിനോദനികുതി

Vi) ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീ

Vii) വാട്ടർ ചാർജ്ജ്

Viii) വാടക ഡിമാന്റ് രജിസ്റ്റർ

Ix) പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

X) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

Xi) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

Xii) ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

Xiii) ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

നിലവിൽ മേല്പറഞ്ഞ എല്ലാ വരവിനങ്ങൾക്കും ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും വാർഷിക കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർക്കുന്നതാണെന്ന് കാണുന്നു. ആയതിനാൽ വാർഷികകണക്കുകളിലെ വരുമാനങ്ങളുടെ ഡിമാന്റ് തുക, ബാലൻസ്ഷീറ്റിൽ ഈയിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-2 സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല

വസ്തുനികുതി ഡിമാന്റ്, കളക്ഷൻ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുകയും പൊതുജനങ്ങൾക്ക് ഓൺലൈനായി വസ്തുനികുതി അടവാക്കുന്നതിന് സൗകര്യം ഒരുക്കുന്നതിനുമായുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല. ആയതിനാൽ കോർപ്പറേഷന് ലഭിക്കേണ്ട വസ്തുനികുതിയുടെ ഡിമാന്റ്, ലഭിച്ച തുക, ലഭിക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാനും വാർഷിക കണക്കിലെ വസ്തുനികുതി വിവരങ്ങൾ പൊരുത്തപ്പെടുത്തുന്നതിനും സാധിക്കുകയില്ല.

മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്ത് റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഡിമാന്റ് തരംതിരിച്ച് ലഭ്യമാകുന്നതിന് സജ്ജമാക്കേണ്ടതും കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമാക്കേണ്ടതുമാണ്. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാക്കി സഞ്ചയ സേഫ്റ്റ്‌വെയറിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-1-3 വസ്തുനികുതി ഡിമാന്റ് ഉത്ഭവസ്ഥാനത്ത് തന്നെ രേഖപ്പെടുത്തുന്നില്ല

01/04/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. {കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)} പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. (മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ 2007, ഖണ്ഡിക 6.13 മുതൽ 6.16 വരെ) ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ 2022-23 “110100100-Property Tax (General)" എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 23.9.22 ൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഇതിൽ നിന്നും ഡിമാന്റ് തുക സാങ്കല്പികമാണെന്ന് കാണാവുന്നതാണ്. ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

## 1-1-4 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി ഡിമാന്റ് - കളക്ഷൻ = ബാലൻസ് എന്ന രീതിയിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കുടിശ്ശിക | 34304080.52 | 75768.653 | - | 1857429.09 |
| തൻവർഷം | 241735323 | 218661942 | - | 23537539.04 |

## 1-1-6 വസ്തു നികുതിയിന്മേൽ സർചാജ്ജ് തുക കണക്കാക്കുന്ന

2022-23 വാർഷിക കണക്ക് RP -37 ഷെഡ്യൂൾ 431800130 – Receivables For Surcharge On Property Tax (Current) എന്ന ഹെഡ്ഡിൽ 1251800 രൂപയുടെയും, 431800140 – Receivables For Surcharge On Property Tax (Arrear) എന്ന ഹെഡ്ഡിൽ 3463597 രൂപയുടെയും വരവ് കാണുന്നു. മേൽ പ്രകാരം വസ്തു നികുതിയിന്മേൽ സർചാർജ്ജ് തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-7 വസ്തു നികുതിയിന്മേൽ ലൈബ്രറി സെസ്സ് , സർവീസ് സെസ്സ് എന്നിവ കണക്കാക്കുന്നതിൽ വ്യത്യാസം

വസ്തു നികുതിയിന്മേൽ 10 % ആണ് സർവീസ് സെസ്സ് കണക്കാക്കേണ്ടത് എന്നാൽ തൻവർഷത്തെ വസ്തു നികുതിയിന്മേൽ സെസ്സ് കണക്കാക്കിയതിൽ വ്യത്യാസം ഉള്ളതായി കാണുന്നു. ആയത് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 26664716.55 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910100 – State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1269748.40 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1333235രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-1-8 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ - ഡിമാന്റ് രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള നഗരപാലിക

അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 10.21 മുതൽ 10.23വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൌച്ചർ |
|---|---|---|---|---|---|
| 1. | വാട്ടർ ചാർജ്ജ് | 140500100-Water Charges | 33,501,503 | 31.3.2023 | 42202336 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂതനല്കുന്ന വൗച്ചറുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-9 Accrual ആയി രേഖപ്പെടുത്തുന്ന താഴെപ്പറയുന്ന വരവിനങ്ങൾ ഡിമാന്റ് - കളക്ഷൻ = ബാലൻസ് എന്ന രീതിയിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | I & E പ്രകാരം ഡിമാന്റ് | R & P പ്രകാരം കളക്ഷൻ | Balance Sheet പ്രകാരം കുടിശ്ശിക |
|---|---|---|---|
| Profession Tax (Traders) | 16996450 | 14255063 (RP-37)<br>10350 (RP-1) | 2629461 |
| Water Charges (Current) | 33501503 | 23108408 | 8755515 |
| Water Charges (Arrear) | 22790778 | 8136256 | 14674724 |
| Electricity Charges** | 73422 | 118754 | Nil |

| | | | |
|---|---|---|---|
| (Current) | | | |
| Electricity Charges (Arrear) | 36742 | Nil | Nil |
| License Fees (Arrear) | 1554529 | 92035 | 73577 |

**Electricity Charges ഇനത്തിലുള്ള വരവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ഡിമാന്റിനേക്കാൾ അധികമായി വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

- Profession Tax (Institutions/Traders) എന്ന ഇനത്തിൽ റസീറ്റ് & പേയ്മെന്റ് പത്രികയിലെ RP-1, RP-37 എന്നീ രണ്ട് വിഭാഗത്തിലും വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-10 Accrual ആയി രേഖപ്പെടുത്തേണ്ടാത്ത താഴെപ്പറയുന്ന വരവിനങ്ങളുടെ ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിലെയും റസീറ്റ് & പേയ്മെന്റ് പത്രികയിലെയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഇനം | ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരമുള്ള തുക | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| 140200300 | Fines | 5761266 | 5604181 |
| 150120200 | Sale Of Scrap | 15425442 | 15407511 |
| 110100200 | Profession Tax (Employees) | 125264948 | 124313454 |

1-1-11 ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| വരുമാനം | മുൻകൂർ ശീർഷകം | 31/03/2023ലെ മുൻകൂർ തുക |
|---|---|---|
| D&O | 350410301-Advance | 97,62,173 |

| | | |
|---|---|---|
| | Collection Of Revenues- Licence Fees For Dangerous And Offensive Trades | |

1-1-12 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പദമായവയ്ക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതാണ്.

1-1-13 Prior Period Item - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100100-Prior Period Income -Property Tax (General) | (4,14,77,465) |
| 280100110-Prior Period Income- Service Cess | (8,38,37,543) |
| 280209900-Prior Period Income- Other Income | 21,66,980 |
| 280800300-Prior Period- Operations & Maintenance Expenses | 14,38,841 |
| 280800400- Prior Period - Interest And Finance Charges | 1,000 |
| 280800500-Prior Period- Programme Expenses | (1,86,49,292) |

| | |
|---|---|
| 280800700-Prior Period- Miscellaneous | 1519860 |

1-1-14 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമനമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കി പരിശധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

1-1-16 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 34,22,40,104/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചർ ഹാജരാക്കേണ്ടതാണ്.

1-1-17 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിരിക്കുന്നു.

31/03/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 31,57,89,169/- (27,74,80,440+3,83,08,729)രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇതേ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2023ലെ Accumalated Depreciation 1,33,24,16,536.60രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല. സാംഖ്യ സോഫ്റ്റ്വെയറിൽ Accumulated Depreciation കണക്കാക്കുമ്പോൾ റോഡുകളുടെ തേയ്മാനത്തിനായി പ്രത്യേകംഹെഡ് ഇല്ലാത്തതിനാലാണ് Other FixedAssets എന്ന ഹെഡിൽ ആയത് ചേർത്തിട്ടുള്ളത് എന്ന് അക്കൗണ്ട്സ്ഓഫീസർ സാക്ഷ്യപ്പെടുത്തിയ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-1-18 അഡ്വാൻസ് രജിസ്റ്റർ -ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം വിവിധ ശീർഷകങ്ങളിൽ അഡ്വാൻസ് നൽകിയതായി

രേഖപ്പെടുത്തിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 460100400 | Festival Advance To Employees | 11,000 |
| 2 | 460100500 | Standing Advance | 17,49,337 |
| 3 | 460100600 | Advance For Projects | 5,00,000 |
| 4 | 460100700 | Miscellaneous Advance | 3,96,00,254.39 |
| 5 | 460400102 | Advance To Suppliers-Specific Grants | 58,53,276 |
| 6 | 460400107 | Advance To Suppliers-Hire Purchase Assets- Special Funds | 2,55,000 |
| 7 | 460400202 | Advance To Contractors-Advance Paid-Specific Grants | 209808 |
| 8 | 460400205 | Advance To Contractors-Materials Issued To Contractors- Municipal Fund | 8,08,91,838 |
| 9 | 460500101 | Advance To Beneficiary Committee Convenors-Municipality Fund | 16,00,599.00 |
| 10 | 460500102 | Advance To Bendeficiary Committee Convenors-Specific Grants | 1,06,960 |
| 11 | 460500103 | Advance To Bendeficiary Committee Convenors-Special Funds | 61,875 |
| 12 | 460500201 | Advance To Implementing Agencies-Municipal Fund | 6,81,15,573 |
| 13 | 460500202 | Advance To Implementing Agencies-Specific Grants | 15,06,505 |
| 14 | 460500203 | Advance To Implementing | 2,31,42,698 |

| | | | |
|---|---|---|---|
| | | Agencies-Special Funds | |
| 15 | 460500204 | Advance To Implementing Agencies-Scheme Expenditure | 88,85,375 |
| 16 | 460500301 | Advance To Projects-Municipal Fund | 6,72,300 |
| 17 | 460509901 | Other Advances-Municipal Fund | 2,19,306 |
| 18 | 460509903 | Other Advance-Special Funds | 10,000 |
| 19 | 460509909 | Advance To Others | 21,75,242 |
| 20 | 460100100 | Housing Loan To Employees | 1,03,450 |
| 21 | 460100800 | Marriage Loan | 52,000 |
| 22 | 460600100 | Electricity Deposit | 10,22,029 |
| 23 | 460600200 | Telephone Deposit | 8,030 |
| 24 | 460600300 | Water Deposit | 2,36,89,233 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ആരുടെയെല്ലാം മുൻകൂറുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-1-19 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ശീർഷകങ്ങളിലെ ഡെപ്പോസിറ്റിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 340100101 | Contractors Earnest Money Deposit-Municipal Fund | 47,73,736 |
| 2 | 340100105 | Suppliers Earnest Money Deposit-Municipal Fund | 56,700 |
| 3 | 340100107 | Suppliers Earnest Money Deposit-Special Funds | 15,669 |
| 4 | 340100200 | Security Deposit | 3,74,737 |
| 5 | 340100201 | Contractors Security Deposit- | 2,29,83,710 |

| | | | |
|---|---|---|---|
| | | Municipal Fund | |
| 6 | 340100203 | Contractors Security Deposit-Special Funds | 1,87,476 |
| 7 | 340100205 | Suppliers Security Deposit-Municipal Fund | 12,805 |
| 8 | 340100207 | Suppliers Security Deposit-Special Funds | 3,604 |
| 9 | 340100301 | Contractors Retention Money-Municipal Fund | 2,55,81,575 |
| 10 | 340100302 | Contractors Retention Money-Special Grants | 12,02,299 |
| 11 | 340100303 | Contractors Retention Money-Special Funds | 30,08,292 |
| 12 | 340100304 | Contractors Retention Money-Scheme Expenditure | 1,79,530 |
| 13 | 340100305 | Suppliers Retention Money-Municipal Fund | 11,44,758 |
| 14 | 340109900 | Other Deposits Received From Suppliers/Contractors | 200 |
| 15 | 340200100 | Rent Deposit | 7,25,66,444 |
| 16 | 340200200 | Auction Deposit | 2,52,82,312 |
| 17 | 340200300 | Water Deposit | 7,31,61,30 |
| 18 | 340200600 | Election Deposit (Candidate) | 40,34,142 |
| 19 | 340300100 | Deposits Received From Staff | 7,84,194 |
| 20 | 340800100 | Deposits From Others | 84192415.74 |
| 21 | 340809900 | Other Deposits Received | 1,71,62,106 |

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രസീപ്റ്റ് ആന്റ് പേയ്മെന്റ് RP-27 പ്രകാരമുള്ള വരവു ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-1-20 പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/2023 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/2023 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-21 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 420500100 എന്ന ശീർഷകത്തിൽ Investments - Equity Shares ഇനത്തിൽ 85,56,500/- രൂപയാണ് ചേർത്ത് കാണുന്നത് എന്നാൽ ഭൗതിക പരിശോധനയിൽ 9626020 രൂപയുടെ Share ഉള്ളതായി കാണുന്നു. കൂടാതെ ഷെഡ്യൂൾ B-13 ( Investments Other Funds) പ്രകാരം 421400100 എന്ന ശീർഷകത്തിൽ Preference Shares - Special Fund എന്ന ഇനത്തിൽ 10,00,000 രൂപയുടെയും , Fixed Deposit- Specific Grants എന്ന ഇനത്തിൽ 3,53,95,200 രൂപയുടെയും നിക്ഷേപം കാണുന്നു. ഇൻവെസ്റ്റ്മെന്റുകൾ, FD രശീതുകൾ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് ഡീറ്റെയിൽസ് FD രശീതികൾ എന്നിവ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-22 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ₹154941556.91 ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-23 ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകളും, ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ശീർഷകം | അക്കൗണ്ട് വിവരം | റീകൺസിലിയേഷൻലഭ്യമാക്കിയ മാസം | പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് |
|---|---|---|---|---|
| 1 | 450210100 | SBT Own Fund (57069788272) | ഹാജരാക്കിയില്ല | 31.3.23 തിയതിയിലെ മാത്രം ഹാജരാക്കി |

| | | | | |
|---|---|---|---|---|
| 2 | 450210110 | South Indian Bank (21697) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 3 | 450210120 | CSB (018504217402195001) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 4 | 450210130 | IDBI Bank Mayors Covid Relief Fund | ഹാജരാക്കിയില്ല | 25.3.23 വരെയുള്ളത് ഹാജരാക്കി |
| 5 | 450210140 | IBPMS SBI 2619 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 6 | 450210200 | SBT SNP (67280719334) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 7 | 450210300 | SBT 67295240277 MDR Fund | ഹാജരാക്കിയില്ല | ഹാജരാക്കി |
| 8 | 450210400 | SBI-Service Tax (34551711312) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 9 | 450210500 | Canara Bank Own Fund 0720101070534 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 10 | 450210600 | Union Bank-Amruth (338902010025262) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 11 | 450210700 | SIB-Public Contribution (0085073000001906) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 12 | 450210800 | SBI VAT 00000067228757396 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 13 | 450210900 | TDA SBT 67251658987 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 14 | 450220100 | Catholic Syrian Bank (018501314997190001) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 15 | 450220300 | Waste Disposal Fund Union Bank Of India 698 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 16 | 450220400 | Hudco Project Account SBI | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 17 | 450220500 | Hudco Loan Repayment Account (SBI) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 18 | 450220600 | LGTSB - Treasury | ഹാജരാക്കിയില്ല | ഹാജരാക്കി |
| 19 | 450230100 | EMS Project TDCB | ഹാജരാക്കിയില്ല | ഹാജരാക്കി |

| | | | | |
|---|---|---|---|---|
| 20 | 450230200 | TDA Account District Co-op Bank | ഹാജരാക്കിയില്ല | ഹാജരാക്കി |
| 21 | 450250100 | Treasury MF A/c I | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 22 | 450250101 | TSB (Own Fund) A/c | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 23 | 450250300 | Treasury Own Fund (1337/2) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 24 | 450250200 | PF Regular Contingent TSB4169 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 25 | 450250210 | TDA PF A/c 366017 Dist Treasury | ഹാജരാക്കിയില്ല | 15.3.23 വരെയുള്ളത് ഹാജരാക്കി |
| 26 | 450250400 | TDA PF A/c District Treasury | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 27 | 450250500 | TDA A/c 799011700000267 Dist Treasury | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 28 | 450250600 | TDA Treasury Savings A/c TPA 597 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 29 | 450250700 | TDA New PF A/c Dist Treasury | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 30 | 450250800 | TSB-799010200000040 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 31 | 450250900 | Covid-19 Treasury Account | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 32 | 450410100 | SBI (A/c No.1024423055/6 Regular Pension) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 33 | 450410200 | Punjab National Bank (RAY-0160048376 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 34 | 450410300 | Bank Of India (855010110003220) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 35 | 450410400 | SBT (67273546223) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| | | Contingent Pension | | |
| 36 | 450410600 | Canara PMAY/KS(0720101069843) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 37 | 450410700 | Canara Bank (NULM 73068) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 38 | 450410800 | Indian Bank Amrut 30278 | ഹാജരാക്കിയില്ല | 31.3.23 ലെ മാത്രം ഹാജരാക്കി. |
| 39 | 450410900 | IHSDP-HDFC-50100387964686 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 40 | 450420100 | AAMRUT 1 INDIAN BANK 8445HOLDING | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 41 | 450420900 | PMAY PFMS DBT A/c ICICI | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 42 | 450450100 | TPA-147 Contingent Pension | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 43 | 450450200 | TPA-148 Provident Fund | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 44 | 450610100 | SBT (A/c No.57069788454, NOAP) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 45 | 450610130 | XV FINANCE GRANT URBAN HEALTH AND WELLNESS CENTRE 7 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 46 | 450610200 | SJSRY (A/c No.38293, Canara Bank | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 47 | 450610300 | NSDP (A/c No.57991, Canara Bank) | ഹാജരാക്കിയില്ല | ഹാജരാക്കി |
| 48 | 450610400 | VAMBAY A/c No.55852 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 49 | 450610500 | Ashraya A/c No.4357001100000043 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 50 | 450610600 | Disaster Management, SBT (A/c 67117883861) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 51 | 450610700 | SBT (IHSDP) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 52 | 450610800 | Canara NULM 110005526459 | ഹാജരാക്കിയില്ല | ഹാജരാക്കി |
| 53 | 450620100 | ICICI (NULM) 195405000070 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 54 | 450620200 | ICICI (018005004923)-SBM | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 55 | 450620300 | ICICI (018001011231)-SBM | ഹാജരാക്കിയില്ല | ഹാജരാക്കി |
| 56 | 450620400 | IDBI (0269104000077880) Ayyankali | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 57 | 450620500 | ICICI NULM A/c No.435 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 58 | 450620600 | XV FINANCE AWARD TO MILLION PLUS CITIES 5006 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 59 | 450620700 | 15 FC GRANT CSB4217402190001 | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 60 | 450650100 | MF/MCF II(a) Deveopment Fund (General) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 61 | 450650101 | MF/MCF II(b) Development Fund (SCP) | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 62 | 450650200 | Treasury MCF A/c III Maintenance Fund | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 63 | 450650300 | Treasury MF A/c IV 13$^{th}$ FC Award | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |
| 64 | 450650400 | Treasury MCF A/c II SCP | ഹാജരാക്കിയില്ല | ഹാജരാക്കിയില്ല |

(1) ക്രമ നം 4- മാന്വൽ ആയി തയ്യാറാക്കി നൽകിയ റീകൺസിലിയേഷൻ സ്റ്റേററ്മെന്റിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 1493737 രൂപയാണ് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25.3.23 ലെ നീക്കിയിരിപ്പ് 1527505 രൂപയാണ്.

(2) ക്രമ നം 20 – ബാങ്ക് ബുക്ക് പ്രകാരം 20.3.23 ലെ നീക്കിയിരിപ്പ് 2763198 രൂപയാണ് . ഈ തുക 280800700 -Prior Period – Miscellaneous Expenses എന്ന ഹെഡ്ഡിലേക്ക് തിരുത്തൽ എൻട്രിയായി മാറ്റിയിരിക്കുന്നു. ഇപ്രകാരമുള്ള തിരുത്തൽ എൻട്രിയ്ക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(3) ക്രമ നം 25- മാന്വൽ ആയി തയ്യാറാക്കി നൽകിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരം 27.3.23ലെ നീക്കിയിരിപ്പും പാസ്സ്ബുക്ക് പ്രകാരം 15.3.23ലെ നീക്കിയിരിപ്പുമാണ് കാണിച്ചിരിക്കുന്നത്. 31.3.23 ലെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(4) ക്രമ നം 27 – ബാങ്ക് ബുക്ക് പ്രകാരം 20.3.23 ലെ നീക്കിയിരിപ്പ് 1372271 രൂപയാണ് നീക്കിയിരിപ്പായി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബാങ്ക് ബുക്ക് പ്രകാരം 2208410 രൂപ 280800700 -Prior Period – Miscellaneous Expenses എന്ന ഹെഡ്ഡിലേക്ക് തിരുത്തൽ എൻട്രിയായും 37259 രൂപ Prior Period Income – Other Income വരുമാനമായും ക്രമീകരിച്ചിരിക്കുന്നു. ഇപ്രകാരമുള്ള തിരുത്തൽ എൻട്രിയ്ക്കും വരുമാനമായും ക്രമീകരിച്ചിരിക്കുന്ന തുകയ്ക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 18.7.17 ലെ നീക്കിയിരിപ്പ് തുകയാണ് 1372271 രൂപയായി കാണിച്ചിരിക്കുന്നത് 18.7.17 മുതൽ 31.3.23 വരെയുള്ള സ്റ്റേറ്റ്മന്റ് ഹാജരാക്കിയിട്ടില്ല.

1-1-24 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല.

ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർക്കുന്നില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450220400 | Hudco Project Account | 8,702 |
| 2 | 450220500 | Hudco Loan Repayment Account (SBI) | 66,04,543 |
| 3 | 450230100 | EMS Project TDCB | 18,52,993 |
| 4 | 450410200 | RAY-0160048376 (Punjab National Bank) | 12,67,878 |
| 5 | 450410600 | PMAY/KS-0720101069843 (Canara Bank) | 6,57,30,685 |
| 6 | 450410900 | IHSDP-50100387964686 (HDFC) | 1,67,93,575 |
| 7 | 450610400 | VAMBAY-55852 | 10,81,286 |
| 8 | 450620300 | SBM-018001011231 (ICICI) | 56,07,579 |

| | | | |
|---|---|---|---|
| 9 | 450620400 | AYYANKALI-0269104000077880 (IDBI) | 2,48613 |
| 10 | 45010130 | DBI Bank Mayors Covid Relief Fund | 14,93,737 |
| 11 | 450210200 | SBT SNP (67280719334) | 1,80,74,893 |
| 12 | 450610130 | XV FINANCE GRANT URBAN HEALTH AND WELLNESS CENTRE 7 | 40514752 |
| 13 | 450610300 | NSDP (A/c No.57991, Canara Bank) | 11,88,005 |
| 14 | 450610600 | Disaster Management, SBT (A/c 67117883861) | 1,02,31,622 |

1-1-25 'ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്' ൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/2023 വരെ പാർട്ട് ബിൽ നല്കിയ പ്രവൃത്തികളുടെ വിവരം കൃത്യമായി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ “ക്യാപ്പിറ്റൽ വർക്ക്ഇൻ പ്രോഗ്രസ്സ് ” ൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-26 വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ശീർഷകം നം. 330500202, Loan From HUDCO എന്നയിനത്തിൽ 4,96,90,165/- രൂപയും ശീർഷകം നം. 330500299, Loan From Other Institutions എന്നയിനത്തിൽ 88,73,936/- രൂപയും തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-27 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെട്ട അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-28 ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് കോർപ്പറേഷന്റെ തന്നെ മറ്റൊരു ബാങ്കിൽ നിക്ഷേപിച്ച തുക വാർഷികകണക്കിൽ കോർപ്പറേഷന്റെ വരുമാനമായും ചെലവായും തെറ്റായി ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു.

കോർപ്പറേഷന്റെ തനത്ഫണ്ട് സൂക്ഷിക്കുന്ന കാനറബാങ്ക് അക്കൗണ്ട് നമ്പർ 720161070534 29/07/22തീയ്യതിയിൽ ക്ലോസ് ചെയ്ത് അതിലെ അന്നത്തെ നീക്കിയിരിപ്പ് തുകയായ 6263027 രൂപ കോർപ്പറേഷന്റെ തനത് ഫണ്ട് അക്കൗണ്ടായ 57069788272/എസ്.ബി.ഐ എന്ന അക്കൗണ്ട് നമ്പറിലേക്ക് 29/07/22 തീയ്യതിയിൽ

നിക്ഷേപിച്ചിട്ടുള്ളതാണ്. ഇത് അതാത് ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ തുക കോർപ്പറേഷനെ സംബന്ധിച്ച് Receipt/Payment അല്ലാത്തതിനാലും കോർപ്പറേഷന്റെ തന്നെ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തതിനാലും കോൺട്രാ വൗച്ചർ മുഖേന കണക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ കോർപ്പറേഷൻ തുക കാനറ ബാങ്കിൽ നിന്നും പിൻവലിച്ചത് അതിന്റെ ബാങ്ക്ബുക്കിൽ 10/8/22 തീയ്യതിയിൽ 210500900-Other Establishment Expenses എന്ന ശീർഷകത്തിൽ ചെലവായാണ് (Payment വൗച്ചർ നമ്പർ 22201558 തീയ്യതി 10.8.22മുഖേന ) രേഖപ്പെടുത്തിയത്. ആയതിനാൽ യഥാർത്ഥത്തിൽ ഇല്ലാത്ത 6263027 രൂപയുടെ ചെലവ് "210500900-Other Establishment Expenses" എന്ന ശീർഷകത്തിൽ തെറ്റായി 2022-23 ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുന്നതിന് കാരണമായി .

എസ് ബി ഐ തനത് ഫണ്ട് അക്കൗണ്ടിൽ തുക നിക്ഷേപിച്ചത് രേഖപ്പെടുത്തുന്നതിന് ബാങ്ക് ബുക്കിൽ "120109900-others" എന്ന വരുമാന ശീർഷകത്തിൽ തെറ്റായി Receipt വൗച്ചർ മുഖേന വരവായി ചേർത്തു( Receipt നമ്പർ122520900031/10.8.22തീയ്യതി ). പിന്നീട് കറക്ഷൻ എൻട്രി വരുത്തിയപ്പോൾ ആദ്യം തെറ്റായി ചെലവ് ബുക്ക് ചെയ്ത "210500900-Other Establishment Expenses" എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകി ചെലവിൽ കുറവ് വരുത്തുന്നതിന് പകരം "120109900-others" എന്ന വരുമാന ശീർഷകത്തിൽ വരുമാനമായി ഉൾപ്പെടുത്തി. ആയതിനാൽ യഥാർത്ഥത്തിൽ ഇല്ലാത്ത 6263027 രൂപയുടെ വരുമാനം "120109900-others" എന്ന ശീർഷകത്തിൽ തെറ്റായി 2022-23 ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുന്നതിന് കാരണമായി .

കോൺട്രാ എൻട്രി ആയി രേഖപ്പെടുത്തുന്നതിന് പകരം തുക പിൻവലിച്ച ബാങ്കിൽ ഒരു ശീർഷകത്തിൽ ചെലവായും തുക നിക്ഷേപിച്ച മറ്റേ ബാങ്കിൽ വരുമാനമായും ചേർത്തതിനാൽ കോർപ്പറേഷന്റെ ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ വരുമാനത്തിലും ചെലവിലും മേൽ ശീർഷകങ്ങളിൽ ഇപ്രകാരം 6263027 രൂപ കൂടുതലായി ഉൾപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. അക്കൗണ്ടന്റ് തയ്യാറാക്കുന്ന വൗച്ചറുകൾ, എൻട്രികൾ എന്നിവ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കാതെ അപ്രൂവ് ചെയ്യുന്നതാണ് മേൽ പ്രകാരമുള്ള തെറ്റുകൾ തിരുത്തപ്പെടാതെ വാർഷികകണക്കുകൾ തയ്യാറാക്കപ്പെടുന്നതിന് കാരണമായത്.

## 1-1-29 സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായി ക്രെഡിറ്റ് ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ് ( സാധാ) നം.2839/2022 ധന. തിയതി. 8.4.22. , സർക്കാർ ഉത്തരവ് ( സാധാ) നം.6872/2022 ധന. തിയതി . 12.10.22, സർക്കാർ ഉത്തരവ് ( സാധാ) നം.1049/2023 ധന തിയതി. 13.2.23 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗം ഇനത്തിൽ മൂന്ന് ഗഡുക്കളിലായി 687379337 രൂപ ( 227061200 + 243704200 + 216613937) അനുവദിച്ചിട്ടുണ്ട്. മേൽ പ്രകാരം തുക അനുവദിച്ചപ്പോൾ അമൃത് തിരിച്ചടവ് ഇനത്തിൽ സർക്കാറിലേക്ക് അടവാക്കേണ്ട തുക കൂടി ഉൾപ്പെടുത്തിയാണ് അറ്റ തുകയായി കോർപ്പറേഷന് അനുവദിച്ചിരിക്കുന്നത്. മേൽ ഉത്തരവുകളിൽ അമൃത് അടവ് സംബന്ധിച്ച് അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അനുബന്ധത്തിൽ വിശദീകരിച്ച തുക വിവിധ കണക്ക് ശീർഷകങ്ങളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യേണ്ടതാണെന്നും ആയത് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന് ശേഷം മാത്രമേ അവശേഷിക്കുന്ന വികസന ഫണ്ട് തുക പിൻവലിക്കാൻ പ്രാദേശിക സർക്കാറുകളെ അനുവദിക്കുകയുള്ളു എന്നും വിശദീകരിച്ചിട്ടുണ്ട്. അപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക 43014210 ( 14338070x3) രൂപയാണ്. എന്നാൽ പ്രൊജക്ട് നം -1573/23 പ്രകാരം ആകെ 14338070 രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം മുഴുവൻ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതെ അധിക ബാധ്യത വന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-30 വൈദ്യുതി വിഭാഗത്തിൽ നിന്നും വാടക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും വാടക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെയും ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു

(1) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കുമാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന്പകരം, മുൻകൂർ നൽകുമ്പോൾതന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർതുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | 1345/23 ഡിവിഷൻ 42-കുർക്കഞ്ചേരി മേഖല കാര്യലയം കണിമംഗലം -ഡെപ്പോസിറ്റ് | 22204651/28.2.23 | 20,00,000 | 460500...-Advance To Implementing Agencies-KWA |

| | | | | |
|---|---|---|---|---|
| | വർക്ക് - എസ് എൻ കോളനി റോഡ് മിനി വാട്ടർ സപ്ലൈ സ്കീം | | | |
| 2 | 153/23 കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22202531/9.11.22<br>22205253/31.3.23 | 5,67,00,000<br>50,90,000 | 460500...-Advance To Implementing Agencies-KWA |

(2) Div .42 Post Office Road To Kavalam Padam Road HT/LT Shift എന്ന പദ്ധതിയ്ക്കായി വൗച്ചർ നം 22200503/17.5.22പ്രകാരം നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയ തുക (48056) തെറ്റായി 470100100- Deposit Work Expenditure എന്ന ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-32 അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം വാർഷിക കണക്കിൽ വരുമാനമായും ചെലവായും ഉൾപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തിൽ സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾക്ക് ബജറ്റ് വിഹിതമായി അനുവദിച്ച വികസന ഫണ്ട് - ജനറൽ ഇനത്തിൽ തൃശ്ശൂർ കോർപ്പറേഷന് 3 ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്. ഈ 3 ഗഡുക്കളിൽ നിന്ന് അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ നൽകേണ്ട തുക കുറവ് വരുത്തിയിതിന് ശേഷമുള്ള തുകയാണ് കോർപ്പറേഷന് അനുവദിച്ചിട്ടുള്ളത്. ബജറ്റ് വിഹിതം, കുറവ് വരുത്തിയ തുക, ലഭിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് | ബജറ്റ് വിഹിതം (വികസന ഫണ്ട് -പൊതു വിഭാഗം) | അംഗന വാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയ തുക | എസ്.സി.എസ്.പി/ ടി.എസ്.പി എന്നിവയിൽ പുനക്രമീരിച്ച തുക | സ.ഉ.(കൈ)നം. 179/2022/ധന ഉത്തരവ് പ്രകാരം കുറവ് വരുത്തിയ തുക | അനുവദിച്ച തുക (കോർപ്പറേഷന് ലഭിച്ച തുക) |
|---|---|---|---|---|---|
| ജി.ഒ(ആർറ്റി)2839/22/ ഫിൻ തീ.8-4-22 | 230755000 | 3693800 | - | - | 227061200 |

| | | | | | |
|---|---|---|---|---|---|
| ജി.ഒ(ആർറ്റി)6872/22/ ഫിൻ തീ.12-10-22 | 247398000 | 3693800എസ്.ബി.ഐ | - | - | 243704200 |
| ജി.ഒ(ആർറ്റി)1049/23/ ഫിൻ തീ.13-2-23 | 247398000 | 3693800 | 19834753 | 7255510 | 216613937 |
| ആകെ | | 11081400 | | | |

2007ലെ കേരള മുൻസിപ്പൽ അക്കൗണ്ട്സ് മാനുവൽ പ്രകാരം നിർദ്ദേശിച്ചിരുന്ന അക്കൗണ്ടിംഗ് പോളിസി പ്രകാരം - Significant Accounting Policies -ഖണ്ഡിക 3.10 (B),3.17(f) എന്നിവ പ്രകാരം നഗരസഭകൾക്ക് ലഭിക്കേണ്ട ഒരു വരുമാനം ബന്ധപ്പെട്ട നഗരസഭകൾ സർക്കാരിലേക്ക് ഒടുക്കേണ്ട തുക (Dues) കുറവ് ചെയ്തിട്ടാണ് തുക അനുവദിക്കുന്നതെങ്കിൽ ഈ തുക വരുമാനമായും കുറവ് ചെയ്ത തുക ഏതിനത്തിലാണോ കുറവ് ചെയ്തത് അതുമായി ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ ചെലവായും രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ കോർപ്പറേഷൻ നൽകേണ്ട തുക കോർപ്പറേഷന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് വിഹിതത്തിൽ നിന്ന് മേൽ പ്രകാരം ഈടാക്കിയത് (1,10,81,400/-) 2022-23 വാർഷിക കണക്കിൽ വരുമാനമായും ചെലവായും (Receipt വൗച്ചർ മുഖേനയോ/ Journal വൗച്ചർ മുഖേനയോ ) ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോർപ്പറേഷന്റെ വാർഷികകണക്കിൽ (Income & Expenditure Account )വികസനഫണ്ട് പൊതുവിഭാഗം ഇനത്തിൽ ലഭിച്ച 1,10,81,400/-രൂപ വരവായും അങ്കണവാടികൾക്ക് വേണ്ടി ചെലവഴിച്ച ഈ തുക ചെലവായും രേഖപ്പെടുത്തിയിട്ടില്ല.

### 1-1-33 തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്തില്ല. വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8ാംമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്മെന്റിൽ നിന്നും എസ് സി/എസ് ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ.(കൈ) 179/2022/ധന തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാംഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ.(ആർടി) 1049/2023/ധന തീയതിഎസ്.ബി.ഐ 13.2.2023 ൽ തൃശ്ശൂർ കോർപ്പറേഷനുള്ള വികസനഫണ്ടിൽ നിന്നും (247398000) 72,55,510 രൂപ കുറവ് ചെയ്തിട്ടുണ്ട്. 72 ലക്ഷം രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിനുള്ള സ്ഥാപനത്തിന്റെ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-1-34 വരവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP-4, RP-5 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-1-35 Earmarked Funds- കണ്ടിജന്റ് പെൻഷൻ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-2 Earmarked Funds എന്ന ഹെഡ്ഡിൽ 311700100 Pension Fund For Contingent Staff എന്ന ഹെഡ്ഡിൽ 9781026 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ 2022-23 ഈ ഹെഡ്ഡിലേക്ക് തുക മാറ്റിവെച്ചതായി കാണുന്നില്ല. ലെഡ്ജർ പരിശോധിച്ചതിൽ 3ൽ തുടങ്ങുന്ന ഈ ഹെഡ്ഡിൽ നിന്നും തുക നേരിട്ട് ചെലവഴിച്ച് ബാലൻസ് '0 ' ആക്കിയതായി കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 ൽ SBT – Contingent Pension Account ( A/c No67273546223) ൽ 9042002 രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു.

റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-22 Earmarked Fund എന്ന ഹെഡ്ഡിൽ ഈ ഇനത്തിൽ 4053839 രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം റസീപ്റ്റ് ആന്റ് പേയ്മെന്റിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-36 Redumption Amount സർക്കാറിൽ നിന്നും തുക തിരികെ ലഭ്യമായിട്ടില്ല.

തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ട്രഷറി അക്കൗണ്ടുകളിൽ നിന്നും റിഡമ്ഷൻ ഇനത്തിൽ സർക്കാർ പിൻവലിച്ച് കൊണ്ടുപോയ തുകകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം 431600100 – Receivables From Government( Redemption Amount) എന്ന ഹെഡ്ഡിൽ 93597269 രൂപ സർക്കാറിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ആയതിൽ 2023-24 ൽ 19736749 രൂപ ലഭ്യമായിട്ടുണ്ട്. ലഭിക്കാനുള്ള ബാക്കി തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് | വൗച്ചർ നം / തിയതി | തുക |
|---|---|---|
| TSB 799010200000040 | 22104831/1.4.21 | 5752697 |
| TPA-148 Provident Fund | 22101765/27.8.2021 | 1806534 |
| TSB -799010200000040 | 22104743/30.3.232 | 314932 |
| TPA – 148 Provident Fund | 22104744/28.3.22 | 4220966 |
| TPA -147 Contingent Pension | 22104746/28.3.22 | 279836 |

തുക സർക്കാറിൽ നിന്നും തിരിക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-37 സ്ഥിര നിക്ഷേപ തുക ജേണൽ വൗച്ചർ മുഖേന 431600100 – Receivables From Government( Redemption Amount) എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി

സ്ഥിരനിക്ഷേപം എന്ന ഇനത്തിൽ 31.3.2018 ലെ വൗച്ചർ നം 21705809 പ്രകാരമുള്ള കറക്ഷൻ എൻട്രി തുക 6,14,85,555 രൂപ 42201735 എന്ന ജേണൽ വൗച്ചർ മുഖേന 431600100 – Receivables From Government(

Redemption Amount) എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി കാണുന്നു. ഇപ്രകാരം സ്ഥിരനിക്ഷേപം എന്ന ഇനത്തിലുള്ള തുക ഈ ഹെഡ്ഡിൽ ഉൾപ്പെടുത്തിയതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-38 തൊഴിൽ രഹിത വേതനം , വിവാഹധനസഹായം റസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിൽ രഹിത വേതനം, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം എന്നീ ഇനങ്ങളിൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരം (I-6, I-14) വരവ് ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനങ്ങൾ റസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Fund For Transferred Functions/ Schemes – Unemployment Allowance | 3600 |
| Fund For Transferred Functions/ Schemes – Financial Help For Widow's Daughters Marriage | 34,50,000 |
| Fund For Transferred Functions/ Schemes – Intercaste Marriage | 480000 |

ഇൻകം ആന്റ് എക്സ്പെന്റിച്ചർ പ്രകാരമുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. (1) 50 /2022-23, തീയതി - 6.10.23
ഓഡിറ്റ് അന്വേഷണം നം. (2) 105 /2022-23 തിയതി 25.11.23
ഓഡിറ്റ് അന്വേഷണം നം. (3) 104 /22-23 തീയതി: 25.11.2023
ഓഡിറ്റ് അന്വേഷണം നം. (4) 112/22-23 തിയതി : 28.11.23

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23 ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| കൗൺസിൽ അംഗീകാരം ലഭിച്ച തിയതി | 31.3.22 | 09.03.2023 |
| മുന്നിരിപ്പ് | 56,91,15,556 | 37,04,89,863 |
| വരവ് | 983,37,02,000 | 652,96,61,337 |
| ആകെ | 1040,28,17,556 | 690,01,51,200 |
| ചെലവ് | 997,08,85,000 | 644,39,75,200 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 43,19,32,556 | 45,61,76,000 |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 285 പ്രകാരം ഓരോ വർഷവും ജനവരി 15-ാം തിയതിക്ക് മുമ്പായി അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ ബജറ്റ് എസ്റ്റിമേറ്റും നിർദ്ദേശങ്ങളും സെക്രട്ടറിയും വിവിധ നിർവഹണ ഉദ്യോഗസ്ഥരും ചേർന്ന് തയ്യാറാക്കേണ്ടതും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അവർക്ക് ലഭ്യമായ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളെയും ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അതിൽ നിന്ന് അടുത്ത വർഷത്തേക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവ് ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല.

മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 287 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് മാർച്ച് ആദ്യവാരം കഴിയുന്നതിന് മുമ്പ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ കൗൺസിലിന്റെ അംഗീകാരത്തിനായി വെക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.1.22ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും കൗൺസിലിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആക്ടിലെ വകുപ്പ് 289 പ്രകാരം വർഷാരംഭത്തിനു മുമ്പായി ആ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് കൗൺസിൽ അന്തിമമായി പാസാക്കേണ്ടതും ആയതിന്റെ പകർപ്പുകൾ സർക്കാരിനും ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കും സമർപ്പിക്കേണ്ടതാണ്. ഈ നിയമവ്യവസ്ഥ പാലിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ, വാർഷിക ബജറ്റ് അവലോകനം നടത്തുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 47,06,54,379.67 |
| വരവ് | ₹ 3,21,09,29,876 |
| ആകെ | ₹ 3,68,15,84,255.67 |
| ചെലവ് | ₹ 2,83,81,13,196 |
| നീക്കിയിപ്പ് | ₹ 84,34,71,059.67 |

## 1-4 ഫണ്ട് വിനിയോഗം

നഗരസഭയുടെ ACR പ്രകാരമുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയ തുക ACR പ്രകാരം (രൂപ) | ചെലവഴിച്ച തുക ACR പ്രകാരം (രൂപ) | നീക്കിയിരിപ്പ് തുക (ലാപ്സായ തുക) | വിനിയോഗ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | വികസനഫണ്ട് – പൊതുവിഭാഗം | 68,73,79,337 | 60,76,73,900 | 7,97,05,437 | 88.4 |
| 2. | വികസന ഫണ്ട് – എസ്.സി.പി. | 12,80,21,153 | 8,68,96,462 | 4,11,24,691 | 67.88 |
| 3. | വികസന ഫണ്ട് – ടി.എസ്.പി | 14,53,600 | 0 | 14,53,600 | 0 |
| 4. | DFDF Tied Grant | 58,72,28,884 | 29,20,46,870 | 29,51,82,014 | 49.73 |
| 5. | മെയിന്റനൻസ് ഫണ്ട് (റോഡ്) | 13,33,59,000 | 11,93,44,719 | 1,40,14,281 | 89.49 |
| 6. | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 10,70,12,000 | 6,67,02,539 | 4,03,09,461 | 62.33 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയത്, ഭാഗികമായി നടപ്പാക്കിയത്, നടപ്പാക്കാത്തത് എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 1621 | 760 | 676 | 185 | 46.89% |

അംഗീകാരം ലഭിച്ചതിൽ 46 ശതമാനത്തോളം പ്രൊജക്റ്റുകൾ മാത്രമേ പൂർണ്ണമായി നടപ്പിലാക്കിയുള്ളൂ. അംഗീകാരം ലഭിച്ച പ്രൊജക്റ്റുകളെല്ലാം നടപ്പാക്കുവാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭാഗികമായി

നടപ്പാക്കിയത് സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| സാമ്പത്തിക വർഷം | മുന്നിരിപ്പ് | പലിശ | ലേബർ ബജറ്റ് പ്രകാരം വരവ് | തനത് ഫണ്ട് വരവ് | ആകെ | തനത് ഫണ്ടിലേക്ക് തിരികെ അടവാക്കിയത് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| 2022-23 | 2982261 | 23477 | 10000000 | 10000000 | 23005738 | 5000000 | 17756150 | 249588 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1131 | 12773200 |
| വാർദ്ധക്യകാല പെൻഷൻ | 22748 | 236066400 |
| വികലാംഗ പെൻഷൻ | 2443 | 25528600 |
| അവിവാഹിത പെൻഷൻ | 1577 | 16303600 |
| വിധവാ പെൻഷൻ | 9732 | 101319600 |
| തൊഴിൽ രഹിത വേതനം | 3 | 3600 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓരോ മാസവും സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുന്നു. അപാകതകൾ ബോദ്ധ്യപ്പെടുന്ന വേളയിൽ തന്നെ ഓഡിറ്റ് എൻക്വയറികൾ നൽകി ആയത് ക്രമപ്പെടുത്തുന്നുണ്ട്.

ജലവിതരണ വിഭാഗത്തിൽ, സപ്തംബർ മാസത്തിൽ (16.9.23) നടത്തിയ ഭൗതിക പരിശോധനയിൽ 177രൂപ കുറവ് കണ്ടെത്തുകയും ടി തുക അടച്ച് രശീത് ഹാജരാക്കുവാനും ആവശ്യപ്പെട്ടിരുന്നു. കെഎസ്എ (ടിഎസ്.സി)9-54/23 /21.9.23, നം.701/23/16.11.23 എന്നീ കത്തുകൾ പ്രകാരം വീണ്ടും അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ, നാളിതുവരെ രശീത് ഹാജരാക്കുകയുണ്ടായില്ല. ചെറിയ തുകയാണെങ്കിൽ പോലും ഭൗതിക പരിശോധനയ്ക്ക് ശേഷം നൽകുന്ന ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്ന ഇത്തരം കൃത്യവിലോപങ്ങൾ ഗൗരവമായി കണക്കാക്കി നടപടിയെടുക്കണമെന്ന് ഭരണാധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന വിഷയങ്ങളിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

- വരവ് ചെലവ് കണക്കുകളുടെ വിശദമായ ബജറ്റ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർദ്ദേശം സമർപ്പിക്കുന്നില്ല. യഥാർത്ഥ ചെലവ് ആവശ്യങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയുടെ യോഗനടപടികൾ രേഖപ്പെടുത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയറാണ് 'സകർമ'. തൃശ്ശൂർ നഗരസഭയിൽ നിലവിൽ സകർമ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും സത്യസന്ധമായും സുതാര്യമായും നിർവ്വഹിക്കുന്നതിന് വേണ്ടിയും തയ്യാറാക്കിയിട്ടുള്ള സകർമ സോഫ്റ്റ്‌വെയറിൽ നഗരസഭയുടെ യോഗനടപടികൾ തയ്യാറാക്കേണ്ടതാണ്. രശീതികൾ ഉപയോഗിച്ച് പണം പിരിവ് നടത്തുമ്പോൾ അധികാരികൾ വേണ്ടത്ര ഗൗരവം കാണിക്കുന്നതായി കാണുന്നില്ല. നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടും കാര്യമായ നടപടികളൊന്നും എടുക്കുന്നുമില്ല.
- നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും ഫീസുകളുടേയും വാടകകളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നഗരസഭയുടെ പ്രധാന തനതു വരുമാനമായ വാടക, വസ്തുനികുതി എന്നിവ പിരിച്ചെടുക്കാത്തതിനാൽ വലിയൊരു തുക തന്നെ കുടിശ്ശികയായി ലഭിയ്ക്കാനുണ്ട്. വാർഷിക കണക്ക് പ്രകാരം നഗരസഭയ്ക്ക് കോടികളുടെ സാമ്പത്തിക നഷ്ടം ഉണ്ടായികൊണ്ടിരിക്കുന്നു. നഗരസഭയുടെ തനതു വരുമാനം യഥാസമയം കൃത്യമായി ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തുന്നതിനുള്ള റഗുലേറ്ററി സംവിധാനം നഗരസഭയിൽ കാര്യക്ഷമമല്ല. മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ കാണുന്ന അനധികൃത നിർമ്മാണങ്ങൾ ഇതിന് ദൃഷ്ടാന്തങ്ങളാണ്.

- അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളിൽ നിന്ന് ഈടാക്കേണ്ട യു.എ ടാക്സ് യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. യു.എ ടാക്സ് ഇനത്തിൽ വൻതുക കുടിശ്ശികയായി ലഭിക്കുവാനുണ്ട്. അനധികൃത നിർമ്മാണത്തിന്മേൽ ചുമത്തിയിട്ടുള്ള നികുതി ഈടാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും, ക്രമവൽക്കരിക്കാനാകാത്തവ പൊളിച്ചു നീക്കം ചെയ്യുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.
- പുതിയ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് കാണുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അനിവാര്യമാണ്.
- 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 56 പ്രകാരം ഓരോ മാസത്തെയും വരവ് ചെലവ് സ്റ്റേറ്റ്മെന്റുകൾ അടുത്ത മാസം 20-ാം തീയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും മാസംതോറുമുള്ള തുക ആവശ്യപ്പെടലും പിരിച്ചെടുക്കലും നീക്കിയിരിപ്പ് തുക പരിശോധിക്കലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണെങ്കിലും തൃശ്ശൂർ നഗരസഭയിൽ പ്രതിമാസ കണക്കുകൾ സമർപ്പിച്ച് അംഗീകരിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യുന്നില്ല.
- സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസം റീകൺസീലിയേഷൻ ചെയ്യുന്നില്ല. ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസം റീകൺസീലിയേഷൻ ചെയ്ത് യഥാസമയം കണക്കുകൾ കൃത്യമാക്കേണ്ടതും റീകൺസിലിയേഷൻ പത്രിക ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.
- 2007 ലെ കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 7 അനുസരിച്ച് എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കാതെയാണ് ജേണൽ എൻട്രികൾ നഗരസഭയിൽ രേഖപ്പെടുത്തി വരുന്നത്.
- 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54(എഫ്&ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59) അനുശാസിക്കുന്ന വിധത്തിൽ ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കി വരവ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കോർപ്പറേഷനിൽ പരിപാലിച്ചിരിക്കുന്ന മിക്ക വരവ് രജിസ്റ്ററുകളും അപൂർണ്ണമാണ്.
- ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും സംക്ഷിപ്തം തയ്യാറാക്കാതെയും വാർഷിക കണക്കുകളിൽ വരുമാന ഇനങ്ങളുടെ ഡിമാന്റ് തുക സാങ്കല്പികമായി ചേർത്തു വരുന്നു.
- വസ്തുനികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ നഗരസഭയിലെ മുഖ്യകാര്യാലയത്തിലോ മേഖലാ കാര്യാലയങ്ങളിലോ കൃത്യതയോടെ പരിപാലിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതി സംബന്ധിച്ച ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയില്ല. വസ്തുനികുതി സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും സഞ്ചയയിലെ വസ്തുനികുതി ഡിമാന്റ് കളക്ഷൻ വിവരങ്ങൾക്കും കൃത്യതയില്ല. തൃശ്ശൂർ കോർപറേഷന്റെ മുഖ്യവരുമാനമായ

വസ്തുനികുതി സാങ്കല്പികമായി ചേർക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചയാണ്. നഗരസഭയുടെ സാമ്പത്തികഭദ്രത സംരക്ഷിക്കപ്പെടുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്. ഇൻവെസ്റ്റുമെന്റുകളുടെ വിശദവിവരം, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.
- വിവിധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റ് വിവരം രേഖപ്പെടുത്തുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- പ്രത്യേകോദ്ദേശ്യ വിഹിതങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ബാലൻസ് ഷീറ്റ് പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്ക് പരിശോധിക്കുന്നതിന് ആവശ്യമായ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.
- ഇൻവെസ്റ്റ്മെന്റ് അദർ ഫണ്ട് എന്ന ഇനത്തിലുള്ള തുക പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
- ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്ഥാപനത്തിലെ ഫയൽ സൂക്ഷിപ്പും രേഖപ്പെടുത്തലുകളും കാര്യക്ഷമമല്ല. ക്രമപ്രകാരവും ആവശ്യമായ രേഖകളോടും കൂടി ഫയലുകൾ സൂക്ഷിക്കേണ്ടതാണ്. ലഭ്യമാകുന്ന എല്ലാ തപാലുകളും രേഖകളും കൃത്യമായും സമയബന്ധിതമായും കൈകാര്യം ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ തൻപതിവേട്ടുകൾ സൂക്ഷിക്കാത്തതിനാൽ, സാധിക്കുന്നില്ല.
- പ്രൊജക്റ്റ് ആസൂത്രണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മേൽനോട്ടം ഫലപ്രദമല്ല. വൻ തുക അടങ്കലിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും അംഗീകാരം ലഭിച്ചതിൽ 46 ശതമാനത്തോളം പ്രൊജക്ടുകൾ മാത്രമേ പൂർണ്ണമായി നടപ്പിലാക്കിയിട്ടുള്ളൂ. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ പകുതിപോലും നടത്താനായിട്ടില്ല. പദ്ധതികളെല്ലാം നടപ്പാക്കുവാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭാഗികമായി നടപ്പാക്കിയത് സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- നഗരസഭയുടെ ആസ്തി നിർമ്മാണങ്ങൾക്കായി വായ്പ എടുത്ത് പദ്ധതികൾ നിർവ്വഹിക്കുന്നതിനായി വായ്പാകമ്മിറ്റി രൂപീകരിച്ച് വലിയ പ്രോജക്ടുകൾ ആസൂത്രണം ചെയ്തുവെങ്കിലും കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ വായ്പകൾ ലഭ്യമാകാതെ വരികയും നഗരസഭയുടെ തനതുവരുമാനം ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. നഗരസഭയുടെ തനതു വരുമാനത്തിന്റെ സിംഹഭാഗവും ഇതിനായി ചെലവഴിച്ചു വരുന്നു.
- 2022-23 ഓഡിറ്റിനോട് അനുബന്ധിച്ച് 221 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 76 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ.
- മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം

രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

- അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 മുതൽ 15.11.2021 വരെ | 2019-20 മുതൽ 2020-21 വരെ | 36/എ2/2021 /ആർ.പി.എ.ഡബ്ല്യൂ(1) തി.11.05.2022 36/എ2/2021 /ആർ.പി.എ.ഡബ്ല്യൂ(2) തി.11.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.06.2023 | 2020-2021 മുതൽ 2022-2023 വരെ | AMG1 Wing(2023-24)Dis-1167983 Dt.4.10.2023 |

## 1-11 സ്ഥിരനിക്ഷേപം 6 കോടിയിലധികം രൂപ കുറവ് ചെയ്തു

2021-22 സാമ്പത്തിക വർഷം ബാലൻസ് ഷീറ്റ് പ്രകാരം 420800100 എന്ന ഹെഡിലെ നീക്കിയിരിപ്പ് 7,31,30,304/- രൂപയായിരുന്നു. 2022-23 ലെ വാർഷിക കണക്കു പ്രകാരം 420800100 ലെ Fixed Deposit എന്ന ഇനത്തിലെ നീക്കിയിരിപ്പ് തുക 1,22,18,518 രൂപയാണ്. സാമ്പത്തിക വർഷം ഹെഡ് കറക്ഷൻ എൻട്രി വഴി 6,12,46,434/- രൂപ സ്ഥിരനിക്ഷേപത്തിൽ നിന്നും കുറവ് ചെയ്തതായി സ്ഥാപനം വിവരം നൽകിയിരിക്കുന്നു.

സ്ഥാപനം ലഭ്യമാക്കിയ വിവരം അനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ വിവരം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| വർഷാരംഭത്തിൽ വാർഷിക കണക്ക് പ്രകാരം ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 7,31,30,304 |
| തൻവർഷം നിക്ഷേപിച്ച തുക | 3,34,648 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6,12,46,434 (Head Correction Resumption Entry) |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 1,22,18,518 |

ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 42201735 എന്ന ജേണൽ വൗച്ചർ മുഖേന 431600100 – Receivables From Government( Redemption Amount) എന്ന ഹെഡ്ഡിലേയ്ക്ക് തുക മാറ്റിയിട്ടുള്ളത് 6,14,85,555/-രൂപയാണ്. ഹെഡ് കറക്ഷൻ എൻട്രി നടത്തിയതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.104/25.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. Resumption തുക ഉറപ്പാക്കിയത് എങ്ങനെയെന്നും ആയതിന് അടിസ്ഥാനമാക്കിയ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

കറക്ഷൻ എൻട്രി മുഖേന നഗരസഭയുടെ 7 കോടിയിലധികം വരുന്ന സ്ഥിരനിക്ഷേപം ഏകദേശം 1കോടി 22 ലക്ഷം രൂപയായി ക്രമീകരിച്ചിരിക്കുന്നതിന് വ്യക്തത വരുത്തേണ്ടതാണ്.

## 1-12 ഗുണഭോക്തൃവിഹിതം പിരിവ് – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ സ്റ്റോറിൽ നിന്നും കൃഷി ഡെപ്യൂട്ടി ഡയറക്ടർ കൈപ്പറ്റിയതും വിവിധ കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നതുമായ 126 മാന്വൽ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. രസീത് ബുക്കുകളിലെ രസീതുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പു വെക്കുന്നില്ല.

2. രസീത് ബുക്കിലേയും കളക്ഷൻ രജിസ്റ്ററിലേയും തുകകളുടെ കൃത്യത ബന്ധപ്പെട്ട കൃഷി ഓഫീസിലെ ഉദ്യോഗസ്ഥൻ പരിശോധിച്ച് രസീത് ബുക്കിലും കളക്ഷൻ രജിസ്റ്ററിലും ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഒരു ദിവസം പിരിച്ചെടുത്ത മുഴുവൻ തുകയും അതേ ദിവസം തന്നെ കോർപ്പറേഷൻ കാര്യാലയത്തിൽ അടവാക്കിയോ എന്നും ഉറപ്പുവരുത്തുന്നില്ല.

3. രസീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.

4.കാർബൺ പേപ്പർ ഉപയോഗിക്കാതെ രസീത്ബുക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ഉദാ:- 6061,6062,6063,6064

5. ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 5990 | 299476 മുതൽ 299500 |
| 6058 | 302891 മുതൽ 302900 |
| 6063 | 303133മുതൽ 303150 |
| 6064 | 303194 മുതൽ 303200 |
| 6113 | 305637 മുതൽ 305650 |

6. ഒറിജിനൽ രസീതുകൾ രസീത്ബുക്കിൽ ഒട്ടിച്ചുവെച്ച് ഉപയോഗിച്ചതായി കാണുന്നു. ഉദാ:- 5948, 5949

7. 6063 എന്ന രസീത് ബുക്കിൽ 303133 മുതൽ 303150 വരെ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല. 303133 മുതൽ 303142 വരെ ഉപയോഗിക്കാത്ത രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പി രസീത് ബുക്കിൽ നിന്നും കീറി മാറ്റിയതിനു ശേഷം വീണ്ടും ഒറിജിനൽ രസീതിന്റെ കൂടെ പിൻ ചെയ്തു വെച്ചിരിക്കുന്നു. ടി രസീത് ബുക്കിൽ കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

8. രസീത് ബുക്കുകളിൽ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത് . ഉദാ:- 5968, 5989, 5970, 5971, 5972, 5973, 6121, 6122, 6123, 6124, 6125

9. രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് കോപ്പി ഉപഭോക്താക്കൾക്ക് നൽകാതെ രസീത്ബുക്കിൽ സൂക്ഷിച്ചിരിക്കുന്നു. ഉദാ:- 5958, 5959, 5960, 6113, 6114.

10. രസീത് ബുക്ക്പ്രകാരമുള്ള രസീത് നമ്പറും, പേരും, തുകയും കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല.

| രസീത് ബുക്ക് പ്രകാരം | | | കളക്ഷൻ രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|
| രസീത് നമ്പർ | പേര് | തുക | രസീത് നമ്പർ | പേര് | തുക |
| 297936 | ഗീത | 100 | 297936 | ദയാനന്ദൻ | 81.25 |
| 297937 | സതി | 75 | 297937 | വിശ്വനാഥൻ | 100 |
| 297938 | റിച്ചു | 93.75 | 297938 | ഗീത | 100 |
| 297939 | വിശ്വനാഥൻ | 100 | 297939 | സതി | 75 |
| 297940 | ദയാനന്ദൻ | 81 | 297940 | റിച്ചു | 93.75 |

11. രസീത്ബുക്ക് 5847ൽ ഉൾപ്പെട്ട താഴെ പറയുന്ന രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി കാണുന്നു.ടി രസീത് പ്രകാരം പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക കോർപ്പറേഷനിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

| രസീത് നമ്പർ | തിയതി | തുക |
|---|---|---|
| 292301 | 25.02.23 | 13,000 |
| 292302 | 25.02.23 | 5,000 |
| 292303 | 25.02.23 | 9,500 |
| 292304 | 25.02.23 | 25 |

എന്നാൽ ടി രസീതുകളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും രസീത് ബുക്കിൽ സൂക്ഷിച്ചിരിക്കുന്നു. ഇവ ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല. രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ടി രസീത് ബുക്കിൽ രസീത് നമ്പർ 292306 മുതൽ 292322 വരെയുള്ള രസീതുകളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.

12. തുക രേഖപ്പെടുത്താതെ രസീതി ഉപയോഗിച്ചു, കളക്ഷൻ തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

| രസീത്ബുക്ക് നമ്പർ | രസീത് നമ്പർ | തിയതി | രജിസ്റ്റർ പ്രകാരം പിരിച്ച തുക |
|---|---|---|---|
| 6049 | 302425 | 10.02.23 | 18.75 |
| 6054 | 302678 | 10.02.23 | 18.75 |

13. രസീതിൽ കളക്ഷൻ തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| രസീത്ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 6051 | 302521,302522 |
| 6052 | 302574 |
| 6053 | 302607 |
| 6058 | 302880 |

14. ക്യാൻസൽ ചെയ്തിരിക്കുന്ന രസീതുകൾ കളക്ഷനായി കളക്ഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നു.

| രസീത്ബുക്ക് നമ്പർ | രസീത് നമ്പർ | കളക്ഷൻ രജിസ്റ്റർ പ്രകാരം തുക |
|---|---|---|
| 6060 | 302953 | 37.50 |
| 6060 | 302957 | 37.50 |

15.രസീത് ബുക്ക് പ്രകാരം പിരിച്ച തുകയും കോർപ്പറേഷനിൽ അടവാക്കിയ തുകയും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത്ബുക്ക് നമ്പർ | രസീത്ബുക്ക് പ്രകാരം പിരിച്ച തുക | അടവാക്കിയ തിയതി | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1. | 6064 | 3,830 | 16.03.23 | 3,750 | 80 രൂപ കുറവ് അടച്ചു |
| 2. | 6059,6060,6061,6062,6063 | 9,842.50 | 3.03.23 | 9,887 | 44.50രൂപ കൂടുതൽ അടച്ചു |
| 3. | 6065,6066,6067, 6068,6069 | 2,22,193.50 | 16.03.23 | 2,21,644 | 549.50 രൂപ കുറവ് അടച്ചു |
| 4. | 5960,5961,5962, 5847 (292301 മുതൽ 292322 വരെ) | 1,12,173 | 10.03.23 | 1,09,597 | 2,576 രൂപ കുറവ് അടച്ചു |

| | | | | | |
|---|---|---|---|---|---|
| 5. | 5847(292323 മുതൽ 292350 വരെ), 6111, 6112 (305551 മുതൽ 305585 വരെ) | 1,06,301 | 13.03.23 | 81,585 | 24,716രൂപ കുറവ് അടച്ചു |
| 6. | 6112(305586 മുതൽ 305600 വരെ), 6113 | 23,195.25 | 13.03.23 | 51,038 | 27,842.75രൂപ കൂടുതൽ അടച്ചു |

പിരിച്ചെടുത്ത തുകയേക്കാൾ കുറവ് / കൂടുതൽ തുക അടവാക്കുവാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

16. 6114,6113 രസീത് ബുക്ക് പ്രകാരം പിരിച്ച തുക 15,846 രൂപ കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ടോ എന്നതിന് രേഖകൾ ഒന്നും തന്നെ കളക്ഷൻ രജിസ്റ്ററിൽ ഇല്ല.

തുക അടവാക്കാത്ത പക്ഷം അതിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുക ഈടാക്കേണ്ടതാണ്.

<u>കളക്ഷൻ രജിസ്റ്ററിലെ അപാകതകൾ</u>

1. താഴെ പറയുന്ന രസീത് വരവുകൾ കളക്ഷൻ രജിസ്റ്ററിൽ രണ്ട് പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു.

| രസീത്ബുക്ക്നമ്പർ | രസീത് നമ്പർ | തുക |
|---|---|---|
| 6049 | 302411 | 18.75 |
| 6058 | 302856 | 18.75 |

2. താഴെ പറയുന്ന രസീത് വരവ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക കോർപ്പറേഷനിൽ അടവാക്കിയതായി കാണുന്നില്ല.

| രസീത്ബുക്ക്നമ്പർ | രസീത് നമ്പർ | തുക |
|---|---|---|
| 6059 | 302917 | 70 |
| 6065 | 303223 | 1056.25 |

3. അടവാക്കിയ രസീതിയുടെ പകർപ്പാണ് കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നത്.

യാതൊരു രേഖകളും ഇല്ലാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും ആണ് തുക പിരിച്ചെടുത്തിട്ടുള്ളത്. പിരിച്ചെടുത്ത തുകകൾ യഥാസമയം കോർപ്പറേഷനിൽ അടവാക്കുകയോ അതിന്റെ രേഖകൾ സൂക്ഷിക്കുകയോ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/2022-23 തിയ്യതി 20.06.2023) ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ക്രഡിറ്റ്), തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസ് നൽകിയ മറുപടിയിൽ കോർപ്പറേഷനിൽ അടവാക്കുന്ന തുകയിൽ കുറവ് ഉണ്ടായിട്ടില്ലായെന്നും യഥാസമയം കർഷകർക്ക് രസീത് നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കർഷകർക്ക് നൽകുവാൻ

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്ലറിക്കൽ പിഴവ്, അറിവില്ലായ്മ, തിരക്ക് എന്നിവ മൂലമാണ് ഇത്തരം അപാകതകൾ ഉണ്ടായത് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

ഓഡിറ്റ് നിഗമനങ്ങൾ

ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്നാണ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇവ പരിശോധിച്ച് അപാകതകൾ പരിഹരിച്ചിട്ടുള്ളത്.

പിരിച്ചെടുത്ത തുക കോർപ്പറേഷനിൽ അടവാക്കിയ രസീതിയുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയതിൽ കുർക്കഞ്ചേരി കൃഷിഭവന്റെ കളക്ഷൻ രജിസ്റ്ററിൽ രസീതി പകർപ്പ് ഇല്ല. പകരം രസീത് നം. എഴുതി ചേർത്തിരിക്കുകയാണ്.

ഒരേ സമയം ഒന്നിലധികം രസീതിബുക്കുകൾ ഒരു ഓഫീസർക്ക് ഉപയോഗിക്കുവാൻ നൽകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിച്ച രസീത് ബുക്കുകൾ തിരികെ ലഭ്യമാക്കുന്ന മുറക്ക് മാത്രം പുതിയ ബുക്കുകൾ നൽകുവാനും ശ്രദ്ധ പുലർത്തേണ്ടതാണ്.

രസീതികൾ സൂക്ഷിക്കുന്നതിലും പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നതിലും അലംഭാവം ഉണ്ടായിട്ടുണ്ട്. അപാകതകൾ ഉള്ള രസീതിബുക്കുകൾ ഉപയോഗിച്ച ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോർപ്പറേഷൻ രസീതികൾ ദുരുപയോഗിച്ച് അനാവശ്യമായി പണപ്പിരിവ് നടത്തുന്നില്ല എന്നും പിരിച്ചെടുത്ത തുക ഉദ്യോഗസ്ഥർ ക്രമവിരുദ്ധമായി കൈവശം വക്കുന്നില്ല എന്നും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 അഗതി മന്ദിരത്തിലേക്ക് അന്നദാനത്തിന് സംഭാവന-- കൃത്യമായ കണക്ക് ലഭ്യമല്ല

തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള അഗതിമന്ദിരമായ സ്നേഹവീട്ടിലേക്ക് അന്നദാനം നൽകുന്നതിനുള്ള സംഭാവന സ്വീകരിക്കുന്നത് വിൽവട്ടം സോണൽ കാര്യാലയത്തിലാണ്. സംഭാവനയുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ എത്ര രൂപ സംഭാവന ലഭിച്ചിട്ടുണ്ടെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

സ്ഥാപനത്തിന്റെ Account Headwise Consolidation പരിശോധിച്ചതിൽ Other Fee (140409900) എന്ന ഹെഡിൽ മറ്റ് ഫീസ് വരവുകളുടെ കൂടെയാണ് സംഭാവനയുടെ വരവുകൾ ചേർത്തിട്ടുള്ളത്. ആയതിനാൽ സംഭാവന ഇനത്തിലുള്ള വരവുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. സംഭാവന വരവിന്റെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി എഴുതി ഡി.സി.ബി തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന വരവ് തുകയുടെ കണക്കുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് ( നം.15 തീയതി : 20.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു-- സ്ഥാപനത്തിന് 72.55ലക്ഷം നഷ്ടം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022 -23 വർഷം മുതലുള്ള അലോട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ.(കൈ) 179/2022/ധന തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാംഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ.(ആർടി) 1049/2023/ധന തീയതി 13.2.2023 ൽ തൃശ്ശൂർ കോർപ്പറേഷനുള്ള വികസനഫണ്ടിൽ നിന്നും (247398000) 72,55,510 രൂപ കുറവ് ചെയ്തിട്ടുണ്ട്.

മേൽപ്രകാരം റവന്യൂഡിമാന്റിന്റെ 90% പിരിച്ചെടുക്കാതിരുന്നതിന് കാരണം അറിയിക്കുവാനും 72 ലക്ഷം രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിനുള്ള സ്ഥാപനത്തിന്റെ മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി – 32/18.8.2023 ന് മറുപടി ലഭ്യമാക്കിയില്ല.

ഡിമാന്റ് ചെയ്യുന്ന തുകകൾ മുഴുവനായും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുമാനനഷ്ടം ഒഴിവാക്കുന്നതിനും ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടുത്താതിരിക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15 വസ്തു നികുതി പരിഷ്ക്കരണത്തിലെ കാലതാമസം-2013 ൽ ആരംഭിച്ച വസ്തു നികുതി പരിഷ്ക്കരണം 2023 ലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല-കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി അസ്സസ്സ്മെന്റ് രജിസ്റ്റർ പോലും പൂർത്തീകരിക്കാൻ കോർപ്പറേഷൻ നടപ്പാക്കിയ നികുതി പരിഷ്ക്കരണ സംവിധാനങ്ങൾക്ക് സാധിച്ചിട്ടില്ല.

(1)ആമുഖം

തൃശ്ശൂർ കോർപ്പറേഷൻ 2013ൽ ആരംഭിച്ച വസ്തു നികുതി പരിഷ്ക്കരണം ഒരു ദശകം പിന്നിട്ടിട്ടും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. പുതിയ നികുതി പരിഷ്ക്കരണത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുന്ന അസസ്സ്മെന്റ് രജിസ്റ്റർ മാന്വൽ ആയോ ഇതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) തയ്യാറാക്കിയ " സഞ്ചയ " സോഫ്റ്റ് വെയറിലോ തയ്യാറാക്കുന്നതിന് അടിസ്ഥാന ഡാറ്റാ എൻട്രി പോലും പൂർത്തീകരിക്കുന്നതിന് ഈ കാലയളവിൽ സാധിച്ചിട്ടില്ല. ഇത് വസ്തു നികുതിയിനത്തിൽ നേരിട്ടുള്ള വരുമാന നഷ്ടത്തിന് കാരണമാകുമെന്ന് മാത്രമല്ല, കോർപ്പറേഷനിലെ നിലവിലെ കെട്ടിടങ്ങളെയും അവയുടെ ഉപയോഗ ക്രമത്തേയും സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ നാളിതു വരെ കാലികമാകാത്തതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഫീസുകൾ, സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ നിർണയിക്കുന്നതിലും ഡിമാന്റ് ചെയ്യുന്നതിലും വീഴ്ച സംഭവിക്കുന്നതിനും പരോക്ഷമായി ഈയിനങ്ങളിലുള്ള വരുമാനത്തെ ബാധിക്കുന്നതിനും കാരണമാകുന്നു. ഇതിനു പുറമെ കോർപ്പറേഷൻ പരിധിയിലുള്ള ക്രമവത്കരിക്കപ്പെടാത്ത കെട്ടിടങ്ങൾ നിയമപ്രകാരമുള്ള തുടർനടപടികളിൽ നിന്ന് ഒഴിവാകുന്നതിനും കാരണമാകുന്നു. ആയതിനാൽ 2013 ൽ ആരംഭിച്ച വസ്തുനികുതി പരിഷ്ക്കരണം, കെട്ടിടങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളുടെ കാലികമാക്കൽ എന്നീ വിഷയങ്ങളിൽ കോർപ്പറേഷൻ സ്വീകരിച്ച നടപടികളെ

സംബന്ധിക്കുന്ന ഫയലുകൾ പരിശോധിച്ചതിന്റെ ഫലമായുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

(2) വസ്തുനികുതി സംബന്ധിച്ച നിയമ വ്യവസ്ഥകൾ

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 230, 233 പ്രകാരം നഗരസഭയുടെ അധികാര പരിധിക്കുള്ളിൽ വരുന്ന എല്ലാ കെട്ടിങ്ങൾക്കും നികുതി നിർണ്ണയിക്കേണ്ടതും വകുപ്പ് 234, 235 പ്രകാരമുള്ള ഇളവുകൾക്ക് ശേഷം നികുതി ഈടാക്കേണ്ടതും ആയത് ഈടാക്കുന്നതിനായി വകുപ്പ് 234(4) പ്രകാരം സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്. നിലവിൽ വാർഷിക വാടക മൂല്യം അഥവാ Annual Rental Value(ARV) അടിസ്ഥാനത്തിൽ നികുതി ഈടാക്കി വന്നിരുന്നകെട്ടിടങ്ങൾക്കും, പുതുതായനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്കും 01/04/2011 മുതൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനായി സ.ഉ(അ)നം.18/2011/തസ്വഭവ തീ.14/01/2011 പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു. സ.ഉ (അ) 17/2011/തസ്വഭവ തീ.14.1.2011 പ്രകാരം ആയതിന് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചു നൽകുകയും ചെയ്തു. 15/3/2013 ൽ സ.ഉ(അ)നം.100/2013/തസ്വഭവ പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയുംസേവനഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും ആയത് 01/04/2013 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. വസ്തു നികുതി പരിഷ്ക്കരണത്തിലെ കാലതാമസം മൂലം 01/04/2013 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടിയിരുന്ന നികുതി പരിഷ്ക്കരണം സ.ഉ (സാധ)നം.540/2019/തസ്വഭവ തീ.06/3/2019 പ്രകാരം നഗരസഭകളിൽ 01/4/2016 ആയി പുനർനിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(3)വസ്തു നികുതി പരിഷ്ക്കരണത്തിലും വസ്തു നികുതി അടിസ്ഥാന വിവരങ്ങൾ കാലികമാക്കുന്നതിലും കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ

(ഫയലുകൾ -R1/8109/11 (വസ്തുനികുതി പരിഷ്ക്കരണം), R1/824/16 (വസ്തുനികുതി ഓൺലൈൻ നടപടികൾ), R1-49598/10 (ഡാറ്റ എൻട്രി നിയമനം))

- 22/11/11ലെ കൗൺസിൽ തീരുമാനം 65 പ്രകാരം നഗരസഭ പ്രദേശത്തെ മേഖലകളായി തിരിച്ച്, അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച നടപടി 13/11/2013 ലെ കൗൺസിൽ തീരുമാനം 56 പ്രകാരം അന്തിമമാക്കി.
- നിലവിലുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ (ആന്വൽ റെന്റൽ വാല്യൂ അടിസ്ഥാനമാക്കിയുള്ളത്) പ്രകാരമുള്ള അടിസ്ഥാനവിവരങ്ങൾ, 1,13,608 എണ്ണം, കുടുംബശ്രീയെ ഉപയോഗിച്ച് "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി നടത്തി കെട്ടിട ഉടമകൾക്ക് ഫോറം 2 (പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി കണക്കാക്കി കെട്ടിട ഉടമകൾ സമർപ്പിക്കുന്ന വസ്തുനികുതി നിർണയ റിട്ടേൺ) വിതരണം ചെയ്ത് ഫോറം 6 (വസ്തുനികുതി നിർണയ വിവര ശേഖരണം) തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചു. കെട്ടിട വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോറം 2 അതാത് കെട്ടിട ഉടമകൾ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 2/6/2014 ൽ പത്രപരസ്യം നൽകിയെങ്കിലും ഫോറം 2 സ്വീകരിക്കുന്ന നടപടി പൂർത്തിയായില്ല. 1,13,608 എണ്ണം ഡാറ്റയിൽ 31230 ഡാറ്റ വെരിഫിക്കേഷൻ നടത്തി ഡിജിറ്റൽ സൈൻ ചെയ്ത് 1/04/20 മുതൽ ഡിവിഷൻ അടിസ്ഥാനത്തിൽ പുതുക്കിയ നികുതി ഈടാക്കി

തുടങ്ങി.

- കോർപ്പറേഷനിലെ നികുതികളും ഫീസുകളും ഈടാക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനായി കൗൺസിലിന്റെ 7.04.2017 തിയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം 8.07.2019 തിയതിയിൽ സൗത്ത് ഇന്ത്യൻ ബാങ്കുമായി കോർപ്പറേഷൻ ധാരണാപത്രം (Memorandum Of Understanding) ഒപ്പുവച്ചു. കരാർ പ്രകാരം ഡാറ്റ എൻട്രി നടത്തി ഓൺലൈൻ സംവിധാനം സജ്ജമാക്കുമ്പോൾ ബാങ്ക് 50 ലക്ഷം രൂപ കോർപ്പറേഷന് നൽകും. പകരം കോർപ്പറേഷന്റെ തനതുവരുമാനം സംബന്ധിച്ച അക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്കിലേയ്ക്ക് മാറ്റണമെന്നും 31.12.2019 നകം പ്രവർത്തികൾ പൂർത്തിയാക്കണമെന്നും ഈ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.
- നികുതി ഈടാക്കൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിന് മുന്നോടിയായി വസ്തു നികുതിയുടെ അടിസ്ഥാന വിവരങ്ങൾ ഡാറ്റ എൻട്രി നടത്തി ഓൺലൈൻ സംവിധാനം സജ്ജമാക്കേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷൻ ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആയത് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് നടപ്പാക്കുന്നതിനായി തീരുമാനിച്ചു.
- കോർപ്പറേഷൻ പരിധിയിലെ ഡിവിഷൻ തലത്തിലുള്ള നികുതി രജിസ്റ്ററിലെ ഏകദേശം 2 ലക്ഷം കെട്ടിടങ്ങളുടെ ഡാറ്റ എൻട്രി അടിയന്തിരമായി നടത്തുന്നതിന് 8/9/17 ൽ കുടുബശ്രീയെ ഏൽപ്പിച്ചു.
- 8/9/17 മുതൽ 09/7/19 വരെ കുടുംബശ്രീ 122690 എൻട്രികൾ നടത്തി. ഈയിനത്തിൽ 864000/- രൂപ ആകെ നൽകി. ഇവർ നടത്തിയ ഡാറ്റ എൻട്രിയിൽ നിരവധി അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് കുടുംബശ്രീയെ രേഖാമൂലം അറിയിച്ചിട്ടുള്ളത് 06/9/19 നാണ്. ഇവർ അപാകത പരിഹരിച്ചതായോ, പിന്നീട് തുക നൽകിയതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
- കുടുംബശ്രീ നടത്തിയ 1,22,690 ഡാറ്റ എൻട്രിയും റവന്യൂ ഇൻസ്പെക്ടർ തലത്തിൽ പരിശോധിച്ച് പൂർത്തികരിക്കുന്നതിന് 24/09/20 ൽ സെക്രട്ടറി ഉത്തരവായി. കാര്യമായ പുരോഗതി ഉണ്ടായില്ല. നടപടികളിലെ പുരോഗതി സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.
- നികുതി പിരിവിൽ കാര്യമായ പുരോഗതിയില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 20 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് 11/12/19 ലെ തീരുമാനം 11 പ്രകാരം കൗൺസിൽ തീരുമാനിക്കുകയും ആയതിന് 09/09/20 ലെ ഇ8/2973/2020 പ്രകാരം നഗരകാര്യഡയറക്ടറിൽ നിന്ന് 6 മാസത്തേയ്ക്കു നിയമിക്കുന്നതിന് അനുമതി ലഭിച്ചു. 20 പേരെ 25/11/20ൽ നിയമിച്ചു.
- അടിസ്ഥാനസൗകര്യം ഇല്ലാതിരുന്നതിനാൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി 20 പേരെ ഉപയോഗിക്കാൻ സാധിച്ചില്ലയെന്ന് വിലയിരുത്തുകയും, മേൽ നിയമിച്ച ആളുകളുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് സാധിക്കാതെ വന്നതിനാൽ ഇവരുടെ ജോലി നിർത്തിവയ്ക്കുകയും ചെയ്തു. (നവംമ്പർ/20 മുതൽ ജനുവരി 21വരെ) 242598/-രൂപ ഇവർക്ക് വേതനം നൽകിയ ഇനത്തിൽ ആകെ ചെലവായി.

- വസ്തു നികുതി പരിഷ്കരണം, വസ്തു നികുതി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും നഗരസഭകൾ സ്വീകരിച്ച നടപടികളെക്കുറിച്ച് നഗരകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 28/7/21 ൽ അവലോകനയോഗത്തിൽ കോർപ്പറേഷന്റെ നികുതി പരിഷ്കരണ നടപടികൾ ഏറ്റവും പിന്നിലാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 29/7/21 ൽ ആക്ഷൻപ്ലാൻ തയ്യാറാക്കി Data Entry, Verification, Final Approval, Digital Signing വരെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ടി നടപടികൾ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ നികുതി രസീതുകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നതിനും ജീവനക്കാരെ നിയമിച്ചുകൊണ്ട് സെക്രട്ടറി ഉത്തരവായി. ഇതിന്റെ പുരോഗതി സംബന്ധിച്ചും ഫയലിൽ വ്യക്തമാക്കുന്നില്ല.
- സൗത്ത് ഇന്ത്യൻ ബാങ്കുമായി 31.12.2019 തിയതി വരെയുള്ള കരാർ അവസാനിച്ചതിനാൽ MOU ന്റെ കാലാവധി 30.06.2020 തിയതി വരെ ദീർഘിപ്പിച്ചു കൊണ്ട് ഒരു സപ്ലിമെന്റൽ MOU 12.03.2020 ന് ഒപ്പുവച്ചു. പിന്നീട് 6.06.2022 ന് രണ്ടാമത്തെ സപ്ലിമെന്റൽ MOU ഒപ്പു വച്ചു. ആയതിന്റെ കാലാവധി 31.12.2022 അവസാനിച്ചു. ഇത് പ്രകാരം കോർപ്പറേഷനിലെ എല്ലാ കെട്ടിടങ്ങളുടേയും സർവ്വെ പൂർത്തീകരിച്ച് 31.12.2022 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. കാലാവധി അവസാനിച്ചതിനാലും ഫീൽഡ് സർവ്വെ, ഡാറ്റ എൻട്രി പ്രവർത്തികൾ പൂർത്തിയാക്കാത്തതിനാലും സൗത്ത് ഇൻഡ്യൻ ബാങ്കുമായുള്ള MOU കാലാവധി വീണ്ടും പുതുക്കുന്നതിന് 02/06/23ൽ കൗൺസിൽ തീരുമാനപ്രകാരം (തീരുമാനം.10) സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. MOU കാലാവധി നീട്ടിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സൗത്ത് ഇൻഡ്യൻ ബാങ്കുമായുള്ള ഉടമ്പടിപ്രകാരം 22/3/23ൽ 8,79,146/-രൂപയും, 5,57,227/-രൂപയും, 13/12/22 ൽ 1,92,532/-രൂപയും കോർപ്പറേഷന്റെ സേവിങ്ങ്സ് അക്കൗണ്ട് 0085053000021697 ൽ വരവ് വന്നിട്ടുണ്ട്.
- 1/04/20 മുതൽ ഡിവിഷൻ അടിസ്ഥാനത്തിൽ നികുതി ഈടാക്കിവരുന്നതിനാൽ 2013-14 മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിലെ രസീത് എൻട്രികൾ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്തുന്നതിനായി 07/6/21 ൽ കോർപ്പറേഷൻ ജീവനക്കാർക്ക് ചുമതല നൽകി. പുരോഗതി ഫയലിൽ വ്യക്തമാക്കിയിട്ടില്ല.
- കൗൺസിലിന്റെ 16/11/2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം 1/4/2016 മുതൽ അടിസ്ഥാനനികുതിയുടെ 10% വരുന്നതുക സേവന ഉപനികുതിയായി ഈടാക്കുന്നതിന് 5.4.22 ൽ സെക്രട്ടറി ഉത്തരവായി. നിലവിൽ 1/4/2016 മുതലുള്ള സേവന ഉപനികുതി കുടിശ്ശികയായി ഈടാക്കുന്നു.
- നികുതി പരിഷ്കരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി സർക്കാർ ഉത്തരവുകൾ നിലവിലുള്ളതും ടി ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർമാർക്കും സോണൽ ഓഫീസ് സൂപ്രണ്ട്മാർക്കും നിരന്തരം അറിയിപ്പ് നൽകിയെങ്കിലും ടി പ്രവൃത്തികളിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. നഗരകാര്യ ഡയറക്ടറുടെ അവലോകന യോഗങ്ങളിലേയും സെക്രട്ടറി മേയർ എന്നിവരുടെ വിവിധ അവലോകന യോഗങ്ങളിലെയും വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിരവധി ഉത്തരവുകൾ നികുതി പരിഷ്കരണ നടപടികൾപൂർത്തീകരിക്കുന്നതിന് നൽകിയിട്ടുണ്ട്.ആയതിൽ പ്രസക്തമായവ ചുവടെ ചേർക്കുന്നു.
- നികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 07/6/21 ലെ കോർപ്പറേഷൻ സെക്രട്ടറിയുടെ

R1/8901/11 ഉത്തരവ് പ്രകാരം കോർപ്പറേഷനിലെ 88 ജീവനക്കാരെ 2020-21 സാമ്പത്തിക വർഷത്തിന് മുൻപുള്ള കാലയളവിലെ രസീത് എൻട്രി നടത്തുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി.

- 18/10/22 ലെ കോർപ്പറേഷൻ സെക്രട്ടറിയുടെ R1/8901/11 ഉത്തരവ് പ്രകാരം കോർപ്പറേഷനിലെ 55 ജീവനക്കാരേയും ഫീൽഡിൽ പോയി നിലവിലുള്ള കെട്ടിടം അളന്ന് പ്ലിന്ത് ഏരിയും മറ്റ് കെട്ടിട വിവരങ്ങളും ശേഖരിച്ച് ടാക്സ് റിവിഷൻ രജിസ്റ്റർ തയ്യാറാക്കി ഇത് പ്രകാരം ഫോറം 6 തയ്യാറാക്കി ബന്ധപ്പട്ട റവന്യ ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കുന്ന ജോലികളും 31/12/2022 നകം പൂർത്തീകരിക്കുന്നതിന് നിയോഗിച്ചുകൊണ്ട് ഉത്തരവായി. ഒരു ഡിവിഷനിലേക്ക് 2 വീതം കുടുംബശ്രീ ജീവനക്കാരേയും നിയമിച്ചു. 21/11/22 ൽ 35 ജീവനക്കാരെക്കൂടി നിയമിച്ചു.
- 15/6/22 ൽ വീണ്ടും 30 ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണവകുപ്പ് (അർബൻ) ഡയറക്ടർക്ക് കത്ത് നൽകി. നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

9/11/22, 22/11/22, 01/12/22, 13/12/22 എന്നീ തീയ്യതികളിൽ ജീവനക്കാർക്ക് വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവിധ ചുമതലകൾ നൽകികൊണ്ട് സെക്രട്ടറി ഉത്തരവായിട്ടുണ്ട്. എന്നിട്ടും നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല.

- 23/11/22 ലെ സെക്രട്ടറിയുടെ നടപടിക്രമം പ്രകാരം ചെയർപേഴ്സൺ കുടുംബശ്രീ സിഡിഎസ് 1, അമ്പിളി സി.എം എന്നീ രണ്ട്പേർക്ക് ഡാറ്റാ എൻട്രി നടത്തുന്നതിന് ചുമതല നൽകി. ഡാറ്റ ഒന്നിന് 8/- രൂപ നിരക്കിൽ. (ഫോം 6+ രസീത് പോസ്റ്റിങ്ങ് ഉൾപ്പെടെ) ഇവർ 1/23 മുതൽ 5/23 വരെ 82944 ഡാറ്റ എൻട്രി നടത്തിയതിന് 6,63,552/- രൂപ നൽകി.
- മേൽപ്രകാരം കരാർ അടിസ്ഥാനത്തിൽ  ഡാറ്റ എൻട്രി ചെയ്തുകൊണ്ടിരുന്ന ഡാറ്റ എൻട്രി ഓപ്പറേറ്റേഴ്സിന്റെ ജൂൺ മുതലുള്ള വേതനം സ.ഉ (പി)നം.29/2021/ധന തീ.11/02/21 പ്രകാരം ദിവസവേതനം 755/- രൂപ നൽകി വീണ്ടും 6മാസത്തേയ്ക്കു നിയമിച്ചു. കൗൺസിലിന്റെ 16/5/23ലെ 23-ാം നമ്പർ തീരുമാനം. ഇവർക്ക് 10/23 വരെ 31,35,840/-രൂപ വേതനമായി നൽകി. എത്ര ഡാറ്റ എൻട്രി നടത്തി എന്ന് വ്യക്തമല്ല. നിലവിലും തുടരുന്നു.
- 10/23 ലെ മസ്റ്റർ റോൾപരിശോധിച്ചതിൽ സോണലിലും മെയിൻ ഓഫീസിലുമായി 39 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ പ്രവർത്തിയെടുത്തുവരുന്നു. ഇവരുടെ നിയമനത്തിന് സർക്കാർ അംഗീകാരം ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
- സ.ഉ(അ)നം.540/2019പ്രകാരം പ്രതിപാദിച്ചിട്ടുള്ള വസ്തുനികുതി പരിഷ്കരണം 01/4/2016 മുതൽ ആരംഭിച്ച് 3/2023 ൽ പൂർത്തിയാക്കിയെന്നും, ജനങ്ങൾക്ക് ഒറ്റതവണനികുതി 2016 മുതൽ ഒടുക്കേണ്ടി വരുന്നത് അധിക ബാധ്യത ആകുമെന്നതിനാൽ നികുതി പരിഷ്കരണം 1/4/2019 എന്ന് മാറ്റുന്നതിനും, പിഴപലിശ ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും, ടി വിഷയവുമായി ബന്ധപ്പെട്ട് വിവിധ വ്യക്തികൾ കോടതിയെ സമീപിക്കുകയും കോടതി പണം ഒടുക്കാതിരിക്കാൻ സ്റ്റേ അനുവദിക്കുകയും ചെയ്യുന്നതിനാൽ 2019 മുതലുള്ള നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണെന്നും, മേൽ സർക്കാർ അനുമതി

ലഭിക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് അധികമായി ഒടുക്കിയ തുക ഭാവിയിൽ ഇളവ് നൽകുന്നതിനും കൗൺസിലിന്റെ 14/7/23 ലെ തീരുമാനം 111(എ)1 ൽ തീരുമാനമെടുത്തിട്ടുണ്ട്.

- വസ്തുനികുതിപരിഷ്കരണം 01/4/2016 മുതൽ ആരംഭിച്ച് 3/2023 ൽ പൂർത്തിയാക്കിയെന്ന് മേൽ കൗൺസിൽ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 55 ഡിവിഷനുകളുടെയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം Data Entry, Verification, Final Approval, Digital Signing വരെയുള്ള നടപടികളുടെ 30/11/23 വരെയുള്ള മൊത്തത്തിലുള്ള കണക്ക് (സഞ്ചയ റിപ്പോർട്ടിൽ -Old Building Reports – Building Count (ARV/Form6/New Form6) ചുവടെ ചേർക്കുന്നു.

ടേബിൾ 1

| കെട്ടിടങ്ങളുടെ പൂർത്തികരണം | എണ്ണം |
|---|---|
| എ.ആർ.വി അടിസ്ഥാനത്തിലുള്ള പഴയകെട്ടിടങ്ങളുടെ ആകെ എണ്ണം | 142625 |
| അപ്രൂവൽ കഴിഞ്ഞത് | 105758 |
| പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ ആകെ എണ്ണം | 39768 |
| അപ്രൂവൽ കഴിഞ്ഞത് | 31009 |

- മേൽ കണക്കുകൾ Data Entry, Verification, Final Approval, Digital Signing എന്നിവയ്ക്കു അനുസരിച്ച് മാറികൊണ്ടിരിക്കുന്നു. ഈ കണക്കുകളിൽ നിന്ന് ഫോം 6 പ്രകാരം നികുതി നിർണ്ണയിച്ച ആകെ കെട്ടിടങ്ങളുടെ എണ്ണം (ഡിവിഷൻ അടിസ്ഥാനത്തിലുള്ളത്), അവയുടെ ഡാറ്റ എൻട്രി പൂർത്തീകരിച്ചത്, ഇനി പൂർത്തീകരിക്കാനുള്ളത് എന്നീ വിവരങ്ങൾ ലഭ്യമല്ല.
- ആകെ കെട്ടിങ്ങളുടെ എണ്ണം ഫോം 6 പ്രകാരം കണക്കാക്കിയത് (ഡിവിഷൻ തിരിച്ചുള്ളത്), ഇവയുടെ ഡാറ്റ എൻട്രി, അപ്രൂവൽ, ഡാറ്റ എൻട്രി ഇനി പൂർത്തീകരിക്കാനുള്ളവയുടെ എണ്ണം എന്നീ കണക്കുകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും കുർക്കഞ്ചേരി സോണൽ ഓഫീസ് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളു.
- കുർക്കഞ്ചേരി സോണൽ ഓഫീസ് പരിധിയിലെ ഡിവിഷനുകളുടെ ഡാറ്റ എൻട്രി പൂർത്തീകരണ വിവരം ചുവടെ ചേർക്കുന്നു (3/11/23ൽ ലഭ്യമാക്കിയ കണക്ക്)

ടേബിൾ 2

| ഡിവിഷൻ | ഫോറം6 | സഞ്ചയ | സഞ്ചയ | ഫോറം നം.6ലെ | ഡാറ്റ എൻട്രി |
|---|---|---|---|---|---|

| | പ്രകാരം കണക്കാക്കിയ ആകെ എണ്ണം | അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഡാറ്റാഎൻട്രി പൂർത്തീകരിച്ചതിന്റെ എണ്ണം | അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കുവാൻ ബാക്കിയുള്ളത് എണ്ണം | ഡാറ്റാഎൻട്രി, വെരിഫിക്കേഷൻ അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും പൂർത്തീകരിച്ചതിന്റെ എണ്ണം | പൂർത്തീകരണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 32 | 2399 | 1986 | 413 | 1986 | 83% |
| 33 | 2033 | 1749 | 284 | 1749 | 86% |
| 34 | 3023 | 2638 | 385 | 2638 | 87% |
| 40 | 3093 | 2147 | 946 | 2147 | 69% |
| 41 | 2924 | 1922 | 1002 | 1922 | 66% |
| 42 | 3231 | 2334 | 897 | 2334 | 72% |
| 43 | 3468 | 2209 | 1259 | 2209 | 64% |
| 44 | 2923 | 2109 | 814 | 2109 | 72% |

. ഫോം 6 പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ഇനിയും എൻട്രി വരുത്താനുള്ളതായും, ഇതോടൊപ്പം രസീത് എൻട്രി വരുത്തി കുടിശ്ശിക അപ്ഡേറ്റ് ചെയ്യേണ്ട പ്രവർത്തിയും ഇനിയും ഏറെ ചെയ്തു തീർക്കാൻ ഉണ്ടെന്നാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. മറ്റ് സോണൽ ഓഫീസുകളിലും മെയിൻ ഓഫീസിലും ഫോം 6 പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം പൂർണ്ണമായും സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സഞ്ചയയിൽ നിലവിലുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം ടേബിൾ 1 പ്രകാരമുള്ളത് കൃത്യമാണെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

(4)ഓഡിറ്റ് നിരീക്ഷണ ങ്ങൾ

4.1 ഒരു ദശകമായി തുടരുന്ന വസ്തു നികുതി പരിഷ്കരണം-നിലവിലെ അവസ്ഥ എന്താണെന്നോ പൂർത്തീകരിക്കുമെന്നോ പറയുവാൻ അധികാരസ്ഥാപനങ്ങളിലിരിക്കുന്നവർക്ക് പറയുവാൻ കഴിയുന്നില്ല.

കോർപ്പറേഷന്റെ വസ്തു നികുതി പരിഷ്കരണം നീണ്ട പത്തു വർഷകാലയളവിൽ എത്രത്തോളം പൂർത്തികരിക്കാനായി എന്നത് കൃത്യമായി പറയാൻ കഴിയുന്നില്ല. ഡിവിഷൻ തിരിച്ചുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം കണക്കാക്കി (ഫോം 6 പ്രകാരം) ഡാറ്റ എൻട്രി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷനിലെ ജീവനക്കാരെയും, കുടുംബശ്രീ സംവിധാനത്തെയും, ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെയും വിവിധ കാലയളവുകളിൽ നിയോഗിച്ചിട്ടും കുറ്റമറ്റ രീതിയിൽ

2023 ലും പൂർത്തീകരിക്കാനായിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നു. 2000 ൽ രൂപീകൃതമായ കോർപ്പറേഷന് നാളിതുവരെയായിട്ടും വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്ററും, ഡിമാന്റ് രജിസറ്ററും, കുടിശ്ശിക രജിസ്റ്ററും എഴുതി തയ്യാറാക്കുവാനോ വസ്തുനികുതി നിർണ്ണയ സോഫ്റ്റ്വെയറായ സഞ്ചയയിൽ ഇവ തയ്യാറാക്കുവാനോ കഴിഞ്ഞിട്ടില്ല. മാത്രമല്ല നിലവിൽ നടത്തിയിടത്തോളം വസ്തു നികുതി പരിഷ്കരണത്തിന്റെ കൃത്യതയും ഉറപ്പാക്കാനാകുന്നില്ല. 28/7/21 ൽ ചേർന്ന നഗരകാര്യഡയറക്ടറുടെ അവലോകനത്തിൽ കോർപ്പറേഷന്റെ നികുതി പരിഷ്കരണം വെറും 25% ആണെന്നും തൃശ്ശൂർ കോർപ്പറേഷൻ ഏറ്റവും പിന്നിലാണെന്ന വിമർശനവും ഉണ്ടായി. മാത്രമല്ല ഡാറ്റ എൻട്രി എല്ലാം തെറ്റാണെന്നും ജോലികൾ ആദ്യം മുതൽ ആരംഭിക്കേണ്ട അവസ്ഥയാണെന്നും സെക്രട്ടറി തന്നെ അറിയിക്കുകയുണ്ടായി. ഫോം 6 പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്താനുള്ളതായും, ഇതോടൊപ്പം രസീത് എൻട്രി വരുത്തി കുടിശ്ശിക അപ്ഡേറ്റ് ചെയ്യേണ്ട പ്രവർത്തിയും ഇനിയും ഏറെ ചെയ്തു തീർക്കാൻ ഉണ്ടെന്നാണ് ഓഡിറ്റിന് ലഭിച്ച മേൽ മറുപടിയിലെ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്.

4.2 ആദ്യ ഘട്ടത്തിൽ (2011-2013) കുടുംബശ്രീയെ ഏൽപ്പിച്ച ജോലികളിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് വീഴ്ചയായി

2/11/2011ലെ കൗൺസിൽ തീരുമാനപ്രകാരം അടിസ്ഥാന നികുതി നിശ്ചയിച്ചത് 13/11/13 ലും തുടർന്ന് കുടുംബശ്രീ മുഖേന അന്ന് നിലവിലുണ്ടായിരുന്ന 1,13,608 അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയത് സമയബന്ധിതമായി വെരിഫിക്കേഷൻ നടത്തുന്നതിൽ കാലതാമസം ഉണ്ടായി. 2/6/14 ൽ പത്രപരസ്യം നൽകി കെട്ടിട ഉടമകളിൽ നിന്ന് ഫോം 2 സ്വീകരിച്ച് ഫോം 6 തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചെങ്കിലും 25/01/21 ലും ടി നടപടികൾ പൂർത്തീകരിച്ചിട്ടില്ല. കുടുംബശ്രീ നടത്തിയ 1,13,608 ഡാറ്റ എൻട്രിയിൽ 31230 എണ്ണം മാത്രമാണ് 01/4/2020 വരെയുള്ള കാലയളവിൽ വെരിഫിക്കേഷൻ നടത്തി ഡിജിറ്റൽ സൈൻ ചെയ്തിട്ടുള്ളത്. 5 വർഷ കാലയളവിനുള്ളിൽ ഉണ്ടായ പുരോഗതി ഇത്രമാത്രമാണ്. വസ്തു നികുതി പരിഷ്കരണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ചട്ട പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ 2 സ്വീകരിച്ച് ഫോം നമ്പർ 6 തയ്യാറാക്കി വസ്തുനികുതി നിർണയിക്കുന്നതിൽ കോർപ്പറേഷന് വീഴ്ച സംഭവിച്ചു.

4.3 രണ്ടാം ഘട്ടത്തിൽ (2017-19) ഡാറ്റാ എൻട്രി നടത്താൻ കുടുംബശ്രീയെ ഏൽപ്പിച്ചത് കരാറില്ലാതെ - കരാറിന്റെ അഭാവത്തിൽ ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിക്കാതെ കുടുംബശ്രീ പ്രവൃത്തി അവസാനിപ്പിച്ചു -ചെലവ് 864000 രൂപ

2017-19 കാലയളവിൽ ഡാറ്റ എൻട്രി നടപടികൾ പൂർത്തീകരിക്കുന്നതിനായി കുടുബശ്രീ സംവിധാനത്തെ ഏൽപ്പിച്ചു. ഫയൽ പ്രകാരം ഇവർ ഏകദേശം 2 വർഷത്തോളം ഈ പ്രവൃത്തി കോർപ്പറേഷന് വേണ്ടി നടത്തിയെങ്കിലും ഡാറ്റ എൻട്രിയിൽ നിരവധി അപാകതകൾ ഉള്ളതായി കോർപ്പറേഷൻ കണ്ടെത്തുന്നത് 2 വർഷത്തിന് ശേഷമാണ്. കുടുംബശ്രീയെ ഈ പ്രവർത്തി ഏൽപ്പിക്കുമ്പോൾ അവരുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. ഏകദേശം 2 ലക്ഷത്തോളം എൻട്രികളാണ് വരുത്തേണ്ടിയിരുന്നത്. ഇത് എപ്രകാരം നടത്തണം, ആയതിന് ആധാരമാക്കേണ്ട രജിസ്റ്ററുകൾ/രേഖകൾ എന്തെല്ലാം, പൂർത്തീകരിക്കേണ്ട കാലയളവ്,

പ്രവർത്തിയുടെ നിരക്ക് ഈ വിവരങ്ങൾ ഒന്നും ഉൾപ്പെടുത്തി കരാർ ചമക്കുകയോ, വേണ്ട നിർദ്ദേശങ്ങൾ രേഖാമൂലം നൽകുകയോ ചെയ്തിട്ടില്ല. പ്രവർത്തി കാലയളവിൽ മേൽനോട്ട ചുമതലയുള്ളവർ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തില്ല. ചുമതലയുള്ള റവന്യു ഇൻസ്പെക്ടർമാർ ഇവർ ചെയ്ത ഡാറ്റാ എൻട്രി സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 864000 രൂപ നൽകയിട്ടുള്ളത്. 2017 ൽ പ്രവർത്തി ആരംഭിച്ച ഇവരുടെ നിയമനം സംബന്ധിച്ച് കൗൺസിൽ അംഗീകാരം നൽകുന്നത് 31/8/19 ൽ മാത്രമാണ്. ഡാറ്റ എൻട്രിയിലെ അപാകത പരിഹരിക്കുന്നതിന് കുടുംബശ്രീയോട് ആവശ്യപ്പെട്ടെങ്കിലും അത് പരിഹരിച്ചിട്ടില്ല. കൗൺസിൽ അംഗീകാരം ഇല്ലാതെ, കൃത്യമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ കരാർ ഇല്ലാതെ കുടുംബശ്രീയെ പ്രവൃത്തി ഏൽപ്പിച്ചതിനാൽ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

4.4 താത്കാലിക അടിസ്ഥാനത്തിൽ കൃത്യമായ മാനദണ്ഡങ്ങളില്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ -ഡാറ്റാ എൻട്രി നടത്താൻ അടിസ്ഥാന സൗകര്യമില്ല

വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രിയ്ക്കായി 20 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചു. ഈ നിയമനത്തിനും കൃത്യമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. അടിസ്ഥാന സൗകര്യം നൽകാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ ഇവരുടെ സേവനവും അവസാനിപ്പിച്ചു. കോർപ്പറേഷന്റെ തനത് വരുമാനത്തിലെ പ്രധാന ഇനമാണ് വസ്തുനികുതി. ആയത് സമയബന്ധിതമായി പരിഷ്കരിക്കുന്നതിനും പുതുക്കിയ നികുതി നിരക്കിൽ ഈടാക്കുന്നതിനുമായി ആവശ്യമായ ഡാറ്റാ എൻട്രി നടത്തുന്നതിനായി നിയോഗിച്ചവർക്ക് അടിസ്ഥാന സൗകര്യങ്ങൾപോലും നൽകാൻ കഴിയാത്ത സാഹചര്യം എന്തായിരുന്നു എന്നും വ്യക്തമല്ല. നിലവിൽ ഇതേ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രിക്കായി നിയോഗിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും സോണൽ ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടർ സംവിധാനങ്ങൾ ഇല്ലാതെയാണ് ജോലി നിർവ്വഹിക്കുന്നത്. ഇത് സോണൽ ഓഫീസുകളിലെ പരിശോധനയിൽ ഓഡിറ്റിൽ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

4.5 മൂന്നാം ഘട്ടത്തിലും (2022 മുതൽ നാളിതു വരെ) കുടുംബശ്രീയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും -പഴയ അപാകതകൾ ആവർത്തിക്കുന്നു -ഡാറ്റയുടെ കൃത്യതയും എണ്ണവും പരിശോധിക്കപ്പെടുന്നില്ല .

ഡാറ്റാ എൻട്രി വീണ്ടും ഡാറ്റ ഒന്നിന് 8 രൂപ നിരക്കിൽ (Form 6+ Receipt Entry) 23/11/22 ൽ കുടുംബശ്രീ സംവിധാനത്തെ ഏൽപ്പിച്ചിട്ടുണ്ട്. 01/23 മുതൽ 5/23 വരെ 82944 എൻട്രികൾ നടത്തിയതിന് 6,63,552/-രൂപ ചെലവായി. തുടർന്ന് ഇവരെ 06/23 മുതൽ ദിവസവേതന അടിസ്ഥാനത്തിൽ 755/-രൂപ നിരക്കിൽ നിയമിച്ചു. നാളിതുവരെ 31,35,830/- രൂപ ചെലവഴിച്ചു. എത്ര ഡാറ്റ എൻട്രി നടത്തി എന്ന വിവരം ലഭ്യമല്ല. പ്രവർത്തി നടത്തി എന്ന റവന്യു ഇൻസ്പെക്ടമാരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. 6 മാസത്തിനുള്ളിൽ 32 ലക്ഷത്തോളം രൂപ ചെലവഴിച്ചു. ഡാറ്റാ എൻട്രിയുടെ കൃത്യത അതാത് സമയങ്ങളിൽ പരിശോധിക്കപ്പെടുന്നില്ല. പ്രവൃത്തിയുടെ പുരോഗതി എത്രത്തോളം എന്ന് വിലയിരുത്തൽ ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിലെ നിലവിലെ കണക്ക് പ്രകാരം ഏകദേശം 120000 ൽ താഴെ പഴയകെട്ടിടങ്ങളുടെയും 40000 ത്തിൽ താഴെ പുതിയ കെട്ടിടങ്ങളുടെയും ഡാറ്റ എൻട്രിയാണ് നടന്നിട്ടുള്ളത്. ആയതിൽ പഴയ കെട്ടിടങ്ങളുടെ അപ്രൂവൽ ഇനിയും അവശേഷിക്കുന്നു. വിവിധ മേഖലാ കാര്യാലയങ്ങളുടെ കണക്ക് പ്രകാരം ഇനിയും ഫോം 6 പ്രകാരമുള്ള എൻട്രികൾ

അവശേഷിക്കുന്നു. സർക്കാർ അംഗീകാരമില്ലാതെ താത്കാലികാടിസ്ഥാനത്തിൽ നിലവിൽ 39 ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ ജോലിയെടുക്കുന്നു. വസ്തു നികുതി പരിഷ്കരണവും അതിന്റെ ഡാറ്റാ എൻട്രിയും എന്ന് പൂർത്തീകരിക്കും എന്നതിൽ വ്യക്തതയില്ല.

4.6 വസ്തുനികുതി പരിഷ്കരണവും ഡാറ്റാ എൻട്രിയും വൈകുന്നതിനാൽ ഓൺലൈൻ നികുതി അടവാക്കുന്നതിനുള്ള സൗകര്യം പൂർണമായി നടപ്പിലായിട്ടില്ല . ഓൺലൈൻ നികുതി സൗകര്യം വൈകുന്നതിനാൽ സൗത്ത് ഇൻഡ്യൻ ബാങ്ക് 2019 ൽ വാഗ്ദാനം ചെയ്ത 50 ലക്ഷം രൂപയിൽ നാളിതുവരെ ലഭിച്ചത് 16.30 ലക്ഷം രൂപ മാത്രം

01/4/2023മുതൽ വസ്തു നികുതിനിർണ്ണയ സോഫ്റ്റ്‌വെയറായ "സഞ്ചയയും" അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയറായ "സാംഖ്യ"യും ഇന്റഗ്രേറ്റ് ചെയ്ത് ഓൺലൈനായി നികുതി അടവാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും നികുതിദായകർക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന തരത്തിലേക്ക് ഓൺലൈൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. വസ്തു നികുതിനിർണ്ണയ സോഫ്റ്റ്‌വെയറായ സഞ്ചയയിൽ ഡാറ്റാ എൻട്രി പ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. കോർപ്പറേഷൻ പരിധിയിൽ ഏകദേശം 1,80,000 ത്തോളമോ അതിൽ അധികമോ പഴയതും പുതിയതുമായ കെട്ടിടങ്ങൾ ഉള്ളതായിട്ടാണ് ഫയൽലിലേയും, സഞ്ചയ സോഫ്റ്റ്‌വെയറിലേയും രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാകുന്നത്. പുതിതായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് നികുതി ഓൺലൈൻ ആയി അടവാക്കാൻ സാധിക്കുന്നതാണ്. എന്നാൽ പഴയ കെട്ടിടങ്ങളുടെ കാര്യത്തിൽ മുൻപ് നികുതി അടവാക്കിയതിന്റെ രസീത് പോസ്റ്റിങ്ങ് സഞ്ചയ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്താത്തതിനാൽ വലിയ തുക നികുതി കുടിശ്ശിക ഉള്ളതായി കാണിക്കുന്നു. ആയതിനാൽ പഴയ കെട്ടിടനികുതി അടവാക്കുമ്പോൾ നികുതിദായകൻ കോർപ്പറേഷൻ മെയിൻ ഓഫീസിലോ, സോണൽ ഓഫീസുകളിലോ പഴയ നികുതി അടവാക്കിയ വിവരങ്ങൾ നൽകി കുടിശ്ശിക വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് നികുതി അടവാക്കേണ്ട സാഹചര്യമാണ് 2023 അവസാനിക്കാറായ സമയത്തും നിലനൽക്കുന്നത്. ഇപ്രകാരം കെട്ടിട ഉടമകളുടെ തിരക്ക് മൂലം കേർപ്പറേഷൻ ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. നികുതിദായകർക്ക് ടോക്കൺ എടുത്ത് മണിക്കൂറുകൾ കാത്തിരിക്കേണ്ട അവസ്ഥയാണ് നിലവിൽ. സോണൽ ഓഫീസുകളിലും സ്ഥിതി വ്യത്യസ്തമല്ല. ഇത് എന്ന് പൂർത്തീകരിക്കും എന്നത് സംബന്ധിച്ച ഫയലിൽ നിന്ന് വ്യക്തമല്ല.

കോർപ്പറേഷനിലെ നികുതികളും ഫീസുകളും അടവാക്കുന്നതിന് പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും സൗകര്യപ്രദവുമായ സംവിധാനം നടപ്പാക്കുന്നതിന് ആയവ ഓൺലൈൻ ആക്കുന്നതിന് സൗത്ത് ഇൻഡ്യൻ ബാങ്കുമായി 08/7/2019 ൽ ധാരണാപത്രം ഒപ്പുവച്ചു. ഓൺലൈൻ ആക്കുന്നതിന് വസ്തുനികുതി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതുണ്ട്. 31/12/2019 ൽ ഡാറ്റ എൻട്രി പൂർത്തീകരിക്കാൻ ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തെങ്കിലും നടപടികളിലെ മെല്ലെപ്പോക്ക് കാരണം ധാരണാപത്രം 12/3/20 നം, 06/06/22 നം പുതുക്കി, നിലവിലും ഡാറ്റ എൻട്രി പൂർത്തീകരിച്ച് പൂർണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ധാരണാപത്രം വീണ്ടും പുതുക്കുന്നതിന് 02/06/23 ൽ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. 2023 ലും നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കരാർ വ്യവസ്ഥ

പ്രകാരമുള്ള 50 ലക്ഷത്തിൽ 16,28,905/- രൂപയെ നാളിതുവരെ ലഭിച്ചിട്ടുള്ളൂ.

4.7 സമയബന്ധിതമായ നടപടിക്രമങ്ങളുടെ അഭാവം - കോർപ്പറേഷന് നഷ്ടം - നികുതിദായകർക്ക് ബാധ്യത - വസ്തുനികുതി സേവന ഉപനികുതിയിനത്തിൽ വ്യവഹാരത്തിനും തുക കാലാഹരണപ്പെടുന്നതിനും സാധ്യത

കൗൺസിലിന്റെ 16/11/19 ലെ തീരുമാനപ്രകാരം സേവന ഉപനികുതി ഈടാക്കുന്നതിന് തീരുമാനമായത് 5/4/22 ലാണ്. ഇതു പ്രകാരം 01/04/2016 മുതൽ സേവന ഉപനികുതി കുടിശ്ശികയായി ഈടാക്കിവരുന്നു. വസ്തുനികുതി ചട്ടപ്രകാരം ഈടാക്കേണ്ടിയിരുന്ന സേവനനികുതി ഈടാക്കാൻ തീരുമാനം എടുക്കുന്നതിലും കാലതാമസം സംഭവിച്ചു. എടുത്ത തീരുമാനം നടപ്പാക്കുന്നതിന് പിന്നേയും 4 വർഷം വേണ്ടിവന്നു. സമയബന്ധിതമായി നികുതി പരിഷ്കരണം പൂർത്തീകരിക്കാതിരുന്നതിനാൽ 01/4/2016 മുതലുള്ള നികുതിയും സേവന ഉപനികുതിയും പലിശ സഹിതം അടവാക്കേണ്ട ബാധ്യത നികുതിദായകർ ഏറ്റെടുക്കേണ്ട അവസ്ഥയാണ്. അധിക ബാധ്യത ഒഴിവാക്കുന്നതിന് 1/4/2019 ലേക്ക് നികുതി പരിഷ്കരണം മാറ്റുന്നതിനുള്ള അനുമതിയ്ക്കായി നടപടി സ്വീകരിക്കുക വഴി കോർപ്പറേഷന് ഉണ്ടാകുന്നത് ഭീമമായ വരുമാന നഷ്ടമാണ്. കേരള മുൻസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ നികുതി ഈടാക്കുന്നതിൽ കാലതാമസം വരുത്തുന്നതിലൂടെ കുടിശ്ശിക ഈടാക്കാനുള്ള സാധ്യതയും ഇല്ലാതാകും. ഇതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരം മൂലം കോർപ്പറേഷന് വ്യവഹാര ചെലവുകളും, സമയനഷ്ടവും ഇതോടൊപ്പം ഉണ്ടാകുന്നു.

4.8 വ്യക്തമായ ദിശാ ബോധമില്ലാതെയും മേൽനോട്ടമില്ലാതെയും നടപ്പാക്കി -കൃത്യമായ ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നില്ല

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഒരോ നടപടികൾ സ്വീകരിക്കുമ്പോഴും ചെയ്തു തീർക്കേണ്ട പ്രവർത്തിയുടെ കൃത്യമായ കണക്ക്, എത്ര സമയപരിധിക്കുള്ളിൽ ചെയ്ത് തീർക്കാൻ കഴിയും, എത്ര ജീവനക്കാർ/തൊഴിൽ ദിനങ്ങൾ ആവശ്യമായി വരും, എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടിവരും എന്ന വ്യക്തമായ കണക്കിന്റെയോ ആസൂത്രണത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല കോർപ്പറേഷനിൽ നടപടികൾ സ്വീകരിച്ചിരുന്നതും ഇപ്പോൾ സ്വീകരിച്ച് വരുന്നതും. സർക്കാർ ഉത്തരവ് ലഭിക്കുമ്പോൾ അല്ലെങ്കിൽ നഗരകാര്യ ഡയറക്ടറിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ നടപടികൾ സ്വീകരിക്കുന്നതായിട്ടാണ് കാണുന്നത്. കുടുംബശ്രീ, അല്ലെങ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരെ ചുമതല ഏൽപ്പിക്കുമ്പോൾ അവർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും അവർ ചെയ്ത ജോലി കൃത്യമായി അതാത് സമയത്ത് മേൽനോട്ടം വഹിക്കുന്നതിനും ചെയ്ത ജോലിയുടെ കൃത്യത ഉറപ്പാക്കുന്നതിനും അതിന്റെ കണക്ക് സൂക്ഷിക്കുന്നതിനും പ്രവർത്തി പൂർണമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നത് ഉറപ്പാക്കുന്നതിനും കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നല്കേണ്ടതും ആ ചുമതല വിനിയോഗിക്കുന്നുണ്ട് എന്ന് കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കുകയും ചെയ്യേണ്ടാതായിരുന്നുവെങ്കിലും അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. തനത് വരുമാനത്തിലെ മുഖ്യ ഇനമാണ് വസ്തു നികുതി. (കോർപ്പറേഷന്റെ നികുതി വരുമാനത്തിന്റെ ഏകദേശം70%) ആയത് പരിഷ്കരിക്കുന്നതിന് സർക്കാർ കൃത്യമായ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടും കോർപ്പറേഷൻ

ഫലപ്രദമായി വിനിയോഗിച്ചില്ല. നൽകിയ ഉത്തരവുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, നിയന്ത്രിക്കുന്ന ഭരണസംവിധാനത്തിന്റെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. ആയത് നിലവിലും തുടരുന്നു.

4.9 വസ്തു നികുതി പരിഷ്കരണത്തിലെയും വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന രേഖകളുടെയും കാലാനുസൃതമാക്കൽ വൈകൽ - മറ്റ് ഫീസുകൾ, മറ്റ് വരുമാനങ്ങൾ എന്നിവ നിർണയിക്കുന്നതിന്റെ കൃത്യതയേയും ബാധിക്കും - കോർപ്പറേഷന് വരുമാന നഷ്ടത്തിന് സാധ്യത

കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങളെ സംബന്ധിക്കുന്ന സമഗ്രമായ ഡാറ്റാബേസിന്റെ അഭാവത്തിലും റോഡ് മാപ്പിന്റെ അഭാവത്തിലും കോർപ്പറേഷന്റെ നഗരാസൂത്രണ പ്രക്രിയയെ ബാധിക്കുന്നതിന് പുറമെ കോർപ്പറേഷനിലെ നിലവിലെ കെട്ടിടങ്ങളെയും അവയുടെ ഉപയോഗ ക്രമത്തേയും സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ നാളിതു വരെ കാലികമാകാത്തതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഫീസുകൾ, സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ നിർണയിക്കുന്നതിലും ഡിമാന്റ് ചെയ്യുന്നതിലും വീഴ്ച സംഭവിക്കുന്നതിനും പരോക്ഷമായി ഈയിനങ്ങളിലുള്ള വരുമാനത്തെ ബാധിക്കുന്നതിനും കോർപ്പറേഷൻ പരിധിയിലുള്ള ക്രമവൽകരിക്കപ്പെടാത്ത കെട്ടിടങ്ങൾ നിയമപ്രകാരമുള്ള തുടർനടപടികളിൽ നിന്ന് ഒഴിവാകുന്നതിനും കാരണമാകുന്നു. ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാം മത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ.(കൈ)179/2022/ധന തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായതുപ്രകാരം മൂന്നാംഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ.(ആർടി)1049/2023/ധന തീയതി 13.2.2023 ൽ തൃശ്ശൂർ കോർപ്പറേഷനുള്ള വികസനഫണ്ടിൽ നിന്നും (247398000) 72,55,510 രൂപ കുറവ് ചെയ്തിട്ടുള്ളതും ഇതുമായി ചേർത്ത് വായിക്കേണ്ടതാണ്.

5.ഓഡിറ്റ് ശുപാർശകൾ

5.1 കോർപ്പറേഷന് പ്രത്യക്ഷമായും പരോക്ഷമായും വരുമാന നഷ്ടം ഉണ്ടായികൊണ്ടിരിക്കുന്ന ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും അടിയന്തിരമായി ഇടപെടുകയും നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തമായ അവലോകനം നടത്തി നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തമായ കണക്ക് (എത്ര കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം ഏതെല്ലാം ഘട്ടത്തിൽ) തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കുകയും ഇനി ചെയ്യാനുള്ള പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്തതിന് ശേഷം പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള പ്രായോഗികമായ സമയപരിധി നിശ്ചയിക്കുക. ആയതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

5.2 വാർഡ് സഭകളിലൂടെയും മറ്റ് മാർഗങ്ങളിലൂടെയും ബോധവത്കരണം നടത്താവുന്നതും ഇനിയും നികുതി നിർണയ റിട്ടേൺ (ഫോം 2) സമർപ്പിക്കാത്ത കെട്ടിട ഉടമകളിൽ നിന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി

സ്വീകരിക്കാവുന്നതുമാണ്.

5.3 ലഭ്യമായ (ഫോം 2) അനുസരിച്ച് ഫോം 6 തയ്യാറാക്കി ഡാറ്റാ എൻട്രി നടത്തുന്നതിന് സമയ പരിധി നിശ്ചയിക്കുക. ഓരോ ദിവസവും എൻട്രി നടത്തിയതിന്റെ കണക്ക് സൂക്ഷിക്കുക.

5.4 ഫോറം 6, രസീത് എൻട്രി ഉൾപ്പെട ഒരു ഡാറ്റ എൻട്രിയ്ക്ക് 8 രൂപ നിരക്ക് നിർണ്ണയിച്ച് നൽകിയ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ പിന്നീട് ദിവസവേതനക്കാരാക്കി പുനർനിയമിച്ചു. 8 രൂപ നിരക്കിൽ പ്രവർത്തിയെടുത്തപ്പോൾ ചെയ്ത പ്രവർത്തിയ്ക്ക് കണക്കുണ്ടായിരുന്നു. എന്നാൽ ദിവസവേതനക്കാരായി നിയമിച്ചപ്പോൾ എത്ര ഡാറ്റ എൻട്രി നടത്തിയെന്നത് സംബന്ധിച്ച് യാതൊരു കണക്കുമില്ല. ഇവരെ മറ്റു പ്രവർത്തികൾക്കും നിയോഗിക്കുന്നതായിട്ടാണ് സോണൽ ഓഫീസുകളിലെ ഓഡിറ്റുവേളയിൽ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഡാറ്റ എൻട്രിയ്ക്ക് വേണ്ടി താത്കാലികമായി നിയോഗിക്കപ്പെട്ടവരുടെ ജോലി കൃത്യമായി നിർവ്വചിക്കുക. ആ ജോലി മാത്രം നിശ്ചയ സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കുന്നു എന്ന് ഉറപ്പാക്കുക. അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നല്കുക. ജോലിയുടെ കൃത്യതയും എണ്ണവും നിരീക്ഷിക്കുന്നതിന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ചുമതല നല്കുക.

5.5 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനത്തിന് സർക്കാർ അനുമതിയും നൽകിയ തുകയ്ക്ക് സർക്കാർ സാധൂകരണവും നേടേണ്ടതാണ്.

5.6 കൃത്യമായ ഇടവേളകളിൽ മേൽനോട്ട ചുമതലയുള്ള ജീവനക്കാരുടെ യോഗം ചേർന്ന് ഉദ്യോഗസ്ഥതലത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും യോഗം ചേർന്ന് പുരോഗതി വിലയിരുത്തി പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

5.7 സ.ഉ(കൈ)നം.77/2023/തസ്വഭവ തീ.22/03/23, സ.ഉ(അ)നം.26/2023/തസ്വഭവ തീ.05/04/23 എന്നിവ പ്രകാരം 2023 നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിത പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ടി നികുതി പരിഷ്ക്കരണ നടപടികൾക്ക് 01/4//23 ൽ മുതൽ പ്രബല്യം. എന്നാൽ 2023-24 അവസാനിക്കാറായ കാലയളവിലും നികുതി നിരക്കുകൾ കൗൺസിൽ അംഗീകരിച്ച് 1994ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 232 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2013 നികുതി പരിഷ്ക്കരണത്തിലെ കാലതാമസം 2023 ലും ആവർത്തിക്കുന്നതിലേക്കാണ് നടപടികൾ നീങ്ങുന്നത്. ആയത് ഒഴിവാക്കപ്പെടേണ്ടതാണ്.

വസ്തു നികുതി പരിഷ്ക്കരണം പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 66/1.11.23)

## 1-16 വസ്തു നികുതി കണക്കാക്കുമ്പോൾ വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നൽകിയിട്ടില്ല

ബേബി സിന്ധു.ഐ.വി, പത്മവതി.ഐ.വി, പത്മാലയം, വിയ്യൂർ (ഡിവിഷൻ3) എന്നിവരുടെ ഉടമസ്ഥതയിലുള്ള 111.22 ച.മീ. താമസകെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ വഴിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ടി കെട്ടിടം പ്രാഥമിക മേഖലയിൽപ്പെടുന്നതിനാൽ (5മീ.ൽ കൂടുതൽ വീതിയുള്ള റോഡ്, എ.പി.കെ നഗർ ശിവടെമ്പിൾ റോഡ്)

വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതായിരുന്നു. എന്നാൽ ആയത് കണക്കാക്കിയിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന നികുതി | സർവ്വീസ് സെസ്സ് | ലൈബ്രറി സെസ്സ് | നികുതി നിർണ്ണയിച്ചത് (ആകെ) | റോഡിന്റെ തരം അനുസരിച്ചുള്ള വർദ്ധനവ് (20%) | നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 111.22 | 15/- | 1669 (111.22x15) | 168 (10%) | 84 (5% ) | 1921 | 334 | 2255 | 334 |

മേൽ അപാകത സംബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയം പരിശോധിച്ച് നികുതി ഈടാക്കുന്നതിൽ കുറവ് വന്നത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 47/02.10.23)

## 1-17 ബൈ നമ്പർ നൽകി നികുതി പുനർ നിർണ്ണയിച്ചപ്പോൾ 2023-24 വർഷത്തിൽ വരുത്തേണ്ട 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടില്ല

കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഉടമസ്ഥതയിലുള്ള ചേമ്പർ ഓഫ് കോമേഴ്സ്, പാലസ് റോഡ്, തൃശ്ശൂർ എന്ന ബിൽഡിങ്ങിന്റെ ഒന്നാം നിലയിലുള്ള 12/883/5 നമ്പർ (136.43ച.മീ) ഷോപ്പ് റൂമിന് ബൈ നമ്പർ അനുവദിച്ച് നൽകുന്നതിന് 27/6/22 ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് അപേക്ഷ സമർപ്പിക്കുകയും, 22-23 ആദ്യ പകുതി (22-23 1st Half) മുതൽ 68.22 ച.മീറ്ററിന് 12/883/5 എന്ന നമ്പറും, 68.21 ച.മീറ്ററിന് 12/883/5(1) എന്ന നമ്പറും അനുവദിച്ചു. ഇതിൽ 12/883/5 എന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 68.22ച.മീ (12/883/5) |
| വിനിയോഗം | വാണിജ്യം |
| നികുതി നിരക്ക് | 150/ച.മീ |
| അടിസ്ഥാന നികുതി | 10233 /- (68.22x150) |
| വഴിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) | 2047/- |
| അടിസ്ഥാന നികുതി | 12280/-(10233+2047) |
| ബഹുനില കെട്ടിടം -ഒന്നാം നിലയ്ക്ക് നൽകേണ്ട ഇളവ് -5% | 614 /-(*12280x95*/100) |
| അടിസ്ഥാന നികുതി നിർണ്ണയിച്ചത് | 11666/- (12280-614) |
| ലൈബ്രറി സെസ്സ് 5% | 584/- (11666x5%) |

| | |
|---|---|
| സേവന ഉപനികുതി 10% | 1167/- (11666x10%) |
| ആകെ നികുതി നിർണ്ണയിച്ചത് (2022-23 1 St Half മുതൽ) | 13417/- (11666+584+1167) |
| 2023 -24 ൽ അടവാക്കേണ്ട തുക -5% വർദ്ധനവോട്ടുകൂടി | 14088/-(13417+13417x5/100) |
| 2023 -24 ൽ ഈടാക്കിയ തുക | 13417/- |

സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 5% വർദ്ധനവ് മേൽ കെട്ടിടനികുതി നിർണ്ണയത്തിൽ വരുത്തിയിട്ടില്ല. കെട്ടിട ഉടമ രസീത് നം.123040106529/17.08.23 പ്രകാരം 23 -24 വർഷത്തെ നികുതി അടവാക്കിയിട്ടുള്ളത് 13417/- രൂപയാണ്. നികുതി ഈടാക്കിയതിലെ കുറവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതും സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റം വരുത്തി നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 67/1.11.23)

## 1-18 വസ്തു നികുതി - രണ്ട് രീതിയിൽ കണക്കാക്കി ഈടാക്കുന്നു

ഫയൽ നം - R5/ R4/DW4/BA/489/17-18

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഡിവിഷൻ 12 ൽ 1913 എം 2 പ്ലന്ത് ഏരിയയിൽ 5.1.2020 ന് നിർമ്മാണം പൂർത്തീകരിച്ച 'ആൽഫ ബ്രീസ് ' എന്ന അപ്പാർട്ട്മെന്റ് സമുച്ചയത്തിന് Dr.Scott Chacko John, Mannamkerry House, P O Vennala, Ernakulam എന്നവരുടെ പേരിൽ 13.7.20ന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും 12/1212 (1) മുതൽ 12/1212 (15) വരെ നമ്പർ നൽകി നികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിൽ ഒക്യുപൻസി പ്ലാനിന് വിരുദ്ധമായി അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 2.11.21 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 7.12.21 ന് DW4/13851/21 നമ്പറായി ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്, സെക്രട്ടറി കുറിപ്പ് നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കുന്നതിനായി 15.3.22 ന് താത്ക്കാലിക ഉത്തരവും 21.7.22 ന് കൺഫർമേഷൻ ഓർഡറും മേൽ നമ്പർ പ്രകാരം നൽകിയിരുന്നു.

എന്നാൽ ടി കെട്ടിടങ്ങൾ ഓരോരുത്തർക്കായി വില്പന നടത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം 12/1212/16 UA മുതൽ 12/1212/30UA യു എ നമ്പർ നൽകി 2021-22 രണ്ടാം അർദ്ധവർഷം മുതൽ നികുതി ചുമത്തി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

കോർപ്പറേഷൻ സെക്രട്ടറി 15.12.21 ന് ഫ്ലാറ്റ് നമ്പർ എ 1 ഉടമ ശ്രീകുമാറിന് നൽകിയ DW4/13851/21 നമ്പർ അറിയിപ്പ് കത്തിൽ ഉൾപ്പെടുത്തിയ അനധികൃത നിർമ്മാണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഫ്ലാറ്റ് നമ്പർ C1, B1, B2, C2, D2 എന്നീ ഫ്ലാറ്റുകളിൽ ബാൽക്കണി അടച്ച്കെട്ടി ഷീറ്റ് ഇറക്കി നിർമ്മിച്ച് ഫ്ലോർ

ഏരിയ അധികമായി ഉപയോഗിക്കുന്നത് നീക്കം ചെയ്തിട്ടില്ല.

2) B4, C4, D3, A2, A1 എന്നീ ഫ്ലാറ്റുകളിൽ സൈഡ് ഓപ്പൺ സ്പേസ് സൺഷേഡ് ഷീറ്റ് മേഞ്ഞിരിക്കുന്നത് നീക്കം ചെയ്തിട്ടില്ല.

3) ടെറസ്സ് ഫ്ലോർ മുഴുവനായി ഷീറ്റ് മേഞ്ഞിരിക്കുന്നു.

അനധികൃത നിർമ്മാണത്തിനെതിരെ ആൽഫ ബ്രീസ് റസിഡന്റ്സ് അസോസിയേഷന് ബഹു. കേരള ഹൈക്കോടതിയിൽ WP(C)No.20027/23 നമ്പറായി കേസ്സ് ഫയൽ ചെയ്യുകയും ആയതിന് 20.6.23 ന് വന്ന വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ച Ext. P8 പരിഗണിക്കുന്നതിനും നിയമാനുസൃതമായി ഉചിതമായ തീരുമാനമെടുക്കുന്നതിനും സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി .

കോർപ്പറേഷൻ സെക്രട്ടറിയുടെ 14.8.23 ലെ DW4/13851/21 നമ്പർ പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം ആൽഫ ബ്രീസ് റസിഡന്റ്സ് അസോസിയേഷന്റെ 29.5.23 ലെ അപേക്ഷ പരിഗണിച്ച്കൊണ്ടും ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയ ഭാഗങ്ങൾക്ക് ചുമത്തിയ നികുതി ആയത് പൊളിച്ച് നീക്കിയ കാലയളവ് വരെ ഉപയോഗിച്ച ഭാഗം കണക്കാക്കി ഈടാക്കുന്നതിനും റസിഡൻഷ്യൽ കെട്ടിടത്തിന്റെ ടെറസ്സ് ഫ്ലോറിൽ ഷീറ്റ് മേഞ്ഞിട്ടുള്ളത് കാലാവസ്ഥ വ്യതിയാനത്തിൽ നിന്നും കെട്ടിടത്തെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാലും ടി കെട്ടിടത്തെ അനധികൃ കെട്ടിടങ്ങൾക്കുള്ള തുടർനടപടികളിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരാവിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.കെട്ടിടങ്ങൾക്ക് രണ്ട് തരത്തിൽ നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. അതായത് Dr.Scott Chacko John എന്നയാളുടെ പേരിൽ 12/1212 (1) മുതൽ 12/1212 (15) വരെ റഗുലർ നമ്പർ നൽകി നികുതി നിർണ്ണയം നടത്തുകയും പിന്നീട് അനധികൃത നിർമ്മാണം കണ്ടെത്തിയപ്പോൾ 12/1212/16 UA മുതൽ 12/1212/30UA വരെ നമ്പർ നൽകുകയും ചെയ്തു. കെട്ടിടം ക്രമവത്കരിക്കുന്നതുവരെ യു എ ടാക്സാണ് ഡിമാന്റായി മാറേണ്ടത്. വസ്തു നികുതി ഡിമാന്റ് സംവിധാനം കൃത്യമല്ലാത്തതിനാൽ ഒരേ സമയം രണ്ട് രീതിയിലും വസ്തു നികുതി അടവാക്കുന്നു.

2. യു എ നമ്പർ നൽകി നികുതി കണക്കാക്കിയതിന്റെയും റഗുലർ നമ്പർ നൽകി നികുതി കണക്കാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട ഉടമ | ഏരിയ | യു എ നമ്പർ | ചുമത്തിയ നികുതി | റഗുലർ നമ്പർ | ചുമത്തിയ നികുതി |
|---|---|---|---|---|---|---|
| 1 | ശ്രീകുമാർ.എം | 121.06 | 12/1212/ 16 UA | 7521 | 12/1212 (1) | 2821 |
| 2 | അൽഫോൺസ ആന്റണി | 138.10 | 12/1212/ 17 UA | 8577 | 12/1212 (1) | 3218 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ലിൻസി ഡേവിസ് | 216 | 12/1212/ 18 UA | 13415 | 12/1212 (1) | 5031 |
| 4 | തീരുമാലിനി | 119.59 | 12/1212/ 19 UA | 7428 | 12/1212 (1) | 2787 |
| 5 | ഡേവിസ്, ബിന്ദു ഡേവിസ് | 136.55 | 12/1212/ 20 UA | 8481 | 12/1212 (1) | 3183 |
| 6 | സ്കോട്ട് ചാക്കോ ജോൺ | 119.65 | 12/1212/ 21 UA | 7433 | 12/1212 (1) | 2789 |
| 7 | സുനജൻ, ഹസ്ന ബാനു | 128.16 | 12/1212/ 22 UA | 7961 | 12/1212 (1) | 2987 |
| 8 | സജിത്ത് ആന്റണി | 115.98 | 12/1212/ 23 UA | 7205 | 12/1212 (1) | 2702 |
| 9 | ഡോ.ജിജി അഗസ്റ്റിൻ | 132.98 | 12/1212/ 24 UA | 8261 | 12/1212 (1) | 3099 |
| 10 | ഡോ.ബിന്ദു.വി.പി | 116.80 | 12/1212/ 25 UA | 7256 | 12/1212 (1) | 2722 |
| 11 | സുനിൽ ചന്ദ്രശേഖരൻ | 113.70 | 12/1212/ 26 UA | 7064 | 12/1212 (1) | 2651 |
| 12 | ലിന്റൺ ആന്റണി അജിത കുര്യാക്കോസ് | 113.12 | 12/1212/ 27 UA | 7029 | 12/1212 (1) | 2636 |
| 13 | സിജോ തോമസ്സ് | 126.72 | 12/1212/ 28 UA | 7871 | 12/1212 (1) | 2953 |
| 14 | ഡോ.ജോസ് ജോർജ്ജ് | 105.35 | 12/1212/ 29 UA | 6546 | 12/1212 (1) | 2456 |
| 15 | ജോസ്.എം.ഡി | 109.24 | 12/1212/ 30 UA | 6788 | 12/1212 (1) | 2546 |

യു എ രജിസ്റ്റർ പ്രകാരം 12/1212/ 16 UA നമ്പർ കെട്ടിടം മാത്രമാണ് റഗുലറൈസ് ചെയ്ത് നൽകിയിരിക്കുന്നത്. അനധികൃത നിർമ്മാണത്തിൽ ഉൾപ്പെട്ട മറ്റ് കെട്ടിടങ്ങൾ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുകയോ എല്ലാവരും തന്നെ യു എ ടാക്സ് അടവാക്കുകയോ ചെയ്യുന്നില്ല.

3. ഒരു കെട്ടിടത്തിന്റെ യു എ ടാക്സ് നിർണ്ണയിച്ചാൽ കെട്ടിടം ക്രമവത്കരിക്കുന്നതുവരെ യു എ ടാക്സാണ് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടത്. എന്നാൽ ഈ കെട്ടിടത്തിലെ ചിലർ യു എ ടാക്സും മറ്റ് ചിലർ റഗുലർ ടാക്സും അടവാക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിൽ 1.4.22 മുതൽ 31.3.24 വരെയുള്ള ഒരു കാലയളവെടുത്ത് പരിശോധിച്ചതിൽ മേൽ പ്രകാരമുള്ള ക്രമ നം 1, 2, 3, 9, 15 എന്നിവർ മാത്രമാണ് യു എ ടാക്സ് അടവാക്കി വരുന്നത് എന്നും ക്രമ നം 5, ഡോ. മാത്യു ഒലക്കേങ്കിൽ (ഡോർ നമ്പർ ചേർത്തിട്ടില്ല) എന്നിവർ റഗുലർ ടാക്സാണ് അടവാക്കി വരുന്നത് എന്നും കാണുന്നു.

4. വസ്തു നികുതി നിർണ്ണയ പത്രിക പ്രകാരം 1.10.19 മുതലാണ് റഗുലർ ടാക്സ് കണക്കാക്കിയിരിക്കുന്നത്. നിലവിൽ എത്ര പേർ റഗുലർ ടാക്സ് അടവാക്കുന്നുണ്ടെന്നും എത്ര പേർ യു എ ടാക്സ് അടവാക്കുന്നുണ്ടെന്നുമുള്ള വിവരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

5. അനധികൃത നിർമ്മാണം നടത്തിയ നാളിതുവരെ പൊളിച്ചുമാറ്റാത്ത കെട്ടിടങ്ങളിൽ നിന്നും യു എ ടാക്സ് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, റഗുലറൈസ് ചെയ്യാത്ത പക്ഷം അനധികൃത നിർമ്മാണം നടത്തിയവരിൽ നിന്നും കുടിശ്ശിക സഹിതം യു എ ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം- 111/22-23 തിയതി : 27.11.23)

## 1-19 തറ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു

കുർക്കഞ്ചേരി മേഖലാ കാര്യാലയ ം

ഫയൽ നം.KKY/BA/ 85/2022-23

പത്മിനി ടീച്ചർ കെജിഎം എൻ ട്രസ്റ്റ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് കംപ്ളീഷൻ പ്ലാൻ പ്രകാരവും 17.8.22 ലെ ഓവർസീയറുടെ റിപ്പോർട്ട് പ്രകാരവും നിലവിലുള്ള 41/1376 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 400.30m$^2$ ഉം, 41/1377 നം കെട്ടിടത്തിന്റെ വിസ്തീർണം 117.51m$^2$ ഉം ആണ്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടങ്ങളുടെ വിസ്തീർണ്ണം യഥാക്രമം 102m$^2$, 27.43m$^2$ രേഖപ്പെടുത്തിയാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. കെട്ടിടം പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

കെട്ടിട വിസ്തീർണ്ണം സംബന്ധിച്ച അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.10 തീയതി 13.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിൽ വ്യത്യാസം -വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്

ഒല്ലൂർ മേഖലാ കാര്യാലയം

1.ഫയൽ നം OLR/BA/60/22-23

രഘു പ്രസാദ് & രേഖ.പി.രാജൻ എന്നവർക്ക് ചിയ്യാരം വില്ലേജ് സർവ്വേ നം 442/2 ൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി OLR/BA/60/22-23 തിയതി 5.12.2022 പ്രകാരം പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നം.31/1622) വിസ്തീർണ്ണം 249.63$m^2$ ആണ്.

എന്നാൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം അസസ്സ്മെന്റ് രജിസ്റ്ററിൽ 222.21$m^2$ എന്നും സഞ്ചയയിൽ 185.87$m^2$ എന്ന് രേഖപ്പെടുത്തിയാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. ഇപ്രകാരം വ്യത്യസ്ത രീതിയിൽ തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതും കെട്ടിടം പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

2.ഫയൽ നം. OLR/BA/21/22-23

കെ.എൽ.റാഫി എന്നവരുടെ ഉടമസ്ഥതയിലുള്ള നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (കെട്ടിട നം.12/357) പ്ലാൻ പ്രകാരം 286.66$m^2$ ആണ്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 223.048$m^2$ രേഖപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. ആയത് പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11 : തീയതി 16.11.2023 മറുപടി ലഭ്യമാക്കിയില്ല.

## 1-21 വസ്തു നികുതി നിർണ്ണയം - തറ നിർമ്മിതിയുടെയും വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല

അയ്യന്തോൾ സോണൽ ഓഫീസ്

1) ഫയൽ നം - AYL/BR/76/2021-22

ഡിവിഷൻ നമ്പർ 45 ൽ പോൾ വാഴപ്പിള്ളി, ചക്കാത്ത് വീട്, ലാലൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 264.64 ച മീ. തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള (കെട്ടിടനമ്പർ 20) കെട്ടിടത്തിന് കാർ പോർച്ച് ഏരിയ (12.34) കുറവ് ചെയ്ത് 252.3 ച.മീ നാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് .

നിലവിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്

അടിസ്ഥാനവസ്തു നികുതി - ( 15X 252.3) - 3785

വർദ്ധനവ് ( 20% വഴിസൗകര്യം) - 757

ഇളവ് ( 10% മേഖല) - 379

വസ്തു നികുതി നിർണ്ണയിക്കുമ്പോൾ 250 ച. മീ. അധികം തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണെന്നിരിക്കെ അപ്രകാരം ചെയ്തതായി കാണുന്നില്ല. 15 % വർദ്ധനവ് വരുത്തി വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും ആയത് പ്രകാരം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം : 13/22-23 തീയതി: 17.11.2023)

2) ഫയൽ നം - AYL/BA/115/19-20

ഡിവിഷൻ നമ്പർ 54 ൽ നിപുൺ പ്രകാശ്, കൊളങ്ങര പറമ്പിൽ ഹൗസ്, തൈക്കാട്ടുശ്ശേരി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഓഫീസ് & പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിലേക്കുള്ള വഴിസൗകര്യം 5 മീറ്ററിൽ കൂടുതൽ ഉള്ളതായി കാണുന്നു. വസ്തു നികുതി നിർണ്ണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴിയ്ക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ 20% വർദ്ധനവ് വരുത്തേണ്ടതാണെന്നിരിക്കെ അപ്രകാരം ചെയ്തതായി കാണുന്നില്ല. പ്രസ്തുത കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. One Time Tax അടവാക്കിയതിന്റെ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| കെട്ടിട നം | തറ വിസ്തീർണ്ണം (M2) | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതി കണക്കാക്കിയത് | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തേണ്ടിയിരുന്നത്. |
|---|---|---|---|---|---|
| 1761/1 | 22.7 | ഓഫീസ് | 80 | 1816 | 363.20 |
| 1761/2 | 52.8 (GF-13.6+ FF-39.2) | പാർപ്പിടം | 15 | 792 | 158.40 |
| 1761/3 | 4.6 (FF) | ഓഫീസ് | 80 | 368 | 73.60 |
| 1761/4 | 4.6(SF) | ഓഫീസ് | 80 | 368 | 73.60 |
| 1761/5 | 53.40 | പാർപ്പിടം | 15 | 801 | 160.20 |

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തി വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും ആയത് പ്രകാരം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം : 14/22-23 തീയതി : 17.11.2023)

വിൽവട്ടം സോണൽ ഓഫീസ്

1) ഫയൽ നം - VBA/136/14-15

ഡിവിഷൻ നമ്പർ 4 ൽ ലിയോ ജോബ്, പുളൂർക്കര വീട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 261.81 ച മീ. തറ വിസ്തീർണ്ണമുള്ള 765 നമ്പർ കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ വഴി സൗകര്യം 5 മീറ്ററിൽ കൂടുതൽ വീതി ഉള്ളതായി കാണുന്നു.

നിലവിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്

അടിസ്ഥാനവസ്തു നികുതി - (15X 261.81) - 3927

വർദ്ധനവ് (15% തറവിസ്തീർണ്ണം) - 589

വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴിയ്ക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ 20% വർദ്ധനവ് (3927x20/100 = 785.40) വരുത്തേണ്ടതാണെന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല.

മേൽ അപാകത ചൂണ്ടികാണിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തി നികുതി പുന: നിർണ്ണയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം: 12/22-23 തീയതി: 20.10.2023) പുന: നിർണ്ണയിച്ചത് പ്രകാരമുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കെട്ടിട നികുതി ഇളവ് നൽകൽ-രജിസ്റ്ററുകളും, ഫയലുകളും, കമ്മറ്റി തീരുമാനങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

വേക്കൻസി റമിഷൻ

ഫയൽ R2/49573/22 (Div.51,35,39)

ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 21/02/23 ലെ തീരുമാനം 30 പ്രകാരം 2022-23 ഒന്നാം അർദ്ധവർഷത്തിൽ 29 കെട്ടിടങ്ങൾക്ക് (ബൈനമ്പർ ഉൾപ്പെടാതെ) വേക്കൻസി റമിഷൻ അനുവദിച്ചതായി വേക്കൻസി റമിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
ഇത് സംബന്ധിച്ച അപേക്ഷയും അന്വേഷണ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.91/21.11.23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിനോടൊപ്പം ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 11/09/23 ലെ തീരുമാനം 27 പ്രകാരം 2022-23 രണ്ടാം അർദ്ധവർഷത്തിൽ 32 കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ പരിശോധിച്ചതിൽ 2022-23 രണ്ടാം അർദ്ധവർഷത്തിൽ വേക്കൻസി റമിഷൻ ലഭിക്കുന്നതിനായി 08/2022, 9/2022 മാസങ്ങളിലായി കെട്ടിട ഉടമകൾ അപേക്ഷിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുള്ളത് 4/23 ലും ധനകാര്യസ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ അനുമതിലഭിച്ചിട്ടുള്ളത് 9/23 ലുമാണ്. അപേക്ഷ ലഭിച്ച് ഒരുവർഷത്തിന് ശേഷമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. യഥാസമയം വേക്കൻസി റമിഷൻ അനുവദിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്. മാത്രമല്ല ടി നികുതി തുക കുടിശ്ശികയായി വാർഷിക കണക്കിൽ ഉൾപ്പെടുകയും ചെയ്യുന്നു. റമിഷൻ അനുവദിച്ച എല്ലാകെട്ടിടങ്ങളുടെയും നികുതി ഇളവ് സഞ്ചയഅസ്സസ്സ്മെന്റ്/ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേഷൻ വരുത്തിയിട്ടില്ല.

വേക്കൻസി റമിഷൻ സംബന്ധിച്ച മറ്റ് ഡിവിഷനുകളുടെ ഫയൽ, രജിസ്റ്റർ (R3, R4, R5, R6) എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

Ex Servicemen Residential Buildings Exemption (2022-23)

വിമുക്തഭടന്മാരുടെ താമസകെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന്റെ ഫയൽ രജിസ്റ്റർ എന്നിവ R2 സെക്ഷൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച മറ്റ് ഡിവിഷനുകളുടെ ഫയൽ, രജിസ്റ്റർ (R3, R4, R5, R6)

എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

Demolished Buildings

2022-23 ഡിമോലിഷ്ഡ് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ ഫയൽ, രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2022-23 മേൽപ്പറഞ്ഞ രജിസ്റ്ററുകളും ഫയലുകളും ഇളവ് അനുവദിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഡിമോലിഷ്ഡ് കെട്ടിടങ്ങളുടെ വിവരങ്ങൾ,വിമുക്തഭടന്മാരുടെ താമസകെട്ടിടങ്ങൾക്ക് നികുതി ഇളവ്,വേക്കൻസി റമിഷൻ നികുതി ഇളവ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിലും എൻട്രി വരുത്തി അപ്ഡേഷൻ വരുത്തിയിട്ടില്ലാത്തതിനാൽ ഇതിൽ നിന്നും മേൽ പ്രകാരമുള്ള നികുതി ഇളവ് വിവരങ്ങൾ ലഭ്യമല്ല.

(ഓഡിറ്റ് എൻക്വയറി നം.91/21.11.23 )

## 1-23 വേക്കൻസി റിമിഷൻ അനുവദിച്ചതിലെ അപാകത

കുർക്കഞ്ചേരി മേഖലാകാര്യാലയത്തിലെ വേക്കൻസി റിമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ ഫയൽ നം.KKY/R1 -1303/22 ഡോ.സെയ്ത്, മാനേജിംഗ് ഡയറക്ടർ, ഹരിത ഹോംസ് എന്ന അപേക്ഷകൻ 21 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുന്നതിനാണ് അപേക്ഷ നൽകിയിരിക്കുന്നത് (VII/547/34, 38, 39, 44, 50, 66, 85, 87, 89, 90, 91, 93, 95, 99, 101, 103, 109, 111, 117, 119, 121) റവന്യൂ ഇൻസ്പെക്ടർ 18 കെട്ടിടങ്ങൾ (VII/547/34,38, 39, 44, 50, 66, 85, 87, 89, 90, 91, 93, 95, 99, 101, 103, 109, 111) ഒഴിഞ്ഞ് കിടക്കുന്നു എന്നാണ് അന്വേഷണറിപ്പോർട്ട് നല്കിയിരിക്കുന്നത്. 22/7/2023 തിയതിയിലെ ധനകാര്യകമ്മിറ്റിയുടെ 12ാം നമ്പർ തീരുമാനത്തിൽ മേൽ പറഞ്ഞ 21 കെട്ടിടങ്ങൾക്കും വേക്കൻസി റിമിഷൻ അനുവദിച്ചിട്ടുണ്ട്. VII/547-117, 119, 121 എന്നീ കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുകയാണെന്ന കാര്യത്തിന് വ്യക്തതയില്ല. ടി കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2022-23 തിയതി 13/10/2023) റവന്യൂ ഇൻസ്പെക്ടർ അന്വേഷണറിപ്പോർട്ട് നല്കിയ 18 കെട്ടിടങ്ങൾക്കാണ് വേക്കൻസി റിമിഷൻ അനുവദിച്ചിട്ടുള്ളതെന്നും ക്ലെറിക്കൽ അപാകത മൂലം ധനകാര്യകമ്മിറ്റിയുയടെ 12ാം നമ്പർ തീരുമാനത്തിൽ മറ്റു കെട്ടിടങ്ങൾ ഉൾപ്പെട്ടതാണെന്നും ആയത് തിരുത്തുന്നതിനാവശ്യമായ നടപടികൾ അടുത്ത ധനകാര്യകമ്മിറ്റി യോഗത്തിൽ എടുക്കാമെന്നുമാണ് മറുപടി നല്കിയിരിക്കുന്നത്. സാധൂകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല- കോർപ്പറേഷൻ മെയിൻ ഓഫീസ്

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഡിവിഷൻ 3 (R4 -സെക്ഷൻ)

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | പെർമിറ്റ് ഫയൽ നമ്പർ | കെട്ടിട ത്തിന്റെ തരം | വിസ്തീർണ്ണം ച.മീ | അസ്സ സ്സ്മെന്റ് കാലയളവ് |
|---|---|---|---|---|---|---|
| 1 | 3/1975/1 | സി.ഡി.വറീത്, ചിറക്കൽ ഹൗസ്, കുരിയച്ചിറ | R4/DW4 /BA/87 /13-14 /22-7-14 | വാണിജ്യം | 314.71 | 1.10.21 |
| | 3/1975/2 | “ | “ | “ | 318.56 | “ |
| | 3/1975/3 | | | | 322.44 | “ |
| | 3/1975/4 | “ | | | 325.51 | |
| 2 | 3/2022/2-55 | കെ.വി.അരവി ന്ദാക്ഷൻ, കോഞ്ഞാടത്തു വളപ്പിൽ, സന്തോഷ് ചീരോത്ത്, ചീരോത്ത് ഹൗസ് (സപ്തവർണ്ണ ഗാലക്സി – ഫ്ലാറ്റ് സമുച്ചയം) | R4/DW5 /BA/478/ 13-14/ 14/8/14 | താമസം 1-55 വരെ യുള്ള താമസ കെട്ടിടങ്ങൾ | 2മുതൽ 55 വരെയുള്ള കെട്ടിടങ്ങൾ | 2022 Ist Half |
| 3. | 3/2104 /C,C3,C4,C5 | ചന്ദ്രൻ, മാനേജിങ്ങ് ഡയറക്ടർ, ഒറ്റപ്പത്ത് ഡെവലപ്പേഴ്സ് &പ്രൊജക്ട്സ് | - | വാണിജ്യാവശ്യം | C-64.44 C3-483.72 C4-483.72 C5-444.16 | 2022 IInd Half |
| 4 | 3/439/ 3,3A,3B,3C | പ്രസാദ്, വടക്കും പറമ്പിൽ | R4/ 72104/22 | വാണിജ്യം 3,3A,3B,3C കടമുറികൾ | 116.46 37.65 31.0 13.94 | 2016 1st Half |
| 5 | 3/2072, 3/2072/1 | രഘു.വി, ഹരിശ്രീ, തൃക്കുമാരക്കുടം, അയ്യന്തോൾ | R4/VTM4 /2129/22 | വാണിജ്യം -കടമുറികൾ | 205.43 111.92 | 1-10-22 |
| 6 | 3/128 | രമണി ബാലകൃ ഷ്ണൻവൈശ്യപ്പാട്ട് തിരുവമ്പാടി | R4/6864/22 | താമസം | 261.53 | 1-10-22 |
| | 3/128/1 | രമണി ബാലകൃ ഷ്ണൻവൈശ്യപ്പാട്ട് തിരുവമ്പാടി | “ | വാണിജ്യം | 23.58 | 1-10-22 |

2.ഡിവിഷൻ 23 (R6 -സെക്ഷൻ)

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | പെര്മിറ്റ് ഫയൽ നമ്പർ | കെട്ടിട ത്തിന്റെ തരംH | വിസ്തീർണ്ണം ച.മീ/ നിരക്ക് | അസ്സസ്സ് മെന്റ് കാലയളവ് |
|---|---|---|---|---|---|---|
| 1 | 23/596/ 2 -43 | പരമേശ്വരൻ &Others ഫെഡറൽ റെസിഡൻസി, അരി സ്റ്റോ റോഡ് | DW3/PW7 /12/67 | പാർപ്പി ടാവശ്യം 2 -43 വരെയുള്ള ഫ്ലാറ്റുകൾ | 2-43 വരെയുള്ള കെട്ടിടനമ്പർ | 22-23 Ist Half |
| 2 | 23/405/3/1, 23/405/3/2, 23/405/3/3 | ഉല്ലാസ്.ഡി, വാഴപ്പിള്ളി ഹൗസ്,ഒല്ലൂക്കര | DW4/BA /558/11-12 /27.3,12 | ഡോർമിറ്ററി | 131.02 161.78 161.78 | 22-23 Ist Half |

3.ഡിവിഷൻ 13 (R5-സെക്ഷൻ)

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | പെർമിറ്റ് ഫയൽ നമ്പർ | കെട്ടിട ത്തിന്റെ തരം | വിസ്തീ ർണ്ണം ച.മീ/ നിരക്ക് | അസ്സസ്സ് മെന്റ് കാല യളവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 13/1179 | തോമസ്, ചുള്ളി ഹൗസ്, കിഴക്കും പാട്ടുകര | R5/DW4 /13A/151/ 17-18/9.8.17 | പാർപ്പിടം | 215.77/15 | 12/05/22 21-22 Ist Half | പ്രാഥമിക മേഖലയിൽ പ്പെട്ട 5M കൂടുതൽ വഴി വീതി യുള്ള ടി കെട്ട ത്തിന് വഴിയുടെ അടിസ്ഥാ നത്തിൽ 20%നികുതി ഒഴിവാക്കി കാണുന്നു. കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. സഞ്ചയയിലും റോഡ് എന്നു മാത്രമേ രേഖപ്പെടുത്തി യിട്ടുള്ളൂ |
| 2 | 13/1552 | സെക്രട്ടറി, മരിയപുരം ഹോസ്പിറ്റൽ | R5/DW4 /BR/87/18-19 /19-01-21 | പാർപ്പിടാ വശ്യം | 1664.7/ 50 | 13.12.22/ 18-19 Ist Half | ... |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സൊസൈറ്റി | | | | | |
| 3 | 13/954/1 | പോൾ ആന്റണി& ആനറ്റ് ആന്റണി, കണിച്ചായി ഹൗസ്, ചെമ്പുക്കാവ് | R5/DW4 /BA.212/19-20 /4.12.19 | പാർപ്പിടാ വശ്യം | 444.11/15 | 21-22 II Nd Half, 16.03.22 | - |
| 4 | 13/89 | ഡോ.അബ്ദുൾ റസാക്ക്, ഡോ.സൈറ റസാക്ക് അറവശ്ശേരി ഹൗസ്, കിഴക്കും പാട്ടുകര | R5/DW4 /BR/62/21-22 | വാണി ജ്യാവശ്യം | 246.36/ 150 | 21-22 II Nd Half 07.02.22 | - |
| 5 | 13/1019/1 | റോയി, പൊറത്തു ക്കാരന് | DW4/DA/464/ 18-19/12-12-18 | പാർപ്പിടാ വശ്യം | 596.14/15 | 29/9/22 21-22 Nd Half | 2021 2nd Half |
| 6 | 13/527/1 | The Vicar, Marthoma Syrian Ebenezer Church, East Fort | DW4/BA /554/18-19/ 03/09/2019 /16.12.21 | പള്ളി | 1207.27 | - | KMAct SECTION 235(A) |
| 7 | 13/315 | A.K.ജോർജ്ജ് (റിത ജോർജ്ജ്) അരിമ്പൂർ പല്ലൻ വിട്ടിൽ | - | പാർപ്പിടാവ ശ്യം | 1335 Sqft | | 3419/-ടാക്സ് നിർണ്ണയിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായ വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി കെട്ടിടനമ്പർ സഞ്ചയയിലും ഉൾപ്പെടുത്തിക്കാണുന്നില്ല |

4.ഡിവിഷൻ 12 (R5-സെക്ഷൻ)

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | പെർമിറ്റ് ഫയൽ നമ്പർ | കെട്ടിട ത്തിന്റെ തരം | വിസ്തീർണ്ണം ച.മീ | അസ്സസ്സ് മെന്റ് കാല യളവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 12/3135 | വി.പരമേശ്വരൻ &Others | R5/26921/22 | വാണിജ്യം | 549.79/ 150(FF) | 1.4.22 |
| 2 | 12/3135/1 | വി.പരമേശ്വരൻ &Others | R5/26921/22 | വാണിജ്യം | 429.53/ 150(FF) | 1.4.22 |
| 3 | 12/344 /5,1,2 | ശശിധരൻ.പി.ജി പയ്യപ്പിള്ളിഹൗസ് ചെമ്പൂക്കാവ് | DW4/BA /372/14-15 /04/10/ 21 | പാർപ്പിടാവശ്യം | 100 161.37 100 100 | -- |
| 4 | 12/7- 3 മുതൽ 53 വരെ | വിനോദ്.എം. ശ്രീനിവാസൻ &സതീഷ്.എം. ശ്രീനിവാസൻ | DW3/BA/371/ 16-17 | വാണിജ്യം, താമസകെട്ടിടം | 3 മുതൽ 53 വരെയുള്ള കെട്ടിടം | 22-23 2nd Half |

5.ഡിവിഷൻ 35 (R2 -സെക്ഷൻ)

| ക്രമ നമ്പർ | ഡിവിഷൻ/ കെട്ടിട നമ്പർ | ഉടമയുടെ വിലാസം | പെർമിറ്റ് ഫയൽ നമ്പർ | കെട്ടിട ത്തിന്റെ തരം | വിസ്തീർണ്ണം ച.മീ/ നിരക്ക് | അസ്സസ്സ് മെന്റ് കാല യളവ് |
|---|---|---|---|---|---|---|
| 1 | 35/792/1B | സുഭാഷ്.എം. ജാദവ്, ജാദവ് ഹൗസ്, ചേറ്റുപുഴ | R2/DW3 /BA/142/ 21-22 | വാണിജ്യം | 131.06/110 | 22-23 2nd Half,28/1/23 |
| 2 | 35/792/5 35/792/6 35/792/7 | ജെറിൻ ആന്റോ, പൂവ്വത്തിങ്കൽ. കരിയച്ചിറ | DW3/BA /113/21-22 | വാണിജ്യം | 60.13(GF) 69.53(FF) 69.53(SF) | 1/4/22 |
| 3 | 35/3803/2 35/3803/3 35/3803/4,5,6 | മോഹൻപോൾ കാട്ടൂക്കാരൻ ഹൗസ് | R2/DW3 /BA/423 /20-21 | വാണിജ്യം | 1)151.69, 2)151.69 3)151.69, 4)151.69 5)303.37 | 01/4/22 |
| 4 | 35/5785/1,2,3,4,5 | മോഹൻലാൽ. പി.ജി പൈനാട ത്ത് ഹൗസ് | R2/DW3 /BA/622 /08-09 | വാണിജ്യം പാർപ്പിടം | 43.3 210.88 31.29 285.45 285.45 | 22-23 1st Half |
| 5 | 35/2422 | ടോംസ്, നീലയാറ്റിങ്കൽ എരിഞ്ഞേരി | R2/DW3 /BA/131 /22-23 | വാണിജ്യം | 291.55 | --- |
| 6 | 35/2092/ 5/7,8,9 | എൻ.എൽ. ജയിംസ് നിലയാറ്റി ങ്കൽ | R2/DW3 /BA/106/ 20-21 | വാണിജ്യം | 60.75 60.75 60.75 | |

| | | | | | | |
|---|---|---|---|---|---|---|
| 7 | 35/2092/ 5/10 | ആന്റോ. ഇ.ജെ മുതൽപേർ | R2/DW3 /BA/261/ 20-21 | വാണിജ്യം | 37.28 | |
| 8 | 35/1047 /1,2,3,4,5,6, 7,8,9,10,11,12 | നിജോ തോമസ്, മാപ്രാണം ഹൗസ് | R2/DW3 /BA/214/ 20-21 | വാണിജ്യം | 1-12 വരെയുള്ള വാണിജ്യ കെട്ടിടം | |
| 9 | 35/4008 /1,2,3,4,5,6,7,8,9,10 | ഹാരിസ്& ഷെമീർ മുല്ലക്കര, മൂർക്കനാട് | R2/DW3 /BA/531/ 12-13 | വാണിജ്യം | | |
| 10 | 35/4049/1 | M/S Precious Homes ProjectIndia (P) Ltd | R2/8013999/ 22 | വാണിജ്യം | 354.4 | 2017 1st Half |
| 11 | 35/4049/1A | M/S Precious Homes ProjectIndia (P) Ltd- Gireesh K.k Max Town Real Tools Ltd | R2/8013999/ 22 | വാണിജ്യം | 225 | 2022 2nd Half |
| 12 | 35/703 /1,2,3,4,5,6,7,8,9,10, 35/700, 35/701, 35/702, 35/703 | മുഹമ്മദ് റഷീദ് & അനിത റഷീദ് | R2/DW3 /BA/135/ 21-22 | വാണിജ്യം | | |
| 13 | 35/587-1,2,3 | സെബു പോൾ, കടവി ഹൗസ് | R2/DW3 /BA/422/ 17-18/9.12.22 | വാണിജ്യ, താമസം | 32.14 32.14 139.35 | |
| 14 | 35/2913/1,2 | പി.കെ.അഷറഫ് പുതിയവീട്ടിൽ ഹൗസ് | DW/BA/144 /21-22 | വാണിജ്യം | 75.9 75.87 | |
| 15 | 35/5566 - 2 മുതൽ76 വരെ , ഫ്ളാറ്റ് | കെ.വി അബ്ദുൾ അസീസ് മാനേജിങ്ങ് ഡറക്ടർ ELKO Properties &Developers Pvt Ltd | PW3/BA /433/10-11 | 2-76 വരെയുള്ള താമസ കെട്ടിടങ്ങൾ | 2മുതൽ76 വരെയുള്ള കെട്ടിടം | 2022 2nd Half |

| | | | | | | |
|---|---|---|---|---|---|---|
| 16 | 35/1318/ 12,13,14 | സുനിൽ.ജെ സലൂവെ & റീന സലൂവെ കുർക്കഞ്ചേരി | R2/DW2/ BA/17/ 21-22 | വാണിജ്യം | 117.34 117.34 64.82 | 2022 2nd Half |

ഫയലുകൾ ഹാജരാക്കാത്തതിനാൽ മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഫയലുകൾ പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് റിക്വസിഷൻ നമ്പർ 21/11.08.23, ഓഡിറ്റ് എൻക്വയറി നമ്പർ 47/27.9.23)

1-25 കെട്ടിടനികുതി നിർണ്ണയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല,കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല- ഒല്ലൂർസോണൽ

ഒല്ലൂർ സോണൽ ഓഫീസ് പരിധിയിൽ വരുന്ന ഡിവിഷനുകളിൽ 2022-23 വർഷത്തിൽ കെട്ടിടനികുതി നിർണ്ണയിച്ച/പുനർ നിർണ്ണയിച്ച ചുവടെപറയുന്ന കെട്ടിടങ്ങളുടെ നികുതിനിർണ്ണയ ഫയൽ, പെർമിറ്റ് ഫയൽ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 4/14.11.23 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. സഞ്ചയ പ്രകാരം ടി കെട്ടിടങ്ങളുടെ നികുതി അടവാക്കാനുള്ളതായും കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടനികുതി കുടിശ്ശിക വരുത്തിയ കാലയളവ് | ഡിമാന്റ് നോട്ടീസ് നൽകിയ തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 29/2835/1 | മാനേജിങ്ങ് ഡയറക്ടർ, മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് | വ്യവസായം | 40M2 | 2013 -Ist Half മുതൽ | 16.11.2022 | 2023 വരെ 39074/-രൂപ കുടിശ്ശിക |
| 2 | 25/366/1 | ദേവമാത സി.എം.ഐ, ചേതന സ്കൂൾ ഓഫ് പെർഫോർമിങ്ങ് ആർട്ട്സ് | വിദ്യാഭ്യാസം | 2774.89ച.മീ. | 2019 -Ist Half മുതൽ | വിവരം ലഭ്യമല്ല | OLR/BA /259/19-20 ഫയൽ (പെർമിറ്റ് &നികുതി നിർണ്ണയം) ഓഡിറ്റിന് ആവശ്യ പ്പെട്ടിരുന്ന വെങ്കിലും ആയത് ലഭ്യമാക്കി യിട്ടില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സഞ്ചയ പ്രകാരം 2019 Ist Half മുതൽ നികുതി നിർണ്ണയി ച്ചിട്ടുണ്ട്. 3,26,342/-രൂപ കുടിശ്ശിക |
| 3 | 25/366/2 | ദേവമാത സി.എം.ഐ, ചേതന സ്കൂൾ ഓഫ് പെർഫോർ മിങ്ങ് ആർട്ട്സ് | ഓഫീസ് | 686.5 ച.മീ | 2019 -Ist Half മുതൽ | വിവരം ലഭ്യമല്ല | ഫയൽ ലഭ്യമാ ക്കിയിട്ടില്ല. 2019 1ST Half മുതൽ കുടിശ്ശിക 4,40,588/- |
| 5 | 27/1385 | സി.എം. വർഗ്ഗീസ് | വ്യവസായം | 225.37 | 2017-2nd Half മുതൽ | വിവരം ലഭ്യമല്ല | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 6 | 27/277/1 | ശ്യം ചന്ദ്രൻ | താമസം | 400.82 | 2022 -1st Half മുതൽ | “ | ഫയൽ ലഭ്യമാക്കിയിട്ടില്ല |
| 10 | 28/4/2 | ഹരിപ്രസാദ് | വ്യവസായം | 316.3 M2 | 2022 1st Half മുതൽ | 3/02/23 | ഫയൽ ലഭ്യമാക്കിയിട്ടില്ല |

ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാത്തായി കാണുന്നു. നികുതി ഈടാക്കുന്നതിന് തുടർ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിമുക്ത ഭടന്മാരുടെ താമസകെട്ടിടങ്ങൾക്ക് നികുതി ഇളവ് -രേഖകൾ ഹാജരാക്കിയില്ല

വിമുക്ത ഭടന്മാരുടെ 2000ച.അടി വരെയുള്ള താമസകെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയത് സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്റർ അപൂർണ്ണമാണ്. 27 പേരുടെ വിവരങ്ങൾ ഉൾപ്പെട്ട അന്വേഷണ റിപ്പോർട്ട് റവന്യൂ ഇൻസ്പെക്ടർ നൽകിയതിന്റെ ഫയൽ രജിസ്റ്ററിനോടൊപ്പം ലഭ്യമാക്കിയെങ്കിലും ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ തീരുമാനവും അപേക്ഷകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷം ഇപ്രകാരം ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരവും അപേക്ഷകളും കമ്മിറ്റി തീരുമാനവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇവ സഞ്ചയ അസ്സസ്സ്മെന്റ്/ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ ഉൾപ്പെടുത്തി അപ്ഡേഷൻ വരുത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-26 ഒല്ലൂർ മേഖല കാര്യാലയം - മൊബൈൽ ടവർ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഒല്ലൂർ സോണൽ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.17/17.11.23 നുള്ള മറുപടിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സോണൽ പരിധിയിലെ 8 ഡിവിഷനുകളിലായി 8 മൊബൈൽ ടവറുകൾ ഉള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ കെട്ടിട നമ്പർ ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള 5 ടവറുകളുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ഈ കെട്ടിടനമ്പറുകളുടെ സഞ്ചയ അസ്സസ്സ്മെന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ | സഞ്ചയയിലെ വിവരങ്ങൾ |
|---|---|
| 25/1356/1/UA | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, അനധികൃത നിർമ്മാണം, 8.48ച.മീ, 2020 രണ്ടാം അർദ്ധവർഷം മുതൽ നികുതികുടിശ്ശിക 62320/-രൂപ, യു.എ രജിസ്റ്ററിൽ ചേർത്തിട്ടില്ല, സഞ്ചയയിൽ അനധികൃതനിർമ്മാണമായി ചേർത്തിട്ടുണ്ട്. |
| 27/188/1 | റിലയൻസ് ജിയോ ഇൻഫോ കോം, 2014 രണ്ടാം അർദ്ധവർഷം മുതൽ നികുതികുടിശ്ശിക 97888/-രൂപ |
| 27/227 | സഞ്ചയയിൽ വിനോദൻ, കൊട്ടിക്കൽ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യകെട്ടിടം, ആയതിന് 14.86ച.മീ 80/രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു. |
| 29/1753A | സഞ്ചയയിൽ റിലയൻസ് ജിയോ ഇൻഫോ കോം എന്ന 1.6ച.മീ ടവറിന് 2014 രണ്ടാം പകുതി മുതൽ 1053/-രൂപയും, 2022-23 ആദ്യ പകുതി മുതൽ 1154/-രൂപയും നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ സഞ്ചയയിലെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 30/401A | റിലയൻസ് ടെലികമ്മ്യൂണിക്കേഷൻ, 31.44 ച.മീ ടവർ, 2015 ആദ്യ പകുതി മുതൽ 16506/-രൂപയും, 2022-23 ആദ്യ പകുതി മുതൽ 18078/- രൂപയും നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ സഞ്ചയയിലെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |

നികുതി കുടിശ്ശിക വരുത്തിയ ടവറുകളുടെ നികുതി ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും സഞ്ചയ സോഫ്റ്റ്വെയറിലെ മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന്

ലഭ്യമാക്കേണ്ടതുമാണ്.

സോണൽ പരിധിയിൽ നിലവിലുള്ള ടവറുകൾ കൂടാതെ റവന്യു ഇൻസ്പെക്ടർമാരുടെ സ്ഥലപരിശോധനയെ തുടർന്ന് ടവറുകൾ കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ മേൽ പരിശോധനയ്ക്കുശേഷം നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സഞ്ചയയിലും ഇത് സംബന്ധിച്ച രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.17/17.11.23)

## 1-27 അനധികൃത കെട്ടിട നിർമ്മാണം -തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം -ഒല്ലൂക്കര സോണൽ

ഫയൽ നമ്പർ -1.OLK3/BR/18/17- 18

2. OLK3/BR/04/18- 19

3.OLK3/4558/21/BA/76/21-22

4.OLK3/4404/01

കെട്ടിട ഉടമ -ശ്രീദേവി എലിയാസ് ഷൈനി & ഹരിത ഗണേഷ്

പരുർ പുത്തൻ വീട്ടിൽ

ഒല്ലൂക്കര (വിക്ടറി ITI)

സർവ്വെ നമ്പർ -367/P

| കെട്ടിട നം/യു.എ /നൽകിയ തീയ്യതി | കെട്ടടത്തിന്റെ തരം/വിസ്തീർണ്ണം | ഫയൽ നമ്പർ | നികുതി നിർണ്ണയിച്ചത് (അടിസ്ഥാന നികുതി+LC+Service Cess) |
|---|---|---|---|
| 15/792/UA 1.04.22 | Mechanical Work Shop(EDUCATIONAL) 1465.76m2 15/-(35%) | OLK3/BR /4/18-19,OLK3 /4404/21 /3.6.22 | 89043+4452+8904 (29681x3=89043) |
| 15/792-2 /UA/1.04.22 | Classroom Educational 956.87m2 15/-(35%) | “ | 58131+2907+5814 (19377X3=58131) |
| 15/792-2/UA 1.4.22 | Electrical Work Shop And Class Room 956.86m2 15/-(35%) | “ | 58131+2907+5814 (19377X3=58131) |

മേൽ കെട്ടിട ഉടമകളുടെ ഉടമസ്ഥതയിലുള്ള 15/UAC/792 (1465.76m2Mechanicalworkshop-Educational), 15/UAC /792-2 (956.87m2-Electrical Work Shop And Class Room), 15/UAC/792-3 (956.86m2-Classroom) എന്നീ കെട്ടിടങ്ങൾ അനധികൃത നിർമ്മാണമായി കണക്കാക്കി 1/4/2022 മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഫയൽ നമ്പർ OLK3/BR/04/18- 19 പ്രകാരം 2256.54m2 ഡോർമിറ്ററി കെട്ടിടത്തിന് 19/10/15 ൽ ഓക്യൂപ്പൻസി നൽകുകയും 2105-16 1st Half മുതൽ നികുതി അടവാക്കിയും കാണുന്നു. (02/11509108174/18.11.15) സ്പെഷ്യൽ റസിഡൻസ് വിഭാഗത്തിൽ പെർമിറ്റ് നൽകിയ കെട്ടിടം (ഡോർമിറ്ററി) ലോക്കൽഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തുകയും ആയതിന് അനുസരിച്ച് റഗുലറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ 31/8/2017, 21/11/17 തീയ്യതികളിൽ കോർപ്പറേഷൻ കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നൽകിയെങ്കിലും ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ കെട്ടിട ഉടമ സ്വീകരിക്കുക ഉണ്ടായില്ല. മാത്രമല്ല കെട്ടിട ഉടമയുടെ 06/12/17 ലെ മറുപടിയിൽ കോർപ്പറേഷൻ അറിയിച്ച അപാകതകൾ പുതിയതായി വരാനിരിക്കുന്ന കെട്ടിട ക്രമവത്ക്കരണചട്ടങ്ങൾക്ക് അനുസരിച്ച് അനുയോജ്യമായ കാര്യങ്ങൾ സ്വീകരിച്ച് ഓക്യുപ്പൻസി നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുടർന്ന് കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(1)സി (III) വകുപ്പ് പ്രകാരം അനധികൃതമായി പണിത ഭാഗങ്ങൾ പൊളിച്ചുമാറ്റി 15 ദിവസത്തിനകം നഗരസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതും തുടർ പണി നടത്താതിരിക്കേണ്ടതുമാണെന്ന് 8/3/2018 ൽ കോർപ്പറഷൻ സെക്രട്ടറി OLK3/BR/18/17-18 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ടി ഉത്തരവ് കെട്ടിട ഉടമ കൈപ്പറ്റിയതായോ, മറുപടിയോ തുടർ നടപടികൾ സ്വീകരിച്ചതായോ ഫയലിൽ വ്യക്തമല്ല.

2. 11/05/2018 ൽ കെട്ടിട ഉടമ 3379.49 M2 നിർമ്മാണം ക്രമവത്ക്കരിക്കുന്നതായി {G O(P ) No.11/2018/lsgd Dt.15/02/18 ഉത്തരവിന് അനുസൃതമായി} അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ ജില്ല ടൗൺ പ്ലാനറുടെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണം സംബന്ധിച്ച കമ്മറ്റിയിൽ പരിഗണിക്കുകയും അപാകതകൾ പരിഹരിച്ച് അപേക്ഷ പുനർ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും, മേൽ തീരുമാനം ജില്ല ടൗൺ പ്ലാനർ കോർപ്പറേഷനെ 08/02/2019 ലെ സി2/1237/2018 (2) കത്തുമുഖേന അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 26/2/2019 ൽ Olk3 BR/04/18-19 പ്രകാരം കോർപ്പറേഷൻ കെട്ടിട ഉടമയെ അറിയിക്കുയും ചെയ്തിട്ടുണ്ട്. കെട്ടിട ഉടമ നടപടികൾ സ്വീകരിക്കാത്തതിനാൽ 16/10/2019 ൽ ഓർമ്മകുറിപ്പും നൽകി.

3. മേൽ കെട്ടിടത്തിന്റെ മുൻവശത്ത് മതിൽ പണിയുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ സ്ഥല പരിശോധന നടത്തുകയും അനധികൃതമായി മതിൽ നിർമ്മിക്കുന്നത് 29/8/21 ൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. തുടർന്ന് വീണ്ടും അനധികൃത നിർമ്മാണം സബന്ധിച്ച് പരാതി ലഭിച്ചതിനെ തുടർന്ന് 21/10/21 ൽ ഓവർസിയർ സ്ഥല പരിശോധന നടത്തുകയും അനധികൃതമായി മതിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതായും റിപ്പോർട്ട് നൽകി. 30/10/21 ൽ കെട്ടിട ഉടമയെ നേരിൽ കേൾക്കുകയും പുതിയതായി നിർമ്മിച്ച മതിൽ Road Widening വരുന്ന പക്ഷം പൊളിച്ച

നീക്കി നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുള്ളത്. തുടർന്ന് KMA സെക്ഷൻ 406 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനുള്ള സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടർന്ന് 18/12/21 ൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവത്ക്കരിക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. 18/12/2021 ന് OLK3/4404/21 പ്രകാരം ടി നിർമ്മാണം നിർത്തിവയ്ക്കുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. 5/1/22 ൽ കെട്ടിട ഉടമ റഗുലറൈസേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ഒരുമാസ സമയം ആവശ്യപ്പെട്ടിട്ടുള്ളതും 14/01/22 ൽ മേയറുടെ പരാതി പരിഹാരസെല്ലിൽ അപേക്ഷ സമർപ്പിക്കുകയും 18/2/22 ൽ നടന്ന അദാലത്തിൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു കളഞ്ഞ് ചട്ടപ്രകാരം ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമയോട് അപേക്ഷ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചു. ടി നിർദ്ദേശം OLK3/4404/21 തീ.21/02/22 പ്രകാരം കെട്ടിട ഉടമയെ അറിയിച്ചുവെങ്കിലും നാളിതുവരെ ഇവരിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്ന് 30/8/22 ലെ സെക്രട്ടറിയുടെ നിർദ്ദേശത്തെ തുടന്ന് യു.എ നമ്പർ നൽകി നികുതി ചുമത്തുകയും കെട്ടിട ഉടമയ്ക്ക് ഇത് സംബന്ധിച്ച് 28/10/22ൽ OLK3/4404/21 പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

1. കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 406(1)സി (III) വകുപ്പ് പ്രകാരം പണിത കെട്ടിട ഭാഗങ്ങൾ പൊളിച്ചുമാറ്റി 15 ദിവസത്തിനകം നഗരസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതും തുടർ പണി നടത്താതിരിക്കേണ്ടതുമാണെന്ന് 8/3/2018 ല് കോർപ്പറഷൻ സെക്രട്ടറി OLK3/BR/18/17-18 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ടി ഉത്തരവ് കെട്ടിട ഉടമ കൈപ്പറ്റിയതായോ, ഉടമയുടെ മറുപടിയോ തുടർ നടപടികൾ സ്വീകരിച്ചതായോ ഫയലിൽ വ്യക്തമല്ല. കെട്ടിട നിർമ്മാണം ക്രമവത്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഭാവിയിൽ ഉണ്ടാകും എന്ന നിഗമനത്തിൽ ആനുകൂല്യം ആവശ്യപ്പെടുകയും ആയതിന് എതിരെ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിലൂടെ കെട്ടിടഉടമയുടെ ആവശ്യം തത്വത്തിൽ അംഗീകരിച്ചതായിട്ടാണ് ഓഡിറ്റിന് വ്യക്തമാകുന്നത്.

2. 2256.54m2 കെട്ടിടത്തിനാണ് നികുതി നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. എന്നാൽ അനുമതി ഇല്ലാതെ 1122.95m2 (3379.49 M2 -2256.54m2) നിർമ്മാണം നടത്തുകയും തുടർന്ന് ആയത് ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമ 11/05/2018 ൽ അപേക്ഷ സമർപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. മേൽപ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് നടപടികൾ നടന്നുവരുന്ന സാഹചര്യത്തിലും ടി കെട്ടിടത്തോടനുബന്ധിച്ച് 1122.95m2 കൂടി നിർമ്മാണം നടത്തിയത് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല.

3. 2016-17 കാലയളവ് മുതൽ തന്നെ അനധികൃതമായി നിർമ്മാണം നടത്തി കെട്ടിടഭാഗം ഉപയോഗിക്കുന്നതായി കോർപ്പറേഷൻ വ്യക്തമായിട്ടും ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് കത്തുകൾ നൽകി മറുപടി പ്രതീക്ഷിച്ച് നിയമ വിധേയമല്ലാത്ത കാലതാമസം വരുത്തുകയും, യു.എ കെട്ടിടമായി പരിഗണിച്ച് നമ്പർ നൽകി നികുതി ഈടാക്കുന്നതിൽ കാലതാമസം വരുത്തുകയും കെട്ടിട ഉടമയ്ക്ക് ആയത് തടസ്സംകൂടാതെ വിനിയോഗിക്കുന്നതിന് സാഹചര്യം അനുവദിച്ചു നൽകിയതായും വ്യക്തമാകുന്നു.

4. ടി കെട്ടിടത്തിന് 01/4/22 മുതൽക്കാണ് യു.എ ടാക്സ് നിർണ്ണയിച്ചു നൽകിയിട്ടുള്ളത്. 2016-17 കാലയളവിൽ അനധികൃതമായി നിർമ്മാണം കണ്ടെത്തിയ കാലയളവു മുതൽ യു.എ ടാക്സ് നിർണ്ണയിച്ചു നൽകിയിട്ടില്ല. കേരള

മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (1) ഉപവകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിടം പണി കഴിഞ്ഞ തീയതി മുതൽ മുൻകാല പ്രാബല്യത്തോട് കൂടി നികുതി ചുമത്തി ഈടാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

5. യു.എ ടാക്സ് നിർണ്ണയിച്ചത് സംബന്ധിച്ച് ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി കാണുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി നികുതി നിർണ്ണയം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയർ പ്രകാരം യു.എ ടാക്സ് അടവാക്കിയിട്ടില്ല.

6. അനധികൃതമായി മതിൽ നർമ്മാണം നടക്കുന്നതായി 29/8/21 ൽ ഓവർ സിയർ റിപ്പോർട്ട് ചെയ്തിട്ടും 18/12/21 ലാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത്. ഈ നടപടിയിലൂടെ മതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് സമയം കോർപ്പറേഷൻ അനുവദിച്ചുനൽകയതായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല പരാതി ലഭിക്കുമ്പോൾ മാത്രമാണ് അനധികൃത നിർമ്മാണം അധികാരികളുടെ ശ്രദ്ധയിൽപ്പെടുന്നത് എന്ന് ഫയലിൽ നിന്ന് മനസ്സിലാകുന്നത്. അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് ഫലപ്രദമായ നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു കാണുന്നില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

01.04.22 മുതൽ യു.എ നമ്പർ നൽകി നികുതി നിർണ്ണയിച്ചെങ്കിലും അടവാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (1) ഉപവകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത ടികെട്ടിടങ്ങൾക്ക് കെട്ടിടം പണി കഴിഞ്ഞ തീയതി മുതൽ മുൻകാല പ്രാബല്യത്തോട് കൂടി നികുതി ചുമത്തി, 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം യു.എ ടാക്സ് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, നികുതി അടവാക്കാത്ത പക്ഷം മേൽ ചട്ടം 19 പ്രകാരമുള്ള നിയമാനുസൃത നടപടികളിലൂടെ ഈടാക്കേണ്ടതും, അനധികൃത നിർമ്മാണം സംബന്ധിച്ച കേരള മുൻസിപ്പാലിറ്റി സെക്ഷൻ വകുപ്പ് 406 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 14/20.10.23)

## 1-28 അനധികൃത നിർമ്മാണം - ഒല്ലൂക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് - യു.എ കെട്ടിട നികുതി ഈടാക്കിയിട്ടില്ല-ഒല്ലൂക്കരസോണൽ

ഒല്ലൂക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിൽപ്പെട്ട ഒല്ലൂക്കര വില്ലേജിൽ സർവ്വെ നമ്പർ 442/1P, 445/1P യിൽപ്പെട്ട 2932m2 സ്ഥലത്ത് 205.25m2 വിസ്തീർണ്ണത്തിൽ സ്റ്റോർ റൂം പണിയുന്നതിന് OLK3/BA/291/18-19 പ്രകാരം 25/09/18 ൽ അപേക്ഷ സമർപ്പിക്കുകയും 14/11/2018 ഇതേ ഫയൽ നമ്പർ പ്രകാരം 205.25 M2 അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടനമ്പറുകളായ 18/40(120.73m2), 18/41(685.73m2), 18/42(113.73m2), 18/43(608.73m2), 18/44(211.73m2), 18/45(122.73m2) എന്നീ നമ്പറുകൾ പ്രകാരം നിലവിലുള്ള സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്കെട്ടിടത്തിന് സമീപം 2m അകലത്തിലായി നിർമ്മാണം (പെർമിറ്റ് നൽകിയ പ്ലാൻ പ്രകാരവും, 13/11/2018 ലെ എ.ഇ യുടെ നോട്ട് പ്രകാരവും) നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പണിപൂർത്തീകരിച്ച് 8/01/2021 ൽ ഒക്ക്യുപൻസിയ്ക്കായി അപേക്ഷിക്കുകയും ഓവർസിയറുടെ പരിശോധനയിൽ ടി കെട്ടിടം

കെ.എം.ബി.ആർ പ്രകാരം നിർമ്മിച്ചിട്ടുള്ളതിനാൽ ഓക്യുപ്പൻസി അനുവദിക്കാവുന്നതാണെന്നും 23/3/21 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒക്യുപ്പൻസി നൽകുന്നതിനായി സ്ഥലം സന്ദർശിച്ചപ്പോൾ പഴയതും പുതിയതുമായ കെട്ടിടങ്ങൾ ബന്ധപ്പിച്ചിട്ടുള്ളതായും താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച് രേഖകൽ ലഭ്യമാക്കുവാനും 31/3/21 ൽ എ.ഇ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1. RWH ലെ അളവുകളിൽ വ്യതിയാനം,

2.ടോയിലറ്റ് കാൽക്കുലേഷൻ ഷീറ്റ് കാണുന്നില്ല

3.പാർക്കിംഗ് കാൽക്കുലേഷൻ ഷീറ്റ് കാണുന്നില്ല

4. പുതിയതും പഴയതുമായ കെട്ടിടങ്ങൾ ഒന്നിച്ച് ചേർത്ത പ്ലാനിലെ തെറ്റുകൾ തിരുത്തണം

മേൽ അപാകതകൾ പരിഹരിക്കുവാൻ അവശ്യപ്പെട്ടുകൊണ്ട് 31/3/21, 10/01/22, 08/07/22 എന്നീ തീയ്യതികളിൽ സെക്രട്ടറി, ഒല്ലൂക്കര കോ ഓപ്പറേറ്റീവ് ബാങ്കിന് കോർപ്പറേഷൻ അറിയിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർന്ന് നിലവിലുള്ള 18/40 മുതൽ 45 വരെയുള്ള റഗുലർ കെട്ടിട നമ്പറുകൾ എല്ലാം റദ്ദുചെയ്ത് ആകെ 2062.98m2 (നിലവിലുള്ള 1863.93m2 +പുതുതായി നിർമ്മിച്ച 199.05m2) കെട്ടിടത്തെ അനധികൃതനിർമ്മാണമായി കണക്കാക്കി 18/40/1/UAഎന്ന ഒറ്റ നമ്പർ നൽകി 1/10/2022 (22-23 2nd Half) മുതൽ 1253262/- രൂപ (2062.98x150 +35% വർദ്ധനവ് X3) അടിസ്ഥാന വസ്തുനികുതിനിർണ്ണയിച്ച നൽകി. ആകെ നികുതി നിർണ്ണയിച്ചത് 14,41,251/-(1253262+62663LC+125326SC) രൂപ. ടി വിവരം അറിയിച്ചുകൊണ്ടും, 30 ദിവസത്തിനകം കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനും 3/4/23 ൽ OLK3/BA/291/18-19 പ്രകാരം സെക്രട്ടറി, ഒല്ലൂക്കര കോ ഓപ്പറേറ്റീവ് ബാങ്കിന് അറിയിപ്പ് നൽകി. ടി അറിയിപ്പിന് 20/6/23 ൽ ബാങ്ക് സെക്രട്ടറി നൽകിയ മറുപടിയിൽ കേരള മുൻസിപ്പൽ നിയമം വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്ത കെട്ടടത്തിന് മാത്രമേ UA നമ്പർനൽകാൻ പാടുള്ളുവെന്നും പ്ലാനിലെ ന്യൂനതകൾ തീർക്കുന്നതിന് സമയം അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. എത്ര സമയം എന്ന് വ്യക്തമാക്കിയിട്ടില്ല. 08/01/21 ൽ ഒക്യുപ്പൻസിയ്ക്കായി അപേക്ഷിച്ചിട്ടുള്ള ടി കെട്ടിടത്തിന് 01/10/22 ലാണ് യു.എ നികുതി നിർണ്ണയിച്ചിട്ടുള്ളത്.

മേൽ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1.പെർമിറ്റിനോടൊപ്പം ലഭ്യമാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ 445/P, 318/P എന്നിവ നിലമായും, 442/P BTR Not Available എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഭൂമി തരം മാറ്റിയതിന്റെ രേഖകൾ ഇല്ലാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

2. 08/01/21 ൽ ഒക്യുപ്പൻസിയ്ക്കായി അപേക്ഷിച്ചിട്ടുള്ള ടി കെട്ടിടത്തിന് 01/10/22 മുതലാണ് യു.എ നികുതി ചുമത്തിയിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് 31/3/21, 10/01/22, 08/07/22 എന്നീ തീയ്യതികളിൽ കോർപ്പറേഷൻ ആവശ്യപ്പെട്ടുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നിയമാനുസൃതമുള്ള കാലയളവ് അനുവദിച്ചുകാണുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (1) ഉപവകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിടം പണി കഴിഞ്ഞ തീയതി മുതൽ

മുൻകാല പ്രാബല്യത്തോട് കൂടി നികുതി ചുമത്തി ഈടാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒക്യുപ്പൻസിയ്ക്കായി അപേക്ഷിച്ചിട്ടുള്ള കാലയളവ് മുതൽ യു.എ നികുതി ചുമത്തിയിട്ടില്ല.

3.2020 Ist Half ൽ നികുതി അടവാക്കിയതിന്റെ രസീത് മാത്രമേ സഞ്ചയ പ്രകാരം എൻടി വരുത്തികാണുന്നുള്ളു. 2013 Ist Half മുതലുള്ള നികുതി കുടിശ്ശിക ഉള്ളതായി സഞ്ചയയിൽ രേഖപ്പെടുത്തി കാണുന്നു. യു.എ അസ്സസ്സ്മെന്റ് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയയിൽ രേഖപ്പെടുത്തിയ പഴയകെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരത്തിൽ (സഞ്ചയ ഫോം 6) വഴിയുടെ വീതി 1.5 മീറ്ററോ അതിൽ കൂടുതലോ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ തറനിർമ്മിതിയുടെ തരം സാധാരണ തറയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വഴിയുടെ വീതി 5 മീറ്ററോ അതിൽ കൂടുതലോയെന്നും, തറ നിർമ്മിതിയുടെ തരം മേൽത്തരം വസ്തുക്കൾക്കൊണ്ട് എന്നും രേഖപ്പെടുത്തി 35% (20+15%) നികുതി വർദ്ധനവ് നൽകി കാണുന്നു. സഞ്ചയയിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയതിലും വ്യത്യാസം കാണുന്നു. വ്യത്യാസം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയഫോം 6 പ്രകാരമുള്ള വിസ്തീർണ്ണം | അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം ച.മീ |
|---|---|---|
| 18/40 | 101.73 | 120.73(GF19+ 101.73) |
| 18/42 | 112.73 | 113.73(11+101.73) |
| 18/44 | 112.73 | 211.73 |

മേൽ വസ്തുതകൾ പരിശോധിച്ച് നികുതി കുറവായി ഈടാക്കിയിട്ടുണ്ടെങ്കിൽ (ഇപ്രകാരം നികുതി നിർണ്ണയം നടത്തിയ കാലം മുതൽക്കുള്ളത് ) ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം 20/10/23 ൽ ടി കെട്ടിടം സന്ദർശിക്കുകയുണ്ടായി. നിലവിൽ ഉണ്ടായിരുന്ന കെട്ടിടവും പുതുതായി പണിത കെട്ടിടവും തമ്മിൽ ബന്ധിപ്പിച്ച് നിർമ്മാണം നടത്തിയിട്ടുള്ളതും, പുതിയതും പഴയതുമായ കെട്ടിടങ്ങളെ ബന്ധപ്പിച്ചുകൊണ്ടുള്ള ഭാഗം മറ്റൊരു സ്റ്റോർ റൂം ആയി ഉപയോഗിച്ചുവരുന്നതായും നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 2020 1st Half നു ശേഷം നികുതി അടവാക്കാതെയും അനധികൃത നിർമ്മാണം നടത്തിയും ടി സ്ഥാപനം ഇപ്പോഴും പ്രവർത്തിച്ചു വരുന്നതായിട്ടാണ് ഓഡിറ്റ് നേരിട്ട് മനസ്സിലാക്കിയത്. 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം നികുതി കടിശ്ശികയും, യു.എ ടാക്സും ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും, കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് നിശ്ചിത സമയം നിശ്ചയിച്ചു നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുന്നതിനും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടം

ക്രമവത്ക്കരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടും ആയതിന് നടപടികൾ സ്വീകരിക്കാതെ സ്ഥാപനം നിലവിൽ പ്രവർത്തിച്ചുവരുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (1) ഉപവകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിടം പണി കഴിഞ്ഞ തീയതി മുതൽ മുൻകാല പ്രാബല്യത്തോട് കൂടി നികുതി ചുമത്തി ഈടാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒക്യുപ്പൻസിയ്ക്കായി അപേക്ഷിച്ചിട്ടുള്ള കാലയളവ് മുതൽ യു.എ നികുതി ചുമത്തേണ്ടതും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.നികുതി അടവാക്കാത്ത പക്ഷം മേൽ ചട്ടം 19 പ്രകാരമുള്ള നിയമാനുസൃത നടപടികളിലൂടെ ഈടാക്കേണ്ടതും, അനധികൃത നിർമ്മാണം സംബന്ധിച്ച കേരള മുൻസിപ്പാലിറ്റി സെക്ഷൻ വകുപ്പ് 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.20/25.10.23)

## 1-29 അനധികൃത ടവർ നിർമ്മാണം -റഗുലറൈസേഷൻ നടപടികളിലും യു.എ ടാക്സ് ഈടാക്കുന്നതിലും കാലതാമസം-ഒല്ലൂക്കരസോണൽ

ഒല്ലൂക്കര വില്ലേജിൽ സർവ്വെ നമ്പർ 235/5P, 236/5P എന്നിവയിൽ ഉൾപ്പെട്ട 750 Sqft സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള മൊബൈൽ ടവർ റഗുലറൈസ് ചെയ്യുന്നതിനായി ശ്രീ.നന്ദകുമാർ.പി, ഇൻഡസ് ടവർ ലിമിറ്റഡ് 25/4/22 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മൊബൈൽ ടവർ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ പ്ലാനിൽ അധികരിക്കുന്ന നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ ആയത് ക്രമവത്ക്കരിച്ചതിനു ശേഷമേ അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയുള്ളുവെന്ന് OLK3/1768/22/BR/01.22-23 തീ.11/05/22 പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. 11/05/2022 ന ശേഷം ടി ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടോ, റഗുലറൈസേഷൻ കൂടാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് അനധികൃത നിർമ്മാണമായി പരിഗണിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടവർ നിലവിൽ പ്രവർത്തിച്ചുവരുന്നതായും ന്യൂനതകൾ പരിഹരിക്കാത്തതിനാൽ ടി നിർമ്മാണം ക്രമവത്ക്കരിച്ചിട്ടില്ല ആയതിനാൽ പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിക്കുന്നതുവരെ യു.എ നികുതി ചുമത്തുന്നതിന് ഫയൽ റവന്യൂ വിഭാഗത്തിന് കൈമാറിയിട്ടുണ്ടെന്നും ഒല്ലൂക്കര അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി തന്നിട്ടുള്ളത്. കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 25/4/22 ൽ അറിയിപ്പ് നൽകിയിട്ടും ആയത് പരിഹരിക്കാതെ ടവർ പ്രവർത്തിച്ചുവരുന്നു. തുടർ നടപടികൾ സ്വീകരിക്കുന്നതിൻ വളരെയധികം കാലതാമസം വരുന്നുണ്ട്. യു.എ നികുതി ചുമത്തുന്നതിനും, 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം യു.എ ടാക്സും ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകേണ്ടതും നികുതി അടവാക്കാത്ത പക്ഷം മേൽ ചട്ടം 19 പ്രകാരമുള്ള നിയമാനുസൃത നടപടികളിലൂടെ ഈടാക്കേണ്ടതും, അനധികൃത നിർമ്മാണം സംബന്ധിച്ച കേരള മുൻസിപ്പാലിറ്റി സെക്ഷൻ വകുപ്പ് 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/20.10.23)

## 1-30 അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നം/ യു.എ/ നൽകിയ തീയ്യതി | വിലാസം | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം | ഫയൽ നമ്പർ | നികുതി നിർണ്ണയിച്ചത് (അടിസ്ഥാന നികുതി) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 20/226/1 UA/1.4.17 | ആനി ജോൺ& മറ്റുള്ളവർ | വാണിജ്യം/ 372m2(110) | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 165726/- | മെയിൻ ഓഫീസിൽ നിന്നും ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ളടി കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കണം |
| 2 | 18/UAC/55(1)/ 1.4.22 | കുരിയാക്കോസ് ബേത്തൽ ഇവാൻജലിസ്റ്റ് ഫെലോഷിപ്പ് സെന്റർ | ആരാധനാലയം 454.59M2 (15) | OLK3/4 /39/18 | 27618/- | നികുതി അടവാക്കിയ വിവരം |
| 3 | 15/142(1) /1.4.22 | Kumjippalu Nettissery | Commercial 141.3m2 (80) | Olk3/6015 /19/br /51/19-20 | 33912/- | ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നികുതി അടവാക്കിയ വിവരം |
| 4 | 10/186UA /1.4.22 | Anitha Tony Elavuthingal | Commercial 504.5m2 (110) | Olk2/2778/22 | 183132/- | ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നികുതി അടവാക്കിയ വിവരം, 24/8/22, 10/4/23 എന്നീ തീയ്യതികളിൽ Olk21798/ 22 ആയി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കത്ത് നൽകിയിട്ടുണ്ടെങ്കിലും നികുതി അടവാക്കി കാണുന്നില്ല. |
| 5 | 19/UAC /905/1.10.2020 | Sreedevi Thaikkooth | 193.6m2 | Olk3/4312 /20/br /48/20-21 | 10455+ 523+104= 12024/- | 24/9/21 ൽ നികുതി അടവാകുന്നതിന് അറിയിപ്പ് നൽകിയെങ്കിലും നികുതി അടവാക്കി കാണുന്നില്ല. |

മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നം. 4/18.10.23)

## 1-30-1 അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി ഈടാക്കാതെ ക്രമവത്ക്കരിച്ചു നൽകി

താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ചു നൽകിയെങ്കിലും അനധികൃതനിർമ്മാണമായി കണക്കാക്കിയ കാലയളവിലെ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നം/ യു.എ/ നൽകിയ തീയ്യതി | വിലാസം | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം | ഫയൽ നമ്പർ | നികുതി നിർണ്ണയിച്ചത് (അടിസ്ഥാന നികുതി) | നികുതി നിർണ്ണയിച്ച കാലയളവ് /റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 18/1427/1 | Minu Michale Kuriyappilly | Residential 199.57M2 | Olk3/4219 /21/BR /17/21-22 /20-9-21 | 8982+450+898 | 1.4.21/* |
| 2 | 15/1523/1 | Shaji And Rasheena Panikkaveettil | Residential, 215.76m2 | OLK3/BA /24/16-17 | 9708+971+485 | 1.4.22/** |
| 3 | 19/47/1<br>19/49/1<br>19/50/1<br>19/51/1 | Muhammadali Kakkassery House | 37.29mr<br>37.29<br>37.30<br>37.30<br>Residential (15) | OLK3/6299 /19/BA /282/19-20 | 2016+101+202<br>“<br>“<br>“ | 1.4.21/*** |
| 4 | 19/UAC /905/1.10.20 | Sreedevi Thaikoot (H) | 193.6m2 | OLK3/4312 /20/Br /48/20-21 | 10455+523+104= 12024 | 24/9/21ൽ നികുതി അടവാക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും നികുതി അടവാക്കിയിട്ടില്ല |

*1.4.21 ൽ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. 1/10/22 മുതൽ ക്രമവത്ക്കരിച്ച് 2994+150+300 നികുതി നിർണ്ണയിച്ചു. സാംഖ്യ രസീത് നം.12201011134/28.2.23 പ്രാകാരം 2022-23 രണ്ടാം

അർദ്ധവർഷത്തിൽ 1722/- രൂപയാണ് അടവാക്കിയിട്ടുള്ളത്. അനധികൃത കെട്ടിടമായി കണക്കാക്കി നികുതി നർണ്ണയിച്ച 1.4.21 മുതൽ ക്രമവത്ക്കരിച്ച 1/10/22 വരെ അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി (10330/-വാർഷികം) ഈടാക്കിയിട്ടില്ല. ആയത് ഈടാക്കാതെയാണ് ക്രമവത്ക്കരിച്ച് നൽകിയിട്ടുള്ളത്.

**1.4.22 ൽ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. 1/10/22 ൽ 196.04m2 ക്രമവത്ക്കരിച്ച് 3530+177+353 നികുതി നിർണ്ണയിച്ചു. സാംഖ്യ രസീത് നം.122010103649/18.7.22 പ്രകാരം 22-23 വർഷത്തിൽ 2436/- രൂപയാണ് അടവാക്കിയിട്ടുള്ളത്. അനധികൃത കെട്ടിടമായി കണക്കാക്കി നികുതി നർണ്ണയിച്ച 1.4.22 1st Half മുതൽ ക്രമവത്ക്കരിച്ച 1/10/22 വരെ അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി (11164/- വാർഷികം) ഈടാക്കിയിട്ടില്ല. ആയത് ഈടാക്കാതെയാണ് ക്രമവത്ക്കരിച്ച് നൽകിയിട്ടുള്ളത്.

***1.4.21 ൽ അനധികൃത കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. (2016+101+202) 1/10/22 ൽ ക്രമവത്ക്കരിച്ച നൽകുമ്പോൾ 1.4.21 മുതലുള്ള അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി ഈടാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനു മുൻപുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറിനം. 4/18.10.23)

## 1-31 തണ്ണീർത്തട നിയമം ലംഘിച്ച് കെട്ടിടം പണിതത്- ക്രമവൽക്കരിച്ചിട്ടില്ല

കുർക്കഞ്ചേരി മേഖലാ കാര്യാലയം

ഫയൽ നം.KKY/BA/169/2022-23

ബാബു.കെ.കെ, കടുങ്ങൾ വീട്, ചിയ്യാരം എന്നയാൾ സർവ്വേ നം 389PT-11(0.0191H) ൽ 178.30$m^2$ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടം പണിതിട്ടുണ്ട്. ടി കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് 30.11.2022 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തണ്ണീർത്തടനിയമം സെക്ഷൻ 27(A) പ്രകാരം കെട്ടിടനിർമ്മാണം 120 $M^2$ വരെ മാത്രമേ നടത്താൻ പാടുള്ളൂ ആർ.ഡി.ഒ. യുടെ ഉത്തരവു പ്രകാരം വില്ലേജ് രേഖകളിൽ തരം മാറ്റിയ ശേഷം പുതിയ പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും അല്ലാത്ത പക്ഷം കെട്ടിടം യു.എ ആയി കണക്കാക്കി നികുതി നിർണ്ണയിക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ കെട്ടിടം അനധികൃതമായി നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ പണി പൂർത്തീകരിക്കുകയോ അതിൽ താമസിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ നിർമ്മാണങ്ങൾ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക നികുതിയായി ചുമത്തേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 : തീയതി 13.10.2023) കെട്ടിടം യു.എ ആയി കണക്കാക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കെട്ടിടം നിയമാനുസൃതഫീസ് അടച്ച് ക്രമവത്കരിക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ അനധികൃതനിർമ്മാണമായി കണക്കാക്കി 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം- നടപടിയെടുക്കേണ്ടതാണ്

ഫയൽ - OLK3/4856/20/BA/67 20-21

ഒല്ലൂക്കര, മത്തിവിളാകം റോയ്സൺ ഭാര്യ അന്ന ഷജീനയുടെ 49.01 എം$^2$ വിസ്തൃതിയുള്ള വീടിന് 17/99/2 നമ്പറായി UA നമ്പർ അനുവദിച്ച് ഫോറം 6 പ്രകാരം 2535 രൂപ പിഴയടക്കം നികുതി ചുമത്തിയിട്ടുണ്ട്. 17.12.2020 ന് ലഭിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ 3.2.2021 ൽ ന്യൂനതകൾ പരിഹരിക്കുവാൻ കത്ത് നൽകിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ടിയാരി സമർപ്പിച്ച കൈവശ സർട്ടിഫിക്കറ്റിൽ "നില" മെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി (സർവ്വെ നം.85/1) തരം മാറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 108 എം$^2$ ഭൂമിയിൽ 49.01 എം$^2$ വാർപ്പ് വീട് പണിതതിന് 735 രൂപ ഫോറം 6 പ്രകാരം നികുതി നിശ്ചയിച്ചിട്ടുണ്ട്.

കക്ഷി നികുതി അടച്ചതായി ഫയലിൽ രേഖകളില്ല. 1.09.2022 മുതൽ നികുതി നിശ്ചയിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(2) (1) ഉപവകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് കെട്ടിടം പണി കഴിഞ്ഞ തീയതി മുതൽ മുൻകാല പ്രാബല്യത്തോട് കൂടി നികുതി ചുമത്തി, ഈടാക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നു.

നാളിതുവരെ അപേക്ഷക നികുതി അടക്കുകയോ ക്രമവത്ക്കരിക്കാനുള്ള നടപടികൾ ചെയ്തിട്ടുള്ളതായോ കാണുന്നില്ല. വിഷയം പരിശോധിച്ച് വിശദീകരണം നൽകുവാൻ അന്വേഷണക്കുറിപ്പ് (11/22-23/19.10.23) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ, പ്രാബല്യ തീയതി മുതൽ യുഎ കെട്ടിടത്തിന് ചുമത്തിയ തുക പിഴയടക്കം ഉടമസ്ഥനിൽ നിന്നും ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ചേർക്കേണ്ടതാണ്.

## 1-33 കുർക്കഞ്ചേരി സോണലിലെ അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 242-ാം വകുപ്പ് പ്രകാരം അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടു കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്.

1.കുർക്കഞ്ചേരി സോണൽ ഓഫീസിൽ സൂക്ഷിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം UA നമ്പർ നൽകി നികുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും, 2022-23 വർഷം വരെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശം, പ്രസ്തുത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം എന്നിവ രേഖകൾ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/13.10.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ പട്ടികയിൽ റിമാർക്സായി ചേർത്തിരിക്കുന്നു. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ

ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേരുവിവരം/ കെട്ടിടത്തിന്റെ തരം | ചുമത്തിയ നികുതി(സേവന ഉപനികുതി , ലൈബ്രറി സെസ്സ് അടക്കം) പ്രാബല്യത്തിൽ വരുന്ന അർദ്ധവർഷം | |
|---|---|---|---|---|---|
| 1. | ലഭ്യമല്ല. | UA/42/33 /1.2017-18 | ശ്രീമതി . ഊർമ്മിള.ഇ.കെ എടക്കാട്ട് ഹൗസ് / റസിഡൻഷ്യൽ | 1978.00 II/2010-11 | 2022-23 ലെ തുക 2nd Half ആയി അടവാക്കി. |
| 2. | KKY/BA/Reg. /48/2012-13 | UA/41/567 /2.2017-18 | പി.കെ.ഗോകുൽ ദാസ് പുഴക്കടവിൽ ഹൗസ്/ റസിഡൻഷ്യൽ | 10351.00 I/2012-13 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3. | ലഭ്യമല്ല. | UA/41/567 /1.2017-18 | സി.എസ്.കൃഷ്ണൻ ചങ്ങാത്തം ഹൗസ്/ റസിഡൻഷ്യൽ | 3730.00 I/2012-13 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 4. | ലഭ്യമല്ല. | UA/33/807-1 /2017-18 | ലീല ജോസ് കാട്ടൂക്കാരൻ ഹൗസ്/ കൊമേഴ്സ്യൽ കെട്ടിടം | 56574.00 II/2014-15 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 5. | KKY/BA /96/2016-17 | UA/34/1241/1 | കെ.എസ്.ശിവൻ കോട്ടിയാട്ടിൽ | 4414.00 I/2016-17 | 2022-23 ലെ തുക 2nd Half ആയി |

| | | | | | |
|---|---|---|---|---|---|
| | | | ഹൗസ്/ റസിഡൻഷ്യൽ | | അടവാക്കി. |
| 6. | KKY/PH/5693/ 2018 | UA/43/1503/1 | സി.ജി.പോളി ചിറയത്ത് ഹൗസ്/ ഗോഡൗൺ | 104054.00 II/2017-18 | നികുതി അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | ,, | UA/43/1503/2 | ,, | 33699.00 II/2017-18 | നികുതി അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | ,, | UA/43/1503/3 | ,, | 31434.00 II/2017-18 | നികുതി അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | ,, | UA/43/1503/4 | ,, | 54357.00 II/2017-18 | നികുതി അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | ,, | UA/43/1503/5 | ,, | 160083.00 II/2017-18 | നികുതി അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 7. | KKY/PW/6669/ 2018 | UA/43/161/2 | ജോയ്.പി.വി പൊറ്റുത്തക്കാരൻ ഹൗസ്/ കൊമേഴ്സ്യൽ റൂം | 3528.00 I/2018-19 | 2022-23 വരെ നികുതി അടവാക്കിയിട്ടുണ്ട്. |
| 8. | Reg./KKY/BA/ 24/2019-20 | UA/IV/42,41/593 | അരുൾ കുമാർ ഗണപതി ഇല്ലം/ റസിഡൻഷ്യൽ | 3558.00 W.e.f 1.10.2019 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| | ,, | UA/IV/42,41 | ,, | 16146.00 | നികുതി അടച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | /593/2 | | W.e.f 1.10.2019 | ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 9. | Reg./KKY/BA/ 44/2019-20 | UA 44/138/2 UA/V/453/2 | ശശി നാരായണൻ കരുണാചിറ ഹൗസ്/ റസിഡൻഷ്യൽ | 972.00 W.e.f 1.10.2019 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 10. | KKY/PH1/ 194/2019-20 | UA /41/1129 UA/II/313 | സത്യൻ പയങ്ക പറമ്പിൽ/ റസിഡൻഷ്യൽ | 25533.00 W.e.f 1.10.2019 | 2022-23 വരെ നികുതി അടവാക്കിയിട്ടുണ്ട്. |
| 11. | Reg.KKY/BA/62/ 2020-21 | 34/547/1.UA X/34(2)/UA | സുകുമാരൻ കുന്നമ്പത്ത്/ റസിഡൻഷ്യൽ | 2801.00 W.e.f 1.4.2020 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 12. | KKY/BA/48/ 2018-19 | 34/945 /3/UA/2022 | ശ്രീജ.കെ/ റസിഡൻഷ്യൽ | 8772.00 W.e.f 1.4.2020 | 2022-23 വരെ നികുതി അടവാക്കിയിട്ടുണ്ട്. |
| 13. | Reg.KKY/BA/32/ 2021-22 | 43/1211/1/UA | വേണുഗോപാലൻ വിജയലക്ഷ്മി @ അമ്മിണി പറപ്പിള്ളി വാരണംകുടത്ത് / റസിഡൻഷ്യൽ | 2714.00 W.e.f 1.10.2021 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 14. | Reg.KKY/BA/79/ 2021-22 | UA/43/620 | എൽസി ജോയ് മഞ്ഞളി ഹൗസ്/ റസിഡൻഷ്യൽ | 7362.00 II/2021-22 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി |

| | | | | | |
|---|---|---|---|---|---|
| | | | | | ക്കുന്നതാണ്. |
| 15. | Reg.KKY/BA/075/ 2021-22 | UA/44/269 | വില്യംസ് വടക്കേടത്ത്/ റസിഡൻഷ്യൽ | 1877.00 I/2021-22 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 16. | Reg.KKY/34 /2021-22 | UA/43/412/1 | സി.കെ.വേലായുധൻ ചീക്കോടൻ/ റസിഡൻഷ്യൽ | 2925.00 II/2021-22 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 17. | Reg.KKY/BA/29 2021-22 | UA/41/1300/1 | ഡോ. വേണുഗോപാലൻ തയ്യിൽ ഹൗസ്/ ക്ലിനിക് | 1542.00 II/2021-22 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 18. | Reg.KKY/BA/083 2021-22 | 33/UA/1038 | മാനേജിംഗ് പാർട്ട്ണർ യുണൈറ്റഡ് ഏജൻസീസ്/ കൊമേഴ്സ്യൽ കെട്ടിടം | 406600.00 W.e.f 1.4.2021 | 2021-22 വരെ നികുതി അടവാ ക്കിയിട്ടുണ്ട്. |
| 19. | Reg.KKY/BA/006 2021-22 | UA/42/76/1 | വിജയലക്ഷ്മി കടവിൽ ഹൗസ്/ റസിഡൻഷ്യൽ | 4197.00 I/2022-23 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരി ക്കുന്നതാണ്. |
| 20. | Reg.KKY/BA/023 2022-23 | UA/41/222 | ജോസഫിന പുത്തൂർ തറയിൽ/ റസിഡൻഷ്യൽ | 8493.00 I/2022-23 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്വീകരിക്കുന്നതാണ്. |
| 21. | KKY/PW/2936/ 2022-23 | UA/42/1483 | ബിന്ദു സജീവൻ തയ്യിൽ ഹൗസ്/ റസിഡൻഷ്യൽ | 459864.00 I/2022-23 | നികുതി അടച്ചിട്ടില്ല. ടാക്സ് അപ്പീൽ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്നു. |
| 22. | Reg.KKY/BA/1087 2021-22 | UA/40/219/43 | സുമയ്യ മജീദ് അമ്പലത്തു വീട്ടിൽ/ റസിഡൻഷ്യൽ | 6144.00 II/2021-22 | നികുതി അടച്ചിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 23. | KKY/PW/13721/01 | UA/41/888/1 | സന്തോഷ്.കെ.എസ് കോട്ടിയാട്ടിൽ ഹൗസ്/ റസിഡൻഷ്യൽ | 8880.00 I/2005-06 | നികുതി അടച്ചിട്ടില്ല. യു.എ അസസ്സ് ചെയ്തത് 15.3.2023 ലാണ്. ആയതിന്റെ മുൻകാല പ്രാബല്യം 2005-06 ആദ്യ അർദ്ധവർഷം മുതലാണ്. ടിയാന് ഡിമാന്റ് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| 24. | KKY/R3/7333/18 | 34/666/UA | സിദ്ധാർത്ഥൻ & അനിത പാങ്ങാരി ഹൗസ്/ കൊമേഴ്സ്യൽ സൂപ്പർ മാർക്കറ്റ് | 265013.00 I/2020-21 | നികുതി അടച്ചിട്ടില്ല. ടാക്സ് അപ്പീൽ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്നു. |

മേൽ പട്ടികയിലെ 15 കെട്ടിടങ്ങളുടെ കാര്യത്തിലും അധികനികുതി ഈടാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടിയിൽ പറയുന്നത്. ബാക്കി കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ 4 പേർ മാത്രമാണ് 2022-23 വരെ നികുതി അടവാക്കിയതായി പറയുന്നത്. **യു.എ കെട്ടിടങ്ങൾക്ക് നമ്പർ**

നൽകിയെങ്കിലും നികുതി ഈടാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം യു.എ ടാക്സ് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതും നികുതി അടവാക്കാത്ത പക്ഷം മേൽ ചട്ടം 19 പ്രകാരമുള്ള നിയമാനുസൃത നടപടികളിലൂടെഈടാക്കേണ്ടതും, അനധികൃത നിർമ്മാണം സംബന്ധിച്ച കേരള മുൻസിപ്പാലിറ്റി സെക്ഷൻ വകുപ്പ് 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2.കുർക്കഞ്ചേരി സോണൽ സൂപ്രണ്ട്, സോണൽ അസി.എഞ്ചിനീയർക്ക് 6.3.23 ന് 722/2023 നമ്പരിൽ കൈമാറിയ കുറിപ്പിൽ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുറിപ്പു പ്രകാരമുള്ള 7 കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. ഈ അപാകതക്ക് ഓഡിറ്റ് എൻക്വയറി മറുപടിയിൽ വിശദീകരണം നൽകിയിട്ടില്ല.

3.നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406 വകുപ്പു പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കച്ചവട വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകാൻ പാടില്ലാത്തതാണ്. അഥവാ നൽകിയിട്ടുണ്ടെങ്കിൽ ഉടമയ്ക്ക് ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന:പരിശോധിക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങളിൽ കച്ചവട/വ്യവസായ ആവശ്യം/ക്ലിനിക്ക് എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ച് നിലവിലും സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഒരു റിപ്പോർട്ട് റവന്യൂ ഹെൽത്ത് വിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ അപാകതക്ക് ഓഡിറ്റ് എൻക്വയറി മറുപടിയിൽ വിശദീകരണം നൽകിയിട്ടില്ല.

ക്രമ.നം.2&3 അപാകതകളുടെ വിശദീകരണമടക്കം മേൽ അനധികൃതനിർമ്മാണങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ നികുതി നിർണ്ണയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 282-ാം വകുപ്പു പ്രകാരമുള്ള നികുതി ചുമത്തിയാൽ ഇതേ ആക്ട് വകുപ്പ് 539 പ്രകാരം ആ തുകയുടെ കാര്യത്തിൽ ജപ്തി/വ്യവഹാരം/ശിക്ഷാനടപടി ആരംഭിക്കാവുന്ന തിയതി മുതൽ മൂന്നു കൊല്ലം കഴിഞ്ഞതിനു ശേഷം പ്രസ്തുത നടപടി കാലഹരണപ്പെടുന്നതാണ്. മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട തുകകൾ മേൽ സമയ പരിധിക്കുള്ളിൽ വസൂലാക്കിയില്ലെങ്കിൽ ആയത് നഷ്ടമായി കണക്കാക്കി ഉദ്യോഗസ്ഥൻമാരുടെ ബാധ്യതയാക്കി 12% പലിശ സഹിതം ഈടാക്കണമെന്ന വ്യവസ്ഥയും സെക്ഷൻ 539ൽ ഉൾപ്പെടുന്നത് പരിഗണിച്ച് നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

1-34 ഒല്ലൂർ സോണൽ - അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ട് കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്.

1. ഒല്ലൂർ സോണൽ ഓഫീസിൽ സൂക്ഷിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം UA നമ്പർ നൽകി നികുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും, 2022-23 വർഷം വരെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശം (സഞ്ചയയിൽ നിന്നുള്ള രേഖ സഹിതം) പ്രസ്തുത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം എന്നിവ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

| ക്രമ.നം | ഫയൽ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് വിവരം/കെട്ടിടത്തിന്റെ തരം | ചുമത്തിയ നികുതി/ പ്രാബല്യത്തിൽ വരുന്ന അർദ്ധവർഷം |
|---|---|---|---|---|
| 1. | ലഭ്യമല്ല. | XXIX/U/A 522/1 | വിൻസൻ & അനിത ആളൂക്കാരന് പാർപ്പിടം | 5353 W.e.f II/16-17 |
| 2. | OLR/R/5250/16 | XXIX/U/A 328/2 | അലക്സ് പോൾ&സ്റ്റെല്ല പോൾ പാർപ്പിടം | 5660 W.e.f II/16-17 |
| 3. | OLR/R/5296/16 | XXIX/U/A 328/2 | ബിനോജ്.പി.ബി & സുബിത.കെ.ജി പാർപ്പിടം | 4929 W.e.f II/16-17 |
| 5. | OLR/R/630/17 | XXVII/U /A435/2 | സൗമ്യ, കാട്ടുങ്ങൽ പാർപ്പിടം | 6464 W.e.f II/16-17 |
| 6. | UA/OLR /BA/285/15-16 | XXX/UA 554 | ബേബി, കണ്ണോളി പാർപ്പിടം | 6471 W.e.f II/17-18 |
| 7. | OLR/R/1119/17 | XXX/U/A1906/B | ഷൈന ഷാജു, കോതാലി പാർപ്പിടം | 2273 W.e.f II/16-17 |
| 8. | OLR/R/638/18 | XXIX/U /A1961/IA | ജോൺസൺ, നെല്ലങ്കര പാർപ്പിടം | 4272 W.e.f II/17-18 |
| 9. | OLR/R/410/18 | XXIX/UA/384/1 | ലിൻഡ ഷിജു വില്ലനശ്ശേരി | 5355 W.e.f |

| | | | | |
|---|---|---|---|---|
| | | | പാർപ്പിടം | II/17-18 |
| 10. | OLR/R/1138/18 | XXXI/UA/663/A | റോയ്.പി.ജോസഫ് പൊറത്തുക്കര പാർപ്പിടം | 6408 W.e.f II/17-18 |
| 11. | OLR/BA /395/17-18 | XXIX/UA /2762/A | കൊച്ചുമോൻ.കെ.യു കാമ്പുഴ മാരശ്ശേരി പാർപ്പിടം | 2590 W.e.f II/17-18 |
| 12. | OLR/BA /359/16-17 | 31/UA/2018 /287/1 | ഗ്രേസി ജോർജ് എല്ലവത്തിങ്കൽ പാർപ്പിടം | 4193 W.e.f II/19-20 |
| 13. | OLR/3842 /21/18-19 | UA/25/784/1 | കെ.കെ.മോഹനൻ& സുനീതി കാരയിൽ വാണിജ്യം | 8667 W.e.f I/18-19 |
| 14. | OLR/8842 /21/18-19 | UA/25/784/2 | കെ.കെ.മോഹനൻ& സുനീതി കാരയിൽ വാണിജ്യം | 78867 W.e.f I/18-19 |
| 15. | ലഭ്യമല്ല | 13/475/2/UA | സി.പി.ജോണി ചൂണ്ടൽ വാണിജ്യം | 104742 W.e.f I/16-17 |
| 16. | ലഭ്യമല്ല | UA/25/165 | ഷേർളി ശശീന്ദ്രൻ മനയിൽ പാർപ്പിടം | 5613 W.e.f I/16-1 |
| 17. | OLR/BR /108/20-21 | UA/24/371/105 | ഷോൺ ഫ്രാൻസിസ് ചക്കാലക്കൽ പാർപ്പിടം | 8732 W.e.f I/19-20 |
| 18. | OLR/BA /47/21-22 | UA/31/5/22 | ഡേവീസ്.എ.കെ പുതുശ്ശേരി ആലുക്ക വാണിജ്യം | 60345 W.e.f I/21-22 |
| 19. | KKY/BA /143/07-08 | 31/1405/1/UA | വികാരി വിജയമാതാ ചർച്ച് ഓഡിറ്റോറിയം ചൂർക്കഞ്ചേരി സോണൽ | ടാക്സ് അസസ് ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. |
| 20. | OLR1/979/23 | 24/365/UA 102 | തിമോത്തി ഡേവീസ് മാത്യു ബിജു | 4620 W.e.f |

| | | | | |
|---|---|---|---|---|
| | | | പള്ളിപ്പുറം വീട് പാർപ്പിടം | I/19-20 |

2. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406 വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് കച്ചവട വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകാൻ പാടില്ലാത്തതാണ്. അഥവാ നൽകിയിട്ടുണ്ടെങ്കിൽ ഉടമയ്ക്ക് ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനഃപരിശോധിക്കേണ്ടതാണ്.

മേൽ കെട്ടിടങ്ങളിൽ കച്ചവട/വ്യവസായ ആവശ്യം/ക്ലിനിക്ക് എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ച് നിലവിലും സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഒരു റിപ്പോർട്ട് റവന്യൂ/ ഹെൽത്ത് വിഭാഗങ്ങളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. താഴെ പറയുന്ന കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഫയലുകൾ സഞ്ചയയിൽ നിന്നുള്ള രേഖ സഹിതം ലഭ്യമാക്കേണ്ടതാണ്.

| | | | | |
|---|---|---|---|---|
| 1. | OLR/R/5635/16 | XXX/U.A1962/A | ഷാജു&മെഴ്സി ഷാജു നെല്ലങ്കര പാർപ്പിടം | 4581 W.e.f II/16-17 |
| 2. | OLR/BR /46/21-22 | UA/24/231/71 | ഡേവിസ്.എം.വി& ഹിമ ഡേവിസ് മേക്കാട്ടുകുളം പാർപ്പിടം | 9166 W.e.f I/16-17 To II/17-18 |
| 3. | OLR/BR /61/21-22 | UA/24/587/6 | ടിറ്റോ.സി.ആന്റണി ചേറൂക്കാരൻ പാർപ്പിടം | 5938 W.e.f I/2012-13 |
| 4. | OLR/BA /112/20-21 | UA/29/704/1/22 | ആനി ഫ്രാൻസിസ്&ഫ്രാൻസിസ് ചേറൂക്കാരൻ പാർപ്പിടം | 9368 W.e.f I/2019-20 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം യു.എ ടാക്സ് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതും നികുതി അടവാക്കാത്ത പക്ഷം മേൽ ചട്ടം 19 പ്രകാരമുള്ള നിയമാനുസൃത നടപടികളിലൂടെ ഈടാക്കേണ്ടതും, അനധികൃത നിർമ്മാണം സംബന്ധിച്ച കേരള മുൻസിപ്പാലിറ്റി സെക്ഷൻ വകുപ്പ് 406 പ്രകാരമുള്ള

നടപടികൾ സ്വീകരിക്കണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 റഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ യു.എ ടാക്സ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

വിൽവട്ടം സോണൽ ഓഫീസ്

യു.എ രജിസ്റ്റർ പരിശോധിച്ചതിൽ യു.എ നമ്പർ റദ്ദ് ചെയ്ത് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയിരിക്കുന്നതായി കാണുന്നു. ഇപ്രകാരം റഗുലറൈസ് ചെയ്ത് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മി) | കെട്ടിടത്തിന്റെ തരം | യു.എ ടാക്സ് | പ്രാബല്യതിയതി | ക്രമവൽക്കരിച്ച തിയതി |
|---|---|---|---|---|---|---|
| 1 | 4/UA/621/3 | 27.94 | വാണിജ്യം | 7743 | 19-20 I St Half | 15.10.20 |
| 2 | 8/UA/520 | 308 | വാണിജ്യം | 111804+LC | 18-19 I St Half | 1.7.20 |
| 3 | 7/UA/805/2 | 399.46 | വാസഗൃഹം | 20673+1035 | 16-17 II Nd Half | 27.4.19 |
| 4 | UA/8/154 | 165.97 | വാസഗൃഹം | 67233+337 | 18-19 II Nd Half | 16.5.20 |
| 5 | 3/UA/353/4 | 456.09 | വിദ്യാഭ്യാസം | 18471 +LC | 1.4.14 | 30.8.22 |
| 6 | 3/UA/353/5 | 456.09 | വിദ്യാഭ്യാസം | 18471 +LC | 1.4.14 | 30.8.22 |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 അനുസരിച്ച് ഏതെങ്കിലും ഒരാൾ നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ, ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിയ്ക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം (92) അനുസരിച്ച് ഒരു കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തത്തിൽ നിന്നും കെട്ടിട ഉടമയെ വിമുക്തനാക്കുന്നില്ല.

ക്രമവൽക്കരിച്ച് നൽകിയ മേൽ കെട്ടിടങ്ങളുടെ അനധികൃതമായി കണക്കാക്കിയ കാലയളവിലെ നികുതി ഉറപ്പാക്കിയ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ രശീതി നമ്പർ മാത്രമാണ് ലഭ്യമാക്കിയത്. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ തന്നെ യു.എ ടാക്സ് ഇനത്തിൽ തുക ഈടാക്കിയാണോ കെട്ടിടം ക്രമവൽക്കരിച്ചത് എന്ന് ഓഡിറ്റിന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അനധികൃതമായി കണക്കാക്കിയ കാലയളവിലെ നികുതി ഉറപ്പാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും നികുതി ഈടാക്കാത്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കി തനതു വരുമാനം

നഷ്ടമായിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. യു.എ ടാക്സ് ഇനത്തിൽ ഈടാക്കിയ തുകയുടെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം: 9/22-23 തീയതി: 19.10.2023)

മേൽപ്പറഞ്ഞ ഇനങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 106/21.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ വരവിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-59 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

1) കോർപ്പറേഷന്റെ വാടക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ധാരാളം വാടകക്കാർ വാടക അടവാക്കാത്തതായി കാണുന്നു. വിവിധ കെട്ടിടങ്ങളുടെ സെക്ഷൻ തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

വാടക രജിസ്റ്ററിൽ കടമുറിയുടെ നമ്പറോ ലൈസൻസികളുടെ പൂർണ്ണ മേൽവിലാസമോ കരാർ വിവരമോ ചേർത്തിട്ടില്ല. മിക്കവാറും കടമുറികളിലും ഏത് വ്യാപാരമാണ് നടത്തുന്നത് എന്നും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം മേൽപറഞ്ഞ ഒട്ടു മിക്ക ലൈസൻസികളും പൂർണ്ണമായി വാടക അടവാക്കിയിട്ടില്ല.

2) ഓഡിറ്റിന് ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ താഴെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടകയിനത്തിൽ കോർപ്പറേഷന് ലഭിക്കുവാൻ കുടിശ്ശികയുണ്ട്.

| ക്രമ നം. | ഫയൽ നം. | ലൈസൻസി | കുടിശ്ശിക തുക |
|---|---|---|---|
| 1 | R13-C5/G6/21475/99 | റാഫേൽ ആന്റണി | 42,93,000 |
| 2 | R9/21164/07 | സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ് | 54,56,649 |

ഇപ്രകാരം വാടക അടവാക്കാതിരിക്കുന്നത് മൂലം സ്ഥാപനത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. കുടിശ്ശിക വരുത്തിയ വാടകക്കാർ എത്ര വർഷമായി തുടർന്നുവരുന്നു എന്ന വിവരം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയ വാടകക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും കുടിശ്ശിക പിഴ സഹിതം ഈടാക്കി രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (115/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-60 വാടക കുടിശ്ശിക - നഗരസഭക്ക് വരുമാന നഷ്ടം

2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം വാടകയിൽ തൻവർഷം 156,40,096 രൂപയും കുടിശ്ശികയിൽ 117,79,899 രൂപയും പിരിച്ചെടുക്കുവാനുണ്ട്. സ്ഥാപനത്തിന്റെ പ്രധാനപ്പെട്ട തനതുവരുമാന മാർഗ്ഗമായ വാടക കൃത്യമായി ഡിമാന്റ് ചെയ്ത് സമയബന്ധിതമായി കുടിശ്ശിക ഇല്ലാതെ ഈടാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മൂന്നുകൊല്ലം കഴിഞ്ഞതിനുശേഷം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമയാസമയങ്ങളിൽ ഈടാക്കുവാനുള്ള വാടകതുക കൃത്യമായി പിരിച്ചെടുക്കാതെ തുടരുന്നത് കോർപ്പറേഷന്റെ തനത് വരുമാനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്നു. ഈ വിഷയത്തിലേക്ക് ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ

ക്ഷണിക്കുന്നു.

1-61 ബിനി ടൂറിസ്റ്റ് ഹോം - തുടർ നടപടികൾ അറിയിക്കേണ്ടതാണ്

തൃശ്ശൂർ നഗര സഭയുടെ ഉടമസ്ഥതയിലുള്ള 34000 സ്ക്വയർഫീറ്റ് തറ വിസ്തീർണ്ണമുള്ള റസ്റ്റ് ഹൗസായ ബിനി ടൂറിസ്റ്റ് ഹോം നടത്തിപ്പിനായി ടെണ്ടർ മുഖേന ലൈസൻസ് വ്യവസ്ഥയിൽ 10 വർഷത്തേക്കാണ് വാടകയ്ക്ക് നൽകി വരുന്നത്.

ബിനി ടൂറിസ്റ്റ് ഹോമിന്റെ ലൈസൻസിയായ ഓമന അശോകന്റെ ലീസ് കാലാവധി 30.09.20 ന് അവസാനിച്ചിട്ടുള്ളതാണ്. കെട്ടിടം വീണ്ടും വാടകയ്ക്ക് നൽകുന്നതിലേക്കായി പല തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും വിവിധ കാരണങ്ങളാൽ ടെണ്ടർ റദ്ദാക്കപ്പെട്ടു.

റസ്റ്റ് ഹൗസ് വാടകയ്ക്ക് കൊടുക്കുന്നതിലേക്കായി 16.9.2022 ന് ലേലം നടത്തുന്ന രീതിയിൽ ഓഫർ ക്ഷണിക്കുകയും തുടർന്ന് ശ്രീ.ജനീഷ്.പി.എസ് (ശക്തൻ ചേമ്പേഴ്സ്ന് വേണ്ടി) എന്നവരുടെ ഏറ്റവും ഉയർന്ന ഓഫർ 7,25,000 രൂപ 28.10.2022 ൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. നെഗോസിയേഷൻ നടത്തി 7,50,000 രൂപയായി ഉയർത്തി ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. നിയമാനുസൃതം ആവശ്യമായ തുക ഈടാക്കുന്നതിനും എഗ്രിമെന്റ് വെയ്ക്കുന്നതിനും ഉൾപ്പടെയുള്ള തുടർ നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും 30.1.2023 ലെ 96 ാം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

ബിനി ടൂറിസ്റ്റ് ഹോമുമായി ബന്ധപ്പെട്ട ഫയൽ നം.R12-17033/07(Vol-IV) പരിശോധനക്ക് ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. മേൽ കൗൺസിൽ തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.117/29.11.2023) സ്ഥാപനം നൽകിയ മറുപടി താഴെ ചേർക്കുന്നു.

* ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുകയും ബഹു.മേയർ മുൻകൂർ അനുമതി നൽകിയതിനെ തുടർന്ന് കരാറുകാരനായ ജനീഷ്.പി.എസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി 12 മാസത്തെ വാടകയും ഒരു മാസത്തെ വാടക മുൻകൂറും ചേർത്ത് 31.10.2022 ൽ 24,71,250 രൂപയും 17.1.2023 ൽ 74,13,750 രൂപയുമടക്കം ആകെ 98,85,000 രൂപ നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. 13.2.2023 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.

* ലൈസൻസ് ലഭിച്ച ജനീഷ്.പി.എസ് നഗരസഭയുടെ അനുമതിയില്ലാതെ റെസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ പ്രവേശിക്കുകയും കെട്ടിട നവീകരണത്തിനായി നിലവിലുള്ള കെട്ടിട ഭാഗങ്ങൾ, ജനലുകൾ, കതകുകൾ തുടങ്ങിയവ പൊളിച്ചുമാറ്റുകയും ചെയ്തതായി പൊതുജനങ്ങളും നഗരസഭാ കൗൺസിലർമാരും നഗരസഭയെ അറിയിക്കുകയും അതു പ്രകാരം നഗരസഭ പോലീസിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതും പോലീസിന്റെ അന്വേഷണം തുടരുകയുമാണ്.

* കെട്ടിടത്തിനുണ്ടായ നാശനഷ്ടങ്ങൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കുകയും കെട്ടിടത്തിനുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 29,85,000 രൂപ ലൈസൻസിയായ ശ്രീ ജനീഷിനോട് അടയ്ക്കുവാനും ആവശ്യപ്പെട്ടു. അതുപ്രകാരം 4.2.2023 ൽ 24,00,000 രൂപയും, 8.2.2023 ൽ 85,000

രൂപയും അടക്കം 24,85,000 രൂപ അടവാക്കി, ബാക്കി 5,00,000 രൂപ ടിയാൻ 17.9.2022 ൽ ലേലം ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയിൽ അടവാക്കിയ 5,00,000രൂപ നഷ്ടപരിഹാര തുകയിലേക്ക് കണ്ടുകെട്ടുകയാണുണ്ടായത്.

** WP(C) No.3668/2023 (G) യുടെ TA No.4/20230 തി. 27.3.2023 ലെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം അനധികൃതമായി പൊളിച്ച ഭാഗം നഗരസഭ നേരിട്ട് നടത്തണമോ ലൈസൻസി നടത്തണമോ എന്നത് ബഹു. കൗൺസിലിനോട് തീരുമാനിക്കുന്നതിന് നിർദ്ദേശിച്ചു. അതനുസരിച്ച് 10.4.2023 ലെ 114ാം കൗൺസിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പടെ മെയിന്റനൻസ് വർക്ക് ലൈസൻസി സ്വന്തം ചെലവിൽ നടത്തുന്നതിന് അംഗീകാരം നൽകി .

* ലൈസൻസി തന്നെ 3,24,71,060 രൂപക്ക് സ്വന്തം ചെലവിൽ കെട്ടിടം നവീകരിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C)No.18352/2023 നം കേസ് ഫയൽ ചെയ്യുകയും, 16.6.2023 ൽ ടി വിഷയം ബഹു. കൗൺസിലിനോട് പരിഗണക്കണമെന്ന് വിധി വരുകയും ചെയ്തു. അതനുസരിച്ച് 14.7.2023 ലെ 110ാം കൗൺസിൽ താഴെ കൊടുക്കുന്ന നിബന്ധനകളോടെ ലൈസൻസിയുടെ അപേക്ഷ അംഗീകരിച്ചു.

I) 7.3.2023 ന് ലൈസൻസി സമർപ്പിച്ച അപേക്ഷയും പ്ലാനും പ്രകാരമാണ് റിനോവേഷൻ നടത്തേണ്ടതാണ്. ചെലവ് പൂർണ്ണമായും ലൈസൻസി വഹിക്കേണ്ടതാണെന്നും ചെലവ് തുക തിരികെ ആവശ്യപ്പെടുന്നതിനോ വാടകയിൽ കുറവു വരുത്തുന്നതിനോ അനുവദിക്കില്ല.

Ii)റിപ്പയർ/റിനോവേഷൻ പ്രവർത്തി എഞ്ചിനീയറിംഗ് വിഭാഗം മോണിറ്റർ ചെയ്യേണ്ടതും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന റിപ്പയർ പ്രവർത്തിയും ലൈസൻസി നഗരസഭയിൽ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 'Reasonable Improvement' വരുന്ന പ്രവർത്തിയും വ്യത്യസ്തമായി കാണേണ്ടതും ആയത് വിഭിന്നമായി രേഖപ്പെടുത്തേണ്ടതുമാണ്.

Iii) പ്രവർത്തി പൂർത്തിയാക്കി കഴിഞ്ഞാൽ കെട്ടിടം നഗരസഭയുടെ ആസ്തിയായി മാറുന്നതും ലൈസൻസ് കാലാവധിക്കു (10 വർഷം) ശേഷം കെട്ടിടം നഗരസഭ നടത്തിയ റിപ്പയർ പ്രവർത്തികൾ ഉൾപ്പടെ അതേ അവസ്ഥയിൽ തന്നെ കൈമാറേണ്ടതും ഏതെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ നഷ്ടപരിഹാരമായ തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്.

മേൽ നിബന്ധകളോടെ നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെയും പൂർത്തീകരിച്ച കെട്ടിടം ലൈസൻസിക്ക് കൈമാറി വാടക ഈടാക്കുന്നതിന് സെക്രട്ടറിയെ ചുതലപ്പെടുത്തിയിട്ടുമുണ്ട്.

ബിനി ടൂറിസ്റ്റ് ഹോമുമായി ബന്ധപ്പെട്ട് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ അഡ്വക്കേറ്റ് പ്രദീപ് എന്നവർ OP No. 798/2023 നമ്പറായി കേസ് ഫയൽ ചെയ്തതു പ്രകാരം ഈ വിഷയം സംബന്ധിച്ച് അന്വേഷണത്തിനായി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

എ) ബഹു.മേയർ മുൻകൂർ അനുമതിയും 28.10.2022 ൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടും

ഡെപ്പോസിറ്റായി 12 മാസത്തെ വാടകയും ഒരു മാസത്തെ വാടക മുൻകൂറും രണ്ടു ഗഡുക്കളായി 31.10.2022 ലും 17.1.2023 ലും നഗരസഭയിൽ അടവാക്കിയിട്ടും കരാർ വെയ്ക്കുന്നതിനുള്ള നിർദ്ദേശം കൗൺസിൽ അംഗീകരിച്ചത് 30.1.2023 മാത്രമാണ്. യഥാസമയം കൗൺസിൽ അംഗീകാരം വാങ്ങാതിരുന്നത് ബന്ധപ്പെട്ട അധികാരികളുടെ വീഴ്ചയാണ്.

ബി) തൃശ്ശൂർ നഗരമദ്ധ്യത്തിലും നഗരസഭ സ്ഥാപനത്തന്റെ ഏതാനും മീറ്റർ മാത്രം അടുത്ത സ്ഥിതി ചെയ്യുന്ന ബിനി ടൂറിസ്റ്റ് ഹോം ലൈസൻസ് ലഭിച്ച ജനീഷ്.പി.എസ് അനധികൃതമായി കെട്ടിടം പൊളിക്കുന്നത് അറിയാതെ പോയതും ആയതിനെതിരെ ഭരണകർത്താക്കൾ/അധികാരികൾ യഥാസമയം ഇടപ്പെട്ടിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള പരാതികളും കേസുകളും ഒഴിവാക്കാമായിരുന്നു .

സി) 30.09.2020 നു ശേഷം കെട്ടിടത്തിൽ നിന്ന് വാടക വരവില്ല. ഇത് സ്ഥാപനത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു. 2017 മുതൽ പ്രതിമാസം 8,83,300 രൂപ ലഭ്യമാക്കിയിരുന്ന സ്ഥാപനം നിലവിൽ 7,50,000 രൂപക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്.

ഡി)നിർമ്മാണ പ്രവർത്തികൾ എത്രയും പെട്ടന്ന് പൂർത്തീകരിച്ച് വാടക ഇനത്തിലുള്ള വരവ് ഉറപ്പാക്കേണ്ടതാണ്.

നഗരസഭ ലഭ്യമാക്കിയ മറുപടി അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. മേൽ വിവരങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുന്നതിനുള്ള ഫയലോ അനുബന്ധരേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികളും വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച തുടർ നടപടികളും, പരാതികളുടെയും കേസിന്റെയും തുടർ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-62 ഹാൾ വാടക വരവ് - അപാകതകൾ

വിൽവട്ടം മേഖലാ കാര്യാലയ ം

1. വിൽവട്ടം മേഖല കാര്യാലയത്തിന്റെ പരിധിയിലുള്ള പാട്ടുക്കാട് തരുത്ത്, പാണ്ടിക്കാവ്, പെരിങ്ങാവ്, പ്രിയദർശിനി, കല്ലടിമൂല, എസ്.ജെ കോളനി എന്നീ കമ്മ്യൂണിറ്റി ഹാളുകളിൽ നിന്നും വാടക ഇനത്തിൽ ലഭിക്കുന്ന വരവുകൾ ഹാൾ ബുക്കിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. Account Headwise Consolidation പ്രകാരം Rent From Town Hall ഇനത്തിൽ 16500 രൂപയും Rent From Conference Hall ഇനത്തിൽ 20500 രൂപയും വരവുണ്ട്. ടി വരവുകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ വരവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7തീയതി:19.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-63 ഒല്ലൂക്കര കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

ഒല്ലൂക്കര മേഖലാ കാര്യാലയത്തിൽ കീഴിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ വാടകയ്ക്ക് നൽകിയതിൽ, ചില ഉപയോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതിരിക്കുകയോ/കുറവ് വാങ്ങുകയോ ചെയ്തിരിക്കുന്നു. ചിലർക്ക് സൗജന്യമായി ഹാൾ അനുവദിച്ചതായും കണ്ടെത്തി. വിവരങ്ങൾ താഴെ ചേർക്കുന്നു.

മഹാത്മാസ്ക്വയർ- (കൗൺസിൽതീരുമാനം.19/23.12.16) നിരക്ക് 2500+ജി.എസ്.ടി+750+30%സെക്യൂരിറ്റി ഡെപ്പോസിറ്റ്

| ക്രമ നം | പേര്/വിലാസം | ആവശ്യം | തീയതി | അടച്ച തുക (2500+450+750) |
|---|---|---|---|---|
| 1 | മാനേജർ, ജോൺസ് ഹോണ്ട | വാഹന പ്രദർശനം 3 ദിവസം | 21.07.2022 മുതൽ 23.07.2022 വരെ | പകുതി വാടക (1475x3 = 4425) 4425 + 375(SD) (വാങ്ങേണ്ട തുക 375 X 3 = 1125) |
| 2 | അനീസ്, DIV-17 ഓണച്ചന്ത | ഓണച്ചന്ത 3 ദിവസം | 5.09.2022 മുതൽ 7.09.2022 വരെ | സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതായോ തിരിച്ച് കൊടുത്തതായോ രേഖപ്പെടുത്തിയിട്ടില്ല |
| 3 | സെന്റ് തോമസ് ഇവാഞ്ചലിക്കൽ | ലഹരി വിരുദ്ധ സന്ദേശ റാലി | 6.11.2022 | സൗജന്യമായി അനുവദിച്ചു |
| 4 | YMCA മണ്ണുത്തി | ഫുട്ബോൾ (Big Screen) പ്രദർശനം 26.11.2022 മുതൽ 18.12.2022 വരെ | 26.11.2022 മുതൽ 18.12.2022 വരെ | സൗജന്യമായി അനുവദിച്ചു. |
| 5 | ബെന്നി.വി.ജെ. കേരള NGO യൂണിയൻ | സായാഹ്ന ധർണ്ണ | 15.02.2023 | പകുതി വാടക 1475 അടച്ചിട്ടുണ്ട്. എന്നാൽ SD ഈടാക്കിയതായോ തിരിച്ച് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| പോപ്പ് നഗർ കമ്മ്യൂണിറ്റി ഹാൾ നിരക്ക് @3000/- | | | | |
| 6 | ഓട്ടോറിക്ഷ | - | 12.08.2022 | സൗജന്യമായി അനുവദിച്ചു |

| | | | | |
|---|---|---|---|---|
| | തൊഴിലാളികൾ വ്യാപാരി വ്യവസായികൾ യോഗം | | | |
| 7 | സുൾഫിക്കർ (വിലാസമില്ല) | ബ്ലഡ് ഡൊണേഷൻ ക്യാമ്പ് | 27.03.2023 | സൗജന്യമായി അനുവദിച്ചു. |
| 8 | രേഷ്മ, കൗൺസിലർ | SSLC സമ്മാനദാനം | 24.07.2022 | സൗജന്യമായി അനുവദിച്ചു |
| 9 | സുൾഫിക്കർ (വിലാസമില്ല) | രക്തദാന ക്യാമ്പ് | 2.10.2022 | സൗജന്യമായി അനുവദിച്ചു |
| 10 | വിനീഷ്.എം.ആർ അരീക്കോട്ടിൽ പട്ടാളക്കുന്ന് | വിവാഹ നിശ്ചയം | 19.01.2023 | SD 1000 രൂപ വാങ്ങിയത് തിരിച്ചു നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 11 | വെറ്ററിനറി കോളേജ്, മണ്ണുത്തി, വിഷ്ണു.കെ.പി | കലോൽസവം | 15.04.2023 മുതൽ 20.04.2023 വരെ | വാടക 18000/- രൂപ മാത്രം SD വാങ്ങിയതായോ തിരിച്ചു നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 12 | സെക്രട്ടറി, വ്യാപാരി വ്യവസായി ഏകോപന സമിതി | യോഗം | 20.05.2023 | വാങ്ങിയ SD തിരിച്ചു നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക വാങ്ങിയതായി ഹാൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 13 | അനൂപ്.കെ സിപിഐ(എം) ലോക്കൽ കമ്മിറ്റി | നേന്ത്രക്കായ വിപണി | -- | വാടക വാങ്ങിയിട്ടുണ്ട്. എന്നാൽ SD വാങ്ങിയതായോ തിരിച്ചു നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 14 | അഖിൽ.ജി.എം സിപിഐ (ഒല്ലൂക്കര | സമാപന സമ്മേളനം | 22.09.2023 | വാടക അടച്ചിട്ടുണ്ട്. SD വാങ്ങിയതായോ തിരിച്ചു നൽകിയതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | ലോക്കൽ കമ്മിറ്റി) | | | |

മേൽ പറഞ്ഞവയിൽ സൗജന്യമായി ഹാൾ അനുവദിച്ചവരുടെ കേസുകളിൽ കോർപ്പറേഷൻ കൗൺസിൽ നിന്നും സാധൂകരണം നേടിയതായി കാണുന്നില്ല. മതപരമായ ചടങ്ങുകൾക്കും അംഗീകൃത രാഷ്ട്രീയ സംഘടനകളുടെ പരിപാടികൾക്കും പ്രതിദിന വാടകയിൽ 50% ഇളവ് നൽകാമെന്ന് കോർപ്പറേഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 29/23.12.2016 ലെ മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇതുപ്രകാരം മണ്ണുത്തിയിലുള്ള മഹാത്മ സ്ക്വയറിന് പ്രതിദിന വാടക 2500 രൂപയും സർവ്വീസ് ടാക്സ് 450 രൂപയുമടക്കം ആകെ 2950 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. 50% ഇളവ് അനുവദിക്കുന്ന കേസുകളിൽ 1475 രൂപയാണ് വാടകയിനത്തിൽ അടയ്ക്കേണ്ടത്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിൽ (7എ/2022-23/18.10.23) ഓരോ വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുകയും ഹാൾ ഉപയോഗിച്ച് കഴിഞ്ഞാൽ അത് തിരിച്ചു കൊടുക്കുകയും കൃത്യമായി ചെയ്തുവരുന്നുണ്ടെന്നും ആയത് രജിസ്റ്ററിൽ ചേർക്കുവാൻ വിട്ടുപോയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. സൗജന്യമായി ഹാൾ അനുവദിച്ച കേസുകളിൽ പ്രസ്തുത നടപടി കൗൺസിലിൽ അംഗീകരിച്ച് സാധൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നുമാണ് ഒല്ലൂക്കര സൂപ്രണ്ട് അറിയിച്ചിട്ടുള്ളത്. കുറ്റമറ്റ രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും കോർപ്പറേഷന്റെ വരവിനങ്ങൾ സ്വീകരിക്കുന്നതിൽ കൃത്യത പാലിക്കുന്നുണ്ടെന്നും അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-64 അയ്യന്തോൾ മേഖലാ കാര്യാലയം-പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ, ബൈ ലോ പ്രകാരമുള്ള തുകകൾ ഈടാക്കുന്നില്ല

തൃശ്ശൂർ കോർപറേഷന്റെ അയ്യന്തോൾ മേഖലാ കാര്യാലയത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ, ഡി.ഡി രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- 2022-23 സാമ്പത്തിക വർഷം തൃശ്ശൂർ കോർപ്പറേഷൻ ബഹു മേയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10 ൽ അധികം തീയതികളിൽ സൗജന്യമായി ഹാൾ അനുവദിച്ചിട്ടുണ്ട്. പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ -ബൈലോ ഖണ്ഡിക 8 ൽ കമ്മ്യൂണിറ്റി ഹാൾ വാടക കൗൺസിലിന്റെ/ബഹു. മേയറുടെ മുൻകൂർ അനുമതിയോടെ പൂർണ്ണമായും സൗജന്യമായി അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും കറന്റ് ചാർജ്, വാട്ടർ ചാർജ് മുതലായവയ്ക്കുള്ള നിശ്ചിത തുക ഈടാക്കുവാൻ നിർദ്ദേശമുണ്ട്. എന്നാൽ നിലവിൽ ഇത്തരം ചാർജുകൾ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.
- പ്രിയദർശിനി ഹാളിന്റെ പ്രതിദിന വാടക, ജി.എസ്.ടി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ യഥാക്രമം 5000, 900, 1000 എന്നിവയായി നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള വ്യക്തികളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് കൈപറ്റിയതായി ഡി.ഡി രജിസ്റ്ററിൽ ചേർക്കുകയോ ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പേര് | ഹാൾ ബുക്ക് ചെയ്ത തീയതി | രശീത് തിയതി (വാടക, ജി.എസ്.ടി 5900) |
|---|---|---|---|
| 1 | ശ്രീമതി.ലത മഹിളാ അസോസിയേഷൻ സെക്രട്ടറി | 20.08.22 | 122010-104632/12.8.22 |
| 2 | സജി ജോർജ് കുരിശുപറമ്പിൽ | 11.9.22 | 122010-100584/6.9.22 |
| 3 | ലെനിഷ് ലിയോൺ | 24.10.22 | ലഭ്യമല്ല |

19.10.2022 ലെ 54-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അയ്യന്തോൾ മേഖലാ കാര്യാലയത്തോടനുബന്ധിച്ച് പണികഴിപ്പിച്ചിട്ടുള്ള പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിന്റെ ബൈലോ അംഗീകരിച്ചിട്ടുണ്ട്. ആയതിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുവാനും മേൽ അപാകതകൾക്ക് മറുപടി നൽകുവാനും ആവശ്യപ്പെട്ട് 21.11.2023 ൽ 16 ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഹാൾ സൗജന്യമായി അനുവദിക്കുന്ന വേളയിൽ കറന്റ് ചാർജ് വാട്ടർ ചാർജ് മുതലായവയ്ക്കുള്ള നിശ്ചിത തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കാതിരുന്നതിനെ പറ്റി അന്വേഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിന്റെ ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിന്റെ ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഹാൾ സൗജന്യമായി അനുവദിക്കുന്ന വേളയിൽ കറന്റ് ചാർജ് വാട്ടർ ചാർജ് മുതലായവയ്ക്കുള്ള നിശ്ചിത തുക കൗൺസിൽ അംഗീകാരത്തോടെ നിശ്ചയിക്കേണ്ടതും ആയത് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-65 കെട്ടിട നിർമ്മാണ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും നടപടികൾ കൈകൊള്ളുന്നതിനും കൂടുതൽ വ്യക്തതയും സുതാര്യതയും ഉണ്ടാകുന്നതിനായി സർക്കാർ 24136/ആർ.എ1/2007/തസ്വഭവ തിയതി 20.06.2007, 12900/ആർ.എ1/2015/തസ്വഭവ തിയതി.2.12.2015 നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം പെർമിറ്റ് ഫീ അടയ്ക്കുന്ന മുറയ്ക്ക് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

നഗരസഭയിൽ പരിപാലിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്തിയിട്ടില്ല. തറവിസ്തീർണ്ണാനുപാതം, കവറേജ്, പെർമിറ്റ് ഫീ, ഫയൽ കൈമാറുന്ന വിവരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കോളങ്ങളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷകളുടെ വിവരം പൂർണ്ണമായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് ഉദാഹരണമായി താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) |
|---|---|---|---|
| 1 | DW5/BA /260/22-23 | വാസഗൃഹം | 216 |
| 2 | DW5/BA /269/22-23 | വാസഗൃഹം | 140.05 |
| 3 | DW5/BA /270/22-23 | വാസഗൃഹം | 171.89 |
| 4 | DW5/BA /280/22-23 | വാണിജ്യം | 119.55 |

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ ഈടാക്കിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

| ക്രമനമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) |
|---|---|---|---|
| 1 | DW5/BA /09/22-23 | വാസഗൃഹം | 148.58 |
| 2 | DW5/BA /21/22-23 | വാണിജ്യം | 340.59 |
| 3 | DW5/BA /37/22-23 | വാണിജ്യം | 842.73 |
| 4 | DW5/BA /50/22-23 | വാണിജ്യം | 529.09 |
| 5 | DW5/BA /61/22-23 | വാസഗൃഹം/വാണിജ്യം | 261.15 |
| 6 | DW5/BA | വാണിജ്യം | 278.50 |

| | | | |
|---|---|---|---|
| | /64/22-23 | | |
| 7 | DW5/BA<br>/65/22-23 | വാണിജ്യം | 270.51 |
| 8 | DW5/BA<br>/66/22-23 | വാസഗൃഹം | 163.69 |
| 9 | DW5/BA<br>/106/22-23 | വാസഗൃഹം | 338.34 |
| 10 | DW5/BA<br>/231/22-23 | വാസഗൃഹം | 144.78 |
| 11 | DW5/BA<br>/251/22-23 | വാണിജ്യം | 6030.55 |
| 12 | DW3/BA<br>/04/22-23 | വാസഗൃഹം | 720.02 |
| 13 | DW3/BA<br>/07/22-23 | വാണിജ്യം/വാസഗൃഹം | 154.50 |
| 14 | DW3/BA<br>/25/22-23 | വാണിജ്യം/വാസഗൃഹം | 171.85 |
| 15 | DW3/BA<br>/97/22-23 | വാണിജ്യം | 608.19 |
| 16 | DW3/BA<br>/200/22-23 | വാണിജ്യം/വാസഗൃഹം | 264.46 |
| 17 | DW3/BA<br>/156/22-23 | വാസഗൃഹം | 174.63 |

അയ്യന്തോൾ മേഖലാകാര്യാലയം

മേഖലാകാര്യാലയത്തിൽ പരിപാലിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ/റഗുലറൈസേഷൻ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്തിയിട്ടില്ല. തറവിസ്തീർണ്ണാനുപാതം, കവറേജ്, ഫയൽ കൈമാറുന്ന വിവരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കോളങ്ങളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. അപേക്ഷകളുടെ വിവരം പൂർണ്ണമായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് ഉദാഹരണമായി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | AYL/PW1/BA/03 /22-23 | വാസഗൃഹം | 228.77 |
| 2 | AYL/PW1/BA/04 /22-23 | വാസഗൃഹം | 186.47 |
| 3 | AYL/PW1/BA/08 /22-23 | വാസഗൃഹം | 231.75 |
| 4 | AYL/PW1/BA/11 /22-23 | വാസഗൃഹം | 108.39 |
| 5 | AYL/PW1/BA/15 /22-23 | വാസഗൃഹം | 406.15 |
| 6 | AYL/PW1/BA/23 /22-23 | വാസഗൃഹം | 198.56 |
| 7 | AYL/PW1/BA/44 /22-23 | വാണിജ്യം | 179.96 |
| 8 | AYL/PW1/BA/109 /22-23 | വാണിജ്യം | 1799.76 |
| 9 | AYL/PW1/BA/121 /22-23 | വാസഗൃഹം | 331.27 |
| 10 | AYL/PW1/BA/196 /22-23 | വാസഗൃഹം | 666.19 |
| 11 | AYL/PW2/BA/81 /22-23 | വാണിജ്യം | 526.46 |
| 12 | AYL/PW2/BA/26 /22-23 | വാസഗൃഹം | 1119.50 |
| 13 | AYL/BR/85/22-23 | വാസഗൃഹം | 102.74 |
| 14 | AYL/BR/87/22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |
| 15 | AYL/BR/91/22-23 | വാസഗൃഹം | 143.29 |
| 16 | AYL/BR/115/22-23 | വാസഗൃഹം | 314.54 |
| 17 | AYL/BR/70/22-23 | വാസഗൃഹം | 245.19 |
| 18 | AYL/BR/71/22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 19 | AYL/BR/72/22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |

വിൽവട്ടം മേഖലാകാര്യാലയം

| ക്രമനമ്പർ | ഫയൽ നമ്പർ | തരം | കെട്ടിട വിസ്തീർണ്ണം (M2) |
|---|---|---|---|
| 1 | VBA/139 /22-23 | മൊബൈൽ ടവർ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | VBA/140 /22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |
| 3 | VBA/141 /22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |
| 4 | VBA/142 /22-23 | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |
| 5 | VBA/143 /22-23 | വാസഗൃഹം | 96.62 |
| 6 | VBA/144 /22-23 | വാസഗൃഹം | 66.85 |
| 7 | VBA/145 /22-23 | വാസഗൃഹം | 99.56 |
| 8 | VBA/150 /22-23 | വാസഗൃഹം | 294 |
| 9 | VBA/156 /22-23 | വാസഗൃഹം | 53.12 |
| 10 | VBA/157 /22-23 | വാസഗൃഹം | 130.97 |
| 11 | VBA/158 /22-23 | വാസഗൃഹം | 167.69 |
| 12 | VBA/159 /22-23 | വാസഗൃഹം | 142.31 |

| | | | |
|---|---|---|---|
| 13 | VBA/145 /22-23 | സ്പെഷൽ റസിഡൻഷ്യൽ | 611.08 |
| 14 | VBA/145 /22-23 | വാസഗൃഹം | 318.8 |

മേൽ കെട്ടിടങ്ങളിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയെന്നോ ആയത് കൃത്യമാണോയെന്നുള്ള വിവരം പരിശോധിക്കുന്നതിന് ഉതകുന്ന രീതിയിലല്ല കെട്ടിട നിർമ്മാണ രജിസ്റ്റർ പരിപാലിച്ചിരിക്കുന്നത്. ആയതിനാൽ തന്നെ ഫീ ഈടാക്കിയെന്നോ ആയത് കൃത്യമാണോയെന്ന് രജിസ്റ്റർ പ്രകാരം പരിശോധിച്ച് ഉറപ്പാക്കാനാകുന്നില്ല. IBPMS വഴി അപ്രൂവൽ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ പെർമിറ്റ്, ഒക്യുപൻസി എന്നിവ അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീ ഈടാക്കിയ വിവരം, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് അപേ ക്ഷ തീർപ്പാക്കാത്തതിനുള്ള കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടെങ്കിൽ രജിസ്റ്ററിൽ കാരണം വ്യക്തമാക്കിയിരിക്കേണ്ടതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തി കാണുന്നില്ല. തുടർ നടപടി വിവരം ചേർക്കാത്ത അപേക്ഷകളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

| ക്രമനമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|
| 1 | DW5/BA/128/22-23 | 17.08.2022 |
| 2 | DW5/BA/127/22-23 | 17.08.2022 |
| 3 | DW5/BA/194/22-23 | 21.10.2022 |
| 4 | DW5/BA/299/22-23 | 28.01.2023 |
| 5 | DW5/BA/300/22-23 | 14.02.2023 |
| 6 | DW5/BA/110/22-23 | 4.08.2022 |
| 7 | DW5/BA/122/22-23 | 12.08.2022 |
| 8 | DW5/BA/166/22-23 | 19.09.2022 |
| 9 | DW5/BA/179/22-23 | 7.10.2022 |
| 10 | DW5/BA/191/22-23 | 18.10.2022 |
| 11 | DW5/BA/197/22-23 | 25.10.2022 |
| 12 | DW5/BA/211/22-23 | 5.11.2022 |
| 13 | DW5/BA/212/22-23 | 8.11.2022 |

| | | |
|---|---|---|
| 14 | DW5/BA/245/22-23 | 12.12.2022 |
| 15 | DW5/BA/254/22-23 | 19.12.2022 |
| 16 | DW5/BA/307/22-23 | 10.03.2023 |
| 17 | DW5/BA/322/22-23 | 14.03.2023 |
| 18 | DW5/BA/323/22-23 | 14.03.2023 |
| 19 | DW5/BA/329/22-23 | 20.03.2023 |
| 20 | DW3/BA/27/22-23 | 30.04.2022 |
| 21 | DW3/BA/75/22-23 | 17.06.2022 |
| 22 | DW3/BA/117/22-23 | 5.08.2022 |
| 23 | DW3/BA/153/22-23 | 2.09.2022 |
| 24 | DW3/BA/178/22-23 | 30.09.2022 |
| 25 | DW3/BA/198/22-23 | 27.10.2022 |
| 26 | DW3/BA/339/22-23 | 26.03.202 |

ഋർക്കഞ്ചേരി മേഖലാ കാര്യാലയം

| ക്രമനമ്പർ | ഫയൽ നമ്പർ | റിമാർക്സ് |
|---|---|---|
| 1 | KKY/BA /042/22-23 | അപേക്ഷ സമർപ്പിച്ച തിയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 2 | KKY/BA /073/22-23 | " |
| 3 | KKY/BA /112/22-23 | “ |
| 4 | KKY/BA /154/22-23 | “ |
| 5 | KKY/BA /190/22-23 | “ |
| 6 | KKY/BA /195/22-23 | “ |
| 7 | KKY/BA /212/22-23 | “ |
| 8 | KKY/BA /220/22-23 | “ |
| 9 | KKY/BA | “ |

| | | |
|---|---|---|
| | /220/22-23 | |
| 10 | KKY/BA /230/22-23 | “ |
| 11 | KKY/BA /240/22-23 | “ |

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 12 പ്രകാരം കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്ന അപേക്ഷ സ്വീകരിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലം പെർമിറ്റ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ചട്ടം അനുശാസിക്കുന്ന വിധത്തിൽ നടപടി സ്വീകരിക്കേണ്ടതും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ വ്യക്തതയും സുതാര്യതയും ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് രജിസ്റ്ററുകൾ പരിപാലിക്കേണ്ടതാണ്.

## 1-66 അപാകതകൾ പരിഹരിക്കുന്നതിന് നൽകുന്ന അറിയിപ്പിൽ കാലപരിധി രേഖപ്പെടുത്തുന്നില്ല

2022-23 സാമ്പത്തിക വർഷം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച ചില കെട്ടിടങ്ങൾ നാളിതുവരെ ക്രമവൽക്കരിക്കപ്പെട്ടതായി കാണുന്നില്ല. അപാകത പരിഹരിക്കുവാൻ നിർദ്ദേശം നൽകിയിട്ടും നാളിതുവരെ ക്രമവൽക്കരിക്കപ്പെടാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

വിൽവട്ടം മേഖലാകാര്യാലയം

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി | കെട്ടിട ഉടമ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (M2) | അറിയിപ്പ് നൽകിയ തിയതി |
|---|---|---|---|---|---|---|
| 1 | VBA/21 /22-23 | 20.04.2022 | എൻ.വി സുരേന്ദ്രൻ | വാസഗൃഹം | 47.65 | 29.04.2022 |
| 2 | VBA/115 /22-23 | 5.08.2022 | വന്ദന | വാസഗൃഹം | 72.55 | 22.08.2022 |
| 3 | VBA/98 /22-23 | 16.08.2022 | ഹരീഷ് | വാസഗൃഹം | 221.85 | 2.09.2022 |
| 4 | VBA/125 /22-23 | 17.08.2022 | ഷിജോൺ | വാസഗൃഹം | 60.47 | 27.08.2022 |
| 5 | VBA/94 /22-23 | 12.07.2022 | ഷക്കീർ | വാസഗൃഹം | 53.19 | 5.08.2022 |

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം നിയമവിരുദ്ധമായി പൂർത്തീകരിച്ച നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ നോട്ടീസിൽ ന്യായമായ സമയത്തിനുള്ളിൽ കാരണം കാണിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

എന്നാൽ അപേക്ഷയിൽ സമയ പരിധി രേഖപ്പെടുത്തി കാണുന്നില്ല. കെട്ടിടനിർമ്മാണാനുമതി അപാകത പരിഹരിക്കുന്നതിന് നൽകുന്ന അറിയിപ്പിലും സമയപരിധി രേഖപ്പെടുത്തി കാണുന്നില്ല. തുടർനടപടി സ്വീകരിക്കാത്തതിനാൽ കെട്ടിടങ്ങളിൽ നിന്നും ലഭിക്കേണ്ട വസ്തു നികുതി, റഗുലറൈസേഷൻ ഫീ, വില്ലേജിലേയ്ക്ക് അടവാക്കേണ്ട ഒറ്റതവണ നികുതി എന്നിവ നഗരസഭയ്ക്ക് ഉറപ്പാക്കാനാകുന്നില്ല.

നിയമ വിരുദ്ധമായി പൂർത്തീകരിച്ച നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുമ്പോഴും നിർമ്മാണാനുമതി അപാകത പരിഹരിക്കുന്നതിന് നൽകുന്ന അറിയിപ്പുകൾക്കും സമയപരിധി രേഖപ്പെടുത്തി നോട്ടീസ് നൽകുന്നതാണെന്നും ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (വിൽവട്ടം സോണൽ നം.16/22-23/20.10.2023) മറുപടി നൽകിയിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-67 കുർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 95 പ്രകാരം നിർമ്മാണം ക്രമവൽക്കരിച്ചുകൊണ്ട് അനുബന്ധം G1 പ്രകാരം സെക്രട്ടറി ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 ലെ പോലെ മാതൃകാ രജിസ്റ്ററിൽ ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതുമാണ്. അപ്രകാരമുള്ള രജിസ്റ്റർ കുർക്കഞ്ചേരി മേഖലാ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.10/തീയതി.13.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-68 റഗുലറൈസേഷൻ അപേക്ഷ -ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്

ക്രമവൽക്കരണത്തിന് ലഭിക്കുന്ന അപേക്ഷകളുടെ സമർപ്പണവും തീർപ്പാക്കൽ നടപടിക്രമവും 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 93 പ്രകാരം ആയിരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ നാളിതുവരെ ക്രമവൽക്കരിക്കപ്പെട്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|
| 1 | DW5/BR/10/22-23 | 7.05.2022 |
| 2 | DW4/BR/12/22-23 | 18.05.2022 |
| 3 | DW4/BR/13/22-23 | 18.05.2022 |
| 4 | DW5/BR/18/22-23 | 23.05.2022 |
| 5 | DW5/BR/20/22-23 | 2.06.2022 |
| 6 | DW5/BR/21/22-23 | 9.06.2022 |
| 7 | DW5/BR/24/22-23 | 16.06.2022 |

| | | |
|---|---|---|
| 8 | DW3/BR/32/22-23 | 8.07.2022 |
| 9 | DW5/BR/33/22-23 | 15.07.2022 |
| 10 | DW3/BR/37/22-23 | 25.07.2022 |
| 11 | DW4/BR/39/22-23 | 27.07.2022 |
| 12 | DW4/BR/40/22-23 | 2.08.2022 |
| 13 | DW4/BR/41/22-23 | 2.08.2022 |
| 14 | DW3/BR/42/22-23 | 6.08.2022 |
| 15 | DW3/BR/44/22-23 | 10.08.2022 |
| 16 | DW3/BR/47/22-23 | 17.08.2022 |
| 17 | DW5/BR/57/22-23 | 22.09.2022 |
| 18 | DW4/BR/59/22-23 | - |
| 19 | DW5/BR/61/22-23 | 17.10.2022 |
| 20 | DW4/BR/72/22-23 | 22.11.2022 |
| 21 | DW4/BR/74/22-23 | 8.12.2022 |
| 22 | DW4/BR/75/22-23 | 12.12.2022 |
| 23 | DW4/BR/80/22-23 | 6.02.2023 |
| 24 | DW4/BR/81/22-23 | 14.02.2023 |
| 25 | DW5/BR/90/22-23 | 10.03.2023 |
| 26 | DW3/BR/95/22-23 | 28.03.2023 |
| 27 | DW5/BR/96/22-23 | 31.03.2023 |

അയ്യന്തോൾ സോണൽ ഓഫീസ്

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷ സമർപ്പിച്ച തിയതി | നോട്ടീസ് നൽകിയ തിയതി |
|---|---|---|---|
| 1 | AYL/BR /31/22-23 | 4.07.2022 | 17.08.2022 |
| 2 | AYL/BR /41/22-23 | 22.07.2022 | നോട്ടീസ് നൽകിയിട്ടില്ല. |
| 3 | AYL/BR /54/22-23 | 30.08.2022 | നോട്ടീസ് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| 4 | AYL/BR /62/22-23 | 2.11.2022 | നോട്ടീസ് നൽകിയിട്ടില്ല. |
| 5 | AYL/BR /63/22-23 | 10.11.2022 | നോട്ടീസ് നൽകിയിട്ടില്ല. |
| 6 | AYL/BR /97/22-23 | 3.02.2023 | നോട്ടീസ് നൽകിയിട്ടില്ല. |
| 7 | AYL/BR /114/22-23 | 21.03.2023 | നോട്ടീസ് നൽകിയിട്ടില്ല. |
| 8 | AYL/BR /68/22-23 | 17.11.2022 | നോട്ടീസ് നൽകിയിട്ടില്ല. |

ഒല്ലൂർ സോണൽ ഓഫീസ്

| ക്രമ നം | ഫയൽ നം | അപേക്ഷ തിയതി |
|---|---|---|
| 1 | OLR/BR /04/22-23 | 30.4.22 |
| 2 | OLR/BR /05/22-23 | 29.4.22 |
| 3 | OLR/BR /06/22-23 | 30.4.22 |
| 4 | OLR/BR /07/22-23 | 6.5.22 |
| 5 | OLR/BR /09/22-23 | 19.5.22 |
| 6 | OLR/BR /11/22-23 | 31.5.22 |
| 7 | OLR/BR /36/22-23 | 23.7.22 |
| 8 | OLR/BR /52/22-23 | 10.8.22 |
| 9 | OLR/BR /54/22-23 | 10.8.22 |
| 10 | OLR/BR /65/22-23 | 29.8.22 |
| 11 | OLR/BR /70/22-23 | 14.9.22 |
| 12 | OLR/BR /71/22-23 | 17.9.22 |
| 13 | OLR/BR | 17.9.22 |

| | | |
|---|---|---|
| | /74/22-23 | |
| 14 | OLR/BR /78/22-23 | 22.9.22 |
| 15 | OLR/BR /83/22-23 | 6.10.22 |
| 16 | OLR/BR /85/22-23 | 7.10.22 |
| 17 | OLR/BR /87/22-23 | 17.10.22 |
| 18 | OLR/BR /95/22-23 | 2.11.22 |
| 19 | OLR/BR /105/22-23 | 5.12.22 |
| 20 | OLR/BR /106/22-23 | 6.12.22 |
| 21 | OLR/BR /107/22-23 | 9.12.22 |
| 22 | OLR/BR /109/22-23 | 12.12.22 |
| 23 | OLR/BR /110/22-23 | 12.12.22 |
| 24 | OLR/BR /112/22-23 | 12.12.22 |
| 25 | OLR/BR /114/22-23 | 12.12.22 |
| 26 | OLR/BR /116/22-23 | 14.12.22 |
| 27 | OLR/BR /137/22-23 | 17.2.23 |
| 28 | OLR/BR /140/22-23 | 16.3.23 |

ക്രമവൽക്കരണത്തിന് ലഭിക്കുന്ന അപേക്ഷകളുടെ സമർപ്പണവും തീർപ്പാക്കൽ നടപടിക്രമവും 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 93 പ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ ക്രമവൽക്കരിക്കാൻ സാധിക്കാത്ത കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 അനുസരിച്ച് നികുതി ചുമത്തേണ്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242(3) അനുസരിച്ച് പ്രത്യേക നമ്പർ നൽകി 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 അനുസരിച്ച് ഫാറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1-69 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകത

DW5-BA-21/22-23

മേൽ ഫയൽ പ്രകാരം നഗരസഭയുടെ 3-ാം ഡിവിഷനിൽ പെരിങ്ങാവ് വില്ലേജിൽ ആന്റണി ഫ്രാൻസിസ്സിന്റെ ഉടമസ്ഥതയിൽ വരുന്ന 340.59 M2 കൊമേഴ്സ്യൽ കെട്ടിടത്തിന് 19.07.2022 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

1. 340.59 M2 നിർമ്മിത വിസ്തീർണ്ണം വരുന്ന വാണിജ്യ കെട്ടിടത്തിനാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. എന്നാൽ അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ നിർമ്മിത വിസ്തീർണ്ണം 254.87 M2 ആണ്.

2. 340.59m2 നിർമ്മാണാനുമതി നൽകിയിരിക്കുന്ന ടി കെട്ടിടത്തിന്റെ പെർമിറ്റ് ഫീയായി 18.07.2022 ന് ഈടാക്കിയിട്ടുള്ളത് 3825/- (254.87x15) രൂപയാണ്. 340.59m2 വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന് ഈടാക്കേണ്ട പെർമിറ്റ് ഫീ 5109/- രൂപയാണ്.

3.പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം Converted Purayidam എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ടി ഭൂമി തരം മാറ്റുന്നതിനുള്ള D8-7119/2021/തി.3.02.2022 നമ്പർ ഉത്തരവിൽ 3000 ച.അടി കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത് എന്നിരിക്കെ 3664.74 ച.അടി കെട്ടിടത്തിന് അനുമതി നൽകിയിരിക്കുന്നു.

പ്ലാനിനും ആർ.ഡി.ഒ യുടെ ഉത്തരവിനും അനുസൃതമല്ലാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 90/22-23 തി.20.11.2023) 254.87 M2 നാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും പെർമിറ്റിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും പെർമിറ്റ് സറണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തെറ്റായ നിർമ്മാണാനുമതിയ്ക്കും തുടർന്നുള്ള നിർമാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിയായിരിക്കുന്നതാണ്.

## 1-70 നിബന്ധനകൾ പാലിക്കാതെ പെർമ്മിറ്റ് അനുവദിച്ചു

ഒല്ലൂർ മേഖലാ കാര്യാലയം

ഫയൽ നമ്പർ. OLR/BA/67/22-23

ശ്രീമതി. റോസി സിജു, ചാലക്കൽ എന്നിവർ 28 ാം ഡിവിഷനിൽ ഒല്ലൂർ വില്ലേജിൽ റീ സർവ്വേ നം 175/42, 175/8-1 എന്നിവയിൽ ഉൾപ്പെട്ട 5.06 Are സ്ഥലത്ത് 270m2 വിസ്തൃതിയിലുള്ള ഗോഡൗൺ നിർമ്മിക്കുന്നതിന് പെർമ്മിറ്റിനായി 14.6.2022 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ മേഖലയിൽ ഉൾപ്പെട്ട സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിന് കൺകറൻസിനായി ജില്ലാ ടൗൺ പ്ലാനർക്ക് കത്ത് നല്കിയിട്ടുണ്ട്. (തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 23.2.2023 ലെ OLR/BA/67/22-23 നം. കത്ത്)

ജില്ലാ ടൗൺ പ്ലാനിൽ നിന്നും 3.6.2023 ലെ TCPTSR/337/2023 C2 ഡി.ഡി.സ് നം ഉത്തരവ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് കൺകറൻസ് ലഭ്യമായിട്ടുണ്ട്. ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ക്രമ നം 1 മുതൽ 15 വരെയുള്ള നിബന്ധനകൾക്ക് വിധേയമായി KMBR 2019 ചട്ടം 5(6)(C) യുടെ അടിസ്ഥാനത്തിലാണ് കൺകറൻസ് നൽകിയിട്ടുള്ളത് .

"ഇത് നിർമ്മാണം തുടങ്ങുന്നതിനുള്ള ഉത്തരവല്ലെന്നും നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് കോർപ്പറേഷനിൽ നിന്നും ആവശ്യമായ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന് ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവിൽ പറയുന്നുണ്ട്. നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ എൻഒസി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയതിനു ശേഷം സെക്രട്ടറി കെട്ടിടനിർമ്മാണാനുമതി നൽകാൻ പാടുള്ളൂ" എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്

എന്നാൽ ടി ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താതെയാണ് ശ്രീമതി.റോസി സിജുവിന് 2.8.2023 ൽ പെർമ്മിറ്റ് അനുവദിച്ചിരിക്കുന്നത്. ഉത്തരവിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കിയ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് പാലിക്കണമെന്നുള്ള നിബന്ധന ഉൾപ്പെടുത്തിയാണ് പെർമ്മിറ്റ് അനുവദിച്ചിരിക്കുന്നത്. നിബന്ധനകൾ പാലിച്ചുവെന്ന് ഉറപ്പുവരുത്താതെ പെർമ്മിറ്റ് നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (നം.16/തീയതി 17.11.2023)

## 1-71 ഉത്തരവിന് വിധേയമാകാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു

ഫയൽ നമ്പർ: DW4/BR/23/22-23

ഡിവിഷൻ 14 പെരിങ്ങാവ് വില്ലേജ് സർവ്വെ നമ്പർ Y/18-25, Y/18-25/13 ൽ അനുമതിയില്ലാതെ പണികഴിച്ച 589.88m2 റസിഡൻഷ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമ 15.06.2022 ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് അസി.എക്സി.എഞ്ചിനീയർ 29.07.2022 ന് ഒക്യുപൻസി നൽകിയിരിക്കുന്നു. റവന്യൂ ഡിവിഷൻ ഓഫീസറിൽ നിന്നും ലഭ്യമായ D8-9772/2021 തി.10.01.2022 നമ്പറായുള്ള ഭൂമി തരം മാറ്റിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. റവന്യൂ ഡിവിഷൻ ഓഫീസറുടെ മേൽ ഉത്തരവിൽ 3000 ച.അടി കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ 10.06.2022 ന് പണിപൂർത്തീകരിച്ച 589.88 $M^2$ കെട്ടിടത്തിനാണ് നഗരസഭയിൽ നിന്നും DW4/BR/23/22-23 തി.29.07.2022 നമ്പറായി ഒക്യുപൻസി നൽകിയിരിക്കുന്നത്. മേൽ ഉത്തരവിന് അധികമായ തറവിസ്തീർണ്ണത്തിന് ഒക്യുപൻസി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നമ്പർ :73/22-23 തി.6.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ആർ.ഡി.ഒ യുടെ അനുമതിയ്ക്ക് അധികമായി പണിതീർത്ത കെട്ടിടത്തിന് ടൗൺ പ്ലാനിംഗ് വിഭാഗം ഒക്യുപൻസി നൽകിയത് എങ്ങനെയെന്നതിന് വ്യക്തതയില്ല.

2. 589.88m2 കെട്ടിടത്തിനുള്ള അധിക ഫീസ് റവന്യൂ വകുപ്പിൽ അടവാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാതെ അനുമതി നൽകി. ഈ ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക നഷ്ടമായി.

ആർ.ഡി.ഒ യുടെ ഉത്തരവ് ഉറപ്പാക്കാതെ നൽകിയ അനുമതി സ്ഥാപനത്തിന്റെ റഗുലേറ്ററി സംവിധാനത്തിൽ വന്ന വീഴ്ചയായി ഓഡിറ്റിൽ വീക്ഷിക്കുന്നു.

1-72 കെട്ടിട നിർമ്മാണ അനുമതി -ഭൂമിയുടെ തരം മാറ്റിയ വില്ലേജ് ഓഫീസിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

ഒല്ലൂക്കര സോണൽ

കെട്ടിട നിർമ്മാണ അപേക്ഷ ഫയൽ - OLK3/3152/ 22/BA/93/22-23

അപേക്ഷകൻ -ശ്രീ.രാജേന്ദ്രൻ.സി, ചിങ്ങപുരത്ത് വീട്, ഒല്ലൂക്കര, തൃശ്ശൂർ

ഒല്ലൂക്കര വില്ലേജിൽ സർവ്വെ നമ്പർ 403/3 ൽ പ്പെട്ട സ്ഥലത്ത് വാണിജ്യാവശ്യത്തിനായുള്ള 391.87m2 കെട്ടിടം പണിയുന്നതിന് മേൽപ്രകാരം അപേക്ഷ സമർപ്പിക്കുകയും 08/02/2023 ൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പൊസഷൻ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം "BTR Not Avilable " എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷയോടൊപ്പം കേരള തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം ഒല്ലൂക്കര വില്ലേജിലെ സർവ്വെ നമ്പർ 0.0222 ഹെക്ടർ ഭൂമിയുടെ തരം വില്ലേജ് രേഖകളിൽ മാറ്റം വരുത്തി, കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി കൊണ്ടുള്ള തൃശ്ശൂർ സബ്ഡിവിഷണനൽ ഓഫീസറുടെ നടപടിക്രമം ഡി7-419826/2022 തീ.14/09/2022 സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ച നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവ് പ്രകാരം തഹസിൽദാർ (ഭൂരേഖ), തൃശ്ശൂർ താലൂക്കിന്റെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ഒല്ലൂക്കര വില്ലേജിൽ ഭൂമിയുടെ തരം മാറ്റികൊണ്ടുള്ള പൊസഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് കെട്ടിട ഉടമയിൽ നിന്ന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിനുള്ള മറുപടിയിൽ റവന്യൂരേഖകളിൽ തരം മാറ്റം സംബന്ധിച്ച നടപടികൾ നടന്നുവരുന്നതാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 6/18.10.23)

1-73 അഗ്നിസുരക്ഷാ സാക്ഷ്യപത്രം ഉറപ്പാക്കിയില്ല

ഫയൽ നമ്പർ: DW4/BA/107/22-23

ഡിവൈൻ പ്രൊവിഡൻസിൽ നിന്ന് 30.07.2022 ന് ലഭിച്ച അപേക്ഷ പരിശോധിച്ച് 366.74 M2 വിസ്തീർണ്ണം വരുന്ന റസിഡൻഷ്യൽ കെട്ടിടത്തിന് 20.08.2022 തിയതിയിൽ DW4/BA/107/22-23 നമ്പറായി നഗരസഭ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം(4) അനുസരിച്ച് വിനിയോഗ ഗണം എ1 ഗണത്തിൽ വരുന്നതും നിർമ്മിത വിസ്തീർണ്ണം 300 M2 കവിയുന്നതുമായ കെട്ടിടങ്ങളുടെ സംഗതിയിൽ അഗ്നിസുരക്ഷ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുന്ന അനുബന്ധം-L ലുള്ള സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്. എന്നാൽ അഗ്നിസുരക്ഷാ സാക്ഷ്യപത്രം ഉറപ്പാക്കാതെ അനുമതി നൽകുകയാണ് ഉണ്ടായിട്ടുള്ളത്.

സാക്ഷ്യപത്രം ഉറപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട (74/22-23 തി.6.11.2023) ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. 2019 ലെ കേരളാ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് നിർമ്മാണാനുമതി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-74 അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഒല്ലൂർ മേഖലാ കാര്യാലയം

2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1 ഒക്യുപൻസിയിൽപ്പെട്ട നിർമ്മിത വിസ്തൃതി 300 ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുള്ള എല്ലാ കെട്ടിടങ്ങൾക്കും National Building Code Of India, 2016-ലെ പാർട്ട് 4 ഫയർ ആന്റ് സേഫ്റ്റിലേയും തുടർ ഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾക്കും പിന്നീടുള്ള ഭേദഗതികൾക്കും വിധേയമായാണ് കെട്ടിടത്തിന്റെ നിർമ്മാണം നടപ്പാക്കുന്നതെന്ന് കാണിച്ചുകൊണ്ടുള്ള പ്ലാനും, പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയറുടെ സാക്ഷ്യപത്രവും, Appendix L ൽ അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. പകർപ്പ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ സമർപ്പിക്കേണ്ടതുമാണ്. താഴെ പറയുന്നവരിൽ നിന്നും ഇപ്രകാരമുള്ള Appendix L സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.10:തീയതി 16.11.2023 ന് മറുപടി ലഭ്യമാക്കിയില്ല

| ക്രമ നം. | പേര് | തറ വിസ്തീർണ്ണം | പെർമ്മിറ്റ് നം |
|---|---|---|---|
| 1 | രാജീവ് മേനോൻ | 567.48m2 | OLR/BA/70/22-23 |
| 2 | രഘു പ്രസാദ് | 410.69m2 | OLR/BA/60/22-23 |
| 3. | റപ്പായി | 395.23m2 | OLR/BA/108/22-23 |

## 1-75 പെർമിറ്റിൽ നിന്നും അധികരിച്ച എഫ്.എസ്.ഐ യ്ക്കു അധിക ഫീസ് ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ - R4/DW4/BA/193/13-14

R4/45444/22

കെട്ടിട ഉടമ -ശ്രീ. ശ്രീനിവാസൻ കെ.ആർ, കരിംപറമ്പിൽ, പുത്തൂർ പി.ഒ

തൃശ്ശൂർ കോർപ്പറേഷൻ തൃശ്ശൂർ വില്ലേജിൽ സർവ്വേ നം.142/1 ൽപ്പെട്ട സ്ഥലത്ത് 5136.35ച.മീ വിസ്തീർണ്ണത്തിൽ ഗ്രൂപ്പ് എഫ് വിഭാഗത്തിൽപ്പെട്ട വാണിജ്യ കെട്ടിടം പണിയുന്നതിന് ശ്രീ.ശ്രീനിവാസൻ.കെ.ആർ, കരിംപറമ്പിൽ, പുത്തൂർ.പി.ഒ എന്നവർക്ക് 30/10/2013 ൽ ഫയൽ നം DW4/BA/193/13-14 പ്രകാരം 4303.55 ച.മീ ന് ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കുകയും തുടർന്ന് 05/09/2018 ൽ ഇതേ ഫയൽ പ്രകാരം 5137.40 ച.മീ വിസ്തീർണ്ണത്തിന് ബിൽഡിങ്ങ് പെർമിറ്റ് പുതുക്കി നൽകുകയും 03/02/2022 ൽ ഒക്യുപ്പൻസി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് നൽകിയ പ്ലാൻ പ്രകാരം എഫ്.എസ്.ഐ (F.S.I) 2.5 ആണ്. ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട കംപ്ലീഷൻ പ്ലാൻ പ്രകാരം എഫ്.എസ്.ഐ (F.S.I) 3.03 ആണ്. 2019 ലെ കെ.എം.ബി.ആർ ചട്ടം 27 ടേബിൾ 6 പ്രകാരം അധികഫീസ് ഇല്ലാതെ അനുവദനീയമായ എഫ്.എസ്.ഐ (F.S.I) 3 ആണ്. അനുവദനീയമായ എഫ്.എസ്.ഐ (F.S.I) നേക്കാൾ അധികമായി നിർമ്മാണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്ലോട്ട് ഏരിയ | 1165 ച.മീ |
| പ്ലിന്ത് ഏരിയ | 5136.35ച.മീ |
| ഫ്ലോർ ഏരിയ | 3532.02ച.മീ |

| | |
|---|---|
| എഫ്.എസ്.ഐ | 3532.02/1165=3.03 |
| ഫീസില്ലാതെ അനുവദനീയമായ എഫ്.എസ്.ഐ | 3 |
| ഫീസില്ലാതെ അനുവദനീയമായ ഫ്ലോർ ഏരിയ | 3X1165=3495 ച.മീ |
| സെക്രട്ടറി അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള ഫ്ലോർ ഏരിയ | 3532.02 ച.മീ |
| അധികം ഫ്ലോർ ഏരിയ | 37.02(3532.02-3495)ച.മീ |
| അധിക വിസ്തീർണ്ണത്തിന് ഈടാക്കേണ്ട അധിക ഫീ (കെ.എം.ബി.ആർ പട്ടിക പ്രകാരം അധികമുള്ള ഓരോ ച. മീറ്ററിനും 5000/- രൂപ നിരക്കിൽ) | 37.02x5000=185100/- |

2019 ലെ കെ.എം.ബി.ആർ ചട്ടം 27 ടേബിൾ 6 പ്രകാരം അധികമുള്ള ഓരേ ച.മീനും 5000/- രൂപ ഈടാക്കേണ്ടതാണ് എന്നാൽ ആയത് ഈടാക്കി കാണുന്നില്ല. 1,85,100/-രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ഉണ്ടായ 1,85,100/- രൂപയുടെ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.59/25.10.23)

## 1-76 നഗരസഭയുടെ റഗുലേറ്ററി സംവിധാനം കാര്യക്ഷമമല്ല - അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിൽ സ്ഥാപനങ്ങൾ കാലങ്ങളായി പ്രവർത്തിക്കുന്നു

ഫയൽ നമ്പർ: DW5/BR/20/22-23

കോർപ്പറേഷൻ 55-ാം ഡിവിഷനിൽ ലയൺസ് ക്ലബ്ബിന്റെ ഉടമസ്ഥതയിൽ വരുന്ന കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി 31.05.2022 ന് ഉടമ അപേക്ഷ സമർപ്പിച്ചുവെങ്കിലും പ്രസ്തുത സ്ഥലം നിലം ആയതിനാൽ കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിച്ച് നൽകിയിട്ടില്ല.

കെട്ടിടക്രമവൽക്കരണം ഫയൽ നമ്പർ DW5/BR/20/22-23 പ്രകാരം 972.44m2 വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടമാണ് ക്രമവൽക്കരിക്കേണ്ടത്. പ്രസ്തുത സ്ഥലം നിലം ആയതിനാൽ ഭൂമി തരം മാറ്റിയ ഉത്തരവ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കോർപ്പറേഷനിൽ നിന്നും അറിയിപ്പ് നൽകി. എന്നാൽ ടി ഫയലിൽ തുടർനടപടിയുണ്ടായിട്ടില്ല.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റവന്യൂ രേഖകകൾ പ്രകാരം ഈ കെട്ടിടത്തിന്റെ 43 $M^2$ വിസ്തീർണ്ണത്തിന് 55/1196 എന്ന കെട്ടിടനമ്പർ നൽകിയിട്ടുണ്ട്.

2. റവന്യൂ ഇൻസ്പെക്ടറുമായി 10.11.2023ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ 55/1196 എന്ന കെട്ടിട നമ്പർ ഉപയോഗിച്ച് താഴെപ്പറയും പ്രകാരമുള്ള സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നു.

| Floor | Area (M2) | Details |
|---|---|---|
| GF | 398.32 | ഹോട്ടൽ പ്രവർത്തിക്കുന്നു |
| FF | 287.06 | ലയൺസ് ക്ലബ്ബ് ഓഫീസ്&ക്ലാസ്സ് റൂം |
| SF | 287.06 | ലയൺസ് ക്ലബ്ബ് കോൺഫറൻസ് ഹാൾ |
| Total | 972.44 | |

3. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോട്ടൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നതാണ്.

4. വർഷങ്ങളോളം കാലപ്പഴക്കമുള്ള ഈ കെട്ടിടത്തിന്റെ നികുതിയായി അടവാക്കി വരുന്നത് 43 $M^2$ ന് മാത്രമാണ്.

5. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 27 എ(6) പ്രകാരം 2.02 ആർ വിസ്തൃതിയിലുള്ള നിലം നികത്ത് ഭൂമിയിൽ 40 $M^2$ വാണിജ്യകെട്ടിടം പണിയുന്നതിനെ അനുമതിയുള്ളൂ എന്നിരിക്കെ 972.44 $M^2$ കെട്ടിടം പണിതീർത്തതും അതിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും അറിയാനായില്ല എന്നത് കോർപ്പറേഷന്റെ റഗുലേറ്ററി സംവിധാനത്തിൽ വന്നിട്ടുള്ള വീഴ്ചയാണ്.

5. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി പ്രവർത്തനാനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. എന്നാൽ ഈ കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

6. അനധികൃതമായ കെട്ടിടത്തിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 (3 )അനുസരിച്ച് പ്രത്യേക നമ്പർ നൽകി സെക്ഷൻ 242 അനുസരിച്ച് വസ്തുനികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്മേൽ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ : 84/22-23 തി.13.11.2023) മറുപടി ലഭ്യമാക്കുകയുണ്ടായിട്ടില്ല.

ടി കെട്ടിടത്തിൻമേൽ നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

അനധികൃതനിർമ്മാണങ്ങളെ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ നിരവധി സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. അവധി ദിവസങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 1725325/ആർ.എ2/2017/തസ്വഭവ തി.31.08.2017 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഉടനീളം അനധികൃതനിർമ്മാണങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത്തരം നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് 60203/ആർ.എ1/2014/തസ്വഭവ തി.18.10.2014 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള

സംവിധാനം കാര്യക്ഷമമാകേണ്ടതും നിയമാനസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നികുതി നിർണ്ണയത്തിൽ നിന്നും വിട്ടുപോകുന്ന ഇത്തരം കെട്ടിടങ്ങളെ കണ്ടെത്തി നികുതി പരിധിയിൽ കൊണ്ടു വരേണ്ടതും, റഗുലേറ്ററി സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-77 ഒല്ലൂർ സോണൽ - വിവരാവകാശ അപേക്ഷകൾ ലഭ്യമായതിനെ തുടർന്നുള്ള പരിശോധനയിൽ അനധികൃത നിർമ്മാണം കണ്ടെത്തിയ കെട്ടിടങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്

ഫയൽ നം : OLR5/5513/2021

1.കോർപ്പറേഷൻ ഒല്ലൂർ സോണൽ ഡിവിഷൻ 30 ൽ PWD റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന അക്കര ചാക്കോ ജോസഫ് മുതൽ പേരുടെ ഉടമസ്ഥതയിലുള്ള അക്കര ജ്വല്ലേഴ്സ്, അക്കര ടവേഴ്സ് എന്നീ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ ചൂണ്ടിക്കാട്ടി കെ.ഡി.റപ്പായി കോനിക്കര വീട്, ഒല്ലൂർ എന്ന വ്യക്തി നൽകിയ പരാതി പരിഗണിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തതിന്മേൽ നിയമാനസൃതം തുടർ നടപടി എടുക്കാൻ ആവശ്യപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി 3.7.2019 ൽ നം. RB2/243/2019 തസ്വഭവ കത്ത് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. (കെട്ടിട നമ്പർ30 /234 മുതൽ 269 വരെ [പഴയ കെട്ടിട നമ്പർ 11/416 (1) മുതൽ 11/416 (36)])

അക്കര ടവർ സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ രണ്ട് കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഒന്നാമത്തെ കെട്ടിടവും രണ്ടാമത്തെ കെട്ടിടവും തമ്മിൽ ഒരു പാസേജ് വഴി ഫസ്റ്റ് ഫ്ലോറിൽ ഷീറ്റ് റൂഫിംഗ് നടത്തിയപ്പോൾ ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിലാണ് CTP വിജിലൻസ് സ്ഥല പരിശോധന നടത്തി ചട്ടലംഘനങ്ങൾ റിപ്പോർട്ട്ചെയ്തിട്ടുള്ളത്. അക്കര ജ്വല്ലറി എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിലും അനധികൃത നിർമ്മാണം നടത്തിയതിനെതിരെ 18.5.2016 ൽ കോർപ്പറേഷൻ നോട്ടീസ് നൽകിയെങ്കിലും 5.1.2017 ന ശേഷം തുടർ നടപടി സ്വീകരിച്ചിട്ടില്ല. CTP വിജിലൻസ് നടത്തിയ പരിശോധനയിൽ അക്കര ടവർ എന്ന കെട്ടിടത്തിൽ KMBR 1999 ചട്ടം 24(3), 24(5), 25(1), 34 എന്നിവ ലംഘിക്കുന്നതായി കണ്ടെത്തി.

തുടർന്ന് 27.7.21 ൽ OLR5/5513/21 നമ്പർ കോർപ്പറേഷൻ നോട്ടീസ് പ്രകാരം IInd Floor ലെ ഷീറ്റ് റൂഫിംഗ് വടക്ക് പടിഞ്ഞാറ് വശങ്ങളിൽ കെട്ടിടത്തിൽ നിന്ന് 3 M തള്ളിനിൽക്കുന്നതായും, രണ്ടാം കെട്ടിടത്തിന്റെ Second Floor ൽ പില്ലർ ഉയർത്തി Sheet Roofing ചെയ്തതായും, KMBR 1999 ചട്ടങ്ങൾ 24(3), 24(5), 25(1), 34 എന്നിവ പാലിക്കുന്നില്ല എന്നും പെർമിറ്റ് പ്ലാൻ, ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം നഗരസഭ തുടർ നടപടികൾ എടുക്കുന്നതായിരിക്കുമെന്നും അറിയിച്ചു.

തുടർന്ന് 27.10.21 ൽ OLR4/5513/21 പ്രകാരം KMA Act 406 ൽ 1 പ്രകാരം താൽക്കാലിക ഉത്തരവ് നൽകുകയും ആയതിന് ഉടമസ്ഥൻ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 3.1.22 ന് എക്സി.എഞ്ചിനീയർ മുമ്പാകെ ഹിയറിംഗ് നടത്തി. ഹിയറിംഗ് പ്രകാരമുള്ള വിശദീകരണം തൃപ്തികരമല്ലാത്തതിനാലും സ്ഥലപരിശോധനയിൽ ചട്ടലംഘനം ഉള്ളതിനാലും 29.6.22 ൽ OLR4/5513/22 നം. സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ പ്രകാരം 5

ദിവസത്തിനകം അനധികൃത നിർമ്മാണം നീക്കം ചെയ്യാൻ ഉത്തരവായി. ഡിപ്പാർട്ടുമെന്റലായി നീക്കം ചെയ്യുന്നതിന്റെ ചെലവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കുമെന്നും അറിയിച്ചു.

KMA Act സെക്ഷൻ 406(3) പ്രകാരം പ്രസ്തുത ഉത്തരവിനെതിരെ കെട്ടിട ഉടമകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണലിൽ പരാതി നൽകിയതിനെ തുടർന്ന് ഇനിയൊരു ഉത്തരവ് ഉണ്ടാകും വരെ കോർപ്പറേഷന്റെ 29.6.22 ലെ നടപടിക്രമം പ്രകാരമുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തു.

പ്രസ്തുത ഇടക്കാല ഉത്തരവിനോടൊപ്പം പുറപ്പെടുവിച്ചിട്ടുള്ള അനുബന്ധ നോട്ടീസ് പ്രകാരം 17.9.22ന് ഇരു കക്ഷികളെയും ഉൾപ്പെടുത്തി വിചാരണ തീരുമാനിച്ചിരുന്നതായി മനസ്സിലാകുന്നു. [KMAct U/s 509(6)] ലഭ്യമാക്കിയ ഫയൽ പ്രകാരം മേൽ കേസിൽ വസ്തുത വിവരണ പത്രിക തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് 15.9.22 നാണ് സെക്രട്ടറി അംഗീകരിച്ചത് 11.10.22 നും. ഫയലിൽ തുടർന്നുള്ള വിവരങ്ങളോ രേഖകളോ കാണുന്നില്ല.

ഫയലിൽ ഉൾചേർത്തിരിക്കുന്ന 30.7.21 ലെ OLR5/5513/21 HS നുള്ള കുറിപ്പ് പ്രകാരം ടി കെട്ടിടങ്ങളിൽ പുതിയ ലൈസൻസ്, കെട്ടിട നമ്പർ എന്നിവ അനുവദിക്കേണ്ടതില്ല എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ മേഖലാ ഓഫീസിൽ HI പരിശോധന നടത്തി ഉറപ്പുവരുത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമായിട്ടില്ല.

പ്രസ്തുത കേസിന്റെ തുടർ നടപടി വിവരങ്ങളും നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്.

2.ഫയൽ OLR4/702/22, OLR4/04/2022

കെ.ഡി.റപ്പായി, കോനിക്കര വീട് എന്നവരുടെ 27.12.21 ലെ അപേക്ഷയിലെ ഡിവിഷൻ 31 ൽ ഒല്ലൂർ പള്ളിക്കു സമീപം പ്രവർത്തിക്കുന്ന ലയൺസ് ക്ലബ്ബിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതിയിൽ (12.4.21ലെ 52225 നം.) 5.2.22 ൽ നൽകിയ മറുപടി തൃപ്തികരമല്ലാതെ ടിയാൻ അപ്പീൽ നൽകുകയും 12.4.21 ന് കോർപ്പറേഷൻ എക്സി.എഞ്ചിനീയറുടെ ചേംബറിൽ വെച്ച് നടന്ന ഹിയറിംഗിൽ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാമെന്ന് ലയൺസ് ക്ലബ്ബ് ഭാരവാഹികൾ ഉറപ്പ് നൽകിയത് പാലിക്കപ്പെടാത്തതിനാൽ KMBR 2019 ന് അനുസൃതമായി 15.1.22 ന് നോട്ടീസ് നൽകിയതായും ആയതിന് 23.2.22 ന് ക്ലബ്ബ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 9.3.22 ലയൺസ് ക്ലബ്ബിന്റെ പിറകുവശത്തെ നിർമ്മാണങ്ങൾ KMBR നു വിധേയമായി പൊളിച്ചു നീക്കുന്നതിന് അന്തിമ ഉത്തരവ് നൽകിയതായും മേൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും നിലവിലെ അവസ്ഥയും അറിയിക്കേണ്ടതാണ്. (OLR/PW1/2736/20 നം.ഫയൽ ലഭ്യമാക്കിയിട്ടില്ല)

3. ഫയൽ നം.OLR4/434/23

16.2.23 ൽ ബിനോയ്.എം.ഐ എന്നവർ വിവരാവകാശം പ്രകാരം OLR/4/1960/22/23.5.22 പ്രകാരമുള്ള ടിയാന്റെ പരാതിയുടെ തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ടു. ആയതിന് അസി.എഞ്ചിനീയർ ഒല്ലൂർ മേഖലാ കാര്യാലയം 14.3.23 ൽ നൽകിയ മറുപടിയിൽ പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭാ ഓവർസിയർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതായും ആയത് ഹാജരാക്കാത്തതിനാൽ കെട്ടിടം റഗുലറൈസ് ചെയ്യണമെന്നറിയിച്ചു കൊണ്ട് വീണ്ടും അറിയിപ്പ് നൽകിയതായും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നൽകി. കെട്ടിടം

സംബന്ധിച്ച വിശദാംശങ്ങൾ മേൽ ഫയലിൽ വ്യക്തമായി രേഖപ്പെടുത്തി കാണുന്നില്ല. തുടർനടപടി വിവരം, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/17.11.23) മറുപടി ലഭ്യമാക്കിയില്ല. വിവരാവകാശ അപേക്ഷകൾ ലഭ്യമായതിനെ തുടർന്നാണ് മേൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ത.സ്വ.ഭ. ആർ.എ വകുപ്പിന്റെ 31.8.2017 ലെ 1725325/ആർ.എ2/2017 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി ഒരു സ്ക്വാഡ് സ്ഥാപനതലത്തിൽ രൂപീകരിക്കണമെന്നും പരിശോധനകൾ നടത്തി ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശമുണ്ട്. സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് അനധികൃത നിർമ്മാണങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞവയിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-78 ഒല്ലൂക്കര സർക്കാർ പുറമ്പോക്കിലെ അനധികൃത നിർമ്മാണങ്ങൾ ഒഴിപ്പിക്കേണ്ടതാണ്

കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് വകുപ്പ് 233, 2-ാം വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം ക്രമവൽക്കരിക്കുകയോ പൊളിച്ചു മാറ്റുകയോ ചെയ്യുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

താഴെ ചേർത്ത വിലാസങ്ങൾ പുറമ്പോക്ക് ഭൂമിയിൽ വീട് വച്ച് താൽക്കാലികമായി കെട്ടിട നമ്പർ ലഭിച്ചവരുടേതാണ്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവർക്ക് ചെറിയ വീട്/കുടിൽ വയ്ക്കുവാനും ആയതിന്റെ മാനദണ്ഡങ്ങൾ പരിശോധിച്ച് അർഹരായവർക്ക് ടി ഭൂമിക്ക് പട്ടയം അനുവദിക്കുവാനുമാണ് സർക്കാർ വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ചില കെട്ടിടങ്ങൾ കുടിൽ എന്ന പട്ടികയിൽ ഉൾപ്പെടുത്താനാവാത്തതാണ്. പുറമ്പോക്ക് കെട്ടിടമാകയാൽ കെട്ടിട നികുതി ഒഴിവാക്കി നൽകിയിട്ടുമുണ്ട്. കെട്ടിടത്തിന്റെ വിവരണം ഉണ്ടെങ്കിലും പലതിലും വിസ്തൃതി എഴുതി ചേർത്തിട്ടില്ല. 2010 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ പുറമ്പോക്ക് UAC നൽകി കാണുന്നു. വൈദ്യുതി, വെള്ളം, റേഷൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി എന്നിവ ലഭിക്കുവാനാണ് താത്കാലിക കെട്ടിട നമ്പർ നൽകിയിട്ടുള്ളത്.

| ക്രമ നം | പേര്/വിലാസം | UA നമ്പർ | PUAC രജിസ്റ്റർ | പ്രാബല്ല്യ തീയതി | കെട്ടിട വിവരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പേജ് നം. | | |
| 1 | മുരളീധരൻ കൊട്ടേക്കാട്ട് പറമ്പിൽ മണ്ണുത്തി | 8/UA(p)149(1) | 3 | 1.4.2010 | ഷീറ്റ് മേഞ്ഞ ഒരു നില 2 മുറി അടുക്കള |
| 2 | റംല W/o ഹംസ കോടഞ്ചേരി ഹൗസ് | 9/UA(p)543(1) | 3 | 1.10.2010 | ഷീറ്റ് മേഞ്ഞ ഒറ്റ മുറി അടുക്കള കെട്ടിടം |
| 3 | രവി.കെ.ബി കൊല്ലം പറമ്പിൽ പി.ഒ കുട്ടാല | 9UA(p)169(1) | 3 | 1.10.2010 | ഷീറ്റ് മേഞ്ഞ് ഒരു മുറി ഹാൾ അടുക്കള, നിലം ടൈൽ |
| 4 | നഫീസ W/o അബ്ദുള്ള കുറിയാലിൻ ഹൗസ് | 9/UA(p)134(5) | 5 | രേഖപ്പെടുത്തിയിട്ടില്ല | വാർപ്പ്, ടൈൽ 3 മുറി സിറ്റൗട്ട്, അടുക്കള, ടോയ്‌ലറ്റ് |
| 5 | ഗിരീഷ്.പി.എം പുത്തൻപുരയ്ക്കൽ കുട്ടാല | 9/UA(p)1133(9) | 5 | രേഖപ്പെടുത്തിയിട്ടില്ല | ഒറ്റ നില വാർപ്പ്, 2 മുറി, ടൈൽ ഹാൾ, ഡൈനിംഗ്, അടുക്കള ടോയ്‌ലറ്റ് |
| 6 | വിജയലക്ഷ്മി കൊട്ടിക്കൽ, മുല്ലക്കര, മണ്ണുത്തി | 9/PUAC /620(1) | 7 | 1.10.2011 | ടെറസ്, 2 മുറി, ഹാൾ ഡൈനിംഗ്, അടുക്കള വർക്ക് ഏരിയ (73.93$^{2}$) |
| 7 | എൽസമ്മ.ജെ ചലമന W/oജോയ് കാളത്തോട് | 5/UA/55/(3) | 7 | 1.04.12 | ടെറസ്, രണ്ടു നില കെട്ടിടം, രണ്ട് റൂം, സ്റ്റെയർ റൂം, രണ്ട് ഹാൾ, ടോയ്‌ലറ്റ് 141.42$m^2$ |

| | | | | | |
|---|---|---|---|---|---|
| 8 | ജോസ്, ചിറമ്മൽ അന്തോണി പട്ടാളക്കുന്ന് | 7/415/(1)UA | 7 | 14.5.13 | കനാൽ പുറമ്പോക്ക് മറ്റ് വിവരണമില്ല |
| 9 | ബിന്ദു.കെ.എസ് കൊടകര ഹൗസ് മണ്ണത്തി | 9/PUAC /589(2) | 11 | 2.11.14 | ഷീറ്റ് മേഞ്ഞ 2 മുറി അടുക്കള, 58m$^2$ |
| 10 | ചന്ദനം പണ്ഡിതർ ഹൗസ് ഒല്ലൂക്കര | 9/PUAC /879/D2 | 11 | 1.04.13 | കാർ പാർക്കിംഗ് + സർവ്വീസ് സ്റ്റേഷൻ |
| 11 | ചന്ദനം പണ്ഡിതർ ഒല്ലൂക്കര | 9/PUAC /879/D1 | 11 | 1.10.13 | ഷീറ്റ് മേഞ്ഞ ഷെഡ് RCC ലിന്റൽ |
| 12 | കെ.വി.കുട്ടൻ കിഴക്കിനേടത്ത് ഹൗസ് മുല്ലേക്കര | 9/PUAC /589(2) | 15 | 1.10.13 | 2 റൂം, ഹാൾ, സിറ്റൗട്ട്, അടുക്കള, സ്റ്റോർ 64.20m$^2$ |
| 13 | വിത്സൺ.സി.എൽ ചേറ്റുപുഴക്കാരൻ മുല്ലക്കര, ആനകൊട്ടിൽ | TMC/XVII/PUA 1116/4 | 21 | 27.05.16 | 3 റൂം, ഹാൾ, സിറ്റൗട്ട്, അടുക്കള, സ്റ്റെയർ, ടോയ്‌ലറ്റ് 900m$^2$ |
| 14 | സിസിലി, W/oസോളമൻ കൊട്ടേക്കാടൻ പറമ്പ് മുല്ലക്കര | PUA/IX/646/1 | 25 | 13.06.17 | ടെറസ് വീട് 450 M$^2$ |
| 15 | ജെയ്സൺ ദേവസ്സി പൊതുമ്പൻ ചിറ ഹൗസ് | PUA/18/41 | 25 | 27.08.17 | ടെറസ്, 2 മുറി ഹാൾ, ഡൈനിംഗ്, അടുക്കള, 83m$^2$ |

| | | | | | |
|---|---|---|---|---|---|
| | മണ്ണുത്തി | | | | |
| 16 | സരോജിനി ബാലകൃഷ്ണൻ കരുവന്നൂക്കാരൻ ഹൗസ് മുല്ലക്കര | PUA/XVII/42 PUA/IX /602/(1) | 25 | 01.11.17 | ഒറ്റനില ടെറസ് |
| 17 | പി.കെ.നബീസ കെ.കെ.അഹമ്മദ് കൊതുവിൽ മുല്ലക്കര | PUA/17/46 | 27 | 1.10.2017 | ടെറസ്, 2 മുറി, സിറ്റൗട്ട്, ഹാൾ, ഡൈനിംഗ്, അടുക്കള, ടോയ്‌ലറ്റ് W/A 132.21$m^2$ |
| 18 | മോഹനൻ S/o രാഘവൻ പുളിങ്കുഴി ഹൗസ് പട്ടാളക്കുന്ന് | PUA/17/48 | 29 | 22.03.18 | ടെറസ്, സിറ്റൗട്ട്, ഹാൾ, 3 മുറി, അടുക്കള, ടോയ്‌ലറ്റ് W/A 74.34 $M^2$ |
| 19 | സരോജിനി, തൈപറമ്പ് ഹൗസ് അയ്യപ്പൻ കാവ് മുളയം | PUA/18/48 | 29 | 22.03.18 | ടെറസ്, 3 മുറി ഹാൾ, അടുക്കള, ടോയ്‌ലറ്റ് 76.56$m^2$ |
| 20 | കബീർ കുണ്ടംവളപ്പിൽ ഹൗസ് മണ്ണുത്തി | PUAC/18 /1400/1 | 31 | 4.06.20 | വിവരണമില്ല |
| 21 | അലീമ വടക്കേതിൽ ഹൗസ് തിരുവാണിക്കാവ് പാറപ്പുറം, മണ്ണുത്തി | PUAC/21/50 | 31 | 5.3.21 | വിവരണമില്ല |

| | | | | | |
|---|---|---|---|---|---|
| 22 | റംല ഹംസ കോടഞ്ചേരി ഹൗസ് മണ്ണുത്തി, മുളയം | PUAC/440/A | 33 | 25.03.21 | ടെറസ്, മറ്റ് വിവരണമില്ല |
| 23 | റിച്ച ചാക്കോ പൊനമ്പൻ ചിറ ഹൗസ് പട്ടാളക്കുന്ന് | PUAC/18 /1351/1 | 33 | 26.07.17 | ടെറസ്, ഒന്നാം നില $19.42m^2$ താഴത്തെ നില $113.90m^2$ |
| 24 | കൊച്ചുവീട്ടിൽ അലി മകൻ ഉമ്മർ | PUAC/17 /303/5 | 33 | 2017/ തീയതി ഇല്ല | ഓട് വീട് മറ്റ് വിവരണം ഇല്ല |
| 25 | കനകം എലിഞ്ഞിക്കോടൻ ഇലഞ്ഞിക്കുളം, മണ്ണുത്തി | PUAC/18 /1483(2)/33 | 33 | 2017/ തീയതി ഇല്ല | ഓട് വീട് മറ്റ് വിവരണം ഇല്ല |
| 26 | ബാലകൃഷ്ണൻ പൊട്ടനാട്, മറ്റപ്പിള്ളി അയ്യപ്പനൻകാവ് മുളയം | PUAC/17 /993(1) | 33 | 2017/ തീയതി ഇല്ല | ഓട് വീട് മറ്റ് വിവരണം ഇല്ല |
| 27 | സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ ക്ലബ് | PUAC/17 /486(1) | 35 | 2017/ തീയതി ഇല്ല | ഓട് വീട് മറ്റ് വിവരണം ഇല്ല |
| 28 | പുത്തൂർ കൊച്ചാപ്പൻ ഭാര്യ റോസി | PUA/16 /1688/(1) | 35 | 2016/തീയതി ഇല്ല | വീട് |
| 29 | പഴമുക്കിൽ സുരേഷ് ഭാര്യ സുബിത | PUA/18 /1370/(1) | 35 | 2018/തീയതി ഇല്ല | വീട് |
| 30 | ഓമന, വേങ്ങാട്ടുപറമ്പിൽ | PUA/17 /1104/(3) | 35 | 2017/ തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ആനക്കൊട്ടിൽ, മുല്ലക്കര | | | | |
| 31 | മേരി പോൾ അറയ്ക്കൽ ഹൗസ്, കുട്ടാല | PUA/17/853(1) | 35 | 2018/തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |
| 32 | നിഷാർ.കെ.എം കുരിക്കള പീടിക മണ്ണുത്തി | PUA/17 /1100/(6) | 35 | 2017/ തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |
| 33 | ഇമ്മട്ടി മാത്യു ജോസ് | PUA/15/1650 | 37 | 2015/തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |
| 34 | കെ.എസ്.മണി കോനിക്കര, മുല്ലക്കര | PUA/17 /1100/6-1 | 37 | 2017/ തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |
| 35 | സരസ്വതി.ഇ.എസ് ഇരവിമംഗലത്ത് ഹൗസ് ആനക്കൊട്ടിൽ, മുല്ലക്കര | PUA/17/1112/(1) DLK2/3061/22 | 37 | 2022/ തീയതി ഇല്ല | വീട്, മറ്റ് വിവരണം ഇല്ല |
| 36 | ഷഹീദ്.വി.എ അബ്ദുൾ സലീം വലിയകത്ത്ഹൗസ്, മണ്ണുത്തി | PUA/18/312/1 DLK2/3502/22 | 37 | 25.11.22 | വീട്, മറ്റ് വിവരണം ഇല്ല |
| 37 | എ.സാംസൺ മാത്യു മണ്ണൂർ ഭവൻ പടി മുല്ലക്കര | PUA/17 /1189/(2) DLK2/1316/23 46.36 $M^2$ | 39 | 04.05.23 | വീട്, മറ്റ് വിവരണം ഇല്ല |
| 38 | സാജു സണ്ണി മഠത്തിപ്പറമ്പിൽ ഹൗസ് | PUA/17/46(1) DLK2/1604/23 126.39 $M^2$ | 39 | 23.6.23 | പുറമ്പോക്ക് വീട് മറ്റു വിവരണം ഇല്ല |

| | | | | | |
|---|---|---|---|---|---|
| | മണ്ണുത്തി | | | | |
| 39 | ഉഷ സത്യൻ കിഴക്കുട്ടിൽ ഹൗസ് മണ്ണുത്തി (ഉണ്ണി മിശിഹാപള്ളി സമീപം) | PUA/17 /1055(1) DLK2/1934/23 | 41 | 07.07.23 | പുറമ്പോക്ക് വീട് മറ്റു വിവരണം ഇല്ല |

മേൽ പറഞ്ഞ രീതിയിൽ കെട്ടിടങ്ങൾക്ക് PUAC നമ്പറുകൾ നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (12/22-23/ഒല്ലൂക്കര/19.10.23) മറുപടി ലഭിച്ചില്ല. അനധികൃതമായി പണിത വീടുകൾക്ക് അനിശ്ചിതമായി യുഎ നമ്പർ നൽകി പിഴയും ഫീസും ഈടാക്കുന്ന രീതി സ്വാഗതാർഹമല്ല. റവന്യൂ/ഇറിഗേഷൻ വിഭാഗങ്ങളിൽ നിന്നുമുള്ള അനുമതിയ്ക്കനുസരിച്ച് അനധികൃത കെട്ടിടങ്ങളിൽ അംഗീകരിക്കാനാകുന്നവ നിലനിർത്തി ബാക്കിയുള്ളവ നീക്കം ചെയ്യുവാൻ നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-79 ആർജ്ജിതാവധി സറണ്ടർ രണ്ടു തവണ അനുവദിച്ചു

25/2/2023 തിയതിയിലെ G.O.(P)No.20/2023/Fin ഉത്തരവു പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ ആർജ്ജിതാവധി സറണ്ടർ അനുവദിക്കാവുന്നതാണ്. എന്നാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്ക് 2022-23 ആർജ്ജിതാവധി സറണ്ടറിന്റെ കൂടെ 28/03/2022 തിയതിയിലെ AUEGS/17216/14 VOL IV ഉത്തരവ് പ്രകാരം 2021/2022 സാമ്പത്തിക വർഷത്തിലെ ആർജ്ജിതാവധി സറണ്ടർ കൂടി അനുവദിച്ചിട്ടുണ്ട് (തുക-15510*2=31020/- വൗച്ചർനമ്പർ.22205109,തീ.29/3/23, ചെക്ക് നമ്പർ -337616) വിശദാംശങ്ങൾ ചുവടെ.

| ക്രമ നമ്പർ | പേരുവിവരം | തസ്തിക | ശമ്പള സ്കെയിൽ | അനുവദിച്ച ആർജ്ജിത അവധി-തുക |
|---|---|---|---|---|
| 1 | ദിവ്യ | ഓവർസീയർ | 24040 | 15510 |
| 2 | മനീക്ഷ | അക്കൌണ്ടന്റ് കം ഐടി അസിസ്റ്റന്റ് | 24040 | 15510 |

മേൽ നടപടിക്ക് വിശദീകരണംആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.96/2022-23 തിയതി 22/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷത്തിൽ ഒരു തവണ മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്ത് പണമാക്കാൻ നിലവിൽ വ്യവസ്ഥയുള്ളൂ. (സ.ഉ.(പി)145/06/2006) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ആനുകൂല്യങ്ങൾ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-80 റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ് അക്കൗണ്ട്

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് റിക്വിസിഷൻ പ്രകാരം ഹാജരാക്കിയിട്ടുള്ള റഗുലർ

കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ് തുക അടവാക്കുന്നത് സംബന്ധിച്ച ക്യാഷ് ബുക്ക്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ചെലവ് തുകയെ സാധൂകരിക്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | തീയതി | വൗച്ചർ നം. | വിഷയം | തുക |
|---|---|---|---|---|
| 1 | 11.11.22 | 22202566 | എൻ.ചന്ദ്രൻ<br>PF Closure | 537041 |
| 2 | 11.11.22 | 22202567 | ഉഷ.വി.എസ്<br>PF Closure | 466595 |
| 3 | 11.11.22 | 22202568 | രത്നവല്ലി.വി.കെ<br>PF Closure | 354026 |
| 4 | 17.11.22 | 22202652 | എലിസബത്ത്.എ.ഒ<br>PF Loan | 60000 |
| 5 | 17.11.22 | 22202651 | രുഗ്മണി.എസ്<br>PF Loan | 150000 |
| 6 | 17.11.22 | 22202650 | സുരേഷ്.പി.ആർ<br>PF Loan | 125000 |
| 7 | 17.11.22 | 22202649 | റോസിലി.വി.ഡി<br>PF Loan | 150000 |
| 8 | 17.11.22 | 22202636 | സതീഷ്.പി.എ<br>PF Loan | 124920 |
| 9 | 17.11.22 | 22202637 | അരുൺഘോഷ്.ആർ.ഡി<br>PF Loan | 199875 |
| 10 | 17.11.22 | 22202639 | വാസന്തി.ടി.കെ<br>PF Loan | 100000 |

. ജീവനക്കാരുടെ സ്ഥലമാറ്റ വിവരങ്ങൾ, NRA വായ്പ അനുവദിക്കുന്ന ഉത്തരവ് നമ്പർ എന്നിവ ഉൾപ്പെടുത്തി പി.എഫ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

. നിലവിൽ സാലറി നൽകി വരുന്ന തനത് ഫണ്ടിന്റെ സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിൽ

(0085053000021697) പി.എഫ് സബ്സ്ക്രിപ്ഷൻ ലോൺ തിരിച്ചടവ് എന്നീ ഇനങ്ങളിലുള്ള തുക സൂക്ഷിക്കുകയും ഇതിന് സമാനമായ തുക ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും (450220600, LGTSB Try) നഗരകാര്യ ഡയറക്ടറുടെ പി.എഫ് ട്രഷറി അക്കൗണ്ടിലേക്ക് (A/c No.799010100343215) ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്.

- കൃത്യമായി പി.എഫ് സബ്സ്ക്രിപ്ഷൻ, ലോൺ തിരിച്ചടവ് എന്നിവ നടത്തുന്നുവെങ്കിലും അലോട്ട്മെന്റ് വരുന്ന ട്രഷറി അക്കൗണ്ടിൽ (A/c No.799010100364169) തുക നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ ജീവനക്കാർക്ക് പി.എഫ് ലോൺ ഡയറക്ടറേറ്റിൽ നിന്നും അലോട്ട്മെന്റ് വരുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. അലോട്ട്മെന്റ് ലഭ്യമാകുന്നതിനു മുൻപേ ക്ലോഷർ, NRA, താൽകാലികവായ്പാ അപേക്ഷകൾ കുടിശ്ശിക ആകുന്ന സാഹചര്യവും ഉണ്ട്. സാംഖ്യ-സ്ഥാപന സോഫ്റ്റ്‌വെയർ ലിങ്ക് ഇല്ലാത്തതിനാൽ തന്നെ മാനുവലായി സബ്സ്ക്രിപ്ഷൻ വിശദാംശങ്ങൾ സെക്ഷൻക്ലാർക്ക് സ്ഥാപന സോഫ്റ്റ്‌വെയറിൽ വരുത്തുകയും സൂപ്രണ്ട് വെരിഫൈ ചെയ്ത് അക്കൗണ്ട്സ് ഓഫീസർ അപ്രൂവ് ചെയ്യുകയുമാണ് നിലവിൽ ചെയ്യുന്നത്. ജീവനക്കാർക്ക് അപേക്ഷകൾ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് ഉതകുംവിധം ഇപ്പോൾ ഉപയോഗിച്ചു വരുന്ന സ്ഥാപന സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്തുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 നിലെ 431600100 (Receivables From Government, Redemption Amount) എന്ന ശീർഷകം, എ3/21361/21 ഫയൽ എന്നിവ പരിശോധിച്ചതിൽ 2021-22, കാലയളവിൽ പി.എഫ് ടി.ഡി.എ, കണ്ടിജന്റ്, റഗുലർ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടുകളിൽ നിന്നും വർഷാവസാനം താഴെ ചേർക്കും പ്രകാരം സർക്കാർ നേരിട്ട് തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | അക്കൗണ്ട് വിശദാംശം | വൗച്ചർ /തീയതി | തുക |
|---|---|---|---|
| 1 | TDA Pf Account | 22101766/ 27.08.2021 | 62,73,458/- |
| 2 | | 22104745/ 28.03.2022 | 3,71,330 /- |
| 3 | TPA -148 | 22101765/ 27.08.2021 | 18,06,534 /- |
| 4 | | 22104744/ 28.03.2022 | 42,20,966/- |
| | ആകെ | | 1,26,72,288/- |

. റിഡംപ്ഷൻ തുക തിരികെ ലഭ്യമാക്കുവാനായി നിലവിൽ ഉപയോഗിച്ച് വരുന്ന ട്രഷറി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുടങ്ങുവാനുള്ള ധനകാര്യ വകുപ്പിന്റെ 33/2021/ധന തീയതി 03/04/2021 സർക്കുലറിലെ നിർദ്ദേശത്തെ തുടർന്ന് ടി.ഡി.എ, കണ്ടിജന്റ് റഗുലർ ജീവനക്കാർക്ക് STSB അക്കൗണ്ടുകൾ 2022 സെപ്റ്റംബറിൽ തുടങ്ങി എങ്കിലും 12.06.2023 ലെ ധനകാര്യവകുപ്പിന്റെ സ.ഉ(സാധാ) നം.4413/2023/ധന ഉത്തരവ് പ്രകാരം പട്ടികയിലെ ക്രമ നം. 1, 2 ആയി പിൻവലിച്ചിട്ടുള്ള തുക ആകെ 66,44,788 (6273458+371330), അറുപത്തിയാറു ലക്ഷത്തി നാൽപത്തിനാലായിരത്തി എഴുന്നൂറ്റി എൺപത്തിയെട്ട് രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അലോട്ട്മെന്റ് ലഭ്യമാകുന്നതിനു മുൻപേ പി.എഫ് ക്ലോഷർ, NRA, താൽകാലികവായ്പാ അപേക്ഷകൾ കുടിശ്ശിക ആകുന്ന നിലവിലെ സാഹചര്യത്തിൽ ബാക്കി തുക ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വൗച്ചറുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 02.12.2023 ലെ 121 -ാം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-81 റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്യുന്ന തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. പെൻഷൻ വിഹിതം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നുണ്ടെങ്കിലും തൃശ്ശൂർ കോർപ്പറേഷൻ നവംബർ 2009 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും പെൻഷൻ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഇപ്രകാരം തുക അടവാക്കാതെ വന്നത്.

കേരള മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് വേണ്ടിയാണ് 10/91 ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരുപ്പ് ഇല്ലാത്ത സാഹചര്യം സംജാതമായപ്പോൾ നഗരസഭകളിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അധികഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയിൻമേൽ നഗരസഭകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്ന് പെൻഷൻ നൽകുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി 04.03.2016 ലെ സ.ഉ.(എം എസ്)49/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റിൽ തുക നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണ് എന്ന് നഗരകാര്യഡയറക്ടറുടെ പി7/38067/2017 തീയതി. 28.7.21 സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. 9/11/23 ലെ 77-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കോർപ്പറേഷനിൽ റഗുലർ വിഭാഗത്തിൽ 210 പെൻഷൻകാരും കുടുംബപെൻഷൻ വിഭാഗത്തിൽ 72 പേരും പെൻഷൻ വാങ്ങുന്നതായിട്ടാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ ആവശ്യത്തിനായി കോർപ്പറേഷനിൽ 10244230556 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോലോത്തുംപാടം ബ്രാഞ്ച്) എന്ന അക്കൌണ്ട് സൂക്ഷിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ തുക തനതുഫണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്തുവരുന്നത്.

2022-23 സാമ്പത്തികവർഷം നഗരകാര്യഡയക്ടറേറ്റിൽ നിന്ന് അലോട്ട്മെന്റായി നഗരകാര്യ ഡയറക്ടറുടെ 04.11.2022 ലെ P7/5787/2022 -ാം നമ്പർ നടപടിക്രമം പ്രകാരം 14.11.2022 ൽ 44,15,483/- രൂപയാണ് ലഭിച്ചിട്ടുള്ളത്.

പട്ടിക1. ജനറൽ പർപ്പസ് ഗ്രാന്റ്, തനതുഫണ്ട് എന്നിവയിൽ നിന്ന് റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവക്കായി സാമ്പത്തികവർഷം 2022-23 ചെലവഴിച്ച തുകയുടെ വിവരങ്ങൾ, ചുവടെ ചേർക്കുന്നു.

| പ്രതിമാസ പെൻഷൻ | | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ |
|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | തനതുഫണ്ട് | ജനറൽ പർപ്പസ് ഗ്രാന്റ്+ തനതുഫണ്ട് |
| 85,00,00,000 | 45,00,00,000 | 4,91,72,960 |

09.11.23 ലെ 77-ാം ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഹാജരാക്കിയിട്ടുള്ള നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നുള്ള ജൂലൈ 2023, ലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക2.ജീവനക്കാരുടെ ശമ്പളത്തിൽനിന്നും റിക്കവർ ചെയ്തിട്ടുള്ള പെൻഷൻ വിഹിതവും നഗരസഭ സെൻട്രൽ ഫണ്ടിലേക്ക് അടവാക്കാനുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും.

| മാസം | പെൻഷൻ വിഹിതം | പെൻഷൻ കമ്മ്യൂട്ടേഷൻ |
|---|---|---|
| 07/22 | 1260066 | 815863 |
| 08/22 | 1262829 | 831482 |
| 09/22 | 1252647 | 842978 |
| 10/22 | 1327237 | 887262 |
| 11/22 | 1284126 | 902989 |
| 12/22 | 1207785 | 899800 |
| 01/23 | 1268228 | 907755 |
| 02/23 | 1221406 | 907755 |
| 03/23 | 1272540 | 920704 |

| | | |
|---|---|---|
| 04/23 | 1273798 | 922625 |
| 05/23 | 1253118 | 908300 |
| 06/23 | 1224608 | 902959 |
| ആകെ | 15108388 | 10650472 |

പട്ടിക 3: നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകാനുള്ള തുക

| | |
|---|---|
| ജൂൺ 2022 വരെ നഗരകാര്യഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകാനുള്ള തുക | 41,19,91,553 |
| ശേഷം ലഭ്യമായ അലോട്ട്മെന്റ് | 44,15,483 |
| ബാലൻസ് തുക | 40,75,76,070 |
| പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ തൃശ്ശൂർ നഗരസഭ ചെലവഴിച്ച തുക | 10,41,15,006 |
| ആകെ ലഭിക്കേണ്ടത് | 51,16,91,076 |
| 07/22 മുതൽ പെൻഷൻ കമ്മ്യൂട്ടേഷൻ, പെൻഷൻ വിഹിതം ഇനത്തിൽ നഗരസഭ അടവാക്കാനുള്ള തുക (പട്ടിക 2) | 25758860 |
| മുൻ തുക കിഴിവ് ചെയ്താൽ നഗരകാര്യഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകാനുള്ള തുക | 48,59,32,216 |

നഗരകാര്യഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്നതിനുള്ള തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കണ്ടിജന്റ് ജീവനക്കാരുടെ പ്രതിമാസപെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക, ജീവനക്കാരിൽ നിന്ന് റിക്കവറി ചെയ്ത പെൻഷൻ വിഹിതത്തിന്റെ വിവരം, പെൻഷൻ കമ്മ്യൂട്ടേഷൻ വിവരം, ആയത് സംബന്ധിച്ച ഫയലുകൾ എന്നിവ ഹാജരാക്കുവാൻ റിക്വിസിഷൻ, 09.11.23 ലെ 77-ാം ഓഡിറ്റ് അന്വേഷണം എന്നിവ പ്രകാരവും സെക്ഷനിൽ നേരിട്ട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ലാത്തതാണ്.

## 1-82 ഫെസ്റ്റിവൽ അഡ്വാൻസ് ചെലവ് തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു- തിരിച്ചടവ് നിരീക്ഷിക്കുവാൻ സാധിച്ചിട്ടില്ല

കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവൽ ഖണ്ഡിക 13.11 ൽ ജീവനക്കാർക്ക് ലോണുകളും മുൻകൂറുകളും അനുവദിച്ച് നൽകുമ്പോൾ ബന്ധപ്പെട്ട ചെലവുകൾ എപ്രകാരം വാർഷികകണക്കിൽ ഉൾപ്പെടുത്തണം എന്നും,

ഖണ്ഡിക 13.15 ൽ ആയവ ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുമ്പോൾ എപ്രകാരം എൻട്രികൾ വരുത്തണമെന്നും വ്യക്തമാക്കുന്നുണ്ട്. സെപ്റ്റംബർ 2022 ൽ കണ്ടിജന്റ് വിഭാഗം ജിവനക്കാർക്ക് ഓണം അഡ്വാൻസായി 18,55,000/- രൂപ വൗച്ചർ നമ്പർ 22201828/3.9.22 പ്രകാരം നൽകിയിട്ടുണ്ട്. അക്കൗണ്ടിങ്ങ് മാനുവൽ പ്രകാരം ടി തുക നൽകുമ്പോൾ 460100400-festival Advance To Emplyees എന്ന ആസ്തി ശീർഷകത്തിൽ ഡബിറ്റായും തിരിച്ചടവ് നടത്തുമ്പോൾ ക്രഡിറ്റായും രേഖപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ 210100300- എന്ന ചെലവ് ശീർഷകത്തിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു. 460100400-festival Advance To Emplyees എന്ന ആസ്തി ശീർഷകത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ തുക ടി ലഡ്ജറിൽ ഡബിറ്റ് ചെയ്തിട്ടില്ല. ജീവനക്കാരിൽ നിന്നും റിക്കവറി നടത്തിയപ്പോൾ ഏത് ശീർഷകത്തിൽ ക്രഡിറ്റ് നൽകി തുക വരവ് വച്ചുവെന്ന് ലഡ്ജറിൽ നിന്നും വ്യക്തമല്ല. ആയതിനാൽ അഡ്വാൻസ് ലഭിച്ച ജീവനക്കാർ തിരിച്ചടവ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് നിരീക്ഷിക്കാൻ സാധിച്ചിട്ടില്ല. അപാകതയ്ക്കു എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2023-24 വർഷത്തിൽ 460100400-festival Advance To Emplyees എന്ന ശീർഷകത്തിൽ ഡബിറ്റ് നൽകി ഉചിതമായ Priorperiod Headil ക്രഡിറ്റും നൽകി അപാകത പരിഹരിക്കേണ്ടതും, വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

വൗച്ചർ നമ്പർ 22201835/3.9.22 പ്രകാരം 20,25,000/-രൂപ ജനറൽ വിഭാഗത്തിലെ ജീവനക്കാർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് മാനുവൽ ഖണ്ഡിക 13.11ൽ Loans And Advances എന്നിവ രേഖപ്പെടുത്തുന്നതിന് Form ES -2 ൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും ആയത് അക്കൗണ്ട്സ് വിഭാഗം കാലികമാക്കേണ്ടതാണെന്നും, ഈ രജിസ്റ്റർ കോർപ്പറേഷനിലെ മറ്റ് വിഭാഗങ്ങളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഹാജരാക്കിയ രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത് മേൽ മാതൃകയിൽ അല്ല. ഓരോ ജീവനക്കാരനും നൽകിയ തുകയും തിരച്ചടവിന്റെ വിവരവും രേഖപ്പടുത്തിയിട്ടില്ല. ജനറൽ, കണ്ടിജന്റ് വിഭാഗങ്ങൾക്ക് നൽകിയ തുകയും തിരിച്ചടവും നിശ്ചിത രജിസ്റ്ററിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 93/22.11.23)

## 1-83 വിധി നടത്തിപ്പുകേസിൽ (EP549/2009) യഥാസമയം നടപടികൾ സ്വീകരിച്ചില്ല - നഷ്ടപരിഹാരമായി പലിശയിനത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നു

ഫയൽ നം: WS2-76690/22

Vr.No:22204231/15.2.23/60000/-

Vr.No:22203663/Chq.No:01195415/30.12.22/10000/-

OS- 2214/06 നമ്പർ കേസുമായി ബന്ധപ്പെട്ട EP549/2009 വിധി നടത്തിപ്പ് കേസിൽ T. മുകുന്ദന് നൽകിയ തുക- 2006 ൽ പാട്ടുരായ്ക്കൽ ഓവർ ബ്രിഡ്ജിന് താഴെയുള്ള സൈഡ് റോഡിൽ കോർപ്പറേഷന്റെ ആവശ്യങ്ങൾക്കു വേണ്ടി എടുത്ത കുഴിയിൽ അപകട സൂചനാ ബോർഡുകളോ, സിഗ്നൽ ലൈറ്റോ പരിസരത്ത് ഇല്ലാതിരുന്നതിനാൽ രാത്രി

ജോലി കഴിഞ്ഞു വരുന്ന വഴി ടി.മുകുന്ദൻ എന്ന വ്യക്തി വീഴുകയും ഇടതു കൈ ഒടിയുകയും ഓപ്പറേഷന് വിധേയനാവുകയും ചെയ്യേണ്ടി വന്നതിനെ തുടർന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിന് ടിയാൻ കേസ് ഫയൽ ചെയ്തിരുന്നു. (OS/2214/ 06) തൃശ്ശൂർ മുൻസിഫ് കോടതിയിൽ ഫയലാക്കിയ കേസിൽ 25.6.2008 ൽ കോർപ്പറേഷന് എതിരെ വിധി ഉണ്ടായിരുന്നതും ആയതു പ്രകാരമുള്ള നഷ്ടപരിഹാര തുക നഗരസഭ അടവാക്കാത്തതിനെ തുടർന്ന് പലിശ സഹിതം തുക ലഭിക്കുന്നതിന് കക്ഷി EP/54/ 2009 ഫയൽ ചെയ്തതിൽ നഗരസഭയ്ക്ക് പ്രതികൂലമായി ഉത്തരവുണ്ടായിട്ടുള്ളതുമാണ്. പ്രസ്തുത വിധിയെ തുടർന്ന് Under Protest ആയി 10,000 രൂപ (Vr.No:22203663/Chq.No:01195415/30.12.22/10000/-) മുൻസിഫ് കോടതിയിൽ കെട്ടിവെച്ചു. വിഷയത്തിൽ നിയമോപദേശം തേടിയതിനെ തുടർന്ന് ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കോൺസൽ സന്തോഷ്.പി.പൊതുവാൾ 3.2.23 ൽ സെക്രട്ടറിക്ക് നൽകിയ SPP/LO/2/2023/2000 നമ്പർ കത്തിൽ കേസിന്റെ കാര്യത്തിൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ട്രെഞ്ച് കുഴിയുടെ ചുറ്റും വാണിംഗ് സിഗ്നൽസ് ഉണ്ടായിരുന്നില്ലെന്ന് വിധിയിൽനിന്ന് വ്യക്തമായതായും മറിച്ചുള്ള തെളിവുകൾ കോർപ്പറേഷൻ ഹാജരാക്കിയിരുന്നില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. (കേസ് ഫയൽ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിധിപ്പകർപ്പും ലഭ്യമല്ലെന്ന് കോർപ്പറേഷൻ സ്യൂട്ട് സെക്ഷനിൽ നിന്നും വ്യക്തമാക്കിയിരുന്നു.) കക്ഷിയുമായി നെഗോസിയേഷൻ നടത്തി നഷ്ടപരിഹാര തുക 70000 രൂപയിൽ നിജപ്പെടുത്തി അനുവദിക്കാനാണ് സ്റ്റാൻഡിംഗ് കോൺസൽ നിയമോപദേശം നൽകിയത്.

ടി.മുകുന്ദൻ എന്നവർ 16.1.23 ൽ നെഗോസിയേഷന്റെ ഭാഗമായി സമർപ്പിച്ച മൊഴിയിൽ 2006 ലെ കേസിൽ വിധി വന്നത് നഷ്ടപരിഹാരമായി 36000 രൂപ കോർപ്പറേഷൻ നൽകണമെന്നായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചു നൽകാതെ വീണ്ടും കോർപ്പറേഷൻ അപ്പീൽ നൽകുകയാണ് ഉണ്ടായത്. (A.S 24/2016) പ്രസ്തുത അപ്പീൽ Default ൽ തള്ളിയതായി ഇപ്പോഴത്തെ കോർപ്പറേഷൻ വക്കീൽ അഡ്വ.സോളി ജോസഫ് 25.1.23 ന് നൽകിയ നിയമോപദേശത്തിൽ രേഖപ്പെടുത്തിട്ടുണ്ട്. 36000 രൂപ അനുവദിച്ച് അവസാനിപ്പിക്കാമായിരുന്ന കേസിൽ 70000 രൂപ നൽകുന്നതിന് കോർപ്പറേഷന് കക്ഷിയുമായി നെഗോസിയേഷൻ നടത്തേണ്ടി വന്നു. OS 2214/06 നമ്പർ കേസിൽ തുടർനിരീക്ഷണം ഉണ്ടായില്ലെന്ന് വ്യക്തം.

ഇതു സംബന്ധിച്ച കൗൺസിൽ തീരുമാനം 9.2.23 ലെ 33 എ1 പ്രകാരം കക്ഷിയുമായി നെഗോസിയേഷൻ ചർച്ചകൾ നടത്തിയതു പ്രകാരമുള്ള സെറ്റിൽമെന്റ് തുക 70000 രൂപ കക്ഷിക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

നിയമോപദേശ ഫീ ഇനത്തിൽ സ്റ്റാൻഡിംഗ് കൗൺസലിന് 3000 രൂപ അനുവദിക്കുന്നതിനും തീരുമാനിച്ചു. OS/2214/ 06 നമ്പർ കേസിൽ കോർപ്പറേഷന് വേണ്ടി ഹാജരായ വക്കീൽ ആരാണെന്നും കോർപ്പറേഷൻ ബഹു.കോടതി മുൻപാകെ നൽകിയ വസ്തുതാ വിവരങ്ങളും സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വാട്ടർ വിഭാഗം സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിരുന്നു. 9.2.23 ലെ കൗൺസിൽ തീരുമാനത്തിൽ തുടർ നടപടികൾ ഉണ്ടായതായി ഫയലിൽ രേഖയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിവിധ കോടതികളിൽ അനവധി കേസുകൾ നടത്തുന്ന കോർപ്പറേഷന്റെ കോടതി വിഭാഗവും, കോൺസൽമാരും ഉത്തരവാദിത്വത്തോടെ സമയബന്ധിതമായി ജോലി ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് മേൽ സംഭവം

വെളിച്ചം വീശുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം. 125/5.12.23) മറുപടി ലഭ്യമാക്കിയില്ല.

1-84 ശക്തൻ സ്റ്റാൻഡ്, കുരിയച്ചിറ Owc പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല; പ്ലാന്റിന്റെ ഉൾവശത്ത് വൃത്തിഹീന സാഹചര്യം നിലനിൽക്കുന്നു

1.ശക്തൻമാർക്കറ്റ്, കുരിയച്ചിറ എന്നിവിടങ്ങളിലെ ഓർഗാനിക് വേസ്റ്റ് പ്ലാന്റുകൾ (OWC Plants) നിലവിൽ പ്രവർത്തിക്കുന്നില്ലയെന്നും പ്ലാന്റിന്റെ ഉൾവശത്ത് വൃത്തിഹീന സാഹചര്യമാണ് നിലനിൽക്കുന്നതെന്നും 28.11.23 ന് നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനാവേളയിൽ കാണാൻ കഴിഞ്ഞു.

(I)ശക്തൻ മാർക്കറ്റ് ഒഡബ്ല്യൂസി പ്ലാന്റ്

ഫയൽ നം. PH4/19288/13-VOL1-4

27.8.20 ലെ 6ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം എന്ന കമ്പനിയുടെ AMC ഉൾപ്പെടെ പ്രതിദിനം 8000 രൂപ എന്ന നിരക്ക് അംഗീകരിച്ചു. കരാർ കാലാവധി 1.9.2020 മുതൽ 3 വർഷമാണ്. 24.9.23 ന് എഗ്രിമെന്റ് അവസാനിക്കുന്നു. കോൺട്രാക്ടർക്ക് ഓഡിറ്റ് വർഷം കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ .നം | ചെക്ക് നം /വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 1. | 480013/22200608/28.5.22 | 196000.00 |
| 2. | 480253/22200954/27.6.22 | 196000.00 |
| 3. | 480452/22201264/19.7.22 | 399840.00 |
| 4. | 103226/22201690/26.8.22 | 203840.00 |
| 5. | 103415/22201996/23.9.22 | 203840.00 |
| 6. | 01195068/22202417/2.11.22 | 188160.00 |
| 7. | 01195404/22203652/30.12.22 | 203840.00 |
| 8. | 01199423/22203842/16.1.23 | 203840.00 |
| 9. | 199695/22204473/2.3.23 | 211680.00 |
| | ആകെ ചെലവുതുക | 20,07,040.00 |

പ്ലാന്റിലെ മെഷിനറികളിൽ ഒന്നൊഴികെ ബാക്കിയൊന്നും പ്രവർത്തനക്ഷമമല്ല. ഓഡിറ്റ് ടീം സന്ദർശിക്കുന്ന വേളയിൽ പ്രവർത്തിക്കുന്ന ഒരു മെഷീനും പ്ലാസ്റ്റിക് നൂല് കുരുങ്ങിയതിനാൽ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. ഷ്രെഡർ പ്രവർത്തിക്കാത്തതിനാൽ മാലിന്യം അരിച്ചെടുക്കൽ നടക്കുന്നില്ല. ഷ്രെഡർ മെഷീൻ പ്രവർത്തിക്കാത്തതിനാൽ പച്ചക്കറി വേസ്റ്റ് തറയിൽ പരത്തിയിട്ടതിൽ നിന്നും ലീച്ചേറ്റ് ഒഴുകിപ്പരക്കുന്നുണ്ടായിരുന്നു. പ്ലാന്റിന്റെ ഉൾവശത്ത് കടുത്ത ദുർഗന്ധം അനുഭവപ്പെട്ടു. വള നിർമ്മാണത്തിനായി

സ്ഥാപിച്ച ട്രേകൾ ഉപയോഗിക്കാതെ പൊടിയും മാറാലയും നിറഞ്ഞ് കാണപ്പെട്ടു. പ്ലാന്റിന്റെ തറ കോൺ ക്രീറ്റ് ചെയ്തിട്ടില്ല. പ്ലാന്റിന്റെ പുറത്ത് നിറുത്തിയിട്ട വാഹനത്തിൽ പ്രസ്തുത അവശിഷ്ടം കയറ്റിപ്പോകാൻ തയ്യാറായി നിൽക്കുന്നതായി കണ്ടു. അതിൽ നിന്നും ലീച്ചേറ്റ് ഒലിച്ച് നിലത്തേക്ക് വീഴുന്നുണ്ടായിരുന്നു.

ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നിലവിൽ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവവളം കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യപ്പെടുന്നില്ല. 19. 11.22 ലെ ബഹു. മേയർ പങ്കെടുത്ത അവലോക യോഗത്തിൽ അവിടെ 25 ടണ്ണോളം വളം കൂടിക്കിടക്കുന്നതായി ശക്തൻ സർക്കിൾ ജെ.എച്ച്.ഐ റിപ്പോർട്ട് ചെയ്തതനുസരിച്ച് അത് അടിയന്തിരമായി നീക്കം ചെയ്യാൻ SEUF ന് നിർദ്ദേശം കൊടുത്തു കാണുന്നു. എഗ്രിമെന്റ് നിബന്ധന 3 പ്രകാരം എല്ലാ 15 ദിവസം കൂടും തോറും വളം പ്ലാന്റിൽ നിന്നും നീക്കം ചെയ്യേണ്ടതും, അല്ലാത്ത പക്ഷം വാടക കോർപ്പറേഷനിൽ അടവാക്കേണ്ടതാണ്. കരാർ നിബന്ധന കൃത്യമായി പാലിക്കാത്തതു കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കരാർ പ്രകാരം OWC പ്ലാന്റിലെ ലിസ്റ്റ് പ്രകാരമുള്ള മെഷിനറികളുടെ കേടുപാടുകൾ 24 മണിക്കൂറിനകം പരിഹരിക്കേണ്ടത് ടെണ്ടർ എടുത്ത സ്ഥാപനമാണ്. മെഷിനറിയുടെ അറ്റകുറ്റപ്പണികൾ കമ്പനി കൃത്യമായി ചെയ്യുന്നില്ലെങ്കിൽ കരാർ വ്യവസ്ഥ 14 പ്രകാരം കോൺട്രാക്ടറെ ഒഴിവാക്കി റിടെണ്ടർ നടത്തേണ്ടതാണ്.

ശക്തൻ മാർക്കറ്റിൽ നിന്നുള്ള കായത്തണ്ട്, കറിവേപ്പില തണ്ട് എന്നിവ അരക്കാൻ സാധിക്കുന്ന ഡ്യുവൽ ഷാഫ്റ്റ് മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. മെഷിനറിയുടെ അറ്റകുറ്റപ്പണികൾ കമ്പനി കൃത്യമായി ചെയ്യുന്നില്ലെങ്കിൽ കരാർ വ്യവസ്ഥ 14 പ്രകാരം കോൺട്രാക്ടറെ ഒഴിവാക്കി റിടെണ്ടർ നടത്തേണ്ടതാണ്.

(ii)കുരിയച്ചിറ ഒഡബ്ല്യൂസി പ്ലാന്റ്



ഫയൽ നം. PH4/DW7/6240/17

14.9.20 ലെ 5ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ഉണ്ണികൃഷ്ണൻ.ബി, ഗ്രീൻ ബിൻ വേസ്റ്റ് മാനേജ്മെന്റ് സൊല്യൂഷൻസ് എന്നവരുടെ AMC ഉൾപ്പെടെ പ്രതിദിനം 3800 രൂപ എന്ന നിരക്ക് അംഗീകരിച്ചു. കരാർ കാലാവധി 25.9.2020 മുതൽ 3 വർഷമാണ്. 24.9.23 ന് എഗ്രിമെന്റ് അവസാനിക്കുന്നു. കോൺട്രാക്ടർക്ക് ഓഡിറ്റ് വർഷം കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ .നം | ചെക്ക് നം/വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 1. | 479816/ 22200301/28.4.22 | 94050.00 |
| 2. | 103225/22201689/26.8.22 | 101574.00 |
| 3. | 103410/222001991/22.9.22 | 101574.00 |
| 4. | 195021/22202298/26.10.22 | 94050.00 |
| 5. | 01195123/22202512/7.11.22 | 97812.00 |
| 6. | 01195375/22202974/19.12.22 | 97812.00 |
| 7. | 01199457/ 22203888/19.1.23 | 101574.00 |
| 8. | 01199615/22204221/14.2.23 | 97812.00 |
| 9. | 207853/22204573/13.3.23 | 90288.00 |
| | ആകെ ചെലവുതുക | 8,76,546.00 |

ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കുന്ന പ്രവൃത്തിയാണ് അവിടെ നടന്നുകൊണ്ടിരുന്നത്. മറ്റു വലിയ മെഷീനുകൾ ഒന്നും തന്നെ പ്രവർത്തിക്കാത്തതിനാൽ അവിടെ പച്ചക്കറി മാലിന്യം സംഭരിക്കപ്പെടുന്നില്ലെന്ന് ചുമതലയുള്ള ജെ.എച്ച്.ഐ അറിയിച്ചു. മെഷിനുകൾ പ്രവർത്തിക്കാത്തതിനാൽ ശക്തൻ, കുരിയച്ചിറ പ്ലാന്റുകൾ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നില്ല. മേൽ പ്ലാന്റുകൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിപത്രം ലഭ്യമായ വിവരം ഫയലിൽ ഇല്ല. തൽസ്ഥിതി വിവരം അറിയിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ഖ.8.1.27 പ്രകാരം മാലിന്യ സംസ്കരണ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. മേൽ പ്ലാന്റുകളുടെ ശോചനീയാവസ്ഥ പരിശോധിച്ച് പ്രൊജക്ട് നിർവ്വഹണത്തിൽ അപാകത സംഭവിച്ചിട്ടുണ്ടോ എന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തേണ്ടതാണ്.

2.പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കോർപ്പറേഷൻ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.86/2022 തസ്വഭവ തിയതി 19.4.22 ഖ 8.1 സി യിലെ നിർദ്ദേശങ്ങൾ പ്രകാരം ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് നിലവിലെ പ്രവർത്തനാവസ്ഥ സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. ഖര ദ്രവ മാലിന്യ സംസ്കരണ രംഗത്തെ നിലവിലെ അവസ്ഥ കൃത്യമായി തിട്ടപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്ര ശുചിത്വ മാലിന്യ സംസ്കരണത്തിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകണം. കർമ്മപരിപാടിയിലെ ആവശ്യമായ ഘടകങ്ങൾക്ക് വിശദ പദ്ധതി റിപ്പോർട്ടുകൾ (DPR) തയ്യാറാക്കണം. ഇപ്രകാരം തയ്യാറാക്കുന്ന കർമ്മ പരിപാടിയെയും വിശദ പദ്ധതി റിപ്പോർട്ടുകളെയും അടിസ്ഥാനമാക്കി മാത്രമേ ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. സ.ഉ.(കൈ)നം.115/2022 തസ്വഭവ തിയതി 28.5.22 പ്രകാരമുള്ള സബ് സിഡി മാർഗ്ഗരേഖ നിർദ്ദേശം D(8)12 പ്രകാരം നഗരഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്രൊജക്ടുകൾ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ടുമായി (KSWMP) സംയോജിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി കർമ്മ പരിപാടി, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. KSWMP യുമായി സംയോജിത പ്രൊജക്ടുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (128/11.12.23) മറുപടി ലഭ്യമാക്കിയില്ല.

## 1-85 തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല-22,37,11,947രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കിയില്ല. ഹാജരാക്കാത്ത വൗച്ചറുകളുടെ വിശദാംശംങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. വൗച്ചറുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 104/4.12.2023 മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകൾ ഹാജരാക്കുന്നതുവരെ 22,37,11,947 രൂപ തടസ്സപ്പെടുത്തുന്നു.

## 1-86 പതിനാലാം പഞ്ചവത്സര പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 14ാം പഞ്ചവത്സര പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി അവസ്ഥാ രേഖ തയ്യാറാക്കുന്നതിനും വികസന രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 26.11.21 ലെ സ.ഉ(കൈ)നം. 275/2021 തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. അവസ്ഥാരേഖ തയ്യാറാക്കുന്നതിനായും വികസന രേഖ പരിഷ്കരിക്കുന്നതിനായും പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി മാർഗ്ഗരേഖ നൽകിയിട്ടുണ്ട്. ഖ.1.4 പ്രകാരം 14-ാം പദ്ധതി രൂപീകരണത്തിന്റെ പ്രാരംഭ പ്രവർത്തനം എന്ന നിലയ്ക്ക് 2021 ഡിസംബർ ജനുവരി മാസങ്ങളിലായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി അവസ്ഥാരേഖ തയ്യാറാക്കുകയും വികസനരേഖ പരിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. അവസ്ഥാരേഖ തയ്യാറാക്കുന്നതിന് സമാന്തരമായി തന്നെ വികസന രേഖ പരിഷ്കരിക്കുന്ന പ്രക്രിയയും നടത്തേണ്ടതാണ്. അവസ്ഥാരേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വികസനരേഖ ലഭ്യമാക്കിയത് പരിശോധിച്ചതിൽ ഉള്ളടക്കവും ഗുണമേന്മയും മെച്ചപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 26.11.2021 ഉത്തരവിലെ ഖ. 4.7 നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അഞ്ച് വർഷത്തിലൊരിക്കലാണ് വികസനരേഖ പുതുക്കുന്നത് എന്നതുകൊണ്ടു തന്നെ പ്രധാന്യത്തോടെ തയ്യാറാക്കിയിട്ടില്ല. വിഷയത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

2023-24 മുതൽ അവസ്ഥാ രേഖ കാലികമായി പരിഷ്ക്കരിച്ചതിന് ശേഷമാവണം വർക്കിംഗ് ഗ്രൂപ്പുകൾ കരടു പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. സ.ഉ(കൈ)നം.86/2022 തസ്വഭവ തിയതി 19.4.22 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അദ്ധ്യായം 3. സി യിൽ മേൽക്കാര്യം നിർദ്ദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ അദ്ധ്യായം 6 പ്രകാരമുള്ള പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്ന ശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ, വയോജന ക്ഷേമം പാലിയേറ്റീവ് കെയർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കും മേഖലകൾക്കുമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. ആയതിന്റെ വിശദാംശം പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഖ.6.8 പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി, സേവനം മെച്ചപ്പെടുത്തുന്നതിനുള്ള സദ്ഭരണ പദ്ധതി എന്നിവ തയ്യാറാക്കിയതിന്റെ വിവരങ്ങൾ കൂടി ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.131/12.12.23) മറുപടി ലഭ്യമാക്കിയില്ല.

## 1-87 പ്രോജക്ടുകൾ ആസൂത്രണം ചെയ്യുവെങ്കിലും നടപ്പാക്കുന്നില്ല – ഫണ്ട് നഷ്ടപ്പെടുത്തുന്നു

2022-23 സാമ്പത്തികവർഷം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷത്തെ ആകെ അടങ്കൽ 3545694674 രൂപയും ചെലവ് 1320330859 രൂപയുമാണ്. ആകെ പദ്ധതിയിനത്തിൽ വകയിരുത്തിയ തുകയുടെ 37.23% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 77143971 | 42995612 | 55.73 |
| അസി.ഡയറക്ടർ ഫിഷറീസ് | 500000 | 16000 | 3.2 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 5750000 | 5731996 | 99.69 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 450000 | 435116 | 96.69 |
| സെക്രട്ടറി, തൃശ്ശൂർ നഗരസഭ | 48547600 | 8287600 | 17.07 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 17700000 | 11213780 | 63.35 |
| പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജ്ജനം | 129825353 | 94695000 | 72.94 |
| ഹെൽത്ത് സൂപ്പർവൈസർ | 241129101 | 4469335 | 1.85 |
| മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 15900000 | 15488982 | 97.41 |
| പട്ടികജാതി വികസന ഓഫീസർ | 32000000 | 26775479 | 83.67 |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ് | 1500000 | 1500000 | 100 |
| പ്രിൻസിപ്പാൾ ഗവ.ഹയർസെക്കന്ററി സ്കൂൾ | 14250000 | 9748749 | 68.41 |
| സീനിയർ വെറ്റനറി സർജൻ | 16616450 | 7153015 | 43.05 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 10406000 | 4314550 | 41.46 |
| സി.ഡി.പി | 77178733 | 46937519 | 60.82 |
| മഹിളാമന്ദിരം, സൂപ്രണ്ട് | 545000 | 526870 | 96.67 |
| മെമ്പർ സെക്രട്ടറി | 20016006 | 5182911 | 25.89 |
| അഡീഷണൽ സെക്രട്ടറി | 789038933 | 251402377 | 31.86 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2087097527 | 783455968 | 37.54 |
| | 3585594674 | 1320330859 | 36.82 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ) യുടെ പേരിൽ സുലേഖ പത്രികയിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകളിൽ നടപ്പാക്കാത്തവ സേവന പശ്ചാത്തല മേഖലകൾക്ക് വിഹിതം വകയിരുത്തിയതാണ് . വിവിധ മേഖലകൾക്ക്

നിശ്ചിതശതമാനം ഫണ്ട് വകയിരുത്തുക എന്ന വ്യവസ്ഥ പാലിക്കുന്നതിന് മാത്രമാണ് ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ സാധിക്കുന്നുള്ളൂ. പദ്ധതികൾ നടപ്പാക്കാത്തതുമൂലം വകയിരുത്തിയ ഫണ്ട് ലാപ്സായി പോകുന്നു. സ്ഥാപനത്തിന് അനുവദിച്ച ഫണ്ട് മുഴുവനായും ഉപയോഗപ്പെടുത്തുന്നില്ല. ഇക്കാര്യത്തിൽ അധികാരികൾ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

ആസൂത്രണം ചെയ്ത പദ്ധതികളിൽ ഒട്ടും തന്നെ നടപ്പാക്കാത്തവയുടെ വിശദാംശങ്ങൾ അനുബന്ധം 4 ൽ ചേർക്കുന്നു.

## 1-88 പദ്ധതി രൂപീകരണവും മോണിറ്ററിംഗും -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അഡീഷണൽ സെക്രട്ടറി

പദ്ധതി നം - 853/23

ഫയൽ നം - (1) പി സി 2/5097/22

(2) പി സി 2/43295/22

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

(1) വൗച്ചർ നം - 22201540/6.8.22-275000 (ചെക്ക് നം - 103126/6.8.22)

ഡിവിഷൻ സഭ നടത്തിപ്പിനായി 55 ഡിവിഷൻ സഭ കോർഡിനേറ്റർമാർക്ക് ബഹു. മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 5000 രൂപ നിരക്കിൽ അഡ്വാൻസ് ആയി അനുവദിച്ചിട്ടുള്ളതാണ് മേൽ പ്രകാരം തുക. അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട് അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ നൽകിയ അഡ്വാൻസുകൾ ക്രമീകരിച്ചതിന്റെ ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല.

(2) വൗച്ചർ നം - 22203482/5.11.22- 43920/-

പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിനായി ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് ആണ് പേജ് 1 ന് 3.25 രൂപ നിരക്കിൽ. 21.10.22 ലെ 2ാം നമ്പർ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമായി പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിന് ഡി.ടി.പി കളർ പേജ് ഇവയെല്ലാം ചേർത്ത് പേജ് 1 ന് 3.25 നിരക്കിൽ കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ ക്വട്ടേഷൻ സ്വീകരിച്ച് പ്രിന്റ് ചെയ്യിപ്പിച്ചിട്ടുള്ളതും, പ്രിന്റിംഗ് ചാർജ്ജ് പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ള പ്രസ്തുത നടപടി സാധൂകരിച്ചിട്ടുള്ളതുമാണ്.

എന്നാൽ കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. മാത്രമല്ല ക്വട്ടേഷൻ അംഗീകരിച്ച വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൗൺസിൽ അംഗീകരിച്ചതായും കാണുന്നില്ല.

കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ ഇൻവോയ്സ് നം 2261/1.11.22 പ്രകാരം 244 പേജുള്ള 30 പദ്ധതി രേഖ പ്രിന്റ് ചെയ്തതിന് പേജ് ഒന്നിന് 6 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പ്രകാരം സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത് പേജ് ഒന്നിന് 3.25 രൂപയാണെന്നിരിക്കെ അധിക തുക നൽകിയതിന് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിന് അനുവദിക്കാവുന്നത് - 23790/- (244 X 30 X 3.25)

അനുവദിച്ചത് - 43920/- (244 X 30 X 6)

അധികം അനുവദിച്ചത് - 20130/-

അധികം നൽകിയ തുക തിരികെ ഈടാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

(3) അച്ചടിച്ച ഫോമുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരം ലഭ്യമല്ല.

കുടുംബ വ്യക്തിഗത ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കുള്ള വിവിധ അപേക്ഷ ഫോമുകൾ അച്ചടിച്ചത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം,തീയതി, തുക | കൈപ്പറ്റിയ സ്ഥാപനം | ഇൻവോയ്സ് നം/തിയതി |
|---|---|---|
| 22203186/30.8.22, 201600/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 1)2233/16.8.22 ഗാർഹികാവശ്യത്തിനുള്ള അപേക്ഷ ഫോമുകൾ<br>2)2234/5.8.22 വികസന രേഖ-10<br>സ്റ്റാറ്റസ് റിപ്പോർട്ട് -5<br>3)2218/11.7.22- ഭിന്നശേഷിവിദ്യർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അപേക്ഷ ഫോം<br>4)2227/6.8.22- കുടുംബ ഗ്രൂപ്പ് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ഫോം |
| 22203471/29.10.22, 10420/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 1) 2253/14.10.22 – വീട് വാസയോഗ്യമാക്കൽ ആനുകൂല്യത്തിനുള്ള അപേക്ഷ ഫോം<br>2)2244/26.9.22 - മുട്ടകോഴിവളർത്തൽ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ |

| | | |
|---|---|---|
| | | ഫോം<br>3)2257/21.10.22-വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം അപേക്ഷ ഫോം |
| 22203472/29.10.22, 1500/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 2239/12.8.22-ജൈവമാലിന്യം-അപേക്ഷ ഫോം |
| 22203482/5.11.22, 43920/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 2261/1.11.22- പദ്ധതി രേഖ 30 എണ്ണം |
| 22203508/11.11.22, 700/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 2263/8.11.22-വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ഉന്നതവിദ്യാഭ്യാസം എന്നിവയ്ക്കുള്ള അപേക്ഷ ഫോം |
| 22205801/17.3.23, 18350/- | MS മോഡേൺ മിനി ഓഫ് സെറ്റ് പ്രസ്, തൃശ്ശൂർ | 1) 2251/23.1.22-ലാപ്ടോപ്പ്, വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം, സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള അപേക്ഷ ഫോം<br>2)2269/15.12.22-ലാപ്ടോപ്പ്, ഉന്നതവിദ്യാഭ്യാസം എന്നിവയ്ക്കുള്ള അപേക്ഷ ഫോം<br>3)2273/25.1.23- വികസന രേഖ |

| | | |
|---|---|---|
| | | 15 എണ്ണം<br>4)2274/25.1.23-ദുരന്തനിവാരണ ആസൂത്രണരേഖ<br>5)2281/11.2.23-വയോജനങ്ങൾക്കുള്ള കട്ടിൽ, സഹായോപകരണങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷ ഫോം |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ 5,51,490/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

( ഓഡിറ്റ് എൻക്വയറി - 26/22-23 തിയതി:7.8.23)

## 1-89 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അഡീഷണൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ഭാഗമായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം/ വൗച്ചർ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1347/23 ടെക്നിക്കൽ സപ്പോർട്ട് ഇനത്തിൽ ഐ.കെ.എം ന് വിഹിതം നൽകൽ | ഐ.കെ.എം | 2203190/30.8.22 | 17,60,717 (പ്ലാൻ ഫണ്ട് - ജനറൽ) | - |
| 2 | 1346/23 വയോമിത്രം കോർപ്പറേഷൻ വിഹിതം | സാമൂഹ്യ സുരക്ഷാ മിഷൻ | 2203189/30.8.22 | 25,00,000 ( പ്ലാൻ ഫണ്ട് - ജനറൽ) | കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | നൽകൽ | | | | |

രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി - 26/22-23 തിയതി:7.8.23)

## 1-90 നഗരസഞ്ചയം പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല - 17,23,35,207 രൂപ തടസ്സത്തിൽ വെയ്ക്കുന്നു

സർക്കാർ ഉത്തരവ് (കൈ)നം.103/2020/ത.സ്വ.ഭ.വ തീയതി.30/06/2020 പ്രകാരം തയ്യാറാക്കിയിട്ടുള്ള പദ്ധതി, കേരളത്തിലെ ഒരു പ്രധാന നഗരവും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളെയും ഒരു നഗരസഞ്ചയമായി നിർവ്വചിച്ചിരിക്കുന്നു. നഗരസഞ്ചയത്തിലെ മുഖ്യനഗരസഭയ്ക്കാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും അതിൽ നിന്നും മാർഗ്ഗരേഖ പ്രകാരമുള്ള തുക മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. പുറത്തുള്ള നഗരസഞ്ചയങ്ങൾക്ക് വിനിയോഗിക്കുന്നതിന് 2947.36 കോടി രൂപയാണ് ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്. നഗരസഞ്ചയം എന്ന പേരിൽ സ്പിൽ ഓവർ ഉൾപ്പെടെ തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്.. പദ്ധതിയ്ക്കായി 39 കോടി രൂപ അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അഡീഷണൽ സെക്രട്ടറി

1. പ്രോജക്ട് നം. -- 1646/23

പ്രോജക്ട് -- നഗരസഞ്ചയം (21-22) വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ

അടങ്കൽ -- 254400000

ചെലവ് -- 91566818 ( വൗച്ചർ നം – 22205251/31.3.23)

2. പ്രോജക്ട് നം. -- 497/23

പ്രോജക്ട് -- നഗരസഞ്ചയം മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ

അടങ്കൽ -- 139524469

ചെലവ് -- 80768389

| വൗച്ചർ നം /തിയതി | തുക |
|---|---|
| 22205406 /14-Mar-2023 | 900000.00 |
| 22205405 /14-Mar-2023 | 544504.00 |
| 22205661 /20-Mar-2023 | 600000.00 |
| 22205633/ 20-Mar-2023 | 363420.00 |
| 22205677 /20-Mar-2023 | 2362495.00 |

| | |
|---|---|
| 22205727 /27-Mar-2023 | 5795698.00 |
| 22205595 / 27-Mar-2023 | 1973540.00 |
| 22205739/ 29-Mar-2023 | 83814.00 |
| 22205752 /28-Mar-2023 | 600000.00 |
| 22205816 /28-Mar-2023 | 5950150.00 |
| 22205817 /30-Mar-2023 | 838764.00 |
| 22205263 /08-Jul-2022 | 550569.00 |
| 22205264 /08-Jul-2022 | 1284223.00 |
| 22205259 /08-Jul-2022 | 1448620.00 |
| 22205267 /08-Jul-2022 | 520502.00 |
| 22205269 /13-Jul-2022 | 317115.00 |
| 22205266 /11-Jul-2022 | 580254.00 |
| 22205265 /08-Jul-2022 | 2381347.00 |
| 22205270 /23-Jul-2022 | 2071587.00 |
| 22205273 /15-Jul-2022 | 1208369.00 |
| 22205268 /13-Jul-2022 | 96203.00 |
| 22205274 /23-Aug-2022 | 2071587.00 |
| 22205271 /23-Aug-2022 | 1971379.00 |
| 22205272 /30-Jul-2022 | 974801.00 |
| 22205277 /26-Aug-2022 | 504919.00 |
| 22205276 /23-Aug-2022 | 2071587.00 |
| 22205275 /23-Aug-2022 | 2071587.00 |
| 22205280 /27-Aug-2022 | 746038.00 |
| 22205279 /26-Aug-2022 | 150263.00 |
| 22205278 /26-Aug-2022 | 495113.00 |
| 22205283 /02-Sep-2022 | 4967803.00 |
| 22205282 /31-Aug-2022 | 247734.00 |
| 22205281 /29-Aug-2022 | 2226799.00 |
| 22205286 /14-Sep-2022 | 171100.00 |

| | |
|---|---|
| 22205285 /12-Sep-2022 | 115900.00 |
| 22205284 /06-Sep-2022 | 588694.00 |
| 22205291 /10-Nov-2022 | 30485.00 |
| 22205290 /10-Nov-2022 | 37559.00 |
| 22205287 /14-Sep-2022 | 29500.00 |
| 22205297 /26-Nov-2022 | 1336319.00 |
| 22205294 /21-Nov-2022 | 100000.00 |
| 22205293 /21-Nov-2022 | 152187.00 |
| 22205300 /12-Dec-2022 | 380200.00 |
| 22205299 /06-Dec-2022 | 375261.00 |
| 22205298 /06-Dec-2022 | 315162.00 |
| 22205304 /17-Dec-2022 | 2132760.00 |
| 22205303 /17-Dec-2022 | 284499.00 |
| 22205301 /17-Dec-2022 | 1245718.00 |
| 22205308 /04-Jan-2023 | 2480685.00 |
| 22205306 /27-Dec-2022 | 1202789.00 |
| 22205305 /17-Dec-2022 | 4112064.00 |
| 22205930 /14-Feb-2023 | 603383.00 |
| 22205309 /04-Jan-2023 | 10348372.00 |
| 22205347 /20-Feb-2023 | 470315.00 |
| 22205344 /14-Feb-2023 | 75178.00 |
| 22205343 /14-Feb-2023 | 76320.00 |
| 22205349 /20-Feb-2023 | 739937.00 |
| 22205348 /20-Feb-2023 | 131642.00 |
| 22205356 /25-Feb-2023 | 900000.00 |
| 22205355 /25-Feb-2023 | 761576.00 |
| 22205404 /14-Mar-2023 | 850000.00 |
| 22205403 /14-Mar-2023 | 950000.00 |
| 22205357 /25-Feb-2023 | 800000.00 |

പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതി രൂപീകരണഫോറം ഹാജരാക്കിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ ട്രഷറി ബില്ലുകൾ (59E) ഹാജരാക്കിയിട്ടില്ല.

3. സർക്കാർ ഉത്തരവിൽ ഖ.7.6v,vi പ്രകാരം സംയുക്ത പദ്ധതിയുടെ മാതൃകയിൽ പദ്ധതി നടപ്പാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടുകളുടെ പകർപ്പ് പഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല.

4. ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് എത്ര വീതം തുക കൈമാറി എന്ന് വ്യക്തമല്ല. 1646/23 നമ്പർ പ്രോജക്ടിൽ പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾക്ക് പി.എഫ്.എം.എസ് ൽ ജനറേറ്റ് ചെയ്ത പേയ്മെന്റ് അഡ്വൈസിന്റെ വിശദാംശമാണ് ലഭ്യമാക്കിയത്. ആയത് പ്രകാരം 8,88,66,818 രൂപയുടെ രേഖകളാണുള്ളത് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 9,15,66,818 രൂപയാണ്. രേഖകൾ പൂർണ്ണമല്ല. പ്രോജക്ട് നം. 497/23 പ്രകാരം ലഭ്യമാക്കിയ വിവരങ്ങളും അപൂർണ്ണമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റിക്വസിഷനുകൾ മാത്രമാണ് ലഭ്യമാക്കിയത്.

5. തദ്ദേശ സ്ഥാപനങ്ങളുമായി കോർപ്പറേഷൻ കരാറിലേർപ്പെട്ടിട്ടില്ല.

6.തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ വിനിയോഗവിവരം, പ്രവൃത്തി പൂർത്തീകരണപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതി പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന് 63912 രൂപ പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്ക് 22105461/29.1.22 വൗച്ചർ പ്രകാരം തെറ്റായി അനുവദിച്ചിരുന്നു. ആയത് 3604-00-911-99 എന്ന ഹെഡ്ഡിലേക്ക് അടവാക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം തുക തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ ഓഡിറ്റ് എൻക്വയറി 94/22-23 തീ.22.11.2023 മുഖേന സ്ഥാപനത്തെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയും ചെലവ് രേഖകൾ ഹാജരാക്കുകയും ചെയ്യുന്നത് വരെ ചെലവ് തുക 17,23,35,207/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-91 അമൃത് പദ്ധതി ലോൺ തിരിച്ചടവ് - സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായി ക്രെഡിറ്റ് ചെയ്തിട്ടില്ല - ലോൺ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം -- 1573/23

പ്രോജക്ട് -- അമൃത് പദ്ധതിയിലേക്കുള്ള തിരിച്ചടവ്

വൗച്ചർ നം -- 22105572/23.2.23, തുക - 143,38,070/-

നിർവഹണഉദ്യോഗസ്ഥൻ -- അഡീഷണൽ സെക്രട്ടറി

അമൃത് പദ്ധതിക്കായി സർക്കാർ അനുവദിച്ച ലോൺ തിരിച്ചടക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

30.01 കോടി രൂപ ലോൺ അനുവദിച്ചിട്ടുണ്ട് ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉത്തരവ് നം. | തുക |
|---|---|
| A1/869/2016/Amrut/29.10.2018 | 6.49 കോടി |
| A1/869/2016/Amrut/ 30.04.2019 | 2.51 കോടി |
| A1/869/2016/Amrut/06.05.2020 | 9.28 കോടി |
| A1/869/2016/Amrut/ 15.12.2021 | 11.73 കോടി |
| ആകെ | 30.01 കോടി |

സർക്കാർ ഉത്തരവ് (സാധാ)നം.745/2018/ഫിൻ തീയതി.20.3.2018 പ്രകാരം ലോൺ തുക 7% കൂട്ടുപലിശ ഉൾപ്പെടെ 10 വർഷം കൊണ്ട് തിരികെ അടവാക്കുവാൻ ഉത്തരവായിട്ടുണ്ട്.

2018-19 മുതൽ 2022-23 വരെയുള്ള പ്ലാൻഫണ്ട് അലോട്മെന്റ് പ്രകാരം ലോൺ ഇനത്തിൽ ഓരോ ഗഡുവിൽ നിന്നും എത്ര തുക ലോൺ തിരിച്ചടവ് ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ അപ്രകാരം തുക അടവാക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ)നം.2839/2022/ധന. തിയതി.8.4.22, സർക്കാർ ഉത്തരവ് (സാധാ) നം.6872/2022/ധന. തിയതി.12.10.22, സർക്കാർ ഉത്തരവ് (സാധാ)നം.1049/2023/ധന തിയതി.13.2.23 എന്നിവ പ്രകാരം വികസന ഫണ്ട് ജനറൽ വിഭാഗം ഇനത്തിൽ മൂന്ന് ഗഡുക്കളിലായി 687379337 രൂപ (227061200 + 243704200 + 216613937) അനുവദിച്ചിട്ടുണ്ട്. മേൽ പ്രകാരം തുക അനുവദിച്ചപ്പോൾ അമൃത് തിരിച്ചടവ് ഇനത്തിൽ സർക്കാറിലേക്ക് അടവാക്കേണ്ട തുക കൂടി ഉൾപ്പെടുത്തിയാണ് അറ്റ തുകയായി കോർപ്പറേഷന് അനുവദിച്ചിരിക്കുന്നത്. മേൽ ഉത്തരവുകളിൽ അമൃത് അടവ് സംബന്ധിച്ച് അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അനുബന്ധത്തിൽ വിശദീകരിച്ച തുക വിവിധ കണക്ക് ശീർഷകങ്ങളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും ആയത് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന് ശേഷം മാത്രമേ അവശേഷിക്കുന്ന വികസന ഫണ്ട് തുക പിൻവലിക്കാൻ പ്രാദേശിക സർക്കാറുകളെ അനുവദിക്കുകയുള്ളൂ എന്നും വിശദീകരിച്ചിട്ടുണ്ട്. അപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക 43014210 (14338070x3) രൂപയാണ്. എന്നാൽ പ്രൊജക്റ്റ് നം.1573/23 പ്രകാരം ആകെ 14338070 രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം അമൃത് പദ്ധതി തിരിച്ചടവിലേക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ട തുക മുഴുവനായി ക്രെഡിറ്റ് ചെയ്തിട്ടില്ല. സർക്കാർ ഉത്തരവുകൾ പ്രകാരം മുഴുവൻ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ കോർപ്പറേഷന് അധിക ബാധ്യത വന്നിരിക്കുന്നു. വികസന ഫണ്ടിനത്തിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റ് തുകയിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്ത തുക ഉൾപ്പെടെ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താമായിരുന്ന 7,97,05,437.00 രൂപ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) ചെലവഴിക്കാത്തതുമൂലം തൻവർഷം നഷ്ടപ്പെടുത്തി.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. (ഓഡിറ്റ് എൻക്വയറി നം.50/2022-23, തീയതി - 6.10.23) ലോൺ തുക കൃത്യമായി

സർക്കാർ ഉത്തരവിന് വിധേയമായി തിരിച്ചടക്കുകയും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-92 ഗുണഭോക്തൃവിഹിതം വരവും ചെലവും പൊരുത്തപ്പെടുന്നില്ല

ചെലവ് പത്രികയായ സുലേഖയിലെ ഗുണഭോക്തൃവിഹിതം ചെലവും വിവിധ കൃഷിഭവനുകൾ പിരിച്ചെടുത്ത് നഗരസഭയിൽ അടവാക്കിയ ഗുണഭോക്തൃവിഹിതവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ വികസനഫണ്ടിനു ആനുപാതികമായി ഗുണഭോക്തൃവിഹിതം വകയിരുത്തുകയും ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കി നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ചെലവു പത്രികയിൽ ചെലവു കണക്ക് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ തുക (വികസന ഫണ്ട് +ഗുണഭോക്തൃവിഹിതം) | പത്രികയിലെ ചെലവ് തുക (വികസന ഫണ്ട് +ഗുണഭോക്തൃവിഹിതം) | അഭിപ്രായകുറിപ്പ് |
|---|---|---|---|
| സുഭിക്ഷ കേരളം മട്ടുപ്പാവ് കൃഷി (510/23) | 450000 + 150000 | 450000 + 50000 | ഒല്ലൂർ, ഒല്ലൂക്കര, വിൽവട്ടം, കൂർക്കഞ്ചേരി, അയ്യന്തോൾ, തൃശ്ശൂർ 6 കൃഷിഭവനുകളും 25000 രൂപ വീതം 150000 രൂപ ഗുണഭോക്തൃവിഹിതം പിരിച്ച് കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. വരവ് വന്ന മുഴുവൻ തുകയും ചെലവായി സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സ്റ്റേറ്റ്മെന്റിലെ ചെലവ് 50000 രൂപ മാത്രമാണ്. |
| സുഭിക്ഷ കേരളം സമഗ്ര പച്ചക്കറി വികസനം (511/23) | 1029000 + 45000 | 1029000 + 30000 | 5 കൃഷിഭവനുകൾ 7500 രൂപ വീതം ഗുണഭോക്തൃവിഹിതം പിരിച്ച് കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. ഈയിനത്തിലെ ആകെ വരവും ചെലവും 37500 രൂപയാണ് വരേണ്ടത്. എന്നാൽ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത് 30000 രൂപ മാത്രമാണ്. |

| | | | |
|---|---|---|---|
| ഒരുകോടി ഫലവൃക്ഷ തൈ വിതരണം (502/23) | 1323000 + 441000 | 762380 + 226867 | ഗുണഭോക്തൃവിഹിതം ഇനത്തിൽ കോർപ്പറേഷനിൽ അടച്ച ആകെ തുക 1,99,966 രൂപയാണ്. എന്നാൽ പത്രികയിൽ വ്യത്യാസം കാണുന്നു. |
| വികസനഫണ്ട് ആകെ ചെലവ് | | 22,41,380 | |

1) ഗുണഭോക്തൃവിഹിതം വരവ് വന്ന മുഴുവൻ തുകയും ചെലവായി കാണിച്ചിട്ടില്ല. നഗരസഭ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതത്തിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) തൃശ്ശൂർ കൃഷിഭവനിൽ നിന്നും ഗുണഭോക്തൃവിഹിതം 43389, 2175 എന്നീ തുകകൾ നഗരസഭയിൽ അടവാക്കിയതിന്റെ വിവരം ഫയലില്ല.

3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പാക്കിയ 20 പ്രോജക്ടുകളുടെയും അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഗുണഭോക്തൃവിഹിതം പിരിച്ച് തനതുഫണ്ടിൽ ഒടുക്കുകയും അതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നുവെങ്കിലും കൃത്യമായി ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വീക്ഷിക്കുന്നു. (എൻക്വയറി നം .7/21.7.23 )

## 1-93 വിവിധ സ്ഥാപനങ്ങൾക്ക് ഫല വൃക്ഷതൈകളുടെ വിതരണം- അപാകതകൾ

പ്രോജക്ട് - പൊതു സ്ഥലങ്ങളിൽ വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കൽ (503/23)

അടങ്കൽ - 700000 (വികസന ഫണ്ട്)

ചെലവ് - 700000/-

നിർവഹണ ഉദ്യോഗസ്ഥൻ - ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്

എല്ലാ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും സ്കൂൾ, കോളേജ് എന്നിവിടങ്ങളിലും ഗുണമേന്മയുള്ള ഫല വൃക്ഷതൈകൾ 100% സബ്സിഡിയിൽ അനുവദിച്ചുകൊണ്ട് നട്ട് പരിപാലിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഫല വൃക്ഷങ്ങൾ, മുള എന്നിവയാണ് നട്ടു വളർത്തേണ്ടത് എന്ന് മാർഗ്ഗരേഖയിൽ പറയുന്നു. 3 വർഷത്തെ പരിപാലനം ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണം. ഇപ്രകാരം കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

എ) എന്നാൽ തൃശ്ശൂർ കൃഷിഭവൻ ഹാജരാക്കിയ രേഖകളിൽ കരാർ പ്രകാരം സ്ഥാപനത്തിനു നൽകിയ വൃക്ഷതൈകളുടെ എണ്ണവും ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന എണ്ണവും തമ്മിൽ വ്യത്യാസം കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | കരാർ പ്രകാരം നൽകിയ എണ്ണം | രജിസ്റ്റർ പ്രകാരം നൽകിയ എണ്ണം |
|---|---|---|---|
| 1 | കുടുംബശ്രീ ഓഫീസ് | 25 | 28 |
| 2 | ഇലക്ട്രോണിക്സ് ഡിവിഷൻ | 5 | 20 |
| 3 | ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് | 20 | 45 |
| 4 | മാർത്തമറിയം വലിയപള്ളി | 12 | 20 |

ബി) വിൽവട്ടം കൃഷിഭവൻ ഹാജരാക്കിയ രേഖകളിലും വ്യത്യാസം കാണുന്നു. കരാർ പ്രകാരം സ്ഥാപനത്തിനു നൽകിയ വൃക്ഷതൈകളുടെ എണ്ണം 443 ആണ്. ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം 471 എണ്ണം വിതരണം ചെയ്തിട്ടുണ്ട് എങ്കിലും ആകെ എണ്ണം കാണിച്ചിരിക്കുന്നത് 465 ആണ്. കേരള ഫയർ&റസ്ക്യൂ സർവീസസ് അക്കാഡമിക്ക് ഫല വൃക്ഷതൈകൾ നൽകിയതായി രജിസ്റ്ററിൽ കാണുന്നുവെങ്കിലും കരാർ വെച്ചിട്ടില്ല. ഇപ്രകാരം വ്യത്യാസം വന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്.

2) കരാർ ഉടമ്പടികൾ പ്രകാരം ചുർക്കഞ്ചേരി കൃഷിഭവൻ 29 സ്ഥാപനങ്ങൾക്കും അയ്യന്തോൾ കൃഷിഭവൻ 23 സ്ഥാപനങ്ങൾക്കും ഫല വൃക്ഷതൈകൾ നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ വൃക്ഷതൈകളുടെ എണ്ണം കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തൊഴിൽ ഘടകത്തിനുള്ള വിഹിതം കണ്ടെത്തണം എന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ഇപ്രകാരം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

മറുപടി/രേഖകൾ ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി നം. 18/29.7.23)

1-94 പദ്ധതികൾ ആസൂത്രണം ചെയ്യുന്നതനുസരിച്ച് നടപ്പാക്കുന്നില്ല

മൃഗസംരക്ഷണമേഖലയിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികളിൽ വളരെ ചെറിയ ശതമാനം ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഉദാ --

| പദ്ധതി | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| പശു പരിപാലനം (S546/23) | 33,00,000 (വികസനഫണ്ട്) | 10,20,000 | 30.90.% |

| | | | |
|---|---|---|---|
| മുട്ടക്കോഴി വിതരണം<br><br>(S551/23) | 33,00,000 | 8,76,000 | 26.54% |

വൻതുക അടങ്കലിൽ ഈ പദ്ധതികൾ ആസൂത്രണം ചെയ്തതുമൂലം മൃഗസംരക്ഷണമേഖലയിലോ, മറ്റ് അവശ്യമേഖലയിലോ നടപ്പാക്കാവുന്ന മറ്റ് പദ്ധതികൾക്ക് ചെലവഴിക്കാവുന്ന ഫണ്ട് വകയിരുത്തുവാനോ, ചെലവഴിക്കുവാനോ സാധിച്ചിട്ടില്ല. ഡിവിഷൻ സഭ, വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ, കൗൺസിൽ യോഗം എന്നിവയിലെ തീരുമാനങ്ങൾ അനുസരിച്ച് ഗുണഭോക്താക്കളെ പ്രതീക്ഷിച്ചാണ് പദ്ധതികൾ തയ്യാറാക്കിയത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി. വനിതാ പദ്ധതികളായതിനാൽ വേറെ പദ്ധതികളിലേക്ക് തുക മാറ്റുന്നതിനും സാധിച്ചിട്ടില്ല. ഓരോ വർഷവും ആവർത്തനപദ്ധതികൾ തന്നെ നടപ്പിലാക്കാതെ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രമം നടക്കുന്നതായി കാണുന്നില്ല. മൃഗസംരക്ഷണമേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആവശ്യകത കൂടുതലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.31/16.8.2023)

## 1-95 മുട്ടക്കോഴി വിതരണം (S551/23) – പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ -- സീനിയർ വെറ്ററിനറി സർജൻ

അടങ്കൽ -- 33,00,000

ചെലവ് -- 8,76,000

1. ട്രഷറി ബിൽ നം -- P5/22-23/30.1.23- 2,27,400

(വൗച്ചർ നം --22204386/27.1.23)

2.ട്രഷറി ബിൽ നം -- P11/22-23/25.3.23- 5,04,600

(വൗച്ചർ നം --22205479/17.3.23)

3.ട്രഷറി ബിൽ നം -- P12/22-23/25.3.23- 1,44,000

(വൗച്ചർ നം--22205711/17.3.23)

5500 എണ്ണം കോഴിക്കുഞ്ഞുകളെ വിതരണം ചെയ്യുന്നതിനുള്ള വനിതാ ഘടകപദ്ധതിയാണ്. ഗുണഭോക്താക്കൾ 2000 രൂപ ചെലവിൽ കോഴിക്കൂട് നിർമ്മിക്കണം. യൂണിറ്റിന് 600 രൂപ നിരക്കിൽ ഒരാൾക്ക് അഞ്ച് കോഴിക്കുഞ്ഞുങ്ങളെ നൽകുന്നു.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒന്നിലധികം വ്യക്തികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഡിവിഷൻ | 5 റേഷൻകാർഡ് | സഹായം കൈപ്പറ്റിയ |
|---|---|---|---|

| നമ്പർ | | നം. | വ്യക്തികൾ |
|---|---|---|---|
| 1 | 55 | 1841167399 | ശാന്തകുമാരി, കരിംചിറ്റത്ത് വീട്, പുളൂർക്കര |
| | | | നിഷ, കരിംചിറ്റത്ത് വീട്, പുളൂർക്കര |
| 2 | 29 | 1841066415 | റോസി പൊറിഞ്ചു, കണ്ടംകുളത്തി വീട്, ഒല്ലൂർ |
| | | | ബിന്ദു സണ്ണി, കണ്ടംകുളത്തി വീട്, ഒല്ലൂർ |
| | | | ഏഞ്ചലീൻ സണ്ണി, കണ്ടംകുളത്തി വീട്, ഒല്ലൂർ |
| 3 | 32 | 1841160074 | ത്രേസ്യാമ്മ, വട്ടക്കുഴി, കണിമംഗലം |
| | | | റോബെൻസി, വട്ടക്കുഴി, കണിമംഗലം |

ഗുണഭോക്തൃലിസ്റ്റിൽ ധാരാളം വ്യക്തികൾ ഉണ്ടായിരുന്നിട്ടും ഒരേ കുടുംബത്തിൽ തന്നെ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത് പരിശോധിക്കപ്പെടേണ്ടതാണ്.

2. ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച ദിവസം തന്നെ കൈപ്പറ്റ് രസീത് ഒപ്പിട്ട് വാങ്ങിയതായി കാണുന്നു. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് അനുസരിച്ചല്ല കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/16.08.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

മുട്ടക്കോഴി വിതരണം പദ്ധതിയുടെ ഫണ്ട് ചെലവാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒന്നിലധികം വ്യക്തികൾക്ക് നൽകിയത് എന്നാണ് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഫണ്ട് ഫലപ്രദമായ രീതിയിൽ ചെലവാക്കുക എന്നതായിരിക്കണം പദ്ധതിയുടെ ലക്ഷ്യം എന്നാണ് ഓഡിറ്റിന്റെ വിലയിരുത്തൽ. പ്രായമായവരും വിദ്യാഭ്യാസമില്ലാത്തവരും ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിനാൽ ആണ് അപേക്ഷ സ്വീകരിച്ച തീയതിയിൽ തന്നെ കൈപ്പറ്റ് രസീതിയും ഒപ്പിട്ട് വാങ്ങിയത് എന്നാണ് മറ്റൊരു മറുപടി. കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റുമ്പോൾ മാത്രം രസീത് ഒപ്പിട്ട് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ അർഹതയുള്ള വ്യക്തികൾ തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പുവരുത്തേണ്ടതും യഥാർത്ഥ ഗുണഭോക്താക്കൾ തന്നെയാണ് സഹായം കൈപ്പറ്റിയിട്ടുള്ളത് എന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-96 കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. വെറ്ററിനറി സർജൻ വിൽവട്ടം 2022-23 വർഷം നടപ്പിലാക്കിയ എബിസി പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് .

ഇനി മുതൽ TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.38 തിയതി. 14.9.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-97 എ.ബി.സി പദ്ധതി-മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

നിർവഹണഉദ്യോഗസ്ഥൻ-സീനിയർ വെറ്ററിനറി സർജൻ, വിൽവട്ടം

പ്രോജക്ട് നമ്പർ : 4/23

പ്രോജക്ടിന്റെ പേര് : എ.ബി.സി പദ്ധതി

അടങ്കൽ തുക : 47,63,450 രൂപ

ചെലവ് തുക : 29,58,378 രൂപ

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് ഇൻവോയ്സ് നം.1888 തി.28.10.2022 പ്രകാരം 1,12,392 രൂപ (ട്രഷറി ബിൽ നമ്പർ: 18/22-23തീയതി: 19.11.2022) കൈമാറിയിട്ടുണ്ട്. ആയതിൽ 1,10,427 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1965 രൂപയുടെ മരുന്നുകൾ ലഭ്യമാക്കേണ്ടതും സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-98 എ.ബി.സി പദ്ധതി- അവലോകനം

നിർവഹണഉദ്യോഗസ്ഥൻ -സീനിയർ വെറ്ററിനറി സർജൻ, വിൽവട്ടം

പ്രോജക്ട് നമ്പർ : 4/2023

പ്രോജക്ടിന്റെ പേര് : എ.ബി.സി പദ്ധതി

തെരുവിൽ നിന്നും നായ്ക്കളെ പിടികൂടി ജനനനിയന്ത്രണ ശസ്ത്രക്രിയ നടത്തി പ്രതിരോധ കുത്തിവെയ്പുകൾ നൽകി പിടിച്ച സ്ഥലത്ത് കൊണ്ടു വിടുന്ന ഏറ്റവും ഫലപ്രദവും ശാസ്ത്രീയമായ മാർഗ്ഗമാണ് എ.ബി.സി പദ്ധതി. തൃശ്ശൂർ നഗരസഭയിൽ പറവട്ടാനിയിലാണ് എ.ബി.സി സെന്റർ പ്രവർത്തിക്കുന്നത്. 2016-17 വർഷം മുതൽക്ക് തന്നെ നഗരസഭയിൽ എ.ബി.സി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. എ.ബി.സി സെന്ററിന്റെ പ്രവർത്തനത്തിനായി നഗരസഭ 2 വെറ്ററിനറി സർജൻമാർ, 2 നഴ്സുമാർ, 3 മൃഗപരിപാലകർ, 2 നായപിടുത്തക്കാർ എന്നിവരെ കരാർ

അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

2019-20 മുതൽ 2022-23 വരെ എ.ബി.സി പദ്ധതിക്കായി 712,62,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി നഗരസഭ രൂപീകരിച്ച പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്റ്റ് നം | അടങ്കൽ തുക | ചെലവ് | വന്ധ്യംകരിച്ച നായക്കളുടെ എണ്ണം |
|---|---|---|---|---|
| 2019-20 | 23/20 | 2200000 | 1562944 | 2026 |
| 2020-21 | 27/21 | 1600000 | 1298167 | 1286 |
| 2021-22 | 438/22 | 1310000 | 1306711 | 953 |
| 2022-23 | 4/23 | 4763450 | 2958378 | 1070 |
| | | | 712,62,000 | |

സ.ഉ(സാധാ)നം.2065/2022/LSGD തി.23.08.2022 പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണസ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി പദ്ധതി നടപ്പാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ABC Dog Rules 2001 പ്രകാരം തെരുവു നായകളുടെ വന്ധ്യംകരണം പ്രതിരോധ മരുന്ന് നൽകൽ മുതലായ പ്രവർത്തനങ്ങൾ മൃഗ സംരക്ഷണ സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ത.സ്വ.ഭ. സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പാക്കേണ്ടത്. എന്നാൽ ഇവ പരിഗണിക്കാതെ നഗരസഭ സ്വന്തം നിലയിൽ പദ്ധതി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

എ.ബി. സി പരിപാടി നടപ്പാക്കുന്നതിന് നഗരസഭ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചട്ട പ്രകാരം കമ്മിറ്റി എല്ലാ മാസവും ഒരിക്കലെങ്കിലും യോഗം ചേർന്ന് പ്രോഗ്രാം വിലയിരുത്തേണ്ടതാണ്. ഇത് പാലിക്കുന്നില്ല. പദ്ധതി നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് ABC ഡോഗ് റൂളും SOP നിയമങ്ങളും ചട്ടങ്ങളും പ്രകാരമാണ്.

സ.ഉ (സാധാ)നം.2244/2022/LSGD തി.15.09.2022 പ്രകാരം സംസ്ഥാനത്ത് തെരുവു നായ്ക്കൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടിയന്തിര കർമ്മപരിപാടി പ്രദേശിക സർക്കാർ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. തീവ്ര വാക്സിനേഷൻ യജ്ഞം, തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായ്ക്കൾക്കുമായുള്ള അഭയകേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വയജ്ഞം, ഐഇസി ക്യാംപെയിൻ സജ്ജമാക്കൽ എന്നീ നാലു ഘട്ടങ്ങളാണ് ഈ കർമ്മ പരിപാടിയിൽ ഉള്ളത്. ഇപ്രകാരം കർമ്മപരിപാടികൾ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

SOP ഖണ്ഡിക 5.5.2 പ്രകാരം റഗലർ സർവ്വെ മറ്റ് മാർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച് നായ്ക്കളുടെ എണ്ണം ശേഖരിച്ച് എ.ബി.സി പദ്ധതിയുടെ ഫലപ്രാപ്തി പരിശാധിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 2019 ലെ ഇരുപതാമത് പഞ്ചവത്സരദേശീയ കന്നുകാലി കാനേഷുമാരി പ്രകാരം ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് നായ്ക്കളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളതെന്നാണ് സ്ഥാപനം അറിയിച്ചിട്ടുള്ളത്.

കോർപ്പറേഷൻ പരിധിയിലെ നായ്ക്കളുടെ എണ്ണം, അവയിൽ വന്ധ്യംകരണം നടത്താൻ ബാക്കിയുള്ള നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുണ്ടായിരിക്കേണ്ടതാണ്. എന്നാൽ മാത്രമേ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയോ എന്ന് വിലയിരുത്തുന്നതിനും കുറവുകൾ നികത്തുവാനും കഴിയുകയുള്ളൂ.

തൃശ്ശൂർ നഗര പരിധിയിൽ വെച്ച് തെരുവ് നായയുടെ ആക്രമണത്തിന് ഇരയായവർക്ക് ജസ്റ്റീസ്(റിട്ട.)സിരി ജഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ G.O (Rt.No.453/2022/LSGD തീയതി 24.02.2022 ഉത്തരവ് പ്രകാരം 5 പേർക്ക് നഷ്ടപരിഹാരമായി 2,34,098 രൂപ അനുവദിച്ചിട്ടുണ്ട്. (ഫയൽ നം പി.എച്ച് 5/16625/22)

10/2016 മുതൽ തൃശ്ശൂർ നഗരസഭ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും തെരുവ് നായ മുക്തമാക്കുവാൻ കഴിഞ്ഞിട്ടില്ല.

തെരുവ് നായ ശല്ല്യം രൂക്ഷമാകുകയും പൊതുജനങ്ങൾ നായയുടെ ആക്രമണത്തിന് ഇരയാകുകയും ചെയ്യുന്ന സാഹചര്യത്തിൽ എബിസി പദ്ധതി കൂടുതൽ ഊർജ്ജിതമായി നടപ്പാക്കുന്നതിന് നഗരസഭ ശ്രദ്ധചെലുത്തേണ്ടതും തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-99 ക്ഷീര വികസനം - പാലളവ് പട്ടിക തയ്യാറാക്കിയതിലെ അപാകതകൾ -1,90,028/-രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണം- ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം

പ്രൊജക്ട് നം. 1370/23

തുക 15,00,000/-

| വൗച്ചർ നം. | തുക |
|---|---|
| 22205810/23.3.23 | 954846 |
| 22205834/28.3.23 | 403767 |
| 22205725/28.3.23 | 104226 |
| 22205783/28.3.234 | 16101 |
| 22205755/29.3.23 | 21060 |

മേൽ പറഞ്ഞ പ്രൊജക്ടിൽ ഉൾപ്പെടുത്തി താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് പാൽ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ഇവരുടെ പേരുകൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടു കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി കൗൺസിൽ തീരുമാനത്തിന്റെ ഒരു പകർപ്പ് നൽകിയിരുന്നു. ക്ഷീര കർഷക സംഘങ്ങൾ വഴി നേരിട്ട് സ്വീകരിച്ച അപേക്ഷകളെല്ലാം അംഗീകരിച്ചിരിക്കുന്നു എന്നാണ് കൗൺസിൽ തീരുമാനം. കൗൺസിൽ തീരുമാനത്തോടൊപ്പം അംഗീകരിച്ച പട്ടിക കൂടി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സമർപ്പിക്കുകയുണ്ടായില്ല.

| ക്രമ നം | പട്ടിക | പേര് | ഫോൺ | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | നം | | | | |
| 1 | 22 | ശങ്കരനാരായണൻ നമ്പൂതിരി | -- | 855310310000004 BKID0008553 | 13128 3571 139 |
| 2 | 23 | ശ്രീരേഖ | -- | 048805300005011 എസ്ഐബി | 2552 188 |
| 3 | 34 | അംബിക.എം.കെ | 9496003587 | 67188617771 എസ്ബിഐ | 6304 1901 581 |
| 4 | 35 | സരോജിനി രാജു | 9496003587 | 0649053000000812 എസ്ഐബി | 309 |
| 5 | 36 | ഷാജു.വി.വി | 9496003587 | 67245583086 എസ്ബിഐ | 552 |
| 6 | 51 | അമ്മിണി.സി.കെ | 9496003516 | 855310110003797-BKID0008553 | 128 |
| 7 | 53 | ആനി ജോസ് | 9496003516 | 0488053000005326 എസ്ഐബി | 1703 509 |
| 8 | 64 | പുഷ്കരൻ.കെ.എസ് | 9496003516 | 0488054000000060 എസ്ഐബി | 4047 171 |
| 9 | 66 | രാജു.വി.വി | -- | 45522030001754 കാനറ | 3261 |
| 10 | 71 | ബിനോയ്.കെ.എം | 9495883894 | 855310110005536-BKID0008553 | 5525 |
| 11 | 113 | വി.ശാരദ | 9496419094 | 67348474582 എസ്ബിഐ | 2267 831 460 |
| 12 | 114 | വിപിൻ.കെ.കെ | 9048562087 | 0488053000002836 എസ്ഐബി | 18149 4038 |

| | | | | | |
|---|---|---|---|---|---|
| | | | | | 1001 |
| 13 | 115 | സിന്ദുജ.പി | 8086679033 | 6696348350-<br>IDIB000T054 | 2603<br>1591<br>384 |
| 14 | 116 | അലീന ലിനോജ് | 9645568692 | 048805300007616<br>എസ്ഐബി | 6008<br>882<br>326 |
| 15 | 118 | കുമാരി ജയൻ | 7559008021 | 80004440985 | 5597<br>1665<br>452 |
| 16 | 123 | രാധാകൃഷ്ണൻ.സി.കെ | 9847569746 | 67014274492<br>എസ്ബിഐ | 5973<br>792 |
| 17 | 126 | രമ ശിവരാമൻ | 9847854961 | 67237594815<br>എസ്ബിഐ | 5277<br>126<br>450 |
| 18 | 127 | രജീഷ്.കെ.വി | 7510345130 | 0721101069313<br>കാനറ | 26082<br>90 |
| 19 | 135 | ആന്റോ.കെ.കെ | -- | 087053000057959<br>എസ്ഐബി | 3345<br>1232<br>380 |
| 20 | 136 | വിനോദ്.എം | 9447878732 | 020801000010436<br>ഐഒബി | 11964<br>4957<br>1382 |
| 21 | 138 | വിനോദ്.ടി.ടി | 9846075402 | 2440101003266<br>കാനറ | 1655 |
| 22 | 140 | രമാദേവി | 9847867401 | 37000100000224 | 4459<br>170 |

| | | | | | |
|---|---|---|---|---|---|
| 23 | 147 | ഉഷ.യു.ഡി | 9744444201 | 2940101024482<br>കാനറ | 1110 |
| 24 | 148 | സുകേഷ്.പി.എ | -- | 41087867910<br>എസ്ബിഐ | 18257<br>2874<br>1016 |
| 25 | 149 | സോണി.എം.പി | 9995374228 | 67210055078<br>എസ്ബിഐ | 7614 |
| | | ആകെ | | | 1,90,028/- |

വാർഡ് സഭയിൽ ഹാജരാകാത്ത ക്ഷീര കർഷകരിൽ നിന്നും ക്ഷീര സംഘങ്ങൾ വഴി നേരിട്ട് സ്വീകരിക്കുന്ന അപേക്ഷകളുടെ പട്ടിക കൗൺസിലിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഒരു കൗൺസിൽ തീരുമാനം മാത്രം ഹാജരാക്കുകയും അപേക്ഷകരുടെ പേരു വിവരങ്ങളോ പട്ടികയോ അനുബന്ധമായി ചേർക്കാതിരിക്കുകയും ചെയ്തതിനാൽ ഗുണഭോക്താക്കളുടെ അർഹത കൃത്യതപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം പട്ടിക കൂടി ഹാജരാക്കാണ്ടേതാണ്. അത് വരേയ്ക്കും ഈയിനത്തിലെ ചെലവ് 1,90,028/- രൂപ താത്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു. ഹാജരാക്കാത്തപക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതായി കണക്കാക്കി തിരിച്ചു പിടിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.27/22-23, 7.8.23)

## 1-100 ശുചീകരണസാധനങ്ങൾ വാങ്ങൽ - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

ശുചീകരണസാധനങ്ങൾ, സാധനസാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം തൻവർഷം ഹെൽത്ത് ഓഫീസർ രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ വാങ്ങിയ സാധന സാമഗ്രികളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

I. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ ശുചീകരണസാധനങ്ങൾ, സാധനസാമഗ്രികൾ വാങ്ങൽ

പ്രോജക്ട് നം - 27/23

വൗച്ചർ നം - 22201005/23.5.22 തുക -323194

21-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മേൽ പദ്ധതി തൻവർഷം സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. ടെണ്ടർ നടപടികളിലൂടെ രണ്ട് സ്ഥാപനങ്ങളിൽ നിന്നായിട്ടാണ് സാധനസാമഗ്രികൾ വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| സ്ഥാപനം | ഇൻവോയ്സ് നം /തിയതി | തുക | സാധനങ്ങൾ |
|---|---|---|---|
| Beyond Enterprises | 1/21-22 /25.3.22 | 274680 | ബിൽ ബുക്ക്-5000, ലോഗ് രജിസ്റ്റർ-25, കളക്ഷൻ രജിസ്റ്റര്-110, കാഷ് ബുക്ക് -25 |
| UK Surgicals | 412/21-22 /25.3.22 | 48514 | ഗ്ലൗസ്- 50, ഡൈനിംഗ് ടേബിൾ-2, ഫൈബർ ചെയർ -10 |

മേൽ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 19.3.22 ലെ (ഫയൽ നം -പി.സി1-27492/11) തീരുമാനം 19 പ്രകാരം മേൽ സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

II. ശുചീകരണ സാധനങ്ങളും ഉപകരണങ്ങളും വാങ്ങലും

പ്രോജക്ട് നം - 26/23

വൗച്ചർ നം - 22200808/28.4.22 തുക -608582

30 ലക്ഷം രൂപ അടങ്കലിൽ 21-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി സ്പിൽ ഓവർ ആയാണ് തൻവർഷം നടപ്പിലാക്കിയിരിക്കുന്നത്. 21-22 വർഷത്തിൽ പദ്ധതിയ്ക്കായി 2390345 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ റെയ്ഡ്കോ, കെയ്ക്കോ, മെറ്റൽ ഇൻഡസ്ട്രീസ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ശുചീകരണ സാധനങ്ങളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്. തൻവർഷം റെയ്ഡോകോ മുഖേനയാണ് (ഇൻവോയ്സ് നം - (1) TSR/669/2021-22 Dt. 2.3.22 – 504732, (2) TSR/721/2021-22 Dt. 18.3.22 – 103850) മേൽ പ്രകാരമുള്ള തുകയ്ക്ക് ശുചീകരണ സാധനങ്ങളും ഉപകരണങ്ങളും വാങ്ങിയിരിക്കുന്നത്. എന്നാൽ വാങ്ങിയ ശുചീകരണ സാധനങ്ങളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17.1.22 ലെ തീരുമാനം 8 പ്രകാരം മേൽ സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (33/22-23, 21.08.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

രേഖകൾ ഹാജരാക്കുന്നത് വരെ 9,31,776 (323194 +608582) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

1-101 മാലിന്യ സംസ്കരണം - ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഓഫീസർ തൻവർഷം 4 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. വീടുകളിൽ ബയോഗ്യാസ് പ്ലാന്റ്

പ്രോജക്ട് നം - 494/23

വൗച്ചർ നം - 22205643/25.3.23 തുക -206400

വൗച്ചർ നം - 22205819/28.3.23 തുക -206400

വൗച്ചർ നം - 22203865/18.1.23 തുക-1155000

വൗച്ചർ നം -22203866/18.01.23 തുക – 791866

ആകെ - 23,59,666

21-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മേൽ പദ്ധതി തൻവർഷം സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 2.5kg/day (0.5m3) ശേഷിയുള്ള FRPയിൽ നിർമ്മിച്ച് വാട്ടർജാക്കറ്റ് സംവിധാനത്തോട് കൂടിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് (ശുചിത്വ മിഷൻ വിഹിതം 2400, ഗുണഭോക്തൃവിഹിതം 3300, നഗരസഭവിഹിതം 4800 ഉൾപ്പെടെ) 10500 രൂപയാണ്. ആയതിന് എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, എൽ.എസ്.ജി.ഡി യുടെ 1648/സി2/2008/എസ്.എം/തീയതി 9.12.21 ആയി സാങ്കേതികാനുമതിയും ലഭ്യമായിരുന്നു. എന്നാൽ പദ്ധതിയിൽ വകയിരുത്തിയിരുന്നത് വികസനഫണ്ടായിരുന്നു. ആയത് മാറ്റി ധനകാര്യകമ്മീഷൻ ഗ്രാന്റ് ആക്കിയതിനാലും പദ്ധതി നമ്പറിൽ മാറ്റം വന്നതിനാലും സാങ്കേതികാനുമതി പുതുക്കി നൽകുകയുണ്ടായി. (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, എൽ.എസ്.ജി.ഡി യുടെ 1648/സി2/2008/ എസ് എം/തീ. 9.3.22)

21-22 സാമ്പത്തിക വർഷത്തിൽ 350 പേർക്ക് യൂണിറ്റ് വിതരണം ചെയ്ത വകയിൽ നഗരസഭ വിഹിതമായി 16,80,000 രൂപ (350*4800) മാത്രമാണ് ചെലവഴിച്ചിരുന്നത്.

22-23 വർഷത്തിൽ 86 എണ്ണം വിതരണം ചെയ്യുതിനുള്ള നഗരസഭാവിഹിതമായി 4,12,800 രൂപയും മുൻവർഷത്തെ ഗുണഭോക്തൃ വിഹിതമായി 11,55,000 രൂപയും ശുചിത്വ മിഷൻ വിഹിതമായി 7,91,866 രൂപയും കൂടി ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പദ്ധതി പ്രകാരം ആകെ 436 പേർക്കാണ് യൂണിറ്റ് വിതരണം ചെയ്തതായി പറയുന്നത്. ഗുണഭോക്തൃ വിഹിതം

അടവാക്കിയവർക്കാണ് മേൽ പ്രകാരം യൂണിറ്റ് വിതരണം നടത്തിയിരിക്കുന്നത്. ആയത് പ്രകാരം 14,38,800 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 11,55,000 രൂപ തനത് ഫണ്ടിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയോ കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫയൽ പ്രകാരം പിരിച്ചെടുത്തതായി പറയുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 11,55,000 രൂപ തനത് ഫണ്ടിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്.

(2) ശുചിത്വ മിഷൻ വിഹിതമായി സ്ഥാപനത്തിന് കൈമാറേണ്ട തുക 10,46,400 രൂപയാണ് ഇതിൽ ആദ്യഗഡുവായി ലഭിച്ച 7,91,866 രൂപ മാത്രമാണ് സ്ഥാപനത്തിന് കൈമാറിയത്.

ശുചിത്വ മിഷന്റെ (എക്സിക്യൂട്ടീവ് ഡയറക്ടറുടെ) നടപടിക്രമം 1648/സി2/2008/എസ്.എം/തി. 29.3.23 പ്രകാരം 1,51,334 രൂപ അലോട്ട്മെന്റ് സിസ്റ്റം വഴി കോർപ്പറേഷന് കൈമാറുന്നതിന് ഉത്തരവായി. എന്നാൽ മേൽ തുക കോർപ്പറേഷൻ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ലാത്തതിനാൽ തൻവർഷം സ്ഥാപനത്തിന് തുക കൈമാറാൻ സാധിച്ചിട്ടില്ല. തുക പിന്നീട് സ്ഥാപനത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(3) 436 എണ്ണം സ്ഥാപിച്ചു എന്നതിന് സ്ഥാപനത്തിന്റെ പൂർത്തീകരണ റിപ്പോർട്ടില്ല.

(4) പദ്ധതി പുരോഗതി മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ല.

(5) ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കിയപ്പോൾ തുടർ പരിപാലനത്തിന് ഹരിതകർമ്മസേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് പറയുന്നു. അപ്രകാരം ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിക്കുകയുണ്ടായില്ല.

(6) പദ്ധതിക്കായി തയ്യാറാക്കി നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കല്ല ആനുകൂല്യം നൽകിയിരിക്കുന്നത്. ലിസ്റ്റിൽ ഉൾപ്പെട്ട കുറച്ച് പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം അടവാക്കിയ ആളുകൾക്ക് യൂണിറ്റ് വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റ് വാർഡ്സഭയിൽ സാധൂകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(7) 2.3.22 ലെ പി.എച്ച് 3/39670/21 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം SEUF മുഖാന്തിരം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് സംബന്ധിച്ച പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിനും പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സർക്കിൾ/സോണൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തി സക്ഷ്യപ്പെടുത്തിയതായോ റിപ്പോർട്ട് സമർപ്പിച്ചതായോ കാണുന്നില്ല.

( 8) ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

(9) 1000 എണ്ണം വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും 436 പേർക്ക് മാത്രമാണ് വിതരണം നടത്താൻ സാധിച്ചത്. കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനാലാണ് പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്നത്. കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് പദ്ധതിയ്ക്കായി വകയിരുത്തിയത് മൂലം നഷ്ടമായത്.

II ഉറവിടമാലിന്യ സംസ്കരണം – ബയോ ഡൈജസ്റ്റർ പോട്ട്

പ്രോജക്ട് നം - 492/23

വൗച്ചർ നം - 22202338/28.10.22 തുക -5270

വൗച്ചർ നം - 22205890/21.3.23 തുക -2790

ആകെ –8,060/-

21-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച മേൽ പദ്ധതി IRTC മുഖേന തൻവർഷം സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. 1550 രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 1999 എണ്ണം ബയോ ഡൈജസ്റ്റർ പോട്ട് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. യൂണിറ്റ് കോസ്റ്റിന്റെ 90% കോർപ്പറേഷൻ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. പദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്നും D/688/TS029/DSM/TSR/21-22 തിയതി 11.11.21 ാം നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്.

21-22 വർഷത്തിൽ 34 എണ്ണം വിതരണം നടത്തിയതിന്റെ സബ്സിഡി തുകയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. (വൗച്ചർ നം-22105066/30.3.22- 47430രൂപ) 22-23 വർഷത്തിൽ മേൽ പ്രകാരം 34 എണ്ണം വിതരണം ചെയ്തതിന്റെ ഗുണഭോക്തൃവിഹിതമായ 5270 രൂപയും തൻവർഷം വിതരണം ചെയ്ത 2 എണ്ണത്തിന്റെ സബ്സിഡി തുകയായ 2790 രൂപയുമാണ് ചെലവ് ചെയ്തിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 22-23 വർഷത്തിൽ ഗുണഭോക്തൃവിഹിതം നൽകുന്നതിന് വന്ന ചെലവ് തുക 5270 രൂപ സുലേഖ പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

(2) IRTC യുമായി ഏർപ്പെട്ടിട്ടുള്ള കരാർ ലഭ്യമാക്കിയിട്ടില്ല.

(3) IRTC യ്ക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെ വിവരം ലഭ്യമല്ല.

(4)IRTC വിതരണം ചെയ്ത പോട്ടുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റേയോ, കൈപ്പറ്റിയതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(5) ഓഡിറ്റ് വർഷത്തിൽ 2 എണ്ണം വിതരണം ചെയ്തതിന്റെ സബ്സിഡി തുക മാത്രമാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. ഗുണഭോക്തൃവിഹിതം നൽകിയതായി കാണുന്നില്ല. ആയത് സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(6) 21-22, 22-23 വർഷങ്ങളിലെ ചെലവ് പത്രിക പ്രകാരം 36 എണ്ണം വിതരണം ചെയ്തതിന്റെ തുക മാത്രമാണ്

സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്. നിലവിൽ IRTC എത്ര എണ്ണം വിതരണം ചെയ്തു എന്നതിന്റെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്. IRTC യിൽ നിന്നും എത്ര പോട്ടുകൾ ലഭ്യമായി എന്നും വിതരണം ചെയ്യാതെ ബാക്കി വന്ന പോട്ടുകൾ IRTC യ്ക്ക് തിരികെ നൽകിയോ എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല.

(7) 1999 എണ്ണം വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത് എന്നാൽ പദ്ധതി പ്രകാരം വെറും 36 പേർക്ക് മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്. ആയത് പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. ആവശ്യമായ അത്രയും ഗുണഭോക്താക്കളെ കണ്ടെത്താതെ ഇത്തരത്തിൽ പദ്ധതി ആസൂത്രണം ചെയ്തത് മൂലം പദ്ധതിയ്ക്കായി വകയിരുത്തിയ തുക നഷ്ടമാകാൻ ഇടയായിട്ടുണ്ട്.

(8) ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.

(9) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റ് വാർഡ്സഭയിൽ സാധൂകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയ ഏതാനും പേരുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| 1. ഗോപാലൻ.കെ.പി<br><br>കൊപ്പായി, വിയ്യൂർ | 2. സിമി റപ്പായി<br><br>വെട്ടിക്കാട്ടിൽ, വിയ്യൂർ |
| 3. സിനു സതീഷ്<br><br>തെക്കുമുറി, വിയ്യൂർ | 4.ബീന ജിജു<br><br>മുറിയാടൻ, വിയ്യൂർ |
| 5. ലൗലി.കെ.ജെ<br><br>വെട്ടുകാട്ടിൽ, വിയ്യൂർ | 6.രാജൻ.പി.എസ്<br><br>പൊറ്റയിൽ, ചേറൂർ |

(10) ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയോ കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(11) പദ്ധതി പുരോഗതി മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ല.

III. ഉറവിടമാലിന്യ സംസ്കരണം വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ അനുവദിക്കൽ

പ്രോജക്റ്റ് നം - 496/23

വൗച്ചർ നം - 22202341/29.10.22 തുക -90720

വൗച്ചർ നം - 22205900/21.3.23 തുക -149037

ആകെ – 2,39,757

21-22 സാമ്പത്തിക വർഷത്തിൽ IRTC മുഖേന ആരംഭിച്ച പദ്ധതി തൻവർഷം സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. 1800 രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 3333 എണ്ണം ബയോ കമ്പോസ്റ്റർ ബിൻ വിതരണം

ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. യൂണിറ്റ് കോസ്റ്റിന്റെ 90% കോർപ്പറേഷൻ വിഹിതവും 10% ഗുണഭോക്തൃവിഹഹിതവുമാണ്. പദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്നും D/688/TS030/DSM/TSR/21-22 തീയതി 11.11.21 ാം നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. 29.12.21 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടു.

21-22 വർഷത്തിൽ ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാതിരുന്നതിനാലാണ് തൻവർഷം സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയത്. 21-22 വർഷത്തിൽ, 504 എണ്ണം വിതരണം നടത്തിയതിന്റെ സബ്സിഡി തുകയായ 8,16,480 രൂപയാണ് സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്.

22-23 വർഷത്തിൽ മേൽ പ്രകാരം 504 എണ്ണം വിതരണം ചെയ്തതിന്റെ ഗുണഭോക്തൃവിഹിതമായ 9,0720 രൂപയും തൻവർഷം വിതരണം ചെയ്ത 92 എണ്ണത്തിന്റെ സബ്സിഡി തുകയായ 1,49,037 രൂപയുമാണ് ചെലവ്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 3333 പേർക്ക് ബയോ കമ്പോസ്റ്റർ ബിൻ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ 335 പേർ മാത്രമാണുള്ളത്. എന്നാൽ, പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 504 പേർക്കും 2022-23 വർഷത്തിൽ 92 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുകയോ, ലിസ്റ്റ് വാർഡ്സഭയിൽ സാധൂകരിച്ച് വാങ്ങുകയോ ചെയ്തിട്ടില്ല.

(2) ബയോ കമ്പോസ്റ്റർ ബിൻ കൈപ്പറ്റിയവരുടെ ലിസ്റ്റ് ലഭ്യമാക്കുകയോ കൈപ്പറ്റ് വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(3) ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയോ കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(4) പദ്ധതി പുരോഗതി മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ല.

(5) ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

(6) 92 പേരുടെ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകളില്ല

(7) 3333 എണ്ണം വാങ്ങി വിതരണം നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നതെങ്കിലും 436 പേർക്ക് മാത്രമാണ് വിതരണം നടത്താൻ സാധിച്ചത്. കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനാലാണ് പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്നത്. കോർപ്പറേഷന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് പദ്ധതി ആസൂത്രണത്തിലെ പിഴവ് മൂലം നഷ്ടമായത്. വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ അടങ്കൽ തുകയെകുറിച്ച് വ്യക്തമായ വിലയിരുത്തൽ നടത്തേണ്ടിയിരുന്നതും പദ്ധതിയുടെ വിജയ സാധ്യത, പ്രായോഗികത, ക്ഷമത, എന്നിവയും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതുമായിരുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(8) 22-23 വർഷത്തിൽ ഗുണഭോക്തൃവിഹിതമിനത്തിൽ 90,720 രൂപയും സബ്സിഡിയിനത്തിൽ 1,49,037രൂപയുമാണ് ചെലവ്. എന്നാൽ സുലേഖ പത്രികയിൽ 1,49,037 രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 90720 രൂപ ഗുണഭോക്തൃവിഹിതം നൽകിയത് സുലേഖ പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

IV. ഉറവിടമാലിന്യ സംസ്കരണം- വീടുകൾക്ക് പോർട്ടബിൾ ബയോ ബിൻ

പ്രോജക്ട് നം - 493/23

വൗച്ചർ നം - 22202340/29.10.22 തുക -93060

വൗച്ചർ നം - 22205898/21.3.23 തുക -186121

ആകെ – 2,79,181

21-22 സാമ്പത്തിക വർഷത്തിൽ IRTC മുഖേന ആരംഭിച്ച പദ്ധതി തൻവർഷം സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. 2200 രൂപ യൂണിറ്റ് കോസ്റ്റ് വരുന്ന 1333 എണ്ണം പോർട്ടബിൾ ബയോ ബിൻ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. യൂണിറ്റ് കോസ്റ്റിന്റെ 90% കോർപ്പറേഷൻ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. പദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്നും D/688/TS028/DSM/TSR/21-22 തീയതി 11.11.21 ാം നമ്പർ ആയി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. 29.12.21 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടു.

21-22 വർഷത്തിൽ, 423 എണ്ണം വിതരണം നടത്തിയതിന്റെ സബ്സിഡി തുകയായ 8,37,540 രൂപയാണ് സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്.

22-23 വർഷത്തിൽ മേൽ പ്രകാരം 423 എണ്ണം വിതരണം ചെയ്തതിന്റെ ഗുണഭോക്തൃവിഹിതമായ 93,060 രൂപയും തൻവർഷം വിതരണം ചെയ്ത 94 എണ്ണത്തിന്റെ സബ്സിഡി തുകയായ 1,86,121 രൂപയുമാണ് ചെലവ്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 1333 പേർക്ക് പോർട്ടബിൾ ബയോ ബിൻ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ 232 പേർ മാത്രമാണുള്ളത്. എന്നാൽ പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 423 പേർക്കും 2022-23 വർഷത്തിൽ 94 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. മേൽ പ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുകയോ, ലിസ്റ്റ് വാർഡ്സഭയിൽ സാധൂകരിച്ച് വാങ്ങുകയോ ചെയ്തിട്ടില്ല.

(2) പോർട്ടബിൾ ബയോ ബിൻ കൈപ്പറ്റിയവരുടെ ലിസ്റ്റ് ലഭ്യമാക്കുകയോ കൈപ്പറ്റ് വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(3) ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയോ കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(4) പദ്ധതി പുരോഗതി മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ല.

(5) ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല.

(6) 94 പേരുടെ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകളില്ല.

(7) IRTC യുമായിട്ടുള്ള കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(8) IRTC പോർട്ടലിൽ ബയോ ബിൻ വിതരണം ചെയ്യുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തുന്നതിനും ഗുണഭോക്തൃവിഹിതം അടവാക്കിയവരുടെ ലിസ്റ്റ് ഹരിതകർമ്മസേന മുഖാന്തിരം സമർപ്പിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്യുന്നതിനും സ്റ്റോക്ക് ഇൻചാർജ്ജ് ഹെൽത്ത് ഇൻസ്പെക്ടറെ 14.2.22ന് പി.എച്ച്.3 -39670/21 കത്ത് മുഖേന ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഹരിതകർമ്മസേന സമർപ്പിച്ച ഡിവിഷൻ തലത്തിലുള്ള ഗുണഭോക്തൃലിസ്റ്റോ, ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത വിവരമോ, വിതരണ രേഖകളോ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(9) 22-23 വർഷത്തിൽ ഗുണഭോക്തൃവിഹിതമിനത്തിൽ 93,060 രൂപയും സബ്സിഡിയിനത്തിൽ 1,86,121 രൂപയുമാണ് ചെലവ്. എന്നാൽ സുലേഖ പത്രികയിൽ 1,86,121 രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 93,060 രൂപ ഗുണഭോക്തൃവിഹിതം നൽകിയത് പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 28,86,664/- രൂപ (2359666 + 8060 + 239757 + 279181) തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം - 33/22 -23 21.08.2023)

## 1-102 പദ്ധതി ചെലവ് രേഖ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയിലെ ബില്ലുകളും ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നമ്പർ | ഫണ്ട് വിവരം | ട്രഷറി ബിൽ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 44/23- വീട് വാസയോഗ്യമാക്കൽ (എസ്.സി) | വികസന ഫണ്ട് (എസ്.സി.പി) | 4/18.05.2022 | 22200995/ 18.05.2022 | 3,00,000/- |

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് റിക്വസിഷൻ നം . 18 തിയതി. 9.08.2023)

## 1-103 ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വീട് വാസയോഗ്യമാക്കിയില്ല

നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രൊജക്ട് ഓഫീസർ, നിർവ്വഹണ ഉദ്യോഗസ്ഥനായി ജനറൽ, എസ്.സി

വിഭാഗങ്ങൾക്ക് നടപ്പാക്കിയ ഭവന പുനരുദ്ധാരണം എന്നീ പദ്ധതിയിലൂടെ 2022-2023 സാമ്പത്തിക വർഷം 5,40,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതികളിൽ ജനറൽ വിഭാഗത്തിന് രണ്ട് ഗഡുക്കളായി 1,00,000/- രൂപയും പട്ടികജാതി വിഭാഗക്കാർക്ക് രണ്ട് ഗഡുക്കളായി 1,50,000/- രൂപയും ധനസഹായം നൽകിവരുന്നു. ഗുണഭോക്താക്കൾ മാർച്ച് 2023 നകം നിർമ്മാണം പൂർത്തീകരിച്ചു കൊള്ളാമെന്ന് കരാർ ഉടമ്പടി ചെയ്തിട്ടുണ്ടെങ്കിലും ആദ്യ ഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കി രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിക്കുകയോ തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

1. പ്രൊജക്ട് നം. : 506/23, ഭവനപുനരുദ്ധാരണം

പദ്ധതി അടങ്കൽ : 5,16,00,000/- വികസനഫണ്ട് (ജനറൽ)

ചെലവ് : 3,28,50,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 50000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 1 | പ്രകാശൻ.കെ.വി, കളരിക്കൽ | 25.01.23 |
| 2 | 1 | മേഴ്സി ബാലകൃഷ്ണൻ, പൂങ്കുന്നം | 25.01.23 |
| 3 | 1 | സുരേഷ്.പി.വി, പുളിപറമ്പിൽ | 18.03.23 |
| 4 | 2 | രാജേഷ്, അമ്മാത്ത്, പൂങ്കുന്നം | 23.03.23 |
| 5 | 3 | ബാലൻ.കെ.ആർ, കൊട്ടിൽ വളപ്പിൽ | 13.02.23 |
| 6 | 3 | സരസ്വതി, നങ്ങേലിൽ | 15.03.23 |
| 7 | 3 | ലക്ഷ്മികുട്ടി, കൊരങ്ങാട്ടിൽ | 15.03.23 |
| 8 | 5 | രാജലക്ഷ്മി, മാർത്താണ്ഡം പറമ്പിൽ | 22.03.23 |
| 9 | 5 | പുഷ്പ.പി.വി, എടത്തറ തേനാരി | 22.03.23 |

| | | | |
|---|---|---|---|
| 10 | 5 | ബേബി.ടി.വി, പ്ലാവിൻകൂട്ടത്തിൽ | 22.03.23 |
| 11 | 5 | ഡെയ്സി, ബെനാപ്പിള്ളി | 22.03.23 |
| 12 | 5 | സരസ്വതി.എം.എൻ, ചിറയ്ക്കൽ | 28.03.23 |
| 13 | 5 | മാധവി, തെക്കേടത്ത് | 22.03.23 |
| 14 | 6 | മണി.വി.വി, വെളുത്ത്കുറുപ്പ് | 28.03.23 |
| 15 | 8 | സുനിൽ കുമാർ.എൻ.എസ് നമ്പാടൻതറ വീട് | 5.01.23 |
| 16 | 10 | ഉഷ ഷാജി, അരയക്കലംകുടി | 15.03.23 |
| 17 | 10 | സജിത, നെട്ടികേറി | 28.03.23 |
| 18 | 11 | ജോൺസൺ.കെ.ഡി, കുളങ്ങര | 15.03.23 |
| 19 | 12 | നളിനി, പുത്തൂർ | 15.03.23 |
| 20 | 12 | മേരി ആന്റണി, ബ്രഹ്മകുളം തെക്കത്ത് | 15.03.23 |
| 21 | 13 | ഡേവിസ്, തട്ടിൽ | 15.03.23 |
| 22 | 13 | വേണുഗോപാൽ.വി, വെള്ളായിക്കൽ | 15.03.23 |
| 23 | 14 | ശാന്ത, കോഴിപ്പറമ്പിൽ | 15.03.23 |
| 24 | 16 | മോഹനൻ.എം.എസ്, മണ്ണുത്തിങ്കൽ | 15.03.23 |
| 25 | 17 | മനോജ്, കുന്നത്ത് | 15.03.23 |
| 26 | 21 | വേലായുധൻ, കോച്ചേരി | 25.01.23 |
| 27 | 21 | വൽസ വിൽസൺ, പൂത്തോക്കാരൻ | 25.01.23 |
| 28 | 23 | ശങ്കരദേവൻ, വെളുത്തേടത്ത് | 15.03.23 |
| 29 | 23 | സതീഷ് കുമാർ, | 15.03.23 |

| | | | |
|---|---|---|---|
| | | പറപ്പൂക്കര വീട് | |
| 30 | 25 | ഫ്രാനിസൺ ഫ്രാൻസിസ്, കണ്ടപ്പശ്ശേരി | 21.12.22 |
| 31 | 25 | ചന്ദ്രിക മോഹൻ, വടക്കൂട്ട് | 18.03.23 |
| 32 | 25 | ഗിരിജ, തെക്കേപുരക്കൽ | 28.03.23 |
| 33 | 26 | ഗായത്രി.വി.കെ, കാവിൽ | 25.01.23 |
| 34 | 29 | ശാരദ, പാമ്പുങ്ങൽ | 21.12.22 |
| 35 | 30 | പി.ഏകനാഥൻ, പുൽപ്ര വീട് | 25.01.23 |
| 36 | 30 | അമ്മിണി, വള്ളിയിൽ | 15.03.23 |
| 37 | 31 | അന്തോണി, കോപ്പുള്ളി | 21.12.22 |
| 38 | 31 | പോൾ, അരിമ്പൂർ മുതുക്കൻ | 15.03.23 |
| 39 | 32 | ഡേവിസ്.പി.എ, പെല്ലിശ്ശേരി | 25.01.23 |
| 40 | 34 | സെലീന ജോണി, ചീരക്കുഴി | 25.01.23 |
| 41 | 34 | റോബർട്ട്.കെ.ആർ, കടവത്തുംപറമ്പിൽ | 25.01.23 |
| 42 | 34 | സുശീല, മാരാത്ത് | 15.03.23 |
| 43 | 36 | മേരി ജോർജ്ജ്, ഊക്കൻ | 15.03.23 |
| 44 | 38 | റംലാബി, നീലിക്കാട്ടു പറമ്പിൽ | 25.01.23 |
| 45 | 38 | രാജു.ഇ.പി, എടക്കളത്തൂർ | 25.01.23 |
| 46 | 38 | പാർവ്വതി, കിഴക്കേപുരയ്ക്കൽ | 15.03.23 |
| 47 | 38 | അബ്ദുൾ ഖാദർ, പടിഞ്ഞാറാം കുന്നത്ത് | 15.03.23 |
| 48 | 39 | ലീല ഗിരിജൻ, ആളൂക്കാരൻ | 28.03.23 |
| 49 | 39 | തങ്കമണി ഭാസ്കരൻ, ആറേക്കാട്ടിൽ | 25.01.23 |

| | | | |
|---|---|---|---|
| 50 | 40 | മണി, കുട്ടാല | 28.03.23 |
| 51 | 41 | ബിനിത.എൻ.എൻ, കടവിൽ | 15.03.23 |
| 52 | 44 | സിനിയ.എം.എൽ, ബഥേൽ നട്ടുവിൽ | 18.03.23 |
| 53 | 45 | സുമതി.ടി.എൻ, കാര്യാട്ടുക്കാരൻ | 28.03.23 |
| 54 | 47 | ആന്റണി.എം.ടി, മണവാളൻ | 25.01.23 |
| 55 | 47 | ഭാനുമതി, വാക്കയിൽ | 28.03.23 |
| 56 | 48 | മാധവി, തണ്ടാശ്ശേരി | 15.03.23 |
| 57 | 48 | ഗ്രേസി ഡേവിസ്, താണിയ്ക്കൽ | 28.03.23 |
| 58 | 54 | ഹരിദാസ്, ഇടവഴിക്കിൽ | 15.03.23 |
| 59 | 55 | തങ്കമണി, പുരുഷോത്തമൻ | 15.03.23 |
| 60 | 55 | റോസി, ചെറുവത്തൂർ | 28.03.23 |

2 പ്രോജക്റ്റ് നം. : 507/23, ഭവനപുനരുദ്ധാരണം-പട്ടികജാതി

പദ്ധതി അടങ്കൽ : 2,64,50,153/- വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 2,12,25,000/-

മേൽ പദ്ധതി പ്രകാരം ആദ്യഗഡുവായി 75000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | 4 | സുമിത്ര.സി.വി, കാണാട്ട് | 22.03.23 |
| 2 | 5 | സുധാകരൻ.എം.കെ, മൺപറമ്പിൽ | 22.03.23 |
| 3 | 5 | രാജു, കിഴക്കേപുരയ്ക്കൽ | 22.03.23 |
| 4 | 5 | ജയകൃഷ്ണൻ.കെ.കെ, | 22.03.23 |

| | | | |
|---|---|---|---|
| | | കിഴക്കേപുരയ്ക്കൽ | |
| 5 | 5 | തങ്കപ്പൻ.പി.ഐ, പറക്കുന്നത്ത് | 22.03.23 |
| 6 | 5 | തങ്ക.എം.കെ, തെമ്മരത്ത് | 28.03.2023 |
| 7 | 5 | ഗീത.കെ.കെ, നാരങ്ങളിൽ | 28.03.23 |
| 8 | 5 | ബാലൻ, കിഴക്കേപുരയ്ക്കൽ | 28.03.2023 |
| 9 | 10 | കെ.ടി.ശശി, കുട്ടാല | 22.03.23 |
| 10 | 10 | ശിവൻ.സി.കെ, ചെരുടത്തി | 28.03.2023 |
| 11 | 11 | കൊച്ചുണ്ണി.പി.കെ, പൂക്കാടൻ | 5.01.23 |
| 12 | 12 | കാർത്ത്യായിനി, പുണലി | 21.03.23 |
| 13 | 21 | ബേബി, പട്ടാളി | 22.03.23 |
| 14 | 22 | ലത രാജൻ, മഠത്തിൽ | 10.03.23 |
| 15 | 28 | മോഹനൻ.എ.പി, എടയ്ക്കാട്ടിൽ | 28.03.23 |
| 16 | 28 | തങ്കമണി, തെക്കുട്ട് | 28.03.23 |
| 17 | 29 | രാധ, പെരുമ്പിള്ളി | 10.03.23 |
| 18 | 30 | ശാന്ത പനിയത്ത് | 22.03.23 |
| 19 | 31 | ഷീല കുമാരൻ, മംഗലത്ത് | 10.03.23 |
| 20 | 32 | ഓമന രാമൻകുട്ടി, തൈവളപ്പിൽ | 28.03.23 |
| 21 | 40 | മാലതി ചന്ദ്രൻ, പാണ്ടികശാല പറമ്പിൽ | 21.03.23 |
| 22 | 41 | പ്രശാന്ത്, മുല്ലപ്പിള്ളി | 18.03.23 |
| 23 | 43 | മിനി രണദേവ് | 21.03.23 |
| 24 | 43 | സതി ശിവരാമൻ | 28.03.23 |
| 25 | 44 | ആനന്ദൻ.ടി.കെ, തെയ്യൻ | 21.03.23 |
| 26 | 44 | ഷൺമുഖൻ.സി.വി, ചിറ്റു ഹൌസ് | 18.03.23 |

| | | | |
|---|---|---|---|
| 27 | 44 | മല്ലിക, നമ്പിള്ളിപുറത്ത് | 28.03.23 |
| 28 | 45 | ശിവൻ.ഐ.കെ, ഇയ്യാക്കര | 25.01.23 |
| 29 | 45 | ശാന്ത, തറയിൽ | 29.03.23 |
| 30 | 46 | മണി.പി.കെ, പാങ്ങാടത്ത് | 18.03.23 |
| 31 | 47 | ചന്ദ്രഹാസൻ, പുഴയ്ക്കൽ | 28.03.23 |
| 32 | 48 | കൊച്ചുമോൻ.പി.വി, പള്ളിപറമ്പിൽ | 5.01.23 |
| 33 | 48 | എൻ.വി.കുമാരൻ, നാക്കത്ത് | 15.03.23 |
| 34 | 48 | ഉഷ വേണു, പാങ്ങാടത്ത് | 29.03.23 |
| 35 | 48 | കൊച്ചുമോൻ, പുള്ളിപറമ്പിൽ | 29.03.23 |
| 36 | 48 | ശാന്ത, തൃപ്പൂണത്ത് | 29.03.23 |
| 37 | 50 | അജിത, കളിപുരത്ത് | 28.03.23 |
| 38 | 50 | വിലാസിനി.കെ.വി, കുപ്പുള്ളി | 29.03.23 |
| 39 | 50 | ഗിരിജ.എം.വി, ഏങ്ങണ്ടി | 29.03.23 |
| 40 | 52 | സി.വി ശിവരാമൻ | 10.03.23 |
| 41 | 52 | ഓമന.കെ.സി, മങ്ങത്തറ | 28.03.23 |
| 42 | 55 | കാളി, മഠത്തിൽ | 25.01.23 |

എസ്റ്റിമേറ്റ് പ്രകാരം പണിപൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിക്കുവാൻ മേൽ ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നു.

വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി എല്ലാ വർഷവും നഗരസഭ വലിയൊരു തുക തന്നെ ചെലഴിച്ചു വരുന്നു. സർക്കാർ ധനസഹായം വേണ്ട രീതിയിൽ വിനിയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതും ധനസഹായം വേണ്ട രീതിയിൽ വിനിയോഗപ്പെടുത്തിയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം : 37/22-23 തീയതി:12.09.2023)

## 1-104 ഭവനപുനരുദ്ധാരണം - അർഹത ഉറപ്പാക്കാതെ ധനസഹായം നൽകി

1 ഭവനപുനരുദ്ധാരണം -ജനറൽ വിഭാഗം

നഗരപാലിക സ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/22/ത.സ്വ.ഭ.വ തിയതി.28.05.2022) പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ 8 വർഷത്തിൽ താഴെയായി റവന്യൂ സൂപ്രണ്ട് കാലപഴക്കം സാക്ഷ്യപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾക്ക് ഭവനപുനരുദ്ധാരണത്തിനായി ആനുകൂല്യം നൽകിയിരിക്കുന്നു.

1. പ്രോജക്ട് നം. : 506/23, ഭവനപുനരുദ്ധാരണം

പദ്ധതി അടങ്കൽ : 5,16,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 3,28,50,000/-

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | കാലപഴക്കം | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/ തീയതി | ട്രഷറി ബിൽ നമ്പർ/ തിയതി | 2-ാം ഗഡു കൈപ്പറ്റിയ തിയതി | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|---|---|
| 1 | 50 | മേഴ്സി വർഗ്ഗീസ് മുട്ടത്ത്, പൂത്തോൾ | 2019 വർഷം | 50,000/- | 22205434/15.03.23 | 58/ 15.03.23 | 28.03.23 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു. |
| | | “ | “ | 50,000/- | 22205597/28.03.23 | 77/ 28.03.23 | 28.03.23 | |
| 2 | 3 | ബാലൻ കെ.ആർ, കൊട്ടിൽ വളപ്പിൽ, വിയ്യൂർ | 2016 വർഷം | 50,000/- | 22205428/15.03.23 | 60/ 15.03.23 | - | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു |
| 3 | 44 | സിനിയ എം.എൽ, ബഥേൽ നടുവിലേൽ, നെടുപുഴ | 5 വർഷം | 50,000/- | 22205561/ 29.03.23 | 64/ 20.03.23 | - | 2010 ന് നിർമ്മാണാനുമതി ലഭിച്ച കെട്ടിടത്തിന്റെ ഒക്യുപൻസി അനുവദിച്ചിരിക്കുന്നത് 2018 നാണ്. |
| 4 | 13 | തനൂജ ബീഗം അൽനൂർ മൻസിൽ ലൂർദ്ദ്പുരം | 1 വർഷം | 50,000/- | 22205427/ 15.03.23 | 57/ 17.03.23 | 12.07.23 | ഉടമസ്ഥാവകാശ മാറ്റം |
| 5 | 55 | ടി.കെ ഫ്രാൻസിസ് തറയിൽ വീട് പൂതൂർക്കര | 2018 വർഷം | 50,000/- | 22205578/ 22.03.23 | 70/ 25.03.23 | 23.08.23 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു |
| 6 | 35 | ലത മണികണ്ഠൻ പാറാട്ടി കണ്ണംകുളങ്ങര | 6വർഷം | 50,000/- | 22204750/ 25.01.23 | 46/ 10.01.23 | 12.07.23 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു |
| 7 | 4 | ശശി പി.കെ പുള്ളിക്കൽ | 7 വർഷം | 50,000/- | 22204744/ 25.01.23 | 48/ 30.01.23 | 12.07.23 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പാട്ടുകാട് | | | | | | |
| 8 | 45 | ആലീസ് എം.വി ചിറ്റിലപ്പിള്ളി കാര്യാട്ടുകര | 2018-19 വർഷം | 50,000/- | 22204744/ 25.01.23 | 48/ 30.01.23 | 28.03.23 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു |
| | | " | " | 50,000/- | 22205477/ 28.03.23 | 76/ 28.03.23 | 28.03.23 | |
| ആകെ | | | | 5,00,000 | | | | |

2.ഭവനപുനരുദ്ധാരണം- പട്ടികജാതി

വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുക എന്നതാണ് നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസർ നടപ്പാക്കിയിരിക്കുന്ന ഭവനപുനരുദ്ധാരണം എന്ന പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. മേൽ പദ്ധതിയിൽ ഭവനപുനരുദ്ധാരണത്തിനായി 75000 രൂപ വീതം രണ്ട് ഗഡുക്കളായി 1,50,000/- രൂപ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. 8 വർഷത്തിൽ താഴെയായി റവന്യൂ സൂപ്രണ്ട് കാലപഴക്കം സാക്ഷ്യപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾക്ക് ഭവനപുനരുദ്ധാരണത്തിനായി ആനുകൂല്യം നൽകിയിരിക്കുന്നു.

1. പ്രോജക്ട് നം. : 507/23, ഭവനപുനരുദ്ധാരണം-പട്ടികജാതി

പദ്ധതി അടങ്കൽ : 2,64,50,153/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 2,12,25,000/-

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | കാലപഴക്കം | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/ തീയതി | ട്രഷറി ബിൽ നമ്പർ/ തിയതി | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|---|
| 1 | 28 | മോഹനൻ എ.പി എടയ്ക്കാട്ടിൽ കുട്ടനെല്ലൂർ | 2 വർഷം | 75000 | 22205525/ 28.03.2023 | 81/28.03.2023 | റെഗുലറൈസ് ചെയ്തു തിയതി മുതൽ കാലപഴക്കം കണക്കാക്കി |
| 2 | 50 | കല്ല്യാണി ഏങ്ങണ്ടി ലാലൂർ | 2018 വർഷം | 75000 | 22205525/ 28.03.2023 | 81/28.03.2023 | 2003 ന് നിർമ്മാണാനുമതി ലഭിച്ച കെട്ടിടത്തിന്റെ ഒക്യുപൻസി അനുവദിച്ചിരിക്കുന്നത് 2018 നാണ് |
| 3 | 45 | സുഭദ്ര പോട്ടയിൽ | 2019 വർഷം | 75000 | 22205525/ 28.03.2023 | 81/28.03.2023 | 2009 ന് നിർമാണം നടത്തി. നമ്പർ ലഭിച്ചത് 2019 നാണ്. |
| 4 | 52 | സി.വി ശിവരാമൻ ചിറയത്ത് കോട്ടപ്പുറം | 6 വർഷം | 75000 | 22205373/ 9.03.2023 | 54/14.03.2023 | 2014 ന് നിർമാണം നടത്തി. നമ്പർ ലഭിച്ചത് 2016 നാണ്. |
| 5 | 16 | അംബിക പി.കെ പൂന്ന രാമവർമ്മപുരം | 1.10.2019 | 75000 | 22205563/ 28.03.2023 | 78/25.03.2023 | 2010 ന് നിർമാണം നടത്തി 2019 ന് റഗുലറൈസസ് ചെയ്തു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | 7 | കെ.ടി ശശി കുട്ടാല നെല്ലങ്കര | 2017 വർഷം | 75000 | 22205374/ 9.03.2023 | 53/14.03.2023 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു. |
| 7 | 53 | ശാന്ത കുന്നത്തുള്ളി അയ്യന്തോൾ | 2015-2016 | 75000 | 22204687/ 25.01.2023 | 47/30.01.2023 | റഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നു. |
| | | | 2015-2016 | 75000 | 22205563/ 25.03.2023 | 78/25.03.2023 | |
| ആകെ | | | | 6,00,000 | | | |

പ്രൊജക്റ്റ് രജിസ്റ്റർ പ്രകാരം ക്രമനമ്പർ 2,3,5 ഗുണഭോക്താക്കൾ രണ്ടാം ഗഡുവായി 2023-2024 സാമ്പത്തിക വർഷവും 75000 രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്.

2. പ്രോജക്റ്റ് നം. : 46/23, ഭവനപുനരുദ്ധാരണം-പട്ടികജാതി

പദ്ധതി അടങ്കൽ : 2,40,75,000/-, വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 1,83,75,000/-

| ക്രമ നമ്പർ | ഡിവിഷൻ നമ്പർ | പേര് വിവരം | കാലപഴക്കം | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/ തീയതി | ട്രഷറി ബിൽ നമ്പർ/ തിയതി | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|---|
| 1 | 9 | പാർവതി. പി.കെ കോമ്പാത്ത് ചേറ്റൂർ | 7 വർഷം | 75000 | 22205583/ 28.03.2023 | 67/ 25.03. 2023 | ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കി 11 വർഷം |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായം നൽകാനാവൂ എന്നിരിക്കെ 8 വർഷത്തിൽ താഴെയായി റവന്യൂ സൂപ്രണ്ട് കാലപഴക്കം സാക്ഷ്യപ്പെടുത്തിയിരിക്കുന്ന മേൽപ്പറഞ്ഞ വീടുകൾക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. വീടുകളുടെ കാലപ്പഴക്കം 8 വർഷത്തിൽ താഴെ വരുന്ന അപേക്ഷകളിൽ ആയതിന് വ്യക്തത വരുത്തി ആനുകൂല്യങ്ങൾ അനുവദിക്കുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ഇപ്രകാരം കെട്ടിടങ്ങളുടെ അർഹത ഉറപ്പാക്കുന്ന രേഖകൾ പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. റവന്യൂ സൂപ്രണ്ടിന്റെ സാക്ഷ്യപത്രം മാത്രമാണ് ആയതിന് അടിസ്ഥാനമാക്കിയിട്ടുള്ളത്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം: 36/22-23തീയതി: 12.09.23, നം: 28/22-23തീയതി: 9.08.23) ചില വാസഗൃഹങ്ങൾ നിലവിലുള്ളതാണെന്നും റെഗുലറൈസ് ചെയ്യുന്നതിന് കാലതാമസം വന്നിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഉടമസ്ഥാവകാശ മാറ്റം വരുത്തിയതിനാലും കെട്ടിടത്തിന്റെ കാലപഴക്കം കണക്കാക്കിയതിൽ വ്യത്യാസം വരുന്ന എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. റവന്യൂ രേഖകളിൽ നിന്നും വ്യത്യാസം വരുന്ന ഇത്തരം കെട്ടിടങ്ങളുടെ കാലപ്പഴക്കത്തിലെ കൃത്യത ഉറപ്പാക്കാതെ ധനസഹായം അനുവദിച്ചത് പദ്ധതി

നിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ചയാണ്. ബിൽഡിംഗ് പെർമിറ്റ് തിയതി മുതൽ കെട്ടിടത്തിന്റെ കാലപ്പഴക്കം കണക്കാക്കാവുന്നതല്ല. കെട്ടിടത്തിന്റെ കംപ്ലീഷൻ/ഒക്യുപൻസി തിയതി മുതൽക്കേ കെട്ടിടത്തിന്റെ കാലപ്പഴക്കം കണക്കാക്കാനാകൂ. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുമെന്നതിനാൽ അർഹത ഉറപ്പാക്കി സർക്കാർ ധനസഹായം അനുവദിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-105 പി.എം.എ.വൈ ലൈഫ് അർബൻ ഭവന നിർമ്മാണ പദ്ധതി - അവലോകനം

1) പി.എം.എ.വൈ ലൈഫ് അർബൻ ഭവന നിർമ്മാണ പദ്ധതിയുടെ 1 മുതൽ 9 വരെയുള്ള ഡി പി റിപ്പോർട്ടുകൾ പ്രകാരമുള്ള പുരോഗതി വിവരങ്ങൾ താഴെ ചേർക്കുന്നു

| DPR | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ടത് | ആദ്യ ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവർ | നാലാം ഗഡു കൈപ്പറ്റിയവർ |
|---|---|---|---|---|---|---|
| 1 | 162 | 162 | 162 | 162 | 161 | 148 |
| 2 | 133 | 133 | 133 | 133 | 131 | 118 |
| 3 | 256 | 255 | 255 | 253 | 249 | 223 |
| 4 | 16 | 16 | 16 | 16 | 16 | 15 |
| 5 | 723 | 723 | 723 | 722 | 711 | 650 |
| 6 | 445 | 442 | 442 | 434 | 399 | 379 |
| 7 | 378 | 342 | 342 | 309 | 283 | 104 |
| 8 | 131 | 52 | 39 | 13 | 0 | 0 |
| 9 | 17 | 0 | 0 | 0 | 0 | 0 |
| Total | 2261 | 2125 | 2112 | 2042 | 1950 | 1637 |

നിലവിൽ 2261 ഗുണഭോക്താക്കളാണ് ഉള്ളത്. ആയതിൽ 1637 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളതാണ്. DPR 1 മുതൽക്ക് വീടിന്റെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുള്ളതായി കാണുന്നു. ഇത്തരത്തിൽ ഏതെങ്കിലും ഗഡു കൈപ്പറ്റി വളരെക്കാലമായിട്ടും വീട് പണി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) പി.എം.എ.വൈ ലൈഫ് അർബൻ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 മുതലുള്ള വരവ് ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | | | | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| സാമ്പത്തിക വർഷം | മുന്നിരിപ്പ് | ബാങ്ക് | ട്രഷറി | ആകെ | ബാങ്ക് | ട്രഷറി | ആകെ | നീക്കിയിരിപ്പ് |
| 2016-17 | 0 | 70833517 | 0 | 70833517 | 11460467 | 0 | 11460467 | 59373050 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2017-18 | 59373050 | 45832867 | 0 | 105205917 | 41735194 | 0 | 41735194 | 63470723 |
| 2018-19 | 63470723 | 170923037 | 62379500 | 296773260 | 146990100 | 62379500 | 209369600 | 87403660 |
| 2019-20 | 87403660 | 147921350 | 75901000 | 311226010 | 184933371 | 75901000 | 260834371 | 50391639 |
| 2020-21 | 50391639 | 14312943 | 91949000 | 156653582 | 132589212 | 91949000 | 224538212 | 67884630 |
| 2021-22 | 62115370 | 48647194 | 0 | 110762564 | 62979277 | 0 | 62979277 | 47767465 |
| 2022-23 | 47767465 | 60000000 | 0 | 107767465 | 47129644 | 0 | 47129644 | 60637821 |

3) പി.എം.എ.വൈ ലൈഫ് അർബൻ ഭവന നിർമ്മാണ പദ്ധതിയ്ക്കായി ലഭിച്ച വരവ് വിഹിതങ്ങളുടെ വിവരം താഴെപ്പറയുന്ന മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

| സാമ്പത്തിക വർഷം | തദ്ദേശവിഹിതം -ജനറൽ & എസ് സി | കേന്ദ്ര സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|
| 2017-18 | 25750000 | 10000000 | 35750000 |
| 2018-19 | 88434695 | 72200000 | 160634695 |
| 2019-20 | 75901000 | 145800000 | 221701000 |
| 2020-21 | 91949000 | -- | 91949000 |
| 2021-22 | 329534695 | 290000000 | 619534695 |
| 2022-23 | 60000000 | 44672209 | 104672209 |

## 1-106 അംഗനവാടികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ - സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ – സി.ഡി.പി.ഒ അർബൻ -2

കോർപ്പറേഷൻ പരിധിയിൽപ്പെട്ട (ഒല്ലൂക്കര അഡീഷണൽ അർബൻ -2) അങ്കണവാടികൾക്ക് ധാന്യസംഭരണികൾ, പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി -ഒല്ലൂക്കര അഡീഷണൽ - അങ്കണവാടികൾക്ക് 50 കിലോ ഉൾക്കൊള്ളുന്ന ധാന്യസംഭരണികൾ (1429/23)

അടങ്കൽ - 472000/-

ചെലവ് -379960/

നിർവ്വഹണം -സി.ഡി.പി.ഒ (ഒല്ലൂക്കര അഡീഷണൽ അർബൻ -2)

ട്രഷറി ബിൽ നമ്പർ - 46/22-23/28.3.23 / 379960/-

കരാറുകാരൻ -ക്രസന്റ് മെറ്റൽ ഇൻഡസ്ട്രീസ്

ഇൻവോയിസ് നമ്പർ-18/23.3.23, തുക -379960/-

ബി)പദ്ധതി -ഒല്ലൂക്കര അഡീഷണൽ -അങ്കണവാടികൾക്ക് 25 കിലോ, 10കിലോ വീതം ഉൾകൊള്ളുന്ന ധാന്യസംഭരണികൾ (1454/23)

അടങ്കൽ - 499000/-

ചെലവ് -436360/

ട്രഷറി ബിൽ നമ്പർ - 32/22-23/15.3.23 /436360/-

കരാറുകാരൻ -കൃഷ്ണ വുഡ് ഇൻഡസ്ട്രീസ്

ഇൻവോയിസ് നമ്പർ-019/6.3.23, തുക -436360/-

സി)പദ്ധതി -ഒല്ലൂക്കര അഡീഷണൽ - അങ്കണവാടികൾക്ക് പാത്രങ്ങളും ഗ്ലാസുകളും (1478/23)

അടങ്കൽ - 216100/-

ചെലവ് -145367/

ട്രഷറി ബിൽ നമ്പർ - 33/22-23/15.3.23 /69371/-

കരാറുകാരൻ -സിതാര ഷോപ്പിങ്ങ് സെന്റർ

ഇൻവോയിസ് നമ്പർ-B28/09.3.23, തുക -69371/-

ട്രഷറി ബിൽ നമ്പർ - 47/22-23/28.3.23,തുക -75996/-

കരാറുകാരൻ -ക്രസന്റ് മെറ്റൽ ഇൻഡസ്ട്രീസ്

ഇൻവോയിസ് നമ്പർ-17/23.3.23, തുക -75996/-

മേൽ കണക്കുകൾ പ്രകാരം മൂന്ന് പദ്ധതികൾക്കും കൂടിയുള്ള ആകെ അടങ്കൽ തുക 11,87,100/-(472000+499000+216100) രൂപയാണ്. ഒരേ ആവശ്യത്തിനായി മൂന്ന് വ്യത്യസ്ത പദ്ധതികളായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.മൂന്ന് പദ്ധതികൾക്കും ടെണ്ടർ ക്ഷണിച്ചത് ഒരു ദിവസമാണ്. (26/10/22) നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥയും ഒരേ ആൾ തന്നെ. മൂന്ന് പദ്ധതികൾക്കും കൂടിയുള്ള ആകെ അടങ്കൽ തുക 1187100/- രൂപയാണ്. ഒരേ ആവശ്യത്തിനായി നിർവ്വഹണം നടത്തിയ ടി പദ്ധതികൾക്ക് വേണ്ടി 3 വ്യത്യസ്ത ടെണ്ടർ ക്ഷണിച്ച പദ്ധതി നടപ്പാക്കി. 1187100/- രൂപ അടങ്കൽ വന്ന പദ്ധതിയ്ക്കു ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല. പദ്ധതി രൂപീകരണവേളയിൽ ഫണ്ട് ലഭ്യത അനുസരിച്ച് പദ്ധതി പ്രാവർത്തികമാക്കാൻ ഉതകും വിധമാണ് വിവിധ പദ്ധതികളായി വിഭജിച്ചത് എന്നാണ് മേൽ അപാകതയ്ക്കു നൽകിയ അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. വ്യത്യസ്ത പദ്ധതികളായി രൂപീകരിച്ചാലും നടപ്പാക്കിയ കാലയളവും ടെണ്ടർ നടപടിക്രമങ്ങളും ഒരേ കാലയളവിൽ ആയതിനാൽ തന്നെ സ്റ്റോർ പർച്ചേസ് മാന്വൽ

പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

2.GeM മുഖേന വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത മുൻകൂട്ടി കണ്ട് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒരേ ഇനത്തിലുള്ള സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ നടത്തി മത്സരം ഉറപ്പ് വരുത്തി, നിശ്ചിത സ്പെസിഫിക്കേഷനുള്ള സാധനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ, പരമാവധി വിലകുറവ് ലഭ്യമാക്കുക എന്നതാണ് സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(b) പ്രകാരം പൊതുപണം കൈകാര്യചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനും ആയത് കൈകാര്യം ചെയ്യുമ്പോൾ സ്വന്തം പണം വിനിയോഗിക്കുമ്പോൾ സ്വീകരിക്കുന്ന അച്ചടക്കം പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് വാങ്ങൽ നടപടിക്രമങ്ങൾ നിർവ്വഹിക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നം.17/22-23/01.8.23)

## 1-107 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -5 ലക്ഷത്തിൽ അധികരിച്ച വാങ്ങൽ നടപടിയ്ക്കു ഇ-ടെണ്ടർ /GeM ലൂടെ യുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടില്ല

പദ്ധതി – വയോജനങ്ങൾക്ക് കട്ടിൽ വിതരണം (1466/23)

അടങ്കൽ - 5252671/-

ചെലവ് -4353659/

പർച്ചേസ് കമ്മറ്റി തീരുമാനം-10/15.11.22

നിർവ്വഹണ ഉദ്യോഗസ്ഥ-സി.ഡി.പി.ഒ, അർബൻ 11

കരാറുകാരൻ – ആർട്ട്കോ, തൃശ്ശൂർ

ട്രഷറി ബിൽ നമ്പർ-

1.24/22-23/25.1.23 – 1705048/-

2.34/22-23/15.3.23 – 660149/-

3.40/22-23/22.3.23 – 542699/-

4.48/22-23/28.3.23 – 481921/-

5.49/22-23/28.3.23 – 481921/-

6.50/22-23/28.3.23 – 481921/-

1.ഇൻവോയിസ് നമ്പർ – TSR267/24.1.23, തുക -1705048/-(കട്ടിലിന്റെ എണ്ണം -421)

2.ഇൻവോയിസ് നമ്പർ-TSR508/15.3.23, തുക -660149/-(കട്ടിലിന്റെ എണ്ണം -163)

3.ഇൻവോയിസ് നമ്പർ-TSR625/22.3.23, തുക -542699/-(കട്ടിലിന്റെ എണ്ണം -134)

4.ഇൻവോയിസ് നമ്പർ-TSR742/27.3.23, തുക -481921/-(കട്ടിലിന്റെ എണ്ണം -119)

5.ഇൻവോയിസ് നമ്പർ-TSR740/27.3.23, തുക -481921/-(കട്ടിലിന്റെ എണ്ണം -119)

6.ഇൻവോയിസ് നമ്പർ-TSR741/27.3.23, തുക -481921/-(കട്ടിലിന്റെ എണ്ണം -119)

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1)നിർവ്വഹണഉദ്യോഗസ്ഥ കത്ത് മുഖേന (ഐസിഡിഎസ്/ഒകെഎ/എഡിഎൽ/595/21/12.10.2022) ആർട്ട്കോയുടെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ബ്രാഞ്ചുകളിൽ നിന്ന് കട്ടിലിന്റെ വിലവിവരം രേഖമൂലം അറിയിക്കുന്നതിന് ആവശ്യപ്പെടുകയും ആയതിൻ പ്രകാരം ആർട്കോയുടെ പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ എന്നീ ബ്രാഞ്ചുകളിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയിസിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ആർട്കോ, തൃശ്ശൂരിന്(4050/-) പദ്ധതി കരാർ നൽകുകയും ചെയ്തു. 52,52,671/-രൂപ അടങ്കൽ തുക നിശ്ചയിച്ച പദ്ധതിക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഒരേ സ്ഥാപനത്തിന്റെ വിവധ ബ്രാഞ്ചുകളിൽ നിന്ന് പ്രഫോർമ ഇൻവോയിസ് ക്ഷണിച്ച് ആയതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ആർട്കോ, തൃശ്ശൂരിന് കരാർ നൽകി പദ്ധതി നടപ്പാക്കിയിരിക്കുന്നു.

2) പദ്ധതി രൂപീകരണഫോറത്തിൽ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് പ്രൊക്യൂർ ചെയ്യാം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷനോടു കൂടിയ കട്ടിൽ നിലവിൽ നേരിട്ട് വാങ്ങുന്നതിന് ഉത്തരവുകൾ ഇല്ല. 52,52,671/- രൂപ അടങ്കൽ തുക നിശ്ചയിച്ച പദ്ധതിക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഇപ്രകാരം പദ്ധതി രൂപീകരണം നടത്തിയിട്ടുള്ളത്.

3) ക്വട്ടേഷൻ/ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്ന് ഈ പദ്ധതി പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കട്ടിൽ (പ്ലാൻ മാർഗ്ഗരേഖയിൽ പറയുന്ന സ്പെസിഫിക്കേഷൻ) നേരിട്ട് വാങ്ങുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അപ്രകാരം ഒരു ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

4) 52,52,671/- രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് ഇ- ടെണ്ടർ/GeM മുഖേന വാങ്ങൽ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

അക്രഡിറ്റഡ് ഏജൻസിയായ ആർട്ട്കോയിൽ നിന്ന് വാങ്ങുന്നതിനാണ് പ്രൊജക്ട് രൂപീകരിച്ചതെന്നും, ഒരേ സ്പെസിഫിക്കേഷൻ ഉള്ള ഇനത്തിന് പല വിലയ്ക്കാണ് ആർട്ട്കോ ക്വോട്ട്ചെയ്യുന്നത് എന്ന മുന്നറിവ് ഉള്ളതിനാൽ ആണ് പല ജില്ലകളിലെ ആർട്ട്കോയിൽ നിന്ന് പ്രഫോർമ ഇൻവോയിസ് വാങ്ങിയത് എന്നുമാണ് മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ടെണ്ടർ കൂടാതെ വാങ്ങാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ ഉത്തരവുകൾ ഇതിനെ സാധൂകരിക്കുന്നതല്ല. ലഭ്യമാക്കിയ ഉത്തരവുകൾ ചുവടെ

ചേർക്കുന്നു.

എ) സ.ഉ(സാധാ)നം.2092/2018/തസ്വഭവ, തീയതി-01/08/2018 നം ഉത്തരവ് പ്രകാരം ആർട്ട്കോയിലെ ഉത്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ്ങ് പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് ആർട്ട്കോയെ നോഡൽ ഏജൻസിയായി അംഗീകരിച്ചും കൊണ്ടുള്ള ഉത്തരവാണിത്.

ബി) ജി.ഒ(പി)നം.104/2022/ഫിൻ, തീ.02/09/2022 ഉത്തരവിൽ ആർട്ട്കോയെ പൊതുമരാമത്ത് പണികളുടെ ഭാഗമായുള്ള ഇന്റീരിയർ ഫർണിഷിങ്ങ് പ്രവർത്തികളുടെ അക്രഡിറ്റഡ് ഏജൻസിയായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്.

സി) ആർട്ട്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.23 ന് ഇളവ് നൽകികൊണ്ട് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉത്തരവുകൾ പ്രകാരം വാങ്ങൽ നടത്തുന്നതിന് അനുവാദം ഉള്ള ഇനങ്ങളുടെ ലിസ്റ്റ് ഉത്തരവുകൾക്ക് അനുബന്ധമായി നൽകിവരുന്നു. മേൽപ്രകാരം ഇളവ് നൽകികൊണ്ടുള്ള ഉത്തരവുകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ലിസ്റ്റിൽ പ്ലാൻമാർഗ്ഗരേഖയിൽ പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. 2022-23 ൽ ഇപ്രകാരം ഇളവ് നൽകികൊണ്ടുള്ള ജി.ഒ(ആർടി)നം.7/2022/എസ്.പി.ഡി, തീയതി-02/02/2022 നം ഉത്തരവിന് അനുബന്ധമായി നൽകിയിട്ടുള്ള ലിസ്റ്റിലും മേൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കട്ടിൽ, ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ അനുമതി നൽകിയിട്ടില്ല.

നിലവിൽ Artco, KAIDCO, SIDCO തുടങ്ങിയ ഒരു ഏജൻസിയിൽ നിന്നും വയോജനങ്ങൾക്ക് കട്ടിൽ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ സർക്കാർ ഉത്തരവുകൾ ഇല്ല. Artco, KAIDCO, SIDCO ഇവ മൂന്നും ഫർണിഷിങ്ങ് പ്രവൃത്തിയുടെ നോഡൽ ഏജൻസികൾ ആണെങ്കിലും ഇവരിൽ നിന്നും അനുവദനീയമല്ലാത്ത ഇനങ്ങൾ വാങ്ങാൻ കഴിയില്ല. ആയതിന് ടെണ്ടർ നടപടികൾ ആവശ്യമാണ്. മാത്രമല്ല വാങ്ങാൻ അനുവാദമുള്ള ഇനങ്ങൾ തന്നെ സ്വന്തമായി നിർമ്മിച്ച സാധനങ്ങൾ തന്നെയാണ് സപ്ലൈ ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. (Manufacturing Certificate ആവശ്യമാണ്)

സ്റ്റോർ പർച്ചേസ് (എ) വകുപ്പ് 02/02/23 ൽ പുറപ്പെടുവിച്ച സർക്കുലർ നം.SPD-A3/55/2022-SPDH പ്രകാരം സ്റ്റോർ പർച്ചേസ് വകുപ്പിൽനിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉത്പന്നങ്ങളും (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വാഭാവത്തിലുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടതെന്നും ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

മേൽ പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ അനുമതി കൂടാതെ ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടപ്പാക്കിയത് സ്റ്റോർപർച്ചേസ് മാനദണ്ഡങ്ങളുടെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും ലംഘനമായി കണക്കാക്കുന്നു. മേൽ ചെലവിന് സർക്കാരിൽ നിന്നുള്ള സാധൂകരണം ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഈ അപാകത ആവർത്തിക്കാതിരിക്കേണ്ടതും സ്റ്റോർപർച്ചേസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

സാധൂകരണം ലഭ്യമാകുന്നത് വരെ ചെലവ് തുക 43,53,659 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 17/22-23/01-8-23)

## 1-108 സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചു

പദ്ധതി - ഒല്ലൂക്കര അഡീഷണൽ അർബൻ 2- ഐ.സി.ഡി.എസ് ഓഫീസ് ഫർണീച്ചർ (1603/23)

അടങ്കൽ -250000/-

ചെലവ് -101074/-

നിർവ്വഹണം -സി.ഡി.പി.ഒ (ഒല്ലൂക്കര അഡീഷണൽ അർബൻ 2)

പർച്ചേസ് കമ്മറ്റി തീരുമാനം-6/22.2.23

കരാർ നൽകിയത് -ആർട്ട്കോ

ട്രഷറി ബിൽ നമ്പർ - 1.39/22-23/22.3.23 ,101074/-

ഇൻവോയിസ് നമ്പർ -TSR 594/21.3.23, 101074/-

ഐ.സി.ഡി.എസ് ഓഫീസിലേക്ക് ഫർണീച്ചർ (മേശ, അലമാര, കസേര) നൽകുന്നതിനായി ആർട്ട്കോ തൃശ്ശൂർ, മലപ്പുറം എന്നീ സ്ഥാപനങ്ങൾ പ്രഫോർമ ഇൻവോയിസ് സമർപ്പിക്കുകയും ഇതിൽ മേശ, അലമാര എന്നിവയ്ക്കു കുറവ് നിരക്ക് രേഖപ്പെടുത്തിയ ആർട്ട്കോ തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 8 മേശയും (7619.26), 4 അലമാരയും (10030) മേൽ പദ്ധതി പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി രൂപീകരണഫോറത്തിൽ നിർമ്മാണവസ്തുവിന്റെ തരം എഴുതണം എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് രേഖപ്പെടുത്തിയിട്ടില്ല.

ബി) വാങ്ങാൻ ഉദ്ദേശിച്ചിരുന്ന മേശ, കസേര, അലമാര എന്നിവയുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചയിക്കാതെയാണ് പ്രഫോർമ ഇൻവോയിസ് ക്ഷണിച്ചത്. വിലകളുടെ താരതമ്യ പത്രികയിലും, സപ്ലൈ ഓർഡറിലും (2/3/23ലെ) സപ്ലൈ ചെയ്യേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

സി) ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഒരേ സ്ഥാപനത്തിന്റെ (ആർട്ട്കോ) വിവിധ ബ്രാഞ്ചുകളിൽ നിന്ന് പ്രഫോർമ ഇൻവോയിസ് ക്ഷണിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

ഡി) പദ്ധതി പ്രകാരം കസേരയ്ക്കു തുക വകയിരുത്തിയെങ്കിലും ആയത് വാങ്ങിയിട്ടില്ല.

ഇ) GeM ൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ പൊതുമേഖലസ്ഥാപനങ്ങൾ എന്നിവയിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിനായി ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്റ്റിനു പകരമായി കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് &ഡിസ്പോസൽസ് ഓൺലൈൻ സമാഹരണപദ്ധതിയായ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) നടപ്പിലാക്കുകയും ജി.ഒ(എം.എസ്)നം.2/2018/എസ്.പി.ഡി തീ. 28.4.2018 പ്രകാരം

കേരള സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 26/04/2019 ലെ സ.ഉ(പി)നം.7/19/എസ്.പി.ഡി പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് GeM നിർബന്ധമാക്കിയിട്ടുണ്ട്.

ഒരേ സ്പെസിഫിക്കേഷൻ ഉള്ള ഇനത്തിന് പല വിലയ്ക്കാണ് ആർട്ട്കോ ക്വോട്ട്ചെയ്യുന്നത് എന്ന മുന്നറിവ് ഉള്ളതിനാൽ ആണ് പല ജില്ലകളിലെ ആർട്ട്കോയിൽനിന്ന് പ്രഫോർമ ഇൻവോയിസ് വാങ്ങിയതെന്നും ആയതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ തൃശ്ശൂർ ആർട്ട്കോയിൽ നിന്നും വാങ്ങൽ നടത്തിയതെന്നും ഇനി വാങ്ങൽ നടപടികൾ സ്വീകരിക്കുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വാങ്ങൽ നടപടികളിൽ സ്റ്റോർ പർച്ചേസ് നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതുമാണ്.

## 1-109 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി -തുടർ നടപടികൾ

പദ്ധതി -വയോജനങ്ങൾക്ക് കട്ടിൽ വിതരണം (1466/23)

അടങ്കൽ - 5252671/-

ചെലവ് -4353659/

നിർവ്വഹണം – സി.ഡി.പി.ഒ (അർബൻ 2)

പർച്ചേസ് കമ്മറ്റി തീരുമാനം-10/15.11.22

കരാറുകാരൻ -ആർട്ട്കോ, തൃശ്ശൂർ

ട്രഷറി ബിൽ നമ്പർ - 1.24/22-23/25.1.23, 1705048/-

2.34/22-23/15.3.23, 660149/-

3.40/22-23/22.3.23, 542699/-

4.48/22-23/28.3.23, 481921/-

5.49/22-23/28.3.23, 481921/-

6.50/22-23/28.3.23, 481921/-

കുർക്കഞ്ചേരി ഡിവിഷനിലെ (ഡിവിഷൻ41) കട്ടിൽ വിതരണ ഗുണഭോക്തൃലിസ്റ്റിൽ 7-ാംനമ്പർ ഗുണഭോക്താവായ ശ്രീ.പോൾ പൊറത്തൂരപ്പിള്ളി വീട്ടിൽ എന്നവർ സൗജന്യകട്ടിൽ വിതരണ ആനുകൂല്യത്തിന് അർഹനല്ലെന്നും, ടിയാൻ 3500sqft വിസ്തീർണ്ണമുള്ള വീടും മറ്റു സൗകര്യങ്ങളുമുള്ള ഒരു പ്രവാസിയാണെന്ന് കോർപ്പറേഷൻ സെക്രട്ടറിയ്ക്കു പരാതി ലഭിച്ചു. ഈ പരാതിയെ സംബന്ധിച്ച് കുർക്കഞ്ചേരി സോണൽ റവന്യൂ ഇൻസ്പെക്ടറുടെ 23.5.23 ലെ അന്വേഷണ റിപ്പോർട്ടിൽ നിലവിൽ ടിയാൻ എ.സി സൗകര്യങ്ങളുള്ള ഒരുനില വീട്ടിൽ താമസിക്കുന്നതായും 2

ആൺമക്കൾ വിദേശത്ത് ജോലിചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥ ഇതിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ 26/6/23 ലെ PC2/10185/23 കത്ത് പ്രകാരം കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ടിയാൾ 60 വയസ്സ് കഴിഞ്ഞ ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടയാളായതിനാൽ ആണ് കട്ടിൽ വിതരണം നടത്തിയതെന്നും, കുർക്കഞ്ചേരി വില്ലേജ് ഓഫീസർ 25/11/22 ന് നൽകിയ വരുമാന സർട്ടിഫിക്കറ്റ് നമ്പർ 73126387 പ്രകാരം ടിയാളുടെ കുടുംബവാർഷിക വരുമാനം 60000/- രൂപയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുർക്കഞ്ചേരി സോണൽ ഓഫീസിന്റെ ചുമതലയുള്ള ഐ.സി.ഡി.എസ് ഓഫീസർ നൽകിയ റിപ്പോർട്ടിലും മേൽ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. ഈ വിവരങ്ങൾ ഗുണഭോക്താവ് നൽകിയ അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള വിവരങ്ങളാണ്. പരാതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥയോ/ടിയാൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരോ നേരിട്ട് പരിശോധന നടത്തിയിരുന്നോ എന്നും നേരിട്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1.മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ) നം.86/2022/തസ്വഭവ, തീ.19/04/2022 ഖണ്ഡിക 12.3 ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടല്ല ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.

2.മേൽ ഉത്തരവ് ഖണ്ഡിക 12(13) പ്രകാരം ഗുണഭോക്താവിന് ആനുകൂല്യങ്ങൾ നൽകുന്നതിന് മുൻപ് ഗുണഭോക്താവിന്റെ അർഹത നിർവ്വഹണ ഉദ്യോഗസ്ഥ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ആനുകൂല്യങ്ങൾക്ക് തികച്ചും അർഹനാണെന്ന് ബോധ്യപ്പെട്ട ശേഷം മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലല്ല കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഒന്നിലും നിർവ്വഹണ ഉദ്യോഗസ്ഥ മേൽ പ്രകാരം ഫീൽഡ് ലെവൽ പരിശോധന നടത്തി അർഹത സാക്ഷപ്പെടുത്തിയിട്ടില്ല. പരാതി ലഭിച്ചതിനുശേഷവും ഇപ്രകാരം അന്വേഷണം നടത്തിയതായി കാണുന്നില്ല. ഐ.സി.ഡി.എസ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുർക്കഞ്ചേരി സോണൽ റവന്യൂ ഇൻസ്പെക്ടറുടെ 23.5.23 ലെ റിപ്പോർട്ടിൽ, നിലവിൽ ടിയാൻ എ.സി സൗകര്യങ്ങളുള്ള ഒരുനില വീട്ടിൽ താമസിക്കുന്നതായും 2 ആൺമക്കൾ വിദേശത്ത് ജോലിചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്റെ യാഥാർത്ഥ്യം പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടിയിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ/ടിയാൾ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ നേരിട്ട് അന്വേഷണം നടത്തിയ റിപ്പോർട്ടിൽ അപേക്ഷയിൽ ഉള്ള വിവരങ്ങൾ തന്നെയാണ് നൽകിയിട്ടുള്ളത്. ലഭ്യമാക്കിയ മറുപടിയിലും റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ നിജസ്ഥിതി സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടില്ല.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ

പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനാലാണ് മേൽ പരാതിക്കുള്ള സാഹചര്യം ഉണ്ടായത് എന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം.

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി

1500 ഓളം ഗുണഭോക്താക്കൾ ഉള്ള സാഹചര്യത്തിൽ ഓരോ ഗുണഭോക്താവിന്റേയും വിവരം നേരിട്ട് പോയി പരിശോധിക്കുന്നത് പ്രായോഗികമല്ലയെന്നും, തുടർ വർഷങ്ങളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം പദ്ധതി നടപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

1.കുർക്കഞ്ചേരി വില്ലേജ് ഓഫീസർ 25/11/22 ന് നൽകിയ വരുമാന സർട്ടിഫിക്കറ്റ് നമ്പർ 73126387 പ്രകാരം ടിയാളുടെ കുടുംബവാർഷിക വരുമാനം 60000/- രൂപയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുർക്കഞ്ചേരി സോണൽ റവന്യൂ ഇൻസ്പെക്ടറുടെ 23.5.23 ലെ റിപ്പോർട്ടിൽ നിലവിൽ ടിയാൻ എ.സി സൗകര്യങ്ങളുള്ള ഒരുനില വീട്ടിൽ താമസിക്കുന്നതായും 2 ആൺമക്കൾ വിദേശത്ത് ജോലിചെയ്യുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ വില്ലേജ് ഓഫീസർ നൽകിയ കുടുംബവാർഷിക വരുമാനം സംബന്ധിച്ച വിവരം കൃത്യമല്ല എന്നു കാണുന്നു. തെറ്റായ വരുമാന സർട്ടിഫിക്കറ്റാണ് നൽകിയതെങ്കിൽ ഈ വിവരവും, ഇപ്രകാരം തെറ്റായ വിവരങ്ങൾ നൽകുന്നത് അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഇടയാക്കുമെന്ന വിവരവും നിർവഹണ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ സെക്രട്ടറി മുഖാന്തരം ടി വില്ലേജിൽപ്പെടുന്ന റവന്യൂ മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2.കുർക്കഞ്ചേരി സോണൽ റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പരിഗണിക്കുമ്പോൾ ഗുണഭോക്താവ് ടിയാന്റെ അപേക്ഷയിൽ, കുടുംബ വരുമാനം സംബന്ധിച്ച് തെറ്റായ വിവരമാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. മാത്രമല്ല ടിയാൾ വാർദ്ധക്യപെൻഷൻ കൈപ്പറ്റുന്നതായും അപേക്ഷയിൽ രേഖപ്പെടുത്തികാണുന്നു. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഗുണഭോക്താവിന് അർഹത ഉണ്ടോയെന്നത് സംബന്ധിച്ച അന്വേഷണം നടത്തി ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നികുതി നിർണ്ണയം നടത്തുന്ന സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ശ്രീ.പോൾ പൊറത്തൂരപ്പിള്ളി എന്ന ഗുണഭോക്താവിന്റെ ഭാര്യയായ ശ്രീമതി.ഗ്രേസിയുടെ പേരിലുള്ള 100ചമീ. (വീട്ടുനമ്പർ ഡിവിഷൻ41/115) നാണ് നികുതി അടവാക്കിവരുന്നത്. കുർക്കഞ്ചേരി സോണൽ റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പരിഗണിക്കുമ്പോൾ ഗുണഭോക്താവ് നിയമാനുസൃതമായ വീട്ടുനികുതി അടവാക്കുന്നില്ലായെന്ന് കണക്കാക്കേണ്ടിവരും. ആയതിനാൽ ഈ വിഷയത്തിലും അന്വേഷണം നടത്തി നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയം ചെയ്യുകയും, ആയത് നടപ്പാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച അപാകത അന്വേഷണക്കുറിപ്പ് മുഖേന കുർക്കഞ്ചേരി സോണൽ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 23/22-23/08.8.23)

1-110 അനുപൂരക പോഷകാഹാരപദ്ധതി - സപ്ലൈകോയ്ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

പ്രോജക്ട് - അനുപൂരക പോഷകാഹാരപദ്ധതി -അർബൻ - 1

പ്രോജക്ട് നമ്പർ -01/23

നിർവ്വഹണം -സി.ഡി.പി.ഒ, അർബൻ - 1

അടങ്കൽ -16500000 (വികസനഫണ്ട്)

- 6500000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് -9998789 (വികസനഫണ്ട്)

-6500000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

സപ്ലൈകോ കോർപ്പറേഷൻ പരിധിയിലെ അങ്കണവാടികളിൽ 29/4/22 മുതൽ 10/8/22 വരെയുള്ള കാലയളവിൽ വിതരണം നടത്തിയ സാധനങ്ങളുടെ ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ / തീയ്യതി | തുക |
|---|---|---|
| 1 | 2276/29.4.22 | 94926 |
| 2 | 2277/29.4.22 | 98461 |
| 3 | 2278/29.4.22 | 78019 |
| 4 | 2279/29.4.22 | 83202 |
| 5 | 22106/18.5.22 | 87763 |
| 6 | 22265/20.7.22 | 139912 |
| 7 | 22266/20.7.22 | 159661 |
| 8 | 22267/20.7.22 | 104838 |
| 9 | 22268/20.7.22 | 118102 |
| 10 | 22269/20.7.22 | 111042 |
| 11 | 22270/20.7.22 | 100886 |
| 12 | 22276/30.7.22 | 10080 |
| 13 | 22287/30.7.22 | 7140 |
| 14 | 22288/30.7.22 | 7980 |
| 15 | 22304/10.8.22 | 101234 |

| | | |
|---|---|---|
| 16 | 22305/10.8.22 | 4016 |
| 17 | 22306/10.8.22 | 70810 |
| 18 | 22307/10.8.22 | 84173 |
| ആകെ | | 1462245/- |

മേൽ കണക്കുകൾ പ്രകാരം സപ്ലൈകോ, അയ്യന്തോളിന് നൽകേണ്ട തുക 14,62,245/-രൂപയാണ്. എന്നാൽ ട്രഷറി ബിൽ നമ്പർ 2/22-23/24.8.22 പ്രകാരം 14,67,245/-രൂപ സപ്ലൈകോ, അയ്യന്തോളിന് നൽകിയിട്ടുണ്ട്. അധികം നൽകിയ 5000/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, വിവരം അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ടെന്നും ടിയാരി തുക ഒടുക്കിയതിന്റെ ചലാൻ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക അടവാക്കി ചലാൻ ഓഡിറ്റിന് ലഭ്യമാക്കുംവരെ അധികം നൽകിയ 5,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 8/21.07.23)

## 1-111 കോക്ലിയാർ ഇംപ്ലാന്റേഷൻ-സാമൂഹ്യസുരക്ഷമിഷന് വിഹിതം കൈമാറൽ- വിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് - കോക്ലിയാർ ഇംപ്ലാന്റേഷൻ

പ്രോജക്ട് നമ്പർ -1544/23

നിർവ്വഹണം -സി.ഡി.പി.ഒ, പുഴക്കൽ അഡീഷണൽ (അർബൻ 1)

അടങ്കൽ -500000 (വികസനഫണ്ട്)

ചെലവ് -1,15,867/-

ട്രഷറി ബിൽ നമ്പർ - 18/22-23/15.3.23, തുക -1,15,867/-

കോർപ്പറേഷൻ പരിധിയിലെ കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത് ഉപകരണം റിപ്പയർ/മെയിന്റനൻസ് ആവശ്യം ഉണ്ട് എന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരം സാമൂഹ്യസുരക്ഷ മിഷന് വിഹിതം കൈമാറുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ്. ടി പദ്ധതിയുടെ ഭാഗമായി മേൽ ട്രഷറി ബിൽ പ്രകാരം 1,15,867/-രൂപ സാമൂഹ്യസുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.8/21.7.23/22-23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. സാമൂഹ്യസുരക്ഷ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നാണ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വിനിയോഗ വിവരം ലഭ്യമാക്കുംവരെ ചെലവ് തുക 1,15,867/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-112 ബഡ്സ് സ്കൂളുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ – കുടുംബശ്രീ, മെമ്പർ സെക്രട്ടറി

കോർപ്പറേഷൻ പരിധിയിൽ ഒളരി, രാമവർമ്മപുരം എന്നിവിടങ്ങളിൽ ബഡ്സ് സ്കൂളുകൾക്കായി കെട്ടിടങ്ങൾ

നിർമ്മിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്കൂളുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഒളരിക്കര ഗവൺമെന്റ് യു.പി സ്കൂൾ കോമ്പൗണ്ടിലും രാമവർമ്മപുരം യു.പി സ്കൂൾ കോമ്പൗണ്ടിലുമാണ് ബഡ്സ് സ്കൂളുകൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

പ്രോജക്ട് നം. 1378/23 (കോർപ്പറേഷനിലെ ബഡ്സ് സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ) എന്ന പദ്ധതി പ്രകാരം 2022-23 സാമ്പത്തികവർഷം 20,00,000 രൂപ പ്ലാൻഫണ്ട് ചെലവഴിച്ച് ബഡ്സ് സ്കൂളുകളിലേക്കായി ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ ലാപ്പ്ടോപ്പുകൾ മെമ്പർ സെക്രട്ടറിയുടെ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. മറ്റ് ഫർണ്ണിച്ചർ രണ്ട് സ്കൂളുകളിലായി കൂട്ടിയിട്ടിരിക്കുന്നു. ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ വാങ്ങിയ സാധനങ്ങൾ നിഷ്ക്രിയമായി കിടക്കുന്നു.

07.08.2023 ന് കുടുംബശ്രീ മെമ്പർ സെക്രട്ടറിയോടൊപ്പം ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രാമവർമ്മപുരം ബഡ്സ് സ്കൂൾ

സ്കൂൾ കോമ്പൗണ്ട് കാട് കയറിയ നിലയിലാണ്. ക്ലാസ് മുറികൾ, ഓഫീസ് മുറി, ഡൈനിംഗ് റൂം, വരാന്ത എന്നിവ പൊടികയറി മാറാല മൂടി കിടക്കുന്നു. തൻവർഷം വാങ്ങിയ ഫർണ്ണിച്ചർ (കസേരകൾ, അലമാരകൾ, ബഞ്ചുകൾ, ഡെസ്കുകൾ, വീൽചെയറുകൾ, കട്ടിൽ എന്നിവ) മുറികളിൽ കൂട്ടിയിട്ടിരിക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനായി അടുക്കള നിർമ്മിച്ചിട്ടില്ല.

2. ഒളരി ബഡ്സ് സ്കൂൾ

ക്ലാസ് മുറികൾ, ഓഫീസ് മുറി, ഡൈനിംഗ് റൂം, വരാന്ത എന്നിവ പൊടികയറി മാറാല മൂടി കിടക്കുന്നു. തൻവർഷം വാങ്ങിയ ഫർണ്ണിച്ചർ (കസേരകൾ, അലമാരകൾ, ബഞ്ചുകൾ, ഡെസ്കുകൾ എന്നിവ) മുറികളിൽ കൂട്ടിയിട്ടിരിക്കുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനായി അടുക്കള നിർമ്മിച്ചിട്ടില്ല. ഓഫീസ് മുറിയുടെ വശത്തുകൂടി മുകളിലേക്ക് കയറാനുള്ള പടികൾ പാതിവഴിയിൽ നിർമ്മാണം നിലച്ച രീതിയിലാണ്. ഇവിടെ യാതൊരു സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. ഒളരി പള്ളിയുടെ സമീപത്തുനിന്നും പുല്ലഴിക്കുള്ള രണ്ട് റോഡുകളുടെ നടുവിലാണ് സ്കൂൾ നിലനിൽക്കുന്നത്. ഭാവിയിൽ റോഡ് നവീകരണം ഉണ്ടായാൽ സ്കൂൾ പൊളിച്ചുമാറ്റേണ്ടിവരും.

ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തി സ്കൂളുകൾ പ്രവർത്തനക്ഷമമാക്കേണ്ടതും സ്കൂളുകൾക്കായി വാങ്ങിയ ഫർണീച്ചർ ഉപയോഗയോഗ്യമാക്കേണ്ടതുമാണ്.

## 1-113 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

തൃശ്ശൂർ കോർപ്പറേഷനു കീഴിൽ ഒല്ലൂക്കരയിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നു. ഒരു ടീച്ചറും ആയയുമാണ് നിലവിൽ സെന്ററിൽ സേവനമനുഷ്ഠിക്കുന്നത്. സെന്ററിന് സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല. കുട്ടികൾക്ക് വന്നുപോകുന്നതിനായി വാഹനസൗകര്യം ഇല്ല. സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 ലെ ഖ. 7.1.9 പ്രകാരം 29.7.2009 ലെ ജി.ഒ (എം.എസ് ) നം.148/2009 /തസ്വഭവ, 06.04.2013 ലെ സ.ഉ(എം.എസ്)നം.144/2013/തസ്വഭവ എന്നീ ഉത്തരവുകളിലെ നിബന്ധനകൾ

പാലിച്ചുകൊണ്ടാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങേണ്ടത്.

29.7.2009 ലെ ജി.ഒ(എം.എസ്)നം.148/2009/തസ്വഭവ പ്രകാരമുള്ള നിബന്ധനകൾ താഴെ ചേർക്കുന്നു.

1.സ്ഥാപനത്തിന് 15 സെന്റിൽ കുറയാത്ത സ്വന്തം സ്ഥലമോ പൊതുസ്ഥലമോ വേണ്ടതാണ്.

2.25-50 കുട്ടികൾക്കായി കുട്ടി ഒന്നിന് 40 സ്ക്വയർഫീറ്റ് സ്ഥലം വേണം.

3.സ്കൂൾ കെട്ടിടത്തിന് 5ക്ലാസ്മുറികൾ, സ്റ്റാഫ്, റിക്രിയേഷൻ എന്നിവ വേണം.

4.അടുക്കള, ഭക്ഷണശാല, സ്റ്റോർ ഉണ്ടായിരിക്കണം.

5.തൊഴിൽ പരിശീലനം, തെറാപ്പി, പകൽ പരിപാലനം എന്നിവയ്ക്ക് സൗകര്യം വേണം.

06.04.2013 ലെ സ.ഉ(എം.എസ്)നം.144/2013/തസ്വഭവ പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനത്തിന് സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും അംഗീകാരം വാങ്ങേണ്ടതും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-114 അതിദാരിദ്ര്യ പദ്ധതിയിലേക്കുള്ള വിഹിതം -- മൈക്രോപ്ലാൻ തയ്യാറാക്കിയതിന്റെ വിവരം ഇല്ല

പ്രോജക്ട് -- 1616/23 – അതിദാരിദ്ര്യ പദ്ധതിയിലേക്കുള്ള വിഹിതം

നിർവഹണഉദ്യോഗസ്ഥൻ -- മെമ്പർ സെക്രട്ടറി, കുടുംബശ്രീ

അടങ്കൽ -- 15,00,000 (പൊതുവിഭാഗം ജനറൽ)

ചെലവ് --50,000

വൗച്ചർ നം.-- 22205667/22.03.2023 -- 50,000

ഫയൽ നം -- KS1/05/23

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി.ഷൈനി ജോസഫ് ചിറയത്ത് എന്ന വ്യക്തിക്ക് 50,000 രൂപ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകി. സ.ഉ.(കൈ)നം.86/2022/തസ്വഭവ തീയതി.19.4.2022 ഖ.6.6(2) പ്രകാരം അതിദാരിദ്ര്യം പരിഹരിക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാവിധ ഘടകങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടു വേണം മൈക്രോ പ്ലാനുകൾ തയ്യാറാക്കേണ്ടത്.

8.7.22 ലെ സ.ഉ(കൈ)146/2022/തസ്വഭവ പ്രകാരം മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ഉടൻ നടപ്പാക്കാവുന്ന സേവനപ്രവർത്തനങ്ങൾ, ഹ്രസ്വകാല പ്രവർത്തനങ്ങൾ, ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി കോർപ്പറേഷൻ മൈക്രോപ്ലാൻ തയ്യാറാക്കിയോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആയതു പ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. 381 ഗുണഭോക്തൃ കുടുംബങ്ങൾക്കായി മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുള്ളതായി നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേക ടീം (തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും, വാർഡ് അടിസ്ഥാനത്തിലും) രൂപീകരിച്ചതിന്റെ വിവരങ്ങൾ, അധിക വിഭവസമാഹരണത്തിന്റെ വിവരങ്ങൾ, ആയതിനായി നോഡൽ ഓഫീസറുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന്റെ ഖ.8.2 പ്രകാരം കോർപ്പറേഷന് വകയിരുത്താവുന്ന തുക മുഴുവനായും (15 ലക്ഷം) വകയിരുത്തിയെങ്കിലും ആകെ 50,000 രൂപ മാത്രമാണ് ചെലവഴിച്ചത്. പദ്ധതിയുടെ ആരംഭം ആയതിനാൽ വീട് റിപ്പയറിംഗ് മാത്രമാണ് ചെയ്തിട്ടുള്ളത്. വരുംവർഷങ്ങളിൽ കൂടുതൽ ആവശ്യങ്ങൾക്കായി തുക ചെലവഴിക്കുന്നതാണ് എന്ന് ഓഡിറ്റിന്റെ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ അതിദാരിദ്യം ഒഴിവാക്കുന്നതിനായി ആവശ്യത്തിന് തുക വകയിരുത്തുകയും പദ്ധതികൾ മുഴുവൻ തുകയും ഫലപ്രദമായി ഉപയോഗിച്ച് നടപ്പാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറിനം.13/25.7.23)

## 1-115 ഹരിതകർമ്മസേനാ വനിതാ അംഗങ്ങൾക്കുള്ള ഇൻഷുറൻസ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് -- 1619/23 – ഹരിതകർമ്മസേനാ വനിതാ അംഗങ്ങൾക്കുള്ള ഇൻഷുറൻസ്

നിർവഹണഉദ്യോഗസ്ഥൻ -- മെമ്പർ സെക്രട്ടറി, കുടുംബശ്രീ

അടങ്കൽ -- 15,00,000 (പൊതുവിഭാഗം ജനറൽ)

ചെലവ് --1,13,542

വൗച്ചർ നം.-- 22205319/12.12.2022 -- 1,13,542

ഫയൽ നം.-- KS2/72880/22

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 5.12.22 ലെ 1172/C/2020/KS/TSR നം. കത്ത് പ്രകാരം 143 ഹരിതകർമ്മസേനാ അംഗങ്ങൾക്ക് 794 രൂപ വീതം ഇൻഷുറൻസ് തുകയായി അടവാക്കി. സ.ഉ.(സാധാ) നം.1496/2020/തസ്വഭവ തീയതി.12.08.2020 പ്രകാരം ഹരിതകർമ്മസേനാ വനിതാ അംഗങ്ങൾക്കുള്ള ആരോഗ്യപരിരക്ഷ ക്രമീകരണങ്ങൾ തദ്ദേശസ്ഥാപനങ്ങൾ നിർവഹിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയത്.

ജില്ലാമിഷൻ കോർഡിനേറ്ററുടെ കൈപ്പറ്റ് രസീതി, വ്യക്തികൾക്ക് ഇൻഷുറൻസ് ലഭ്യമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. വ്യക്തികൾക്ക് ഇൻഷുറൻസ് കാർഡ് ലഭ്യമാക്കിയതായി നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1,13,542 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.14/25.7.23)

## 1-116 കുടുംബശ്രീ ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് -- 1450/23 – കുടുംബശ്രീ ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ നൽകൽ

നിർവഹണഉദ്യോഗസ്ഥൻ -- മെമ്പർ സെക്രട്ടറി, കുടുംബശ്രീ

അടങ്കൽ -- 2,00,000 (പൊതുവിഭാഗം ജനറൽ)

ചെലവ് --199496

വൗച്ചർ നം.-- 22205761/28.3.2023 – 199496

ഫയൽ നം.-- KS2/ 17462 / 23

മേൽപ്രകാരം തുക ചെലവഴിച്ച് വാദ്യോപകരണങ്ങൾ വാങ്ങി.

അപാകതകൾ

1. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരമൊരു പദ്ധതിയെക്കുറിച്ച് പരാമർശമില്ല. ഖ.5(2) പ്രകാരം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സംസ്ഥാന സബ്സിഡി ഇല്ലാത്തതുമായ ഇനങ്ങൾക്കും, നൂതന പ്രോജക്ടുകൾ അല്ലാത്തവക്കും സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകുവാൻ പാടുള്ളൂ.

2. 08.11.2010 ലെ ജി.ഒ(പി)259/2010/തസ്വഭവ പ്രകാരം മതിപ്പുവില 1 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ വ്യാപകപ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാളം ദിനപ്പത്രത്തിലും പരസ്യം നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷനാണ് സ്വീകരിച്ചിട്ടുള്ളത്.

3. ലഭ്യമായ ഇനങ്ങൾ സ്റ്റോക്കിൽ എടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. എന്തൊക്കെ ഉപകരണങ്ങളാണ് വാങ്ങുന്നതെന്ന് പ്രോജക്ടിൽ ചേർത്തിട്ടില്ല. ഏത് ഗ്രൂപ്പുകൾക്കുവേണ്ടിയാണ് വാങ്ങുന്നതെന്നും ചേർത്തിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ഇല്ല. വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രൂപ്പുകൾ/പരിശീലനം ലഭിച്ച ഗ്രൂപ്പുകൾ കോർപ്പറേഷൻ പരിധിയിൽ ഉണ്ടോ എന്നും വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി (15/25.7.23) ക്ക് മറുപടിയായി ഗുണഭോക്തൃലിസ്റ്റ്, വിതരണം ചെയ്ത രസീത് എന്നിവ ഫയലിൽ ചേർക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽരഹിതരായ 30 സ്ത്രീകൾക്ക് ശിങ്കാരിമേളത്തിന് പരിശീലനം നൽകിയതായും 20 പേരുടെ സ്വയംതൊഴിൽ സംരംഭം എന്ന നിലക്കാണ് വാദ്യോപകരണങ്ങൾ വാങ്ങിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1,99,496 രൂപ തടസ്സപ്പെടുത്തുന്നു.

1-117 ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകതകൾ

മെമ്പർ സെക്രട്ടറി, കുടുംബശ്രീ നടപ്പാക്കിയ ഫർണ്ണിച്ചർ വാങ്ങൽ എന്ന പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് -- 1378/23 – കുടുംബശ്രീ ആസ്ഥാനമന്ദിരത്തിലേക്ക് ഫർണ്ണിച്ചർ

അടങ്കൽ -- 3000006 (പൊതുവിഭാഗം ജനറൽ)

ചെലവ് -- 520640

വൗച്ചർ നം.-- 22205903/22.03.2023

ഫയൽ നം. -- KS2 / 1 / 23

കുടുംബശ്രീ ആസ്ഥാനമന്ദിരത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന ഈ പദ്ധതി സ്പിൽ ഓവർ പദ്ധതിയാണ്. 2021-22 ൽ 50,00,000 രൂപ അടങ്കലിൽ ആസൂത്രണം ചെയ്ത പദ്ധതിയിൽ 19,99,994 രൂപ തൻവർഷം ചെലവഴിച്ചു. 2022-23 വർഷം 520640 രൂപ ചെലവഴിച്ച് ആർട്കോയിൽ നിന്ന് (കാഷ് ബിൽ നം. TSR473/10.03.2023) ഫർണ്ണിച്ചർ വാങ്ങി. ടെണ്ടർ നടപടികൾ കൂടാതെയാണ് ഫർണ്ണിച്ചർ വാങ്ങിയത്.

2. പ്രോജക്ട് -- 1378/23 – കോർപ്പറേഷനിലെ ബഡ്സ് സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ

അടങ്കൽ -- 20,00,000 (പൊതുവിഭാഗം ജനറൽ)

ചെലവ് -- 20,00,000

വൗച്ചർ നം.-- 22205799/22.03.2023 – 379161

വൗച്ചർ നം.-- 22205871/22.03.2023 – 788102

വൗച്ചർ നം.-- 22205831/22.03.2023 – 832737

ഫയൽ നം. -- KS2 / 2 / 23

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.സ.ഉ.(കൈ)നം.1/2016/എസ്.പി.ഡി തീയതി. 8.12.2016 ൽ പൊതുമേഖലാ സ്ഥാപനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ ടെണ്ടർ മൂല്യത്തിന്റെ 50% വരെ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കാത്ത/അസംബിൾ ചെയ്യാത്ത/നിർമ്മിക്കാത്ത സാധനങ്ങൾ സ്ഥാപനത്തിന് വിതരണം ചെയ്യാവുന്നതാണ്. ഓർഡർ മൂല്യത്തിന്റെ 50% ൽ അധികം ബ്രാന്റ് ഇനങ്ങളും സ്ഥാപനം ഉൽപാദിപ്പിക്കാത്ത/ അസംബിൾ ചെയ്യാത്ത/നിർമ്മിക്കാത്ത ഇനങ്ങളും ആണെങ്കിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആർട്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെയാണ് ഫർണ്ണിച്ചർ വാങ്ങിയത്. Airport Chair Seater SS 10എണ്ണം, TW Cushion Chair 20എണ്ണം, Armed Plastic Chair 150എണ്ണം എന്നിവ കുടുംബശ്രീ ആസ്ഥാനമന്ദിരത്തിലേക്ക് വാങ്ങി. ബഡ്സ് സ്കൂളുകളിലേക്ക് 28 ഇനം ഫർണ്ണിച്ചർ ലാപ്ടോപ്പ് ഉൾപ്പെടെ വാങ്ങി. ഇവ ആർട്കോയുടെ സ്വന്തം ഉൽപന്നങ്ങളാണ് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി ഒ(പി)നം.7/2019/എസ്.പി.ഡി തീയതി. 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും ജെം പോർട്ടൽ മുഖേന സമാഹരിക്കേണ്ടതാണ്.

2. സ്റ്റോക്ക് രജിസ്റ്ററിൽ നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാങ്ങിയ ഫർണ്ണിച്ചർ വിതരണം ചെയ്തതായി/നൽകിയതായി കാണുന്നില്ല. കുടുംബശ്രീ മന്ദിരം/ബഡ്സ് സ്കൂൾ അധികാരികൾ എന്നിവർ ഫർണ്ണിച്ചർ കൈപ്പറ്റിയതായി കാണുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിനും പ്രത്യേകം പേജ് നമ്പർ നൽകിയിട്ടില്ല. സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ

വിവരങ്ങൾ, കൈപ്പറ്റിയ തീയതി എന്നിവ ഇല്ല.

4. ഏതെല്ലാം ഫർണ്ണിച്ചറാണ് സ്ഥാപനങ്ങളിൽ ആവശ്യമുള്ളതെന്ന് ഫയലിലോ പ്രോജക്ടിലോ വ്യക്തമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 25,20,640 രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി-11/25.7.23)

## 1-118 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകൾ - പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പാക്കേണ്ടതാണ്

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.86/2022 തസ്വഭവ തിയതി 19.4.22 ഖ 7.5 ൽ പതിനാലാം പദ്ധതിയിൽ ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിനും പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ഉണ്ടായിരിക്കണമെന്ന് നിർദ്ദേശമുണ്ട്. സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിങ്ങനെ രണ്ടു തരം പ്രവർത്തനങ്ങൾക്കാണ് സാദ്ധ്യതയുള്ളത്. ആയതിൽ സംരംഭകത്വ വികസന മേഖലയിലാണ് കോർപ്പറേഷനിൽ പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുള്ളത്. നൈപുണ്യ വികസനം (പ്രൊജക്ട് നം:1425/23), കുടുംബശ്രീ വിപണന കേന്ദ്രങ്ങൾക്ക് വിപണനത്തിന് സഹായം (പ്രൊജക്ട് നം:1434/23) എന്നീ മേഖലകളിൽ ആവിഷ്കരിച്ച രണ്ടു പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. ജനറൽ, വനിത, പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വ്യക്തിഗത സബ്സിഡി അനുവദിക്കുന്ന ലോൺ ലിങ്ക്ഡ് പ്രൊജക്ടുകൾ 3 എണ്ണമാണ് നടപ്പാക്കിയത്.

| പ്രൊജക്ട് നം. | അടങ്കൽ തുക | ചെലവു തുക | സബ്സിഡി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1381/23 (പട്ടികജാതി) | 600000 | 450000 | 90000 | 5 |
| 1389/23 (വനിത) | 3456000 | 2400000 | 90000 | 27 |
| 1377/23 (ജനറൽ) | 6000000 | 1464550 | 60000 | 25 |
| | 10056000 | 4314550 | | 57 |

ആകെ അടങ്കൽ തുകയിൽ, 10056000 രൂപയിൽ 4314550 രൂപയാണ് (അതായത് 42.9%) ചെലവാക്കിയത്. മേൽ 3 പ്രൊജക്ടുകളിലായി 57 സംരംഭങ്ങൾക്ക് വ്യക്തിഗത സബ്സിഡി നൽകിയിട്ടുണ്ട്. 57 സംരംഭകരുടെയും സബ് സിഡി അനുവദിക്കുന്നതു വരെയുള്ള ഫയൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അഭിനന്ദനാർഹമായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നത് എടുത്തു പറയുന്നു.

പ്രൊജക്ട് ആവിഷ്കരണത്തിൽ നിരീക്ഷിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5.1 പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED Plan)

കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രസ്തുത പദ്ധതി കോർപ്പറേഷനിൽ തയ്യാറാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.52/9.10.23) നൽകിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി. തുടർ വർഷങ്ങളിൽ ആയത് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തെരെഞ്ഞെടുത്ത 6 യൂണിറ്റുകൾ ഐ.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ 4 സംരംഭങ്ങൾ പ്രവർത്തിക്കുന്നതായി മനസ്സിലാക്കി. 6 സ്ഥാപനങ്ങളിൽ ഒരിടത്തു മാത്രമാണ് എഗ്രിമെന്റ് വ്യവസ്ഥ പാലിച്ച് കൊണ്ട് തൃശ്ശൂർ കോർപ്പറേഷൻ പദ്ധതി (2022-23) യെന്ന ബോർഡ് വെച്ചിരുന്നത്- "താര ഡിജിറ്റൽ ഫോട്ടോ സ്റ്റാറ്റ്" എന്ന സ്ഥാപനം. ബാക്കി ഇടങ്ങളിൽ “പ്രെറ്റികൃൂട്ട്” വനിത പട്ടികജാതി സംരംഭം ഒഴികെ ആരും സ്ഥാപനത്തിന്റെ പേര്/ബോർഡ് പ്രദർശിപ്പിച്ചിരുന്നില്ല. കോർപ്പറേഷൻ/ചെറുകിട സംരംഭക ലൈസൻസ് സൂക്ഷിച്ചിരുന്നത് താര ഡിജിറ്റൽ ഫോട്ടോ സ്റ്റാറ്റ് എന്ന സ്ഥാപനം മാത്രമാണ്.

ജനറൽ വിഭാഗത്തിൽ "വൈഗ ഗോൾഡ് മെൽറ്റിംഗ്" എന്ന സംരംഭം വീടിന്റെ മുകൾ നിലയിൽ പ്രവർത്തിക്കുന്നതായി അറിയിച്ചെങ്കിലും പ്രസ്തുത ഗുണഭോക്താവിന്റെ ഫയലിൽ സൂക്ഷിച്ചിരുന്ന ബിൽ പ്രകാരമുള്ള 48000 രൂപയുടെ Gold Melting Machine 45000 രൂപ വിലവരുന്ന Gold Test Purity Furnace എന്നീ ഉപകരണങ്ങൾ സംരംഭ മുറിയിൽ ഉണ്ടായിരുന്നില്ല. ഉപകരണം കേടായി റിപ്പയറിന് കൊണ്ടുപോയതാണെന്ന് ഐ .ഇ. ഒ അറിയിച്ചു. പ്രസ്തുത മെഷീനുകൾ റിപ്പയറിനു ശേഷം തിരികെ സ്ഥാപിച്ചതിന്റെ ചിത്രമടക്കമുള്ള റിപ്പോർട്ട് ഐ.ഇ. ഒ ലഭ്യമാക്കി. സ്ഥാപനം എഗ്രിമെന്റ് വ്യവസ്ഥകൾ പാലിച്ച് തുടർന്നു പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കസ്റ്റമേഴ്സ് വരാൻ മടിക്കുന്ന സ്ഥലമായതിനാൽ ബിസിനസ് തീരെ ഇല്ലെന്ന് പ്രെറ്റി ക്യൂട്ട് ബ്യൂട്ടി പാർലർ ഉടമസ്ഥ അംബിക പി.കെ അറിയിച്ചു. അനുയോജ്യമായ മറ്റൊരു സ്ഥലത്തേക്ക് സംരംഭം മാറ്റി സ്ഥാപിക്കാൻ നിർദ്ദേശിച്ചതായി എൻക്വയറിക്ക് മറുപടി ലഭിച്ചു.

3.മാർഗ്ഗരേഖ ഖണ്ഡിക 14 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പോ ഉപസമിതിയോ നിർവ്വഹണം നടക്കുന്ന പ്രൊജക്റ്റിന്റെ ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതാണ്. മാർഗ്ഗരേഖ അനുബന്ധം 1 പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിട വ്യവസായം, കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പെടെ സഹകരണം മുതലായവ വ്യവസായ വികസന ഓഫീസർ കൺവീനറായ വർക്കിംഗ് ഗ്രൂപ്പാണ് മേൽ ചുമതല നിർവ്വഹിക്കേണ്ടത്. മാർഗ്ഗരേഖ ഖണ്ഡിക 3.1.2 ബി 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫല പ്രദമായി മോണിട്ടർ ചെയ്യേണ്ടതുണ്ട്.

മാർഗ്ഗരേഖ നിർദ്ദേശമനുസരിച്ച് മിനിറ്റ്സ് ബുക്ക് സൂക്ഷിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്. പ്രൊജക്ട് നിർവ്വഹണം സബ്സിഡി വിതരണം ചെയ്യുന്നതോടെ അവസാനിപ്പിക്കാതെ സ്വയം തൊഴിൽ സംരംഭങ്ങൾ എല്ലാം സ്വയം പര്യാപ്തരായി പ്രവർത്തിക്കുന്നുവെന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ പ്രൊജക്ട് ശുപാർശകൾ മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. തുടർനിരീക്ഷണവും

പിന്തുണയും സംബന്ധിച്ച് ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകൾ ഇല്ല. ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്. പദ്ധതികൾ ഫലപ്രദമാകുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടത് അത്യന്താപേക്ഷിതമാണ്.

4. നിർവ്വഹണശേഷം പ്രൊജക്റ്റിൽ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ച് ആയത് നഗരസഭയുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചതായി മറുപടി നൽകിയത് പ്രാവർത്തികമാക്കേണ്ടതാണ്.

1-119 പട്ടികജാതി ദമ്പതികൾക്ക് (മിശ്രവിവാഹം) ധനസഹായം- പദ്ധതി മാർഗരേഖയ്ക്ക് വിഭിന്നമായി പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | SO 147/23 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി ദമ്പതികൾക്ക് (മിശ്രവിവാഹം) ധനസഹായം- പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ (SCDO) |
| അടങ്കൽ | 375000 |
| ചെലവ് | 375000 |
| ഫണ്ടിനം | ജനറൽ (എസ്.സി.പി) |
| വൗച്ചർ നം. 22203562/25.11.22 | 3,75,000 /- |

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ ചേർത്തിട്ടുള്ള അഞ്ച് ദമ്പതിമാർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | പേര് |
|---|---|
| 1 | സനൽ.ഒ.എസ് പെരുവല്ലൂർ |
| | മനീഷ.കെ.എം പൂങ്കുന്നം (പട്ടികജാതി) |
| 2 | ശ്രീജിത്ത്.കെ.വി ഒളരിക്കര, പുല്ലഴി (പട്ടികജാതി) |
| | നിജ.കെ.സി |

| | |
|---|---|
| | ചുള്ളിയോട്, വയനാട് |
| 3 | ഡെൽവിൻ ഡേവിസ്.എൻ ,<br><br>അരണാട്ടുകര |
| | ഗോപിക.കെ.എസ്<br><br>ലാലൂർ, എൽതുരത്ത് (പട്ടികജാതി) |
| 4 | സുനിൽകുമാർ.സി<br><br>ചോറോട്ടൂർ, പാലക്കാട് |
| | സനിത.എ.എസ്<br><br>മണ്ണുത്തി (പട്ടികജാതി) |
| 5 | വിഷ്ണു.വി.എച്ച്<br><br>നെട്ടുപുഴ |
| | ഉദയ.എം.യു<br><br>ചേറ്റുപുഴ, തൃശ്ശൂർ (പട്ടികജാതി) |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഇവർ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നം. 2, 3, 5 എന്നിവയിലെ അപേക്ഷകളിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തതായി കാണുന്നില്ല.

3. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാകുന്നതിന് നൽകി വരുന്ന ഫോറത്തിലാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ സബ്സിഡി മാർഗരേഖയിൽ ഉള്ളതിൽ നിന്നും വിഭിന്നമായാണ് പദ്ധതി നടപ്പിലാക്കിയത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി. 28/05/2022 ഖണ്ഡിക 7.2.2 പ്രകാരം ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായ മിശ്രവിവാഹിതർക്ക് 75000/- രൂപ നിരക്കിൽ ധനസഹായം നൽകുവാനാണ് മാർഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നത്. മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയ അപേക്ഷയിൽ ഫണ്ട് ഏത് ആവശ്യത്തിലേയ്ക്കായാണ് ഉപയോഗിക്കുന്നത് എന്ന റിമാർക്സ് കൂടി ഉൾപ്പെടുത്തി കാണുന്നു. അപേക്ഷകളിൽ യഥാക്രമം ആട്ടുവളർത്തൽ കൃഷി, ടെക്സ്റ്റയിൽസ് ഷോപ്പ്, ബിസിനസ് ആവശ്യത്തിന്, ഓട്ടോറിക്ഷ വാങ്ങുന്നതിന്, കന്നുകാലി വളർത്തൽ എന്നിങ്ങനെ ധനസഹായം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന മേഖല വ്യക്തമാക്കുകയും ആയതിന്റെ രേഖകൾ ഉള്ളടക്കം ചെയ്തും കാണുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്നും തൃശ്ശൂർ കോർപ്പറേഷന്റെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഒരേ അപേക്ഷയിൻമേൽ രണ്ട് ധനസഹായം

നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 26.09.23 ലെ 44 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതി ഫയലിൽ നിന്നും വ്യക്തമല്ല.

5. കൗൺസിൽ അംഗീകരിച്ച് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പകരം നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് കൗൺസിൽ സാധൂകരിച്ചിട്ടില്ല.

1-120 പട്ടികജാതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് - കൗൺസിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | SO 463/23 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതിയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ (SCDO) |
| അടങ്കൽ തുക | 53,20,000 /- |
| ചെലവ് | 53,20,000 /- |
| ഫണ്ടിനം | ജനറൽ (എസ്.സി.പി) |

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 | 22205862 | 18.03.23 | 20000 | 1 |
| 2 | 22205701 | 15.03.23 | 555000 | 25 |
| 3 | 22205575 | 15.03.23 | 750000 | 29 |
| 4 | 22204649 | 14.02.23 | 1375000 | 54 |
| 5 | 22204707 | 25.01.23 | 1235000 | 51 |
| 6 | 22203564 | 25.11.22 | 225000<br>(Rs2,00,000 തിരിച്ചടവ്) | 10 |
| 7 | 22205302 | 26.11.22 | 1160000 | 53 |
| | ആകെ | | 53,20,000 | |

ഫയൽ, അപേക്ഷകൾ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

- ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതി ഫയലിൽ നിന്നും വ്യക്തമല്ല.
- കൗൺസിൽ അംഗീകരിച്ച് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പകരം നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിൽ ചേർത്തിട്ടുള്ളത്. ആയതിന് കൗൺസിലിന്റെ സാധൂകരണം നേടിയിട്ടില്ല.
- പട്ടികജാതി വകുപ്പിൽ നിന്നും ഈ പദ്ധതി മുഖേന സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം അപേക്ഷകളിൽ ഉള്ളടക്കം ചെയ്തു കാണുന്നില്ല.

## 1-121 പട്ടികജാതി -അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നേടാൻ പരിശീലനം പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 488/23 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നേടാൻ പരിശീലനം പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ (SCDO) |
| ഫണ്ടിനം | ജനറൽ (എസ്.സി.പി) |
| അടങ്കൽ | 5,00,000 /- |
| ചെലവ് | 1,58,505 /- |

| വൗച്ചർനമ്പർ/തീയതി | ഇനം | തുക |
|---|---|---|
| 22205767/27.03.23 | സ്റ്റാഫ് ഓണറേറിയം 3/23 | 45000 |
| 22205812/25.03.23 | സ്റ്റൈപ്പന്റ് 3/23 | 17200 |
| 22205845/25.03.23 | ബുക്ക് അലവൻസ് (12 വിദ്യാർത്ഥികൾക്ക്) | 12000 |
| 22205757/25.03.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3138 |
| 22205639/25.03.23 | ബുക്ക് അലവൻസ് | 1000 |
| 22205703/15.03.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3138 |
| 22205383/10.03.23 | സ്റ്റാഫ് ഓണറേറിയം | 50000 |
| 22205384/10.03.23 | സ്റ്റൈപ്പന്റ് | 20700 |
| 22204759/23.02.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3840 |
| ആകെ | | 1,58,505 /- |

പട്ടികജാതി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നേടാൻ പരിശീലനം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സർക്കാരിന്റെ പബ്ലിക് സർവീസ് കമ്മീഷൻ മത്സര പരീക്ഷകൾക്ക് (പോലീസ് കോൺസ്റ്റബിൾ) തയ്യാറെടുക്കുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനും മികച്ച വിജയം കൈവരിച്ച് സർക്കാർ ജോലി നേടുന്നതിനും 60 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുവാനാണ് പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

- പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 ഖ.7.2.21 പ്രകാരം അപേക്ഷകൾ പരിശോധിച്ച് ഗുണഭോക്താക്കളുടെ വിദ്യാഭ്യാസ യോഗ്യതയുടെയും തൊഴിൽ താൽപര്യത്തിന്റെയും അടിസ്ഥാനത്തിൽ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുവാനും പരിശീലനാർത്ഥികളുടെ മേഖലാ താൽപര്യമനുസരിച്ച് എൻറോൾ ചെയ്യിപ്പിക്കുവാനും നിർദ്ദേശമുണ്ട്. ആയത് പ്രകാരം ചെയ്തിട്ടില്ല.
- താൽപര്യ പത്രം ക്ഷണിച്ച് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന സർക്കാർ സർക്കാരേതിര സ്ഥാപനങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. പത്രപരസ്യം നൽകുവാനുള്ള ഒരു കരട് കത്ത് ഫയലിൽ ലഭ്യമായി, എന്നാൽ ഇത് ഏതെങ്കിലും പത്രാധിപർക്ക് അയച്ചതായി ഫയലിൽ കാണുന്നില്ല. അയച്ചുവെങ്കിൽ പത്രപരസ്യം ലഭ്യമാക്കേണ്ടതാണ്. മാസ്റ്റേഴ്സ് എന്ന സ്ഥാപനം മാത്രമാണ് താൽപര്യ പത്രം നല്കിയതായി കാണുന്നുള്ളൂ.
- പദ്ധതി മാർഗ്ഗരേഖ ഖ.7.2.21.vi,vii പ്രകാരം നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തിയാക്കുന്നതാണെന്നുള്ള കരാർ ഗുണഭോക്താക്കളിൽ നിന്നും വാങ്ങേണ്ടതാണെന്നും നഗരഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങളുമായി ഫീസ് അടക്കമുള്ള നിബന്ധനകൾ സംബന്ധിച്ച് കരാറിൽ ഏർപ്പെടേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ രണ്ട് കരാറുകളിലും ഏർപ്പെട്ടതായി കാണുന്നില്ല.
- പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഇതേ പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ)753/2020 /പജപവവിവ, തീയതി. 22.9.20, സ.ഉ.(സാധാ)1094/2019/പജപവവിവ, തീയതി. 05.10.2019 എന്നീ ഉത്തരവുകൾക്ക് അനുസൃതമായി എപ്രകാരമാണോ ചെലവഴിക്കേണ്ടത് ആ മാർഗ്ഗനിർദ്ദേശം പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.
- പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത വിഷയങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർനമ്പർ/തീയതി | ഇനം | തുക |
|---|---|---|
| 22205812/25.03.23 | സ്റ്റൈപ്പന്റ് 3/23 | 17200 |
| 22205845/25.03.23 | ബുക്ക് അലവൻസ് | 12000 |

| | | |
|---|---|---|
| | (12 വിദ്യാർത്ഥികൾക്ക്) | |
| 22205757/25.03.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3138 |
| 22205639/25.03.23 | ബുക്ക് അലവൻസ് | 1000 |
| 22205703/15.03.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3138 |
| 22205384/10.03.23 | സ്റ്റൈപ്പന്റ് | 20700 |
| 22204759/23.02.23 | ഭക്ഷണ ചെലവ്, സ്റ്റാഫ് | 3840 |
| | ആകെ | 61016 |

പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത വിഷയങ്ങൾക്കായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 61,016/- രൂപ തടസ്സപ്പെടുത്തുന്നു.

- SSLC അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്ന പോലീസ് കോൺസ്റ്റബിൾ പരീക്ഷയ്ക്ക് തയ്യാറെടുക്കുവാനാണ് പരിശീലനം നൽകിയിരുന്നത്. ബുക്ക് അലവൻസ് ലഭ്യമാകുവാനായി ഹാജരാക്കിയിട്ടുള്ള ബില്ലിൽ Degree Level Exam ബുക്ക് വാങ്ങിയതിന്റെ ബില്ലാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്.
- പദ്ധതി 50 പേരെ ലക്ഷ്യം വച്ചാണ് ആരംഭിച്ചത് എങ്കിലും ക്ലാസ്സ് തുടങ്ങുമ്പോൾ 12 അപേക്ഷകർ മാത്രമാണ് ഉണ്ടായിരുന്നത്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതി ഫയലിൽ നിന്നും ലഭ്യമല്ല.

  മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26.09.23 ൽ നൽകിയ 43 ാം ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
- പദ്ധതി ആവിഷ്കരിച്ചതിലെ മുന്നൊരുക്കത്തിന്റെ അഭാവം മൂലം പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-122 പട്ടികജാതി പദ്ധതി നിർവ്വഹണത്തിനുള്ള ഓഫീസ് ചെലവുകൾ-വൗച്ചറുകൾ, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | SO 489/23 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി പദ്ധതി നിർവ്വഹണത്തിനുള്ള ഓഫീസ് ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ (SCDO) |
| ഫണ്ടിനം | ജനറൽ (എസ്.സി.പി) |
| അടങ്കൽ തുക | 50000 /- |
| ചെലവ് | 50000 /- |

| ക്രമ നം. | വൗച്ചർ നം.& തീയതി | തുക | ഉള്ളടക്കം ചെയ്തിട്ടുള്ള ബില്ലിന്റെ വിശദാംശങ്ങൾ | |
|---|---|---|---|---|
| 1 | 22204700, 17.01.23 | 9380 | ഫ്ലക്സ്(വിനൈൽ) 3084/6.7.22 | 2000 /- |
| | | | ഫ്ലക്സ് 3145/........ | 1320 /- |
| 2 | 22204342, 03.02.23 | 21189 | ഫ്ലക്സ് 2333/27.1.23 | 1300 /-- |
| | | | ഫ്ലക്സ് 31.1.23 | 1300 /- |
| | | | നോട്ടീസ് 533/27.1.23 | 5050 /- |
| | | | നോട്ടീസ്534/27.1.23 | 5050 /- |
| 3 | 22204752, 07.03.23 | 9198 | സബ് വൗച്ചേഴ്സ് ഉള്ളടക്കം ചെയ്തിട്ടില്ല | |
| 4 | 22205706, 15.03.23 | 5910 | ഫ്ലക്സ്,ബാനർ 3769/01.12.22 | 4300 /- |
| 5 | 22205906, 28.03.23 | 4323 | GB17413/27.3.23 ഓഫീസ് സ്റ്റേഷനറി | 3500 /- |
| | ആകെ | 50000 | | |

2. ക്രമ നം. 3 ൽ ചേർത്തിട്ടുള്ള ബില്ലിന്റെ സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

3.ക്രമ നം. 1, 2, 4 പ്രകാരം മാറിയെടുത്തിട്ടുള്ള ബില്ലിലെ ബാനർ, ഫ്ലക്സ് സംബന്ധിച്ച സബ് വൗച്ചറുകൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ മുകളിൽ ചേർത്തിട്ടുണ്ട്. ഈ വൗച്ചറുകളുമായി ബന്ധപ്പെട്ട പരിപാടികളുടെ ബ്രോഷർ, ഫോട്ടോസ് എന്നിവ ലഭ്യമായിട്ടില്ല.

4. ഏത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവാണെന്ന് ബില്ലിന്റെ നടപടി ഉത്തരവിൽ നിന്നും വ്യക്തമല്ല.

5. ക്രമ നം.5 ലെ ബില്ലിൽ (4323 /-) ഉൾപ്പെടുന്ന GB17413,27.03.2023- സബ് വൗച്ചറുകൾ പ്രകാരം വാങ്ങിയിട്ടുള്ള സ്റ്റോഴ്സ് വിശദാംശങ്ങൾ ചേർത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയിട്ടുള്ള 46/29.06.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കും വരെ പദ്ധതി ചെലവ് തുകയായ 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-123 പട്ടികജാതിയിൽ ഉൾപ്പെടുന്ന 5,6,7 ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്ന പദ്ധതി - പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | SO 467/23 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതിയിൽ ഉൾപ്പെടുന്ന 5,6,7 ക്ലാസ് വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്ന പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ (SCDO) |
| അടങ്കൽ തുക | 25,00,000 /- |
| ചെലവ് | 5,24,697 /- |
| വൗച്ചർ നമ്പർ/തീയതി | 22205892 27-Mar-2023 |

1. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ARTCO യിൽ നിന്നും 318 മേശ, കസേര എന്നിവ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി.28/05/2022 ഖ.7.2.6 പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് പഠന കാലയളവിൽ ഒരിയ്ക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. 2022-23 പദ്ധതി നടപ്പിലാക്കിയ കാലയളവിൽ ഈ കാര്യങ്ങൾ ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2. മേശയും കസേരയും വിതരണം ചെയ്തത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്സ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റോ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതിയോ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കിയിട്ടില്ല.

3.കൗൺസിൽ അംഗീകരിച്ച് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പകരം നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

4.പദ്ധതി പ്രകാരം സഹായം ലഭ്യമായ വിദ്യാർത്ഥികൾ കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസക്കാരാണെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നും മേൽ പറഞ്ഞവയ്ക്കും മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കും വരെ ചെലവ് തുക 5,24,697 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-124 കെൽട്രോണിന് മുൻകൂർ തുക 309015 രൂപ കൈമാറി - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായില്ല;ചെലവു തുക 3,09,015 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ : മെഡിക്കൽഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഒല്ലൂർ

പ്രോജക്ട് നം : 1464/23

ഫണ്ട് :റോഡിതരം

അടങ്കൽ തുക:250000/-

ചെലവ് :1678229/-

തൃശ്ശൂർ നഗരസഭയിലേക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളായ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സി എന്നിവിടങ്ങളിലെ ദൈനംദിന കണ്ടിജൻസി ചെലവുകൾക്കായുള്ള പ്രൊജക്ട്.

മേൽ പ്രൊജക്ടിന്റെ ഭാഗമായി വൗച്ചർനം:22205526/20.3.23 പ്രകാരം 3,09,015 രൂപ താഴെ പറയുന്ന കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് MS KSEDC LTD ന കൈമാറിയിട്ടുണ്ട്.

Proforma Invoice No:TVM/ITBG/PI/RM/0719/22-23 Dt.8.3.23

| ക്രമ.നം | ഇനം/എണ്ണം | തുക |
|---|---|---|
| 1. | Keltron Make-DSS 5 KVA<br>Single Phase O/P UPS System With 4 Hrs Backup-1No | 80535 |
| 2. | 12V, 10 Nos, 200 AH SMF VRLA Batteries | 228480 |
| | ആകെ | 3,09,015 |

കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിശദാംശം ഹാജരാക്കിയില്ല. മേൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.4/19.07.23) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ അടിയന്തിരമായി വിതരണം നടത്തണമെന്ന് ഡെപ്യൂട്ടി മാനേജർ കെ.എസ്.ഇ.ഡി.സിക്ക് ഒല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രം സൂപ്രണ്ട് 3.8.2023 ന് കത്തു നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശം ഓഡിറ്റിനെ അറിയിക്കുന്നതു വരെ ചെലവു തുക 3,09,015 രൂപ തടസ്സപ്പെടുത്തുന്നു.

## 1-125 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രൊജക്ടിൽ തുക കൈമാറിയതിലെ അപാകത -ചെലവുതുക 8,53,024 രൂപ തടസ്സത്തിൽ വെയ്ക്കുന്നു

പ്രൊജക്ട് നം. :1483/23

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ സി.എച്ച്.സി, ഒല്ലൂർ

റോഡിതര ഫണ്ട് അടങ്കൽ തുക:1500000

ചെലവ് :1496840

ആരോഗ്യസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ, ഓഫീസ് ഫർണീച്ചർ മുതലായവ വാങ്ങുന്നതിന് ആവിഷ്കരിച്ച പദ്ധതി.

1.വൗച്ചർ നം:22205629/20.3.23 Amt:46834

2.വൗച്ചർ നം:22205596/20.3.23 Amt:324016

3.വൗച്ചർ നം:22205707/20.3.23 Amt:283728

4.വൗച്ചർ നം:22205855/20.3.23 Amt:245280

5.വൗച്ചർ നം:22205822/29.3.23 Amt:7930

6.വൗച്ചർ നം:22205646/29.3.23 Amt:589052

മേൽ പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയവ CPRCS പോർട്ടൽ മുഖേന കെൽട്രോണിൽ നിന്നും ഓഫീസ് ഫർണീച്ചർ ആർട്ട്കോയിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്.

ഹാജരാക്കിയ ട്രഷറി ബില്ലുകൾക്കൊപ്പം ഉൾചേർത്തിരുന്ന പ്രൊഫോർമ ഇൻ വോയ്സുകൾ പ്രകാരമുള്ള തുക കെൽട്രോണിനും [MS KSEDC LTD] ആർട്ട്കോയ്ക്കും [ARTCO LTD] കൈമാറിയിട്ടുണ്ട്. ആയതിൽ കെൽട്രോണിൽ നിന്നുള്ള വാങ്ങലിൽ തെറ്റായ അക്കൗണ്ടിലേക്കു തുക കൈമാറിയിരുന്നു.

കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രം നം. | പ്രൊഫോർമ ഇൻ വോയ്സ് നം./തീയതി | വൗച്ചർ നം/തീയതി | തുക/രൂപ | റിമാർക്സ് വാങ്ങിയ ഇനം/എണ്ണം |
|---|---|---|---|---|
| 1. | TVM/ITBG /PI/RC/47615 /22-23/18.3.23 | 22205596/ 20.3.23 | 324016 | Desktop-Medium End-Windows11 Home-7Nos |
| 2. | TVM/ITBG /PI/RC/47617 /22-23/18.3.23 | 22205707/ 20.3.23 | 283728 | A3 NETWORK MFP-Medium End-Windows And Ubuntu Monochrome |

| | | | | |
|---|---|---|---|---|
| | | | | Laser-4 Nos |
| 3. | TVM/ITBG /PI/RC/47616 /22-23/18.3.23 | 22205855/ 20.3.23 | 245280 | A4 Multi Function Printer-Operating System-Windows And Ubuntu-7 Nos |
| | | ആകെ തുക | 8,53,024 | |

പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ട് നമ്പരിലേക്കല്ല തുക കൈമാറിയത്. പ്രൊഫോർമയിൽ നൽകിയ Account No. 799011400003959 ന പകരം 30367948080 എന്ന അക്കൗണ്ടിലേക്ക് തുക കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/19.7.23) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ 1, 2, 3 ബില്ലുകളിലായി മൊത്തം 853024 രൂപ തെറ്റായ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് കെൽട്രോണുമായി ബന്ധപ്പെടുകയും പ്രസ്തുത തുക സൂപ്രണ്ടിന്റെ കനറാ ബാങ്ക് അക്കൗണ്ടിലേക്ക് 13.6.23 ന് തിരികെ ലഭിക്കുകയും ആയത് ശരിയായ അക്കൗണ്ടിലേക്ക് തന്നെ (Account No. 799011400003959) നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നു. ആയതിന്റെ നടപടിക്രമം ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുകയ്ക്ക് കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ടാക്സ് ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്. റിമാർക്സ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കുന്നതുവരെ ചെലവുതുക 8,53,024 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-126 പാലിയേറ്റീവ് കെയർ പ്രൊജക്ട് - ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്നതിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ: മെഡിക്കൽഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഒല്ലൂർ

പ്രൊജക്ട് നം : 5/23 ,പാലിയേറ്റീവ് കെയർ

വികസനഫണ്ട് അടങ്കൽ തുക : 10000000/-

ചെലവു തുക : 4388476/-

ഒല്ലൂർ സി.എച്ച്.സി യിലെ പാലിയേറ്റീവ് കെയർ രജിസ്റ്റർ പരിശോധിച്ചതിൽ 29.10.2015 ലെ സ.ഉ(സാധാ) നം.3217/2015/തസ്വഭവ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖ.2.6.3.5 ലെ നിർദ്ദേശാനുസരണം ഗൃഹസന്ദർശന വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതായി കാണുന്നു.

സന്ദർശിച്ച രോഗികളെ സംബന്ധിച്ച രോഗിയുടെ നോമിനൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ചികിത്സക്ക് എത്തിയ സമയം, തിരിച്ചിറങ്ങിയ സമയം, രോഗത്തിന്റെ സ്വഭാവം, നടത്തിയ പരിചരണം/സേവനം തുടങ്ങിയ വിശദാംശം ഭൂരിഭാഗം ദിവസങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. ഗൃഹ സന്ദർശന വിവരങ്ങൾ 2022-23 കാലയളവിൽ

ഒരു ദിവസം പോലും മെഡിക്കൽ ഓഫീസർ തിയതി വെച്ച് കൗണ്ടർസൈൻ ചെയ്തിട്ടില്ല. രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങളും മറ്റു വിവരങ്ങളും രേഖപ്പെടുത്തുന്ന ഹോം കെയർ റിപ്പോർട്ട് ബുക്കിലും 2022-23 കാലയളവിൽ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹോം കെയർ റിപ്പോർട്ട് ബുക്കിൽ കെയർ തുടങ്ങിയ സമയം ഓരോ രോഗിയുടെയും വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം തുടങ്ങിയ പ്രധാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.22/1.8.23) മറുപടി ലഭ്യമാക്കിയില്ല.

1-127 പാലിയേറ്റീവ് കെയർ-മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ: മെഡിക്കൽഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,ഒല്ലൂർ

താഴെ പറയുന്ന പ്രൊജക്ടുകളിൽ മരുന്ന വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകി. തുക കൈമാറിയതിന്റെയും നാളിതു വരെ ലഭ്യമായ മരുന്നുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നം. 5/23

പാലിയേറ്റീവ് കെയർ

വികസനഫണ്ട് അടങ്കൽ തുക:10000000.00

ചെലവു തുക:4388476.00

മേൽ പ്രൊജക്ടിന്റെ ഭാഗമായി 1500000 രൂപ (വൗച്ചർനം:22204618/3.2.23) മുൻകൂർ നൽകി.

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം(7/2023 വരെ)/തുക | ഇനി ലഭിക്കാനുള്ള മരുന്നിന്റെ വിവരം/ തുക |
|---|---|---|---|---|
| ജന:ഹോസ്പിറ്റൽ,തൃശ്ശൂർ | PRF NO:2475-22/11/22 | 4,00,000/- | 1,66,979/- | 2,33,021/- |
| സി.എച്ച്.സി,ഒല്ലൂർ | PRF NO:2392-19/11/22 | 5,00,000/- | 3,28,359/- | 1,71,641/- |
| എഫ്.എച്ച്.സി അയ്യന്തോൾ | PRF NO:1998-5/11/22 | 1,50,000/- | 1,09,481/- | 40,519/- |
| എഫ് എച്ച്.സി വിൽവട്ടം | PRF NO:2469-22/11/22 | 1,50,000/- | 43,888/- | 1,06,112/- |
| എഫ്.എച്ച്.സി കൂർക്കഞ്ചേരി | PRF NO:2461-22/11/22 | 1,50,000/- | 1,21,751/- | 28,249/- |
| എഫ്.എച്ച്.സി ഒല്ലൂക്കര | PRF NO:2465-22/11/22 | 1,50,000/- | 39,687/- | 1,10,313/- |
| യു.എഫ് എച്ച് സി. പറവട്ടാനി | PRF NO:3034-16/12/22 | 11,34,769/- | 4,70,620/- | 6,64,149/- |
| യു.എഫ് എച്ച് സി ഗോസായിക്കുന്ന് | PRF NO:2357-18/11/22 | 5,40,231/- | 2,73,935/- | 2,66,296/- |

| | | | | |
|---|---|---|---|---|
| | ആകെ തുക | 15,00,000/- | 8,10,145/- | 16,20,300/- |

2. പ്രൊജക്റ്റ് നം. :1464/23

ദൈനംദിന കണ്ടിജെൻസി ചെലവുകൾക്കുള്ള പ്രൊജക്റ്റ്

വികസനഫണ്ട് അടങ്കൽ തുക:25,00,000.00

ചെലവു തുക:16,78,229.00

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം(7/2023 വരെ)/തുക | ഇനി ലഭിക്കാനുള്ള മരുന്നിന്റെ വിവരം/ തുക |
|---|---|---|---|---|
| യു.എഫ് എച്ച് സി. പറവട്ടാനി | PRF NO:3034-16/12/22 | 11,34,769/- | 4,70,620/- | 6,64,149/- |
| യു.എഫ് എച്ച് സി ഗോസായിക്കുന്ന് | PRF NO:2357-18/11/22 | 5,40,231/- | 2,73,935/- | 2,66,296/- |
| യു.എഫ്.എച്ച്.സി കാച്ചേരി | PRF NO:2611-28/11/22 | 8,00,000/- | 3,14,124/- | 4,85,876/- |
| | ആകെ തുക | 24,75,000/- | 10,58,679/- | 14,16,321/- |

3. പ്രൊജക്റ്റ് നം. 10/23

ആനപ്പാറ അഗതി മന്ദിരത്തിലേക്ക് (സ്നേഹവീട്) മരുന്ന വാങ്ങൽ

വികസനഫണ്ട് അടങ്കൽ തുക:4,00,000.00

ചെലവു തുക:4,00,000.00

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം(7/2023 വരെ)/തുക | ഇനി ലഭിക്കാനുള്ള മരുന്നിന്റെ വിവരം/ തുക |
|---|---|---|---|---|
| ആനപ്പാറ അഗതി മന്ദിരം | PRF NO:2611-28/11/22 | 4,00,000/- | 1,74,165/- | 2,25,835/- |

ഓഡിറ്റ് എൻക്വയറിക്ക് (നം.22/1.8.23) ലഭ്യമാക്കിയ മറുപടി പ്രകാരമാണ് മേൽ പട്ടിക തയ്യാറാക്കിയത്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന പാലിയേറ്റീവ് രോഗികളുടെ മരുന്നുകൾ മുഴുവനായി ലഭ്യമാകാൻ ഒരു വർഷത്തോളം കാലതാമസമെടുക്കുന്നത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി മരുന്ന വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-128 GST TDS ഈടാക്കിയില്ല - ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യുതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000 രൂപയ്ക്കു മുകളിലാണെങ്കിൽ CGSTനിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി.TDS നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കഴിച്ചുള്ള വിലയുടെ 2% ആണ് TDS നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ വാങ്ങൽ സംബന്ധിച്ച പ്രോജക്ട് പ്രകാരം താഴെ പട്ടികയിൽ പരാമർശിച്ച ഇൻവോയ്സുകൾ പ്രകാരമുള്ള തുക അനുവദിച്ച വേളയിൽ ബാധകമായ 2% നികുതി TDS നടത്തിയിട്ടില്ല.

| പ്രൊജക്റ്റ് | ബിൽ നം/തീയതി | തുക/സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| റേഡിയോളജി വിഭാഗത്തിലേയ്ക്കക്ക് CRCT ഫിലിമുകൾ വാങ്ങൽ (12/23)<br>അടങ്കൽ തുക : 1500000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ചെലവ് തുക : 14,96,159/- | 39/22-23, 29.3.23 | 598500<br>Cyrix Health Care Ltd | 01/23.2.23-315000 (GST ബാധകമായ തുക- 281250)+ 2/9.2.23-220500<br>(GST ബാധകമായ തുക-196875) + 3/8.2.23-31500 (GST ബാധകമായ തുക-28125)<br>4/27.1.23-31500<br>(GST ബാധകമായ തുക-28125) |
| | 10/22-23, 31.12.22 | 189000<br>Cyrix Health Care Ltd | 1/14.11.22-94500 (GST ബാധകമായ തുക-84375)<br>2/25.11.22-94500 (GST ബാധകമായ തുക-84375) |
| | 15/22-23, 18.1.23 | 94500<br>Cyrix Health Care | 1/13.12.22-94500 (GST ബാധകമായ |

| | | | | |
|---|---|---|---|---|
| | | | Ltd | തുക-84375) |
| | | 21/22-23,<br>22.2.23 | 126000<br>Cyrix Health Care Ltd | 1/28.12.22-94500<br>(GST ബാധകമായ തുക-84375)<br>2/21.1.23-31500<br>(GST ബാധകമായ തുക-28125) |
| | | 46/22-23,<br>29.3.23 | 88200<br>Cyrix Health Care Ltd | 1/23.3.23-88200<br>(GST ബാധകമായ തുക-78750) |
| | | | | |
| | മരുന്നുകൾ, ലാബ് റീഏജന്റ്സ്, ഡയാലിസിസ്&കാത്ത് ലാബ് കൺസ്യൂമബിൾസ് (13/23)<br>അടങ്കൽ തുക : 7000000/-<br>(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ചെലവ് തുക : 69,08,181/- | 27/22-23,<br>9.3.23 | 271040<br>Ithiel Health Care Ltd | 1/23.1.23-271040<br>(GST ബാധകമായ തുക-242000) |
| | | 47/22-23,<br>29.3.23 | 433983<br>Times Biotech | 1/14.3.23-81514<br>(GST ബാധകമായ തുക-73126)<br>2/23.3.23-78540<br>(GST ബാധകമായ തുക-74800)<br>3/14.3.23-150391<br>(GST ബാധകമായ തുക-134731)<br>4/28.3.23-123538<br>(GST ബാധകമായ തുക-104693) |
| | | 36/22-23,<br>22.3.23 | 59907<br>Times Biotech | 1/6.2.23-36816<br>(GST ബാധകമായ തുക-35062) |

| | | | |
|---|---|---|---|
| | | | 2/6.2.23-23091 (GST ബാധകമായ തുക-20790) |
| | 7/22-23, 31.12.22 | 957808 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/1.12.22-957808 (GST ബാധകമായ തുക-876036) |
| | 6/22-23, 31.12.22 | 541238 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/3.12.22-541238 (GST ബാധകമായ തുക-491540) |
| | 5/22-23, 31.12.22 | 83642 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/1.11.22-83642 (GST ബാധകമായ തുക-74680) |
| | 11/22-23, 31.12.22 | 83642 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/24.11.22-83642 (GST ബാധകമായ തുക-74680) |
| | 17/22-23, 31.1.23 | 83642 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/6.12.22-83642 (GST ബാധകമായ തുക-74680) |
| | 48/22-23, 31.3.23 | 83642 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/7.3.23-83642 (GST ബാധകമായ തുക-74680) |
| | 31/22-23, 22.3.23 | 168044 അസോസിയേറ്റഡ് ഡിസ്ട്രിബ്യൂറ്റേഴ്സ് | 1/1.2.23-84022 (GST ബാധകമായ തുക-75020) 2/20.2.23-84022 (GST ബാധകമായ തുക-75020) |
| | 23/22-23, 22.2.23 | 167664 അസോസിയേറ്റഡ് | 1/6.1.23-82880 (GST ബാധകമായ |

| | | | |
|---|---|---|---|
| | | ഡിസ്റ്റിബ്യൂറ്റേഴ്സ് | തുക-74000)<br>2/9.1.23-762<br>(GST ബാധകമായ തുക-680)<br>3/19.1.23-84022<br>(GST ബാധകമായ തുക-75020) |
| | 45/22-23,<br>29.3.23 | 331901<br>അസോസിയേറ്റഡ്<br>ഡിസ്റ്റിബ്യൂറ്റേഴ്സ് | 1/20.3.23-99456<br>(GST ബാധകമായ തുക-88800)<br>2/20.3.23-132989<br>(GST ബാധകമായ തുക-118740)<br>3/20.3.23-99456<br>(GST ബാധകമായ തുക-88800) |

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽപ്പറഞ്ഞ ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഒഴികെയുള്ള ബിൽ തുകയുടെ 2% കുറവ് വരുത്തി നികുതി വകുപ്പിൽ തുക അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപനം | ജി.എസ്.ടി. ഒഴികെയുള്ള ബിൽ തുക | TDS ഈടാക്കേണ്ട 2% തുക |
|---|---|---|---|
| 1 | Cyrix Health Care Ltd | 281250+196875+28125+28125+84375+84375+ 84375+84375+28125+78750 = 9,78,750 | 19,575 |
| 2 | Ithiel Health Care Ltd | 242000 | 4,840 |
| 3 | Times Biotech | 73126+74800+134731+104693+35062+20790 = 44202 | 8,864 |

| | | | |
|---|---|---|---|
| 4 | Associated Distributers | 876036+491540+74680+74680+74680+74680+75020+ 75020+74000+680+75020+88800+118740+88800 = 2262376 | 45,248 |
| | ആകെ തുക | | 78,527 |

പർച്ചേസ് ബില്ലുകളിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥർ ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 19/29.7.23)

1-129 ആയുർവേദ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ : 20/23

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ

ട്രഷറി ബിൽ നമ്പർ : 49/22-23 തീയതി: 31.8.2022 തുക 47,50,000/- രൂപ

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം ഔഷധിയിൽ നിന്നും ആയുർവ്വേദ മരുന്നുകൾ താഴെ കൊടുക്കുന്ന ആയുർവേദ ഡിസ്പെൻസറികളിലേക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| | തുക | ഇൻവോയ്സ് നം/തിയതി |
|---|---|---|
| ആയുർവേദ ഡിസ്പെൻസറി, അയ്യന്തോൾ | 9,00,000 | 158203/13.8.22 |
| ആയുർവേദ ഡിസ്പെൻസറി, ഒല്ലൂർ | 9,50,000 | 163753/10.8.22 |
| ആയുർവേദ ഡിസ്പെൻസറി, കൂർക്കഞ്ചേരി | 9,00,000 | 163825/11.8.22 |
| LRKA ഗവ.ആയുർവേദ ഹോസ്പിറ്റൽ, വില്ലടം | 20,00,000 | 163758/10.8.22 |
| | 47,50,000 | |

പ്രൊഫോർമ ഇൻവോയ്സ് നം. 163758/10.8.22 പ്രകാരം 20,00,000/- രൂപ ഔഷധിക്ക് നൽകിയതിൽ 34,859/-രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (2/24.7.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-130 മരുന്നുകളുടെ നിർമ്മാണ തീയതി ഇൻവോയിസ് തീയതിക്ക് ശേഷം

രേഖപ്പെടുത്തിയിരിക്കുന്നു

മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ നിർമ്മാണതീയതി ഇൻവോയിസ് തീയതിക്ക് ശേഷമാണ് വരുന്നത്.

വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നം. | ഇൻവോയ്സ് തിയതി | മരുന്നിന്റെ പേര് | നിർമ്മാണ തിയതി |
|---|---|---|---|---|
| ആയുർവേദ ഡിസ്പെൻസറി, ഒല്ലൂർ | | | | |
| 1 | 90274021 | 30.9.22 | Dhanwantharam Thylam200 Ml | 10/22 |
| 2 | “ | “ | Sahacharadi Thylam 200ml | 10/22 |
| 3 | “ | “ | Elaneerkuzhambu 10gm | 10/22 |
| 4 | “ | “ | Nimbadi Choornam 500 Gm | 10/22 |
| ആയുർവേദ ഡിസ്പെൻസറി, അയ്യന്തോൾ | | | | |
| 5 | 90274111 | 30.9.2022 | Murivenna450 Ml | 10/22 |
| 6 | “ | “ | Thriphaladi Co.oil 450 Ml | 10/22 |
| 7 | “ | “ | Kanchanara Guggulu 100 Nos. | 10/22 |
| 8 | “ | “ | Elaneerkuzhambu 10 Gm | 10/22 |
| 9 | “ | “ | Aswagandha Choornam 500 Gm | 10/22 |

മേൽ പട്ടികയിൽ സൂചിപ്പിച്ച എല്ലാ മരുന്നുകളുടെയും നിർമ്മാണ തീയതി ടാക്സ് ഇൻവോയ്സ് തീയതിക്ക് ശേഷമാണ് വന്നിരിക്കുന്നത്. ഈ അപാകത കണ്ടെത്തി ഔഷധിക്കു റിപ്പോർട്ടു ചെയ്തിട്ടുള്ള പക്ഷം ആയതിന്റെ വിശദംശങ്ങൾ ലഭ്യമാക്കേണ്ടതും മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/24.7.23) വിവരം ഔഷധിയെ അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-131 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ : 17/23

പ്രോജക്ടിന്റെ പേര് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ

ട്രഷറി ബിൽ നമ്പർ : 6/22-23 തീയതി: 22.11.2022

തുക 3,00,000/- രൂപ

മേൽ പദ്ധതിയിൽ മരുന്നുവാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ഇൻവോയ്സ് നം. PF-363/16.9.2022 പ്രകാരം 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിൽ 1,44,055 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 1,55,945 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (2/14.7.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-132 NUHM പ്രവർത്തനങ്ങൾ- വിലയിരുത്തൽ

നാഷണൽ ഹെൽത്ത് ഗ്രാന്റ്

പിഎച്ച്9/23668/23

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചു വരുന്നുണ്ട്. 2021-22 ൽ 427.13 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചത്. തൃശ്ശൂർ ജില്ലയ്ക്കായി കാനറ ബാങ്കിന്റെ 110049328724 നമ്പർ അക്കൗണ്ടിലേക്ക് 8.7.22 ൽ 225 കോടി രൂപയും 29.7.22 ൽ 174 കോടിയുമാണ് (ആകെ 399കോടി) നിക്ഷേപിച്ചിട്ടുള്ളത്.

ആകെ 6 സ്കീമുകളാണ് നാഷണൽ ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളത്. സ്കീം5, സ്കീം6 എന്നീ രണ്ടെണ്ണമാണ് നഗരഭരണ സ്ഥാപനങ്ങൾക്ക് ബാധകമായവ. സ്കീം 5 ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ്. ഈ സ്കീമിനായി കാനറ ബാങ്കിൽ അക്കൗണ്ട് നം.110049312535 നമ്പറായി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലേക്ക് 2022-23 സാമ്പത്തിക വർഷത്തിൽ തുക ലഭ്യമായിട്ടില്ല.

സ്കീം6 – കെഎൽ283/ ഹെൽത്ത് &വെൽനെസ്സ് സെന്റർ

| DUA/4280/ 2022/DC4/8.7.2022 നം. ഉത്തരവ് നടപടികളിൽ അനുവദിച്ചത് | | |
|---|---|---|
| തൃശ്ശൂർ | കാനറ ബാങ്ക് അക്കൗണ്ട് നം. 110049328724 | 225 ലക്ഷം |
| | പലിശ വരവ് 5/22 - 7/22 | 35753 |

| DUA/4280/ 2022/DC4(1)/29.7.2022 നം. ഉത്തരവിൽ അനുവദിച്ചത് | | |
|---|---|---|
| തൃശ്ശൂർ | കാനറ ബാങ്ക് അക്കൗണ്ട് നം 110049328724 | 174 ലക്ഷം |
| | പലിശ വരവ് 8/2022 - 4/2023വരെ | 865488 |
| | ആകെ | 4,08,01,241/- |

സ്കീം5 – രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ

നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ, 64 തരം രോഗനിർണ്ണ ടെസ്റ്റുകളും ആരോഗ്യ കേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും നടത്തേണ്ടുന്നതിനായി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് സ്കീമിലെ മാർഗ്ഗ നിർദ്ദേശം. ഇതിനായി താഴെ ചേർത്ത പ്രകാരമുള്ള പ്രവർത്തനങ്ങൾക്കാണ് അനുമതിയുള്ളത്.

1. ഉപകരണങ്ങൾ വാങ്ങൽ

2.റീയേജന്റുകൾ വാങ്ങൽ

3. ഉപകരണങ്ങളും റീയേജന്റുകളും സൂക്ഷിക്കുവാനുള്ള സംവിധാനമേർപ്പെടുത്തൽ

4. ആരോഗ്യകേന്ദ്രങ്ങളിൽ ചെയ്യാൻ പറ്റാത്ത ടെസ്റ്റുകൾക്ക് മറ്റ് ലാബ് സൗകര്യം ഏർപ്പെടുത്തൽ

5. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ

6. ആരോഗ്യ സ്ഥാപനത്തിലെ ലാബ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകൽ

7. മോണിറ്ററിംഗ്, മറ്റ് പ്രവർത്തന ചെലവുകൾ

8. പുതിയ ലാബ് പ്രവർത്തനമാരംഭിക്കുവാനുള്ള ചെലവുകൾ

PHC/FHC/CHC എന്നിവയിലെ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ മെഡിക്കൽ ഓഫീസറും UPHC, UCHC എന്നിവയിൽ നിർവ്വഹണം നടത്തുന്നത് സെക്രട്ടറിയുമാണ്. സ്കീം 5 പ്രകാരമുള്ള ചെലവുകൾ നിർവഹിക്കുന്നത് ജില്ലാ മെഡിക്കൽ ഓഫീസറാണ്.

സ്കീം 6 - ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകൾ, പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും കൗൺസിലിന്റെ അംഗീകാരം നേടിയവ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അനുമതിയോടെ വെറ്റിംഗ് ഓഫീസർക്ക് നൽകേണ്ടതുമാണ്. വെറ്റിംഗ് ഓഫീസർ അംഗീകരിച്ച പ്രൊജക്ടുകളാണ് നടപ്പാക്കേണ്ടത്.

തൃശ്ശൂർ കോർപ്പറേഷനിൽ, സ്കീം 6ൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററുകൾ ആരംഭിക്കുന്നതിനും തുടർനടപടികൾക്കുമാണ് ഫണ്ട് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളത്. 2021-22 ൽ കോർപ്പറേഷൻ പരിധിയിൽ 9 വെൽനെസ്സ് സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മൂന്നെണ്ണം ഡിവിഷൻ 46, 5, 7 എന്നിവിടങ്ങളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നുമാണ് കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. 9 എണ്ണത്തിൽ 7 എണ്ണം വാടകകെട്ടിടത്തിലാണ് ആരംഭിച്ചിട്ടുള്ളത്. വാടക കെട്ടിടങ്ങളിൽ 4

എണ്ണത്തിന് ഉടമസ്ഥരുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആരംഭിച്ച മൂന്ന് സെന്ററുകളിൽ മരുന്നിന്റെയും ഉപകരണങ്ങളുടെയും അപര്യാപ്തതയുണ്ടെന്നും അറിയിച്ചു. കോർപ്പറേഷനിൽ നടപ്പിലാക്കേണ്ട പദ്ധതികൾ തയ്യാറാക്കി വെറ്റിംഗിന് അയച്ചതായും രേഖാമൂലം അറിയിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 3,99,00,000 രൂപ ഗ്രാന്റിൽ നിന്നും ചെലവുകൾ ഒന്നും തന്നെ നടന്നിട്ടില്ല. ഹെൽത്ത് ഗ്രാന്റുകൾ ലഭിച്ചതിന്റെയും ചെലവുകളുടെയും രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനെ പറ്റിയുള്ള അന്വേഷണത്തിൽ 2023-24 മുതലാണ് തുക ചെലവ് ചെയ്തു തുടങ്ങിയതെന്നും ആയതിനാൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. പദ്ധതിക്ക് ലഭ്യമാകുന്ന തുകയും അതിന്റെ ചെലവു വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-133 അംഗീകാരം നേടിയ പദ്ധതികൾ നടപ്പാക്കിയില്ല - 45,00,000 രൂപ നഷ്ടപ്പെടുത്തി

പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം ആസൂത്രണം ചെയ്ത് അംഗീകാരം നേടി പദ്ധതി വിഹിതം വകയിരുത്തിയ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| പദ്ധതി | അടങ്കൽ തുക | ഫണ്ട് വിവരം |
|---|---|---|
| 1383/സമേതം-സമഗ്രവിദ്യാഭ്യാസ പരിപാടി | 10,00,000 | വികസന ഫണ്ട് |
| 1234/സർക്കാർ സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 10,00,000 | മെയിന്റനൻസ് ഫണ്ട് |
| 892/ സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ | 25,00,000 | മെയിന്റനൻസ് ഫണ്ട് |

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പദ്ധതികൾ നടപ്പാക്കാത്തതു വഴി സ്കൂളുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ യഥാസമയം നൽകാനായില്ല എന്നു മാത്രമല്ല കോർപ്പറേഷന് തൻവർഷം ലഭ്യമായ പദ്ധതി വിഹിതം 45,00,000 രൂപ വിനിയോഗിക്കാനാകാതെ നഷ്ടമാക്കി. വിദ്യാഭ്യാസ മേഖലയുടെ വികസനത്തിന് ആവശ്യമായ പദ്ധതികൾ കൃത്യമായ രീതിയിൽ ആസൂത്രണം ചെയ്യുവാനും അത് നടപ്പാക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം : 62/22-23 തീയതി: 25.10.2023

## 1-134 വിജ്ഞാനോൽസവം-പദ്ധതി അപാകത

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ S1224/23 വിജ്ഞാനോൽസവം എന്ന പദ്ധതിക്കായി വികസനഫണ്ടിൽ (ജനറൽ) നിന്നും 50,000/- രൂപ (വൗച്ചർ നമ്പർ -22205671/തീയതി 18.03.2023) ചെലവഴിച്ചിരിക്കുന്നു. പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി ചെലവ് തുക പ്രൊജക്റ്റ് കോർഡിനേറ്ററായ പി.കെ.വിജയൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിരിക്കുന്നത്. മേൽ പദ്ധതിയ്ക്ക് കോർഡിനേറ്ററായി ടിയാനെ നിയമിച്ചത് എന്തിനെന്നതിന് വ്യക്തതയില്ല.

2. കോർഡിനേറ്റർ ലഭ്യമാക്കിയ ചെലവ് രേഖപ്രകാരം 41200/- രൂപ ഭക്ഷണത്തിനും 8810/-രൂപ പ്രിന്റിംഗ്, നോട്ടീസ് എന്നീ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിരിക്കുന്നത്. ടി തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനു പകരം കോർഡിനേറ്ററുടെ അക്കൗണ്ടിലേയ്ക്കാണ് നൽകിയിരിക്കുന്നത്.

3.ജില്ലാ സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നടത്തുന്ന വിജ്ഞാനോൽസവം ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് നടപ്പാക്കേണ്ടത്. (ഉ.നം.എം4/570722/2022/ഡി.ജി.ഇ) എന്നാൽ നഗരസഭ മുഴുവൻ തുകയും ചെലവഴിക്കുകയാണ് ഉണ്ടായിട്ടുള്ളത്. നഗരസഭ തുക ചെലവ് ചെയ്യുന്നതിന് അടിസ്ഥാനമാക്കിയ ഉത്തരവ് ഹാജരാക്കിയില്ല.

പദ്ധതിയിലെ അപാകതയ്ക്ക് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 75/22-23തീയതി: 8.11.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിയുടെ ചെലവ് തുക 50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-135 1,08,143 രൂപ വാട്ടർ ചാർജ് കുടിശ്ശികയായി അടവാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, പൂങ്കുന്നം

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ വിവിധ ഗവൺമെന്റ് സ്കൂളുകളുടെ വൈദ്യുതി, വെള്ളക്കരം, ടെലഫോൺ ചാർജുകൾ അടവാക്കുന്നതിനായി നടപ്പാക്കിയ S023/23 എന്ന പദ്ധതി പ്രകാരം GHSS വില്ലടം സ്കൂളിന് 1,30,635/- രൂപ (വൗച്ചർ നം.22204717/30.1.23) വാട്ടർ ചാർജ്ജായി നൽകിയിട്ടുണ്ട്. വാട്ടർ ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| വാട്ടർ ബിൽ നമ്പർ/ തിയതി | 106433278/13.12.2022 |
|---|---|
| കുടിശ്ശിക | 108143 |
| പിഴ | 3988 |
| ദ്വൈമാസ വാട്ടർ ചാർജ് | 18500 |
| ആകെ | 130635 |

വാട്ടർ ചാർജ്ജ് യഥാസമയം അടവാക്കേണ്ടതാണ് എന്നിരിക്കെ ഇത്രയും കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം: 64/22-23തീയതി: 25.10.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയ്ക്ക് വ്യക്തത വരുത്തേണ്ടതും മുമ്പ് സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടോയെന്നും അടവാക്കിയിരുന്ന തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ നിന്നും കുറവാകുന്നുണ്ടെന്നും ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. പിഴയിനത്തിൽ അടവാക്കിയ തുക 3,988/-രൂപ നിരാകരിക്കുന്നു.

## 1-136 എസ്.എസ്.കെ വിഹിതം അടവാക്കൽ -തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : 877/23, എസ്.എസ്.കെ വിഹിതം അടവാക്കൽ

പദ്ധതി അടങ്കൽ : 50,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 50,00,000/-

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എസ്.എസ്.കെ വിഹിതമായി 50,00,000/- രൂപ (വൗച്ചർ നമ്പർ : 2203400/14.10.2022) എസ്.എസ്.കെ അർബൻ റിസോഴ്സ് സെന്ററിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു. എന്നാൽ ഫണ്ട് ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാകേരളത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവ് തുക 5,00,00,00/രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം: 51/22-23തീയതി: 7.10.2023)

1-137 ഫർണീച്ചർ വിതരണം ചെലവ് രേഖയുമായി വ്യത്യാസപ്പെടുന്നു

പ്രോജക്ട് നം. : 49/23, സർക്കാർ സ്കൂളുകളിലേയ്ക്ക് ഫർണീച്ചർ

പദ്ധതി അടങ്കൽ : 25,00,000/-, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ചെലവ് : 24,99,828/-

വൗച്ചർ നമ്പർ : 22203379/10.10.2022

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ വിവിധ സർക്കാർ സ്കൂളുകളിലേയ്ക്ക് ARTCO Ltd ൽ നിന്നും ഫർണീച്ചർ വാങ്ങി നൽകിയിട്ടുണ്ട്. ഫയലിൽ ഹാജരാക്കിയിരിക്കുന്ന കൈപ്പറ്റ് രസീതി പ്രകാരം സ്വീകരിച്ചിരിക്കുന്ന ഫർണീച്ചറിന്റെ എണ്ണം ബില്ല് പ്രകാരമുള്ള ഫർണീച്ചറുകളുടെ എണ്ണത്തിൽ നിന്നും വ്യത്യാസപ്പെടുന്നു. വിവരം താഴെ ചേർക്കുന്നു.

| ഇനം | കൈപ്പറ്റിയ എണ്ണം | ബിൽ പ്രകാരം വാങ്ങിയത് | യൂണിറ്റിന്റെ വില |
|---|---|---|---|
| കംപ്യൂട്ടർ ടേബിൾ | 17 | 28 | 8228 |
| സ്റ്റീൽ ടേബിൾ കബോർഡ് | 12 | 10 | 6457 |
| സ്റ്റീൽ ടേബിൾ പ്ലെയിൻ | 7 | 5 | 4333 |

ഫർണീച്ചർ മെയിൻ സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്നതിന്റെ വിവരം ലഭ്യമല്ല. വിവിധ സ്കൂളുകൾ ഫർണീച്ചർ കൈപ്പറ്റിയതായ വിവരം മാത്രമാണ് ഫയലിൽ കാണുന്നത്. ടി വിവരവും ബിൽ പ്രകാരം വാങ്ങിയ ഫർണ്ണീച്ചറിന്റെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ സ്കൂളുകൾ ഫർണീച്ചർ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിൽ GHSS വില്ലടം, GJBSനെടുപുഴ, GVHSS തൃശ്ശൂർ എന്നീ സ്കൂളുകളിൽ നിന്നുമാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ ലഭ്യമായത്. സ്റ്റോക്ക് രജിസ്റ്ററിൽ

ഇനം തിരിച്ച് വിവരം രേഖപ്പെടുത്തുന്നില്ല. പ്രോജക്ട് നമ്പറോ ആരിൽ നിന്ന് ഫർണീച്ചർ ലഭ്യമായെന്നോ എന്നുള്ള വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാങ്ങിയ ഫർണീച്ചറിന്റെ എണ്ണം ബിൽപ്രകാരമുള്ള ഫർണ്ണീച്ചറുകളുടെ എണ്ണവുമായി പൊരുത്തപ്പെടാത്തതിന് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം: 61/22-23തീയതി:25.10.2023) മറുപടി ലഭ്യമാക്കിയില്ല. യഥാർത്ഥ ചെലവ് ബോധ്യപ്പെടുത്തുന്നതുവരെ പദ്ധതി ചെലവ് 24,99,828/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-138 കളിയുപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. : 50/23, ഗവ.പ്രീ പ്രൈമറി സ്കൂളുകളിലേയ്ക്ക് കളിയുപകരണങ്ങൾ

പദ്ധതി അടങ്കൽ : 2,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 1,99,605/-

വൗച്ചർ നമ്പർ : 22203381/10.10.2022

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ARTCO Ltd ൽ നിന്നും ഗവ.പ്രീപ്രൈമറി സ്കൂളുകളിലേയ്ക്ക് താഴെപ്പറയുന്ന കളിയുപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| സ്റ്റീൽ മാരി ഗോ റൗണ്ട് 6 സീറ്റ് | 1 |
| സ്റ്റീൽ സ്ലൈഡർ | 1 |
| സ്റ്റീൽ സീറ്റഡ് സ്വിംഗ് | 1 |
| മൂൺ ടേബിൽ ഫൈബർ | 6 |
| ബേബി ചെയർ ഫൈബർ | 43 |

കളിയുപകരണങ്ങൾ കൈപ്പറ്റിയതായ സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നുവെങ്കിലും ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ചെലവിന്റെ സുതാര്യത ഉറപ്പാക്കുന്നതിന് കളിയുപകരണങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം : 63/22-23 തീയതി: 25.10.2023

## 1-139 ലൈബ്രറികൾക്ക് പുസ്തകം - സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട്നം : 1219/23, രജിസ്റ്റേഡ് ലൈബ്രറികൾക്ക് പുസ്തകങ്ങൾ, പത്രം, ആനുകാലികങ്ങൾ

പദ്ധതി അടങ്കൽ : 10,00,000/-, വികസനഫണ്ട് (ജനറൽ)

ചെലവ് : 9,99,480/-

ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് 8,04,000/- രൂപയുടെ (വൗച്ചർനം.22205650/28.03.23) പുസ്തകങ്ങൾ വിവിധ ലൈബ്രറികൾക്ക്

വാങ്ങി നൽകിയിട്ടുണ്ട്. വിവിധ ലൈബ്രറികൾ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പത്രങ്ങൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുമായി വിവിധ ലൈബ്രറികൾക്ക് 1,95,480/- രൂപ അവരുടെ അക്കൗണ്ടിലേയ്ക്ക് (വൗച്ചർനം.22205889/20.03.23) നൽകിയിരിക്കുന്നു. ടി ലൈബ്രറികൾ രജിസ്റ്റേഡ് സ്ഥാപനമാണെന്നും, ലൈബ്രറികളുടെ അക്കൗണ്ട് നമ്പർ ഉറപ്പാക്കിയത് എങ്ങനെയെന്നുമുള്ള വിവരം ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 9,99,480/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം: 60/22-23തീയതി: 25.10.2023

## 1-140 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

സ.ഉ.(കൈ)നം.216/2017/ത.സ്വ.ഭ.വ, തീ.03.11.2017 ഖണ്ഡിക 1.4.6, 8.1.3 എന്നിവ പ്രകാരം തൊഴിലുറപ്പ് പ്രവൃത്തി നടത്തി പരമാവധി 14 ദിവസത്തിനകം തുക നൽകണമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളിലും ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

ഓരോ സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും മുൻവർഷം ഡിസംബർ മാസത്തിനു മുൻപേ നേടിയിരിക്കേണ്ടതുണ്ട്. എന്നാൽ മുഴുവൻ പ്രവൃത്തികളുടെയും സാങ്കേതികാനുമതി പ്രവൃത്തി നടത്തുന്നതിന് തൊട്ട് മുൻപ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഉദാഹരണത്തിന് ഡിവിഷൻ 43 ൽ പാതയോരം സൗന്ദര്യവത്കരണം എന്ന പ്രവൃത്തി 2022 നവംബർ 21 നാണ് ആരംഭിച്ചത്. സാങ്കേതികാനുമതി ലഭ്യമാക്കിയത് 16.11.2022 നാണ്. (T.S. No.33/AE-/22-23, Dt.16.11.22) (ഖണ്ഡിക 7.3.1 )

പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള, പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ ജനകീയ എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും ഉണ്ടാകണം. ഇത് തയ്യാറാക്കേണ്ടത് ചുമതലയുള്ള എ.ഇ/ഓവർസിയർ ആണ്. ലഭ്യമാക്കിയ ഫയലുകൾ പ്രകാരം ഇപ്രകാരം എസ്റ്റിമേറ്റോ, എസ്റ്റിമേറ്റ് റിപ്പോർട്ടോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഖണ്ഡിക 7.6.1(I) പ്രകാരം ഓരോ നഗരസഭയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് സൂക്ഷിക്കുന്നതിന് പൊതുമേഖലാ ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. എന്നാൽ തൃശ്ശൂർ കോർപ്പറേഷനിൽ അക്കൗണ്ട് ഉറന്നിട്ടുള്ളത് പൊതുമേഖലയിലല്ലാത്ത I.D.B.I ബാങ്കിലാണ്. (IDBI, തൃശ്ശൂർ ശാഖ, S.B A/c No. 0269104111177880)

ഖണ്ഡിക 9.6.1(II) പ്രകാരം നഗരസഭകൾ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. മേൽ സൂചന പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല. 8.8.2023 ൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യുടെ 13-ാം നമ്പർ തീരുമാനപ്രകാരം 2022-23 വർഷത്തെ ചെലവ് കൗൺസിൽ അംഗീകാരത്തിന് 18.8.2023 നാണ് സമർപ്പിച്ചിട്ടുള്ളത്. അംഗീകാരം ലഭ്യമായിട്ടില്ല.

ഖണ്ഡിക 11.3.1 പ്രകാരം നഗരസഭാതലത്തിൽ 100% പ്രവൃത്തികളുടെയും മോണിറ്ററിങ്ങ് നടത്തേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, സന്ദർശകകുറിപ്പ്, സൈറ്റ്ഡയറി, എന്നിവയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ് പ്രവൃത്തി ആരംഭത്തിലും, മദ്ധ്യേയും, പൂർത്തീകരിച്ച ശേഷവുമുള്ള ഫോട്ടോഗ്രാഫുകളും ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവയിലൊന്നും തന്നെ എസ്റ്റിമേറ്റ് പ്രദർശിപ്പിച്ച കാണുന്നില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.95/2022-23 തിയതി.22/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിൽ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-141 കോലോത്തും പാടം (TUDA) ഷോപ്പിംഗ് മാൾ നിർമ്മാണം- 6,22,57,496 രൂപ ചെലവഴിച്ച പ്രവൃത്തി സ്തംഭനാവസ്ഥയിൽ-അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,00,00,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം. | 285/23(so)<br>കോലോത്തും പാടം (TUDA) ഷോപ്പിംഗ് മാൾ നിർമ്മാണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| ഫയൽ നം. | DW7/P1/325/2014/TDA |
| ഭരണാനുമതി/തുക | 5.9.2014 ലെ G.0 Rt) No.2356/14 LSGD<br>14 കോടി |
| സാങ്കേതികാനുമതി/തുക | TSNO : 110123/ 2018 - 19 തിയതി 21.1.2019<br>15,30,00,000.00 |
| എഗ്രിമെന്റ് തീയതി | Agmt No:25/EE1/19-20/10.10.2019 |
| കോൺട്രാക്ടർ/ ക്വാട്ട് ചെയ്ത തുക | ജി.എം എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ്/<br>12,69,74,168.89 രൂപ |
| അളവു പുസ്തകങ്ങൾ | 25D/19-20,16D/19-20,40/AEE2/20-21,53 /AEE2/20-21,39/AEE2/20-21,24D/19-20,54 /AEE2/20-21,51D/20-21,55D/20-21,52D /20-21,1D/21-22,2D/21-22<br>Absract MB's:49/AEE2/20-21,111D/21-22 |
| 2022 - 23 ലെ ചെലവു വിവരം | പൊതുവിഭാഗം വി. ഫണ്ട് (സാധാ) അടങ്കൽ തുക :10000000<br>ചെലവ് :10000000 |

| | |
|---|---|
| | വൗച്ചർ നം: 22203401/14.10.2022 : 17,70,321 വി. ഫണ്ട് (സാധാ)<br>വൗച്ചർ നം: 22203402/14.10.22 :82,29,679 വി. ഫണ്ട് (സാധാ)<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ (മറ്റുള്ളവ ):80242504<br>ചെലവ് :ഇല്ല. |
| മുൻവർഷങ്ങളിലെ പ്രൊജക്റ്റ് വിശദാംശം | |
| 2018-19<br>പ്രൊജക്റ്റ് നം.411/19 | ചെലവ് :ഇല്ല. |
| 2019-20<br>പ്രൊജക്റ്റ് നം.234/20 | ചെലവ് :ഇല്ല. |
| 2020-21<br>പ്രൊജക്റ്റ് നം.709/21 | വൗച്ചർ നം: 22006191 /12.10.2020 : 5,00,000 വി. ഫണ്ട് (സാധാ)<br>വൗച്ചർ നം: 22006213 /27.2.2021 :2,77,57,496 വി. ഫണ്ട് (സാധാ) |
| 2021-22<br>പ്രൊജക്റ്റ് നം.413/22 | വൗച്ചർ നം: 22104450/23.09.2021 : 13164466 വി. ഫണ്ട് (സാധാ)<br>വൗച്ചർ നം: 22104122/31.12.2021 :10835534 വി. ഫണ്ട് (സാധാ) |
| 2022-23 വർഷം വരെ ആകെ ചെലവ്: | 6,22,57,496 രൂപ |

5.9.2014 ലെ G.0 Rt) No.2356/14 LSGD ഉത്തരവു പ്രകാരം പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന തൃശ്ശൂർ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ നിർമ്മാണ പ്രോജക്റ്റ് ആയിരുന്ന കോവിലകത്തും പാടത്തെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 14 കോടിക്ക് ഭരണാനുമതി ലഭിച്ചു. 30.3.2017 തിയതിയിലെ Go(MS) നം. 73/2017 LSGD TVM ഉത്തരവു പ്രകാരം തൃശ്ശൂർ അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റി തൃശ്ശൂർ കോർപ്പറേഷനിൽ

കൂട്ടിചേർത്തിട്ടുള്ളതാണ്. തുടർന്ന് മേൽ പറഞ്ഞ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കോർപ്പറേഷൻ TUDA യുടെ ആസ്തിയായിരുന്ന സ്ഥലത്ത് ഒരു ഷോപ്പിംഗ് മാൾ നിർമ്മിക്കാൻ പ്രോജക്റ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയെടുക്കുകയും ചെയ്തു.

2018-19 വർഷത്തിൽ 411/19 നമ്പരിൽ പ്രോജക്റ്റ് ആവിഷ്കരിച്ചു. വികസന ഫണ്ട് 10 ലക്ഷം രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 15 കോടി 20 ലക്ഷം രൂപയും വകയിരുത്തി ആകെ പ്രോജക്റ്റ് തുക 15 കോടി 30 ലക്ഷം രൂപയായി 15.11.2018 ലെ 54 (എ) 20-ാം നമ്പർ കൗൺസിൽ തീരുമാനം ഉണ്ടായി. പ്രസ്തുത തുകയ്ക്കുള്ള എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമായി.

TSNO : 110123/ 2018 - 19 തിയതി 21.1.2019

DSOR 2016 നെ ആധാരമാക്കി 37.25% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന 15,30,00,000 രൂപയ്ക്കാണ് സാങ്കേതികാനുമതി. തുടർന്ന് പ്രവൃത്തിക്ക് ടെണ്ടർ 25.1.2019 ൽ ക്ഷണിച്ചതിൽ രണ്ടു കരാറുകാർ ക്വാട്ട് ചെയ്തു.

| | |
|---|---|
| ജി.എം എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് | 12,69,74,168.89 രൂപ |
| ആങ്കർ ഇൻഫ്രാസ്ട്രക്ചർ | 14,11,31,317. 31 രൂപ |

25.6.2019 ലെ 21-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ജി.എം എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരക്ക് തുക 126974168.89 രൂപ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. ആവശ്യമായ പണം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിനും തീരുമാനിച്ചു.

25.1.2019 ലെ NIT പ്രകാരം പൂർത്തീകരണ കാലാവധി 18 മാസമാണ്. 10.10.2019 ൽ എഗ്രിമെന്റ് (Agmt No:25/EE1 /19-20) വെച്ച പ്രവൃത്തി ഓഡിറ്റ് കാലയളവിലും പൂർത്തിയായിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 10.11.2011 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സ്തംഭനാവസ്ഥയിലാണെന്ന് ബോധ്യമായി. കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം തേർഡ് ഫ്ലോർ കഴിഞ്ഞ് ടെറസ് ഫ്ലോറും ഉൾപ്പെടുന്നതാണെങ്കിലും ബേസ്മെന്റ് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ പില്ലർ സ്ട്രക്ചർ എന്ന നിലയിൽ നിൽക്കുന്നു.



ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എഗ്രിമന്റ് കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കരാർ ഉടമ്പടി റദ്ദ് ചെയ്ത് കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

10.10.2019 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിയുടെ കരാർ കാലാവധി 18 മാസമാണ്. 10.4.21 ന് പണി പൂർത്തിയാകേണ്ടതാണ്. 10.3.21 ന് ജി.എം. എഞ്ചിനീയറിംഗ് കമ്പനി പ്രതിനിധിയായ കോൺട്രാക്ടർ പി.എ അഷറഫ് പ്രവൃത്തിയുടെ കാലാവധി 10.4.2022 വരെ നീട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. സാമൂഹിക പ്രവർത്തകരുടെ നേതൃത്വത്തിൽ സമരം നടന്നതിനാൽ പ്രവൃത്തി 3 മാസം പൂർണ്ണമായി നിർത്തി വെയ്ക്കേണ്ടിവന്നതായും Substructure നിർമ്മാണ പ്രവൃത്തികൾ നടക്കവേ അതി തീവ്രമഴ ഉണ്ടായതിനാലും കോവിഡ് 19 മഹാമാരിയും മൂലമാണ് പ്രവൃത്തി തടസ്സപ്പെട്ടതെന്ന് കോൺട്രാക്ടറുടെ കത്തിൽ പറയുന്നു. കോർപ്പറേഷനുമായി ബന്ധപ്പെട്ട കേസ് വന്നതിനാലും പലപ്പോഴും പ്രവൃത്തി പൂർണ്ണമായും ഭാഗികമായും നിർത്തി വെക്കേണ്ടി വന്നു. പ്രസ്തുത കാരണങ്ങൾ ന്യായീകരിക്കാവുന്നതാണെന്ന് ഓഡിറ്റും വിലയിരുത്തുന്നു. തുടർന്ന് ഒരു വർഷം 10.4.22 വരെ കാലാവധി നീട്ടിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു.

സപ്ലി.അഗ്രി. നം:1/25/ഇഇ1/ 19-20 Dt.10.10.19 To9.4.22

എന്നാൽ പ്രസ്തുത തീയതിയിലും പ്രവൃത്തി പൂർത്തീകരിക്കാൻ കോൺട്രാക്ടർക്ക് സാധിച്ചില്ല. 15.12.21 ൽ കോൺട്രാക്ടർ വീണ്ടും 9 മാസത്തെ സമയ ദൈർഘ്യത്തിന് അപേക്ഷിച്ചതായി നോട്ട് ഫയലിൽ 15.12.21 ൽ കുറിപ്പ് കാണുന്നു. കോൺട്രാക്ടറുടെ തിയതി വെയ്ക്കാത്ത കത്ത് ഫയലിൽ ഉൾചേർത്തിട്ടുണ്ട്. കൺസ്ട്രക്ഷൻ സൈറ്റിന്റെ മുൻഭാഗത്തുള്ള അപ്രോച്ച് റോഡ്, ഡ്രെയിനേജ് എന്നിവ പൊതുമരാമത്ത് വകുപ്പ് പുന:നിർമ്മിക്കുന്നത് മൂലവും, പിന്നീട് സൈറ്റിലേക്ക് കടന്നു വരുന്നതിന് റിടെയ്നിംഗ് വാളും ക്രോസ് ബ്രിഡ്ജും ഉണ്ടാക്കേണ്ടതായി വന്നതിനാലും സൈറ്റിലേക്ക് മെറ്റീരിയൽ കൊണ്ടുവരുന്നത് നിർത്തി വെക്കേണ്ടി വന്നു. കൂടാതെ അതിഥി തൊഴിലാളികൾക്ക് കോവിഡ് മഹാമാരി മൂലം ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടായതും അവരുടെ കൂട്ടപ്പലായനവും കാരണമായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ആദ്യ സപ്ലിമെന്ററി എഗ്രിമെന്റിന്റെ പൂർത്തീകരണ തീയതിയായ 9.4.21 മുതൽ 9 മാസം സമയ ദൈർഘ്യം കൂടി അനുവദിച്ച് 9.1.2023 വരെ 2-ാമത്തെ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു.

സപ്ലി.അഗ്രി.നം:2/25/ഇഇ1/ 19-20 Dt.10.10.19 To9.1.23

എന്നാൽ 14.10.22 ൽ ഫോർത്ത് &പാർട്ട് ബിൽ നൽകിയ ശേഷം 6.1.23 ൽ ഓവർസിയർ രേഖപ്പെടുത്തിയ നോട്ട് ഫയൽ കുറിപ്പിൽ കരാർ പ്രവൃത്തി മന്ദഗതിയിലാണ് പുരോഗമിക്കുന്നതെന്നും നിലവിൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ സൈറ്റിൽ നടക്കുന്നില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 1.2.23 ൽ കരാറുകാരന് അറിയിപ്പ് കത്ത് നൽകിയിട്ടുണ്ട്. 31.1.23 ലെ DW7/PI/325/14TDA നം. കത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കോൺട്രാക്ടറുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി ബോധ്യപ്പെട്ടതായും വിഷയത്തിൽ കോൺട്രാക്ടർക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അറിയിപ്പ് കിട്ടി 7 ദിവസത്തിനകം അറിയിക്കേണ്ടതായും അല്ലാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും കരാർ ഉടമ്പടി റദ്ദ് ചെയ്ത്

കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം നടപടികൾ ഒന്നും തന്നെ കോർപ്പറേഷൻ അധികൃതർ സ്വീകരിച്ചിട്ടില്ല.

19.9.23 ലെ ഓഫീസ് കുറിപ്പുകളിൽ പ്രവൃത്തി നാളിതു വരെ പുനരാരംഭിച്ചിട്ടില്ലാത്തതായും 7.8.23 ൽ ബഹു. മേയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സൈറ്റ് വിസിറ്റിൽ പ്രവൃത്തി ഉടൻ പുനരാരംഭിക്കുമെന്ന് കരാറുകാരൻ ഉറപ്പു നൽകിയിരുന്നതായും എന്നാൽ നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

1.2.23 ന് കരാറുകാരന് കൈമാറിയ നോട്ടീസിന് മറുപടി ലഭ്യമായതായി ഫയലിൽ രേഖയില്ല. കരാറുകാരന് ഒരു നോട്ടീസ് കൂടി നൽകാവുന്നതാണെന്നാണ് 25.9.23 ൽ അസി. എക്സി.എഞ്ചിനീയർ I നിർദ്ദേശിച്ചത്. തുടർന്ന് 25.9.23ലെ DW7/325/14/TDA കത്ത് രജിസ്റ്റേഡ് ആയി കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത കത്തിൽ കോർപ്പറേഷനുമായി ഒപ്പുവെച്ചിട്ടുള്ള കരാർ ഉടമ്പടിയ്ക്ക് എതിരായി കോൺട്രാക്ടർ പ്രവർത്തിച്ചതായും പൊതുജനങ്ങൾക്ക് മുമ്പിൽ കോർപ്പറേഷന്റെ വിശ്വാസ്യതക്ക് കോട്ടം തട്ടിയതായും സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇനി ഒരു അറിയിപ്പ് കൂടാതെ കരാർ ഉടമ്പടി റദ്ദ് ചെയ്ത് കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ഫയൽ നടപടികൾ ഇവിടെ അവസാനിക്കുന്നു.

10.11.2023 ന് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിലും സൈറ്റിൽ പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല. ഗ്രൗണ്ട് ഫ്ലോറിൽ അന്യസംസ്ഥാന തൊഴിലാളികൾ കൂടാരം കെട്ടി അനവധി നാളുകളായി കഴിഞ്ഞു വരുന്നതിന്റെ ലക്ഷണങ്ങൾ വ്യക്തമാണ്. ബേസ്മെന്റടക്കം 3rd Floor Terrac Floor വരെ വിഭാവനം ചെയ്തതിൽ രണ്ടു നില വരെ എത്തി സ്ട്രക്ചർ വർക്ക് മാത്രമാണ് ചെയ്തിട്ടുള്ളത്. സെക്കന്റ് ഫ്ലോറിൽ കോളംസ് ആയി നിൽക്കുന്നു. കെട്ടിടത്തിന്റെ ബേസ് മെന്റ് ഫ്ലോറിൽ വെള്ളം കെട്ടി കിടക്കുന്ന നിലയിലാണ്. ഗ്രൗണ്ട് ഫ്ലോറിൽ കിടക്കുന്ന ഇരുമ്പു കമ്പികൾ എല്ലാം തുരുമ്പ് പിടിച്ച നിലയിലാണുള്ളത്.

ബഹു. മേയറടക്കം ആവശ്യപ്പെട്ടിട്ടും ഉദ്ദേശം ഒരു വർഷത്തോളമായി നിർത്തി വെച്ച പണി പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമല്ല. സമയം ദീർഘിപ്പിക്കുന്നതിനുള്ള രണ്ടാമത്തെ സപ്ലിമെന്ററി എഗ്രിമെന്റിന്റെ കാലാവധി 9.1.23 ന് അവസാനിച്ച് രണ്ടു മുന്നറിയിപ്പുകത്തുകൾ നൽകിയ സാഹചര്യത്തിൽ ഗുരുതരമായ കരാർ ലംഘനം സുവ്യക്തമാണ്. ആയതിനാൽ 25.9.2023 ലെ കത്തിൽ മുന്നറിയിപ്പ് നൽകിയതനുസരിച്ച് കരാർ ഉടമ്പടി റദ്ദ് ചെയ്ത് കോൺട്രാക്ടറുടെ നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണവും നൽകേണ്ടതാണ്.

2.ഫണ്ട് ലഭ്യത ഉറപ്പു വരുത്താതെ പ്രവൃത്തി നിർവ്വഹണം നടത്തിയതിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2018 - 19 ൽ ആവിഷ്കരിച്ച പ്രൊജക്ടിൽ ആകെ അടങ്കൽ തുക 15 കോടി 30 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ

മാത്രമാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നത്. ബാക്കി 15 കോടി 20 ലക്ഷവും ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയായിട്ടാണ് ഉദ്ദേശിച്ചത്. എന്നാൽ പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ തിയ്യതി വെയ്ക്കാതെ 8/2019 ൽ കുറിപ്പെഴുതിയെങ്കിലും അക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. തനതു ഫണ്ട് ഉൾപ്പെടുത്തി ചെലവഴിക്കാനുള്ള സാധ്യത തേടി സർക്കാരിലേക്ക് കത്തു നൽകിയെങ്കിലും അനുകൂല മറുപടി ലഭ്യമായതായി ഫയലിൽ രേഖയില്ല.

2019-20 വർഷത്തിലെ പ്രൊജക്ട് ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2020-21 ൽ പ്രൊജക്ട് 709/21 ൽ വി. ഫണ്ട് 5 ലക്ഷവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 152500000 രൂപയും ആയിരുന്നു. എന്നാൽ വികസനഫണ്ടിൽ നിന്ന് ആകെ 2,82,57,496 രൂപ ചെലവഴിച്ചിട്ടുണ്ട്. വി. ഫണ്ട് 5 ലക്ഷം വകയിരുത്തലിനേക്കാൾ അധികമായി 2,77,57,496 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രൊജക്ട് റിവൈസ് ചെയ്തതായി ഫയലിൽ രേഖയില്ല.

2021-22 ലെ പ്രൊജക്റ്റിലും വികസന ഫണ്ട് 2 കോടി 40 ലക്ഷമാണ് അടങ്കൽ തുക. ബാക്കി 10 കോടി 24 ലക്ഷത്തിൽപരം രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ആയിട്ടാണ് വിഭാവനം ചെയ്തത്. വികസന ഫണ്ട് മാത്രമാണ് തൻ വർഷവും ചെലവഴിച്ചത്. 2022-23 ലാകട്ടെ 1 കോടി വികസന ഫണ്ടും വായ്പ 80242504 രൂപയും അടങ്കൽ വെച്ചതിൽ വികസന ഫണ്ട് 1 കോടിയാണ് ചെലവ്. 2022-23 വരെയുള്ള പ്രോജക്ടുകൾ പരിശോധിക്കുമ്പോൾ മൊത്തം അടങ്കൽ തുകയുടെ 75% വും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായിട്ടാണ് വകയിരുത്തിയത്. എന്നാൽ പ്രോജക്റ്റിൽ ചെലവായ മൊത്തം തുകയും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് മറ്റ് ഉൽപാദന, സേവന മേഖലാ പ്രൊജക്റ്റുകൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ലോൺ വഴി ഫണ്ട് കണ്ടെത്തി നടപ്പിൽ വരുത്തേണ്ട ബഹുവർഷ പ്രൊജക്റ്റുകൾക്ക് മാറ്റി ഉപേയാഗിച്ചത്. പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി ഫണ്ട് വിനിയോഗം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

3. <u>അനധികൃതമായി നിലം നികത്തിയതിന് ജില്ലാ കളകറുടെ ഉത്തരവ് നിലനിൽക്കവെ കെട്ടിട നിർമ്മാണം തുടർന്നു.</u>

20.2.2003 ലെ നമ്പർ ബി1/58827/02 D Dis തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം തൃശ്ശൂർ താലൂക്ക് പെരിങ്ങാവ് തൃശ്ശൂർ വില്ലേജുകളിൽ പെട്ട സർവ്വെ 143, 132, 4, 133, 134, 597, 137, 136, 122, 126, 131, 130, 132, 117, 127, 136 എന്നീ സർവ്വേ നമ്പറുകളിൽ ടി.യു.ഡി.എ യുടെ കൈവശമുള്ള 619.47 സെന്റ് നിലം വിശദ നഗരാസൂത്രണ പദ്ധതിയുടെ ഭാഗമായി നികത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിട്ടുണ്ട്. ടി.യു.ഡി.എ യുടെ യഥാർത്ഥ കൈവശത്തിലുള്ള നിലത്തിനു മാത്രമാണ് ഉത്തരവ് ബാധകകമാവുന്നത്. ഭൂമി നികത്തുന്നതുമൂലം സമീപ ഭൂമിയുടമകൾക്കുണ്ടാകുന്ന ജലനിർഗ്ഗമനത്തിനുള്ള തടസ്സങ്ങളും മറ്റു നഷ്ടങ്ങളും ടി.യു.ഡി.എ സ്വന്തമായി പരിഹരിച്ച് കൊടുക്കണം എന്നീ വ്യവസ്ഥകളും ഉത്തരവിലുണ്ട്. 13.10.03 ലെ GO(Rt)No.3611/03LSGD പ്രകാരം

കോവിലകത്തുംപാടത്തെ ഡിറ്റെയിൽഡ് ടൌൺ പ്ലാനിംഗ് സ്കീം റികൺസറ്റിറ്റ്യൂട്ട് ചെയ്ത് കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതിയായി. ഈ അനുമതികളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുകയാണ് ഉണ്ടായത്. എന്നാൽ 2021 ൽ ടി.എൻ.മുകുന്ദൻ, കെ.എം.മനോജ് എന്നീ വ്യക്തികൾ ഭൂമിയുടെ അനധികൃത പരിവർത്തനത്തിനെതിരെ പരാതി നൽകിയതിനെ തുടർന്ന് തൃശ്ശൂർ ജില്ലാ കലക്ടറുടെ 14.5.21 ലെ ഉത്തരവ് നം. DCTSR/2245/2019/B3 പ്രകാരം തൃശ്ശൂർ താലൂക്ക് തൃശ്ശൂർ വില്ലേജ് സർവ്വേ 4 ൽ പെട്ടതും ബി.ടി.ആർ ഡാറ്റാ ബാങ്ക് എന്നിവയിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.1810 ഹെക്ടർ ഭൂമി പരിവർത്തനപ്പെടുത്തിയത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 3 ന്റെ ലംഘനമാണെന്നും, പ്രസ്തുത നിലം ഉത്തരവു കൈപ്പറ്റി 15 ദിവസത്തിനകം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ഭൂവുടമയായ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. വകുപ്പ് 14 ലെ വ്യവസ്ഥകളനുസരിച്ച് പരാതി ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുമതി നൽകുവാൻ പാടില്ലെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുണ്ട്. 20.5.21 ലെ ഉത്തരവ് നമ്പർ DCTSR/596/2019/B3 ഉത്തരവനുസരിച്ച് തൃശ്ശൂർ താലൂക്ക് പെരിങ്ങാവ് വില്ലേജ് റീസർവെ Y6 - 18/28 പഴയ സർവ്വേ നമ്പർ 133, 134/1, 134/2 ൽ ഉൾപെട്ട ബിടിആർ, ഡാറ്റാ ബാങ്ക് എന്നിവയിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.2197 ഹെക്ടർഭൂമിയും പൂർവ്വസ്ഥിതിയിലാക്കാൻ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിലും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 7.6.21 ലെ DW7/PI/325/2014 TDA പ്രകാരം ജില്ലാ കളക്ടറുടെ മേൽ ഉത്തരവിൽ അപ്പീലായി ലാന്റ് റവന്യൂ കമ്മറ്റി മുമ്പാകെ അപേക്ഷയും പെരിങ്ങാവ് വില്ലേജ് ഓഫീസർക്ക് കത്തും നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ മേൽ പറഞ്ഞ ഉത്തരവുകൾ റദ്ദ് ചെയ്ത് നിർമ്മാണാനുമതി ലഭ്യമാക്കാൻ കോർപ്പറേഷന് ഓഡിറ്റ് വേളയിലും സാധിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. മേൽ വിഷയത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ വിവരം (നിലവിലെ സ്ഥിതി) ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ഫയലിൽ ലഭ്യമായില്ല.

അളവ് പുസ്തകം നമ്പർ 49/AEE2/2020-21 പേജ് നം.3 പ്രകാരം ആകെ 5101.60m3 മണ്ണ് കുഴിച്ചെടുത്തതിന് കോൺട്രാക്ടർക്ക് തുക നൽകിയിട്ടുണ്ട്. നിരക്ക് 216/m3. എന്നാൽ ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചത് 3965.38 M 3 മാത്രമാണ്. 5.10.2020 ലെ 14ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് 3965.38m3 ടി പ്രവൃത്തിക്ക് ആവശ്യമില്ലാത്തതിനാൽ ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾക്കായി കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തി. എ.ഇയുടെ 15.5.20 ലെ വാല്യേഷൻ റിപ്പോർട്ട് പ്രകാരം 3965.38m3 മണ്ണിന്റെ വില 858703.00 രൂപയാണ്. ബാക്കി 1136.22m3 മണ്ണിന്റെ വിനിയോഗ വിവരം അളവ് പുസ്തകത്തിലോ ഫയലിലോ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. വാല്യേഷൻ നിരക്ക് പ്രകാരം 245424.00 രൂപ വില വരുന്നതാണ്. മണ്ണിന്റെ വിനിയോഗ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 82/20.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ

ലേല വിശദാംശവും ബാക്കി മണ്ണിന്റെ വിനിയോഗ വിവരവും ലഭ്യമാക്കുന്നതുവരെ കുഴിച്ചെടുത്തമണ്ണിന്റെ വില (858703+245424) 11,04,127 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി.എഞ്ചിനീയർ Iന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

കെട്ടിടം പൂർത്തിയാക്കി ഉപയോഗക്ഷമമാക്കാനുള്ള കാലതാമസം മൂലം കോർപ്പറേഷനു ലഭിക്കേണ്ട വാടക വരുമാനം നഷ്ടമായിക്കൊണ്ടിരിക്കുന്ന എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.82/20.11.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,00,00,000.00 രൂപ തടസ്സപ്പെടുത്തുന്നു.

<u>1-142 മേനാച്ചേരി ഷോപ്പിംഗ് കോംപ്ലക്സ് പുനർനിർമ്മാണം: ടൗൺ പ്ലാനിംഗ്, ആർക്കിയോളജി വകുപ്പുകളിൽ നിന്നും നിയമാനുസൃത അനുമതികൾ കൂടാതെ പ്രവൃത്തി ആരംഭിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു; അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 7,62,070 രൂപ തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രൊജക്റ്റ് നം. | 306/23 (SO)<br>തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 36 ൽ ഹൈറോഡിൽ മേനാച്ചേരി കെട്ടിട നിർമ്മാണം. |
| നിർവ്വഹണഉദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ II |
| ഫയൽ നം. | DW7/51204/19 |
| 2022-23 ലെ ചെലവു വിവരം | വികസന ഫണ്ട് അടങ്കൽ തുക : 3000000.00<br>ചെലവ്:762070.0<br>(തേർഡ്&പാർട്ട്ബിൽ )<br>വൗച്ചർനം:22203159/27.8.22<br>ധനകാര്യ സ്ഥാപനങ്ങളിൽ<br>നിന്നുള്ള വായ്പ: 5103791<br>ചെലവ്: ഇല്ല. |
| മുൻവർഷങ്ങളിലെ പ്രൊജക്റ്റ് വിശദാംശം | |
| 2020-21 പ്രൊജക്റ്റ് നം : 1296/21 | വികസന ഫണ്ട് അടങ്കൽ തുക : 65,00,000.00<br>ചെലവ്: 64,91,761.00<br>(ഫസ്റ്റ് &പാർട്ട് ബിൽ) വൗച്ചർ നം: 22006213/ 27.2.21<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ: 1,34,99,900.00 |

| | |
|---|---|
| | ചെലവ്: ഇല്ല. |
| 2021-22 പ്രൊജക്ട് നം : 378/22 | വികസന ഫണ്ട് അടങ്കൽ തുക : 65,00,000.00<br>ചെലവ്: 54,03,448.00<br>(സെക്കന്റ് &പാർട്ട് ബിൽ ) വൗച്ചർ നം: 22104247/ 29.11.21: 50,08,239<br>(തേർഡ് &പാർട്ട് ബിൽ )വൗച്ചർ നം: 22105090/ 29.3.22: 395209<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ: 1,34,99,900.00<br>ചെലവ്: ഇല്ല. |
| ഭരണാനുമതി/തുക | 18.11.19 ൽ മേയർ നൽകിയ മുൻകൂർ അനുമതി<br>കൗൺസിൽ തീരുമാനം നം. 14 /6.3.20 പ്രകാരം സാധൂകരിച്ചു.<br>1,99,99,000.00 |
| സാങ്കേതികാനുമതി/തുക | TS No: 93826/2019-20/30.11.2019 |
| പൂർത്തീകരണ കാലാവധി | 18 മാസം |
| ടെണ്ടർ തീയതി/കോൺട്രാക്ടർ /ക്വാട്ട് ചെയ്ത തുക | 23.12.19/<br>മിജോയ് മാമു കോടഞ്ചേരി<br>1 ,65, 02, 428 .95 രൂപ |
| എഗ്രിമെന്റ് | നം:132/SE/EE1/2019-20/18.3.2020 |
| അളവു പുസ്തകങ്ങൾ | 1). MB No:55/AEE2/2020-21<br>(2).MBNo:338/D/AEE2/2018-19<br>(3). MB No: 5/D/AEE2/2021-22<br>(4).MBNo: 115/D/AEE2/2021-22 |
| 2022-23 വർഷം വരെ ആകെ ചെലവ്: | 1,26,57,279 രൂപ |

തൃശ്ശൂർ ജില്ലാ ആശുപത്രിക്ക് സമീപം സ്വരാജ് റൗണ്ടിൽ ഹൈറോഡിന് സമീപം സ്ഥിതി ചെയ്തിരുന്ന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 3 നില കെട്ടിടത്തിന്റെ ഒരു ഭാഗം 2019 ൽ ഉണ്ടായ കാലവർഷത്തിൽ ഭാഗികമായി തകർന്നു വീഴുകയും ദുരന്തനിവാരണ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ 11.8.2019 ലെ കെ. 1/4170/2019 നം. ഉത്തരവു പ്രകാരം പൂർണ്ണമായും പൊളിച്ചു നീക്കുകയും ചെയ്തു. (തൃശ്ശൂർ വില്ലേജ് സർവ്വേ നമ്പർ 1282 സർവ്വേ നം.699 ച.മീ.) ടി കെട്ടിടത്തിൽ 28 കടമുറികൾ പ്രവർത്തിച്ചിരുന്നു. (36/259 മുതൽ 36/287 വരെ) അവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി അടിയന്തിരമായി ടെണ്ടർ വിളിച്ച് അതേ സ്ഥലത്ത് തന്നെ പുനർനിർമ്മാണം ആരംഭിച്ചു. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സ്റ്റെയർ, വരാന്ത അടക്കമുള്ള 1676.73 M2 വിസ്തീർണമുള്ള കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. 18.3.2020 ൽ

18 മാസ കാലാവധിയിൽ എഗ്രിമെന്റ് വെച്ച് 1,26,57,279 രൂപ ചെലവഴിച്ച പ്രവൃത്തി ഓഡിറ്റ് കാലയളവിലും പൂർത്തിയായിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 10.11.2011 ന് നടത്തിയ സ്ഥല പരിശോധനയിൽ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന് ബോധ്യമായി. നഗരത്തിന്റെ വാണിജ്യപ്രാധാന്യമുള്ള സ്ഥലത്ത് നിർമ്മാണം ആരംഭിച്ച കൊമേഴ്സ്യൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് നാളിതുവരെ ഉപയോഗക്ഷമമാക്കിയിട്ടില്ല.



ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആർക്കിയോളജി, ടൗൺ പ്ലാനിംഗ് വകുപ്പുകളിൽ നിന്നും നിയമാനുസൃത അനുമതി ലഭ്യമാക്കുന്നതിനു മുൻപ് നിർമ്മാണം ആരംഭിച്ചതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

(I)പ്രവൃത്തി സ്ഥലം ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തിട്ടുള്ള ചരിത്രസ്മാരകമായ വടക്കുന്നാഥൻ അമ്പലത്തിന്റെ (കൈലാസനാഥ ക്ഷേത്രം, തൃശ്ശൂർ) സംരക്ഷിത മേഖലയിൽ നിന്നും 300 മീറ്റർ പരിധിക്കുള്ളിലാണ്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ട്. ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ അനുമതിപത്രം ലഭിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ നടത്തുകയും നടപടിക്രമം പൂർത്തിയാക്കി 2.4.20 ന് കരാറുകാരന് പ്രവൃത്തിസ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. ബേസ്മെന്റ് പ്രവൃത്തി തുടങ്ങുന്നതിന് മണ്ണ് കുഴിച്ചെടുക്കൽ 29.4.20 ന് ആരംഭിക്കുമെന്ന് കോൺട്രാക്ടർ കോർപ്പറേഷനെ അറിയിച്ചിട്ടുള്ള കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മണ്ണെടുക്കൽ ആരംഭിച്ചതോടെ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ചെമ്പുക്കാവിലുള്ള സീനിയർ കൺസർവേഷൻ അസിസ്റ്റന്റ് ഓഫീസിൽ നിന്നും 22.5.2020 ന് F.No.01/01/09/M/TRS-/132നമ്പർ കത്തു മുഖേന നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. നോട്ട് ഫയൽ പ്രകാരം 7.11.19 ൽ ആർക്കിയോളജി, ഡിസ്ട്രിക്റ്റ് ടൗൺ പ്ലാനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും അനുമതികൾ നേടണമെന്ന് അസി.എഞ്ചിനീയർ കുറിപ്പെഴുതി കാണുന്നുവെങ്കിലും ആയത് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത അനുമതികൾ ലഭ്യമാകാതെ തന്നെ പ്രവൃത്തിയുടെ ടെണ്ടർ നടപടികളുമായി മുന്നോട്ടു പോവുകയാണ് ഉണ്ടായത്. ആർക്കിയോളജി അനുമതിക്കായി 10.6.20 ന് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചതിനെ തുടർന്ന് 12.4.21 ലാണ് “Office Of The Competent Authority, Sreepadam Palace, Fort Tvm-23",കേരള സർക്കിൾ ഓഫീസിൽ നിന്നും 230/20/CA/AMASR നമ്പർ അനുമതിപത്രം പ്രകാരം ബേസ്മെന്റ്

അടക്കം മൂന്ന നില കൊമേഴ്സ്യൽ കെട്ടിടം നിർമ്മാണത്തിനായി ആർക്കിയോളജിക്കൽ വകുപ്പിൽ നിന്നും NOC ലഭ്യമായത്.

നോട്ട് ഫയൽ പേജ് 15 ൽ 2.6.20 ലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കുറിപ്പിൽ " ബഹു. ഹൈക്കോടതിയിൽ WP (C) No.11323/2020 നമ്പർ കേസ് ഉള്ളതിനാൽ ബേസ്മെന്റ് ഫ്ലോർ റിട്ടെയ്നിംഗ് വാൾ പൂർത്തീകരിച്ച്, ഗ്രൗണ്ട് ഫ്ലോർ ബോട്ടം സ്ലാബ് കാസ്റ്റ് ചെയ്ത് സൈറ്റ് സേഫ്റ്റി ആക്കി നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകാൻ "നിർദ്ദേശിച്ചിരിക്കുന്നു. പ്രവൃത്തി സ്ഥലത്തെ മണ്ണെടുപ്പ് ചുറ്റുമുള്ള കെട്ടിടങ്ങളെ ദോഷകരമായി ബാധിച്ചേക്കാമെന്നതിനാൽ കെട്ടിട ഉടമസ്ഥർ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നതായി കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. 22.5.2020 ന് പ്രവൃത്തി നിർത്തി വെക്കാനുള്ള ആർക്കിയോളജി നിർദ്ദേശം വന്നെങ്കിലും 4.6.20 നാണ് കരാറുകാരന് കത്തു നൽകുന്നത്.

തൃശ്ശൂർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ്സ് സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 6.8.2020 ലെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ 23.7.2020 ലെ റിട്ട് പെറ്റീഷൻ ഉത്തരവു പ്രകാരമുള്ള നിർദ്ദേശം പാലിച്ച് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ ചാക്കോ ചാണ്ടി എന്ന വ്യക്തി ഫസ്റ്റ് പെറ്റീഷണർ ആയ കേസിൽ ടിയാളുടെ കെട്ടിടത്തിന് സംരക്ഷണഭിത്തി നിർമ്മിച്ചു കൊടുത്തത് ബോധ്യപ്പെട്ടതായി പറയുന്നു. പരാതിക്കാരന്റെ സ്ഥല അതിർത്തിക്ക് സമാന്തരമായി ബലവത്തായ RCC Retaining Wall നിർമ്മിച്ചിട്ടുള്ളതായും ആയത് പെറ്റീഷണറുടെ എഞ്ചിനീയർ സമ്മതിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കേസ് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ,മേൽ റിട്ട് പെറ്റീഷൻ എപ്രകാരം തീർപ്പായി എന്നത്, നിലവിലെ അവസ്ഥ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് അപാകതകൾക്കുള്ള മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ആർക്കിയോളജി വകുപ്പിൽ നിന്നും ഔദ്യോഗികാനുമതി ലഭ്യമാകും മുമ്പു തന്നെ കോടതി നിർദ്ദേശപ്രകാരം സൈറ്റിൽ എസ്റ്റിമേറ്റിൽ ഉദ്ദേശിക്കാത്ത പ്രവൃത്തി നടന്നതായി ഇതിൽ നിന്നും വ്യക്തമാകുന്നു. അനുമതി രേഖ ലഭ്യമായ 12.4.21 ന മുമ്പായി ഫസ്റ്റ് പാർട്ട് ബിൽ 27.2.21 ന് 64,91,761 രൂപയ്ക്ക് തയ്യാറാക്കി പാസ്സാക്കിയിരുന്നു. എസ്റ്റിമേറ്റിൽ ഉദ്ദേശിക്കാത്ത പ്രവൃത്തി നടത്തിയതു പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ii)ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്നും അനുമതി തേടാതെ നിർമ്മാണം നടത്തിയതിലെ അപാകത ചൂണ്ടിക്കാണിച്ച് മുൻ കൗൺസിലർ അഡ്വ.സ്മിനി ഷിജോ 13.7.22 ന് ത.സ്വ.ഭ ആർ.ബി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ പരാതി പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസിൽ നിന്നുള്ള ടീം 18.11.22 ൽ സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ 2.3.23ലെ CTPVIG/586/22 നമ്പർ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചതായി പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.4.23 ലെ നം. ആർ.ബി2/373/2022 തസ്വഭവ കത്ത് ലഭ്യമായിട്ടുണ്ട്. കത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർണമായും നിലവിൽ കോർപറേഷന് ബാധകമായിട്ടുള്ള നഗരാസൂത്രണ പദ്ധതികൾ, KMBR 2019 എന്നിവക്ക് വിധേയമായിരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

24.9.1975 ലെ Go(MS)240/75/LAD/SWD നമ്പർ സർക്കാർ ഉത്തരവു പ്രകാരം അംഗീകരിച്ച തേക്കിൻകാട് മൈതാനം ഏരിയ എന്ന DTP സ്കീം പരിഗണിക്കുമ്പോൾ നിർമാണ വസ്തുവിന്റെ കിഴക്ക് ഭാഗത്തു കൂടി പോകുന്ന റോഡിന്-ഹൈറോഡ്-വീതികൂട്ടൽ, വസ്തുവിന്റെ കോർണറിൽ അതിരു ചരിക്കൽ (Splay) എന്നിവ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ തയ്യാറാക്കിയ പ്ലാനുകളിൽ താഴെ പറയുന്ന അപാകതകൾ വിജിലൻസ് ചൂണ്ടിക്കാണിക്കുന്നു.

“പരാമർശിത നിർമ്മാണത്തിന്റെ ഒരു ഭാഗം DTP സ്കീം പ്രകാരം റോഡ് വികസനത്തിനായി നീക്കി വെച്ചിട്ടുള്ള ഏരിയയിൽ ഉൾപ്പെടുന്നു. അംഗപരിമിതർക്കായുള്ള കാർ പാർക്കിംഗ് റാമ്പ് മുതലായവയും പ്രസ്തുത റോഡ് വികസനത്തിനായുള്ള സ്ഥലത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ കോർപറേഷൻ തയ്യാറാക്കിയിട്ടുള്ള പ്ലാൻ അനുസരിച്ച് പരാമർശിത കെട്ടിടം തേക്കിൻകാട് മൈതാനം ഏരിയ എന്ന DTP സ്കീമിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി കാണുന്നു. തയ്യാറാക്കിയിട്ടുള്ള പ്ലാനുകളിൽ പ്രസ്തുത നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ നഗരാസൂത്രണ പദ്ധതികൾ എന്നിവയ്ക്ക് അനുസൃതമാണെന്നുള്ള സാക്ഷ്യപ്പെടുത്തലുകൾ ബന്ധപ്പെട്ട എഞ്ചിനീയർ നടത്തിയിട്ടില്ല.”

പ്രസ്തുത റിപ്പോർട്ടിൽ പ്രധാന കണ്ടെത്തൽ നടത്തിയിരിക്കുന്നത് തേക്കിൻകാട് മൈതാനം ഏരിയ എന്ന സർക്കാർ അംഗീകൃത DTP സ്കീം പ്രകാരമുള്ള റോഡ് വീതി കൂട്ടൽ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് പ്രസ്തുത നിർമ്മാണ നടപടികൾ നടന്നു വരുന്നത് എന്നാണ്. മേൽ പറഞ്ഞ വിജിലൻസ് റിപ്പോർട്ടിനെ ആധാരമാക്കി പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയംഭരണ കോർപ്പറേഷൻ സെക്രട്ടറിക്ക് നൽകിയ കത്തിന് സെക്രട്ടറി വിശദീകരണ റിപ്പോർട്ട് നൽകിയെങ്കിലും മേൽ വിഷയത്തിൽ ശാശ്വത പരിഹാരം ഉണ്ടായിട്ടില്ല. പ്രവൃത്തി സ്ഥലത്തിന് ഇപ്പോൾ ബാധകമായിരിക്കുന്ന DTP സ്കീം പ്രകാരം പ്രസ്തുത നിർമ്മാണം തുടർന്ന് പൂർത്തിയാക്കാൻ കഴിയുന്നതല്ല. തേക്കിൻകാട് നഗരാസൂത്രണ പദ്ധതി ,2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ , 2019 ൽ തന്നെ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള ഭേദഗതി മാസ്റ്റർപ്ലാൻ എന്നിവയിലെ വ്യവസ്ഥകളിലും ചട്ടങ്ങളിലും ഇളവുകൾ ലഭ്യമായാൽ മാത്രമേ പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിയൂ എന്ന് ഫയൽ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

19.4.22 തിയതിയിൽ 65-ാം നമ്പർ തീരുമാനം മുഖേന തേക്കിൻകാട് മൈതാനം DTP സ്കീമിന്റെ മേനാച്ചേരി കെട്ടിട നിർമ്മാണത്തെ ബാധിക്കാവുന്ന കാര്യങ്ങൾ റദ്ദ് ചെയ്യുന്നതിന് കൗൺസിൽ തീരുമാനിക്കുകയും ആയത് പരിഗണിച്ച് സർക്കാർ 25.2.23 ലെ സ.ഉ(കൈ)നം.59/2023/LSGD ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ തൃശ്ശൂർ നഗരസഭ പ്രദേശത്തിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള ജി.ഐ.എസ് അധിഷ്ഠിത കരട് മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആർക്കിയോളജി, ടൗൺപ്ലാനിംഗ് വകുപ്പുകളിൽ നിന്നും അനുമതികൾ പുതുക്കി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

2.ജിയോളജി വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ മണ്ണ് കുഴിച്ചെടുത്തു. മണ്ണിന്റെ വിനിയോഗ വിശദാംശം

ലഭ്യമാക്കേണ്ടതാണ്.

അളവ് പുസ്തകം നം.55 പേജ് 83 പ്രകാരം 1056.258 M3 മണ്ണ് പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്തിട്ടുണ്ട്. പേജ് 80-81 ൽ 998.488 M3 മണ്ണ് ദിവാൻജി മൂല അപ്രോച്ച് റോഡിൽ നിക്ഷേപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ദിവാൻജിമൂല ഫ്ലൈ ഓവർ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിയിൽ ഏതിനത്തിലാണ് മണ്ണ് ഉപയോഗിച്ചത് എന്നതിന്റെ വിശദാംശം ഫയലിൽ ഇല്ല. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ബാക്കി 57.77എം3 മണ്ണിന്റെ വിനിയോഗവും വിശദീകരിക്കേണ്ടതാണ്.

മൈനിംഗ് ജിയോളജി വകുപ്പ് ജില്ലാ കാര്യാലയം തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന്റെ നടപടിക്രമം 215/22-23 /TDO/OE/2085/2022-E തീയതി 4.11.22 ഫയലിൽ സൂക്ഷിച്ചത് പരിശോധിച്ചു. തൃശ്ശൂർ വില്ലേജ് സർവ്വേ റിസർവ്വേ നമ്പർ 1282/1,2,3,6,7 ൽ മേനാച്ചേരി വാണിജ്യ സമുച്ചയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 135 ക്യു. മീ സാധാരണ മണ്ണ് ശക്തൻ തമ്പുരാൻ നഗറിലേക്ക് മാറ്റുന്നതിന് 20 രൂപ നിരക്കിൽ റോയൽറ്റി ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. 14 ട്രാൻസിറ്റ് പാസുകളും 25.11.22 കാലാവധി വെച്ച് അനുവദിച്ചു കാണുന്നു. പ്രസ്തുത നടപടിക്രമം പ്രകാരമുള്ള 6 നിർദ്ദേശങ്ങൾ പാലിച്ച് മണ്ണ് നീക്കം ചെയ്തതായ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നീക്കം ചെയ്ത മണ്ണ് ലേലനടപടിക്ക് വിധേയമാക്കിയോ എന്ന് വ്യക്തമാക്കേണ്ടതാണ്.

മേൽ ഉത്തരവിനെ ആധാരമാക്കി കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവ് നടപടികളിൽ (14.11.22 ലെ DW7/51204/19) 135 ക്യു.മീ മണ്ണ് നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തേക്ക് മാറ്റുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

1.8.22 ലെ കോർപ്പറേഷൻ എക്സി.എഞ്ചിനീയറുടെ DW7/51204/19 നം. കത്തും ഉള്ളടക്കവും അടിസ്ഥാനമാക്കിയാണ് 4.11.22 ലെ ജിയോളജി നടപടിക്രമം, നടപടിക്രമത്തിൽ ശക്തൻ നഗറിലേക്ക് മാറ്റാൻ ഉത്തരവായ മണ്ണ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഉത്തരവിൽ നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തേക്ക് നീക്കാൻ തീരുമാനമായതിന് വ്യക്തമായ കാരണം രേഖകൾ സഹിതം നൽകേണ്ടതാണ്.

22.9.22 ലെ നം. DOTHR-DMG/2085/2022-E പ്രകാരം തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് അനധികൃത സാധാരണ മണ്ണ് ഖനനത്തിന് സെക്രട്ടറി/എക്സി.എഞ്ചിനീയർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. മേനാച്ചേരി വർക്ക് സൈറ്റിൽ നിന്നും അനുവാദമില്ലാതെ നീക്കം ചെയ്ത 820.041 ക്യു.മീ മണ്ണിന് റോയൽറ്റി (@40/) 32801 രൂപയും, വില 65603.28 (@80) രൂപയും 10,000 രൂപ കോമ്പൗണ്ടിംഗ് ഫീസും അടക്കം 108405 രൂപ ട്രഷറിയിൽ അടവാക്കുന്നതിന് മേലൊപ്പ് വെച്ച ചലാൻ ഫയലിൽ ഉണ്ട്. മേൽ തുക അടവാക്കിയതിന്റെ വിശദാംശം ഫയലിൽ കാണുന്നില്ല. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മുൻകൂർ അനുമതി കൂടാതെ മണ്ണ് നീക്കം ചെയ്താൽ റോയൽറ്റിക്ക് പുറമേ മണ്ണിന്റെ വിലയും കോമ്പൗണ്ടിംഗ് ഫീസും കൂടുതലായി അടവാക്കേണ്ടി വരുന്നു.

മുൻകൂർ അനുമതി വാങ്ങാതെ മണ്ണ് ഖനനം നടത്തിയതിന് കൂടുതൽ അടക്കേണ്ട തുക (65603.28+10000) 75603.28 രൂപ അധികച്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത തുക അടവാക്കിയെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.88/20.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 75603 രൂപ ജിയോളജി വകുപ്പിൽ അടവാക്കി രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തുക കേന്ദ്ര – സംസ്ഥാന

സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരത്തിൽ [ഖ.4.10(ഡി)] ചേർത്തിട്ടുണ്ട്.

3. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല.

10.11.23 ന് നടത്തിയ ഓഡിറ്റ് സ്ഥല പരിശോധനയിൽ ഫയൽ പരിശോധനയിൽ നിരീക്ഷിച്ച മേൽ അപാകതകൾ നേരിട്ട് ബോധ്യപ്പെടുകയുണ്ടായി. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോറിലും 16 കട മുറികൾ പൂർത്തീകരിച്ച് ഷട്ടർ ഇട്ടിട്ടുണ്ട്. ബേസ്മെന്റ് ഫ്ലോറിൽ വെള്ളം കെട്ടിക്കിടക്കുന്നു. ഹൈറോഡിനോടു ചേർന്ന് 135ക്യൂ.മീ മണ്ണ് നീക്കം ചെയ്ത ഭാഗം ഗർത്തമായി അവശേഷിക്കുന്നു. പൂർത്തിയായ കെട്ടിട ഭാഗം സ്ട്രക്ചർ വർക്ക് മാത്രമാണ് നടന്നിട്ടുള്ളത്.

12.4.21 ലെ ആർക്കിയോളജി അനുമതിപത്രത്തിൽ അനുവദനീയമായ സ്പെസിഫിക്കേഷനുകൾ, ഉയരം, ഏരിയ മുതലായവ പാലിച്ചിട്ടുണ്ടോ എന്ന് ഫയലിൽ എവിടെയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനുമതിപത്രം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല എന്നും ആയതിന് പുറപ്പെടുവിച്ച തീയതി മുതൽ 3 വർഷത്തേക്കാണ് പ്രാബല്യം ഉള്ളതെന്നും ലൈസൻസ് പിന്നീട് പുതുക്കി അനുവദിക്കുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിവരിച്ചതു പ്രകാരം അനുമതിപത്രത്തിന്റെ പ്രാബല്യം 12.4.21 മുതൽ 12.4.24 വരെയാണ്. ഇനിയുള്ള 6 മാസ കാലയളവിൽ മേൽ അപാകതകൾ പരിഹരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതല്ല. എഗ്രിമെന്റ് പ്രകാരം പ്രവൃത്തിയുടെ കാലാവധി 1.10.21 വരെയായിരുന്നു. ആയത് 1.7.22 വരെ ദീർഘിപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിരുന്നു. (Suppl.Agmt No:01/132/CS/EE1/2019-20 Dt.17.11.2021) യഥാസമയം നിയമാനുസൃത അനുമതികൾ ലഭ്യമാക്കാതെ നിർമ്മാണാനുമതി നൽകിയതാണ് നാളിതുവരെ 1,26,57,279.00 രൂപ ചെലവഴിച്ച കെട്ടിടം പൂർത്തിയാകാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

4.ഫണ്ട് ലഭ്യത ഉറപ്പു വരുത്താതെ പ്രവൃത്തി നിർവ്വഹണം നടത്തിയതിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2020-21ൽ ആവിഷ്കരിച്ച പ്രൊജക്ടിൽ ആകെ അടങ്കൽ തുക 1,99,99,000 രൂപയിൽ 65,00,000 രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നത്. ബാക്കി 1,34,99,000.00 രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയായിട്ടാണ് ഉദ്ദേശിച്ചത്. എന്നാൽ പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. തനതു ഫണ്ട് ഉൾപ്പെടുത്തി ചെലവഴിക്കാനുള്ള സാധ്യത തേടി സർക്കാരിലേക്ക് കത്തു നൽകിയെങ്കിലും അനുകൂല മറുപടി ലഭ്യമായതായി ഫയലിൽ രേഖയില്ല. 2022-23 വരെയുള്ള പ്രൊജക്ടുകൾ പരിശോധിക്കുമ്പോൾ മൊത്തം അടങ്കൽ തുകയുടെ 75 ശതമാനവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായിട്ടാണ് വകയിരുത്തിയത്. എന്നാൽ പ്രൊജക്ടിൽ ചെലവായ മൊത്തം തുകയും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് മറ്റ് ഉൽപാദന, സേവന മേഖലാ പദ്ധതികൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ലോൺ വഴി ഫണ്ട് കണ്ടെത്തി നടപ്പിൽ വരുത്തേണ്ട ബഹുവർഷ പദ്ധതികൾക്കായി മാറ്റി ഉപയോഗിച്ചത്. പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി ഫണ്ട് വിനിയോഗം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.88/20.11.23) മറുപടി ലഭ്യമാക്കിയില്ല. നഗരകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം പൂർത്തിയാക്കി ഉപയോഗക്ഷമമാക്കാനുള്ള

കാലതാമസം മൂലം കോർപ്പറേഷന് ലഭിക്കേണ്ട വാടക വരുമാനം നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതു വരെ തൻ വർഷത്തെ ചെലവു തുക 7,62,070രൂപ തടസ്സപ്പെടുത്തുന്നു.

**1-143 അയ്യന്തോൾ പ്രിയദർശിനി ഹാൾ,കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം പൂർത്തിയായിട്ടില്ല-അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,25,00,000 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നം. | 165/23(SO)<br>അയ്യന്തോൾ പ്രിയദർശിനി ഹാൾ<br>നിർമ്മാണം |
| നിർവ്വഹണഉദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ II |
| ഫയൽ നം. | DW7/30736/18(c) |
| 2022 - 23 ലെ ചെലവു<br>വിവരം | വികസന ഫണ്ട് അടങ്കൽ തുക :<br>1,25,00,000.00<br>ചെലവ്:1,25,00,000.00<br>(സെക്കന്റ്&പാർട്ട്ബിൽ )<br>വൗച്ചർ നം: 22203590/ 30.11.22<br>ധനകാര്യ സ്ഥാപനങ്ങളിൽ<br>നിന്നുള്ള വായ്പ: 5103791<br>ചെലവ്: ഇല്ല. |
| മുൻവർഷങ്ങളിലെ പ്രൊജക്റ്റ്<br>വിശദാംശം | |
| 2020-21പ്രൊജക്ട് നം :<br>474/21 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള<br>വായ്പ: -31181000.00<br>ചെലവ്: ഇല്ല. |
| 2021-22 പ്രൊജക്ട് നം :<br>323/22 | വികസന ഫണ്ട് അടങ്കൽ തുക :<br>1,10,00,000.00<br>ചെലവ്: 1,10,00,000.00<br>ഫസ്റ്റ്&പാർട്ട് ബിൽ :വൗച്ചർ നം: |

| | |
|---|---|
| | 22105143/ 27.3.22<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള<br>വായ്പ: .20181000<br>ചെലവ്: ഇല്ല. |
| 2023-24 | 1054/ 24 പ്രൊജക്റ്റ് 15.6.23 ൽ<br>തേർഡ് പാർട്ട് ബിൽ നൽകിയിട്ടുണ്ട്<br>9140063.00 രൂപ |
| ഭരണാനുമതി/തുക | 139/A/2/31.08.2019 |
| സാങ്കേതികാനുമതി/തുക | T S No: 114997/2019-20/28.02.2020<br>8,11,81,000.00 |
| പൂർത്തീകരണ കാലാവധി | 12 മാസം |
| ടെണ്ടർ<br>തീയതി/കോൺട്രാക്ടർ/ക്വാട്ട്<br>ചെയ്ത തുക | 16.04.2020/<br>ഇസ്ഹാക്ക് പി.എ<br>5,47,61,619 .09 രൂപ |
| എഗ്രിമെന്റ് | 25/ഇഇ2/2020-21/18.9.2020 |
| അളവു പുസ്തകങ്ങൾ | 128D/AEE2/22-23, 140D/AEE2<br>/22-23,<br>146D/AEE2/22-23, 85/AEE2 /<br>22-23.81/AEE2/22-23, 83/AEE2<br>/22-23.<br>ഫസ്റ്റ് പാർട്ട് ബിൽ അളവുകൾ<br>രേഖപ്പെടുത്തിയ എം.ബി നമ്പരുകൾ<br>24,05,13,35 ലഭ്യമായിട്ടില്ല. |
| ഓഡിറ്റ് തീയതി വരെ ആകെ<br>ചെലവ് | 3,26,40,063.00രൂപ |

അയ്യന്തോൾ പഴയ സോണൽ ഓഫീസും ഹാളും പൊളിച്ച് നീക്കിയ സ്ഥലത്ത് ഓഡിറ്റോറിയം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ടെക്നിക്കൽ ബിഡ് കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തിയ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ പി.എ. ഇസ്ഹാക് എന്നയാളുടെ നിരക്ക് കൗൺസിൽ അംഗീകരിച്ചു (28.7.20 ലെ 50-ാം നമ്പർ കൗൺസിൽ തീരുമാനം). ഫയൽ പരിശോധിച്ചതിൽ

താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. DPR കോൺട്രാക്ടർക്ക് അധികതുക നൽകിയത് തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ഹാൾ നിർമ്മാണ പ്രവൃത്തിക്കായി DPR തയ്യാറാക്കുന്നതിന് താൽപര്യ പത്രം ക്ഷണിച്ച് തെരെഞ്ഞെടുത്ത GITPAC എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിരുന്നു. പ്രസ്തുത സ്ഥാപനവുമായി 11.1.19 ൽ എഗ്രിമെന്റ് വെച്ചു. (Agmt No. C3/EE1 /2018 – 19). കരാർ പ്രകാരം ആർക്കിടെക്ചറൽ ഡിസൈൻ(1.1%), സ്ട്രക്ചറൽ ഡിസൈൻ(0.6%), എസ്റ്റിമേറ്റ് ആന്റ് സ്പെസിഫിക്കേഷൻസ്(0.4%) [സ്ട്രക്ചറൽ കാൽകുലേഷൻസ്, ഇലക്ട്രിക്കൽ HVAC, ഫയർ & പബ്ലിക് ഹെൽത്ത് സർവ്വീസസ്] തുടങ്ങിയ സേവനങ്ങൾക്ക് എസ്റ്റിമേറ്റ് കോസ്റ്റിന്റെ ആകെ 2.10 % ആണ് കൺസൾട്ടൻസി ഫീസ്. 29.5.19ലെ GITPAC/05/2019 -20 നമ്പർ ഇൻവോയ്സ് പ്രകാരം 16,28,477 രൂപ ആവശ്യപ്പെട്ടു. ചെക്ക് നം. 337434/ വൗച്ചർ നം.21902393/ തിയതി 7.9.19 പ്രകാരം 14,62,869 രൂപ GITPAC ന് കൈമാറി. നോട്ട് ഫയൽ പേജ് 3 ൽ 16.8.19ലെ കുറിപ്പ് പ്രകാരം ആകെ പ്രൊജക്റ്റ് കോസ്റ്റ് 8,11,80,277.00 രൂപ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് (ആർക്കിടെക്ചറൽ ഡ്രോയിംഗ് 1.10%-892983+ സ്ട്രക്ചറൽ ഡിസൈൻ 0.6%-487082)തുക 13,80,065 രൂപ കണക്കാക്കിയത്. അങ്ങനെ കണക്കാക്കിയ 13,80,065 രൂപയിൽ നിന്നും 10% IT കുറച്ച തുകയോട് 18% GST കൂട്ടി TDS 2% കുറച്ചാണ് കൺസൾട്ടേഷൻ ഫീ 14,62,868 രൂപ 21.8.19 ന് രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനും തുടർന്ന് അക്കൗണ്ട്സ് ഓഫീസറും ശരിവെച്ചാണ് തനതു ഫണ്ടിൽ നിന്നും 14,62,869 രൂപ നൽകിയത്. (കണക്കാക്കിയതിലും 1രൂപ കൂടുതൽ)

31.8.2019 ലെ 83 നമ്പർ തീരുമാനം പ്രകാരം പാർട്ട് ബിൽ അനുവദിച്ചത് സാധൂകരിച്ചിട്ടുണ്ട്. ലംപ്സം തുക ഒഴിവാക്കിയുള്ള എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതിന് പകരം റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി ഫീ കണക്കാക്കി അനുവദിച്ചത് ശരിയല്ല.

പിന്നീട് 13.1.21 ൽ GITPAC ഫൈനൽ ബിൽ ക്ലെയിം ചെയ്തതിനെ തുടർന്ന് LSGD ഓവർസിയർ നടത്തിയ പരിശോധനയിൽ സ്ഥാപനം എഗ്രിമെന്റ് വ്യവസ്ഥ 11, 12 പ്രകാരമുള്ള, ലോൺ/ഫിനാൻസിംഗിന് സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ, സൈറ്റിൽ പണി ആരംഭിക്കുന്നതിനുള്ള വർക്കിംഗ് ഡ്രോയിങ്ങുകൾ എന്നിവ സമർപ്പിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് (നോട്ട് ഫയൽ പേജ്22;15.10.21)

ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സമർപ്പിച്ച സന്ദർഭത്തിൽ 1.12.21 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺസൾട്ടിംഗ് ഫീ പരിശോധനയ്ക്ക് ഫയൽ HD യിൽ അയയ്ക്കുകയും വീണ്ടും പരിശോധിച്ചപ്പോൾ സ്ട്രക്ചർ ഡിസൈന് നൽകാവുന്ന കൺസൾട്ടൻസി ഫീ 12,68,663 രൂപയായിരുന്നുവെന്നും, ഇലക്ട്രിക് കൺസൾട്ടൻസിക്ക് 1,44,078 രൂപയാണ് നൽകാവുന്നതെന്നും, കമ്പനിക്ക് ഫസ്റ്റ് പാർട്ട് ബില്ലിൽ അധികം അനുവദിച്ച തുക(1462869-12,68,663)= 1,94,206 രൂപയിൽ ആയത് തട്ടിക്കിഴിച്ച് ബാക്കി(194206-144078) 50128 രൂപ കോർപ്പറേഷൻ ഈടാക്കേണ്ടതാണെന്നും കുറിപ്പെഴുതിയിട്ടുണ്ട്. 10.12.21 ന ശേഷം വിഷയത്തിൽ ഫയൽ നടപടികൾ ഇല്ല. പ്രസ്തുത തുക 50128 രൂപ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം

അറിയിക്കേണ്ടതാണ്.

സിവിൽ വർക്കിന്റെ ഫൈനൽ DPR ഫയലിനോടൊപ്പം ലഭ്യമായില്ല. ആയത് ഹാജരാക്കേണ്ടതാണ്. പ്രസ്തുത പ്രൊജക്ടിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ ഡിസൈൻ ചെയ്തിരിക്കുന്നത് സ്ഥലത്തെ 6മീ. വ്യാസമുള്ള കിണർ പരിഗണിക്കാതെയാണ്. കിണറിന്റെ സ്ഥാനത്ത് പൈലുകൾ വരുന്നതിനാൽ ടി ഭാഗം റീഡിസൈൻ ചെയ്യണമെന്ന് ഓവർസിയർ 26.7.21 ൽ റിപ്പോർട്ട് ചെയ്തു പ്രകാരം GITPAC ന് എക്സി.എഞ്ചിനീയറുടെ 10.9.21ലെ DW7-30736/18/C കത്തു നൽകിയതിന്റെ തുടർ വിവരവും ആയത് റീഡിസൈൻ ചെയ്ത ലഭ്യമായതിന്റെ വിവരവും ഫയലിൽ ഇല്ല. വിശദീകരണം നൽകേണ്ടതാണ്.

2.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

12.3.21 ൽ പ്രവൃത്തിയുടെ ഭാഗമായി ലഭ്യമായ 2516.916 M3 മണ്ണിന് 249/ M3 നിരക്ക് പ്രകാരമുള്ള സർവ്വേ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. (വില:626712.00) സൈറ്റിലെ സ്ഥല പരിമിതി മൂലം തൽസ്ഥാനത്ത് നിക്ഷേപിക്കുവാൻ സാധിക്കാത്തതിനാൽ 2516.9 M3 മണ്ണ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ലാലൂർ ഗ്രൗണ്ടിൽ (മൂരിച്ചന്ത)ആവശ്യമായ എല്ലാരേഖകളും കൈക്കലാക്കി അയ്യന്തോൾ അസി.എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നിക്ഷേപിക്കുവാൻ കോൺട്രാക്ടർക്ക് 17.3.2021 ൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത മണ്ണിന്റെ വിനിയോഗ വിവരം, ലേലനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഫസ്റ്റ്& പാർട്ട് ബിൽ അളവുകൾ രേഖപ്പെടുത്തിയ എം.ബി നമ്പരുകൾ 24,05,13,35 എന്നിവ ലഭ്യമായിട്ടില്ല.) മണ്ണിന്റെ വിനിയോഗ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.103/25.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ലേല വിശദാംശം ലഭ്യമാക്കുന്നതുവരെ കുഴിച്ചെടുത്തമണ്ണിന്റെ വില 626712.00 രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രാഥമിക അളവുകൾ രേഖപ്പെടുത്തിയ അളവു പുസ്തകങ്ങൾ ലഭ്യമല്ലാത്തതിനാൽ കുഴിച്ചെടുത്ത മണ്ണിന്റെ യഥാർത്ഥ അളവ് അറിയാൻ കഴിഞ്ഞില്ല. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി.എഞ്ചിനീയർ I ന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

3. കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല.

24.11.23 ന് എഞ്ചിനീയറിംഗ് വിഭാഗം ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 18.9.2020 ൽ 18 മാസ കാലാവധിയിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തിയായിട്ടില്ല എന്നു കണ്ടു. സ്ഥലത്ത് തൊഴിലാളികൾ പ്രവൃത്തി നടത്തുന്നുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 1.പാർക്കിംഗിന് ബേസ്മെന്റ് ഫ്ലോർ 2. ആദ്യ മൂന്നു നിലകളിൽ കൊമേഴ്സ്യൽ സ്പേസ് 3. ബാങ്ക്വറ്റ് ഹാൾ ഗ്രൗണ്ട് ഫ്ലോർ 4. സ്റ്റേജ് വിത്ത് ബാൽക്കണി ഓൺ ഫസ്റ്റ് സെക്കന്റ് ഫ്ലോർ 5 . ഓപ്പൺ ഹാൾ ഓൺ 3rd ഫ്ലോർ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് HVAC ഫയർ എക്സിറ്റ് ലിഫ്റ്റ് ലാൻഡ്സ്കേപ്പിംഗ് ബൗണ്ടറി വാൾ വിത്ത് ഗേറ്റ് എന്നിവയാണ് വിഭാവനം ചെയ്തത്. മേൽ പറഞ്ഞതിൽ ക്രമ നം 5 വരെയുള്ള പ്രവൃത്തികളുടെ സ്ട്രക്ചർ വർക്ക് പൂർത്തിയായ നിലയിലാണ് കെട്ടിടം കാണപ്പെടുന്നത്.

18.9.2020 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി ആരംഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണതിയതി 8.4.2022 ആയിരുന്നു.

നിർമ്മാണ പൂർത്തീകരണ കാലാവധി 12 മാസം നീട്ടി നൽകണമെന്ന കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ഫൈൻ ഒഴിവാക്കി 8.4.2023 വരെ കാലാവധി ദീർഘിപ്പിച്ച നൽകി. സപ്ലിമെന്ററി എഗ്രിമെന്റ് നം: 1/25/EE2 /2020-21/20.4.22. എന്നാൽ മേൽ കാലാവധിയിലും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. വീണ്ടും 9 മാസത്തേക്ക് കൂടി ഫൈൻ ഒഴിവാക്കി കാലാവധി നീട്ടി നൽകാൻ എക്സി.എഞ്ചിനീയർ 5.4.23 ൽ നിർദ്ദേശിക്കുകയാണ് ഉണ്ടായത്. നിലവിൽ പൂർത്തീകരണ കാലാവധി 8.1.24 വരെയാണ്. സപ്ലിമെന്ററി എഗ്രിമെന്റ് നം. 2/25/EE2/2020-21 തിയതി 5.4.23. നിലവിൽ രണ്ട് പ്രാവശ്യം ഫൈൻ ഒഴിവാക്കി കാലാവധി ദീർഘിപ്പിച്ച സാഹചര്യത്തിൽ 2024 ജനവരി 8 ന തന്നെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഫണ്ട് ലഭ്യത ഉറപ്പ് വരുത്താതെ പ്രവൃത്തി നിർവ്വഹണം നടത്തിയതിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2020-21ൽ ആവിഷ്ക്കരിച്ച പ്രൊജക്ടിൽ ആകെ അടങ്കൽ തുക 3,11,81,000.00രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയായിട്ടാണ് ഉദ്ദേശിച്ചത്. എന്നാൽ പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. 2022-23 വരെയുള്ള പ്രൊജക്ടുകൾ പരിശോധിക്കുമ്പോൾ മൊത്തം അടങ്കൽ തുകയുടെ 75% വും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായിട്ടാണ് വകയിരുത്തിയത്. എന്നാൽ പ്രൊജക്ടിൽ ചെലവായ മൊത്തം തുകയും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് മറ്റ് ഉൽപാദന, സേവന മേഖലാ പദ്ധതികൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ലോൺ വഴി ഫണ്ട് കണ്ടെത്തി നടപ്പിൽ വരുത്തേണ്ട ബഹുവർഷ പദ്ധതികൾക്ക് മാറ്റി ഉപേയാഗിച്ചത്. പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി ഫണ്ട് വിനിയോഗം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഇനത്തിൽ ലഭ്യമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തിയാകാതെ വരുന്നത് ചെലവ് വർദ്ധിക്കുന്നതിനും കോർപ്പറേഷന്റെ സാമ്പത്തിക ബാധ്യത കൂടുന്നതിനും കാരണമാകും. കെട്ടിടം പൂർത്തിയാക്കി ഉപയോഗക്ഷമമാക്കാനുള്ള കാലതാമസം മൂലം കോർപ്പറേഷനു ലഭിക്കേണ്ട വാടക വരുമാനം നഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (103/25.11.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതു വരെ തൻ വർഷത്തെ ചെലവു തുക രൂപ 1,25,00,000 രൂപ തടസ്സപ്പെടുത്തുന്നു.

1-144 കാളത്തോട് കല്യാണ മണ്ഡപം: ഓഡിറ്റോറിയം/ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- 2018-19 ൽ ആവിഷ്ക്കരിച്ച പ്രൊജക്ട്സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 1,49,41,264 രൂപ തടസ്സപ്പെടുത്തുന്നു.

| | | | | |
|---|---|---|---|---|
| | | പ്രൊജക്റ്റ് നം. | 286/23 (spill Over) | |
| | | ഫയൽ നം. | DW7/30736 | |

| | | | | |
|---|---|---|---|---|
| | | | /18(c) | |
| | | നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി. എഞ്ചിനീയർ I | |
| | | ഭരണാനുമതി/തുക | 139/A/2 /31.08.2019 5,16,50,338.00 | |
| | | സാങ്കേതികാനുമതി/തുക | T S No: 94126/2019-20 /02.12.19 4,53,30,000.00 | |
| | | പൂർത്തീകരണ കാലാവധി | 12 മാസം | |
| | | ടെണ്ടർ / കോൺട്രാക്ടർ/ക്വാട്ട് ചെയ്ത തുക | 04.01.2020/ ജെ.എം.ജെ കൺസ്ട്രക്ഷൻസ് 3,08,80,117 .63 രൂപ | |
| | | എഗ്രിമെന്റ് | നം:33/ഇഇ1 /2020-21 /20.10.2020 | |
| വർഷം | പ്രൊജക്റ്റ് നം | ഫണ്ടിനം | വൗച്ചർ നം/തീയതി | തുക |
| 2018-19 | 416/19 | വികസന ഫണ്ട്:500000 ചെലവ്:ഇല്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ:1,00,00,000 ചെലവ്:ഇല്ല. | - | - |

| | | | | |
|---|---|---|---|---|
| 2019-20 | 237/20 | വികസന ഫണ്ട്:5,00,000 ചെലവ്:5,00,000 | 21901467/- 28.6.19 | 5,00,000.00 |
| 2020-21 | 482/21 (ടഠ) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ:5,11,50,338 ചെലവ്:ഇല്ല. | - | - |
| 2021-22 | 390/22 (ടഠ) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ:4,61,50,338 ചെലവ്:ഇല്ല. | - | - |
| 2022-23 | 286/23 (ടഠ) | വികസന ഫണ്ട് : 1,25,00,000 ചെലവ്:1,22,80,050 തനതു ഫണ്ട് : 27,00,000 ചെലവ് : 26,61,214 | 22204616/ 27.01.2023 22205007/ ചെക്ക് നം: 01208195/ 27.3.23 | 1,22,80,050.00 26,61,214.00 |
| | | | ആകെ ചെലവു തുക | 1,54,41,264.00 |

അളവു പുസ്തകങ്ങൾ:

| ക്രമ.നം | എം.ബി നം. |
|---|---|
| 1. | 208/D/AEE2/18-19 |
| 2. | 142A/21-22 |
| 3. | 145A/21-22 |
| 4. | 161/AEE1/22-23 |
| 4. | 145/AEE1/22-23 |

| | |
|---|---|
| 6. | 162/AEE1/22-23 |
| 7. | 155/AEE1/22-23 |
| 8. | 85/AEE2/22-23 |
| 9. | 145A/AEE2/21-22 |



1.(i) DPR തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീ കണക്കാക്കിയതിലെ അപാകത - തുക അധികം അനുവദിച്ചു.

കാളത്തോട് കല്യാണ മണ്ഡപം കമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണത്തിന് DPR തയ്യാറാക്കുന്നതിന് "സ്ട്രക്ചേഴ്സ് ഇന്ത്യ" എന്ന സ്ഥാപനത്തെ ടെണ്ടർ മുഖേന തിരഞ്ഞെടുത്തതിന് 19.6.18 ലെ 30-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകി.(ഫയൽ നം. P WI/ 11793 17) പ്രസ്തുത സ്ഥാപനം 2.5.19 ൽ 7,52 ,240 രൂപയുടെ ഇൻവോയ്സ്(നം. 5657) സമർപ്പിച്ചതിനെ തുടർന്ന് 2019 - 20 ലെ പ്രൊജക്ട് പ്രകാരമുണ്ടായിരുന്ന മുഴുവൻ തുകയും- 500000/-രൂപ സ്ഥാപനത്തിന്റെ ചെലവിന് ബില്ലാക്കുകയും നിയമാനുസൃത കിഴിവുകൾ നടത്തി 4,35,000 രൂപ കോൺട്രാക്ടർക്ക് നൽകുകയും ചെയ്തു.

സ്ഥാപനം തയ്യാറാക്കിയ DPR ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നും സ്ക്രൂട്ടിനി നടത്തിയതിനു ശേഷം സാങ്കേതികാനുമതിക്കായി 9.8.19 ൽ ചീഫ് എഞ്ചിനീയർക്ക് അയച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 6.9.2019 ലെ നം. DB7/12022/ 2019 CE /LSGD കത്തു പ്രകാരം താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാണിച്ച് ടെക്നിക്കൽ സാങ്ഷൻ അനുവദിച്ചില്ല.

1.ഭരണാനുമതി രേഖ ഇല്ല

2.സ്ട്രക്ചറൽ ഡ്രോയിംഗ് അന്തിമമല്ല

3.എസ്റ്റിമേറ്റിലെ അളവുകൾ ഡ്രോയിംഗുമായി പൊരുത്തപ്പെട്ട് കാണുന്നില്ല.

4.നിലവിലുള്ള പൊളിച്ച് മാറ്റുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

5.പ്രൈസിൽ സമർപ്പിച്ചിട്ടില്ല.

ചീഫ് എഞ്ചിനീയർ ചൂണ്ടിക്കാട്ടിയ മേൽ അപാകതകളിൽ നിന്നും "സ്ട്രക്ചേഴ്സ് ഇന്ത്യ" നൽകിയ DPR പൂർണ്ണമായിരുന്നില്ല എന്ന് വ്യക്തമാണ്. ടെക്നിക്കൽ സാങ്ഷൻ 94126/ 2019 -20 തിയതി 2.12.19 ആയി ലഭ്യമായി.

ടെക്നിക്കൽ സാങ്ങ്ഷനിൽ ഭരണാനുമതി രേഖപ്പെടുത്തിയിരിക്കുന്നത് 17 /1.10.19 എന്നാണ്. 2018-19 ൽ ആവിഷ്കരിച്ച ബഹുവർഷ പദ്ധതിയായിരുന്നിട്ടും ആയതിന് ഭരണാനുമതി ലഭ്യമാകും മുമ്പ് തന്നെ DPR തയ്യാറാക്കിയതിന്റെ ഫീസ് അനുവദിച്ച് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

(ii)മേൽ പ്രവൃത്തിയുടെ DPR തയ്യാറാക്കുന്നതിനായി സുക്ചേഴ്സ് ഇൻഡ്യ എന്ന സ്ഥാപനവുമായി കരാർ (Agt.No. CS/EE1/103(b)/18-19)31.10.18 ന് ഒപ്പുവെച്ചിട്ടുണ്ട്. എഗ്രിമെന്റനുസരിച്ച് താഴെ പറയും പ്രകാരമാണ് കൺസൾട്ടൻസി ഫീ നൽകേണ്ടത്.

1.20 % കൺസൾട്ടൻസി ഫീ - PPR(റഫ് കോസ്റ്റ്)

2.50%കൺസൾട്ടൻസി ഫീ - DPR

3.20%കൺസൾട്ടൻസി ഫീ - ടെക്നിക്കൽ സാങ്ങ്ഷൻ

4.10% കൺസൾട്ടൻസി ഫീ -പ്രൊജക്ട് പൂർത്തീകരണം

മേൽ പറഞ്ഞതിൽ 3, 4 ഇനങ്ങൾ പ്രൊജക്ട് പൂർത്തിയാകുമ്പോഴോ അല്ലെങ്കിൽ 2 വർഷം തികയുമ്പോഴൊ ഏതാണ് ആദ്യം .

നോട്ട് ഫയൽ പേജ് 30 ൽ "ഫയൽ പരിശോധിച്ചതിൽ കരാർ ഉടമ്പടി പ്രകാരമുള്ള പ്രിലിമിനറി പ്രൊജക്ട് റിപ്പോർട്ട് ലഭ്യമായതായി കാണുന്നില്ലെന്ന് "ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(15.08.20) കുറിപ്പെഴുതിയതിനെ തുടർന്ന് PPR ന് കരാർ പ്രകാരം അനുവദിക്കാവുന്ന 20% തുക കിഴിവു വരുത്തേണ്ടതുണ്ടെന്ന് രേഖപ്പെടുത്തി കാണുന്നു.സുക്ചേഴ്സ് ഇന്ത്യ തയ്യാറാക്കിയ DPR പ്രകാരം ടെക്നിക്കൽ സാങ്ങ് ഷന് ചീഫ് എഞ്ചിനീയർ അനുമതി നിഷേധിച്ചതു കൂടി പരിഗണിക്കുമ്പോൾ PPR സമർപ്പിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ 2.5.19 ൽ പ്രസ്തുത സ്ഥാപനത്തിന് റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച് നൽകിയ ബില്ലിൽ അധികതുക 1,42,919 രൂപ നൽകിയതായി 25.8.20 ൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ കുറിപ്പെഴുതിയിട്ടുണ്ട്. പ്രസ്തുത തുക തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ 7.9.2020 ൽ DW7 സെക്ഷനോട് നിർദ്ദേശിച്ചു കാണുന്നുവെങ്കിലും പിന്നീട് പ്രസ്തുത വിഷയത്തിൽ നോട്ട് ഫയലിൽ കുറിപ്പുകളില്ല. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. T S തുകയുടെ ലംപ്സം ഒഴികെയുള്ള തുകയെ അടിസ്ഥാനമാക്കി എഗ്രിമെന്റ് പ്രകാരം ഫീസ് നൽകുന്നതിനു പകരം റഫ് കോസ്റ്റ് എസ്റ്റിമേറ്റനുസരിച്ച് കൺസൾട്ടൻസി ഫീ നൽകിയത് ക്രമവിരുദ്ധമാണ്. അധികം നൽകിയതായി കണ്ടെത്തിയ തുക 1,42,919 രൂപ സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സുക്ചേഴ്സ് ഇന്ത്യ തയ്യാറാക്കിയതായി പറയുന്ന PPR, DPR തുടങ്ങിയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.ശരിയായ ആസൂത്രണമോ വേണ്ടത്ര മുന്നൊരുക്കമോ ഇല്ലാതെ പ്രൊജക്റ്റ് നിർവ്വഹണം ആരംഭിച്ചതിനാൽ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല-വരുമാനനഷ്ടം സംഭവിക്കുന്നു.

ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ പി.ബി. ദിനേശിന്റെ 30880117.63

രൂപയുടെ നിരക്കിന് ബഹു. മേയർ നൽകിയ മുൻകൂർ അനുമതി 16.9.2020 ലെ തീരുമാനം നമ്പർ 43.എ. 43 മുഖേന സാധൂകരിച്ചു.

10.2.20 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിക്ക് 15.2.20 ൽ വർക്ക് ഓർഡർ തയ്യാറാക്കിയെങ്കിലും പ്രവൃത്തി സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കിയിട്ടില്ലാത്തതിനാൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിന് സാധിക്കുകയില്ല എന്ന് 18.2.20 ന് ബന്ധപ്പെട്ട അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

18.2.20 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് ടി സൈറ്റിലെ നിലവിലുള്ള കല്യാണ മണ്ഡപം പൊളിച്ച് കളയുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് 23 ന് ശേഷം പൊളിച്ച് കളയുന്ന പ്രവൃത്തിയിൽ തടസ്സം നേരിട്ടതായി 16.9.20 ലെ കൗൺസിൽ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ കാരണത്താൽ കരാറുകാരൻ പി.ബി. ദിനേശ് പ്രസ്തുത പ്രവൃത്തിയിൽ നിന്നും ടിയാനെ ഒഴിവാക്കാൻ ബഹു. ഹൈക്കോടതി ഉത്തരവ് സമ്പാദിക്കുകയും ചെയ്തു.[ WP(C)/11622/20 Dt.15.6.20]. കോർപ്പറേഷന്റെ 25.8.20 DW7/21408/20 ഉത്തരവ് നടപടികൾ പ്രകാരം കരാറുകാരന്റെ EMD ഫോർഫീറ്റ് ചെയ്ത് നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി പറയുന്നു.കൗൺസിൽ തീരുമാനം നമ്പർ 19/ 22.10.21 പ്രകാരം പി.ബി ദിനേഷിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും EMDക്ക് തുല്യമായ തുക കുറവ് ചെയ്ത് ബാക്കി തുക നിയമാനുസൃതം നൽകാൻ തീരുമാനിച്ചു. ഇ.എം.ഡി. ഫോർ ഫീറ്റ് ചെയ്തതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ആദ്യ കരാറുകാരൻ പിന്മാറിയപ്പോൾ രണ്ടാമത് കുറവ് ക്വാട്ട് ചെയ്ത ശ്രീവൽസൻ കെ.വി യെ സമീപിച്ചെങ്കിലും ടിയാളും ഒഴിവായി. തുടർന്ന് മൂന്നാമത് കുറവ് രേഖപ്പെടുത്തിയ ജെ.എം.ജെ കൺസ്ട്രക്ഷൻസ്, മരത്താക്കര എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി .ടി സ്ഥാപനം 3,08,80,117.63.00 നിരക്കിൽ തന്നെ പ്രവൃത്തി ചെയ്യാൻ തയ്യാറായി കരാർ വെച്ചു. Agmt. No.33/ EE1/ 2020-21 Dt. 20.10.20.പൂർത്തീകരണ കാലാവധി-18മാസം.

9.11.21 ൽ പ്രസ്തുത കോൺട്രാക്ടർക്ക് വർക്ക് ഓർഡർ നൽകിയെങ്കിലും പ്രവൃത്തി സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ച് നീക്കാൻ അപ്പോഴും കോർപ്പറേഷന് സാധിച്ചില്ല. തുടർന്ന് 12.1.21 ൽ ജെ.എം.ജെ കൺസ്ട്രക്ഷൻസും പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി നൽകാൻ അപേക്ഷ നൽകുന്ന സാഹചര്യം ഉണ്ടായി. തുടർന്ന് 9 മാസം കഴിഞ്ഞ് 2.11.21 ലാണ് കോൺട്രാക്ടർക്ക് സൈറ്റ് കൈമാറി കൊടുത്തത്. സൈറ്റ് ഹാന്റ് ഓവർ ചെയ്തതിനു ശേഷം ബേസ് മെന്റ് ഫ്ലോർ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് ഖനനം ചെയ്ത് മാറ്റുന്നതിന് ജിയോളജി പാസ്സ് ലഭ്യമാകുന്നതിന് കാലതാമസം നേരിടുകയും തുടർന്ന് 22.2.2022 മുതൽ 18 മാസത്തേക്ക് 22.8.2023 വരെ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അംഗീകാരം നൽകി.സപ്ലിമെന്ററി എഗ്രിമെന്റ്:01/33/EE1/2020-21 Dt.22.08.23

ഓഡിറ്റ് ടീം 25.11.23 ന് സ്ഥലപരിശോധന നടത്തിയ വേളയിലും പ്രവൃത്തി തുടരുന്നതായി കണ്ടെത്തി. സപ്ലിമെന്ററി എഗ്രിമെന്റിലെ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കോൺട്രാക്ടർ കാലാവധി ദീർഘിപ്പിക്കരണത്തിന് അപേക്ഷ നൽകിയതായി ഫയലിൽ രേഖയില്ല.

നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക ഇനത്തിൽ ലഭിക്കുമായിരുന്നതുക നഷ്ടമായിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

നോട്ട് ഫയൽ 21.10.23 കുറിപ്പ് പ്രകാരം പറവട്ടാനി ഗ്രൗണ്ട്, കാളത്തോട് സെൻറ് ജോസഫ് ചർച്ചിനു മുൻവശത്തുള്ള പി.ഡബ്ല്യൂ.ഡി റോഡ് സൈഡ് എന്നിവിടങ്ങളിലായി സ്റ്റാക്ക് ചെയ്തിട്ടുള്ള മേൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് 1931 M3 മണ്ണ് ലേല നടപടിക്കായി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഫയലിൽ തുടർ നടപടികളുടെ വിശദാംശം ഇല്ല. ലേലം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

അളവു പുസ്തകം നം. 162 പേജ് 37 ലെ അബ്സ്ട്രാക്റ്റ് ബിൽ പ്രകാരം 2304.634 M3 കുഴിച്ചെടുത്തിട്ടുണ്ട്. എം.ബി നം.208 Dയിൽ നിന്നാണ് കാരി ഓവർ ചെയ്തിരിക്കുന്നത്. (പേജ് നം.1ൽ 2056.485m3 +പേജ് നം.3ൽ248.149m3= 2304.634 M3 )

ഫസ്റ്റ് പാർട്ട് ബില്ലിൽ 2304.634m3 ന്റെ വിലയാണ് കരാറുകാരന് കൊടുത്തത് .എന്നാൽ എ.ഇ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയത് 1931.00എം3നാണ്.വ്യത്യാസം രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്.

മണ്ണിന്റെ വിനിയോഗ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.110/27.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ലേല വിശദാംശവും ബാക്കി മണ്ണിന്റെ വിനിയോഗ വിവരവും ലഭ്യമാക്കുന്നതുവരെ കുഴിച്ചെടുത്തമണ്ണിന്റെ വില(216@m3) 4,17,906.00രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സി.എഞ്ചിനീയർ ന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

4.ഫണ്ട് ലഭ്യത ഉറപ്പു വരുത്താതെ പ്രവൃത്തി നിർവ്വഹണം നടത്തിയതിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2018-19ൽ ആവിഷ്കരിച്ച പ്രൊജക്ടിൽ ആകെ അടങ്കൽ തുക 1 കോടി 5 ലക്ഷം രൂപയിൽ, 1 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയായിട്ടാണ് ഉദ്ദേശിച്ചത്. എന്നാൽ പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. നോട്ട് ഫയലിൽ 25.1.2020 ലെ കുറിപ്പിൽ ബഹു. മേയർ തന്നെ ലോൺ എടുക്കുന്നതിന് കൗൺസിൽ തീരുമാനം ഉള്ളതായും ലോൺ ലഭ്യമാക്കുന്ന കാര്യത്തിൽ വളരെ കാലതാമസം ഉണ്ടായിട്ടുള്ളതായും അക്കാര്യത്തിൽ വിശദീകരണം നൽകാനും ആവശ്യപ്പെട്ടു കാണുന്നു.അടിയന്തിരമായി തുടർ നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ലോൺ എടുക്കുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിച്ച കത്ത് 30.9.19 ന് കൗൺസിലിൽ അജണ്ട വെച്ചതായും ബന്ധപ്പെട്ട ഫയൽ DW7/51866/17 സമർപ്പിച്ചതായും ആയതിൽ 27.1.20 ന് കൗൺസിൽ തീരുമാനം ലഭിച്ചതായും ആയതിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ തുടർ വിശദാംശങ്ങളൊന്നും പിന്നീട് ഫയലിൽ ലഭ്യമായില്ല.

2022-23 വരെയുള്ള പ്രൊജക്ടുകൾ പരിശോധിക്കുമ്പോൾ മൊത്തം അടങ്കൽ തുകയുടെ 75% വും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായിട്ടാണ് വകയിരുത്തിയത്. എന്നാൽ പ്രൊജക്ടിൽ ചെലവായ ഭൂരിഭാഗം തുകയും വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് മറ്റ് ഉൽപാദന, സേവന മേഖലാ പ്രൊജക്ടുകൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ലോൺ വഴി ഫണ്ട് കണ്ടെത്തി നടപ്പിൽ വരുത്തേണ്ട

ബഹുവർഷ പ്രൊജക്റ്റുകൾക്ക് മാറ്റി ഉപയോഗിച്ചത്. പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി ഫണ്ട് വിനിയോഗം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഇനത്തിൽ ലഭ്യമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രൊജക്റ്റുകൾ യഥാസമയം പൂർത്തിയാകാതെ വരുന്നത് ചെലവ് ഉയരുന്നതിനും കോർപ്പറേഷന്റെ സാമ്പത്തിക ബാധ്യത കൂടുന്നതിനും കാരണമാകും.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 110/27.11.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവ് തുക 1,49,41,264/- രൂപ തടസ്സപ്പെടുത്തുന്നു.

1-145 മരാമത്ത് ബില്ലുകൾ ക്വാളിറ്റി ടെസ്റ്റ് ഉറപ്പ് വരുത്താതെ അനുവദിക്കുന്നു. - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.1997-ലെ കേരള [പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും] ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, മുനിസിപ്പാലിറ്റിയിലെ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പിഡബ്ള്യൂഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർനം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ കോർപ്പറേഷനിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലുകളിൽ രേഖയില്ല.

തസ്വഭവ ഉത്തര മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ കോർപ്പറേഷൻ എക്സി . എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് സ്ക്രൂട്ടിനിക്കു ശേഷം അയക്കുന്ന കത്തിൽ CPWD സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ക്വാളിറ്റി ചെക്കും ലാബ് ടെസ്റ്റുകളും നടത്തണമെന്നും, പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സ്റ്റീലിന്റെയും സിമന്റിന്റേയും ക്വാളിറ്റി സർക്കുലറുകൾ നം. 8/ 16 Fin

Dt- 4.2.16 , 88/ 2016 18-11-16 Of Fin Tech Wing Dept എന്നിവയിൽ നിർദ്ദേശിച്ച രീതിയിൽ പാലിക്കണമെന്നും രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖ. 14.4 ൽ മരാമത്ത് പ്രവൃത്തികൾക്ക് പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമേ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധമുള്ള മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണം. തുടക്കമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം എങ്കിലും റാൻഡം രീതിയിൽ തെരെഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിച്ചതായും രേഖകളില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.മരാമത്ത് പണികളുടെ മേൽനോട്ടത്തിന് സാങ്കേതിക പരിജ്ഞാനം ഉള്ള വ്യക്തികളെ നിയമിച്ചതായി രേഖയില്ല. പിഡബ്ല്യു ഡി വകുപ്പ് പൊതു ഉത്തരവ് 3/2017/PWD തിയതി 9.8.2017 വ്യവസ്ഥ 16 പ്രകാരം മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് കണക്കിലെടുത്ത് നിശ്ചിത തുകയ്ക്ക് മുകളിൽ വരുന്ന മരാമത്ത് പണികൾക്ക് കോൺട്രാക്ടർമാർ നിർബന്ധമായും സാങ്കേതിക പരിജ്ഞാനം ഉള്ള വ്യക്തികളെ മേൽനോട്ടത്തിനായി നിയോഗിക്കണം എന്നു നിഷ്കർഷിക്കുന്നു. ഓഡിറ്റ് പരിശോധിച്ച ഫയലുകളിലൊന്നും തന്നെ മേൽ നിബന്ധന പാലിച്ചതായി രേഖയില്ല.

മരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി കൺട്രോൾ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയ ഈ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ മരാമത്ത് വിഭാഗത്തിന് കോർപ്പറേഷൻ ഭരണസമിതി ആവശ്യമായ നിർദ്ദേശം നൽകാവുന്നതാണ്. നിർദ്ദേശം നൽകിയ ശേഷവും ക്വാളിറ്റി കൺട്രോൾ ഉറപ്പാക്കുന്നതിൽ മരാമത്ത് വിഭാഗം ശ്രദ്ധിക്കാത്ത പക്ഷം പ്രസ്തുത ചെലവുകൾക്ക് ഭരണസമിതിക്ക് അനുമതി നിഷേധിക്കാവുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക്(നം.119/1.12.23)മറുപടി ലഭ്യമാക്കിയില്ല.

## 1-146 ലാലൂർ ലെഗസി വേസ്റ്റ് ബയോ മൈനിംഗ്-പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ചെലവു തുക 28,30,375 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം: 182/23

ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ട് -ലെഗസി വേസ്റ്റ് ബയോ മൈനിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: എക്സി. എഞ്ചിനീയർ II

ഫയൽ നം : DW7/ 35405/ 19

പ്രൊജക്ട് ചെലവിന്റെ വിശദാംശം

| വർഷം | പ്രൊജക്റ്റ് .നം | ഫണ്ടിനം | വൗച്ചർ നം/ തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2021-22 | 32/22 | സംസ്ഥാനാ വിഷ്കൃത പരിപാടി: 11650000<br>കേന്ദ്രാവിഷ്കൃതപരിപാടി: 17500000<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ: 20850000 | - | - |
| 2022-23 | 182/23 | വികസന ഫണ്ട്: 3000000<br>ചെലവ്: 28,30,375<br>കേന്ദ്രാവിഷ്കൃത ഫണ്ട് 175000000<br>സംസ്ഥാനാ വിഷ്കൃത ഫണ്ട്: 11650000<br>മറ്റുള്ളവ: 178 50000<br>ആകെ 5 കോടി | Cc First&Part<br>22203584/30.11.2022 | 28,30,375.00 |
| 2023-24 | 1489/24 | DPC അംഗീകൃത പ്രൊജക്ട് ഫയലിൽ ലഭ്യമായില്ല. | Cc 2nd &Part<br>ചെക്ക് നം.224646 /22301422/ 18.8.23 | 1,19,01,147.00 |

കോർപ്പറേഷൻ മാലിന്യം വർഷങ്ങളായി നിക്ഷേപിക്കപ്പെട്ടിരുന്ന ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ടിന്റെ ഒരു ഭാഗത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഐ.എം.വിജയൻ സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയായി വരുന്ന വേളയിൽ, സ്ഥലത്തെ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് Rule 15 (2), ഷെഡ്യൂൾ I(J) ഇവ കോർപ്പറേഷൻ പാലിക്കുന്നില്ല എന്ന് സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 30.7.19ൽ കത്തു നൽകുകയുണ്ടായി. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ ബയോ മൈനിംഗ് പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത്. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 18.9.19 ലെ PCB / HO/ SEE 2/ GEN - GUIDELINES /2019 നമ്പർ ഉത്തരവു പ്രകാരം ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ മാലിന്യം ബയോ മൈനിംഗ് ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. ആയതിൽ തുടർ നടപടി സ്വീകരിക്കാഞ്ഞതിനാൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ചട്ടലംഘനത്തിന്റെ പേരിൽ PCB നഗരസഭയുടെ

മേൽ 2019 ൽ 4.56 കോടി രൂപ പിഴ ചുമത്തിയിരുന്നു. ഇതിനെ തുടർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചതിനാൽ ബഹു. ഹൈക്കോടതിയുടെ 26.11.19 ലെ WP(C) No.30789 2019 നമ്പർ കേസിൽ ഫൈൻ അടവാക്കുന്നതിൽ നിന്നും 9.6.20 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭയെ ഒഴിവാക്കിയിട്ടുള്ളതാണ്. തുടർന്ന് 15.7.20 ലെ 12-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർ നടപടികൾക്ക് കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. 22.10.20 ലെ 16ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ആവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് തീരുമാനിച്ചു. 5 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനും ഫണ്ട് സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിനും ബയോ മൈനിംഗ് ചെയ്യുന്നതിനായുള്ള തുക തൽകാലം തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും തുടർന്ന് സർക്കാരിൽ നിന്നോ ശുചിത്വ മിഷൻ ഉൾപ്പെടെയുള്ള വകുപ്പ് ഏജൻസികളിൽ നിന്നോ ഇതുമായി ബന്ധപ്പെട്ട് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി തുക റീ ക്ലൂപ്പ് ചെയ്യുന്നതിനും തുടർ നടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ബയോ മൈനിംഗ് എസ്റ്റിമേറ്റ് ആദ്യം തയ്യാറാക്കിയപ്പോഴുള്ള അളവ് 189970.33 M3 എന്നാണ് കണക്കാക്കിയതെങ്കിലും പിന്നീട് 28.4.2020 ലെ 6 -ാം നമ്പർ തീരുമാനപ്രകാരം മാലിന്യത്തിന്റെ അളവ് സ്റ്റേഡിയം നിർമ്മാണ സ്ഥലം ഒഴിവാക്കി പുനഃനിർണ്ണയിച്ച എസ്റ്റിമേറ്റ് പ്രകാരം 51634.84 എം3 മണ്ണ് മാത്രമാണ് നീക്കം ചെയ്യേണ്ടി വരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കാക്കിയിട്ടുണ്ട്.

ശുചിത്വമിഷനിൽ നിന്നും സാങ്കേതിക അനുമതി തേടി നൽകിയ കത്തിന് 14.10.20 ലെ 1648/സി2 /2008/എസ്.എം പ്രകാരമുള്ള മറുപടിയിൽ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ആവശ്യമില്ലെന്നും ശുചിത്വ മിഷൻ നിരക്കും സ്പെസിഫിക്കേഷനും പരിഗണിച്ച് കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം അളന്നു തിട്ടപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ മാലിന്യത്തിന്റെ അളവിനനുസൃതമായി തുക നിശ്ചയിച്ച് ആവശ്യമായ ഭരണാനുമതിയും ഫണ്ട് ലഭ്യതയും ഉറപ്പുവരുത്തി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലെഗസി വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗരേഖ പാലിച്ച് ടെണ്ടർ/താൽപര്യപത്രം മുഖേന പ്രവൃത്തി നടപ്പിലാക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

12.11.2020 ൽ തദ്ദേശ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ 13.11.2020 ലെ 5ാം നമ്പർ തീരുമാന പ്രകാരം നാഷനൽ ഗ്രീൻ ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അടിയന്തിര നിർദ്ദേശം ഉള്ളതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് കമ്പനികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിന് അനുമതി നൽകുന്നതിന് തസ്വഭ വകുപ്പിലേക്ക് കത്ത് നൽകി. 20.1.2021 ൽ താൽപര്യപത്രം ക്ഷണിക്കുകയും ആയതിൽ പങ്കെടുത്ത 4 കമ്പനികളിൽ നിന്നും 3 കമ്പനികൾ 4.3.21 ൽ കൗൺസിൽ ഹാളിൽ പദ്ധതി അവതരണം നടത്തി. അവതരണത്തിൽ പങ്കെടുത്ത കമ്പനികളിൽ നിന്നും 30.6.21 ന് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചു. കൗൺസിലിന്റെ 23.12.2021 തിയതിയിലെ 28-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SEUF സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുന്നതിന് തീരുമാനിച്ചു. M3 ന് 867.50 രൂപ

നിരക്കിൽ 51000 M3 മാലിന്യം ബയോ മൈനിംഗ് ചെയ്യാൻ ധാരണയായി. ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് SEUF ന്റെ മൂന്നാർ ബയോ മൈനിംഗ് പ്ലാന്റ് സന്ദർശിക്കാൻ തീരുമാനിക്കുകയും 14.1.22 ൽ മൂന്നാറിൽ SEUF പ്ലാന്റിൽ സന്ദർശനം നടത്തിയെങ്കിലും അതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയതായി രേഖയില്ല.

ക്വാട്ട് ചെയ്ത തുക : 867.50 M3 X51000 M3 = 4,42,42,500 രൂപ

Agmt. No. 125 /EE2 2021-22 / 1.2.22

പ്രവൃത്തി ആരംഭിച്ച തിയതി: 1.2.22

പൂർത്തീകരിക്കേണ്ട തിയതി: 31.1.23

അളവു പുസ്തകം നമ്പർ 107/ AEE2/22-23, LF Book No:31/AEE2/21-22/3.2.22

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എഗ്രിമെന്റ് പ്രകാരം 31.1.2023 ന് പൂർത്തിയാകേണ്ട പ്രവൃത്തി ഓഡിറ്റ് കാലയളവിലും പൂർത്തിയായിട്ടില്ല.

അളവു പുസ്തകം പ്രകാരം ആകെ 51000 M3 ബയോ മൈനിംഗ് ചെയ്യാനുള്ളതിൽ 21438.83 M3 മാത്രമാണ് 7.3.23 വരെ ചെയ്യാനായത്. എഗ്രിമെന്റ് കാലാവാധി 30.4.23 വരെ പിഴ കൂടാതെ നീട്ടി നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്.(Suppl.Agmt. No.1/ 125 /EE2 2021-22 / 17.1.23). എന്നാൽ പ്രസ്തുത തിയതിയിലും പൂർത്തീകരിക്കാതെ 31.12. 2023 വരെ വീണ്ടും പൂർത്തീകരണ കാലാവധി നീട്ടി കൊടുത്തിട്ടുണ്ട്.(Suppl.Agmt. No.1/ 125 /EE2 2021-22 / 29.4.23). പ്രതികൂല കാലാവസ്ഥയും അപ്രതീക്ഷിത മഴയും മൂലം ബയോ മൈനിംഗ് ചെയ്യേണ്ടുന്ന മാലിന്യം നനഞ്ഞതിനാൽ വേർതിരിച്ചെടുക്കുന്ന പ്രക്രിയ ദുഷ്കരമായ സാഹചര്യമാണ് നിലവിൽ ഉള്ളതെന്ന അയ്യന്തോൾ സോണൽ അസി.എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.12.2023 വരെ കരാർ നീട്ടിക്കൊടുത്തു. തുടർന്ന് 10.5.23 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കുറിപ്പിൽ 30,000m3 വേസ്റ്റ് ബയോ മൈനിംഗ് നടത്തിയതായി അറിയിപ്പ ലഭിച്ചതായി രേഖപ്പെടുത്തി. എഞ്ചിനീയറിഗ് വിഭാഗത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 24.11.23ന് ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ ബയോ മൈനിംഗ് പ്രവൃത്തി നടന്നുവരുന്നതായി കണ്ടു. SEUF ന്റെ വർക്ക് സൂപ്പർ വൈസറുടെ സാന്നിദ്ധ്യത്തിൽ 10 ഓളം തൊഴിലാളികൾ മാലിന്യക്കൂമ്പാരം വാരി ചാക്കുകളിൽ നിറക്കുന്നുണ്ടായിരുന്നു. സ്ഥലത്ത് യന്ത്രങ്ങൾ നിറുത്തിയിട്ട നിലയിൽ കണ്ടു. 2023 ഡിസംബർ 31 നുള്ളിൽ സൈറ്റ് ക്ലിയർ ചെയ്യുമെന്ന് സൂപ്പർവൈസർ അറിയിച്ചെങ്കിലും കൂടുതൽ തൊഴിലാളികളെ ഉപയോഗിച്ച് മെഷീനുകളും ഉപയോഗപ്പെടുത്തി മാത്രമേ നിർദ്ദിഷ്ട തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാകു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2.പാർട്ട് ബില്ലുകളിൽ നിന്ന് TDS ഈടാക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അളവു പുസ്തകം നം.107 പേജ് 1 പ്രകാരം ആദ്യ അളവ് രേഖപ്പെടുത്തിയത് 37.22 നാണ്. 10.7.22 ന് തയ്യാറാക്കിയ പാർട്ട് ബിൽ പ്രകാരം 3262.68 M3 മാലിന്യമാണ് ബയോ മൈനിംഗ് ചെയ്തത്. ആകെ പ്രവൃത്തി മൂല്യം 28,30,375 രൂപ .പ്രസ്തുത ബില്ലിൽ നിന്നും GST TDS ഈടാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സെക്കന്റ് പാർട്ട്

ബിൽ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 27.2.23 നാണ്; 18176.15 M3.എം.ബി. പേജ് 6 ൽ മെഷർ മെന്റ്സ് രേഖപ്പെടുത്താതെ ആകെ അളവാണ് രേഖപ്പെടുത്തിയത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സെക്കന്റ് പാർട്ട് ബില്ല് 11901147 രൂപ തനതു ഫണ്ടിൽ നിന്നും അനുവദിച്ച (ചെക്ക് നം: 224646 വൗച്ചർ നം.22301422 തിയതി 18.8.23) കരാർ തുക 4 കോടിയിൽ പരം രൂപ ആയിരുന്നിട്ടും പാർട്ട് ബില്ലുകളിൽ നിന്ന് TDS ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.പ്രൊജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി തനതു ഫണ്ടിൽ നിന്നും തുക നൽകി.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, സംസ്ഥാന, കേന്ദ്ര പരിപാടികളിൽ നിന്നുള്ള തുക എന്നിവ വകയിരുത്തിയാണ് പ്രൊജക്ട് ആവിഷ്കരിച്ചത്. സെക്കന്റ് പാർട്ട് ബിൽ 1,29,37,435 രൂപ തനതു ഫണ്ടിൽ നിന്ന് നൽകാൻ മേയർ 25.5.23 ൽ ശുപാർശ ചെയ്തതുപ്രകാരം 2023-24 ലെ പ്രൊജക്ട് നം:1489/23 ൽ Chq.No:224646/Vr.No:22301422/18.08.23 പ്രകാരം 1,19,01,147 രൂപ സെക്കന്റ് പാർട്ട് ബില്ല് അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ നടപടിക്രമം 7.10.23 ലെ ഉത്തരവ് നം.245 /പി.ഒ/ ഡി എസ് എം/ 2022 പ്രകാരം സ്വച്ഛ് ഭാരത് മിഷൻ നഗരം 2.0 പ്രകാരം കോർപ്പറേഷൻ ആവശ്യപ്പെട്ട തുക 1,29,37,435 രൂപയ്ക്ക് പകരം 1,23,42,000 രൂപ ലഭ്യമായി. പ്രസ്തുത തുക തനതു ഫണ്ടിലേക്ക് റീ ക്രൂപ്പ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

4.ബയോ മൈനിംഗ് മാർഗ്ഗരേഖ പാലിച്ചതായി രേഖകളില്ല.

സംസ്ഥാന ശുചിത്വ മിഷൻ നിർദ്ദേശിച്ച പ്രകാരം സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് 2019 ഫെബ്രുവരിയിൽ പുറപ്പെടുവിച്ച "Guidelines For Disposal Of Legacy Waste Old Muncipal Solid Waste" മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് ബയോ മൈനിംഗ് നടത്തിയതെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമായിട്ടില്ല.

5.ഫണ്ട് ലഭ്യത ഉറപ്പു വരുത്താതെ പ്രവൃത്തി നിർവ്വഹണം നടത്തി.

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, സംസ്ഥാന, കേന്ദ്ര പരിപാടികളിൽ നിന്നുള്ള തുക എന്നിവ വകയിരുത്തിയാണ് പ്രൊജക്ട് ആവിഷ്കരിച്ചത്. വായ്പ ലഭ്യമാക്കിയിട്ടില്ല. ഫണ്ട് യഥാസമയം ലഭിക്കാതെ വന്നതിനാൽ തനതു ഫണ്ടിൽ നിന്നും തുക നൽകേണ്ട അവസ്ഥയും വന്നു. മേൽ അപാകതകൾ പരിഹരിച്ച് ബയോ മൈനിംഗ് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (114/29.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻ വർഷത്തെ ചെലവു തുക 28,30,375 രൂപ തടസ്സപ്പെടുത്തുന്നു.

1-147 ജി.ഐ.എസ് മാപ്പിംഗ്-അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവു തുക 49,99,896 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രൊജക്റ്റ് നം.237/ 23

നിർവ്വഹണ ഉദ്യോഗസ്ഥൻ: എക്സി.എഞ്ചിനീയർ II

സർക്കാർ ഉത്തരവ് നമ്പർ 2556/ 2018/4.10.2018 തസ്വഭവ പ്രകാരമുള്ള ജി.ഐ.എസ് മാപ്പിംഗ്

ഫയൽ നം.PW1-45164/21

വികസന ഫണ്ട് ജന: വിഭാഗം അടങ്കൽ തുക: 5000000

ചെലവ് തുക : 4999896

വൗച്ചർ നം:22203201/31.08.22 തുക:4527943

വൗച്ചർ നം:222057811/28.03.23 തുക:4527943

4.10.2018 ലെ സ.ഉ(സാധാ) നമ്പർ 2556/ 2018 തസ്വഭവ ഉത്തരവിനെ അടിസ്ഥാനമാക്കി കോർപ്പറേഷൻ പരിധിയിൽ ജി.ഐ.എസ് (ജ്യോഗ്രഫിക് ഇൻഫോർമേഷൻ സിസ്റ്റം) മാപ്പിംഗ് നടത്തുന്നതിനാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ചത്. 6.12.21 ന് Re-E-tender ക്ഷണിക്കുകയും രണ്ട് ഏജൻസികൾ ബിഡ് സമർപ്പിച്ചതിൽ(ULCCS-927120.00,സൈബർ സ്വിഫ്റ്റ് ഇൻഫോടെക് പ്രൈ.ലിമിറ്റഡ്-2246160) കുറവ് ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു.
24.1.22 ലെ തീരുമാനം നമ്പർ 45 പ്രകാരം കൗൺസിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. മേൽ തീരുമാനപ്രകാരം ULCCS സമർപ്പിച്ച താഴെ പറയുന്ന നിരക്കുകൾ അംഗീകരിച്ചു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം/ഇനം | വിസ്തീർണ്ണം/എണ്ണം | യൂണിറ്റ് | നിരക്ക് |
|---|---|---|---|---|
| 1. | Drone Imagery With 3 Cm Resolution | 1.00 | Sq.Km | 20000.00 |
| 2. | Base Map Preparation Including Land Use Land Cover Map,strret Light Mapping,drainage Mapping And Public Taps | 1.00 | Sq.Km | 4000.00 |
| 3. | Building Asset Survey Of All Building Assets In The Muncipal Corporation With Form 6 Parameters And Socio Economic Attributes,<br><br>Building Details, Member Details, Location Details , Educational Details , Utilities Details | 1.00 | Number | 110.00 |

| | | | | |
|---|---|---|---|---|
| | Establishment Details, Environmental Parameters Maximum Of 120 Parameters | | | |
| 4. | Road Network Including Culverts,bridges And Other Infrastructure | 1.00 | Km | 3000.00 |
| 5. | Enterprise GIS Portal With Analytic Dash Board- With Report Generation Tools ,Updation Module Module And Custom Mobiles Application For Data Collection. | 1.00 | Number | 500000.00 |
| 6. | Existing Building Asset Register Digitilasation And Updation Post Survey To The Existing Property Tax Application, Identification Of Data Variation | 1.00 | Number | 10.00 |
| 7. | Technical Support And Capacity Building For Two Years | | Number | 400000.00 |
| | | | | 927120.00 |

22.2.2022 ന് No. 148/ EE2/ 2021-22 നമ്പർ എഗ്രിമെന്റ് ഒപ്പുവെച്ചു. മേൽപട്ടിക Annexure A ആയി എഗ്രിമെന്റിന്റെ ഭാഗമാക്കിയിട്ടുണ്ട്.

എഗ്രിമെന്റ് തിയ്യതി മുതൽ 90 ദിവസത്തിനകം മേൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് എഗ്രിമെന്റ് വ്യവസ്ഥ 2 A പറയുന്നു. 1/6/22 ന് ULCCS സമർപ്പിച്ച പ്രവർത്തന റിപ്പോർട്ട് പ്രകാരം 20.5.22 ന് മുഴുവൻ പ്രവൃത്തിയും അവസാനിക്കേണ്ടതാണ്. കൃത്യമായ പൂർത്തീകരണ തിയതി ഫയലിൽ നിന്നും വ്യക്തമല്ല. അളവുപുസ്തകത്തിൽ നടത്തിയ പ്രവൃത്തി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് പ്രൊജക്ട് നടപ്പാക്കിയതെന്ന് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു.കോർപ്പറേഷൻ പരിധിയിൽ ഇത്തരമൊരു പ്രൊജക്ട് നിർവ്വഹണം നടത്തുമ്പോൾ ജനപ്രതിനിധികളെയും പൊതുജനങ്ങളെയും ബോധവൽക്കരിച്ച് മുൻകൂട്ടി അറിയിപ്പ് കൊടുത്തു വേണം നിർവ്വഹണം നടത്തേണ്ടത്. വിശദമായ എസ്റ്റിമേറ്റ് അഥവാ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയതായി രേഖകൾ ലഭ്യമായിട്ടില്ല.

4.10.2018 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. പ്രസ്തുത ഉത്തരവ് ക്രമനമ്പർ 3 ൽ 4 പ്രകാരം ജി.ഐ.എസ് മാപ്പിംഗിന് 19.2.2016 ലെ സ .ഉ.(സാധാ) 687/ 2016 തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് പറയുന്നു. പ്രസ്തുത ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകാത്തതിനാൽ നടത്തിയ പ്രവൃത്തിയുടെ സാധുതയും കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞില്ല.

2. മാപ്പിംഗ് നടത്തുന്നതിന് രണ്ടു ഇനങ്ങളുടെ നിരക്കുകൾ മാത്രമാണ് 4.10.2018 ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഏഴ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് ടെണ്ടർ ചെയ്തിട്ടുള്ളത് . വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാലും ബന്ധപ്പെട്ട സർക്കാർ ഉത്തരവ് 19.2.2016 ലെ ലഭ്യമല്ലാത്തതിനാലും ടെണ്ടർ നിരക്കുകളുടെ സാധുത ബോധ്യപ്പെടാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

3. 4.10.2018 ലെ ഉത്തരവിൽ താഴെ പറയുന്ന നാല് വസ്തുതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

*ജി.ഐ.എസ് മാപ്പിംഗിന് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്.

*ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിംഗ് നടത്തേണ്ടത്.

*പ്രോപ്പർട്ടി അസ്സസ്സ് മെന്റിന് ജി.ഐ.എസ് മാപ്പിംഗ് ഉപകരിക്കണം

*തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണം.

മേൽ വ്യവസ്ഥകൾക്കനുസൃതമായാണ് മാപ്പിംഗ് നടത്തിയതെന്ന് ബോധ്യപ്പെടാവുന്ന രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. 1.6.22 ലെ ULTS/GIS/2022 - 23/063 നമ്പരിൽ പ്രവർത്തന റിപ്പോർട്ട് ULTS - ULCCS പ്രൊജക്റ്റ് മാനേജർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നടത്തിയ പ്രവൃത്തിയുടെ രത്നചുരുക്കം ചിത്രങ്ങൾ സഹിതം വിശദീകരിച്ചിട്ടുണ്ടെങ്കിലും പ്രൊജക്റ്റ് ലക്ഷ്യ പ്രാപ്തി കൈവരിച്ചോ എന്ന് വിലയിരുത്താൻ കഴിയണമെങ്കിൽ ശേഖരിച്ച ഡാറ്റയുടെ സോഫ്റ്റ് കോപ്പി/പോർട്ടൽ അഡ്രസ്സ് എന്നിവ ലഭ്യമാക്കിയേ കഴിയൂ. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ULTS റിപ്പോർട്ട് പേജ് 42 ൽ Risks&Delays എന്ന തലക്കെട്ടിൽ സർവ്വേക്ക് നേരിട്ട തടസ്സങ്ങളെ കുറിച്ച് രേഖപ്പെടുത്തിയതിൽ തങ്ങളുടെ പട്ടണത്തിൽ ജി.ഐ.എസ് പ്രൊജക്ട് നടപ്പാക്കുന്നതിനെ പറ്റി ധാരണ ഇല്ലാത്തതിനാൽ അടിസ്ഥാന ഘടകമായ സർവ്വേയുമായി സഹകരിക്കാൻ ഭൂരിഭാഗം ജനങ്ങളും തയ്യാറായില്ല എന്ന്

വ്യക്തമാക്കുന്നുണ്ട്. പ്രൊജക്ടിന്റെ ലക്ഷ്യപ്രാപ്തിയെ ഈ വിഷയം സാരമായി ബാധിച്ചിട്ടുണ്ടെന്നത് സുവ്യക്തമാണ്.

5. 22.2.2022 ലെ എഗ്രിമെന്റ് വ്യവസ്ഥ ക്രമ നമ്പർ 10 ൽ A മുതൽ J വരെയുള്ള വ്യവസ്ഥകൾ - കോർപ്പറേഷനും ULCCS ഉം പാലിക്കേണ്ടത് - നടപ്പിൽ വരുത്തിയതിന്റെ രേഖകൾ / റിപ്പോർട്ട് ഫയലിൽ ലഭ്യമായിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6. ULCCS ന് തുക നൽകിയതിന്റെ വിശദാംശം (ലഭ്യമാക്കിയ Tax Invoice കളുടെ വിവരം) ചുവടെ ചേർക്കുന്നു.

| ക്രമ. നം | ഇൻവോയ്സ് നം./ തീയതി | ഇനം/എണ്ണം/ നിരക്ക് | തുക(GST അടക്കം) |
|---|---|---|---|
| 1. | ULC/22-23 /58/20.5.22 | Property Survey<br>7484nos *110 | 971423 |
| 2. | ULC/22-23 /59/20.5.22 | 1. Basemap Preparation Including Land Use Land Cover Map,street Light Mapping Drainage Mapping And Public Taps(Sq.Km) 102OTH*4000<br>2.Base Map Road Network Including Culverts,Bridge And Other Infrastructure(Sq.Km)102OTH*3000 | 481440<br>361080 |
| 3. | ULC/21-22 /360/29.03.22 | Drone Survey 90OTH*20000 | 2124000 |
| 4. | ULC/21-22 /359/29.03.22 | Enterprise GIS Portal 1.00OTH*500000 | 590000 |
| | | | 4527943 |

1.8.22 ലെ ULTS/ GIS/ 2022-23/ 107 നമ്പർ കത്ത് പ്രകാരം കരാർ പ്രകാരമുള്ള മുഴുവൻ ജോലികളും പൂർത്തീകരിച്ച് വെബ് പോർട്ടലിൽ പബ്ലിഷ് ചെയ്തിട്ടുള്ളതായി ജി ഐസ് -ULTS ഹെഡ് എക്സി.എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന 11120 കെട്ടിടങ്ങളുടെ സർവ്വേ നടത്തിയതായി കത്തിൽ പറയുന്നു.12,13 ,23,35,36 ഡിവിഷനുകളിലാണ് സർവ്വേ നടത്തിയത്. പിന്നീട് 20.8.22 ന് കത്തിൽ 11441 എണ്ണം സർവ്വേ നടത്തിയത് വെരിഫിക്കേഷൻ പൂർത്തീകരിച്ച നൽകണമെന്ന് എക്സി. എഞ്ചിനീയറോട് ആവശ്യപ്പെട്ടതനുസരിച്ച് കോർപ്പറേഷൻ റവന്യൂ വിഭാഗത്തിന് കുറിപ്പ് നൽകുകയും ,റവന്യൂ വിഭാഗം 25.10.22 ലെ R1- 18434/07 Vol 3 മറുപടികുറിപ്പിൽ ബന്ധപ്പെട്ട മേൽ ഡിവിഷനുകളിലെ 11441 ഡാറ്റ ലഭ്യമായത് വെരിഫിക്കേഷൻ നടത്തി സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയിട്ടുണ്ടെന്ന് LSGD വിഭാഗത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സഞ്ചയ അസസ്സ് മെന്റ് രജിസ്റ്റർ പ്രകാരം മേൽ ഡിവിഷനുകളിൽ ആകെ 23056 കെട്ടിടങ്ങൾ ഉണ്ട്. കെട്ടിടങ്ങളുടെ പകുതി എണ്ണത്തിന്റെ സർവ്വേ മാത്രമാണ് നടത്താൻ കഴിഞ്ഞത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. റവന്യൂ വിഭാഗത്തിന് ലഭ്യമാക്കിയതായി പറയുന്ന ഡാറ്റയുടെ കൃത്യത പരിശോധിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഫയൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6.മേൽപ്പറഞ്ഞ Tax Invoice കൾ കൂടാതെ 30.7.22 ലെ ULC/22-23/186 നമ്പർ Invoice പ്രകാരം 4,71,953 രൂപ 31.8.22 ന് ULCCS ന് കൈമാറിയിട്ടുണ്ട്. 30.7.22ലെ Tax Invoice ഫയലിൽ ലഭ്യമായിട്ടില്ല. 3636 Nos Property Survey നടത്തിയതിനാണ് തുക കൈമാറിയത് (ഓഫീസ് കുറിപ്പുകൾ). ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

7.ഓഫീസ് കുറിപ്പുകൾ തീയതി 7.12 .2022 പ്രകാരം ULCCS തയ്യാറാക്കിയ Data Output എടുക്കുന്നതിന് 24.11.22 ന് ട്രെയിനിംഗ് നൽകിയതായി പറയുന്നു. Data Output എടുക്കുന്നതിൽ Division Boundary Road Network Map Electrical Lamp Post എന്നിവയിൽ സംശയം ഉണ്ടായതായും രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് 28.3.23 ലെ കുറിപ്പു പ്രകാരം "ULCCS ഉദ്യോഗസ്ഥർ 16.2.23 മുതൽ 21.02.23 വരെ ഫീൽഡ് പരിശോധന നടത്തുകയും Corporation Boundary സംബന്ധിച്ച് അവ്യക്തതകളോടെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ബൗണ്ടറിയും കെട്ടിടനമ്പരും തമ്മിലുള്ള അവ്യക്തത നഗരസഭ ചർച്ച ചെയ്യേണ്ടതാണ്. Road Network Map ആസ്തി രജിസ്റ്റർ പ്രകാരം കാലികമാക്കി കൗൺസിൽ തീരുമാനം എടുക്കേണ്ടതായുണ്ട്. Electric Lamp Post Details നൽകിയത് പേരുമാറ്റം മാത്രമാണ് ബാക്കി നിൽക്കുന്നത്. മേൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ Tech Support ആവശ്യമായതിനാൽ ബാക്കി ബിൽ തുകയായ 471953 രൂപയിൽ നിന്നും 50000 രൂപ റിടെൻഷൻ പിടിച്ച് ബാക്കി 421953 രൂപ മാത്രമാണ് ULCCS ന് നൽകിയത്. 28.3.23 ൽ ഫയൽ കുറിപ്പുകൾ അവസാനിക്കുന്നു. തുടർന്ന് GIS പോർട്ടൽ ഉപയോഗപ്പെടുത്തുന്നതിന് പ്രായോഗിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

8. 13.1.22 ലെ PW1/45164/21 നം. കത്തു പ്രകാരം (പ്രൊജക്റ്റ് കോസ്റ്റിൽ വർദ്ധനവ് വരുത്താതെ) കോർപ്പറേഷനിൽ നിലവിലുള്ള CCTV ക്യാമറ സർവെയ് ലൻസ് സിസ്റ്റം, ഐ.കെ.എം പിന്തുണയോടെ പ്രവർത്തിക്കുന്ന സാംഖ്യ, സുലേഖ, സഞ്ചയ മുതലായ സോഫ്റ്റ് വെയറുകൾ, തുടങ്ങിയവയുമായി GIS ന്റെ സംയോജനസാധ്യതകളും സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ കോർപ്പറേഷൻ ഡൊമൈനുമായി സംയോജിപ്പിച്ച് പ്രൊജക്റ്റ് നടപ്പാക്കാനുള്ള സാധ്യതയും അന്വേഷിച്ചിരുന്നു. 15.1.22 ൽ ULCCS മേൽപ്പറഞ്ഞവ ഉപാധികളോടെ നടപ്പാക്കാവുന്നതാണെന്ന് മറുപടി നൽകിക്കാണുന്നു. ഇക്കാര്യത്തിൽ തുടർനടപടി ഉണ്ടായിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

9. ഫയലിനോടൊപ്പം ലഭ്യമാക്കിയ അളവു പുസ്തകത്തിൽ 170/AEE2/2021-22 ൽ 30.3.22 ന് രേഖപ്പെടുത്തിയ ബിൽ അനുവദിച്ചതായി കാണുന്നില്ല . പ്രസ്തുത അളവു പുസ്തകത്തിൽ തുടർന്ന് രേഖപ്പെടുത്തലുകൾ ഇല്ല. എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തിയിനം 1,5 എന്നിവയ്ക്ക് 2714000.00 ആകെ പ്രവൃത്തി മൂല്യമായി കണക്കാക്കിയിരിക്കുന്നു. ULCCS നടത്തിയ പ്രവൃത്തി മേൽനോട്ടം നടത്തി അളവു പുസ്തകത്തിൽ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല. ആകെ പ്രവൃത്തിമൂല്യം കണക്കാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ട്രഷറി ബില്ലിനൊപ്പം UTR സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. ULCCS തുക കൈപ്പറ്റിയ തുകയ്ക്ക് രസീത് ലഭ്യമായിട്ടില്ല. രണ്ടാമതു കൈമാറിയ

തുകയുടെ ബില്ലിൽ നിന്നും റിട്ടെൻഷൻ മാത്രമാണ് പിടിച്ചിട്ടുള്ളത്. നിയമാനുസൃത നികുതികൾ IT, TDS GST എന്നിവ നടത്താതെയാണ് തുക നൽകിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

10. ULCCS കൈമാറിയ Property Survey Data റവന്യൂ വിഭാഗത്തിൽ വെരിഫിക്കേഷൻ നടത്തിയത് ഫയൽ സഹിതം റവന്യൂ ഓഫീസർ വിശദീകരണം നൽകേണ്ടതാണ്. LSGD വിഭാഗത്തിന് GIS Data എപ്രകാരം ഉപയോഗപ്പെടുത്തുന്നു എന്നതും വിശദീകരിക്കപ്പെടേണ്ടതാണ്. ആസ്തി രജിസ്റ്റർ മേൽ പ്രൊജക്റ്റിനെ തുടർന്ന് പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്.

മേൽ വിവരിച്ച ക്രമനമ്പർ 1 മുതൽ 10 വരെയുള്ള അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 16.12.23 ന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ വെബ് പോർട്ടൽ പരിശോധിക്കുകയുണ്ടായി. അപ്‌ലോഡ് ചെയ്തിരിക്കുന്ന എന്റർപ്രൈസ് ജി.ഐ.എസ് പോർട്ടലിലെ ഡാറ്റ അപൂർണ്ണമാണ്. ഉദാഹരണമായി കോർപ്പറേഷൻ കെട്ടിടത്തോടു ചേർന്ന നിൽക്കുന്ന വൈറ്റ് പാലസ് ഹോട്ടൽ, റൗണ്ടിൽ സ്ഥിതി ചെയ്യുന്ന പത്തൻസ് ബിൽഡിംഗ് എന്നീ കെട്ടിടങ്ങൾ പോർട്ടലിൽ മാപ് ചെയ്യപ്പെട്ടിട്ടില്ല. 49 ലക്ഷത്തിൽ പരം രൂപ ചെലവാക്കിയെങ്കിലും പ്രവൃത്തി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നത് വ്യക്തമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 49,99,896 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.40/14.9.23) മറുപടി ലഭ്യമാക്കിയില്ല.

1-148 ഡെപ്പോസിറ്റ് വർക്ക്- വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക കൈമാറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,37,90,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സി.എഞ്ചിനീയർ I

താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മിനി വാട്ടർ സപ്ലൈ സ്കീം, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ {എക്സി. എഞ്ചിനീയർ,പി.എച്ച് ഡിവിഷൻ തൃശ്ശൂർ} തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബിൽ , കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം താഴെ പട്ടികയിലെ റിമാർക്സിൽ ചേർത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രൊജക്റ്റ് നം./പേര് | ഫണ്ട് ചെലവ് തുക | വൗച്ചർ നം./തീയതി | റിമാർക്സ് |
|---|---|---|---|---|
| 1. | 1345/23 തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഖലാ കാര്യാലയം ഡിവിഷൻ 42 കണിമംഗലം - ഡെപ്പോസിറ്റ് | 20,00,000 | 2220651/28.02.23 | ഫയൽ നം.WS2/456/23 Agmt:No.10/Deposit /EE2/2022-23/15.2.23 എഗ്രിമെന്റ് വ്യവസ്ഥ 6 പ്രകാരം 2023 സെപ്റ്റംബർ 5-ാം തിയ്യതി പ്രവൃത്തി പൂർത്തിയാകേണ്ടതാണ്. പ്രവൃത്തിയുടെ നിലവിലെ |

| | | | | |
|---|---|---|---|---|
| | വർക്ക് -എസ് എൻ കോളനി റോഡ് മിനി വാട്ടർ സപ്ലൈ സ്കീം | | | അവസ്ഥ രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്. |
| 2. | 153/23<br>കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 6,17,90,000 | | ചുവടെ ചേർക്കുന്ന വ്യത്യസ്ത പ്രൊജക്ടുകൾക്കായാണ് തുക ചെലവഴിച്ചത്. |
| | | ഒല്ലൂർ സോണലിനു കീഴിൽ വരുന്ന 27, 28, 29, 30 ഡിവിഷനിലെ ഉണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ.<br>3,43,00,000 | 22202531/9.11.22 | WS1/10131/22<br>Agmt:No.02/EE1/Deposit //2022-23/2.9.22<br>പ്രസ്തുത പ്രവൃത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ തന്നെയായിരുന്നിട്ടും എഗ്രിമെന്റിലടക്കം കുടിവെള്ള കണക്ഷൻ നൽകൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>27.2.23 ലെ WS1/10131/22 നം. കത്ത് പ്രകാരം കോർപറേഷൻ അടവാക്കിയ തുക ഉപയോഗിച്ച് യാതൊരു കാരണവശാലും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകരുതെന്ന് വാട്ടർ അതോറിറ്റിക്ക് കത്തു നൽകി. എഗ്രിമെന്റിൽ പ്രൊജക്ടിന്റെ ലക്ഷ്യം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തേണ്ടതാണ്.<br>എഗ്രിമെന്റിൽ പൂർത്തീകരണതിയതി രേഖപ്പെടുത്തിയിട്ടില്ല. |
| | | അയ്യന്തോൾ സോൺ ഡിവിഷൻ 48 - പൈപ്പ് ലൈൻ നീട്ടുന്നത് ചാത്തൻകുളങ്ങര ക്ഷേത്രത്തിനു സമീപം | 22202531/9.11.22 | WS2/11278/22<br>Agmt:No.04/EE/Deposit //2022-23/13.9.22<br>എഗ്രിമെന്റിൽ പൂർത്തീകരണതിയതി രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | 300000 | | |
| | | തൃശ്ശൂർ കോർപ്പറേഷൻ സമ്പൂർണ കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ എക്സ്റ്റൻഷനും ഹൗസ് കണക്ഷൻ ഷിഫ്റ്റിംഗും വിൽവട്ടം സോണൽ<br>20000000 | 22202531/9.11.22 | WS2/45043/22<br>Agmt:No.03/EE/Deposit //2022-23/02.9.22<br>എഗ്രിമെന്റിൽ പൂർത്തീകരണതിയതി രേഖപ്പെടുത്തിയിട്ടില്ല. |
| | | ഡിവിഷൻ 16-നെട്ടിശ്ശേരി അക്ഷയ സ്ട്രീറ്റ് 1 മുതൽ സ്കൈ വാലി വരെയും ശിവപുരം റോഡ് മാതൃകാ സ്ട്രീറ്റ് കല്ലടി മൂല മുതൽ മാഹി ട്രാൻസ് ഫോർമർ വരെയും പൈപ്പ് ലൈൻ നീട്ടൽ<br>2100000 | 22202531/9.11.22 | WS1/19018/18<br>Agmt:No.06/EE/Deposit /2022-23/29.9.22<br>എഗ്രിമെന്റിൽ പ്രവൃത്തിയുടെ ആരംഭ പൂർത്തീകരണതിയതികൾ രേഖപ്പെടുത്തിയിട്ടില്ല (വ്യവസ്ഥ 6) |
| | | നെടുപുഴ ഡിവിഷൻ 44 ലെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി<br>5000000 | 22205253/31.3.23 | WS2/11076/23<br>Agmt:No.09/EE2/Deposit /2022-23/13.2.23<br>എഗ്രിമെന്റിൽ പ്രവൃത്തിയുടെ ആരംഭ പൂർത്തീകരണതിയതികൾ രേഖപ്പെടുത്തിയിട്ടില്ല (വ്യവസ്ഥ 6) |
| | | പുല്ലംകുന്ന് OHSR കോമ്പൗണ്ടിലെ പൈപ്പ് ലൈൻ - അയ്യന്തോൾ മേഖല കാര്യാലയം<br>90000 | 22205253/31.3.23 | WS2/26552/23<br>Agmt:No.14/EE1/Deposit /2022-23/27.3.23<br>9.8.23 ലെ എ4 – 808/ 2023 – 24 നം. വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ കത്തു മുഖേന മേൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.<br>സാക്ഷ്യപത്രമനുസരിച്ച് 23.5.23 ന പൂർത്തിയായ പ്രവൃത്തിക്ക് 81180 രൂപ |

| | | | | |
|---|---|---|---|---|
| | | | | മാത്രമാണ് ചെലവായിട്ടുള്ളത്. ബാക്കി തുക 8820 രൂപ തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

1.ധനകാര്യ വകുപ്പിന്റെ 9.3.23ലെ സ.ഉ (കൈ) 38/ 2023 നമ്പർ ഉത്തരവ് പ്രകാരം കേരള ജല അതോറിറ്റി കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രൊജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. പ്രൊജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാതു സാമ്പത്തികവർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിക്ഷേപിച്ചതിൽ ചെലവഴിക്കാത്തതുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവു വരുത്തുന്നതാണെന്നും ഉത്തരവിൽ പറയുന്നു. മേൽ ഡെപ്പോസിറ്റ് വർക്കുകളൊന്നും തന്നെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവനുസരിച്ച് 2023-2024 വർഷത്തിൽ കോർപ്പറേഷന് അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

2.വാർഷിക കണക്കിൽ മേൽ ഡെപ്പോസിറ്റ് തുക 3 ൽ തുടങ്ങുന്ന Liability Head ലാണ് ബുക്ക് ചെയ്തിരിക്കുന്നത്(CFC Grant Bank Book CSB4217402190001). ആയത് യഥാർത്ഥത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ B-18 Loans Advances എന്ന ശീർഷകത്തിൽ അഡ്വാൻസ് ആയി 4 ൽ തുടങ്ങുന്ന ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതായിരുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾക്ക്( റിമാർക്സിൽ സൂചിപ്പിച്ചവയടക്കം) രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ രണ്ടു പ്രൊജക്ടുകളിലെയും കൂടി ആകെ ചെലവു തുക 6,37,90,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.40/14.9.23) മറുപടി ലഭ്യമാക്കിയില്ല.

## 1-149 ഡെപ്പോസിറ്റ് പ്രവൃത്തി - കെ.എസ്.ഇ.ബിക്ക് മുൻകൂർ തുക കൈമാറി -രേഖകളുടെ അഭാവത്തിൽ ചെലവ് തുക 7904953 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം :1384/23

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ വിവിധ സ്ഥലങ്ങളിൽ ഇല. ലൈൻ എക്സ്റ്റൻഷൻ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

ഫയൽ നം:DW7-63890/22

DW7-20997/22

നിർവ്വഹണ ഉദ്യോഗസ്ഥൻ:എക്സി.എഞ്ചിനീയർ I

അടങ്കൽ തുക:1,21,39,446

ചെലവ്:79,04,953

മേൽ പ്രവൃത്തിക്ക് കെ.എസ്.ഇ.ബി എക്സി.എഞ്ചിനീയർക്ക്(ഈസ്റ്റ്&വെസ്റ്റ്) താഴെപറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ.നം. | വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 1. | 22203456/27.10.22 | 1374652 |
| 2. | 22203580/29.11.22 | 269211 |
| 3. | 22203585/30.11.22 | 1274401 |
| 4. | 22204754/18.1.23 | 471154 |
| 5. | 22204374/18.1.23 | 1054821 |
| 6. | 22204617/31.1.23 | 955295 |
| 7. | 22205598/15.3.23 | 336214 |
| 8. | 22205678/15.3.23 | 100729 |
| 9. | 22205861/17.3.23 | 1115192 |
| 10. | 22205876/17.3.23 | 953284 |
| | ആകെ തുക | 7904953 |

1.കോർപ്പറേഷനുകൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം. 86 /2022 തസ്വഭവ തിയതി 19.4.22 ഖ. 12.2(ഡി )ഡെപ്പോസിറ്റ് വർക്കുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചതിന്റെ രേഖകൾ ഫയലിൽ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. മേൽ വൗച്ചറുകൾ പ്രകാരം കെ.എസ്.ഇ.ബിക്കു തുക കൈമാറുന്നതിന് മുമ്പ് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

ഫയലിനോടൊപ്പം ലഭ്യമാക്കിയ രജിസ്റ്ററിൽ ഡിവിഷൻ തിരിച്ച് അതാത് പ്രദേശത്തെ KSEB ക്ക് കൈമാറിയ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊജക്ട് വൗച്ചറുകളുമായി ബന്ധപ്പെടുത്തി പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രൊജക്ട് വൗച്ചറുകൾ പ്രകാരമുള്ള മുഴുവൻ തുകകളുടെയും വിശദാംശം രജിസ്റ്ററിൽ ലഭ്യമായില്ല.മേൽ പ്രവൃത്തി പൂർത്തിയായതിന്റെ വിശദാംശം, ധനവിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖ നിർദ്ദേശമനുസരിച്ച് ആയതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

2.ധനകാര്യ വകുപ്പിന്റെ 9.3.23ലെ സ.ഉ (കൈ) 38/ 2023 നമ്പർ ഉത്തരവ് പ്രകാരം കേരള ജല അതോറിറ്റി കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രൊജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. പ്രൊജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത

തുക അതാതു സാമ്പത്തികവർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിക്ഷേപിച്ചതിൽ ചെലവഴിക്കാത്തതുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവു വരുത്തുന്നതാണെന്നും ഉത്തരവിൽ പറയുന്നു. മേൽ ഡെപ്പോസിറ്റ് വർക്കുകളൊന്നും തന്നെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവനുസരിച്ച് 2023 - 24 വർഷത്തിൽ കോർപ്പറേഷന് അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവു വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.34/11.9.23) ലഭ്യമാക്കിയ മറുപടിയോടൊപ്പം UTR സ്റ്റേറ്റ്മെന്റ്, പ്രൊജക്ട് പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കി. ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് കത്തു നൽകിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവു തുക 79,04,953 രൂപ തടസ്സപ്പെടുത്തുന്നു.

## 1-150 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് - സ്റ്റോക്കിലെടുക്കൽ, സാക്ഷ്യപത്രം രേഖപ്പെടുത്തൽ, വിതരണ വിശദാംശം രേഖപ്പെടുത്തൽ എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12.22 ൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ പുതിയ സ്റ്റോക്ക് സ്വീകരിക്കുമ്പോൾ പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കേരള ഫിനാൻഷ്യൽ കോഡിൽ സ്റ്റോക്ക് അക്കൗണ്ട് ആർട്ടിക്കിൾ 149(1) ൽ സ്റ്റോക്ക് അക്കൗണ്ട് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പർച്ചേസ് പ്രൊജക്ടുകളിൽ സ്റ്റോക്കിലെടുക്കൽ, വിതരണം തുടങ്ങിയ കാര്യങ്ങളിൽ മേൽ നിർദ്ദേശങ്ങൾ ഭാഗികമായാണ് പാലിച്ചിട്ടുള്ളത്. കൂടാതെ പ്രാഥമികമായി സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സി.എഞ്ചിനീയർ

പ്രൊജക്ട് നം.1313/23

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 2022-23 കോർപ്പറേഷൻ മെയിൻ ഓഫീസ്, സോണൽ ഓഫീസ് ,സർക്കിൾ ഓഫീസ് മറ്റു ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, യുപിഎസ് എന്നിവ വാങ്ങലും സ്ഥാപിക്കലും, നെറ്റ് വർക്കിംഗ് അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ തുടങ്ങിയവ.

ചെലവു തുക:7299567

വൗച്ചർ നം./ തിയതി:22204621/ 27.1.23 തുക 5127350

വൗച്ചർ നം./ തിയതി:22205901/ 22.3.23 തുക 2172217

GEM മുഖാന്തിരം വിശ്വാസ് കമ്പ്യൂട്ടേഴ്സിൽ നിന്നും വാങ്ങൽ നടത്തി.പ്രസ്തുത കമ്പനിയുടെ B2B Invoice No:541/30-12-22 തുക 5127350 പ്രകാരം പർച്ചേസ് നടത്തിയ ഇനങ്ങളുടെ സ്റ്റോക്ക് എൻട്രി വരുത്തിയത് ജനറൽ

വിഭാഗത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിലാണ് . പർച്ചേസ് നടത്തിയ ഇനങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോയെന്ന് വിലയിരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Stock Regr Vol 7 2022-23 Computer Other Electronic Devices And Miscellaneous Page No. 45, 46 ൽ നടത്തിയ സ്റ്റോക്ക് എൻട്രി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | ഇനം/വില/എണ്ണം | റിമാർക്ക്സ് |
|---|---|---|
| 1. | HP MULTIFUNCTION PRINTER M233DW/Rs:27542.37/- 13Nos. | സ്റ്റോക്ക് രജിസ്റ്റർ പേജ് 48,49, 85 പ്രകാരം13 എണ്ണത്തിൽ 12 എണ്ണം മാത്രമാണ് 2.2.23 വരെ വിതരണം കാണിച്ചിരിക്കുന്നത്. ബാക്കി എണ്ണം ഓഡിറ്റ് തിയതിയിലും വിതരണം നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല. Description No As Per Invoice:VNP5SO6027 |
| 2. | HP PC-13/8GB/512GB /WIN11PRO/19.5" /5YR/Rs:52,457.63/- 38Nos. | സ്റ്റോക്ക് രജിസ്റ്റർ പേജ് 81 ലെ രേഖപ്പെടുത്തൽ പ്രകാരം31.3.23 ന് 1 PC &1 Monitor 31.3.23 ന് വിതരണം നടത്താതെ അവശേഷിക്കുന്നു. |
| 3. | HP HIGHSPEED SCANNER PRO 3000 S4/ Rs:38,135.68/- 2Nos. | സ്റ്റോക്ക് രജിസ്റ്റർ പേജ് 76 ലെ രേഖപ്പെടുത്തൽ പ്രകാരം10.1.23 ന് ഒരെണ്ണം കൈപ്പറ്റി ബാക്കി 1 എണ്ണം ഇപ്പോഴും Stock ൽ നിൽക്കുന്നു. Description No As Per Invoice:CN27PC800Z |
| 4. | D-Link Network Switch 24Port Giga/Rs.5889.83 20 Nos. | സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 61 ൽ 22.3.23 തിയതിയിൽ 5 എണ്ണം ബാക്കി നിൽക്കുന്നു. |

ഗവ. സർക്കുലർ നം. 68/ 2010 ഫിൻ തിയതി 24.9.2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്

വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. (സർക്കുലറിന്റെ അനുബന്ധമായി മാതൃകകൾ നൽകിയിട്ടുണ്ട്). സർക്കുലർ പ്രകാരമുള്ള നിശ്ചിത മാതൃകയിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

റിമാർക്സിൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.53/9.10.23) മറുപടി ലഭ്യമാക്കിയില്ല.

1-151 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം:714/ 23

വിൽവട്ടം സോണൽ ഡിവിഷൻ 8 വില്ലടം നെല്ലിക്കാട് വില്ലടം ബൈലൈൻ തെക്കും മുറി കാന കൾവെർട്ട് നിർമ്മാണം

തനതു ഫണ്ട് അടങ്കൽ തുക : 2021000

ചെലവു തുക : 2017446

Chq.No: 01218022/22205225/31.3.23

T S No. 15084/ 2022 - 23 /15.9.22

കോൺട്രാക്ടർ : ഹസീന കെ.എം

Agmt No: 56/EE2/22-23/4.11.22

Suppl.Agmt No:1/56/EE2/22-23/16.3.23

MB Nos:237/AEE2/22-23,208/AEE2/22-23

പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ അളവു പുസ്തകത്തിൽ ചേർത്തിരിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു.

| MB No. | പേജ് നം. | മണ്ണിന്റെ അളവ് | സർട്ടിഫൈ ചെയ്ത വിവരം |
|---|---|---|---|
| 237 | 2 | 39.86 M3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടുക്കാട്) വശങ്ങളിൽ (Shoulder) ലേലം ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| ,, | 3 | 14.02m3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടുക്കാട്) വശങ്ങളിൽ (Shoulder) ലേലം ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| ,, | 12 | 53.43m3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടുക്കാട്) വശങ്ങളിൽ (Shoulder) ലേലം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| „ | 14 | 58.05m3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടൂക്കാട്) വശങ്ങളിൽ (Shoulder) ലേലം ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| „ | 19 | 37.63m3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടൂക്കാട്) വശങ്ങളിൽ (Shoulder) ലേലം ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| „ | 21 | 38.30m3 | വട്ടേരമ്പക്കാവ് ക്ഷേത്രത്തിനു സമീപം വൃന്ദാവൻ റോഡിന്റെ(പാട്ടൂക്കാട്) വശങ്ങളിൽ (Shoulder) ലേലം ചെയ്യുന്നതിന് സ്റ്റാക്ക് ചെയ്തു. |
| | ആകെ | 241.29m3 | |

പ്രസ്തുത മണ്ണ് എം.ബുക്കിൽ രേഖപ്പെടുത്തിയ പ്രകാരം ലേലം നടത്തുന്നതിന് കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചതിന്റെ രേഖ ഫയലിനോടൊപ്പമില്ല . കുഴിച്ചെടുത്ത ആകെ മണ്ണ് 241.29 M3 മണ്ണ് ലേലം ചെയ്തതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം.54/11.9.23) മറുപടി ലഭ്യമാക്കിയില്ല.

1-152 കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ട്-പൂർത്തീകരിക്കുന്നതിൽ അസാധാരണ കാലതാമസം-അപാകതകളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ചെലവു തുക 44,31,117 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സി.എഞ്ചിനീയർ 2

പ്രൊജക്ട് നം.1438/ 23

ഫയൽ നം.DW7/35185/19

തൃശ്ശൂർ കോർപ്പറേഷൻ സെൻട്രൽ സോൺ- കോർപ്പറേഷനിലെ വിവിധ സ്ഥലങ്ങളിൽ പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

{Supply,Installation, Testing&Commissioning Of High Mast Pole&Luminaire In All Divisions Of Thrissur Muncipal Corporation}

തനതു ഫണ്ട് അടങ്കൽ തുക: 50,00,000 രൂപ

ചെലവു തുക : 4832655 രൂപ(ഫസ്റ്റ് &പാർട്ട് ബില്ല്)

[റിട്ടെൻഷൻ തുക 2.5% (410 + 102387) + ഫൈൻ തുക 1% 298741 കഴിച്ച് ബാക്കി തുക 44,31,117 രൂപയാണ് ചെക്ക് നം. 01217973 തിയതി 29.3.23 പ്രകാരം ചെലവെഴുതിയിരിക്കുന്നത്. വൗച്ചർ നം: 22205113/ 29.3.23]

ചെക്ക് നം./ തീയതി/തുക : 01217973/29.3.23/44,31,117

സെക്കന്റ്& പാർട്ട് ബിൽ :ചെക്ക് നം. 224636/ വൗച്ചർ നം.22301404 /17.8.23 / 62,28,058

ആകെ ചെലവു തുക : 1,06,59,175/-

T.S No:ELE/59/19-20/21.1.2020/4,95,00,000

കോൺട്രാക്ടർ : ബോസ് ലൈറ്റ് എൽഇഡി ലൈറ്റിംഗ് സ് ,മലയിൻകീഴ് പി.ഒ തിരുവനന്തപുരം

കോൺട്രാക്ട് തുക(PAC):2,98,74,050/-

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.നിലവിലെ നടപടിക്രമം പാലിക്കാതെ ആദ്യ ടെണ്ടർ റദ്ദാക്കി റീ-ടെണ്ടർ നടത്തി

ജില്ലാ വികസന സമിതിയുടെ 17.1.2020 ലെ തീരുമാനപ്രകാരം പ്രൊജക്ട് ഭേദഗതി ചെയ്ത് ടെണ്ടർ നടപടിയിലൂടെ നിർവ്വഹണം നടത്തുന്നതിന് അംഗീകാരം ലഭ്യമായി(നോട്ട് ഫയൽ പേജ്4). തുടർന്ന് 7.2.20 ന് ടെണ്ടർ ചെയ്യുന്നതിന് പത്രപരസ്യവും NIT,BOQ എന്നിവ ഇന്റർനെറ്റിലും നൽകിയിട്ടുണ്ട്.പ്രസ്തുത ടെൻഡറിൽ 9 കമ്പനികൾ ബിഡ് സമർപ്പിച്ചതിൽ നാഷനൽ എഞ്ചിനീയറിംഗ് കമ്പനി L1 ആയി 34904000 രൂപ ക്വാട്ട് ചെയ്തു.എന്നാൽ 18.2.20 ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനം മുഖേന കുറഞ്ഞ നാലാം നിരക്ക് ക്വാട്ട് ചെയ്ത സിൽക്കിനെ പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ പരിഗണന നൽകി അവരുടെ ടെണ്ടർ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾക്കായി മേയറേയും സെക്രട്ടറിയേയും ചുമതലപ്പെടുത്തി.പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് സ്വകാര്യ സ്ഥാപനങ്ങളുടെ നിരക്കിനേക്കാൾ നിയമാനുസൃത ഇളവുകൾ നൽകുന്ന സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ലെന്ന് എക്സി.എഞ്ചിനീയർ 9.3.20 ന് റിപ്പോർട്ട് ചെയ്തിട്ടും വിഷയത്തിൽ സിൽക്കിന് കത്തയക്കാൻ മേയറുടെ ചേമ്പറിൽ 13.3.20 ന് നടന്ന യോഗം തീരുമാനിക്കുകയുണ്ടായി.15.5.2020 ൽ സിൽക്കിന് നൽകിയ കത്തിന് 22.5.20 ൽ ലഭ്യമായ മറുപടി പ്രകാരം ജി.ഒ.പി നം 77/2019 ഫിൻ 4.7.19 ഖണ്ഡിക 34 പ്രകാരം വിവിധ ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് നടത്താൻ മാത്രമാണ് അവർക്ക് അക്രഡിറ്റേഷൻ ഉള്ളതെന്ന് വ്യക്തമായി. ടെണ്ടറിന് കൗൺസിലിന്റെ അംഗീകാരം ലഭ്യമാകാത്ത സാഹചര്യത്തിൽ റീടെണ്ടർ നടത്തുകയാവും ഉചിതമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ 9.7.2020 ൽ ശുപാർശ ചെയ്തത് സെക്രട്ടറിയും ശരി വെച്ച് മേയറുടെ 15.7.20ലെ അനുമതിയോടുകൂടി 3.8.20 ന് റീടെണ്ടർ നടത്തുകയാണ് ഉണ്ടായത്.പ്രൊജക്ട് നിർവ്വഹണത്തിലെ കാലതാമസത്തിന്റെ തുടക്കം മേൽ പ്രകാരമാണ് സംഭവിച്ചത്. റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുന്നതുവരെ 6 മാസം കടന്നുപോയി. ആദ്യടെണ്ടർ പൂർത്തീകരിക്കുന്നതു വരെയുള്ള സാമ്പത്തിക ചെലവും മനുഷ്യാദ്ധ്വാനവും നിഷ്ഫലമായി.

നിയമാനുസൃതം നടത്തിയ ആദ്യടെണ്ടർ ഉപേക്ഷിക്കാൻ വ്യക്തമായ കാരണം ലഭ്യമാക്കേണ്ടതാണ്.

2.പ്രൊജക്ട് പൂർത്തീകരിക്കുന്നതിൽ അസാധാരണ കാലതാമസം

2019 -20 ൽ ഏകവർഷ പ്രൊജക്ടായി(285/20) ആവിഷ്ക്കരിച്ചത് 2023 - 24 വർഷത്തിലും (Proj.No:1271/24) ലക്ഷ്യ പ്രാപ്തി കൈവരിക്കാതെ തുടരുകയാണ്. വികസന ഫണ്ട് 2 കോടിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ

2,95,00,000 രൂപയും അടക്കം 4,95,00,000 രൂപയാണ് അടങ്കൽ തുക. തുടർ വർഷങ്ങളിൽ 703/21,336/22 പ്രൊജക്ടുകൾ പ്രകാരം ചെലവു നടന്നിട്ടില്ല. 55 ഡിവിഷനുകളിൽ പ്രധാന ജംഗ്ഷനുകളിൽ 2 എണ്ണം വീതം 110 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വെച്ചത്. റി-ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് L1 രേഖപ്പെടുത്തിയ മെ. ബോസ് ലൈറ്റ്, എസ്.വി.ജെ കോംപ്ലക്സ്, മലയിൻകീഴ് പി.ഒ തിരുവനന്തപുരം എന്നവരുടെ ടെണ്ടർ 4.9.2020 ലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു (2,98,74,050/-). ഇതു സംബന്ധിച്ച് ടെണ്ടറിൽ L2 ആയി ക്വാട്ട് ചെയ്ത 'കാൻഡെല' എന്ന കമ്പനി കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ കോർപ്പറേഷന് അനുകൂലമായ വിധിയെ തുടർന്ന് 28.10.2020 ൽ എഗ്രിമെന്റ് വെച്ചു.(No:34/EE2/2020-21). വീണ്ടും കോടതി വ്യവഹാരം ഉണ്ടായതു നിമിത്തം 21.12.2020 ലാണ് വർക്ക് ഓർഡർ നൽകുന്നത്. 18 മാസമാണ് പൂർത്തീകരണ കാലാവധി. അളവു പുസ്തകം പ്രകാരം 22.12.2020 ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 21.6.2022 ലാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കാതിരുന്ന കമ്പനി 19.5.2022 ൽ ടൈം എക്സ്റ്റൻഷന് അപേക്ഷ നൽകി. 5 മാസം കൊണ്ട് പ്രൊജക്ട് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്നുള്ള ഉറപ്പും കത്തിൽ രേഖപ്പെടുത്തിക്കാണുന്നു. തുടർന്ന് 31.3.23 വരെ ടൈം എക്സ്റ്റൻഷൻ നൽകുകയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തത്.

നോട്ട് ഫയൽ 13.9.2022 ലെ കുറിപ്പിൽ "പ്രവൃത്തിയിൽ നീതീകരിക്കാനാകാത്ത കാലതാമസം" വന്നതായി സൂപ്രണ്ടിംഗ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ന്യായമായ ഫൈൻ ഫീ ഈടാക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. തുടർന്ന് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു. 1/34/ EE 2/ 2020-21 Dt. 29.10.22 പ്രകാരം 31.3.2023 വരെ പൂർത്തീകരണ തിയതി നീട്ടിക്കൊടുത്തു. ഫസ്റ്റ്&പാർട്ട് ബിൽ ചെക്ക് മെഷർമെന്റിൽ(MB. No:133/D/2021-22) കേവലം 14 ഹൈമാസ്റ്റ് ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. അളവു പുസ്തകം പ്രകാരം ഫസ്റ്റ് പാർട്ട് ബില്ലിൽ കരാർ തുകയുടെ 1% 298741 രൂപയാണ് പിഴയായി ഈടാക്കിയത്. എഗ്രിമെന്റ് വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25 % സമയം 1% പിഴയോടു കൂടിയും അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴ ചുമത്തിക്കൊണ്ടും നിർവ്വഹണം നടത്തേണ്ടതാണ്. യാതൊരു കാരണവശാലും രണ്ട് സമയ പരിധി 50 % ൽ കൂടുതൽ അനുവദിക്കുന്നതല്ല എന്നും നിബന്ധന 7 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം(1%+2%)3% പിഴ ഈടാക്കേണ്ടതിനു പകരം 1% മാത്രം ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

അളവു പുസ്തകം നം. 133/D/2021-22 Pg No.10 പ്രകാരം ഫസ്റ്റ് &പാർട്ട് ബില്ലിനായി ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മറ്റിയിലെ മെമ്പർ ചെക്ക് മെഷർ നടത്തിയിരിക്കുന്നത് 17.3.23 നാണ്. പ്രസ്തുത തീയതിയിൽ33 സ്ഥലങ്ങളിൽ കോൺക്രീറ്റ് ഫൗണ്ടേഷൻ ഇടുകയും ആയതിൽ 14 ഇടങ്ങളിൽ പോൾ സ്ഥാപിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

31.3.23ലും പ്രവൃത്തി പൂർത്തിയാക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടില്ല.തുടർന്ന് 28.3.23 ൽ കമ്പനി നൽകിയ കത്തിൽ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 30.9.23 വരെയാണ് സമയം ആവശ്യപ്പെട്ടത്. ഫൈനോടുകൂടി 2nd ടൈം എക്സ്റ്റൻഷൻ അനുവദിക്കാനാണ് 30.3.23 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചത്. സപ്ലിമെന്ററി എഗ്രിമെന്റ് നം.2/34/ EE 2/ 2020-21പ്രകാരം 30.9.23

വരെ പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകി. തുടർന്ന് 2023-24 ലെ തനതു ഫണ്ട് പ്രൊജക്റ്റ് നം.1271/ 24 പ്രകാരം ചെക്ക് നം. 224636/ വൗച്ചർ നം.22301404 തിയതി 17.8.23 പ്രകാരം 62,28,058/- രൂപയ്ക്ക് സെക്കന്റ്& പാർട്ട് ബിൽ ഫൈൻ ഈടാക്കാതെ അനുവദിച്ചിട്ടുണ്ട്. സെക്കന്റ് ബിൽ മെഷർ മെന്റ് തിയതി 21.3.23 വരെയാണെന്ന് ഡ്രാഫ്റ്റ്സ് മാൻ രേഖപ്പെടുത്തിക്കാണുന്നു. അളവു പുസ്തകം നം.311/AEE/22-23 ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ കരാർ ഉടമ്പടി വ്യവസ്ഥകളും പി.ഡബ്ല്യു.ഡി മാന്വൽ വ്യവസ്ഥകളും പാലിച്ചു കൊണ്ട് മുൻപേ പറഞ്ഞ നിരക്കിൽ ഫൈൻ ഈടാക്കി മാത്രം ബില്ലുകൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

30.9.2023 നം പൂർത്തീകരിക്കാൻ സാധിക്കാതെ 27.9.23 ന് നൽകിയ കത്തിൽ 2024 ജനുവരി 30 വരെ സമയം ദീർഘിപ്പിച്ചു നൽകുന്നതിനാണ് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നത്. 2019-20 ൽ വിഭാവനം ചെയ്ത പ്രവൃത്തി 2023 - 24 സാമ്പത്തിക വർഷത്തിലും പൂർത്തിയാകാതെ തുടരുന്നതിന്റെ കാരണം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഇലക്ട്രിക്കൽ സമിതിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3.സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമായതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

27.9.23 ലെ കത്തിൽ കമ്പനി അവകാശപ്പെട്ടതു പ്രകാരമുള്ള 64 ഹൈമാസ്റ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ വിശദാംശം {ഏതു ഡിവിഷനിൽ, ഏതു ജംഗ്ഷനിൽ തുടങ്ങിയ വിവരം} ഫയലിൽ ലഭ്യമായിട്ടില്ല. ഹൈമാസ്റ്റുകൾ പ്രവർത്തനക്ഷമമാക്കിയത് സംബന്ധിച്ച് ഡിവിഷൻ കൗൺസിലർമാരുടെ സാക്ഷ്യപത്രമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും തൽസ്ഥിതി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയില്ല. സ്ഥാപിച്ച ഹൈമാസ്റ്റുകൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ രേഖ ഹാജരാക്കേണ്ടതാണ്. മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (76/9.11.23) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ തൻ വർഷത്തെ ചെലവു തുക 44,31,117രൂപ തടസ്സപ്പെടുത്തുന്നു.

## 1-153 ചെമ്പുക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ, നഷ്ടം 227635.65/-

ഫയൽ നം. പിഡബ്ല്യു1/11793/17(എ), (ബി)

പ്രൊജക്ട് നം. 413/19, 235/20, 481/21, 479/23

നിർവഹണം: എക്സിക്യൂട്ടീവ് എഞ്ചിനീയർ-1

ഭരണാനുമതി - കൗൺസിൽ തീരുമാനം- 20/27.9.19

സാങ്കേതികാനുമതി - 93375/19-20/27.11.19 (31663000/-)

എഗ്രി.നം. - 102/ഇഇ1/19-20/12.2.20

വൗച്ചർ നം. – 22204773/7.2.23 – 40,91,602/-രൂപ



തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 12 ൽ ചെമ്പൂക്കാവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ 20/27.9.19 നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തു. ആയതിന്, ആർക്കിടെക്ചറൽ ഡിസൈൻ, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിന് സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. തയ്യാറാക്കിയ ഡിപിആർ, ഡിസൈൻ എന്നിവ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ ഭാഗമായ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെന്റർ സ്ട്രക്ചറൽ സ്ക്രൂട്ടിണി ചെയ്തു. തസ്വഭവ/ടിഎസ്/19-20/11390/27.11.19 നമ്പർ കത്തിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി അംഗീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വായ്പ എടുത്തും പ്രവർത്തി പൂർത്തീകരിക്കുവാനാണ് 30.9.19 ൽ കൗൺസിൽ തീരുമാനമെടുത്തിരുന്നത്. എന്നാൽ, നാളിതുവരെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് വഹിച്ചിട്ടുള്ളത്. വായ്പ എടുക്കേണ്ട നടപടികൾ ഒന്നും തന്നെ ആരംഭിച്ചതായി ഫയലിൽ രേഖകളില്ല. വായ്പാ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഒരു വായ്പാ കമ്മിറ്റിക്ക് രൂപം നൽകിയിരുന്നുവെങ്കിലും തനതു ഫണ്ടിലെ തുക മാത്രം ഉപയോഗപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കാതിരുന്നതിനാൽ പദ്ധതികൾ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുകയും കോർപ്പറേഷന്റെ തനതുഫണ്ടിൽ ഗണ്യമായ കുറവു വരാനിടയാക്കുകയും ചെയ്തു.

പ്രവൃത്തിക്ക് കോർപ്പറേഷൻ ടെന്റർ ക്ഷണിക്കുകയും ജെഎംജെ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന്റെ 2,11,11,278.84 രൂപയുടെ നിർമ്മാണ കരാർ സ്വീകരിക്കുകയും ചെയ്തു. 10.63 (അധികം) ശതമാനത്തിനാണ് തുക ക്വോട്ട് ചെയ്തത്. 15.2.2020 ന് വർക്ക് ഓർഡർ നൽകി. 25.3.20 ന് സൈറ്റ് ഏൽപിച്ചുവെങ്കിലും 9.11.20 തീയതിയിലും, സൈറ്റിൽ നിലനിന്നിരുന്ന മത്സ്യഷെഡിന്റെ കെട്ടിടവും ഉപയോഗയോഗ്യമല്ലാത്ത ഒരു വാട്ടർ കണക്ഷനും (കൺ.നം. 156493) നീക്കം ചെയ്യാത്തതിനാൽ സൈറ്റ് ഏൽപ്പിച്ച് എട്ട് മാസം പിന്നിട്ടിട്ടും പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് കരാറുകാരൻ പരാതി അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 27.4.22 നാണ് പ്രവൃത്തിയുടെ ആദ്യഘട്ടം പൂർത്തിയായിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ട്രക്ചേഴ്സ് ഇന്ത്യക്ക് അധിക തുക നൽകി

ആർക്കിടെക്ചറൽ ഡിസൈൻ, ഡിപിആർ എന്നിവ തയ്യാറാക്കിയ സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന് സാങ്കേതികാനുമതി തുകയുടെ 1.8% തുകയാണ് പ്രതിഫലമായി നൽകേണ്ടത്. കരാർ പ്രകാരം തുകയുടെ 20%

പിപിആർ സമർപ്പിക്കുമ്പോൾ, 50% ഡിപിആർ സമർപ്പിക്കുമ്പോൾ, 20% സാങ്കേതികാനുമതി ലഭ്യമാകുമ്പോൾ, ബാക്കി 10% അന്തിമ ബില്ല് വർക്ക് പൂർത്തീകരിക്കുമ്പോൾ എന്നിങ്ങനെയാണ് തുക നൽകേണ്ടത്. തുക നൽകിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇലക്ട്രിക്കൽ+സിവിൽ വർക്ക് എസ്റ്റിമേറ്റിന്റെ 1.8%തുക നൽകുവാനായിരുന്നു കരാർ വച്ചത് (35766773 X 1.8% = 643801/-രൂപ). എന്നാൽ, എസ്റ്റിമേറ്റ് തുകയിൽ പാസ്സഞ്ചർ ലിഫ്റ്റ്, ഫയർ പ്രൊട്ടക്ഷൻ, ജിഎസ്.ടി എന്നിവയ്ക്ക് വകയിരുത്തിയ തുക കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് യഥാർഥത്തിൽ പ്രതിഫലത്തിനായി കണക്കാക്കേണ്ടിയിരുന്നത്.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച തുക | 31662586.11 |
| കുറയ്ക്കുക– പാസ്സഞ്ചർ ലിഫ്റ്റ് | 1576000 |
| ഫയർ+ഇലക്ട്രിക്കൽ | 1533500 |
| 8പമ്പുകൾ | 100000 |
| ജിഎസ്.ടി | 4829886 |
| 23623200x1.8% | 4,25,218/- |
| അധികം നൽകിയത് 643801 – 425218 | 2,18,583/- |

2,18,583/- രൂപ നഷ്ടം കണക്കാക്കുന്നു.

2 മണ്ണ് ലേലം ചെയ്ത അളവിൽ വ്യത്യാസം

ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തോട് അനുബന്ധിച്ച് സർവ്വെ നമ്പർ 108/2, 108/7, 108/8 എന്നിവയിൽ നിന്നും കുഴിച്ചെടുത്തത് 1188.526എം3 മണ്ണുണ്ട് എന്നാണ് 14.9.2020 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചെക്ക് മെഷർമെന്റ് പത്രികയിൽ നിന്നും മനസ്സിലാകുന്നത്. 7.9.2020 ലാണ് ചെക്ക് മെഷർമെന്റ് ചെയ്തിട്ടുള്ളത്. എന്നാൽ, ലേലം ചെയ്ത് നൽകിയത് 1152.17എം3 മണ്ണാണ്. അളവിൽ, 36.356 എം3 വ്യത്യാസമുണ്ട്. 7.8.2021 നാണ് ലേലം ചെയ്തത്. ഒരു എം3 മണ്ണിന് 249 രൂപയാണ് തുക നിശ്ചയിച്ചിട്ടുള്ളത്. 3,12,000 രൂപയ്ക്കാണ് ലേലം കൊണ്ടത്. 36.356എം3 മണ്ണിന് (36.356x249) 9052.65 രൂപ നഷ്ടം കണക്കാക്കുന്നു.

3.സെക്യൂരിറ്റി തുക ലേലം തുകയിൽ ക്രമീകരിച്ചു

9.8.2021ന്, 312000/-രൂപയ്ക്ക് മണ്ണ് ലേലം നടത്തിയ വട്ടപ്പിള്ളി വീട്ടിൽ, ഷാബു.വി.കെ എന്നയാൾ ഇഎംഡി 7500 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് 92500 രൂപയും അടച്ചിരുന്നു. മണ്ണ് ലേലം 4 മാസത്തിന് ശേഷം രശീത് നം.01/121020101544/27.12.21 പ്രകാരം 212000 രൂപയും 312000 രൂപയുടെ 18% ജി.എസ്.ടിയും ചേർത്ത് 227600 രൂപ അടച്ചിട്ടുള്ളത്. ബാക്കി അടയ്ക്കേണ്ടിയിരുന്ന 1,00,000 രൂപ ടിയാൻ ഇഎംഡിയും എസ്ഡിയും അടച്ച തുക ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ലേലം കൊണ്ട മണ്ണ് വാഹനത്തിൽ കൊണ്ട് പോകുന്നതിനുള്ള അനുമതിയും പാസ്സും ജിയോളജി വകുപ്പിൽ നിന്നും 4.2.2022 ന് മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത് എന്ന് ഡിഡബ്ല്യൂ7-11793/17(ബി) നമ്പർ കത്തിൽ നിന്നും വ്യക്തമാകുന്നു. ലേലം കൊണ്ട മണ്ണ് കോർപ്പറേഷന്റെ കോമ്പൗണ്ടിൽ നിന്നും കുറ്റമറ്റ രീതിയിൽ കയറ്റികൊണ്ടു പോകുമ്പോൾ മാത്രമാണ് ലേല നടപടികൾ പൂർണ്ണമാകുന്നത് എന്നിരിക്കെ ആയത് പൂർത്തിയാകുന്നതിന് മുൻപേ കരുതൽ തുക, ലഭിക്കുവാനുള്ള തുകയിലേക്ക് ക്രമീകരിച്ചത് ഉചിതമായ നടപടിയല്ല.

ഈ വിഷയം ചുമതലപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

കോർപ്പറേഷന് നഷ്ടം വന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ചേർക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.118/22-23, 30.11.23)

## 1-154 കോവിലകത്തും പാടം- ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് നിഷ്ക്രിയം- നഷ്ടം 3,00,86,568/-രൂപ തൻവർഷ ചെലവ് 50,112/-രൂപ നിരാകരിക്കുന്നു

ഫയൽ നം - പിഎച്ച്4-22468/20

പിഡബ്ല്യു1-3594/20

പിഡബ്ല്യു6-4055/20

പ്രൊജക്ട് നം. 836/20, 623/21, 1132/22, 443/23

നിർവഹണം- ഹെൽത്ത് സൂപ്പർവൈസർ

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് നിലവിലുള്ള ഒഡബ്യുസി പ്ലാന്റുകൾക്ക് പുറമെ ഡിവിഷൻ 31 ൽ കോവിലകത്തുംപാടത്ത് ഒരു പ്ലാന്റു കൂടി ആരംഭിച്ചു. 3 ടൺ സംഭരണ ശേഷിയുള്ള ഓറഞ്ച് കാറ്റഗറിയിൽപെട്ട പുതിയ പ്ലാന്റിന്റെ ചുമതല വിൽവട്ടം മേഖലാ കാര്യാലയത്തിലെ ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകി. പദ്ധതി കൗൺസിലിൽ വയ്ക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. മേയറുടെ മുൻകൂർ അനുമതിയിലാണ് പദ്ധതി ആവിഷ്കരിച്ചത്.

പ്ലാന്റിന്റെ നടത്തിപ്പിനായി ഒരു കരാറുകാരനെ ടെന്റർ ക്ഷണിച്ച് ഏല്പിക്കുവാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 3/8.9.20 നമ്പറായി തീരുമാനമെടുത്തു. ഗ്രീൻബിൻ വേസ്റ്റ് മാനേജ്മെന്റ് കമ്പനി എന്ന സ്ഥാപനത്തെ പ്ലാന്റിന്റെ പ്രവർത്തനം ഏൽപിച്ചുകൊണ്ട് കരാർ ചമച്ചു. ടി കരാർ ഫയലിൽ ലഭ്യമായില്ല. ടെന്റർ നടപടിക്രമങ്ങളും ഫയലിൽ ലഭ്യമായില്ല.

17.9.2020 ന് പ്ലാന്റ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനം കഴിഞ്ഞ് ഒരു മാസം പിന്നിട്ടപ്പോഴാണ് (16.10.20ന്) പ്ലാന്റ് പ്രവർത്തിക്കുന്നിടത്തേക്ക് വാഹനം കയറുവാൻ സൗകര്യം ഒരുക്കിയിട്ടില്ലെന്നും ആയതിന് പരിഹാരം കാണുന്നതിനും കോർപ്പറേഷൻ മരാമത്ത് വിഭാഗത്തെ അറിയിച്ചിട്ടുള്ളത്. രണ്ട് മാസത്തിന് ശേഷമാണ് (4.11.20ന്) പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മാലിന്യം വളമാക്കുന്നതിന് അവശ്യം വേണ്ട റാക്കുകൾ, ട്രേകൾ, പൈപ്പ് ടാപ്പുകൾ, മതിയായ അളവിലുള്ള ഇനോക്കുലം എന്നിവ പ്ലാന്റിൽ സജ്ജമാക്കിയിട്ടില്ല എന്ന് കരാറുകാരൻ റിപ്പോർട്ട് ചെയ്തതായ രേഖകൾ ഫയലിലുണ്ട്. മതിയായ മുന്നൊരുക്കങ്ങളോ ആസൂത്രണമോ ഇല്ലാതെയാണ് പ്ലാന്റ് ആരംഭിച്ചിട്ടുള്ളത് എന്ന് ഇതിനാൽ വ്യക്തമാവുന്നു.

പിഎച്ച്4-22468/22 നമ്പർ കത്ത് പ്രകാരം 4.11.20 തീയതിയിലാണ് പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (പിസിബി) അനുമതിയ്ക്കായി കോർപ്പറേഷൻ കത്ത് നൽകുന്നത്. ഇന്റഗ്രേറ്റഡ് കൺസെന്റ് ടു ഓപ്പറേറ്റ് എന്ന സാക്ഷ്യപത്രം ലഭിക്കുന്നതിന് പിസിബിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ 500/-രൂപ

അപേക്ഷാഫീസ് അടച്ച് 5.11.2020ന് അപേക്ഷ നം.14316815 സമർപ്പിക്കുകയും, സാക്ഷ്യപത്രത്തിനായി 58524/-രൂപ (വൗച്ചർ നം.22002689/6.11.2020) അടവാക്കുകയും ചെയ്തു. അതോടൊപ്പം 200 രൂപ മുദ്രപത്രത്തിൽ കോർപ്പറേഷൻ സെക്രട്ടറി നിർദ്ദിഷ്ട സത്യവാങ്മൂലവും പിസിബിയിൽ സമർപ്പിച്ചു. പ്രവർത്തനമാരംഭിച്ചിട്ടുള്ള ഒഡബ്ല്യുസി പ്ലാന്റിന് 100 മീറ്റർ ചുറ്റളവിൽ മറ്റ് സ്ഥാപനങ്ങളോ, 600 മീറ്റർ ചുറ്റളവിൽ വീടോ താമസക്കാരോ ഇല്ലെന്നാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്.

എന്നാൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 18.21 ആർ വിസ്തൃതിയുള്ള ഭൂമിയിൽ നാലു നില കെട്ടിടത്തിൽ ബാങ്ക് ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വന്നിരുന്നു. സൂര്യ ഗാർഡൻസ് എന്ന ഹൗസിംഗ് കോളനിയിലെ താമസക്കാർ, ബിഎസ്എൻഎൽ, സ്റ്റേറ്റ് ബാങ്ക് എന്നിവയിലെ ജീവനക്കാർ, പ്ലാന്റ് പ്രവർത്തിക്കുന്നതിനെതിരെ കോർപ്പറേഷനിൽ പരാതി സമർപ്പിക്കുകയും പ്ലാന്റിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പിസിബിയുടെ അനുമതി ലഭിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി വ്യാജ സത്യവാങ്മൂലം സമർപ്പിക്കുകയാണ് ചെയ്തത് എന്നാണ് ഫയലിൽ നിന്നും വ്യക്തമാവുന്നത്.

കുരിയച്ചിറയിലുള്ള മറ്റൊരു ഒഡബ്ല്യുസി പ്ലാന്റിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ 1.4.22 മുതൽ ടി പ്ലാന്റിന്റെ പ്രവൃത്തി കോവിലകത്തുപാടത്തെ പ്ലാന്റിലേക്ക് മാറ്റുവാൻ കോർപ്പറേഷൻ തീരുമാനിച്ചു. എന്നാൽ, 7.9.20 ലെ ഉദ്ഘാടനത്തിന് ശേഷം ഒരിക്കൽപോലും പ്രവർത്തിപ്പിക്കാതിരുന്ന പ്ലാന്റിലെ ഒരു മെഷീനിന്റെ മോട്ടോർ കത്തി പോയതായി 2.4.22 ന് വിൽവട്ടത്തെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ അരയ്ക്കുന്നതിനായുള്ള 10 എച്ച്പി മോട്ടോർ കത്തിപ്പോയതായും 15000/-രൂപയോളം യന്ത്രം കേടുപാട് തീർക്കുവാൻ വേണ്ടി വരുമെന്നുമാണ് ജെഎച്ച്ഐ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പിന്നീട് കേടുപാടുകൾ തീർത്ത് മെഷീനറി പ്രവർത്തനക്ഷമമാക്കിയ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മെ. എംവേ എന്ന സ്ഥാപനം 13,56,000/-രൂപയാണ് പ്രസ്തുത യന്ത്രം സ്ഥാപിക്കുവാൻ വില ഈടാക്കിയിട്ടുള്ളത്. (എംബുക്ക് നം.46ബി/19-20) ടി സ്ഥാപനവുമായി കോർപ്പറേഷൻ ഒപ്പു വച്ച ധാരണാപത്രത്തിലെ പേജ് 5 ൽ വ്യവസ്ഥ ചെയ്തതു പ്രകാരം 9.9.20ന് പ്ലാന്റ് മെഷീനറികൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കോർപ്പറേഷനെ ഏൽപ്പിച്ച് 36 മാസം വരെ കരാറുകാരന്റെ ഗ്യാരന്റി കാലയളവ് നിലനിൽക്കുന്നുണ്ട്. (ജിഒ(പി)161/2019/ഫിൻ.25.11.2019) അങ്ങനെയെങ്കിൽ 09/2023 വരെ മെഷീനുകൾ റിപ്പയർ ചെയ്യേണ്ട ബാധ്യതയുള്ള എംവേ കൺസൾട്ടന്റ്സിൽ നിന്നും മെഷീനറിയുടെ കേടുപാടുകൾ തീർത്ത് ഉപയോഗക്ഷമമാക്കിയതായി കണ്ടില്ല.

കുരിയച്ചിറയിൽ നിന്നുമുള്ള മെഷീനറി കൊണ്ടു വന്ന് കോലോത്തുംപാടത്ത് പ്രവർത്തനം തുടങ്ങിയെന്ന് ഫയലിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ അവിടെയുണ്ടായിരുന്ന കേടായ മോട്ടോർ റിപ്പയർ ചെയ്തതായി കാണുന്നില്ല. കുരിയച്ചിറയിലെ പ്ലാന്റിലെത്തേണ്ട മാലിന്യം കൂടി കോലോത്തുംപാടത്ത് കൊണ്ടു വരികയും അതോടൊപ്പം കുടുംബശ്രീ യൂണിറ്റുകൾ ശേഖരിക്കുന്നവയും കരാറുകാരൻ സ്വന്തം നിലയിൽ ശേഖരിക്കുന്ന അടുത്തുള്ള പഞ്ചായത്തിലെ ഹോട്ടൽ മാലിന്യങ്ങളും മറ്റും ഒരേ പ്ലാന്റിലേക്കു തന്നെ കൊണ്ടു വരികയും ചെയ്തതോടെ കൃത്യമായ സംസ്കരണം ചെയ്യുന്നതിൽ അപാകത സംഭവിച്ചു. കോർപ്പറേഷൻ പരിധിയിലുള്ള മാലിന്യം ശേഖരിക്കുവാനാണ് കരാറുപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. പ്ലാന്റിലെ ഈർപ്പം നിറഞ്ഞ മാലിന്യത്തിൽ മതിയായ

അളവിൽ ഇനോക്കുലം/ചകിരിച്ചോർ ഉപയോഗിക്കാത്തതിനാൽ വമിക്കുന്ന ദുർഗന്ധവും ഈച്ച/പുഴു ശല്ല്യവും ചുറ്റുമുള്ള ജനജീവിതത്തെ ദുസ്സഹമാക്കുകയും പരാതിക്ക് ഇടവരുത്തുകയും ചെയ്യു. 4.7.2022 ലെ പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പിസിബി/ടിഎസ്ആർ/ എംഎസ്ഡബ്ല്യു-3/7002നം. കത്ത് പ്രകാരം പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തി വയ്ക്കുവാൻ ബോർഡ് ആവശ്യപ്പെട്ടു.

പ്ലാന്റ് മെഷീനറി മറയത്തക്ക രീതിയിൽ 1.8 മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് കൊണ്ട് ഭിത്തി നിർമ്മിക്കുകയും അതിന് മുകളിൽ 1 മീറ്റർ ഗ്രില്ലിംഗ് ചെയ്യിട്ടും പിസിബി നിഷ്കർഷിക്കുന്ന ഉപാധികൾ പാലിക്കുവാൻ സാധിക്കാത്തതിനാൽ പ്ലാന്റിന് പ്രവർത്തനാനുമതി ലഭ്യമാക്കുവാൻ കോർപ്പറേഷന് കഴിഞ്ഞില്ല. ഇതിനെ തുടർന്ന് 5.7.22 ന് പ്ലാന്റിന്റെ പ്രവൃത്തി നിർത്തി വച്ചു. പ്ലാന്റിനകത്തെ മെഷീനറികൾ കുരിയച്ചിറയിലേക്ക് മാറ്റിയിടുവാനും ഉത്തരവിട്ടു. കുരിയച്ചിറ പ്ലാന്റും പിസിബിയുടെ അനുമതി കൂടാതെയാണ് പ്രവർത്തിപ്പിച്ചിരുന്നത്.

മെഷീനറികളും പ്ലാന്റും വൃത്തിയാക്കുന്നതിന് 15.7.22 മുതൽ 30.7.22 വരെ പ്രഷർ വാഷർ ഉപയോഗിച്ചതിന് 16800/-രൂപ (വൗച്ചർനം.22204112/7.2.23) സുഗേഷ്, ബെസ്റ്റ് മെഷീൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്ന കരാറുകാരന് പ്രവർത്തി നിർത്തിവയ്ക്കുന്നതിന് മുൻപ് ആയത് വൃത്തിയാക്കേണ്ട ചുമതല കൂടി നിർവ്വഹിക്കേണ്ടതുണ്ട്. പള്ളിക്കുളത്ത് നിർത്തി വച്ചിരിക്കുന്ന എംസിഎഫ്, കോലോത്തുംപാടത്തേക്ക് മാറ്റുന്നതിനായി വൈറ്റ് കാറ്റഗറി പെർമിഷൻ ലഭിക്കുവാനായി വീണ്ടും പുതിയ അപേക്ഷ പിസിബിയിലേക്ക് സമർപ്പിച്ചിരിക്കുകയാണ് കോർപ്പറേഷൻ ഇപ്പോൾ ചെയ്യിട്ടുള്ളത്. പള്ളിക്കുളത്ത് പ്രവർത്തിച്ച വന്നിരുന്ന എംസിഎഫ് ഇപ്പോൾ പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് ടീം അവിടെ സന്ദർശിച്ചപ്പോൾ കണ്ടെത്തി.

30.7.2022 ന് ഒഡബ്ല്യുസി പ്ലാന്റ് പ്രഷർ വാഷ് ചെയ്ത് വൃത്തിയാക്കി തുക നൽകിയിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും, മെഷീനറികൾ നാളിതുവരെ കുരിയച്ചിറ പ്ലാന്റിലേക്ക് മാറ്റിയിട്ടില്ല എന്ന് ഓഡിറ്റ് ടീം 28.11.2023 ന് പ്ലാന്റുകൾ സന്ദർശിച്ചപ്പോൾ കണ്ടെത്തുകയുണ്ടായി. കോലോത്തും പാടം, കുരിയച്ചിറ പ്ലാന്റുകളിലെ മെഷീനുകളൊന്നും നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും കണ്ടെത്തി. 44,19,196/-രൂപയാണ് കോലോത്തുംപാടത്തെ പ്ലാന്റിൽ മെഷീനറി സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്.



വിയ്യൂർ കെഎസ്ഇബിയിൽ നിന്നാണ് പ്ലാന്റിന് ആവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. 35 കെവിഎ കണക്ഷനാണ് എടുത്തിട്ടുള്ളത്. (കൺസ്യൂമർ നം.19737, വാണിജ്യം) കോർപ്പറേഷൻ കെഎസ്ഇബിക്ക് സമർപ്പിച്ച

200 രൂപ മുദ്രപത്രത്തിലെ എഗ്രിമെന്റിൽ 26 കെവിഎ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ബിൽ തുക കണക്കാക്കിയതിൽ തെറ്റ് സംഭവിച്ചുവെന്നും വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനും കുടിശ്ശിക സഹിതം ബിൽ അടവാക്കുവാനും കെഎസ്ഇബി ഡിമാന്റ് നോട്ടീസ് നം. RB/ToD/Contract Demand/21-22/89/10.12.2021 കത്ത് ലഭിച്ചു. 10/2020 മുതൽ 10/2021 വരെയുള്ള കുടിശ്ശിക അടയ്ക്കുവാനാണ് നോട്ടീസ് ലഭിച്ചത്. പ്ലാന്റിന്, പിസിബി അനുമതി ലഭിക്കാഞ്ഞതിനാൽ പിന്നീട് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചു.

3 ടൺ സംഭരണ ശേഷിയുള്ള ഓറഞ്ച് കാറ്റഗറിയിൽപെട്ട പ്ലാന്റിന് വേണ്ടി ആകെ ചെലവായ തുകയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമായവ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ഭൂമി 23.26സെന്റ് - | 1,45,02187/-രൂപ |
| 2 | കെട്ടിടം നം. 3/2000/14 | 30,00,000/-രൂപ |
| 3 | പ്ലാന്റ് നിർമ്മാണം | 80,00,000/-രൂപ |
| 4 | മെഷീനറി | 4419196/-രൂപ |
| 5 | വെർട്ടിക്കൽ ഗാർഡൻ | ----- |
| | | 2,99,21,383/- രൂപ |

| ക്രമ നം. | ഇനം | വൗച്ചർ നം. | ചെക്ക് നം. | ബിൽ തുക |
|---|---|---|---|---|
| 1 | കണക്ഷൻ ചാർജ്ജ് | 22102424/25.10.21 | 265638/25.10.21 | 23426 |
| 2 | 11/2020 | 22102807/19.11.21 | 728774/19.11.21 | 5602 |
| 3 | 10/2020-10 /2021കുടിശ്ശിക 12/2021 ഡിമാന്റ് | 22103313/4.1.22 | 729055/4.1.22 | 20310 |
| 4 | 1/2022 | 22103794/9.2.2022 | 729352/9.2.2022 | 7211 |
| 5 | 6/2022 | 22200815/10.6.22 | 480150/10.6.22 | 5506 |
| 6 | 7/2022 | - | - | 9211 |
| 7 | 12/2022 | - | - | 2814 |
| 8 | 3/2023 | 22300026/3.3.23 | 01218052/3.3.23 | 15781 |
| 9 | പ്രഷർ | 22204112/7.2.23 | 01199543/7.2.23 | 16800 |

| | | | | |
|---|---|---|---|---|
| | വാഷിംഗ് 15.7.22-30.7.22 | | | |
| 10 | പിസിബി അനുമതിക്ക് | 22002689/6.11.2020 | -- | 58524 |
| | | | | 165185/- |

പ്രൊജക്ടിന് ചെലവായ ആകെ തുക 2,99,21,383 + 165185 = 3,00,86,568/- (മൂന്ന് കോടി എൺപത്തിആറായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട് രൂപ ). 165185രൂപയിൽ തൻവർഷ ചെലവ് 50112/-രൂപയാണ്

പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ അന്വേഷണക്കുറിപ്പ് നം.116/22-23, 29.11.23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല.

1. പ്ലാന്റ് നടത്തിപ്പിന് കോർപ്പറേഷനും ഗ്രീൻ ബിൻ വേസ്റ്റ് മാനേജ്മെന്റുമായി ഒപ്പു വച്ച ധാരണാപത്രം

2 കേടുവന്ന മെഷീനറികൾ മെ.എംവേ എന്ന കമ്പനി ഗ്യാരന്റി എഗ്രിമെന്റ് അനുസരിച്ച് റിപ്പയർ ചെയ്ത് കാര്യക്ഷമമാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ ഇൻവോയ്സും മറ്റ് വിശദവിവരങ്ങളും നൽകേണ്ടതാണ്

3. പ്ലാന്റ് തുടങ്ങുന്നതിന് മുൻപ് ചുറ്റുപ്രദേശത്തുള്ളവരിൽ നിന്നും ലഭിച്ച സമ്മതപത്രം

4. പിസിബിയിൽ നിന്നും യഥാസമയം അനുമതി വാങ്ങാതിരുന്നതിന് കാരണം

5. ഒഡബ്ല്യുസി പ്ലാന്റിന് അനുയോജ്യമായ ഭൂമിയാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവരുടെ റിപ്പോർട്ട്

6. പ്ലാന്റിനായി തെരഞ്ഞെടുത്ത ഭൂമി കോർപ്പറേഷന്റെ ഭൂമിയാണോ, അഥവാ സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയതാണെങ്കിൽ ആയതിന്റെ രേഖകൾ

7. കോർപ്പറേഷൻ പരിധിയിലെയും പുറത്തു നിന്നുള്ളവയുമായ എല്ലാ സ്ഥലങ്ങളിൽ നിന്നും ബയോ വേസ്റ്റ് ശേഖരിക്കുന്നതിന് കരാറുകാരന് കരാറിൽ അനുമതി നൽകിയിട്ടുണ്ടായിരുന്നോ, ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ

8. നിലവിൽ പ്ലാന്റിൽ എംസിഎഫ് നിലനിർത്തുന്നതിന് പിസിബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല. കൗൺസിൽ അംഗീകാരമില്ലാതെയും പദ്ധതിക്ക് പ്രാഥമികമായി ആവശ്യമായ പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രിക പോലും ലഭ്യമാക്കാതെയും ചെലവഴിച്ച മൂന്ന് കോടിയോളം രൂപ, പദ്ധതി ഫലപ്രദമാകാത്തതിനാൽ കോർപ്പറേഷന്റെ നഷ്ടമായി കണക്കാക്കുന്നു. തൻവർഷം ചെലവ് ചെയ്ത 50,112/-രൂപ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.116/22-23, 29.11.23)

1-155 ശക്തൻ സ്റ്റാന്റിന് സമീപം ഇൻസിനറേറ്റർ സ്ഥാപിച്ചത്-കൗൺസിൽ അംഗീകാരമില്ല- 1849760രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ നം.14038/22

പ്രൊജക്ട് നം.- 1132/22, 443/23

എഗ്രിമെന്റ് നം. 9/ഇഇ1/പ്ലാൻ/22-23/26.7.22

മുൻകൂർ ഭരണാനുമതി - 2000000/-

സാങ്കേതികാനുമതി- 2000000/-

തൃശ്ശൂർ കോർപ്പറേഷൻ, ഈസ്റ്റ് സോൺ, ഡിവിഷൻ 35 ൽ ശക്തൻ സ്റ്റാന്റിന് സമീപം ഇൻസിനറേറ്ററിൽ പുതിയ സ്റ്റോർ മുറിയും നിലവിലുള്ള ഷെഡ് പുതുക്കി പണിയുന്നതിനും 2022 ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ മേയർ മുൻകൂർ അനുമതി നൽകി. 2018 ലെ ഡിഎസ്ആർ നിരക്കുകളോടൊപ്പം 35.59% കോസ്റ്റ് ഇൻഡക്സ് കൂടി ചേർത്താണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 17,76,191/-രൂപയ്ക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന് 92571/21-22/12.3.22 നമ്പറായി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പിഡബ്ല്യു2/17409/18/14.3.22 ഫയൽ പ്രകാരം 15.3.22 ന് പത്രപരസ്യം, ഓൺലൈൻ എന്നിവ മുഖാന്തിരം ടെന്റർ ക്ഷണിച്ചതിൽ താഴെ പറയുന്ന കരാറുകാർ പങ്കെടുത്തു.

I. കെ.പി.ഷാജൻ - തുക 17,55,305.82/-

Ii. ടി.എൽ.ആന്റോ - തുക 19,69,463.33/-

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ കെ.പി.ഷാജന്റെ ടെന്റർ സ്വീകരിക്കുകയും 16.4.2022ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ചില ഇനങ്ങളുടെ അളവുകളിൽ 25% ൽ അധികം വ്യത്യാസം വന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അത് പ്രകാരം എഗ്രിമെന്റ് പുതുക്കി 1953000/-രൂപയ്ക്ക് 01/09/ഇഇ1/പ്ലാൻ/22-23 /25.07.22 നമ്പറായി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 22.09.2022 ന് പ്രവൃത്തി പൂർത്തീകരിച്ച്, 122/ഡി/21-22 നമ്പർ എംബുക്കിൽ അളവുകൾ രേഖപ്പെടുത്തുകയും ഫൈനൽ ബിൽ (1651571+12%ജിഎസ്.ടി) 1849760/- രൂപ കണക്കാക്കുകയും ചെയ്തിട്ടുണ്ട്. നിയമാനുസൃത കിഴിവുകൾ (66064/-രൂപ) കഴിച്ച് ബിൽ തുക 1783696/-രൂപ നൽകുകയും ചെയ്തു. (വൗച്ചർ- 22203470/29.10.2022)

മേൽപറഞ്ഞ ഫയലിൽ താഴെ ചേർത്ത പ്രകാരം അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. മേയറുടെ മുൻകൂർ അനുമതി കൗൺസിലിൽ ചർച്ച ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

2. പ്രവർത്തിയിൽ വ്യതിയാനം വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയപ്പോഴും പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയതായി കണ്ടില്ല.

3. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം നീക്കം ചെയ്ത പഴയ ട്രസ്സ്, എ.സി എന്നിവ ലേലം ചെയ്തിരുന്നോ അതല്ലെങ്കിൽ എന്തിന് ഉപയോഗിച്ചു എന്നുള്ളത് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. 18.7.2022 മുതൽ മരാമത്ത് പ്രവർത്തികൾക്കുള്ള ചരക്ക് സേവന നികുതി 12 ശതമാനത്തിൽ നിന്നും 18

ശതമാനമായി ഉയർത്തിയിട്ടുണ്ട്, (സ.ഉ.(പി)നം.82/2022/ടാക്സസ്/18.7.2022). എന്നാൽ, മേൽപറഞ്ഞ പ്രവർത്തിയിൽ 12% ജിഎസ്.ടി മാത്രമാണ് കണക്കാക്കിയിട്ടുള്ളത്.

മേൽപറഞ്ഞ അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകുന്നതിന് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും (109/22-23/17.11.23) മറുപടി ലഭ്യമായില്ല. ആയതിനാൽ, ചെലവ് തുക 1849760/- രൂപ (വൗച്ചർ- 22203470/29.10.2022) തടസ്സപ്പെടുത്തുന്നു.

1-156 ടാഗോർ ഹാൾ നിർമ്മാണം- അപാകതകൾ - 408090/-രൂപ നഷ്ടം

ഫയൽ നം - DW7-30736/18(A),(B)

തുക- 307500000/-

പ്രൊജക്ട് നം - 632/23, 367/20, 714/21, 160/23, 1492/24

നിർവഹണം- എക്സിക്യൂട്ടീവ് എഞ്ചിനീയർ 11

ഭരണാനുമതി - 96/ഇഇ2-22-23/24.11.22

സാങ്കേതികാനുമതി - (39565/22-23/25.10.22)

സാങ്കേതികാനുമതി - ഡിബി7/8958/2019/സിഇ/തസ്വഭവ. 31.12.22

കൗൺസിൽ തീരുമാനം- 7/21.3.23

എഗ്രി.നം. 66/ഇഇ2/19-20/14.11.19

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഡിവിഷൻ 51 ൽ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണിത്. DSR 2016, കോസ്റ്റ് ഇൻഡക്സ് 31.06% നിരക്കിലാണ് രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിക്ക് 307500000/-രൂപയുടെ അടങ്കൽ ഉൾപ്പെടുത്തി 22.8.2019 ന് മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. നം.44/31.1.20 തീരുമാനത്താൽ ടി മുൻകൂർ അനുമതി കൗൺസിൽ സാധൂകരിച്ചിട്ടുണ്ട്. 30.75 കോടി രൂപയുടെ ബൃഹത്തായ പദ്ധതിയെ സംബന്ധിച്ച് കൗൺസിലിൽ ചർച്ച ചെയ്യാതെയും മതിയായ ഫണ്ട് ഉറപ്പ് വരുത്താതെയും, അടിയന്തിര പ്രവർത്തിയായി കണക്കാക്കി മുൻകൂർ അനുമതി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8360.63എം2 വിസ്തൃതിയിൽ മൂന്ന് നിലകളും രണ്ട് ബേസ്മെന്റുകളും അടങ്ങുന്നതാണ് കെട്ടിടം. ആദ്യത്തെ നിലയിൽ 700 പേർക്ക് ഇരിക്കാവുന്ന ഗ്യാലറി സൗകര്യം കൂടി ഉൾപ്പെടുത്തിയ ഹാൾ, രണ്ടാമത്തെ നിലയിൽ ചെറുതും വലുതുമായ ചടങ്ങുകൾ നടത്താവുന്ന മൾട്ടി പർപ്പസ് ഹാൾ, മൂന്നാമത്തെ നിലയിൽ മൂന്ന് ലക്ഷ്വറി ഗസ്റ്റ് റൂമുകൾ, ഓരോ നിലയിലും ശൗചാലയങ്ങൾ എന്നിവയാണ് കൺവെൻഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് ഫയലിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ടാഗോർ ഹാൾ നിർമ്മാണത്തിന്റെ സിവിൽ വർക്കിന് ആർക്കിടെക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ, പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ആർക്കോൺസ് ആർക്കിടെക്ചേഴ്സ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന് പദ്ധതി തുകയുടെ 2.1% രൂപയാണ് അഗ്രിമെന്റ് പ്രകാരം നൽകിയിട്ടുള്ളത്. 30.75 കോടിയുടെ പദ്ധതിക്ക്

വായ്പയെടുത്ത് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരുന്നത് എങ്കിലും, ഒരു ലോൺ സബ്കമ്മിറ്റി ആരംഭിച്ചു എന്നല്ലാതെ നാളിതുവരെ വായ്പയ്ക്കുള്ള നടപടികൾ ആരംഭിച്ചതായി ഫയലിൽ രേഖകളില്ല. വികസന ഫണ്ടിൽ നിന്നും 3,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച തുക മുഴുവനും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് വഹിച്ചിട്ടുള്ളത്.

കെട്ടിടത്തിന്റെ സിവിൽ കൺസ്ട്രക്ഷൻ പദ്ധതികൾ 184851195.12 രൂപയ്ക്ക് (+ജിഎസ്.ടി) അമ്മൂസ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് ഏറ്റെടുത്തിട്ടുള്ളത്. ഡിഡബ്ല്യു7/30736/18(എ)/14.11.19 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 19.11.2019 ന് സൈറ്റ് കൈമാറ്റം ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കിയത് 23.6.23 ന് മാത്രമാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നാല് തവണ പിഴ കൂടാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 31.3.2023 ന് കാലാവധി കഴിഞ്ഞതിന് ശേഷമാണ് സിവിൽ പ്രവർത്തി പൂർത്തിയാക്കിയത്. ആയതിന് പിഴ ഈടാക്കിയതായോ മറ്റ് നിയമാനുസൃതമായ കാരണങ്ങൾ രേഖപ്പെടുത്തിയതായോ ഫയലിൽ രേഖകൾ ഇല്ല. കാരണം വ്യക്തമാക്കേണ്ടതാണ്. ഫയലിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. മണ്ണ് ലേലം ചെയ്തതിന് റോയൽറ്റി അടച്ച ിട്ടില്ല

ടാഗോർ കൺവെൻഷനൽ സെന്ററിനുള്ള സൈറ്റിൽ നിന്നും 14308.67എം3 മണ്ണാണ് കുഴിച്ചെടുത്തിട്ടുള്ളത്. 4129.71എം3 മണ്ണ് സൈറ്റിൽ ഫില്ലിംഗിന് ആവശ്യമുണ്ടെന്നതിനാൽ ബാക്കി 10179എം3 മണ്ണ് ലേലം ചെയ്തിട്ടുണ്ട്. വട്ടപ്പുള്ളി വീട്ടിൽ വി.കെ.ഷാബുവാണ് 21,33,000 രൂപയ്ക്ക് മണ്ണ് ലേലത്തിനെടുത്തത്. ടി തുക 5% ജിഎസ്.ടി അടക്കം (2239650രൂപ) ടിയാൻ കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. (രശീത് നം.01/119040113790/23.1.2020) ടി മണ്ണിന് 1എം3ന് 40രൂപ എന്ന നിരക്കിൽ 4,07,160/- രൂപ ജിയോളജി വകുപ്പിലേക്ക് റോയൽറ്റി അടയ്ക്കേണ്ടതുണ്ട്. എന്നാൽ, ടി തുക അടച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. മണ്ണിന് വില കണക്കാക്കിയതിൽ കുറവ്

ടാഗോർ കൺവെൻഷൻ സെന്റർ പണിയുന്നതിന് കണ്ടെത്തിയ ഭൂമിയിൽ നിന്നും കുഴിച്ചെടുത്ത 10179എം3 ചുവന്ന മണ്ണിന് ഒരു എം3ന് 209 രൂപ വച്ച് കണക്കാക്കിയാണ് ലേലത്തിന് അടിസ്ഥാന തുക ആരംഭിച്ചിട്ടുള്ളത്. എന്നാൽ ഈ കാലയളവിൽ കണക്കാക്കേണ്ടിയിരുന്ന തുക താഴെ ചേർക്കുന്നു.

| | |
|---|---|
| മണ്ണിന് കോംപൻസേഷൻ | 159.71/എം3 |
| റോയൽട്ടി ഇനം | 30 |
| കോസ്റ്റ് ഇൻഡക്സ് | 49.61 (031.06%) |
| ആകെ | 239.32 |

ഒരു എം3 മണ്ണിന് 239 രൂപ കണക്കാക്കിയാൽ മിനിമം 24,32,781 രൂപ ലേലം തുകയായി ലഭിക്കേണ്ടതായിരുന്നു. എന്നാൽ, എം3ന് 209 രൂപ വച്ച് കണക്കാക്കിയതു കൊണ്ട് 21,27,411 രൂപയാണ് മിനിമം ലേല തുക ആരംഭിച്ചത് എന്നത് കൊണ്ട്, ഏറ്റവും കുറഞ്ഞത് 2,99,781 രൂപയുടെ (2432781 - 2133000)

നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

3. മരം ലേലം - ടിമ്പർ ടാക്സ് അടച്ചില്ല

ടാഗോർ ഹാളിൻ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമിയിൽ നിന്നും വെട്ടി മാറ്റിയ മരങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമായ നിരക്ക് വച്ച് ലേലം ചെയ്തിട്ടുണ്ട്. 72 മരങ്ങൾ മുറിക്കുവാൻ വനം വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചെങ്കിലും 57 മരങ്ങൾ മുറിയ്ക്കുവാനാണ് അനുമതി നൽകിയത്. അനുവദിച്ച വില നിരക്ക് താഴെ ചേർക്കുന്നു.

തടി നിരക്ക് - 766988/-

വിറക് നിരക്ക് - 41449/-

മരം മുറിക്കുവാൻ അനുമതി നൽകിയപ്പോൾ ലേലം ചെയ്ത് കിട്ടുന്ന തുകയുടെ 5% ടിമ്പർ ടാക്സ് അടയ്ക്കുവാനും മരം മുറിക്കുന്നതിന് പകരമായി ഒന്നിന് 10 എന്ന നിരക്കിൽ മരം വച്ച് പിടിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി വനം വകുപ്പിനെ അറിയിക്കണമെന്നും ഉപാധികളോടെയാണ് അനുമതി നൽകിയിട്ടുള്ളത്. ലേല തുകയുടെ 5% 106650 രൂപ (2133000x5%) വനം വകുപ്പിലേക്ക് അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായില്ല. മരം വച്ചു പിടിപ്പിക്കുവാൻ ഏതെങ്കിലും രീതിയിലുള്ള പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. ആർക്കോൺസ് ആർക്കിടെക്ച്ചേഴ്സിന് അധിക തുക നൽകിയത്

ടാഗോർ കൺവെൻഷൻ സെന്ററിനുള്ള സ്ട്രക്ചറൽ ഡിസൈൻ, പിപിആർ, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിനായി ബാംഗ്ലൂരുള്ള ആർക്കോൺസ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. റഫ് കോസ്റ്റ് 307500000/-രൂപയിൽ താഴെ ചേർത്ത തുകകൾ കുറവ് ചെയ്ത തുകയ്ക്കാണ് ആർക്കോൺസിനുള്ള പ്രതിഫലം നിശ്ചയിക്കേണ്ടിയിരുന്നത്.

| | |
|---|---|
| ആകെ അടങ്കൽ | 307500000 |
| കുറയ്ക്കുക ലിഫ്റ്റ്+ഇലക്ട്രിക്കൽ | 46000000 |
| ഫർണീച്ചർ +കിച്ചൺ എക്വിപ്പ്മെന്റ്സ് | 8450000 |
| ജല ലഭ്യത, കുടി വെള്ളം | 5000000 |
| കണ്ടിൻജന്റ് ചെലവ് | 5000000 |
| ചുറ്റുമതിൽ, ടാഗോർ ഹാൾ ഗേറ്റ് നിർമ്മാണം | 5027837 |
| ജി.എസ്.ടി തുക | 36064398 |
| അറ്റ തുക | 200357765 |
| ആർക്കോൺസിന് ടാഗോർ ഹാൾ നൽകേണ്ടിയിരുന്ന തുക | 200357765 X 2.1% = 42,07,513 + ജിഎസ്.ടി<br>ആകെ – 4964865/- |
| നൽകിയ തുക | 42,99,300+ജിഎസ്.ടി |

| | |
|---|---|
| | ആകെ – 5073174/- |
| അധികം നൽകിയത് | 91,787+18% ജിഎസ് .ടി<br>1,08,309/-രൂപ |

പദ്ധതിയ്ക്കായി 2022-23സാമ്പത്തിക വർഷം വരെ കരാറുകാരന് നൽകിയ തുക താഴെ ചേർക്കുന്നു

| വൗച്ചർ നമ്പർ /തീയതി | നൽകിയ തുക |
|---|---|
| 22104455/22.9.21 | 19283919 |
| 22105622/24.2.22 | 8396391 |
| 22105647/26.2.22 | 2319690 |
| 22105770/14.3.22 | 16239126 |
| 22105189/26.3.22 | 9674764 |
| 22105055/30.3.22 | 1145181 |
| 22203112/20.8.22 | 5060970 |
| 22203198/30.8.22 | 4939030 |
| 22203598/6.12.22 | 22567164 |
| 22204726/20.12.22 | 7432836 |
| 22204684/30.1.23 | 7387384 |
| 22204697/31.1.23 | 12612616 |
| 22204811/15.3.23 | 23120915 |
| ആകെ | 140179986/- |

പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയതിൽ താഴെ ചേർത്ത പ്രകാരം അപാകതകൾ കണ്ടു.



20 കോടി രൂപ പദ്ധതിക്ക് ചെലവ് ചെയ്ത് കഴിഞ്ഞ കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. സ്ട്രക്ച്ചർ വർക്ക് പൂർത്തിയായ കെട്ടിടത്തിൽ ഗ്രാനൈറ്റ് വിരിച്ച് നിലംപണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, വൈദ്യുതീകരണ പ്രവർത്തികൾ പ്ലംബിംഗ് എന്നിവ ചെയ്യാൻ തുടങ്ങിയിട്ടില്ല.

ചുവർ പുട്ടിയിട്ട് മിനുക്കുകയും വെള്ള പൂശുകയും ചെയ്തിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികളും പ്ലംബിംഗും ചെയ്യണമെങ്കിൽ വീണ്ടും ചുവർ തുളച്ച് പൈപ്പുകളിട്ട് പ്രവർത്തി ചെയ്യേണ്ടി വരുന്നതാണ്.

നിലംപണിത് കഴിഞ്ഞ സാഹചര്യത്തിൽ ഇനിയുള്ള പ്രവർത്തികൾ ചെയ്ത് പൂർത്തിയാക്കുന്നതിന് പോളിഷ് ചെയ്ത് മിനുസപ്പെടുത്തിയ നിലത്ത് പോറലുകൾ വീഴുവാനും ഭംഗി നഷ്ടപ്പെടാനും സാദ്ധ്യതയുള്ളതിനാൽ ഇതൊഴിവാക്കുവാൻ, കെട്ടിടത്തിലെ ഗ്രാനൈറ്റ് വിരിച്ച എല്ലാ ഭാഗങ്ങളും പ്രത്യേക രീതിയിൽ പ്ലാസ്റ്റിക്ക് ഷീറ്റിട്ട് അതിന്റെ മുകളിൽ പ്ലാസ്റ്റർ ഓഫ് പാരീസ് കൊണ്ട് മൂടിയിട്ടിരിക്കയാണ്. ഈ പ്രവർത്തിക്ക് മാത്രം ബില്ലിൽ 776935.96/- രൂപ അധിക പ്രവർത്തിയായി ചെയ്തിട്ടുണ്ട്. കെട്ടിടത്തിൽ വൈദ്യുതീകരണ പ്ലംബിംഗ് പ്രവർത്തികൾക്ക് പ്രാഥമികമായി ചെയ്തിരിക്കേണ്ട ജോലികൾ ചെയ്തതിന് ശേഷം ഗ്രാനൈറ്റ് വിരിച്ച് നിലം പണി ചെയ്തിരുന്നെങ്കിൽ ഈ അധികച്ചെലവ് വരുമായിരുന്നില്ല. അപാകതകൾക്ക് വിശദീകരണത്തിനായി അന്വേഷണക്കുറിപ്പ് (120/22-23/2.12.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. പ്രവർത്തിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന് നഷ്ടം വന്ന തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-157 സംസം പാർക്ക് റോഡ് പുനരുദ്ധാരണം, രണ്ടാം ഘട്ടം-55,766 രൂപ നിരാകരിക്കുന്നു.

ഫയൽ- പിഡബ്ല്യു1-51141/22

പ്രൊജക്ട് നം. – 632/23, 1130/24

നിർവ്വഹണം – എക്സിക്യൂട്ടീവ് എഞ്ചിനീയർ 1

വൗച്ചർ നം. 22205638/28.3.23 -3,50,000/-

„ 22302077/26.10.23- 15642/-

ഒല്ലൂക്കര സോണലിന്റെ പരിധിയിൽ ഡിവിഷൻ 17 ൽ ഉൾപ്പെട്ട സംസം റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടത്തിൽ റോഡ് റീട്ടാറിംഗ്, കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ റോഡിനുള്ളിലേക്ക് മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. (20.3.23ന് പ്രവർത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്). DSR 2018, കോസ്റ്റ് ഇൻഡക്സ് 35.59% നിരക്കിലാണ് 335000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കരാറുകാരൻ ക്വോട്ട് ചെയ്ത തുക (9.35%അധികം) 309866.29/- രൂപയാണ്. എന്നാൽ, ടി പ്രവർത്തിയിൽ ഉൾപ്പെട്ട രണ്ട് ഇനങ്ങൾ ചെയ്യാതെ തന്നെ 3,65,642 രൂപ ചെലവ് വന്നിരിക്കുന്നു. അതായത്, ക്വോട്ട് ചെയ്ത തുകയേക്കാൾ 55,766 രൂപ കൂടുതൽ.

പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും അനുവദിച്ച അടങ്കൽ തുക 3,50,000 രൂപയിൽ ഒതുക്കി, നിയമാനുസൃത ഇളവുകൾ (15206/-രൂപ) കിഴിച്ച് നൽകിയ തുക 334794/- രൂപ(വൗച്ചർ നം.22205638/28.3.23) ട്രഷറി ബിൽ വഴിയും, ബാക്കി 15642/-രൂപ നൽകുന്നതിന് പുതുക്കിയ പ്രൊജക്ടിൽ (നം.1130/24) ഉൾപ്പെടുത്തി തനതു ഫണ്ടിൽ നിന്നും കരാറുകാരന് നൽകിയിരിക്കുന്നു. (വൗച്ചർ നം.-22302077/26.10.23, ചെക്ക്.നം 233109) എന്നാൽ, ഇതേ ഫയലിൽ, അടുത്ത വർഷത്തെ പുതിയ പദ്ധതിയായി ഉൾപ്പെടുത്തി 9.11.23ന് 15642/-രൂപ വീണ്ടും നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നം.772233/9.11.2023). ആദ്യം നൽകിയ ചെക്ക് റദ്ദ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ലഭ്യമാവാത്തതിനാൽ 15642/-രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ

1. കുടിവെള്ള പൈപ്പ് ലൈനുകൾ റോഡിനടിയിലേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള പ്രവർത്തി കരാറിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ടി പ്രവൃത്തി ചെയ്തിട്ടില്ല. ഇതുൾപ്പെടെയുള്ള പ്രവർത്തികൾക്കാണ് കരാറുകാരൻ 309866.29/-രൂപ ക്വോട്ട് ചെയ്തത്. ടാറിംഗ് പ്രവർത്തി മാത്രം ചെയ്യുകയും അടങ്കൽ തുകയേക്കാൾ തുക അധികരിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമായില്ല. ആയതിനാൽ അധികരിച്ച തുക 55,766 രൂപ(309866.29 – 3,65,642) നിരാകരിക്കുന്നു.

24.11.2022ന് ആരംഭിച്ച പ്രവർത്തി 20.3.2023 പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിയുടെ കാലാവധി 5 മാസമായിരുന്നു. കരാറിൽ ഉൾപ്പെടുത്തിയ രണ്ട് ഇനങ്ങൾ ചെയ്യാതിരിക്കുകയും, ചെയ്ത മറ്റെല്ലാ ഇനങ്ങളും 25% അധികരിച്ച് പൂർത്തിയാക്കുകയും ചെയ്തിട്ടും പ്രവർത്തിയുടെ ഒരു ഘട്ടത്തിലും പദ്ധതി പുതുക്കുകയോ പ്രവർത്തിയിൽ വന്ന വ്യതിയാനത്തിന് കൃത്യമായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ അന്വേഷണക്കുറിപ്പ് (89/22-23/7.12.23/ഒല്ലൂക്കര) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

**1-158 ഡിവിഷൻ 3 - വസന്ത് നഗർ മിനി പാർക്ക് നിർമ്മാണം - 16,84,867 രൂപ ചെലവഴിച്ച സ്ഥലം നാളിതുവരെ പാർക്ക് ആയി ഉപയോഗിച്ചിട്ടില്ല; അപാകതകളുടെ അടിസ്ഥാനത്തിൽ തൻ വർഷത്തെ ചെലവു തുക 3,41,609 രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്റ്റ് നം. | 92/23 ഡിവിഷൻ 3 - വസന്ത് നഗർ മിനി പാർക്ക് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി.എഞ്ചിനീയർ 1 |
| ഫയൽ നം | PW1/55687/19 |
| അടങ്കൽ തുക | 40,00,000 |
| ഭരണാനുമതി | കൗൺസിൽ തീരുമാനം 48(a)1/16.6.21 |
| സാങ്കേതികാനുമതി | 93827/2019-20/30.11.2019 |
| പുതുക്കിയ സാങ്കേതികാനുമതി | 93827/2019-20/12.04.2022 |
| ടെണ്ടർ/റിടെണ്ടർ തിയതി/ അംഗീകാരം | 14.1.20,2.3.20 കൗൺസിൽ തീരുമാനം 48/5.10.20 |

| | |
|---|---|
| കോൺട്രാക്ടർ | ശ്രീനി പരമേശ്വരൻ |
| ക്വാട്ട് ചെയ്ത തുക | 35,70,420.00 |
| എഗ്രിമെന്റ് | 17/EE1/20-21/17.7.20 |
| സൈറ്റ് ഹാന്റോവർ ചെയ്ത തിയതി | 17.7.20 |
| എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ്/തിയതി | 6 മാസം<br>16.1.21 |
| സപ്ലിമെന്ററി എഗ്രിമെന്റ് ടൈം എക്സ്റ്റൻഷൻ 1 | 1/17/EE1/20-21/18.1.21<br>(6മാസം) |
| „<br>ടൈം എക്സ്റ്റൻഷൻ 2 | 2/17/EE1/20-21/20.7.21<br>(6മാസം) |
| „<br>ടൈം എക്സ്റ്റൻഷൻ 3 | 3/17/EE1/20-21/15.1.22<br>(3മാസം) |
| സപ്ലിമെന്ററി എഗ്രിമെന്റ് റിവൈസ്ഡ് എസ്റ്റിമേറ്റ്4 | 4/17/EE1/20-21/12.4.22 |
| സപ്ലിമെന്ററി എഗ്രിമെന്റ് ടൈം എക്സ്റ്റൻഷൻ 5 | 5/17/EE1/20-21/15.4.22<br>(3മാസം) |
| അളവ് പുസ്തകങ്ങൾ | 132A/20-21,47D/20-21,<br>48D/20-21,133A/20-21,<br>100/B/21-22. |
| പ്രൊജക്റ്റ് വിശദാംശം | |
| 166/20, 491/21 | ചെലവ് നടന്നിട്ടില്ല. |
| 394/22<br>ഫസ്റ്റ് & പാർട്ട് ബിൽ | 13,41,609.00<br>Vr.No.22104041/24.1.22 |
| 92/23<br>സെക്കന്റ് & പാർട്ട് ബിൽ | 3,41,609.00<br>Vr.No.22104041/24.1.22 |
| 1250/23-24 | അളവ് പുസ്തകം 48 D 20-21 പേജ് 38 |

| | |
|---|---|
| | തിയതി 5.9.22 പ്രകാരം തേർഡ് ഫൈനൽ ബിൽ 20,74,333.00 രൂപയ്ക്ക് തയ്യാറാക്കി കാണുന്നുവെങ്കിലും പാസ്സാക്കിയിട്ടില്ല. |




1. 16,84,867 രൂപ ചെലവഴിച്ച സ്ഥലം നാളിതുവരെ പാർക്ക് ആയി ഉപയോഗിച്ചിട്ടില്ല. മേൽ പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റിൽ പാർക്കിൽ ഹാൾ, അടുക്കള, ടോയ്‌ലറ്റ്, സ്റ്റോർ, എന്നിവ ഉൾപ്പെടുത്തി ബിൽഡിംഗ്, ഓപ്പൺ സ്റ്റേജ്, സ്റ്റേജിലേക്ക് കയറുന്നതിനു വേണ്ടി റാംപ്, നിലവിലുള്ള ഗ്രൗണ്ടിൽ ടർഫിംഗ്, വാട്ടർ ബോഡി, മ്യൂസിക്കൽ ഫൗണ്ടൻ എന്നിവയാണ് വിഭാവനം ചെയ്തിരുന്നത്. ആയതിൽ കെട്ടിടനിർമ്മാണം, ഓപ്പൺ സ്റ്റേജ്, ടർഫിങ്ങ് ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം നടത്തിയിട്ടുണ്ട്. 12.4.22ൽ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലം വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ വാട്ടർ ബോഡി, മ്യൂസിക്കൽ ഫൗണ്ടൻ എന്നീ പ്രവൃത്തികൾ ഒഴിവാക്കേണ്ടതായി വന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പാർക്ക് കുട്ടികളുടെ വിനോദത്തിന് പ്രധാനമായി ആവശ്യമുള്ളതിനാൽ കളി ഉപകരണങ്ങൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടർഫിംഗ് സ്വാഭാവിക പുല്ല് ഉപയോഗിച്ച് നിർമ്മിക്കേണ്ടതിനാൽ സ്ഥലത്ത് കിണർ നിർമ്മിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി. കൂടാതെ സ്ഥലത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് നിരപ്പാക്കുന്ന പ്രവൃത്തിയും മൾട്ടിവുഡ് ബോർഡ് ഉപയോഗിച്ച് പാർക്കിന്റെ പേര് സ്ഥാപിക്കുന്ന ഇനവും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം 18.11.23ന് നടത്തിയ സ്ഥലപരിശോധനയിൽ 11.9.2020 ൽ "പത്മശ്രീ സി.കെ മേനോൻ സ്മാരക സയൻസ് പാർക്ക്" എന്ന പേരിൽ ഉദ്ഘാടനം നടത്തിയ ബോർഡ് കണ്ടെങ്കിലും കവാടം പൂട്ടിയിട്ട നിലയിൽ വിജനമായും കുട്ടികളുടെ കളിസ്ഥലമായി ഉദ്ദേശിച്ചിടത്ത് പുല്ല് വിരിച്ചത് കാണാനാകാത്ത വിധം പാഴ് ച്ചെടികൾ വളർന്ന നിലയിലും കാണപ്പെട്ടു. കളി ഉപകരണങ്ങൾ സ്ഥാപിച്ചതിന്മേലും പുല്ലും വള്ളികളും പടർന്നു കേറി ശോചനീയാവസ്ഥയിലാണ്. പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തിക്കാത്തതിനാൽ ഇരുമ്പു കയറി നശിച്ചു കൊണ്ടിരിക്കുന്നു. 2019-20 ൽ ആവിഷ്കരിച്ച് 17.7.2020ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി വേണ്ടത്ര മുന്നൊരുക്കവും ആസൂത്രണവും ഇല്ലാതെയാണ് നടപ്പാക്കിയതെന്ന് വ്യക്തമാണ്. 2023-24 കാലയളവ് വരെ നാല് തവണ കോൺട്രാക്ടർക്ക് കാലാവധി ദീർഘിപ്പിച്ച് സപ്ലിമെന്ററി

എഗ്രിമെന്റ് വെച്ചു. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അഞ്ചാമത്തെ സപ്ലിമെന്ററി എഗ്രിമെന്റിലും ഏർപ്പെട്ടു. മേൽസാഹചര്യത്തിൽ നാളിതുവരെ 16,84,867 രൂപ ചെലവഴിച്ചത് നിഷ്ഫലമായ അവസ്ഥയാണുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഇപ്പോഴും ഫൈനൽ ബിൽ നൽകാൻ കഴിയാതെ ഉദ്ദേശിച്ച ലക്ഷ്യം പ്രാവർത്തികമാക്കാൻ കഴിയാതെ തുടരുന്ന അവസ്ഥ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2. കുഴിച്ചെടുത്തതും സ്ഥലത്തുണ്ടായിരുന്നതുമായ മണ്ണിന്റെ വിനിയോഗത്തിലെ അപാകതകൾ

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം മണ്ണിന്റെ അളവുകൾ

| ക്രമ.നം | സ്പെസിഫിക്കേഷൻ | അളവ് |
|---|---|---|
| 1.002 | 2.8.1 കുഴിച്ചെടുത്തത് | 120.35 എം3 |
| 1.007 | 2.25 സ്ഥലത്തുണ്ടായിരുന്നത് | 91.24എം3 |
| 2.002 | 30.2.2 സപ്ലൈ & സ്റ്റാക്കിംഗ് ഗുഡ് എർത്ത് | 111.02എം3 |
| 5.001 | 2.81 കുഴിച്ചെടുത്തത് | 6.91എം3 |
| 5.003 | 50.2.25.1 കോൺട്രാക്ടേഴ്സ് ഓൺ എർത്ത്. സ്റ്റേജ് ഫില്ലിംഗ് | 58.91എം3 |
| ഇ2 | 2.36 ലെവലിംഗ് & നീറ്റ് ലി ഡ്രെസ്സിംഗ് ഡിസ്പോസ്ഡ് സോയിൽ ഗ്രൗണ്ട് ലെവലിംഗ് | 464.93എം3 |

അളവു പുസ്തകം പ്രകാരം മണ്ണിന്റെ അളവുകൾ

| ക്രമ.നം | സ്പെസിഫിക്കേഷൻ | അളവു പുസ്തകം | വിനിയോഗ വിവരം |
|---|---|---|---|
| 1.2 | 2.8.1 | 132A പേജ് 3 | 90.6എം3 കുഴിച്ചെടുത്തത് ബാക്ക് & ഇൻസൈഡ് ഫില്ലിംഗ് |
| 1.02 | 2.8.1 | 133A പേജ് 42 | 8.75എം3 കുഴിച്ചെടുത്തത് ശക്തൻ യാർഡിൽ ഡമ്പ് ചെയ്തു. |
| 2 | 2.8.1 | 133A പേജ് 9 | 20.58എം3 കുഴിച്ചെടുത്തത് ശക്തൻ യാർഡിൽ ഡമ്പ് ചെയ്തു. |
| 1.7 | 2.25 | 132A | 68.987എം3 |

| | | | |
|---|---|---|---|
| | | പേജ്17,20 | സ്ഥലത്തുണ്ടായിരുന്നത് നികത്തി. |
| 1.7 | 2.25 | 47 D പേജ് 15 | 21.6എം3 സ്ഥലത്തുണ്ടായിരുന്നത് നികത്തി. |

റിവൈസ്ഡ് എസ്റ്റിമേറ്റും അളവു പുസ്തകങ്ങളിലെ രേഖപ്പെടുത്തലും തമ്മിലുള്ള വ്യത്യാസവും അവ്യക്തതയും വിശദീകരിക്കേണ്ടതാണ്. പ്രവൃത്തി സ്ഥലത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് 464.93എം3 ഉണ്ടായിരിക്കെ സ്റ്റേജ് ഫില്ലിംഗിന് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് 58.91എം3ന് 24,030.57രൂപ ചെലവാക്കിയതിന് വിശദീകരണം ആവശ്യമാണ്.

3. കോവിലകത്തുംപാടം ഷോപ്പിംഗ് മാൾ നിർമ്മാണ സ്ഥലത്തിനു സമീപം തൃശ്ശൂർ നഗര വികസന അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയ സ്ഥലത്താണ് പാർക്ക് നിർമ്മിച്ചത്. ടി.എൻ മുകുന്ദൻ, കെ.എം മനോജ് എന്നീ വ്യക്തികൾ ഭൂമിയുടെ അനധികൃത പരിവർത്തനത്തിനെതിരെ പരാതി നൽകിയതിനെ തുടർന്ന് തൃശ്ശൂർ ജില്ലാ കലക്ടറുടെ 14.5.21 ലെ ഉത്തരവ് നം. DC TSR 2245/2019/B3 പ്രകാരം തൃശ്ശൂർ താലൂക്ക് തൃശ്ശൂർ വില്ലേജ് സർവ്വേ നാലിൽ പെട്ടതും ബി.ടി.ആർ ഡാറ്റാ ബാങ്ക് എന്നിവയിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.1810 ഹെക്ടർ ഭൂമി പരിവർത്തനപ്പെടുത്തിയത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 3 ന്റെ ലംഘനമാണെന്നും പ്രസ്തുത നിലം ഉത്തരവു കൈപ്പറ്റി 15 ദിവസത്തിനകം പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ഭൂവുടമയായ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. വകുപ്പ് 14 ലെ വ്യവസ്ഥകളനുസരിച്ച് പരാതി ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുമതി നൽകുവാൻ പാടില്ലെന്നും മേൽ ഉത്തരവിൽ നിർദ്ദേശമുണ്ട്. 20.5.21 ലെ ഉത്തരവ് നമ്പർ DCTSR/ 596/ 2019/ B3 ഉത്തരവനുസരിച്ച് തൃശ്ശൂർ താലൂക്ക് പെരിങ്ങാവ് വില്ലേജ് റീസർവെ Y6 - 18/28 പഴയ സർവ്വേ നമ്പർ 133, 134/1, 134/2 ൽ ഉൾപെട്ട ബിടിആർ, ഡാറ്റാ ബാങ്ക് എന്നിവയിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.2197 ഹെക്ടർഭൂമിയും പൂർവ്വസ്ഥിതിയിലാക്കാൻ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിലും ബന്ധപ്പെ തസ്വഭ സ്ഥാപനം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അനധികൃതമായി നിലം നികത്തിയതിനെതിരെ ജില്ലാ കളകറുടെ ഉത്തരവ് വന്നതിനു ശേഷവും പാർക്ക് നിർമ്മാണം തുടരുകയാണ് കോർപ്പറേഷൻ ചെയ്തത്. പ്രത്യേകിച്ച് 2018 ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിലായ ശേഷം പ്രവൃത്തി സ്ഥലം സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടോ എന്ന് പരിശോധിച്ച് നിയമാനുസൃതം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാതെയാണ് TUDA യിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥലത്ത് നിർമ്മാണം നടത്തിയതെന്ന് കാണുന്നു.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി ആയത് പരിഹരിക്കുന്നതുവരെ തൻ വർഷത്തെ ചെലവു തുക 3,41,609.00രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.122/4.12.23) മറുപടി

ലഭ്യമാക്കിയില്ല.

1-159 പള്ളിക്കുളം MCF നോടു ചേർന്ന് പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണം- അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു. ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 360/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി.എഞ്ചിനീയർ I |
| ഫയൽ നം | PW3/9913/22 |
| അടങ്കൽ തുക | 50,00,000 |
| ഭരണാനുമതി | ടെക്നിക്കൽ സാങ്ക്ഷനിൽ രേഖപ്പെടുത്തിയത് 48(a)1/16.6.21 |
| സാങ്കേതികാനുമതി | 85773/2021-22/18.02.2022 |
| പുതുക്കിയ സാങ്കേതികാനുമതി | 93827/2019-20/12.04.2022 |
| ടെണ്ടർ/റിടെണ്ടർ തിയതി/ അംഗീകാരം | 14.3.22/4.4.22 ടെണ്ടറിലും റിടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചു. |
| കോൺട്രാക്ടർ | മിജോയ് മാമു കോടഞ്ചേരി |
| ക്വോട്ടു ചെയ്ത തുക/കൗൺസിൽ അംഗീകാരം | 4461145.00 ഫയൽ രേഖകൾ പ്രകാരം കരാറുകാരന്റെ ക്വട്ടേഷന് മേയറുടെ മുൻകൂർ അനുമതി (23.6.22) ലഭ്യമായിട്ടുണ്ടെങ്കിലും കൗൺസിൽ അംഗീകാരം ഇല്ല. |
| എഗ്രിമെന്റ് | 30/ഇഇ1/2022-23/4.7.22 |
| വർക്ക് ഓർഡർ/സൈറ്റ് കൈമാറിയ തീയതി | 15.7.22 |
| പൂർത്തീകരണ | 6 മാസം |

| | |
|---|---|
| കാലയളവ്/തീയതി | 16.2.23 |
| സപ്ലിമെന്ററി എഗ്രിമെന്റ് റിവൈസ്ഡ് എസ്റ്റിമേറ്റ് | 1/30/ഇഇ1/2022-23/26.07.22 |
| അളവു പുസ്തകങ്ങൾ | 126/D/2021-22 |
| പ്രൊജക്റ്റ് വിശദാംശം | |
| 785/22 | ചെലവു നടന്നിട്ടില്ല. |
| 360/23<br>ഫസ്റ്റ്&ഫൈനൽബിൽ | 49,94,241.00<br>വൗ.നം.22203506/10.11.22 |

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തി സ്ഥലം കൃത്യതയോടെ പരിശോധിക്കാതെ, മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കലും നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

15.7.22 ന് കോൺട്രാക്ടർക്ക് സൈറ്റ് കൈമാറി. അതേ തീയതിയിൽ, രണ്ടാം ഗ്രേഡ് ഓവർസിയർ തയ്യാറാക്കിയ ഓഫീസ് കുറിപ്പിൽ "അതിശക്തമായ മഴയിൽ സംരക്ഷണഭിത്തി കെട്ടേണ്ട ഭാഗത്തെ മണ്ണ് നിലവിലുള്ള MCF കെട്ടിടത്തോട് ചേർന്ന് കുളത്തിലേക്ക് ഇടിഞ്ഞ് വീണതിന്റെ ഭാഗമായി MCF കെട്ടിടം അപകടാവസ്ഥയിലാണെന്നും ആയതിനാൽ വളരെ അടിയന്തിരമായി കെട്ടിടം സംരക്ഷിച്ച് നിർത്തുന്നതിനായി റീട്ടെയ്നിംഗ് വാൾ 8.00 മീറ്റർ ഉയരത്തിൽ നിർമ്മിക്കേണ്ടതായി കാണുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത സമയത്ത് ആ ഭാഗത്ത് കാട്ടുമൂടി കിടക്കുന്നതിനാൽ അളവ് കൃത്യത വരുത്തുന്നതിന് സാധിച്ചില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടത് ആവശ്യമാണ്. കൂടാതെ, “ഇപ്പോഴത്തെ അപകടകരമായ അവസ്ഥ പരിഗണിച്ച് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും റീട്ടെയ്നിംഗ് വാളിന്റെ ഡിസൈൻ ലഭ്യമാക്കാവുന്നതുമാണെന്ന്" കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. “എസ്റ്റിമേറ്റിൽ, 5മീറ്റർ ഉയരത്തിൽ റീട്ടെയ്നിംഗ് വാൾ പണിയാനാണ് ഉദ്ദേശിച്ചത്. പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി സൈറ്റ് വൃത്തിയാക്കിയപ്പോഴാണ് മേൽപ്പറഞ്ഞത് ബോധ്യമായത്. കൂടാതെ, ചളി നിറച്ച 2 മീറ്റർ ഉയരമുള്ള റിംഗ് ബണ്ടിന്റെ സ്ഥാനത്ത് ഷീറ്റ് പൈലിംഗ് നടത്തി MCF ബിൽഡിംഗ് സംരക്ഷിക്കേണ്ട ആവശ്യകതയുള്ളതായി മനസ്സിലാക്കുന്നു” എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെയും സൈറ്റ് പരിശോധന നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പ്രവൃത്തി ആരംഭിച്ച ദിവസം തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു.

28.11.23 ന് നടത്തിയ ഓഡിറ്റ് സ്ഥലപരിശോധനയിലും ഇക്കാര്യം വ്യക്തമായി. വിസ്തൃതിയും ആഴവും ഉള്ള പുരാതനമായ കുളത്തിന് സംരക്ഷണഭിത്തി നിർമ്മിക്കാൻ പുറപ്പെടും മുൻപ് വിശദമായ ശാസ്ത്രീയ പരിശോധന ആവശ്യമായിരുന്നു.

2. സ്ട്രക്ചറൽ ഡിസൈനും മണ്ണ് പരിശോധനയ്ക്കും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക, 59000 രൂപ

ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കോൺട്രാക്ടർക്ക് അനുവദിച്ചത് ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുകയും ആയതിന്മേൽ അനുവദിച്ച 12%GSTതുക 7080 ചേർത്ത് 66080 രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമാണെന്ന് കണ്ടതിനെതുടർന്ന് സ്ട്രക്ചറൽ ഡിസൈനും മണ്ണ് പരിശോധനയും നടത്തുന്നതിലേക്ക് തൃശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ സെന്റർലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ PW3/9913/22 നമ്പരിൽ 18.7.22ന് കത്ത് നൽകുകയുണ്ടായി. 40 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഭിത്തിയുടെ ഡിസൈൻ തയ്യാറാക്കി അയച്ചു തരുന്നതിന് ആവശ്യപ്പെട്ടു. 19.7.22 ന് തന്നെ എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ സ്ട്രക്ചേഴ്സ് വിഭാഗം മേധാവിയുടെ 10/4 നമ്പരിലുള്ള പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം നം.1.014ലെ അളവ് 25%ൽ അധികരിച്ചതിനാലും, 12 എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയതിനാലും, എഞ്ചിനീയറിംഗ് കോളേജിൽ നിന്നും സ്ട്രക്ച്ചറൽ ഡിസൈൻ തുകയും ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 26.07.22ന് അംഗീകാരം നേടിയിട്ടുണ്ട്. തുടർന്ന്, എഗ്രിമെന്റ് ഷെഡ്യൂൾ റിവൈസ് ചെയ്തതിൽ ഇ12 എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തി 59000 രൂപ കോൺട്രാക്ടർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചു.

Continuing Education Cell(CEC)യിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ച പ്രൊഫോർമ ഇൻവോയ്സ് നം.10/4 തീയതി 19.7.22 പ്രകാരം തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ .നം | ഇനം | തുക |
|---|---|---|
| 1. | Structural Design Of Retaining Wall Charges | 35,000.00 |
| 2. | Soil Investigation Report Charges | 15,000.00 |
| 3. | Add CGST & SGST (9%each) | 9,000.00 |
| | Total | 59,000.00 |

പ്രസ്തുത ഫീ കാഷായിട്ടോ ചെക്കായിട്ടോ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ സെന്ററിൽ അടയ്ക്കാൻ ബാങ്ക് അക്കൗണ്ട് വിശദാംശം പ്രൊഫോർമ ഇൻവോയ്സിൽ നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. തുക കൈമാറിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സും ഫയലിലില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരമുള്ള സ്ട്രക്ചറൽ ഡിസൈനും മണ്ണ് പരിശോധനാ റിപ്പോർട്ടും ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. മേൽസാഹചര്യത്തിൽ കോൺട്രാക്ടർക്കു നൽകിയ 59000 രൂപയും ആയതിന്റെ GST 12% 7080 രൂപയും അടക്കം 66080രൂപ കോൺട്രാക്ടറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിയിനങ്ങളിലെ അപാകത വിശദീകരിക്കേണ്ടതാണ്.

(I) പ്രവൃത്തിക്കു വേണ്ടി ആദ്യമുണ്ടാക്കിയ എസ്റ്റിമേറ്റിൽ ഇനം 2 ആയി 31.5 എം3 Dismantling DR Masonory ഉണ്ടായിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ കുറച്ചു ഭാഗത്തെ മതിൽ പൊളിക്കാതെ കാണപ്പെട്ടു.



കുളത്തിലേക്ക് ഇടിഞ്ഞു വീണതിന്റെ ബാക്കി ഭാഗമാണോ അതേ നിലയിൽ നിറുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത ഭാഗവും ശക്തമായ മഴ ഉണ്ടായാൽ ഇടിയാവുന്ന നിലയിൽ കാണപ്പെട്ടു. അവിടെ സംരക്ഷണഭിത്തി നിർമ്മിക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്.

(ii) ഇനം 1.004 2.61 446.25 എം3 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഇനം 2.25 ഫില്ലിംഗ് അവയ്ലബിൾ എക്സവേറ്റഡ് എർത്ത് 718 എം3 വരുന്നുണ്ടുതാനും. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. എക്സ്ട്രാ ഇനം ഇ2 പ്രകാരം എക്സ്കവേറ്റഡ് എർത്ത് 5 കി.മീ അകലെ ലോറിയിൽ കൊണ്ടുപോയതിന് 441776 രൂപ അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് പരാമർശമില്ല.

(iii) 12 എക്സ്ട്രാ ഇനങ്ങളിൽ മൂന്നെണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് ഷീറ്റ് മാത്രമാണ് ഫയലിൽ ഉൾചേർത്തിട്ടുള്ളത്. ബണ്ട്, ഷീറ്റ് പൈലിംഗ്, ബെയിലിംഗ് ഔട്ട് വാട്ടർ. ബാക്കി ഇനങ്ങളുടെ ഡാറ്റാ ഷീറ്റിന്റെ അഭാവത്തിൽ ഫൈനൽ ബിൽ പ്രകാരം കോൺട്രാക്ടർക്ക് നൽകിയ തുകയുടെ സാധുത പരിശോധിക്കാൻ കഴിഞ്ഞില്ല. കൂടാതെ, ഇ9, ഇ10, ഇ11 എന്നീ എക്സ്ട്രാ ഇനങ്ങൾ പ്രകാരം ചെയ്ത പ്രവൃത്തികൾ വിശദീകരിക്കേണ്ടതാണ്.

4. <u>കൗൺസിൽ അംഗീകാരമോ സാധൂകരണമോ ലഭ്യമാക്കാതെ പ്രവൃത്തി നടത്തി.</u>

മരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ അംഗീകാരമോ സാധൂകരണമോ ഇല്ലാതെ പ്രവൃത്തി നടത്തി കോൺട്രാക്ടർക്ക് ഫൈനൽ ബിൽ നൽകിയതായാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. ടെണ്ടറും റീടെണ്ടറും കഴിഞ്ഞ് ക്വട്ടേഷൻ നടത്തുന്നതിന് 23.6.22 ന് മേയർ നൽകിയ മുൻകൂർ അനുമതിക്കു ശേഷം സ്ഥിരം സമിതിയുടെയോ കൗൺസിലിന്റെയോ ശ്രദ്ധയിൽ വിഷയം കൊണ്ടു വന്നതായി ഫയലിൽ രേഖയില്ല. 7.11.22 ലെ നോട്ട് ഫയൽ DB കുറിപ്പിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണ സമയത്തുണ്ടായ അടിയന്തിര സാഹചര്യം പരിഗണിക്കുമ്പോൾ കരാറുകാരന്റെ ടെണ്ടർ, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവക്ക് കൗൺസിൽ അംഗീകാരം തേടാതിരുന്നത് സംശയാസ്പദമാണ്. ഇപ്പോഴും സംരക്ഷണഭിത്തി നിർമ്മാണം മുഴുവനായിട്ടുമില്ല. MCF പ്രവർത്തിക്കുന്നില്ലെങ്കിലും കെട്ടിടം ഇടിഞ്ഞു വീഴാവുന്ന നിലയിൽ നിൽക്കുന്നു. പ്രവൃത്തി സ്ഥലത്തെ MCF കെട്ടിടം റൂഫിംഗ് മാത്രമായി നിൽക്കുന്നു. അടിത്തറ

വിണ്ടു കീറിയ നിലയിലാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു.

ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു.

1-160 കെട്ടിട നിർമ്മാണ പ്രൊജക്ട് ഫയലുകൾ ഹാജരാക്കിയില്ല.4,18,98,657 രൂപ തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന കെട്ടിട നിർമ്മാണ പ്രൊജക്ടുഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.
നിർവ്വഹണ ഉദ്യോഗസ്ഥർ : എക്സി.എഞ്ചിനീയർ I&II

| ക്രമ നം. | പ്രൊജക്ട് നം./പേര് | ചെലവു തുക | വൗച്ചർ നം./ തീയതി /തുക |
|---|---|---|---|
| 1. | 410/23(so)<br>ഒല്ലൂക്കര സോണൽ മണ്ണുത്തി മാർക്കറ്റ് പുനരുദ്ധാരണം. | 2439465 | 22205859/30.1.23 |
| 2. | 365/ 23 (So)<br>മോഡൽ ഗേൾസ് പ്രീ പ്രൈമറി സ്കൂൾ കെട്ടിടം നവീകരണം- വി എച്ച് എസ് സിയുടെ നിലവിലുള്ള കെട്ടിടത്തിന് ഒരു നില കൂടി പണിയൽ | 3703272 | 22203452/27.10.22 /25,03,272<br>22204330/3.02.23 /12,00,000 |
| 3. | 1487/ 23(new)<br>ഗോൾഡൻ ഫ്ലീ മാർക്കറ്റ് വിഭജനം | 3967500 | 22204751/23.12.22 |
| 4. | 445/23(so)<br>വടക്കേ സ്റ്റാൻഡ് സ്റ്റേഡിയത്തിനു സമീപം ടേക്ക് എ ബ്രേക്ക് | 1470205 | 22204713/25.01.23 |
| 5. | 949/ 23<br>വിൽവട്ടം സോണൽ 2022-23<br>ഡിവിഷൻ 6 ഇ.എം.എസ്. ഫ്ലാറ്റ് മെയിന്റനൻസ് | 2441140 | 22205661/20.03.23 |
| 6. | 371/ 23 (So)<br>പൈപ്പ് ലൈൻ റോഡിൽ ടൈൽ വിരിക്കൽ സോളാർ പാനലോട് ചേർന്ന ഓപ്പൺ ജിം | 2877075 | 22205406/14.3.23 |
| 7. | 1446/ 23<br>അയ്യന്തോൾ സോണൽ | 25000000 | 22204789/06.01.23 |

| | | | |
|---|---|---|---|
| | ഡിവിഷൻ 51 ൽ നേതാജി ഗ്രൗണ്ടിൽ ഫെൻസിംഗ് ചുറ്റുമതിൽ ഗ്രിൽ എന്നിവ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും | | |
| | | 41898657.00 | |

പ്രസ്തുത ഫയലുകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 4,18,98,657 രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നം. (58/ 20.10.2023)

## 1-161 ഹാജരാക്കാത്ത മരാമത്ത് ഫയലുകൾ-22,05,81,947കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ എക്സി. എഞ്ചിനീയർ (തസ്വഭവ)നിർവ്വഹണ ഉദ്യോഗസ്ഥനായി 1280 പ്രൊജക്ടുകൾ ഏറ്റെടുത്തിരുന്നു. ഈ പ്രൊജക്ടുകളിൽ 758 എണ്ണത്തിന് തുക വിനിയോഗിച്ചിട്ടുള്ളതായി സുലേഖ പ്രകാരമുള്ള വാർഷിക ചെലവു പത്രികയിൽ കാണുന്നുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ട് ഫയലുകളിൽ 392 എണ്ണം മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്.

ഓഡിറ്റിനായി രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും കണക്കുകളും ലഭ്യമാക്കേണ്ട ഉത്തരവാദിത്തം 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം സെക്രട്ടറി ഉൾപ്പെടെയുള്ള നഗരസഭയുടെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കുമുണ്ട്. എന്നാൽ ഓഡിറ്റ് റിക്വിസിഷൻ മുഖേന രേഖാമൂലവും (ഓഡിറ്റ് റിക്വിസിഷനുകൾ- നം.1 / 19.6.23, നം. 16/ 20.7.23,നം. 17/ 4.8.23) നേരിട്ടും അല്ലാതെയും പല തവണയും ആവശ്യപ്പെട്ടിട്ടും ഫയലുകൾ പൂർണ്ണമായും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത്തരം രേഖകൾ ലഭ്യമാക്കുന്നതിനുള്ള വീഴ്ച അത്തരം രേഖകൾ നിലവിലില്ല എന്നു കണക്കാക്കി നിഗമനങ്ങളിൽ എത്തുന്നതിനും തുടർനടപടി കൈകൊള്ളുന്നതിനും കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) ഓഡിറ്റിന് അധികാരം നൽകിയിട്ടുണ്ട്.

എക്സി. എഞ്ചിനീയർ I, II എന്നീ രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥരാണ് കോർപ്പറേഷനിൽ പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത ഉദ്യോഗസ്ഥരുടെ ട്രഷറി ബിൽ ബുക്കുകൾ ട്രേസ് ചെയ്തതു പ്രകാരം ഇനിയും ലഭ്യമാക്കാത്ത പ്രൊജക്ട് ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു. ഇതിനു പുറമെ സുലേഖ പത്രിക പ്രകാരമുള്ള തനതു ഫണ്ട്, സി എഫ് സി പ്രൊജക്ടുകളും അടിയന്തിരമായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (നം.57/19.10.23) നൽകിയതിനെ തുടർന്ന് ഏതാനും ഫയലുകൾ ലഭ്യമാക്കിയെങ്കിലും ഭൂരിഭാഗവും ഹാജരാക്കാതെ അവശേഷിക്കുന്നു. ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 22,05,81,947 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരിശോധനയ്ക്കായി ലഭ്യമാക്കാതിരുന്ന പ്രൊജക്ട് ഫയലുകളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. മേൽ ഫയലുകൾ ലഭ്യമാക്കാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരവും അറിയിക്കുന്നു.

## 1-162 കുടിവെള്ള വിതരണ മേഖലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആമുഖം

സംസ്ഥാനത്ത് കുടിവെള്ളം വിതരണം നടത്തുന്ന ഏക തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പഴയ മുനിസിപ്പൽ പ്രദേശം. 30.5.1959 ൽ സർക്കാരും തൃശ്ശൂർ മുനിസിപ്പാലിറ്റിയും തമ്മിൽ ഒപ്പുവെച്ച കരാർ വ്യവസ്ഥകൾ പ്രകാരമാണ് ജലവിതരണം നഗരസഭ നേരിട്ട് നടത്തുന്നത്. നഗരവാസികൾക്ക് ആവശ്യമായ കുടിവെള്ളം പീച്ചി ജലാശയത്തിൽ നിന്നും തേക്കിൻകാട് മൈതാനത്തിലുള്ള വാട്ടർ ടാങ്കിൽ എത്തിച്ച് അവിടെ നിന്നുമാണ് പഴയ മുനിസിപ്പൽ പ്രദേശത്ത് ജലവിതരണം നടന്നുവരുന്നത്.

21.01.1962 ലെ ജി.ഒ(എം.എസ്)111/1962 ഉത്തരവ് പ്രകാരം ജലവിതരണത്തിന്റെ പൂർണ്ണമായ അവകാശം തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് കൈമാറിക്കിട്ടി. എന്നാൽ 1984 ൽ വാട്ടർ അതോറിറ്റി രൂപീകരിക്കപ്പെട്ടതിനെ തുടർന്ന് 11.10.1989 ലെ സർക്കാർ ഉത്തരവു പ്രകാരം ജലവിതരണാവകാശം വാട്ടർ അതോറിറ്റിക്കു നൽകിയെങ്കിലും 17.5.1993 ലെ മറ്റൊരു സർക്കാർ നോട്ടിഫിക്കേഷൻ 1466/എഫ്1/93 എൽഎഡി പ്രകാരം നഗരസഭ പ്രദേശത്തെ ജലവിതരണാവകാശം വീണ്ടും പൂർണ്ണമായും തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് തിരികെ ലഭിക്കുകയുണ്ടായി.

അന്നുമുതൽ നാളിതുവരെയും പഴയ 1 മുതൽ 32 വരെയുള്ള വാർഡുകളിലേക്ക് കുടിവെള്ള വിതരണം നടത്തുന്നത് കോർപ്പറേഷനാണ്. 2000 ഒക്ടോബറിൽ തൃശ്ശൂർ നഗരസഭാ പരിസരത്തെ 5 പഞ്ചായത്തുകളും നടത്തറ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളും കൂട്ടിച്ചേർത്ത് വിപുലീകരിച്ച് തൃശ്ശൂർ കോർപ്പറേഷൻ നിലവിൽ വന്നു. നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നത് വാട്ടർ അതോറിറ്റിയാണ്.

കോർപ്പറേഷൻ ജലവിതരണം - മുൻറിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്ന അപാകതകൾ 2022-23 വർഷത്തിലും തുടരുന്നതായി കാണുന്നു.

1.വെള്ളക്കരം വരവിന്റെ ഡി സി ബി തയ്യാറാക്കുന്നില്ല.

2022-23 വർഷത്തിലും ആയത് തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് റിക്വിസിഷൻ നം.30 തിയതി 15.9.23 നുള്ള മറുപടിയിൽ അറിയിച്ചു. 2022-23 വർഷത്തെ വാർഷിക കണക്കുപ്രകാരം ആകെ ഡിമാന്റ് 5,62,92,281 രൂപയും വരവ്3,12,44,664 രൂപയും കുടിശ്ശിക 2,34,30,239 രൂപയുമാണ്. ഡി സി ബി തയ്യാറാക്കാത്തതിനാൽ വാർഷികണക്കുകൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമതയില്ല.

വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷത്തെയും മുൻവർഷത്തെയും കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുടിശ്ശിക |
| --- | --- |
| 2021-22 | 22790778 |

| | |
|---|---|
| 2022-23 | 23430239 |
| വ്യത്യാസം | 6,39,461 |

കുടിശ്ശികതുക വർദ്ധിച്ചതായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

3. അടിസ്ഥാന രേഖകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല.

കോർപ്പറേഷൻ പരിധിയിൽ 11897 ഗാർഹിക കണക്ഷനുകളും 2134 ഗാർഹികേതര കണക്ഷനുകളും നിലവിൽ സജീവമായുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.48/27.9.23) നൽകിയ മറുപടിയിൽ വ്യക്തമായിട്ടുണ്ട്. 1964 മുതൽ തുടർന്നു വരുന്ന കണക്ഷൻ/ഡിസ്കണക്ഷൻ രജിസ്റ്റർ മാത്രമാണ് ഗുണഭോക്താക്കളെ സംബന്ധിച്ച് വാട്ടർ സെക്ഷനിൽ സൂക്ഷിക്കുന്ന അടിസ്ഥാന രേഖ. ആയതിൽ ഗാർഹികം, ഗാർഹികേതരം, വാർഡ് എന്നിവ തരം തിരിച്ചിട്ടില്ല. കണക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആകെ കണക്ഷനുകളുടെ എണ്ണവും വർക്കിംഗ് കണ്ടീഷനിലുള്ള ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. ജലവിതരണ വിഭാഗത്തിൽ ആവശ്യത്തിന് ജീവനക്കാരില്ല; മീറ്റർ റീഡിംഗുകളുടെ കൃത്യത ഉറപ്പുവരുത്താൻ സംവിധാനമില്ല.

ജലവിതരണ വിഭാഗത്തിൽ ആകെയുള്ള 18 മീറ്റർ റീഡർമാരിൽ 10 പേർ വിവിധ കാലയളവുകളിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം കോർപ്പറേഷനിൽ എത്തി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 2017ലെ സ്റ്റേ ഉത്തരവിന്റെ ബലത്തിൽ സേവനത്തിൽ തുടരുന്നു. വാട്ടർ അതോറിറ്റിയിൽ നിന്ന് ജലവിതരണാവകാശം കൈമാറിക്കിട്ടിയെങ്കിലും ആയതനുസരിച്ചുള്ള ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് തീരുമാനമുണ്ടാകാത്ത അവസ്ഥയാണുള്ളത്. നിലവിൽ ജലവിതരണ വിഭാഗത്തിലുള്ള 18 മീറ്റർ റീഡർമാരെയും 2 ഓവർസിയർമാരെയും ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയും ഒരു പ്ലംബറേയും മാത്രം ഉപയോഗിച്ച് അനുദിനം വർദ്ധിച്ചു വരുന്ന ജോലിഭാരം നിർവ്വഹിക്കാൻ സാധ്യമല്ലാത്ത അവസ്ഥയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ജീവനക്കാരുടെ അപര്യാപ്തത മീറ്റർ റീഡിംഗ് എടുക്കുന്നതിലും കണക്കുകൾ തയ്യാറാക്കുന്നതിലും ആയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള മേൽനോട്ട സംവിധാനത്തിലും പ്രതിഫലിക്കുന്നുണ്ട്. ഇതുമൂലമുണ്ടാകുന്ന അപാകതകൾ ഖ.1-163ൽ പരാമർശിച്ചിട്ടുണ്ട്.

5. കോർപ്പറേഷൻ വിതരണം ചെയ്യുന്ന ജലത്തിന്റെ നിരക്ക് കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല.

17.5.93 ലെ 1464/ഫിൻ/93/എൽഎഡി ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റി ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ വെള്ളക്കരം ഈടാക്കാൻ പാടില്ല. എന്നാൽ, നിലവിൽ വാട്ടർ അതോറിറ്റി നിരക്കുകളേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് കോർപ്പറേഷൻ വാട്ടർ ചാർജ് ഈടാക്കുന്നത്. ഇത് വൻതോതിലുള്ള വരുമാന ശോഷണത്തിന് ഇടയാക്കുന്നു.

നിരക്കുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ജലത്തിന്റെ | വാട്ടർ | കോർപ്പറേഷൻ | വ്യത്യാസം |
|---|---|---|---|

| അളവ് | അതോറിറ്റി നിരക്ക് | നിരക്ക് | |
|---|---|---|---|
| 10000 ലിറ്റർ വരെ | 40 | 12 | 27 |
| 11000 ലിറ്റർ | 47 | 15 | 32 |
| 12000ലിറ്റർ | 52 | 15 | 37 |
| 13000ലിറ്റർ | 57 | 23 | 34 |
| 14000ലിറ്റർ | 62 | 23 | 39 |
| 15000ലിറ്റർ | 67 | 23 | 44 |
| 16000ലിറ്റർ | 98 | 23 | 75 |
| 18000ലിറ്റർ | 110 | 23 | 87 |

വിതരണച്ചെലവും കുടിശ്ശികയും വർഷംതോറും വർദ്ധിച്ച വരുന്ന സാഹചര്യം കണക്കിലെടുത്ത് നിരക്കുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കാൻ ഭരണസമിതി മുൻകൈയെടുക്കേണ്ടതാണ്.

6. വർദ്ധിച്ച വരുന്ന ജലക്ഷാമം പരിഹരിക്കാൻ കഴിയുന്നില്ല.

ഫയൽ PH6- 6337/08

കോർപ്പറേഷനിലെ സർക്കിൾ-6, വിൽവട്ടം മേഖലകളിൽ വർഷം മുഴുവൻ തുടർച്ചയായി കുടിവെള്ളവിതരണം നടക്കുന്നുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സമയങ്ങളിൽ ഒല്ലൂർ, ഒല്ലൂക്കര. കൂർക്കഞ്ചേരി മേഖലകളിലും 34 ഡ്രൈവർമാരെയും 34 ക്ലീനർമാരെയും ഉപയോഗിച്ച് കോർപ്പറേഷന്റെ 17 ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടക്കുന്നുണ്ട്. ആയതിന് വേണ്ടി വരുന്ന തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ചെലവുതുക |
|---|---|
| 2018-19 | 26,72,320 |
| 2019-20 | 35,14,566 |
| 2020-21 | 40,57,577 |
| 2021-22 | 48,71,674 |
| 2022-23 | 43,24,872 |

ടാങ്കർ ജലം വിതരണം ചെയ്യുന്ന ചെലവ് വർദ്ധിച്ച വരുന്ന സാഹചര്യം കണക്കിലെടുത്ത് ജലക്ഷാമ മേഖലയിൽ കൂടുതൽ ഗാർഹിക കണക്ഷനുകൾ ഏർപ്പെടുത്തി പ്രശ്നം പരിഹരിക്കാൻ അധികാരികൾ മുൻകൈയെടുക്കേണ്ടതാണ്.

7. ബൾക്ക് സപ്ലൈ ചാർജ്, പൊതുടാപ്പുകളുടെ വെള്ളക്കരം, മെയിന്റനൻസ് ചാർജ് എന്നിവയിൽ വാട്ടർ അതോറിറ്റിയുമായുള്ള തർക്കവിഷയങ്ങളിൽ ശാശ്വത പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ചെക്ക്. നം. 039822/വൗച്ചർ നം .22202155/ 11.10.22 തുക 20000000/-

ചെക്ക്.നം. 039823/ വൗച്ചർ നം. 22202156/ 11.10.22 തുക 72,00,000/-

കോർപ്പറേഷൻ ജലവിതരണത്തിന്റെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ (Bulk Water Supply + Street Tap Charges) മേൽപറഞ്ഞ തുക തനതു ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

മെയിന്റനൻസ് ചാർജ് ഇനത്തിൽ 72 ലക്ഷം രൂപയും, ഒല്ലൂക്കര, കൂർക്കഞ്ചേരി, അയ്യന്തോൾ, വിൽവട്ടം സോണൽ പ്രദേശങ്ങളിലെ വെള്ളക്കരമിനത്തിൽ 50 ലക്ഷം രൂപ വെച്ച് രണ്ട് കോടിയും കൈമാറി.

11.10.2022 ൽ ബഹു.മേയർ നൽകിയ മുൻകൂർ അനുമതി 8.12.2022 ലെ 60-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സാധൂകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോർപ്പറേഷൻ പരിധിയിലെ ജലവിതരണം സംബന്ധിച്ച് വാട്ടർ വിഭാഗത്തിൽ നിന്നും ഫയൽ വരുത്തി പരിശോധിച്ചതിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

ഫയൽ WS1/33602/ 13 വോള്യം 3

കോർപ്പറേഷനും കേരള വാട്ടർ അതോറിറ്റിയുമായി കുടിവെള്ള വിതരണത്തിന്റെ വെള്ളക്കര കുടിശ്ശിക (Bulk Water Supply ,Maintenance Charge, Street Tap Charges എന്നീ ഇനങ്ങൾ) സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 5.12.14 ന് നൽകിയ കത്തു പ്രകാരം കോർപ്പറേഷനെ ഒരു കൺസ്യൂമറായി കണക്കാക്കിയാണ് കുടിവെള്ള വില തെറ്റായി ഡിമാന്റ് ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റി തൃശ്ശൂർ ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 1.6.21 ലെ എ2/5274/18 നം. കത്തു മുഖേന കോർപ്പറേഷൻ 24 കോടി രൂപ വെള്ളക്കരം ഇനത്തിൽ അടവാക്കണം എന്നാവശ്യപ്പെട്ട് ഡിമാന്റ് ചെയ്തിരുന്നു. തുടർന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക്, കോർപ്പറേഷൻ സെക്രട്ടറി 25.6.21 ൽ നൽകിയ കത്തിൽ താഴെ പറയുന്ന വസ്തുതകൾ ഉന്നയിച്ചു കാണുന്നു.

(I) സ്ട്രീറ്റ് ടാപ്പുകളുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല.

(Ii) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തൃശ്ശൂർ കോർപ്പറേഷന് നിയമപരമായ രീതിയിൽ ഓരോ മാസവും ലഭിക്കേണ്ടതായ 20MLD വെള്ളം കോർപ്പറേഷന് കൈമാറാതെ 20ദശലക്ഷം ലിറ്ററിന്റെ ഡിമാന്റ് നിലനിർത്തിക്കൊണ്ട് 2014 മുതൽ കോർപ്പറേഷനിൽ നിന്നും അധികതുക ഈടാക്കുകയും, സർക്കാർ ഉത്തരവിനു വിരുദ്ധമായി ബൽക്ക് സപ്ലൈ ചാർജസ് ഏകപക്ഷീയമായി 6 ലക്ഷം രൂപയിൽ നിന്നും 34.2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. കേരള വാട്ടർ അതോറിറ്റി നിലവിൽ വരുന്നതിനു മുമ്പു തന്നെ പീച്ചി പ്ലാന്റും കുടിവെള്ള വിതരണ ശൃംഖലയും നിർമ്മിച്ചത് കോർപ്പറേഷനാണ്. നിലവിലുള്ള കരാർ, ഉത്തരവ് എന്നിവ പ്രകാരം മൊത്തം ഉത്പാദന ചെലവിന്റെ 16% തുക മാത്രമാണ് നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടത്. ആയത് പ്രകാരം പ്രതിവർഷം 72 ലക്ഷം രൂപ വീതം അടവാക്കി വരുന്നുണ്ട്. മുടക്കു മുതൽ അടക്കം കോർപ്പറേഷൻ നൽകിയിട്ടും ആയതൊന്നും പരിഗണിക്കാതെ ഗാർഹിക ഉപഭോക്താക്കൾക്ക് നിശ്ചയിച്ച നിരക്കിലുള്ള തുകയാണ് ജല വിഭാഗം ഡിമാന്റ് ചെയ്യുന്നത്. 195 ലക്ഷം ലിറ്ററിന്(19.5 എം.എൽ. ഡി) 34,20,000 രൂപയുടെ ബിൽ പ്രതിമാസം അയയ്ക്കുന്നു. ആയത് പ്രകാരം ലിറ്ററിന് 16 പൈസ വരുന്നതാണ്. ഇപ്രകാരം വാങ്ങുന്ന വെള്ളത്തിന് നഗരസഭക്ക് ഉപഭോക്താക്കളിൽ നിന്നും പരമാവധി 4 പൈസയാണ് ഈടാക്കുന്നതിന് സാധിക്കുന്നത്. 19.5 എം.എൽ. ഡി

എന്ന് പറയുന്നുണ്ടെങ്കിലും 12 എം.എൽ.ഡിയോളം വെള്ളമേ നഗരസഭയ്ക്ക് ലഭിക്കുന്നുള്ളൂ. കൂടാതെ വാട്ടർ അതോറിറ്റി നേരിട്ട് ജലവിതരണം നടത്തുന്ന മേഖലകളിൽ വർഷം മുഴുവനും കോർപ്പറേഷന്റെ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടക്കുന്ന വിഷയവും കത്തിൽ പരാമർശിച്ചു കാണുന്നു.

മേൽ കത്ത് നൽകിയതിനെ തുടർന്ന് 14.6.21 ൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും ഉദ്യോഗസ്ഥരും തൃശ്ശൂർ എം.എൽ.എ, കോർപ്പറേഷൻ അധികൃതർ എന്നിവരുമൊത്ത് ഓൺലൈൻ മീറ്റിംഗ് കൂടി താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

(I)പൊതു ടാപ്പുകളുടെ ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കി ടാപ്പുകൾ GIS പ്ലാറ്റ് ഫോമിൽ പരിശോധിച്ചു മാർക്ക് ചെയ്യാൻ തീരുമനിച്ചു.

(Ii)ബൾക്ക് വാട്ടർ മീറ്റർ 2017 ൽ ഫിറ്റ് ചെയ്തു റീഡിംഗ് എടുത്ത കാലയളവ് മുതൽ റീഡിംഗ് അനുസരിച്ചുള്ള വാട്ടർ ചാർജ്ജും വാട്ടർ മീറ്റർ ഫിറ്റ് ചെയ്യുന്നതിന് മുൻപുള്ള കാലയളവിൽ പഴയ വാട്ടർ ചാർജ്ജും ഈടാക്കാൻ തീരുമാനിച്ചു.

(Iii)പൊതുടാപ്പുകൾ സംബന്ധിച്ച് 4 സോണുകൾ പ്രത്യേകം ടെക്നിക്കൽ ടീമിനെ വെച്ച് പരിശോധിപ്പിച്ച് 31.7.21 നകം തീർപ്പാക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

മേൽ പ്രകാരം ഓൺലൈൻ മീറ്റിംഗ് തീരുമാനങ്ങൾ ഉണ്ടായെങ്കിലും അതൊന്നും പ്രാവർത്തികമായിട്ടില്ല എന്ന് ഫയൽ നടപടികളിൽ നിന്നും വ്യക്തമാകുന്നു. തുടർന്ന് 13.8.21 ൽ വാട്ടർ അതോറിറ്റിയിൽ നിന്നും 7/2021 വരെയുള്ള വെള്ളക്കരം 24,46,17,764 രൂപ അടവാക്കാൻ ഉണ്ടെന്നു സൂചിപ്പിച്ച് കത്തു ലഭ്യമായി.

25.6.21 ൽ കോർപ്പറേഷൻ സെക്രട്ടറി നൽകിയ കത്തിന് മറുപടിയായി 14.9.2021ൽ KWA/HO/RMC/R4/711/2011 പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നൽകിയ മറുപടിക്കത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇളവുകൾ കഴിച്ച് 10.27 കോടിയാണെന്നും 5.49 കോടി രൂപ അടച്ചാൽ ആയത് ഒഴിവാക്കി നൽകുന്നതാണെന്നും അറിയിച്ചു. ബൾക്ക് വാട്ടർ സപ്ലൈ ഇനത്തിൽ 4/17 മുതൽ 6/21 വരെയുള്ള വാട്ടർ ചാർജ് കുടിശ്ശിക 3.73 കോടി രൂപയും ചേർത്ത് കുടിശ്ശികയിനത്തിൽ 9.22 കോടി രൂപ കോർപ്പറേഷൻ അതോറിറ്റിക്കു നൽകാനുണ്ടെന്ന് കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്റ്റോർ കോമ്പൗണ്ടിലെ കിണറിൽ നിന്നും തൃശ്ശൂർ കോർപ്പറേഷൻ വെച്ചിരിക്കുന്ന മോട്ടോർ ഉപയോഗിച്ചാണ് കോർപ്പറേഷന്റെ ടാങ്കർ ലോറികളിൽ വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതെന്നും ആയതിനാൽ വാട്ടർ അതോറിറ്റി സൗജന്യമായി നൽകുന്ന കുടിവെള്ളം ടാങ്കർ ലോറികളിൽ തൃശ്ശൂർ കോർപ്പറേഷൻ വിതരണം ചെയ്യുന്ന ചെലവ് വാട്ടർ അതോറിറ്റിയുടെ ബൾക്ക് വാട്ടർ സപ്ലൈ ബില്ലിൽ നിന്നും കുറവ് ചെയ്യാൻ നിർവ്വാഹമില്ലെന്ന് കത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കുടിശ്ശികയിനത്തിൽ 9.22കോടി അടച്ച് വാട്ടർ അതോറിറ്റിയോട് സഹകരിക്കണമെന്ന അഭ്യർത്ഥനയോടെ മാനേജിംഗ് ഡയറക്ടർ കത്ത് ഉപസംഹരിക്കുന്നു.

എല്ലാ ഗവ.സ്ഥാപനങ്ങളുടെയും കണക്ഷനുകളിൽ മീറ്റർ ഘടിപ്പിച്ചാണ് ബില്ല് നൽകി വരുന്നത്. ഇ - അബാക്കസ് സോഫ്റ്റ് വെയർ മുഖേന ബില്ലിംഗ് കളക്ഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും കത്തിൽ പറയുന്നു.

വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് 15.6.21 ലെ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ പ്രകാരം ഒല്ലൂർ, ഒല്ലൂക്കര, കൂർക്കഞ്ചേരി, വിൽവട്ടം, അയ്യന്തോൾ സോണലുകളിലേക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരേയും ഡ്രൈവർമാരേയും ചുമതലപ്പെടുത്തിയിരുന്നു. 19.2.22 ൽ KWA/HO/RMC/R4 711/2021 പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായതായും പ്രവർത്തന ക്ഷമമായ 2008 പൊതു ടാപ്പുകൾ കണ്ടെത്തിയതായും പറയുന്നു. എണ്ണം 2369 ൽ നിന്നും 2008 ആയി കുറഞ്ഞതായും അറിയിച്ചിട്ടുണ്ട്. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് 2014 ലെ ഗവ.ഉത്തരവു പ്രകാരമുള്ള 7884 രൂപയിൽ നിന്നും 4/21 മുതൽ 8278.20 രൂപയായി 10.2.21 ലെ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പുതുക്കിയ നിരക്കും ടാപ്പുകളുടെ എണ്ണത്തിനും അനുസൃതമായി 6.75 കോടി രൂപ അടച്ചാൽ 12.89 കോടി രൂപ ഒഴിവാക്കി നൽകുന്നതാണ്. വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറിൽ നിന്നും മേൽകത്ത് ലഭ്യമായതിനെ തുടർന്ന് കുടിശ്ശിക എത്രയും പെട്ടെന്ന് അടവാക്കിയില്ലെങ്കിൽ കുടിവെള്ള വിതരണം തടസ്സപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിന്, കുടിശ്ശിക ബാധ്യതകൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും 17.5.93ലെ ഉത്തരവ് പ്രകാരമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ, റവന്യൂ വകുപ്പു മന്ത്രിമാർ, തൃശ്ശൂർ എം.എൽ.എ എന്നിവർക്ക് ബഹു. മേയർ 21.2.22 തിയതിയിൽ കത്തുകൾ നൽകി. കോർപ്പറേഷൻ നയ രൂപീകരണത്തിന്റെ ഭാഗമായി ഇൻടേക്ക്, ട്രീറ്റ്മെന്റ്, സ്റ്റോറേജ്, ഡിസ്ട്രിബൂഷൻ എന്നിവ 17.5.93 ലെ 1466/എഫ്1/93/LAD ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടേതാണ്. KWA ക്ക് നിലവിൽ നടത്തിപ്പ് ചുമതല മാത്രമാണുള്ളത്. ആയതിനാൽ 1959 ലെയും 17.5.93ലെയും ഉത്തരവുകളെ ആധാരമാക്കി കോർപ്പറേഷന് മൊത്തം കുടിവെള്ള വിതരണ ചുമതല കൈമാറണമെന്ന ആവശ്യവും പ്രസ്തുത കത്തിൽ ഉന്നയിച്ചിട്ടുണ്ട്.

21.10.22 ൽ ജലവിഭവ വകുപ്പു മന്ത്രി മേയർക്കു നൽകിയ 10478/VIPM/WR/2022 നമ്പർ കുറിപ്പിൽ വാട്ടർ അതോറിറ്റിയും കോർപ്പറേഷനും തമ്മിൽ നിലനിൽക്കുന്ന തർക്കങ്ങൾക്ക് വിരാമമിടുന്നതിന് സർക്കാരിൽ നിന്നും അന്തിമ ഉത്തരവ് ഉണ്ടാകുന്നതു വരെ നിലവിൽ നടന്നു വന്ന രീതിയിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് കുടിവെള്ള സപ്ലൈ തുടർന്നും ഒരു തടസ്സവുമില്ലാതെ തുടരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയതായി അറിയിച്ചിട്ടുണ്ട്. അതേസമയം പീച്ചി ജലവിതരണ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജലത്തിന്റെ ഉൽപ്പാദന ചെലവിന്റെ 16 % തന്നെയാണ് മെയിന്റനൻസ് ചാർജായി അടക്കേണ്ടതെന്നും പ്രസ്തുത ഉത്തരവിൽ നാളിതുവരെ മാറ്റം വരുത്തിയിട്ടില്ലെന്നും എടുത്തു പറയുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പി.എച്ച് ഡിവിഷൻ തൃശ്ശൂർ 25.2.23 തീയതിയിൽ നൽകിയ നമ്പർ എ2/4210/2021 നമ്പർ കത്തിൽ തൃശ്ശൂർ കോർപ്പറേഷനിലേക്ക് വിതരണം ചെയ്യുന്ന ബൾക്ക് സപ്ലൈ കണക്ഷനുകളിൽ TWSS2 തേക്കിൻ കാട് മൈതാനം എന്ന കണക്ഷനിൽ 31.12.2022 വരെയുള്ള

ആകെ കുടിശ്ശിക 26,90,71,811 രൂപയിൽ ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 21,45,93,173 രൂപ ഇളവ് നൽകുവാൻ തീരുമാനിച്ചതായും ബാക്കി തുക 5,44,78,638 രൂപ എത്രയും പെട്ടെന്ന് അടവാക്കണമെന്നും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള നിർദ്ദേശം ഉണ്ടായിട്ടു പോലും തർക്കങ്ങൾ പൂർണ്ണമായി പരിഹരിക്കാതെ കോടികളുടെ ഡിമാന്റ് നോട്ടീസ് മാസം തോറും വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കോർപ്പറേഷന് നൽകുന്ന പ്രവണത തുടർന്നു വരുന്നതായി ഫയൽ രേഖകളിൽ നിന്നു വ്യക്തമാകുന്നു. 6.11.23 ൽ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ കത്തിൽ(നം.KWA/WWS/TSR/HC/349/2013) 21,32,20,671 രൂപയാണ് 7/2018 മുതൽ 10/2023 വരെയുള്ള കുടിശ്ശികയായി കാണിച്ചിരിക്കുന്നത്. നിരവധി ചർച്ചകൾ വിവിധ തലങ്ങളിൽ നടത്തിയിട്ടും ബൾക്ക്സപ്ലൈചാർജ്, പൊതുടാപ്പുകളുടെ വെള്ളക്കരം, മെയിന്റനൻസ്ചാർജ് എന്നിവയിൽ സമവായത്തിലെത്താൻ കോർപ്പറേഷനോ വാട്ടർ അതോറിറ്റിക്കോ കഴിഞ്ഞിട്ടില്ല.

കുടിവെള്ള വിതരണം മുടങ്ങാതിരിക്കുന്നത് മുൻ നിർത്തി തനതു ഫണ്ടിൽ നിന്നും 11.10.22 ന് കൈമാറിയ തുകയ്ക്ക് 2022-23 വാർഷിക പദ്ധതി റിവിഷനിൽ ഉൾപ്പെടുത്തി തനത് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് പ്രൊജക്ടുകൾ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കാൻ 17.10.22 ൽ പ്ലാനിംഗ് സൂപ്രണ്ടിന് കുറിപ്പ് നൽകിക്കാണുന്നു. എന്നാൽ 2022-23 ൽ അത്തരം പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല. 31.1.23 ലെ WS1/9665/22 നമ്പർ കത്തു പ്രകാരം മെയിന്റൻസ് ചാർജ് ഇനത്തിൽ 1179/22 നം. പ്രൊജക്റ്റ് മുഖേന അടവാക്കിയ 81,84,405 രൂപയും 11.10.22 ൽ അടവാക്കിയ 7200000 രൂപയും വെള്ളക്കര കുടിശ്ശികയിൽ നിന്നും കുറവു ചെയ്ത് രശീതി രേഖാമൂലം ലഭ്യമാക്കണമെന്ന് കോർപ്പറേഷൻ എക്സി.എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ വിഷയങ്ങളെ സമഗ്രമായി വിലയിരുത്തുമ്പോൾ മുനിസിപ്പൽ കോർപ്പറേഷന്റെയും വാട്ടർ അതോറിറ്റിയുടെയും ഉത്തമ താൽപര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടാകേണ്ടതും കൃത്യമായ വ്യവസ്ഥകളോടെ ഇരുസ്ഥാപനങ്ങളും തമ്മിൽ എഗ്രിമെന്റുണ്ടാക്കി തുടർന്നും പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.എങ്കിൽ മാത്രമേ കോർപ്പറേഷൻ നിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ കുടിവെള്ള മേഖലയിലെ തർക്കങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയൂ.

<u>8.കോർപ്പറേഷൻ ജലവിതരണ മേഖല ആധുനികവൽക്കരിക്കുന്നതിനുള്ള അമൃത് പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.</u>

വർദ്ധിച്ചു വരുന്ന ജല ഉപഭോഗം കണക്കിലെടുത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 54.632 കോടി രൂപ അടങ്കലിൽ 7 പ്രൊജക്ടുകൾ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ചതിൽ വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ (വെറ്റ്) എന്ന പ്രൊജക്റ്റ് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതായി 31.8.2022 ലെ 1-ാം നമ്പർ തീരുമാനം മുഖേന കൗൺസിൽ വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത തീരുമാന തിയതി വരെയും 40.456 കോടി രൂപ ചെലവഴിച്ചു. പഴയ മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ള വിതരണം ആധുനികവൽക്കരിക്കുന്നതിന് ആവിഷ്കരിച്ച വെറ്റ് പ്രൊജക്ടിനായി 2,94,05,428 രൂപ ചെലവഴിച്ചെങ്കിലും പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല. അപാകതകൾ ഖ. 1.164 ൽ

പ്രതിപാദിച്ചിട്ടുണ്ട്. ജലവിതരണ മേഖലയിൽ ആവിഷ്കരിച്ച മേൽ പറഞ്ഞ അമൃത് പ്രൊജക്ടുകൾ പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ നൽകി പ്രവർത്തനക്ഷമമായതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വിസിഷൻ (നം.30/15.9.23),ഓഡിറ്റ്എൻക്വയറി (നം.130/13.12.23) എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ചാണ് മേൽ റിപ്പോർട്ട് തയ്യാറാക്കിയത്.

## 1-163 വാട്ടർ സെക്ഷൻ -മീറ്റർ റീഡിംഗ് ബുക്കുകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജലവിതരണ വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ 25ാം വാർഡിലെ ഡിമാന്റ് ആന്റ് ഡിസ്കണക്ഷൻ നോട്ടീസ് ബുക്കുകൾ (4 എണ്ണം) , മീറ്റർ റീഡിംഗ് ബുക്കുകൾ (2 എണ്ണം) എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2 മീറ്റർ റീഡിംഗ് ബുക്കുകളാണ് ലഭ്യമാക്കിയത്. 23.11.22 ന് റീഡിംഗ് എടുത്ത് പിന്നീട് 23.5.23 നാണ് പുതിയ ബുക്കിൽ റീഡിംഗ് രേഖപ്പെടുത്തിക്കാണുന്നത്. രണ്ടു മാസം കൂടുമ്പോൾ മീറ്റർ റീഡിംഗ് നടത്തേണ്ടതാണെന്നിരിക്കെ ആറുമാസത്തെ വിടവ് വന്നതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.ലഭ്യമാക്കിയ മീറ്റർ റീഡിംഗ് ബുക്കുകളിലെ കോളങ്ങൾ മുഴുവനായി പൂരിപ്പിച്ചിട്ടില്ല. മീറ്റർ റീഡർമാർ എഴുതി സൂക്ഷിക്കുന്ന പ്രസ്തുത ബുക്ക് മേലധികാരികൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

2.ബിൽ തയ്യാറാക്കിയത് ഉണഭോക്താക്കൾക്ക് കൈമാറാതെ ബിൽ ബുക്കിൽ സൂക്ഷിച്ചിരിക്കുന്നു.തുടർ നടപടി സ്വീകരിച്ചതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്. റിമാർക്സിൽ സൂചിപ്പിച്ച അപാകതകൾക്കും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | ബുക്ക് നം | ബിൽ നം./തീയതി /കൺസ്യൂമർ നം./തരം /ഹൗസ് നം. | റിമാർക്സ് |
|---|---|---|---|
| 1. | 357 | 17801/24.05.23 /577ND/25/136 കൊച്ചുണ്ണി | 92,224 രൂപ ചാർജ് കണക്കാക്കിയെങ്കിലും കൊടുത്തിട്ടില്ല.ബിൽ കാൻസൽ ചെയ്തു. 11`/22 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക കണക്കാക്കി ഫൈനടക്കം 92224 രൂപ. |
| 2. | ,, | 17813/തിയതി ഇല്ല. 3042ND/25/475 സലിം | Locked എന്ന് രേഖപ്പെടുത്തി ബിൽ കാൻസൽ ചെയ്തു. |
| 3. | ,, | 17834/തിയതി ഇല്ല. 1658ND/25/571/1 | തുക കണക്കാക്കിയിട്ടില്ല. ബിൽ കാൻസൽ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | | അച്യുതമേനോൻ | |
| 4. | 358 | 17858/6.6.23<br>15669D/25/616<br>വെങ്കിടാചലം | 5/22 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക കണക്കാക്കി ഫൈനടക്കം 3266 രൂപ.<br>ബിൽ കാൻസൽ ചെയ്തു. |
| 5. | 356 | 17800/7.6.23<br>7655ND/25/499<br>എനാർക്ക് കൺസ്ട്രക്ഷൻസ് | 11/22 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക കണക്കാക്കി ഫൈനടക്കം 68780 രൂപ.ബിൽ കാൻസൽ ചെയ്തിട്ടില്ല. ഉപഭോക്താവിന് കൈമാറാതെ സൂക്ഷിച്ചിരിക്കുന്നു.<br>മീറ്റർ റീഡിംഗ് രജിസ്റ്റർ പ്രകാരം 23.11.22(Reading 3438) നു ശേഷം 25.5.23നാണ് (Reading 5000000) എടുത്തിട്ടുള്ളത്. |
| 6. | 358 | 17875/6.6.23<br>18892/ Flat /25/635/A-H<br>ഹരിദാസ്&<br>ഗോവിന്ദൻ | 12/19 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക ഫൈനടക്കം 42662 രൂപ കണക്കാക്കി<br>ബിൽ കാൻസൽ ചെയ്തു.<br>തുടർന്ന് ഇതേ കൺസ്യൂമറിനു തന്നെ 17892 നമ്പരിൽ 1122 മുതൽ 5 23 വരെയുള്ള 4032 രൂപ കണക്കാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. |
| 7. | 358 | 17900/dt.nil<br>9952 ND/ 25/665<br>വൽസല കുമാരി | 8/18 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക കണക്കാക്കി ഫൈനടക്കം 1278 രൂപ.ബിൽ കാൻസൽ ചെയ്തിട്ടില്ല. ഉപഭോക്താവിന് കൈമാറാതെ സൂക്ഷിച്ചിരിക്കുന്നു. |
| 8. | 356 | 17751/24.5.23<br>7656/ ND /25/2240 | 18.1.23 മുതൽ No Meter രേഖപ്പെടുത്തിക്കാണുന്നു.ബിൽ കാൻസൽ ചെയ്തിട്ടില്ല. ഉപഭോക്താവിന് കൈമാറാതെ സൂക്ഷിച്ചിരിക്കുന്നു. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം |

| | | | |
|---|---|---|---|
| | | | അറിയിക്കേണ്ടതാണ്. |

3.നീണ്ട കാലയളവിൽ കുടിശ്ശികയുള്ള താഴെ പറയുന്ന ഉണഭോക്താക്കൾ ആയത് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. റിമാർക്സിൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | ബുക്ക് നം. | ബിൽ നം./തീയതി /കൺസ്യൂമർ നം./തരം /ഹൗസ് നം. | റിമാർക്സ് |
|---|---|---|---|
| 1. | 357 | 17806/27.5.23<br>3366 ND/25/4<br>കെ.ജെ ഫ്രാൻസിസ് | 04/17 മുതൽ 5/ 23 വരെയുള്ള കുടിശ്ശിക ഫൈനടക്കം 37344 രൂപ കണക്കാക്കി. |
| 2. | 358 | 17891/6.6.23<br>18388 Flat/25/653/3<br>രമേഷ് & സോനം രമേഷ് | 04/18 മുതൽ 05/23 വരെയുള്ള കുടിശ്ശിക ഫൈനടക്കം 51391 രൂപ കണക്കാക്കി. |
| 3. | 359 | 17917/3.6.23<br>6859/ ND /25/684 | 04/17 മുതൽ 05/23 വരെയുള്ള കുടിശ്ശിക ഫൈനടക്കം 23903 രൂപ കണക്കാക്കി. |
| 4. | 359 | 17918/13.6.23<br>7386/ ND /25/687<br>പ്രീമിയർ ഗാരേജ് | 04/18 മുതൽ 05/23 വരെയുള്ള കുടിശ്ശിക ഫൈനടക്കം 47210രൂപ കണക്കാക്കി. |

4.6.11.2019 ലെ 2 നമ്പർ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിച്ച ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം നൽകേണ്ടതാണ്.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വാട്ടർ സപ്ലൈ ബൈലോസ് & റഗുലേഷൻസ് 2018 വ്യവസ്ഥ 7 പ്രകാരമുള്ള റിപ്പയറിംഗും മാറ്റിവെക്കലും നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. വ്യവസ്ഥ 11 ൽ എഫ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറിക്ക് (നം.48/27.9.23) മറുപടി ലഭ്യമാക്കിയില്ല.

1-164 2019 ൽ തുടക്കം കുറിച്ച പഴയ മുനിസിപ്പൽ പ്രദേശത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള അമൃത് പ്രൊജക്ട്- വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ(WET) 2,94,05,428 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യം കൈവരിച്ചിട്ടില്ല. തൻ വർഷത്തെ ചെലവുതുക 68,00,005 രൂപ തടസ്സപ്പെടുത്തുന്ന

| | |
|---|---|
| ഫയൽ നം | ഡബ്ല്യൂഎസ്2-9420/2019 |
| പ്രൊജക്റ്റ് | WET-Water Efficient Thrissur To Bring Down The Non-Revenue Water(NRW) And Improve The Services Of Water Distribution In The Old Muncipal Area Using GIS Mapping, GPR Survey Of Sub Surface Utilities, Surface Asset Mapping With GPS, Consumer Survey And Installation Of Smart Meters And Sensors/IoT Devices For Monitoring Supply Lines In Thrissur Municipal Corporation Under<br>AMRUT Scheme |
| ഭരണാനുമതി | സ.ഉ.(ആർടി)നം.5/2018/തസ്വഭവ/1.1.2018 |
| ഭരണാനുമതി തുക | 4.36കോടി |
| സാങ്കേതികാനുമതി | IKM/ED/660/19/22.2.2019 |
| സാങ്കേതികാനുമതി തുക | 4,21,02,500 (GSTഉൾപ്പെടാതെ) |
| ടെണ്ടർ തിയതി | 01.03.2019/WS2-(അമൃത്)/9420/19<br>ടെണ്ടർ ഷെഡ്യൂൾ 10.3.19, 14.10.19 മുതൽ 24.10.19 വരെ (CORRIGENDUM) തിരുത്ത് വരുത്തി പുറപ്പെടുവിച്ചു. |
| റീടെണ്ടർ | 13.12.2019 |
| കോൺട്രാക്ടർ | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി |
| ക്വോട്ട് ചെയ്തതുക | 4,20,88,144.60 |
| കൗൺസിൽ തീരുമാനം | നമ്പർ - 41/10.01.2020 |
| എഗ്രിമെന്റ് | 33/സിഎസ്/അമൃത്/2019-20/30.1.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വർക്ക് ഓർഡർ | 30.1.20 |
| പൂർത്തീകരണ | 11 മാസം |

| | |
|---|---|
| കാലാവധി | |
| അളവു പുസ്തകങ്ങൾ | 10(ബി)/19-20,<br>42(ബി)/20-21 |

ULCCS ന് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ULCCS ടാക്സ് ഇൻവോയ്സുകൾ | അനുവദിച്ച തുകയുടെ വിശദാംശം | അനുവദിച്ച തുക |
|---|---|---|
| ULC30/20-7-30<br>/90,97,628.00<br>Water Efficient<br>Thrissur-<br>Milestone01 | എംബുക്ക് :42(ബി)/2020-21<br>ചെക്ക് മെഷർ തീയതി-9.9.20<br>ഒന്നാം പാർട്ട് ബിൽ<br>ചെക്ക് നം. 02/175298<br>വൗ.നം.-22002718/9.11.20<br>84,77,584രൂപ | 84,77,584.00 |
| ULC121/30.11.20<br>/47,59,953.00<br>Water Efficient<br>Thrissur-<br>Milestone02-<br>PartA | എംബുക്ക് നം. 42ബി/2020-21<br>ചെക്ക് മെഷർ തീയതി-30.12.20<br>രണ്ടാം പാർട്ട് ബിൽ<br>ചെക്ക് നം. 02/185638<br>വൗ.നം. - 22004414/23.03.21<br>23,85,351രൂപ | 23,85,351.00 |
| ULC191/23.02.21<br>47,59,953രൂപ<br>Water Efficient<br>Thrissur-<br>Milestone 02-<br>PartB | എം.ബുക്ക് നം. 10(ബി)/2020-21<br>ചെക്ക് മെഷർ തീയതി-29.04.21<br>മൂന്നാം പാർട്ട് ബിൽ<br>PFMS CO82107560109/<br>വൗ.നം.22101400/05.08.21&08.08.21<br>8055636രൂപ | 80,55,636.00 |
| | ഫസ്റ്റ്, സെക്കന്റ്, തേർഡ് പാർട്ട് ബില്ലുകളിലായി തടഞ്ഞു വെച്ചിരുന്ന GST തുക(18%) 36,86,852 രൂപ സ.ഉ.(ആർ.ടി)നം.1898/20-21തസ്വഭവ. | 36,86,852.00 |

| | | |
|---|---|---|
| | തീ.4.10.21, കൗൺസിൽ തീരുമാനം നം.37/24.1.22 എന്നിവയുടെ അടിസ്ഥാനത്തിൽ ULCCS ന് അനുവദിച്ചു. | |
| ULTS 54/5.10.21 18,53,949.00 Water Efficient Thrissur-Milestone03-PartB | എം.ബുക്ക് നം.10(ബി)/2020-21 ചെക്ക് മെഷർ തീയതി-21.12.22 നാലാം പാർട്ട് ബിൽ PFMS CO72249324656/ വൗ.നം. 22201340/29.7.22 49,06,627രൂപ | 49,06,627.00 |
| ULTS 139/ 17.2.22 33,85,708രൂപ Water Efficient Thrissur-Milestone03-PartA | | |
| ULC/22-23/362 20,21,889രൂപ Water Efficient Thrissur-Milestone03-PartB | എം.ബുക്ക് നം. 10(ബി)/2020-21 ചെക്ക് മെഷർ തീയതി-21.12.22 അഞ്ചാം പാർട്ട് ബിൽ PFMS CO22355767007/ വൗ.നം.22204426/1.3.23 18,93,378രൂപ | 18,93,378.00 |
| | ആകെ ചെലവു തുക | 2,94,05,428.00 |

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ പഴയ മുനിസിപ്പൽ പരിധിയിലുള്ള മുഴുവൻ ജലവിതരണവും ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് "വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ" (WET) എന്ന പേരിൽ ഈ പദ്ധതി അമൃത് സ്കീമിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചത്. 1.10.2019ന് ടെണ്ടർ ചെയ്തതിൻ പ്രകാരം ലഭിച്ച രണ്ട് ടെണ്ടറുകളിൽ സിഡ്കോ സമർപ്പിച്ച ബിഡ് ടെക്നിക്കൽ കമ്മറ്റിയുടെ

പരിശോധനയിൽ അയോഗ്യമായി കണ്ടെത്തിയതിനാൽ പ്രവൃത്തി റീടെണ്ടർ ചെയ്തു.

10.1.2020ലെ 41-ാംനമ്പർ കൗൺസിൽ തീരുമാനം മുഖേന റീടെണ്ടറിൽ ഏക ടെണ്ടർ സമർപ്പിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ (ULCCS) 4,20,88,144.60 രൂപയുടെ ഏക ടെണ്ടറിന് മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിച്ചു. സെലക്ഷൻ മെമ്മോ 23.12.19 ലെ ഡബ്ല്യൂഎസ് 2/9420 2019, വർക്ക് ഓർഡർ നം.ഡബ്ല്യൂഎസ്2-56255/17/30.1.2020. വേണ്ടത്ര മുന്നൊരുക്കവും ആസൂത്രണവും ഇല്ലാതെയാണ് പദ്ധതി ആരംഭിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. കാരണം, ടെണ്ടർ/റീടെണ്ടർ നടപടികൾക്ക് ഏറെ സമയമെടുത്തു. കൂടാതെ NIT പല തവണ തിരുത്തി പ്രസിദ്ധീകരിക്കേണ്ടി വന്നു. (മേൽ പട്ടിക കാണുക) സെലക്ഷൻ മെമ്മോ 23.12.19ന് നൽകിയെങ്കിലും ULCCS കരാർ വെച്ചത് 30.1.20നാണ്. കോർപ്പറേഷന്റെയും കോൺട്രാക്ടറുടെയും ഭാഗത്തു നിന്നുള്ള കാലവിളംബം ഇതിന് കാരണമായിട്ടുണ്ട്.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 30.1.20ന് 11 മാസ കാലാവധിയിൽ കരാർ വെച്ച പ്രവൃത്തി ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കോവിഡ് 19 പകർച്ചവ്യാധി കാരണം അനുവദിച്ച സമയത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറഞ്ഞ് കാലാവധി 30.6.21 വരെ നീട്ടി ആദ്യ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചു. സപ്ലിമെന്ററി എഗ്രിമെന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| എഗ്രിമെന്റ് | റിമാർക്സ് |
|---|---|
| 1/33/CS/അമൃത്/2019-20<br>17.5.2021 മുതൽ 30.6.21 വരെ | കോവിഡ് 19 പകർച്ചവ്യാധി |
| 2/33/CS/അമൃത്/2019-20<br>28.10.2021 മുതൽ 31.12.21 വരെ | കോവിഡ് 19 പകർച്ചവ്യാധി, ഇലക്ഷൻ |
| 3/33/CS/അമൃത്/2019-20<br>16.03.2022 മുതൽ 30.6.22 വരെ | AMR മീറ്റർ ടെക്നോളജി മാറ്റം, വൈദ്യുതി കണക്ഷൻ |
| 4/33/CS/അമൃത്/2019-20<br>30.09.2022 മുതൽ 31.03.23 വരെ | എസ്റ്റിമേറ്റ് പുതുക്കിയത് (62/8.12.2022 നമ്പർ തീരുമാനം) |
| 5/33/CS/അമൃത്/2019-20<br>30.09.2022 | പുതുക്കിയ എസ്റ്റിമേറ്റിന്റെ എഗ്രിമെന്റ് |

4.8.23 ൽ ഡബ്ല്യൂഎസ്2/9420/2019 പ്രകാരം കോർപ്പറേഷൻ, വടകരയിലെ (ULCCS) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ വെറ്റ് പദ്ധതി നിശ്ചിത പുരോഗതി കൈവരിച്ചതായി കാണുന്നില്ലെന്ന്

രേഖപ്പെടുത്തിയിട്ടുണ്ട്. അമൃത് റിവ്യൂ മീറ്റിംഗുകളിൽ പല തവണ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അമൃത് 1.0 യുടെ കാലാവധി 2024 മാർച്ച് 31 വരെ ആയതിനാൽ 2023 ഡിസംബർ 31 നകം നിർബന്ധമായും പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ULCCS നെതിരെ നടപടി ഉണ്ടാകുമെന്നും കഷ്ട നഷ്ടങ്ങൾക്ക് ഉത്തരവാദിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. കോവിഡ് കാലവും ഇലക്ഷനുമെല്ലാം 2022 ആദ്യമാസങ്ങളിൽ കഴിഞ്ഞു പോയതാണ്. മേൽ പ്രവൃത്തി അനിശ്ചിതമായി നീളുന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

2. തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് (CMMU) DPR തയ്യാറാക്കിയത്.

11 മാസ പൂർത്തീകരണ കാലയളവിൽ 4,21,02,500 രൂപയുടേതാണ് DPR ലെ എസ്റ്റിമേറ്റ്. ഉണഭോക്താക്കളുടെ തരം തിരിച്ചുള്ള ജി.ഐ.എസ് ഡാറ്റാ ബേസ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ സ്പോട്ട് ബില്ലിംഗ് സിസ്റ്റം നടപ്പാക്കുക, അനധികൃത കണക്ഷനുകൾ കണ്ടെത്തുക, ഓൺലൈൻ ബില്ലിംഗ് സിസ്റ്റം വരുന്നതു വഴി കളക്ഷൻ വർദ്ധിപ്പിക്കുക, കസ്റ്റമൈസ്ഡ് റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങി ആത്യന്തികമായി ജലവിതരണ സേവനം മെച്ചപ്പെടുത്തുന്നതോടൊപ്പം ഭാവിയിൽ ഉണ്ടാകാവുന്ന ഏതു സാധ്യതയും ഉൾക്കൊള്ളാവുന്ന ബേസ് ഡാറ്റ കോർപ്പറേഷൻ വാട്ടർ സെക്ഷനിൽ സൃഷ്ടിക്കപ്പെടുന്നു എന്നതാണ് DPRൽ WET പ്രൊജക്ടിന്റെ പ്രധാന സവിശേഷതയായി പറഞ്ഞിരിക്കുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ സൃഷ്ടിക്കപ്പെടുന്ന 10 കാര്യങ്ങൾ "Deliverables" എന്ന പേരിൽ DPRൽ നൽകിയിട്ടുണ്ട്. ആയതിൽ ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി.

ULCCS മായുള്ള എഗ്രിമെന്റ് ഷെഡ്യൂളും അളവു പുസ്തകം (എം.ബുക്ക് നം.10(ബി)/2020-21/അഞ്ചാം പാർട്ട് ബിൽ) പ്രകാരം ചെയ്ത പ്രവൃത്തിയും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| Sl.No | Product | QTY/UoM | |
|---|---|---|---|
| 1. | GPS Enabled Water Utility Asset Survey | 101.4sq.km | Completed |
| 2. | GPS Enabled Water Utility Surface Asset Survey | 25000nos | Completed |
| 3. | GPS Enabled Water Utility Surface Asset Survey | 250nos | Completed |
| 4. | GPR Survey-Underground Utility Assets | 500nos | Completed |
| 5. | Developement Of Enterprise GIS Solution | 1no | Completed |
| 6. | GPS Enabled POS Machines | 25 Nos | Completed |
| 7. | IOT Enabled Bulk Flow Meter | 25nos | 19 Nos |

| | | | |
|---|---|---|---|
| | | | Completed |
| 8. | IOT Enabled Water Level Sensor | 10nos | 7nos Completed |
| 9. | IOT Enabled Smart Water Meter(Dn25) | 10nos | Not Executed |
| 10. | IOT Enabled Smart Water Meter(Dn50) | 70nos | Not Executed |
| 11. | IOT Enabled Smart Water Meter(Dn70) | 50nos | Not Executed |
| 12. | IOT Enabled Smart Water Meter(Dn80) | 50nos | Not Executed |
| 13. | OT Enabled Smart Water Meter(Dn100) | 70nos | Not Executed |
| 14. | Developement Of Smart Utility Application & Dashboard | 1no | Not Executed |
| 15. | Software For Spot Billing/online Billing And Complaint Redressal With Periodical Hierarchal Escalation | 1no | Not Executed |
| 16. | High End Desktops | 2nos | Not Executed |
| 17. | UPS | 1nos | Not Executed |
| 18. | AMC For 5 Yrs | 1no | Not Executed |

മേൽ പട്ടികയിൽ പൂർത്തിയാക്കിയ കാര്യങ്ങൾ/ഇനങ്ങൾ ബോധ്യപ്പെടാൻ ആവശ്യമായ യാതൊരു രേഖയും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. 30.6.2020 ലെ ഓഫീസ് കുറിപ്പ് പ്രകാരം മേൽ ഇനങ്ങൾ വെബ് പോർട്ടലിൽ ലഭ്യമാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ കുറിപ്പെഴുതി കാണുന്നു. ജിയോ റെഫറൻസ്ഡ് ഡ്രോൺ ഇമേജ്, കൺസ്യൂമർ സർവ്വേ ഡിറ്റെയിൽസ്, സർഫസ് അസറ്റ് ഡിറ്റെയിൽസ്, ജി.പി.ആർ സർവ്വേ ഡിറ്റെയിൽസ് തുടങ്ങിയവ വെബ് ജി.ഐ.എസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ പ്രസ്തുത പോർട്ടൽ വിലാസം ലഭ്യമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

3. സാങ്കേതികാനുമതി നൽകി കൊണ്ടുള്ള 22.2.2019 ലെ IKM/ED/660/19 നമ്പർ കത്തിൽ വാങ്ങൽ നടപടി

ക്രമങ്ങളിൽ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ ഭാഗമായുള്ള വാങ്ങലുകൾ എവിടെയും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാഹരണത്തിന് ULCC/121/30.11.20 ഇൻവോയ്സ് പ്രകാരം 25 എണ്ണം GPS Enabled POS Machines (T6900 WIRELESS DATA POS Terminal P225 Nos) സപ്ലൈ ചെയ്തതിന് 3rd പാർട്ട് ബിൽ പ്രകാരം 25x24968 =6,24,200 രൂപ ULCCന് കൈമാറിയിട്ടുണ്ട്. പ്രസ്തുത മെഷീനുകൾ സപ്ലൈ ചെയ്തിരിക്കുന്നത് സ്റ്റാലിയൻ സിസ്റ്റംസ് സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡാണ്. ഡെലിവെറി ചലാൻ നം. 119215636, ഇൻവോയ്സ് നം.GK/2021 /9934/11.11.20 എന്നിവ അമൃത് സെക്ഷൻ സൂപ്രണ്ട് രാഹുൽ 12.11.2020 ന് റിസീവ് ചെയ്ത് ഒപ്പിട്ടുണ്ട്. ഓഡിറ്റ് വിഭാഗം 7.12.2023 ന് സെക്ഷനിൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ 21 മെഷീനുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ബാക്കി നാലെണ്ണം വാട്ടർ സെക്ഷന് കൈമാറിയതായി സൂപ്രണ്ട് അറിയിച്ചു. സ്റ്റോക്കിലെടുത്തല്ല വിതരണം നടത്തിയത്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2020 നവംബറിൽ വാങ്ങിയ പ്രസ്തുത മെഷീനുകൾ 2023 ഡിസംബറിലും ഉപയോഗിച്ചിട്ടില്ല. ജി.പി.എസ് ബേസ്ഡ് ആയി ഉപയോഗിക്കേണ്ട പ്രസ്തുത മെഷീനുകൾ മേൽ പ്രൊജക്ട് പ്രവർത്തനക്ഷമമാകുമ്പോൾ വാങ്ങേണ്ടതിനു പകരം നേരത്തെ വാങ്ങിയത് എന്തിനെന്ന് വിശദീകരിക്കേണ്ടതാണ്. മെഷീനുകളുടെ ഗ്യാരന്റി/വാറന്റി പരിശോധിക്കാൻ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് നൽകേണ്ടതാണ്. മെഷീനുകൾ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. വിശദീകരണം നൽകേണ്ടതാണ്.

4. 12.10.2020ലെ 59-ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

“8.8.2020 ലെ വെറ്റ് തൃശ്ശൂർ പ്രൊജക്ട് റിവ്യൂ വീഡിയോ കോൺഫറൻസിലെ തീരുമാനപ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ (Flow Meters & Chamber, Water Network Monitoring Room &Accessories, AMC For New Scope, GST Amount To Be Paid) കൂടി ഉൾപ്പെടുത്തി ആയതിന് വരുന്ന 1,21,19,553 രൂപ കൂടി ഉൾപ്പെടുത്തി പുതുക്കി തയ്യാറാക്കിയ 5,57,19,553 രൂപ വരുന്ന അടങ്കലിന് ഭരണാനുമതി നൽകുന്നതിനും SHPC (State Level High Power Committee) യുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.” 20.11.20ന് ഡബ്ല്യുഎസ് 2/9420/2019 നമ്പരിൽ അമൃത് മിഷൻ ഡയറക്ടർക്ക് അംഗീകാരത്തിനായി കത്തയച്ചു. 17.12.2020 ലെ 26-ാമത് SHPC യുടെ മിനിട്ട്സ് പ്രകാരം വെറ്റിന്റെ ഭരണാനുമതി AMC ചാർജ് കോർപ്പറേഷൻ വഹിക്കണമെന്ന വ്യവസ്ഥയിൽ 5.572 കോടി രൂപയായി പുതുക്കി അംഗീകരിച്ചു 23.2.2022 ലെ 42-ാം അമൃത് കോർ കമ്മിറ്റി യോഗത്തിലെ 8-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.6.22 വരെ ദീർഘിപ്പിച്ചിരുന്നു. നിലവിലെ എസ്റ്റിമേറ്റ് റിവിഷനും അതിന്റെ ഭാഗമായി BOQ റിവിഷനും നടത്തേണ്ട അവസ്ഥയിൽ പ്രസ്തുത കാരണം ചൂണ്ടിക്കാട്ടി 31.12.23 വരെ പൂർത്തീകരണ കാലാവധി ULCCS ആവശ്യപ്പെട്ടതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റിന് മരാമത്ത് കമ്മിറ്റി അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്ത അവസ്ഥയിൽ ഫയൽ നടപടികൾ നിൽക്കുന്നു. സമയം ദീർഘിപ്പിച്ച നടപടിയും, പുതുക്കിയ എസ്റ്റിമേറ്റും കൗൺസിൽ അംഗീകരിച്ചതായി രേഖയില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു. പ്രൊജക്ട് ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും ഒരു “വെബ് ബേസ്ഡ് ഓപ്പൺ സോഴ്സ് ഡാറ്റ” വാട്ടർ വിഭാഗത്തിൽ ലഭ്യമല്ല. 1964 മുതൽ തുടർന്നു വരുന്ന കണക്ഷൻ/ഡിസ്കണക്ഷൻ രജിസ്റ്റർ മാത്രമാണ് ഉണഭോക്താക്കളെ സംബന്ധിച്ച് വാട്ടർ സെക്ഷനിൽ സൂക്ഷിക്കുന്ന അടിസ്ഥാന രേഖ. ആയതിൽ ഗാർഹികം, ഗാർഹികേതരം, വാർഡ് എന്നിവ തരം തിരിച്ചിട്ടില്ല. സ്പോട്ട് ബില്ലിംഗ് സമ്പ്രദായമോ ഓൺലൈൻ ബില്ലിംഗോ തയ്യാറായിട്ടില്ല. ഭീമമായ തുക കുടിശ്ശിക വരുത്തിയവരുടെ ലിസ്റ്റ് ഓഡിറ്റ് ആവശ്യപ്പെട്ടതിന് രജിസ്റ്ററിൽ നിന്ന് കൈയെഴുത്തു പ്രതിയായി തയ്യാറാക്കിയ ലിസ്റ്റിന്റെ ഫോട്ടോ കോപ്പിയാണ് എത്തിച്ചത്. വാട്ടർ വിഭാഗം വരവിന്റെ DCB പത്രിക വർഷങ്ങളായി തയ്യാറാക്കിയിട്ടില്ലാത്ത അവസ്ഥയും പ്രത്യേകം പരാമർശിക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ്, BOQ എന്നിവക്ക് കോർപ്പറേഷന്റെയും വാട്ടർ വിഭാഗത്തിന്റെയും താൽപര്യങ്ങളും പ്രാഥമിക ആവശ്യങ്ങളും കണക്കിലെടുത്തു സൂക്ഷ്മപരിശോധന നടത്തി മാത്രം അംഗീകാരം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ തൻ വർഷത്തെ ചെലവു തുക 68,00,005/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.127/8.12.23) മറുപടി ലഭ്യമാക്കിയില്ല.

## 1-165 അമൃത് പദ്ധതി- ഒരു അവലോകനം

2015-2016 മുതൽ 2019-2020 വരെയുള്ള സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായത്തോടെ അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ച പദ്ധതിയായിരുന്നു അടൽ മിഷൻ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ അഥവാ അമൃത്. പിന്നീട്, 31.3.2023 വരെ പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ, പല പദ്ധതികളും പൂർണ്ണമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടില്ല. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ തൃശ്ശൂർ കോർപ്പറേഷനും ഉൾപ്പെടുന്നു. ഇതിനായി, മൊത്തം ചെലവ് വരുന്ന തുകയുടെ 50% തുക കേന്ദ്ര ഫണ്ടിൽ നിന്നും ലഭ്യമാക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബാക്കി 50% തുകയിൽ 30% സംസ്ഥാനവും 20% അതത് തദ്ദേശനഗരകാര്യ വിഭാഗവുമാണ് വഹിക്കേണ്ടത്. കേന്ദ്ര വിഹിതം മൂന്ന് തവണകളായി 20-40-40 എന്ന അനുപാതത്തിൽ പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി അനുസരിച്ച് കേന്ദ്രത്തിൽ നിന്നും ലഭ്യമാകും. 2015 ജൂൺ മാസത്തിലാണ് പദ്ധതിക്ക് തുടക്കമിട്ടത് എങ്കിലും സൈറ്റ് പരിശോധിച്ച്, പ്രൊജക്ടുകൾ തയ്യാറാക്കി പ്രവൃത്തിയുടെ ആരംഭം കുറിച്ചത് 2016-17 കാലയളവിലാണ്.

മൂന്ന് പ്രധാന കാര്യങ്ങൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളത്.

1.എല്ലാ വീടുകളിലേക്കും ശുദ്ധജലം എത്തിക്കൽ, മലിനജലം നീക്കം ചെയ്യൽ.

2. നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തി കൊണ്ട് തന്നെ വികസനം നടപ്പിലാക്കുക, മരങ്ങൾ വച്ചു പിടിപ്പിക്കൽ, പുൽത്തകിടികളും പാർക്കുകളും നിർമ്മിക്കൽ.

3. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ, സൈക്കിൾപാതകളും പ്രധാന റോഡരികുകളിൽ നടപ്പാതകളും നിർമ്മിച്ച്, ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക. വായു മലിനീകരണം കുറയ്ക്കുക.

തൃശ്ശൂർ കോർപ്പറേഷന്റെ വിസ്തൃതി 101.42 ച.കിമീറ്ററാണ്. നിലവിൽ 55 വാർഡുകളായി തിരിച്ചിട്ടുണ്ട്. കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) പ്രകാരം 396 കി.മീ ഡ്രെയിനേജ് സിസ്റ്റമുണ്ട്.

തൃശ്ശൂർ ജില്ലയിൽ 61 കി.മീറ്ററോളം പ്രകൃതിദത്തമായ കനാലുകളാണ്. കൊക്കാല, കുണ്ടുവാറ, പഞ്ചിക്കൽ എന്നീ തോടുകളിൽ കൂടി ചേറ്റുപുഴ കനാലിൽ ചെന്ന് ചേരുന്ന മഴ വെള്ളം പിന്നീട്, കനോലി കനാലിലൂടെ അറബിക്കടലിലെത്തുന്നു. നഗരത്തിലെ ഡ്രൈനേജ് സംവിധാനം കുറ്റമറ്റതാക്കി, കനാലുകളിലെ മഴ വെള്ളത്തിന്റെയും മലിനജലത്തിന്റെയും ഒഴുക്കിന് തടസ്സമില്ലാതാക്കുകയും, അടിഞ്ഞു കൂടിയ മണ്ണും മാലിന്യങ്ങളും ചേറും യഥാസമയം നീക്കം ചെയ്തും മഴ വെള്ളത്തിന്റെ ഒഴുക്ക് സുഗമമാണെന്ന് ഉറപ്പ് വരുത്തി റോഡുകളും ജനവാസപ്രദേശങ്ങളും വെള്ളക്കെട്ടില്ലാതെയാക്കുന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

കോർപ്പറേഷൻ പരിധിയിൽ തന്നെയുള്ള ശുദ്ധജല ഉപയോഗത്തിന് അനുയോജ്യമായ ഒട്ടനവധി കിണറുകളും കുളങ്ങളും വൃത്തിയാക്കിയെടുത്ത്, വെള്ളം ശുദ്ധീകരിച്ച് നഗരത്തിലെ ശുദ്ധജല ക്ഷാമത്തിന് അറുതി കാണുക മറ്റൊരു ലക്ഷ്യമാകുന്നു. കടുത്ത വേനലുകളിൽ നഗരം നേരിടുന്ന ജലക്ഷാമത്തിന് പരിഹാരമാകുകയും ടാങ്കർ വെള്ളം വിതരണം ചെയ്യുന്നതിലെ ധനനഷ്ടം ഒഴിവാക്കുന്നതിനും ഇത് സഹായകമാകും.

അമൃത് പദ്ധതിക്ക് വേണ്ടിയുള്ള ധന നിക്ഷേപത്തിനായി, സെക്രട്ടറിയുടെ പേരിൽ ശക്തൻ സ്റ്റാന്റിലുള്ള യൂണിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.-338902010025262) 2015 ജൂണിൽ തുടക്കമിട്ടെങ്കിലും 2017-18 വർഷത്തിലാണ് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. 31.3.2023 വരെ പദ്ധതിയുടെ കാലാവധി നീട്ടിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ വരവു ചെലവുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി<br>മുതൽ - വരെ | ചെലവ് തുക |
|---|---|---|
| 1 | 1.4.2022–31.3.2023 | 1.4.2022–31.3.2023 |
| 2 | ജീവനക്കാര്യ ചെലവുകൾ | 1054694 |
| | ജീവനക്കാര്യ ചെലവുകൾ | 286105 |
| 3 | വാഹന വാടക | 300000 |
| 4 | റീസ്റ്റോറേഷൻ ചാർജ്ജസ് | 17417088 |
| 5 | ഡെപ്പോസിറ്റ് വർക്ക്<br>കെഡബ്ല്യുഎ-തൃശ്ശൂർ<br>------------------------------------<br>കെഡബ്ല്യുഎ- നാട്ടിക | 175246578<br>------------------------------------<br>26074557 |
| 6 | വർക്ക് റിക്കവറിഅവലോകനം | 3400014 |
| 7 | അർബൻ ട്രാൻസ്പോർട്ട് | 5028094 |

| | | |
|---|---|---|
| 8 | WET | 42493534 |
| 9 | വഞ്ചിക്കുളം പാർക്ക് | 798152 |
| 10 | പനംകുറ്റിച്ചിറ പകൽവീട് പാർക്ക് | 228299 |
| 11 | അച്യുതമേനോൻ പാർക്ക് | 2779824 |
| 12 | വിവേകാനന്ദ പാർക്ക് | 1607587 |
| 13 | ഇഎംഎസ് പാർക്ക് | 3379248 |
| 14 | ഗൗരി ലങ്കേഷ് പാർക്ക് | 383661 |
| 15 | ജവാൻസ് പാർക്ക് | 2041412 |
| 16 | ശക്തൻ സ്കൈവോക്ക് | 24056160 |
| | | |
| | ആകെ ചെലവ് | 105,812,213/- |

2015-16 മുതൽ 2022-23 വരെ അമൃത് പദ്ധതിയുടെ വരവ് ചെലവ് തുകകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി<br>മുതൽ - വരെ | വരവ് തുക | ചെലവ് തുക |
|---|---|---|---|
| 1 | 6/2015 - 31.3.16 | ഇല്ല | ഇല്ല |
| 2 | 1.4.16 – 31.3.17 | 19249773/- | 60/- |
| 3 | 1.4.17- 31.3.18 | 108408034 | 4369555.17 |
| 4 | 1.4.18 - 31.3.19 | 411648472 | 431742160 |
| 5 | 1.4.19 -31.3.20 | 377022761 | 396743739.40 |
| 6 | 1.4.20 -31.3.21 | 533796626 | 382288391.60 |
| 7 | 1.4.2021-31.3.22 | 76040469 | 192695615.70 |
| 8 | 1.4.2022-31.3.23 | 66196178 | 66196178 |

31.3.2023 വരെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള കാലയളവ് നീട്ടി കൊടുത്തെങ്കിലും പല പദ്ധതികളും പൂർണ്ണമായും പൂർത്തിയായിട്ടില്ല. തൻ സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ വളരെ കുറച്ച് ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. ലഭ്യമായവയിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ പ്രത്യേക ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-166 അമൃത്- ക്യാഷ് ബുക്ക് പരിശോധിച്ചതിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കുമായി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിലെ തൻമാസത്തെ ചെലവും വരവും കൂട്ടിയെടുത്ത് പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ക്യാഷ് ബുക്കിലെ പ്രതിമാസ വരവു ചെലവ് സംഗ്രഹം സെക്രട്ടറിയോ മറ്റ് ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2022 ഏപ്രിലിൽ, എസ്എസ്എംയു/4/24/2016/04-05-06/22-2/തീയതി4.4.22 പ്രകാരം നിശ്ചയിച്ച മുന്നിരിപ്പ് 80000000 രൂപയാണ്. തൻമാസത്തെ സ്റ്റേറ്റ് നോഡൽ അക്കൗണ്ടിൽ നിന്നും ലഭ്യമായ തുക തീയതി അനുസരിച്ച് സംഗ്രഹത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ മാസത്തെ മുന്നിരിപ്പിനോട് വരവ് തുക കൂട്ടിയതിന് ശേഷം തൻമാസ ചെലവ് കുറയ്ക്കുകയും ബാക്കി തുക അടുത്ത മാസത്തെ മുന്നിരിപ്പായി ചേർക്കുകയുമാണ് വേണ്ടത്. ഇപ്രകാരം ജൂൺ മാസം വരെ കൃത്യമായി മുന്നിരിപ്പ് വരവ് വച്ചിട്ടുണ്ട്.

എന്നാൽ, ജൂൺ മാസത്തെ ചെലവു തുകയ്ക്ക് ശേഷം ബാക്കിയുള്ള തുക ജൂലൈ മാസത്തേക്ക് ചേർത്തെഴുതി കാണുന്നില്ല. വിശദമായി താഴെ ചേർക്കുന്നു.

| | |
|---|---|
| മെയ് മാസത്തെ നീക്ക്ബാക്കി | 70464972 |
| ജൂൺ മാസത്തെ മുന്നിരിപ്പ് | 70464972 |
| തൻമാസം വരവ് | 5488676 |
| തൻമാസം ചെലവ് | 10977352/- |
| തൻമാസം ബാക്കി | 64976296 |
| ജൂലൈ മാസത്തെ മുന്നിരിപ്പ് | 65000000 |

ജൂലൈ മാസം എടുത്ത മുന്നിരിപ്പിൽ യഥാർത്ഥ തുകയേക്കാൾ 23704 രൂപ വ്യത്യാസം കാണിച്ചിരിക്കുന്നു. തുടർന്നങ്ങോട്ടുള്ള കണക്കുകളിലെല്ലാം വ്യത്യാസം കാണുന്നു. വിശദീകരണം ആവശ്യമാണ്.

അമൃത്/56405/18 പ്രകാരമുള്ള റീക്കവറീസ് ഉൾപ്പെട്ട ഫയലിൽ, 30.12.2022ൽ പദ്ധതി പ്രവർത്തികളിൽ നിന്നും പിടിച്ചു വച്ച നിയമാനുസൃത കിഴിവുകൾ (71812x4) 287248 രൂപ ചെലവു വന്നിട്ടുണ്ട്. ഈ തുക ഡിസംബറിലെ ചെലവു തുകയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. 9.1.2023 ന് നോഡൽ അക്കൗണ്ടിൽ നിന്നും ലഭിച്ച 208688 രൂപയും ചേർത്ത് ആകെ 495936 രൂപ വീണ്ടും വൗച്ചർ നം.32200430/21.1.23 പ്രകാരം തനതു ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 21.1.23ന് രേഖപ്പെടുത്തിയ 208688 രൂപ ഏത് ഇനത്തിൽ വരുന്ന ചെലവാണ് എന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, 287248 രൂപ ഡിസംബർ, ജനുവരി എന്നീ രണ്ട് മാസങ്ങളിലെ ചെലവ് തുകയിൽ ഉൾപ്പെടുകയും ചെയ്തു. വിഷയത്തിൽ വിശദീകരണം ആവശ്യമാണ്. അമൃതിന്റെ പ്രവർത്തി ബില്ലുകളിൽ നിന്നും കുറയ്ക്കുന്ന നിയമാനുസൃത കിഴിവുകൾ എല്ലാം സെക്രട്ടറിയുടെ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ അതാത് ശീർഷകങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള രേഖകൾ/ഫയലുകൾ ലഭ്യമാക്കുകയുണ്ടായില്ല.

ഫെബ്രുവരി മാസത്തെ ചെലവുകളിൽ, 627952/ഇന്ത്യൻ ബാങ്ക്/1.2.2023 നമ്പർ ചെക്കിൽ 89428 രൂപ ചെലവു

രേഖപ്പെടുത്തിയിരിക്കുന്നു. (വൗച്ചർ നം.22204043 മുതൽ 46 വരെ) എന്നാൽ, ഈ തുക 25.1.23ന് നോഡൽ അക്കൗണ്ടിൽ നിന്നും ക്രെഡിറ്റ് ചെയ്തതായും ജനുവരി മാസത്തെ തൻമാസ ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. ഇത്തരത്തിൽ ജനുവരി മാസത്തിൽ ക്രെഡിറ്റിൽ വന്ന തുകയ്ക്ക് ഫെബ്രുവരിയിൽ ചെക്ക് എഴുതുകയും ചെലവ് ജനുവരിയിൽ ചേർക്കുകയും ചെയ്യുന്നത്, രണ്ട് മാസത്തിലെയും ഇരട്ടിപ്പ് ചെലവായി ചേർത്തിട്ടില്ല എങ്കിൽ പോലും, അപാകതയുണ്ട്.

അമൃത് പദ്ധതിയുടെ പാറമേക്കാവ് എസ്ബിഐ ശാഖയിൽ നിന്നും താഴെ ചേർത്ത തുകകൾ കോർപ്പറേഷന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു കാണുന്നു.

| വൗച്ചർ നമ്പർ | തുക |
|---|---|
| 32200430/21.1.2023 | 495936 |
| 22205162/30.3.23 | 1011091 |
| 22205205/31.3.2023 | 5,33,94,850 |
| 2220 5205/31.3.2023 | 148455 |
| ആകെ | 55050332/-രൂപ |

ഏതാവശ്യത്തിനാണ് അമൃത് എക്കൗണ്ടിലെ തുക കോർപ്പറേഷൻ തനത് ഫണ്ടിലേക്ക് മാറ്റിയത് എന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്യാഷ് ബുക്കിലെ മേൽ പറഞ്ഞ വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.135/14.12.23 ന് മറുപടി ലഭ്യമായില്ല.

## 1-167 അമൃത് -ദീർഘ വീക്ഷണമില്ലാതെ പാർക്ക് പുനരുദ്ധാരണം

അമൃത് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് ഹരിതാഭമായ പാർക്കുകൾ. 2022-23 സാമ്പത്തിക വർഷത്തിൽ അമൃത് ഫണ്ട് ഉപയോഗിച്ച് പത്ത് പാർക്കുകളുടെ നിർമ്മാണം/പുനരുദ്ധാരണം ചെയ്തിട്ടുണ്ട്. ചെലവുകളുടെ പരിശോധനയ്ക്കായി ഫയലുകൾ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. 13.12.23 ന് ഓഡിറ്റ് ടീം 9 പാർക്കുകൾ നേരിൽ പോയി പരിശോധിച്ചിരുന്നു. ക്യാഷ് ബുക്ക് പരിശോധനയിൽ, ഈയിനത്തിൽ താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 13.12.23ന് ഓഡിറ്റ് ടീം 9 പാർക്കുകൾ നേരിൽ പോയി പരിശോധിച്ചിരുന്നു.

1. അച്ചുതമേനോൻ പാർക്ക്, പൂത്തോൾ

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22200247/20.4.22 | പിഡബ്ല്യു2-അമൃത്/5832/20 | 324275 |
| 22200248/20.4.22 | പിഡബ്ല്യു2- | 9312 |

| | | |
|---|---|---|
| | അമൃത്/5832/20 | |
| 22200249/20.4.22 | പിഡബ്ല്യു2-അമൃത്/5832/20 | 3104 |
| 22201700/29.8.22 | പിഡബ്ല്യു2-അമൃത്/5832/20 | 516391 |
| 22201701/29.8.22 | പിഡബ്ല്യു2-അമൃത്/5832/20 | 13800 |
| 22201702/29.8.22 | പിഡബ്ല്യു2-അമൃത്/5832/20 | 4600 |
| 22205063/29.8.22 | പിഡബ്ല്യു2-അമൃത്/19542/18 | 1908242 |
| അപാകതകൾ പ്രത്യേക ഖണ്ഡികയായി ചേർത്തിട്ടുണ്ട്. (ഖ- 1-162) | | 2779824/- |

2. വഞ്ചിക്കുളം പാർക്ക്, പൂത്തോൾ

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22200421/7.5.22 | പിഡബ്ല്യു2-അമൃത്/9496/20 | 742708/- |
| 22205199/31.3.23 | പിഡബ്ല്യു2-അമൃത്/5822/20 | 55444 |
| | | 798152/- |

വഞ്ചിക്കുളത്ത് നല്ല രീതിയിൽ പാർക്ക് പരിപാലിക്കപ്പെടുന്നുണ്ട്. പാർക്കിൽ തന്നെ ചെറിയ തോതിൽ ഉറസ്സായ ഒരു ജിം സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ, പാർക്കിന്റെ മനോഹാരിത കൂട്ടുന്ന, നടുവിലുള്ള വലിയ കുളം നിറയെ പായൽ നിറഞ്ഞു കിടക്കുന്നു. ആയത് നിശ്ശേഷമായും ഒഴിവാക്കുന്നതിന് ശാശ്വത പരിഹാരം തേടേണ്ടതാണ്.

3. ഒല്ലൂർ, പനംക്കുറ്റിച്ചിറ പാർക്ക് -ഉപയോഗപ്രദമല്ല.

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22201691/26.8.22 | പിഡബ്ല്യു2-അമൃത്/14026/22 | 309039/- |

| | | |
|---|---|---|
| 22205211/31.3.23 | പിഡബ്ല്യു2-അമൃത്/21033/20 | 203637/- |
| 22205163/30.3.23 | പിഡബ്ല്യു2-അമൃത്/21034/20 | 24662/- |
| | | 5,37,338/- |

ഒല്ലൂർ മേഖലയുടെ പരിധിയിലെ പകൽ വീടിനോട് ചേർന്നാണ് പാർക്ക് സജ്ജീകരിച്ചിട്ടുള്ളത്. പാർക്കിൽ ചെടികളോ മരങ്ങളോ നട്ട് പിടിപ്പിക്കുകയോ വൃത്തിയിൽ വെട്ടി നിർത്തുകയോ ചെയ്തിട്ടില്ല. പകൽവീടിന്റെ നടപ്പാത ടൈൽ വിരിക്കുകയും ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റീലുപയോഗിച്ച് കൈവരികളും ഗേറ്റും സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കായുള്ള കളിയുപകരണങ്ങൾ തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാതായിട്ടുണ്ട്. ടി തുക ചെലവഴിച്ചതു കൊണ്ട് പകൽവീട് ഉപയോഗിക്കുന്ന വർക്കോ പൊതുജനത്തിനോ ഏതെങ്കിലും രീതിയിൽ ഗുണഫലങ്ങളുണ്ടായിട്ടില്ല എന്നും ഉദ്ദേശിച്ച ഫലം ലഭ്യമായിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. ആയതു കൊണ്ട്, ടി തുക, 5,37,338/- അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

4. വിവേകാനന്ദ പാർക്ക്, നിഷ്ക്രിയാസ്തി-16.077ലക്ഷം അനാവശ്യ ചെലവ്



| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22205248/31.3.23 | പിഡബ്ല്യു2-അമൃത്/51909/21 | 16,07,587/- |

വളരെ ശോചനീയമായ അവസ്ഥയിലാണ് പാർക്ക്. പൂർണ്ണമായ തോതിൽ പാർക്കിന്റെ പണി പൂർത്തീകരിച്ചിട്ടില്ല എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

ഇവിടെ, നിലവിലുള്ള ഒരു വലിയ കുളത്തിന് ചുറ്റുമാണ് പാർക്ക് സജ്ജീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത് എന്ന് അമൃതിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കുളത്തിനോട് ചേർന്ന് വരുന്ന ഡ്രെയിനും കുളത്തിന്റെ കൈവരിയും മാത്രമാണ് അമൃതിൽ ഉൾപ്പെടുത്തി പണിതത്. നിലവിൽ കൈവരികൾ തുരുമ്പെടുത്ത നിലയിലാണ്.

ചെലവ് ചെയ്ത 16.077 ലക്ഷം രൂപ ഒട്ടും ഉപയോഗമില്ലാതെ, അനാവശ്യമായി ചെലവ് ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. പാട്ടുരായ്ക്കൽ മേല്പാലത്തിന്ന് അടിയിലായാണ് പാർക്കിന്റെ സ്ഥാനം വരുന്നത്. ഇത് പാർക്ക് നിർമ്മാണത്തിന് ഉചിതമായ സ്ഥലമായി കണക്കാക്കുവാൻ കഴിയുന്നില്ല. കുളത്തിന് ചുറ്റും ആസ്തി നിർമ്മിക്കുമ്പോൾ ആയതിന് തെരഞ്ഞെടുക്കുന്ന സ്ഥലം അത് കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുമോ എന്ന് പഠിച്ചതിന് ശേഷമാണ് തുടർ പ്രവർത്തികൾ നടത്തേണ്ടിയിരുന്നത്. 16.077 രൂപ ചെലവ് ചെയ്തത് നിഷ്ക്രിയ ആസ്തിയായി പരിണമിച്ചു.

5. ഇ.എം.എസ് പാർക്ക്, തൃശ്ശൂർ

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22205170/30.3.23 | പിഡബ്ല്യു2-അമൃത്/15601/23 | 33,79,248/- |

നഗരത്തിന്റെ ഹൃദയഭാഗത്തെ പാർക്ക് നല്ല രീതിയിൽ മനോഹരമായി നിലനിർത്തിയിരിക്കുന്നു.

6. ജവാൻസ് പാർക്ക്, അയ്യന്തോൾ

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 2220 /28.3.23<br>32386209069/28.3.23 | പിഡബ്ല്യു2-അമൃത്/42999/22 | 20,41,412/- |

പാർക്കിൽ അറ്റകുറ്റ പണികൾക്ക് വേണ്ടി താൽക്കാലികമായി അടച്ചിട്ടിരിക്കുന്നു എന്ന് സെക്രട്ടറിയുടെ ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ട്. കവാടം പൂട്ടിയിരുന്നതിനാൽ പാർക്കിൽ കയറുവാൻ ഓഡിറ്റ് ടീമിന് സാധിച്ചിട്ടില്ല. സ്ഥലം സന്ദർശിച്ച വേളയിൽ അറ്റകുറ്റപ്പണികൾ ഒന്നും തന്നെ നടക്കുന്നുണ്ടായിരുന്നില്ല.

7. പൊട്ടക്കുളം പാർക്ക്, കാളത്തോട്

| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22201691/26.8.22 | പിഡബ്ല്യു2-അമൃത്/43778/22 | 203637 |
| 22201691/26.8.22 | പിഡബ്ല്യു2-അമൃത്/43778/22 | 24662 |
| 22205168/30.3.23 | പിഡബ്ല്യു2-അമൃത്/43778/22 | 238702/- |

| | | |
|---|---|---|
| | | 2,28,299/- |

നല്ല രീതിയിൽ നിലനിർത്തുകയും കുട്ടികൾ ഉപയോഗിച്ച വരുന്നതായും കാണുകയുണ്ടായി.

8. ഗൗരി ലങ്കേഷ് പാർക്ക്, നെല്ലിക്കുന്ന്



| വൗച്ചർ നമ്പർ | ഫയൽ | തൻവർഷ ചെലവ് |
|---|---|---|
| 22205165/30.3.23 | പിഡബ്ല്യ2-അമൃത്/43779/22 | 3,83,661/- |

തൃശ്ശൂർ ഈസ്റ്റ് സോണിൽ ഇറിഗേഷൻ കനാലിന്റെ തീരത്ത് നിലവിലുണ്ടായിരുന്ന ഗൗരി ലങ്കേഷ് പാർക്ക് 2020ലാണ് നവീകരിച്ചത്. ആദ്യതവണ 1121767/-രൂപ ചെലവ് ചെയ്ത് പാർക്ക് നവീകരിച്ചിട്ടുണ്ട്. പാർക്ക് മുഴുവൻ ടൈൽ വിരിക്കുകയും കുട്ടികൾക്കായുള്ള കളിയുപകരണങ്ങളും ചെറിയ ഒരു ഓപ്പൺ സ്റ്റേജും പണി കഴിപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലാണ് 3.84 ലക്ഷം ചെലവ് ചെയ്ത് കനാലിന് കൈവരിയും ഗ്രാനൈറ്റുപയോഗിച്ച് നീളത്തിലുള്ള ഇരിപ്പിടങ്ങളും പണി കഴിപ്പിച്ചിട്ടുള്ളത്. 2023 മാർച്ചിലാണ് പ്രവർത്തിയുടെ അന്തിമ ബിൽ നൽകിയിട്ടുള്ളത്. ഗ്രാനൈറ്റ് കൊണ്ട് നിർമ്മിച്ച ഇരിപ്പിടം, ഒരു വർഷം പോലും തികയുന്നതിന് മുൻപ്, പല സ്ഥലത്തും പൊട്ടി പൊളിഞ്ഞ നിലയിൽ കാണപ്പെട്ടു. നിർമ്മാണപ്രവർത്തി മികച്ചതായിരുന്നില്ല എന്ന് വ്യക്തമാകുന്നു. കനാൽ തീരമായതു കൊണ്ടും നഗരത്തിൽ നിന്നും വളരെ ദൂരെ ഉൾപ്രദേശമായത് കൊണ്ടും സ്റ്റേജും പാർക്കും ഒരു തവണ പോലും ഉപയോഗിച്ചിട്ടില്ല എന്നും കണ്ടെത്തി. പാർക്ക് നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലം അനുയോജ്യമായിരുന്നില്ല എന്നും പാർക്ക് എല്ലാ ജനവിഭാഗത്തിനും ഉപയോഗപ്രദമാകുക എന്ന ഉദ്ദേശഫലം ലഭിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2020 മുതൽ ആരംഭിച്ച പ്രവർത്തിക്ക് ചെലവായ തുക മുഴുവൻ ഉപയോഗമില്ലാതെ നിഷ്ക്രിയ ആസ്തിയായി മാറി. അമൃത് ഫണ്ടിൽ നിന്നുമുള്ള തൻവർഷത്തെ ചെലവ് 3.84 ലക്ഷം രൂപ അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-168 അമൃത് പദ്ധതി - അച്യുത മേനോൻ പഠനോദ്യാനം ലക്ഷ്യം കൈവരിച്ചില്ല - 3378903/-രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ നം.പിഡബ്ല്യു2 – അമൃത് /19542/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് തുക -33,78,903/-

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം3378903 | PFMS NO:/തീയതി | തുക |
|---|---|---|
| കളി ഉപകരണങ്ങൾ | 52120965531/19.5.21 | 342915 |
| കൂളർ | 82134201854/25.8.21 | 112800 |
| ഇലക്ട്രിക്കൽ(ഒന്നാം പാർട്ട് ബിൽ) | 35871118/20.4.22 | 339895 |
| ഇലക്ട്രിക്കൽ(രണ്ടാം പാർട്ട് ബിൽ) | 82260192558/29.8.22 | 539391 |
| ഇലക്ട്രിക്കൽ(സൂപ്പർവിഷൻ ചാർജസ്) | 82260195481/82260196829 /29.8.22 | 18400 |
| സിവിൽ വർക്ക് | CO 323845298032/28.3.23 | 2013086 |
| | | 3378903 |

ഭരണ അനുമതി - സ.ഉ.നം. 5/18/തസ്വഭവ/1.1.18

സാങ്കേതിക അനുമതി -1933/18-19/26.04.18

എഗ്രിമെന്റ് നമ്പർ - 13/അമൃത്/10.08.19/8.03.19

PFMS – C032384529803

വൗച്ചർ നമ്പർ - 22205063/28.03.2023

1. തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ അച്യുത മേനോൻ പഠനോദ്യാനം നവീകരണം എന്ന പ്രവർത്തി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.



23/11/23 ന് ഓഡിറ്റ് ടീം, അമൃത് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനീയറോടൊപ്പം പ്രസ്തുത പദ്ധതി സ്ഥലം പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I അവിടെ നിലവിൽ ഉണ്ടായിരുന്ന, എം പി ഫണ്ട് ഉപയോഗിച്ചു പണിത കെട്ടിടത്തിന്റെ ഒന്നാം നില പുതിയ ടൈലുകൾ ഇട്ട് നവീകരിച്ചു. രണ്ടാം നില പുതുതായി പണിത് നിലം ടൈലുകൾ ഇട്ട് പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് കളിക്കാനും പഠിക്കുവാനും സൗകര്യം ഏർപ്പെടുത്തുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം എന്നാണ് ഫയലിൽ ചേർത്തിട്ടുള്ളത്. എന്നാൽ, ഒരു തവണ പോലും കെട്ടിടം ഉദ്ദേശിച്ച കാര്യങ്ങൾക്ക് ഉപയോഗിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

ഒന്നാം നിലയിലെ ഹാളിൽ നിറയെ പാഴ് വസ്തുക്കളും അനാവശ്യ സാധനങ്ങളും കൊണ്ട് വന്ന് തള്ളിയതായിട്ടാണ് സ്ഥലം പരിശോധനയിൽ കാണാനിടവന്നത്. രണ്ടാം നിലയിലെ ഗോവണിയുടെ പ്രവേശന കവാടത്തിലും താഴെ കാണുന്നതു പോലെ പാഴ് വസ്തുക്കളും അനാവശ്യ സാധനങ്ങളും കൊണ്ട് നിറച്ചതായി കാണുന്നു. അതിനാൽ രണ്ടാം നിലയിലേക്കുള്ള പ്രവേശനം തന്നെ ദുഷ്കരമാകുന്ന സ്ഥിതിയാണുള്ളത് .

Ii പദ്ധതിയുടെ ഭാഗമായി പുതുതായി പണിതീർത്ത നാല് ടോയ്‌ലെറ്റുകളുടെ ക്ലോസെറ്റുകളും പൈപ്പ് ഫിറ്റിംഗുകളും തകർന്ന് ഉപയോഗിക്കാൻ പറ്റാത്ത് സാഹചര്യമാണുള്ളത്. കളിസ്ഥലത്തിനോട് ചേർന്ന് ഒരു കിണർ ഉണ്ടെങ്കിലും ടോയ്‌ലെറ്റിൽ ജല ലഭ്യതയുണ്ടായിരുന്നില്ല. കിണറ്റിൽ വെള്ളമുണ്ടെങ്കിലും മോട്ടോർ പമ്പ് സൗകര്യം ചെയ്തിട്ടില്ല.

Iii കൃത്യമായ ഇടവേളകളിൽ പുല്ല് വെട്ടി നീക്കാത്തതിനാൽ പാർക്കിന്റെ പരിസരം കാടും പടലവും നിറഞ്ഞ് കിടക്കുകയാണ്. മൈതാനം കുട്ടികൾക്ക് ഉപയോഗിക്കുവാനാവാത്ത നിലയിലാണ്. കളിസ്ഥലത്തിനോട് ചേർന്ന് ഒരു ഓപ്പൺ സ്റ്റേജും രണ്ടു റൂമുകളും ഉണ്ട്. ഇവ നാളിതു വരെ ഉപയോഗിച്ചതായി കാണുന്നില്ല. പാഠനോദ്യാനത്തിന്റെയും കെട്ടിടത്തിന്റെയും ചുമതല, പ്രദേശത്തെ കൗൺസിലറും കൂടി ഉൾപ്പെടുന്ന ഒരു പ്രാദേശിക സമിതിയെ ഏൽപ്പിച്ചിരിക്കുന്നു.

നിലവിലുള്ള പ്രാദേശിക സമിതിയുടെ കൺവീനർ പറഞ്ഞതനുസരിച്ച് അവിടെ പ്രവർത്തിച്ച് വരുന്ന വയോമിത്രം എന്ന സ്ഥാപനം വൈകുന്നേരം നാല് മണിക്ക് അടയ്ക്കുന്നതോടൊപ്പം പാർക്കിന്റെ കവാടവും അടയ്ക്കുകയാണ് പതിവ് എന്നാണ് അറിയാൻ സാധിച്ചത്. വയോമിത്രത്തോടൊപ്പം ഒരു അങ്കണവാടിയും

കെട്ടിടത്തോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

2. അമൃത് പദ്ധതി : അച്യുത മോനോൻ പാർക്ക് ഹാർസൺ ലൈറ്റ് ഇലക്ട്രിഫിക്കേഷൻ

ഫയൽ നം. PW2/അമൃത്/5832/2

കരാറുകാരൻ - പവർടെക്ക്

അടങ്കൽ തുക - 9,92,000

കരാർ തുക - 8,25,205

PFMS - 324275/20.4.22, തുക - 516392/-

വൗച്ചർ നം. 22201700/29.08.22

അച്യുത മേനോൻ പഠനോദ്യാനം നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാർക്കിൽ ലൈറ്റുകൾ സ്ഥാപിക്കാനും അവിടത്തെ വൈദ്യുതി ആവശ്യങ്ങൾക്കായി സോളാർ സംവിധാനം ഏർപ്പെടുത്താനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.

പാർക്കിൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റിനു വേണ്ടിയുള്ള 14 പോസ്റ്റുകളിൽ ആറെണ്ണത്തിൽ മാത്രമാണ് നിലവിൽ ലൈറ്റ് ഉള്ളതായി കാണപ്പെട്ടത്. ഏകദേശം നാൽപ്പത് ലക്ഷത്തോളം രൂപ ചെലവഴിച്ച് നവീകരിച്ച പാർക്ക് ഇന്ന് അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. മൊത്തം ചെലവ് തുക 33,78,903രൂപ തടസ്സപ്പെടുത്തുന്നു.

ആസ്തികൾ നിർമ്മിക്കുന്നതിനൊപ്പം അവ ശരിയാംവിധം പരിപാലിക്കുന്നതിന് നഗരസഭ മതിയായി ജാഗ്രത പുലർത്തുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

ഈ വിഷയത്തെക്കുറിച്ച് ഓഡിറ്റ് അന്വേഷണം.112/23/28.11.23 പ്രകാരം ആരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് അന്വേഷണം നം: 113 /22-23തീയതി: 28.11.2023

## 1-169 അമൃത് - ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തുക 921,98,849/-രൂപ തടസ്സപ്പെടുത്തുന്നു

2022-23 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ അമൃത് പദ്ധതിയുടെ ഓഡിറ്റിനായി ചുവടെ ചേർത്തിട്ടുള്ള ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

| ക്രമനം. | പ്രവൃത്തി | ഫയൽ നം. | വൗച്ചർ നം. | തുക |
|---|---|---|---|---|
| 1 | റോഡ്റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ-30 നേതാജി റോഡ് | പിഡബ്ല്യു4/28665/2021 | 22200246/20.4.22 | 1558179 |

| | | | | |
|---|---|---|---|---|
| 2 | അമൃത് - യു.ടി പ്രോജക്ട് ഫേസ് 2 | പിഡബ്ല്യു2/അമൃത് 15603/2018 | 22200556/20.5.22 | 2877758 |
| 3 | റോഡ്റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 47 പുല്ലഴി പള്ളി റോഡ് WSS സ്കീം | പിഡബ്ല്യു4/37690/2020 | 22200554/20.5.22 | 248057 |
| 4 | റോഡ്റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ-50 എസ് എൻ പാർക്ക് റോഡ്, എസ് എൻഡി പി ഓഫീസ് മുതൽ ലാലൂർ റോഡ് വരെ | പിഡബ്ല്യു4/47621/2021 | 22200555/20.5.22 | 426392 |
| 5 | സർവെ ആന്റ് റീപ്ലേസിംഗ് ഓഫ് ഫോൾട്ടി മീറ്റർ, പുതിയ മീറ്റർ സ്ഥാപിക്കൽ | ഡബ്ല്യുഎസ്2/26473/2016 | 22200881/17.6.22 | 5169335 |
| 6 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 3 WSS വർക്ക് പി ടി മാനവൽ റോഡ് | പിഡബ്ല്യു1/58569/ 2021 | 22201332/27.7.22 | 367033 |
| 7 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 3 WSS വർക്ക് പറക്കോട്ട് ലൈൻ റോഡ് | പിഡബ്ല്യു1/58570/2021 | 22201333/27.7.22-- | 431415 |
| 8 | റോഡ് റിസ്റ്റോറേഷൻവർക്ക് ഡിവിഷൻ 28 ഒല്ലൂർ സോണൽ | പിഡബ്ല്യു3/4089/2020 | 22201572/11.8.22 | 479058 |

| | | | | |
|---|---|---|---|---|
| | സൗത്ത് അഞ്ചേരി റോഡ്, വിദ്യാനഗർ WSS വർക്ക് | | | |
| 9 | റോഡ് റിസ്റ്റോറേഷൻവർക്ക് ഒല്ലൂക്കര സോണൽ-ഡിവിഷൻ 16 WSS വർക്ക് | പിഡബ്ല്യു3/56203/2019 | 22201683/25.8.22 | 399621 |
| 10 | റോഡ് റിസ്റ്റോറേഷൻവർക്ക് ഒല്ലൂക്കര സോണൽ WSS വർക്ക് സി.എം.എസ്.എൽ.പി സ്കൂൾ, മണ്ണുത്തി | പിഡബ്ല്യു2/61431/2021 | 22201524/6.8.22 | 281700 |
| 11 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 42 അയ്യപ്പസമാജംറോഡ് | പിഡബ്ല്യു3/51595/2021 | 22201661/22.8.22 | 1418072 |
| 12 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 6,7,8 വിൽവട്ടം സോണൽ WSS | പിഡബ്ല്യു1/14958/2020 | 22201951/15.9.22 | 2421462 |
| 13 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ 43, 44- കൊട്ടിയാട്ടിൽ ബൈലൈൻ വാട്ടർ ഗ്രീൻ റോഡ് ആറാട്ടുകടവ് റോഡ് | പിഡബ്ല്യു4/51594/2021 | 22201950/15.9.22 | 476922 |
| 14 | റോഡ് റിസ്റ്റോറേഷൻ വർക്ക് ഡിവിഷൻ-41 | പിഡബ്ല്യു4/53572/2021 | 22201954/15.9.22 | 380337 |

| | | | | |
|---|---|---|---|---|
| | കുർക്കഞ്ചേരി ഗാന്ധി റോഡ് -ഓവർഹെഡ് ടാങ്ക് | | | |
| 15 | SWD പ്രോജക്ട് - ഫേസ് 1 | പിഡബ്ല്യു2/അമൃത്-19554/2018 | 22202847/6.12.22 | 6505716 |
| 16 | റോഡ് റിസ്റ്റോറേഷൻവർക്ക് ഡിവിഷൻ 23 – തോട്ടത്തിൽ ലൈൻ റോഡ് ഈസ്റ്റ് സോൺ | പിഡബ്ല്യു2/25586/2021 | 22202656/18.11.22 | 490469 |
| 17 | നിലവിലുള്ള ഓവർഹെഡ് ടാങ്കിൽ നിന്ന് വിതരണ ശൃംഗല സ്ഥാപിക്കൽ – കിഴക്കുംപാട്ടുകര മുതൽ നെല്ലിക്കുന്ന് വരെ | ഡബ്ല്യുഎസ്2/1255/2017 | 22202915/12.12.22 | 1723946 |
| 18 | വാട്ടർ റീസൈക്ളിംഗ് സംപ് ബന്ധപ്പെട്ട പ്രവൃത്തികൾ- ഇഇ, നാട്ടിക വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ | ഡബ്ല്യുഎസ്2/27782/2018 | 22203762/9.1.23 | 4607387 |
| 19 | SWD -UT Project | പിഡബ്ല്യു2/14664/2018 | 22203834/7.1.23 | 2207832 |
| 20 | സ്കൈ വാക്ക് UT പ്രോജക്ട് | പിഡബ്ല്യു2/അമൃത്/56742/18 | 22204047/2.2.23 | 7100543 |
| | | | 22205220/31.3.23 | 5535530 |
| 21 | WSS – ഒല്ലൂർ എടക്കുന്നി | ഡബ്ല്യുഎസ്2/12241/18 | 22204163/13.2.23 | 8523947 |

| | | | | |
|---|---|---|---|---|
| | റീടെയിനിംഗ് വാൾ ഇ.ഇ. പ്രോജക്ട് ഡിവിഷൻ, കെ.ഡബ്ല്യൂ.എ, നാട്ടിക | | | |
| 22 | സ്കൈ വോക്കിലേക്കുള്ള ഫുട്പാത്തുകളിൽ കൈവരി നിർമ്മിക്കൽ | പിഡബ്ല്യൂ2/അമൃത്/ 43448/22 | 22204424/01.03.23 | 1679150 |
| 23 | നിലവിലുള്ള ജലവിതരണ ശൃംഘല ശക്തിപ്പെടുത്തൽ ഇഇ, പിഎച്ച് ഡിവിഷൻ, തൃശ്ശൂർ, KWA | ഡബ്ല്യൂഎസ്2/21057/2018 | 22204472/2.3.23 | 17249396 |
| 24 | ശക്തൻ സ്കൈ വോക്കിൽ നാല് ലിഫ്റ്റ് വാങ്ങലും സ്ഥാപിക്കലും പിഡബ്ല്യൂ2/അമൃത്/ 43447/22 | | 22204502/6.3.23 | 1625998 |
| | | | 22205213/31.3.23 | 7678024 |
| 25 | റിസ്റ്റോറേഷൻ -- ഡിവിഷൻ 18 – ഒല്ലൂക്കര സോണൽ - ലെനിൻ നഗർ കനാൽ ബണ്ട് റോഡ് | പിഡബ്ല്യൂ1-61432/22 | 22204513/7.3.23 | 723917 |
| 26 | 5ലക്ഷം ലിറ്റർ ഉപരിതല ജല സംഭരണി നിർമ്മാണം – കുട്ടനെല്ലൂർ ഇഇ, പിഎച്ച് ഡിവിഷൻ, നാട്ടിക | ഡബ്ല്യൂഎസ്2/42553/2017 | 22204550/9.3.23 | 2846639 |
| 27 | Construction And Commisioning Of 3ML | ഡബ്ല്യൂഎസ്2/56255/2017 | 22204550/9.3.23 | 295000 |

| | | | | |
|---|---|---|---|---|
| | DWTD<br>ഇഇ, പിഎച്ച് ഡിവിഷൻ, തൃശ്ശൂർ, KWA | | | |
| 28 | വഞ്ചിക്കുളം ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം | പിഡബ്ല്യു2/1430/22 | 22204817/16.3.23 | 1751361 |
| 29 | നിലവിലുള്ള ജലവിതരണ ശൃംഘല ശക്തിപ്പെടുത്തൽ<br>ഇഇ, പിഎച്ച് ഡിവിഷൻ, തൃശ്ശൂർ, KWA | ഡബ്ല്യുഎസ്2/21857/2017 | 22204820/16.3.23 | 3646390 |
| 30 | നിലവിലുള്ള ജലവിതരണ ശൃംഘല ശക്തിപ്പെടുത്തൽ<br>ഇഇ, പിഎച്ച് ഡിവിഷൻ, തൃശ്ശൂർ, KWA | ഡബ്ല്യുഎസ്2/21051/2018 | 22205069/28.3.23 | 909472 |
| | | | 22205068/28.3.23 | 109272 |
| | | | 22205070/28.3.23 | 53515 |
| | | | ആകെ | 921,98,849/- |

ഓഡിറ്റിന്റെ 24/22-23/18.8.2023 നമ്പർ ഓഡിറ്റ് റിക്വിസിഷൻ മുഖേനയും ഫോൺ മുഖേനയും, നേരിലും പലതവണ ആവശ്യപ്പെട്ടിട്ടും മേൽപറഞ്ഞ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അവയിൽ ഉൾപ്പെട്ട ചെലവ് തുക 921,98,849/-രൂപ ഫയൽ ഹാജരാക്കും വരെ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കൂർക്കഞ്ചേരി മേഖലാകാര്യാലയം-തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു

തൊഴിൽ നികുതി കുറവ് ഈടാക്കിയിരിക്കുന്നു

കൂർക്കഞ്ചേരി മേഖലാ കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന മാർക്ക്സ് വാല്യൂ ക്രെഡിറ്റ്സ്& ഇൻവെസ്റ്റ്മെന്റസ് ലിമിറ്റഡ്(ഡി-34)എന്ന സ്ഥാപനത്തിൽ നിന്നും ഒന്നാം അർദ്ധ വർഷത്തിൽ സമർപ്പിച്ച വരുമാന പത്രികകളിൽ (രസീറ്റ് നമ്പർ : 122010500514 തീ.26.08.2022) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (1)പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ടയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | അഭിജിത്ത്.വി.ജി | 114000 (19000*6) | 300 | 1000 | 700 |
| 2 | ലയറോസ് പള്ളിപ്പുറം | 103500 (17250*6) | 120 | 1000 | 880 |
| 3 | നാൻസി റാഫേൽ | 75900 (12650x6) | 300 | 750 | 450 |
| 4 | റോഷ്ന.കെ.പി. | 103500 (17250x6) | 450 | 1000 | 550 |
| 5 | മാഗിജോസ് | 75000 (12500x6) | 300 | 750 | 450 |
| 6 | മിലൻ ജോർജ്ജ് ചിറയത്ത് | 103500 (17250x6) | 450 | 1000 | 550 |
| 7 | എഡ് വീന രാജു | (12650x6) | 450 | 750 | 300 |
| 8 | വിശ്വൽ.പി.എസ് | 75900 (12650x6) | 450 | 750 | 300 |
| 9 | നീതു.വി | 75900 (12650x6) | 450 | 750 | 300 |
| 10 | നിനുജോമോൻ | 75900 (12650x6) | 450 | 750 | 300 |
| 11 | ഷില്ലി ഫ്രിജോ | 75900 (12650x6) | 450 | 750 | 300 |
| 12 | ആതിര അശോകൻ | 75900 (12650x6) | 450 | 750 | 300 |
| 13 | അർച്ചന.പി.എസ് | 75900 | 450 | 750 | 300 |

| | | | | | |
|---|---|---|---|---|---|
| | | (12650x6) | | | |
| 14 | ആര്യ.കെ.പി | 75900 (12650x6) | 450 | 750 | 300 |
| 15 | അനഘ.കെ | 75900 (12650x6) | 450 | 750 | 300 |
| 16 | ഹരിതശിവദാസ് | 159600 (26600x6) | 750 | 1250 | 500 |
| 17 | മേരി ജൂലിയ | 181500 (30250x6) | 1000 | 1250 | 250 |
| 18 | അമൃത.ഇ.സി | 75000 (12500x6) | 300 | 750 | 450 |
| 19 | ശ്രീദേവി.എം.എസ് | 108000 (18000x6) | 450 | 1000 | 550 |
| | ആകെ | | | | 8030 |

തൊഴിൽ നികുതി വരവിനത്തിൽ നഷ്ടം വന്ന 8030/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതും ആയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- അപാകതകൾ -9052.65രൂപ നഷ്ടം

ഫയൽ നം. പിഡബ്ല്യു1/11793/17(എ), (ബി)

പ്രൊജക്ട് നം. 413/19, 235/20, 481/21, 479/23

ഭരണാനുമതി - കൗൺസിൽ തീരുമാനം- 20/27.9.19

സാങ്കേതികാനുമതി - 93375/19-20/27.11.19 (31663000/-)

അഗ്രി.നം. - 102/ഇഇ1/19-20/12.2.20

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 12ൽ ചെമ്പൂക്കാവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ 20/27.9.19 നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തു. ആയതിന്, ആർക്കിടെക്ചറൽ ഡിസൈൻ, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിന് സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തെ ഏൽപിച്ചു. തയ്യാറാക്കിയ ഡിപിആർ, ഡിസൈൻ എന്നിവ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ ഭാഗമായ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെന്റർ സ്ട്രക്ചറൽ സ്ക്രൂട്ടിണി ചെയ്തു. തസ്വഭവ/ടിഎസ്/19-20/11390/27.11.19 നമ്പർ കത്തിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി അംഗീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ഒരു

കോടി രൂപ വായ്പ എടുത്തും പ്രവർത്തി പൂർത്തീകരിക്കുവാനാണ് 30.9.19ൽ കൗൺസിൽ തീരുമാനമെടുത്തിരുന്നത്. എന്നാൽ, നാളിതുവരെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് വഹിച്ചിട്ടുള്ളത്. വായ്പ എടുക്കേണ്ട നടപടികൾ ഒന്നും തന്നെ ആരംഭിച്ചതായി ഫയലിൽ രേഖകളില്ല.

പ്രവർത്തിക്ക് കോർപ്പറേഷൻ ടെന്റർ ക്ഷണിക്കുകയും ജെഎംജെ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന്റെ 2,11,11,278.84 രൂപയുടെ നിർമ്മാണ കരാർ സ്വീകരിക്കുകയും ചെയ്തു. 10.63 (അധികം) ശതമാനത്തിനാണ് തുക ക്വോട്ട് ചെയ്തത്. 15.2.2020 ന് വർക്ക് ഓർഡർ നൽകി. 25.3.20 ന് സൈറ്റ് ഏൽപിച്ചുവെങ്കിലും 9.11.20 തീയതിയിലും സൈറ്റിൽ നില നിന്നിരുന്ന മത്സ്യഫെഡിന്റെ കെട്ടിടവും ഉപയോഗയോഗ്യമല്ലാത്ത ഒരു വാട്ടർ കണക്ഷനും (കൺ.നം. 156493) നീക്കം ചെയ്യാത്തതിനാൽ എട്ട് മാസം പിന്നിട്ടിട്ടും പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് കരാറുകാരൻ പരാതി അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 27.4.22നാണ് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

മണ്ണ് ലേലം ചെയ്ത അളവിൽ വ്യത്യാസം

ചെമ്പൂക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തോട് അനുബന്ധിച്ച് സർവ്വെ നമ്പർ 108/2, 108/7, 108/8 എന്നിവയിൽ നിന്നും കുഴിച്ചെടുത്തത് 1188.526എം3 മണ്ണുണ്ട് എന്നാണ് 14.9.2020ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചെക്ക് മെഷർമെന്റ് പത്രികയിൽ നിന്നും മനസ്സിലാകുന്നത്. 7.9.2020 ലാണ് ചെക്ക് മെഷർമെന്റ് ചെയ്തിട്ടുള്ളത്. എന്നാൽ, ലേലം ചെയ്ത് നൽകിയത് 1152.17എം3 മണ്ണാണ്. അളവിൽ, 36.356 എം3 വ്യത്യാസമുണ്ട്. 7.8.2021നാണ് ലേലം ചെയ്തത്. ഒരു എം3 മണ്ണിന് 249 രൂപയാണ് തുക നിശ്ചയിച്ചിട്ടുള്ളത്. 3,12,000 രൂപയ്ക്കാണ് ലേലം കൊണ്ടത്. 36.356എം3 മണ്ണിന് (36.356x249) 9052.65 രൂപ നഷ്ടം കണക്കാക്കുന്നു.

കോർപ്പറേഷന് നഷ്ടം വന്ന തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ചേർക്കേണ്ടതാണ്.

## 2-3 ടാഗോർ ഹാൾ നിർമ്മാണം- 299781/-രൂപ വരവ് നഷ്ടം

ഫയൽ നം - DW7-30736/18(A),(B)

തുക- 307500000/-

പ്രൊജക്റ്റ് നം - 632/23, 367/20, 714/21, 160/23, 1492/24

നിർവഹണം- എക്സിക്യൂട്ടീവ് എഞ്ചിനീയർ 11

ഭരണാനുമതി - 96/ഇഇ2-22-23/24.11.22

സാങ്കേതികാനുമതി - (39565/22-23/25.10.22)

സാങ്കേതികാനുമതി - ഡിബി7/8958/2019/സിഇ/തസ്വഭവ. 31.12.22

കൗൺസിൽ തീരുമാനം- 7/21.3.23

എഗ്രി.നം. 66/ഇഇ2/19-20/14.11.19

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഡിവിഷൻ 51 ൽ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണിത്. DSR 2016, കോസ്റ്റ് ഇൻഡക്സ് 31.06% നിരക്കിലാണ് രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിക്ക് 307500000/-രൂപയുടെ അടങ്കൽ ഉൾപ്പെടുത്തി 22.8.2019 ന് മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. നം.44/31.1.20 തീരുമാനത്താൽ ടി മുൻകൂർ അനുമതി കൗൺസിൽ സാധൂകരിച്ചിട്ടുണ്ട്. 30.75 കോടി രൂപയുടെ ബൃഹത്തായ പദ്ധതിയെ

| | |
|---|---|
| മുന്നിരിപ്പ് | ₹ 47,06,54,379.67 |
| വരവ് | ₹ 3,21,09,29,876 |
| ആകെ | ₹ 3,68,15,84,255.67 |
| ചെലവ് | ₹ 2,83,81,13,196 |
| നീക്കിയിപ്പ് | ₹ 84,34,71,059.67 |

സംബന്ധിച്ച് കൗൺസിലിൽ ചർച്ച ചെയ്യാതെയും മതിയായ ഫണ്ട് ഉറപ്പ് വരുത്താതെയും, അടിയന്തിര പ്രവർത്തിയായി കണക്കാക്കി മുൻകൂർ അനുമതി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8360.63എം2 വിസ്തൃതിയിൽ മൂന്ന് നിലകളും രണ്ട് ബേസ്മെന്റുകളും അടങ്ങുന്നതാണ് കെട്ടിടം. ആദ്യത്തെ നിലയിൽ 700 പേർക്ക് ഇരിക്കാവുന്ന ഗ്യാ

ലറി സൗകര്യം കൂടി ഉൾപ്പെടുത്തിയ ഹാൾ, രണ്ടാമത്തെ നിലയിൽ ചെറുതും വലുതുമായ ചടങ്ങുകൾ നടത്താവുന്ന മൾട്ടി പർപ്പസ് ഹാൾ, മൂന്നാമത്തെ നിലയിൽ മൂന്ന് ലക്ഷ്വറി ഗസ്റ്റ് റൂമുകൾ, ഓരോ നിലയിലും ശൗചാലയങ്ങൾ എന്നിവയാണ് കൺവെൻഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് ഫയലിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കെട്ടിടത്തിന്റെ സിവിൽ കൺസ്ട്രക്ഷൻ പദ്ധതികൾ 184851195.12 രൂപയ്ക്ക് (+ജിഎസ്.ടി) അമ്മൂസ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് ഏറ്റെടുത്തിട്ടുള്ളത്. ഡിഡബ്ല്യു7/30736/18(എ)/14.11.19 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 19.11.2019 ന് സൈറ്റ് കൈമാറ്റം ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കിയത് 23.6.23 ന് മാത്രമാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നാല് തവണ പിഴ കൂടാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 31.3.2023 ന് കാലാവധി കഴിഞ്ഞതിന് ശേഷമാണ് സിവിൽ പ്രവർത്തി പൂർത്തിയാക്കിയത്. ആയതിന് പിഴ ഈടാക്കിയതായോ മറ്റ് നിയമാനുസൃതമായ കാരണങ്ങൾ രേഖപ്പെടുത്തിയതായോ ഫയലിൽ രേഖകൾ ഇല്ല. കാരണം വ്യക്തമാക്കേണ്ടതാണ്. ഫയലിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

മണ്ണിന് വില കണക്കാക്കിയതിൽ കുറവ്

ടാഗോർ കൺവെൻഷൻ സെന്റർ പണിയുന്നതിന് കണ്ടെത്തിയ ഭൂമിയിൽ നിന്നും കുഴിച്ചെടുത്ത 10179എം3 ചുവന്ന മണ്ണിന് ഒരു എം3 ന് 209 രൂപ വച്ച് കണക്കാക്കിയാണ് ലേലത്തിന് അടിസ്ഥാന തുക ആരംഭിച്ചിട്ടുള്ളത്. എന്നാൽ ഈ കാലയളവിൽ കണക്കാക്കേണ്ടിയിരുന്ന തുക താഴെ ചേർക്കുന്നു.

| | |
|---|---|
| മണ്ണിന് കോംപൻസേഷൻ | 159.71/എം3 |
| റോയൽട്ടി ഇനം | 30 |

| | |
|---|---|
| കോസ്റ്റ് ഇൻഡക്സ് | 49.61 (031.06%) |
| ആകെ | 239.32 |

ഒരു എം3 മണ്ണിന് 239 രൂപ കണക്കാക്കിയാൽ മിനിമം 24,32,781 രൂപ ലേലം തുകയായി ലഭിക്കേണ്ടതായിരുന്നു. എന്നാൽ, എം3ന് 209 രൂപ വച്ച് കണക്കാക്കിയതു കൊണ്ട് 21,27,411 രൂപയാണ് മിനിമം ലേല തുക ആരംഭിച്ചത് എന്നത് കൊണ്ട്, ഏറ്റവും കുറഞ്ഞത് 2,99,781 രൂപയുടെ (2432781 - 2133000) വരവിൽ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 1,08,143 രൂപ വാട്ടർ ചാർജ്ജ് കുടിശ്ശികയായി അടവാക്കി

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ വിവിധ ഗവൺമെന്റ് സ്കൂളുകളുടെ വൈദ്യുതി, വെള്ളക്കരം, ടെലഫോൺ ചാർജ്ജുകൾ അടവാക്കുന്നതിനായി നടപ്പാക്കിയ S023/23 എന്ന പദ്ധതി പ്രകാരം GHSS വില്ലടം സ്കൂളിന് 1,30,635/- രൂപ (വൗച്ചർ നം.22204717/30.1.23) വാട്ടർ ചാർജ്ജായി നൽകിയിട്ടുണ്ട്. വാട്ടർ ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാട്ടർ ബിൽ നമ്പർ/ തിയതി | 106433278/13.12.2022 |
| കുടിശ്ശിക | 108143 |
| പിഴ | 3988 |
| ദ്വൈമാസ വാട്ടർ ചാർജ് | 18500 |
| ആകെ | 130635 |

വാട്ടർ ചാർജ്ജ് യഥാസമയം അടവാക്കേണ്ടതാണ് എന്നിരിക്കെ ഇത്രയും കുടിശ്ശിക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം: 64/22-23തീയതി: 25.10.2023) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയ്ക്ക് വ്യക്തത വരുത്തേണ്ടതും മുമ്പ് സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ടോയെന്നും അടവാക്കിയിരുന്ന തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ നിന്നും കുറവാകുന്നുണ്ടെന്നും ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. പിഴയിനത്തിൽ അടവാക്കിയ തുക 3988/-രൂപ നിരാകരിക്കുന്നു.

### 3-2 കോവിലകത്തും പാടം- ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റ് നിഷ്ക്രിയം- നഷ്ടം 3,00,86,568/-രൂപ, തൻവർഷത്തെ ചെലവ് 50112/-രൂപ നിരാകരിക്കുന്നു.

ഫയൽ നം - പിഎച്ച്4-22468/20

പിഡബ്ല്യു1-3594/20

പിഡബ്ല്യു6-4055/20

പ്രൊജക്ട് നം. 836/20, 623/21, 1132/22, 443/23

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ മാലിന്യ സംസ്കരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിന് നിലവിലുള്ള ഒ.ഡബ്ല്യു.സി പ്ലാന്റുകൾക്ക് പുറമെ ഡിവിഷൻ 31 ൽ കോവിലകത്തുംപാടത്ത് ഒരു പ്ലാന്റു കൂടി ആരംഭിച്ചു. 3 ടൺ സംഭരണ ശേഷിയുള്ള ഓറഞ്ച് കാറ്റഗറിയിൽപെട്ട പുതിയ പ്ലാന്റിന്റെ ചുമതല വിൽവട്ടം മേഖലാ കാര്യാലയത്തിലെ ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകി. പദ്ധതി കൗൺസിലിൽ വയ്ക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. മേയറുടെ മുൻകൂർ അനുമതിയിലാണ് പദ്ധതി ആവിഷ്കരിച്ചത്.

പ്ലാന്റിന്റെ നടത്തിപ്പിനായി ഒരു കരാറുകാരനെ ടെന്റർ ക്ഷണിച്ച് ഏല്പിക്കുവാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി 3/8.9.20 നമ്പറായി തീരുമാനമെടുത്തു. ഗ്രീൻബിൻ വേസ്റ്റ് മാനേജ്മെന്റ് കമ്പനി എന്ന സ്ഥാപനത്തെ പ്ലാന്റിന്റെ പ്രവർത്തനം ഏൽപിച്ചുകൊണ്ട് കരാർ ചമച്ചു. ടി കരാർ ഫയലിൽ ലഭ്യമായില്ല. ടെന്റർ നടപടിക്രമങ്ങളും ഫയലിൽ ലഭ്യമായില്ല.

17.9.2020 ന് പ്ലാന്റ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനം കഴിഞ്ഞ് ഒരു മാസം പിന്നിട്ടപ്പോഴാണ് (16.10.20ന്) പ്ലാന്റ് പ്രവർത്തിക്കുന്നിടത്തേക്ക് വാഹനം കയറുവാൻ സൗകര്യം ഒരുക്കിയിട്ടില്ലെന്നും ആയതിന് പരിഹാരം കാണുന്നതിനും കോർപ്പറേഷൻ മരാമത്ത് വിഭാഗത്തെ അറിയിച്ചിട്ടുള്ളത്. രണ്ട് മാസത്തിന് ശേഷമാണ് (4.11.20ന്) പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മാലിന്യം വളമാക്കുന്നതിന് അവശ്യം വേണ്ട റാക്കുകൾ, ട്രേകൾ, ഫ്ലൈ ട്രാപ്പുകൾ, മതിയായ അളവിലുള്ള ഇനോക്കുലം എന്നിവ പ്ലാന്റിൽ സജ്ജമാക്കിയിട്ടില്ല എന്ന് കരാറുകാരൻ റിപ്പോർട്ട് ചെയ്തതായ രേഖകൾ ഫയലിലുണ്ട്. മതിയായ മുന്നൊരുക്കങ്ങളോ ആസൂത്രണമോ ഇല്ലാതെയാണ് പ്ലാന്റ് ആരംഭിച്ചിട്ടുള്ളത് എന്ന് ഇതിനാൽ വ്യക്തമാവുന്നു.

പിഎച്ച്4-22468/22നമ്പർ കത്ത് പ്രകാരം 4.11.20 തീയതിയിലാണ് പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (പിസിബി) അനുമതിയ്ക്കായി കോർപ്പറേഷൻ കത്ത് നൽകുന്നത്. ഇന്റഗ്രേറ്റഡ് കൺസെന്റ് ടു ഓപ്പറേറ്റ് എന്ന സാക്ഷ്യപത്രം ലഭിക്കുന്നതിന് പിസിബിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ 500/-രൂപ അപേക്ഷാഫീസ് അടച്ച് 5.11.2020ന് അപേക്ഷ നം.14316815 സമർപ്പിക്കുകയും, സാക്ഷ്യപത്രത്തിനായി 58524/-രൂപ (വൗച്ചർ നം.22002689/6.11.2020) അടവാക്കുകയും ചെയ്തു. അതോടൊപ്പം 200 രൂപ മുദ്രപത്രത്തിൽ കോർപ്പറേഷൻ സെക്രട്ടറി നിർദ്ദിഷ്ട സത്യവാങ്മൂലവും പിസിബിയിൽ സമർപ്പിച്ചു. പ്രവർത്തനമാരംഭിച്ചിട്ടുള്ള ഒഡബ്ല്യുസി പ്ലാന്റിന് 100 മീറ്റർ ചുറ്റളവിൽ മറ്റ് സ്ഥാപനങ്ങളോ, 600 മീറ്റർ ചുറ്റളവിൽ വീടോ താമസക്കാരോ ഇല്ലെന്നാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്.

എന്നാൽ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 18.21 ആർ വിസ്തൃതിയുള്ള ഭൂമിയിൽ നാലു നില കെട്ടിടത്തിൽ ബാങ്ക് ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വന്നിരുന്നു. സൂര്യ ഗാർഡൻസ് എന്ന ഹൗസിംഗ് കോളനിയിലെ താമസക്കാർ, ബിഎസ്എൻഎൽ, സ്റ്റേറ്റ് ബാങ്ക് എന്നിവയിലെ ജീവനക്കാർ, പ്ലാന്റ് പ്രവർത്തിക്കുന്നതിനെതിരെ കോർപ്പറേഷനിൽ പരാതി സമർപ്പിക്കുകയും പ്ലാന്റിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പിസിബിയുടെ അനുമതി ലഭിക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി വ്യാജ സത്യവാങ്മൂലം സമർപ്പിക്കുകയാണ് ചെയ്തത് എന്നാണ് ഫയലിൽ നിന്നും വ്യക്തമാവുന്നത്.

കുരിയച്ചിറയിലുള്ള മറ്റൊരു ഒഡബ്ല്യൂസി പ്ലാന്റിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ 1.4.22 മുതൽ ടി പ്ലാന്റിന്റെ പ്രവർത്തി കോവിലകത്തുപാടത്തെ പ്ലാന്റിലേക്ക് മാറ്റുവാൻ കോർപ്പറേഷൻ തീരുമാനിച്ചു. എന്നാൽ, 7.9.20 ലെ ഉദ്ഘാടനത്തിന് ശേഷം ഒരിക്കൽപോലും പ്രവർത്തിപ്പിക്കാതിരുന്ന പ്ലാന്റിലെ ഒരു മെഷീനിന്റെ മോട്ടോർ കത്തി പോയതായി 2.4.22ന് വിൽവട്ടത്തെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ അരയ്ക്കുന്നതിനായുള്ള 10 എച്ച്പി മോട്ടോർ കത്തിപ്പോയതായും 15000/-രൂപയോളം യന്ത്രം കേടുപാട് തീർക്കുവാൻ വേണ്ടി വരുമെന്നുമാണ് ജെഎച്ച്ഐ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പിന്നീട് കേടുപാടുകൾ തീർത്ത് മെഷീനറി പ്രവർത്തനക്ഷമമാക്കിയ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മെ. എംവേ എന്ന സ്ഥാപനം 13,56,000/-രൂപയാണ് പ്രസ്തുത യന്ത്രം സ്ഥാപിക്കുവാൻ വില ഈടാക്കിയിട്ടുള്ളത്. (എംബുക്ക് നം.46ബി/19-20) ടി സ്ഥാപനവുമായി കോർപ്പറേഷൻ ഒപ്പു വച്ച ധാരണാപത്രത്തിലെ പേജ് 5 ൽ വ്യവസ്ഥ ചെയ്തതു പ്രകാരം 9.9.20ന് പ്ലാന്റ് മെഷീനറികൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കോർപ്പറേഷനെ ഏൽപ്പിച്ച് 36 മാസം വരെ കരാറുകാരന്റെ ഗ്യാരന്റി കാലയളവ് നിലനിൽക്കുന്നുണ്ട്. (ജിഒ(പി)161/2019/ഫിൻ.25.11.2019) അങ്ങനെയെങ്കിൽ 09/2023 വരെ മെഷീനുകൾ റിപ്പയർ ചെയ്യേണ്ട ബാധ്യതയുള്ള എംവേ കൺസൽട്ടന്റ്സിൽ നിന്നും മെഷീനറിയുടെ കേടുപാടുകൾ തീർത്ത് ഉപയോഗ ക്ഷമമാക്കിയതായി കണ്ടില്ല.

കുരിയച്ചിറയിൽ നിന്നുമുള്ള മെഷീനറി കൊണ്ട് വന്ന് കോലോത്തുംപാടത്ത് പ്രവർത്തനം തുടങ്ങിയെന്ന് ഫയലിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. എന്നാൽ അവിടെയുണ്ടായിരുന്ന കേടായ മോട്ടോർ റിപ്പയർ ചെയ്തതായി കാണുന്നില്ല. കുരിയച്ചിറയിലെ പ്ലാന്റിലെത്തേണ്ട മാലിന്യം കൂടി കോലോത്തുംപാടത്ത് കൊണ്ടു വരികയും അതോടൊപ്പം കുടുംബശ്രീ യൂണിറ്റുകൾ ശേഖരിക്കുന്നവയും കരാറുകാരൻ സ്വന്തം നിലയിൽ ശേഖരിക്കുന്ന അടുത്തുള്ള പഞ്ചായത്തിലെ ഹോട്ടൽ മാലിന്യങ്ങളും മറ്റും ഒരേ പ്ലാന്റിലേക്കു തന്നെ കൊണ്ടു വരികയും ചെയ്തതോടെ കൃത്യമായ സംസ്കരണം ചെയ്യുന്നതിൽ അപാകത സംഭവിച്ചു. കോർപ്പറേഷൻ പരിധിയിലുള്ള മാലിന്യം ശേഖരിക്കുവാനാണ് കരാറുപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. പ്ലാന്റിലെ ഈർപ്പം നിറഞ്ഞ മാലിന്യത്തിൽ മതിയായ അളവിൽ ഇനോക്കുലം/ചകിരിച്ചോർ ഉപയോഗിക്കാത്തതിനാൽ വമിക്കുന്ന ദുർഗന്ധവും ഈച്ച/പുഴു ശല്ല്യവും ചുറ്റുമുള്ള ജനജീവിതത്തെ ദുസ്സഹമാക്കുകയും പരാതിക്ക് ഇടവരുത്തുകയും ചെയ്തു. 4.7.2022 ലെ പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പിസിബി/ടിഎസ്ആർ/ എംഎസ്ഡബ്ല്യു-3/7002നം. കത്ത് പ്രകാരം പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തി വയ്ക്കുവാൻ ബോർഡ് ആവശ്യപ്പെട്ടു.

പ്ലാന്റ് മെഷീനറി മറയത്തക്ക രീതിയിൽ 1.8മീറ്റർ ഉയരത്തിൽ സോളിഡ് ബ്ലോക്ക് കൊണ്ട് ഭിത്തി നിർമ്മിക്കുകയും അതിന് മുകളിൽ 1മീറ്റർ ഗ്രില്ലിംഗ് ചെയ്തിട്ടും പിസിബി നിഷ്കർഷിക്കുന്ന ഉപാധികൾ പാലിക്കുവാൻ സാധിക്കാത്തതിനാൽ പ്ലാന്റിന് പ്രവർത്തനാനുമതി ലഭ്യമാക്കുവാൻ കോർപ്പറേഷന് കഴിഞ്ഞില്ല. ഇതിനെ തുടർന്ന് 5.7.22ന് പ്ലാന്റിന്റെ പ്രവൃത്തി നിർത്തി വച്ചു. പ്ലാന്റിനകത്തെ മെഷീനറികൾ കുരിയച്ചിറയിലേക്ക് മാറ്റിയിടുവാനും ഉത്തരവിട്ടു. കുരിയച്ചിറ പ്ലാന്റും പിസിബിയുടെ അനുമതി കൂടാതെയാണ് പ്രവർത്തിപ്പിച്ചിരുന്നത്.

മെഷീനറികളും പ്ലാന്റും വൃത്തിയാക്കുന്നതിന് 15.7.22 മുതൽ 30.7.22 വരെ പ്രഷർ വാഷർ ഉപയോഗിച്ചതിന് 16800/-രൂപ സുഗേഷ്, ബെസ്റ്റ് മെഷീൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (വൗച്ചർനം. 22204112/7.2.23)

പള്ളിക്കുളത്ത് നിർത്തി വച്ചിരിക്കുന്ന എംസിഎഫ്, കോലോത്തും പാടത്തേക്ക് മാറ്റുന്നതിനായി വൈറ്റ് കാറ്റഗറി പെർമിഷൻ ലഭിക്കുവാനായി വീണ്ടും പുതിയ അപേക്ഷ പിസിബിയിലേക്ക് സമർപ്പിച്ചിരിക്കുകയാണ് കോർപ്പറേഷൻ ഇപ്പോൾ ചെയ്തിട്ടുള്ളത്. പള്ളിക്കുളത്ത് പ്രവർത്തിച്ചു വന്നിരുന്ന എംസിഎഫ് ഇപ്പോൾ പ്രവർത്തന രഹിതമാണെന്ന് ഓഡിറ്റ് ടീം അവിടെ സന്ദർശിച്ചപ്പോൾ കണ്ടെത്തി.

30.7.2022 ന് ഒഡബ്ല്യുസി പ്ലാന്റ് പ്രഷർ വാഷ് ചെയ്ത് വൃത്തിയാക്കി തുക നൽകിയിട്ടുണ്ടെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും, മെഷീനറികൾ നാളിതുവരെ കുരിയച്ചിറ പ്ലാന്റിലേക്ക് മാറ്റിയിട്ടില്ല എന്ന് ഓഡിറ്റ് ടീം 28.11.2023 ന് പ്ലാന്റുകൾ സന്ദർശിച്ചപ്പോൾ കണ്ടെത്തുകയുണ്ടായി. കോലോത്തും പാടം, കുരിയച്ചിറ പ്ലാന്റുകളിലെ മെഷീനുകളൊന്നും നിലവിൽ പ്രവർത്തനക്ഷമമല്ല എന്നും കണ്ടെത്തി. 4419196/-രൂപയാണ് കോലോത്തുംപാടത്തെ പ്ലാന്റിൽ മെഷീനറി സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ ചെലവഴിച്ചിട്ടുള്ളത്.

വിയ്യൂർ കെഎസ്ഇബിയിൽ നിന്നാണ് പ്ലാന്റിന് ആവശ്യമായ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. 35 കെവിഎ കണക്ഷനാണ് എടുത്തിട്ടുള്ളത്. (കൺസ്യൂമർ നം.19737, വാണിജ്യം) കോർപ്പറേഷൻ കെഎസ്ഇബിക്ക് സമർപ്പിച്ച 200 രൂപ മുദ്രപത്രത്തിലെ എഗ്രിമെന്റിൽ 26 കെവിഎ എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ബിൽ തുക കണക്കാക്കിയതിൽ തെറ്റ് സംഭവിച്ചുവെന്നും വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനും കുടിശ്ശിക സഹിതം ബിൽ അടവാക്കുവാനും കെഎസ്ഇബി ഡിമാന്റ് നോട്ടീസ് നം. RB/ToD/Contract Demand/21-22/89/10.12.2021 കത്ത് ലഭിച്ചു. 10/2020 മുതൽ 10/2021 വരെയുള്ള കുടിശ്ശിക അടയ്ക്കുവാനാണ് നോട്ടീസ് ലഭിച്ചത്. പ്ലാന്റിന്, പിസിബി അനുമതി ലഭിക്കാഞ്ഞതിനാൽ പിന്നീട് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചു.

3 ടൺ സംഭരണ ശേഷിയുള്ള ഓറഞ്ച് കാറ്റഗറിയിൽപെട്ട പ്ലാന്റിന് വേണ്ടി ആകെ ചെലവായ തുകയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമായവ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ഭൂമി 23.26 സെന്റ് - | 1,45,02187/-രൂപ |
| 2 | കെട്ടിട നം. 3/2000/14 | 30,00,000/-രൂപ |
| 3 | പ്ലാന്റ് നിർമ്മാണം | 80,00,000/-രൂപ |
| 4 | മെഷീനറി | 4419196/-രൂപ |
| | | 2,99,21,383/- രൂപ |

| ക്രമ നം. | ഇനം | വൗച്ചർ നം. | ചെക്ക് നം. | ബിൽ തുക |
|---|---|---|---|---|
| 1 | കണക്ഷൻ ചാർജ്ജ് | 22102424/25.10.21 | 265638/25.10.21 | 23426 |
| 2 | 11/2020 | 22102807/19.11.21 | 728774/19.11.21 | 5602 |

| | | | | |
|---|---|---|---|---|
| 3 | 10/2020മുതൽ 10/2021വരെയുള്ള കുടിശ്ശിക + 12/2021 ഡിമാന്റ് | 22103313/4.1.22 | 729055/4.1.22 | 20310 |
| 4 | 1/2022 | 22103794/9.2.2022 | 729352/9.2.2022 | 7211 |
| 5 | 6/2022 | 22200815/10.6.22 | 480150/10.6.22 | 5506 |
| 6 | 7/2022 | - | - | 9211 |
| 7 | 12/2022 | - | - | 2814 |
| 8 | 3/2023 | 22300026/3.3.23 | 01218052/3.3.23 | 15781 |
| 9 | പ്രഷർ വാഷിംഗ് 15.7.22-30.7.22 | 22204112/7.2.23 | 01199543/7.2.23 | 16800 |
| 10 | പിസിബി അനുമതിക്ക് | 22002689/6.11.2020 | -- | 58524 |
| | | | | 165185/- |

ആകെ 3,00,86,568/-

പ്രൊജക്ടിന് ചെലവായ ആകെ തുക 2,99,21,383 + 165185 = 3,00,86,568/- (മൂന്ന് കോടി എൺപത്തിആറായിരത്തി അഞ്ഞൂറ്റി അറുപത്തിയെട്ട് രൂപ )

പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ അന്വേഷണക്കുറിപ്പ് നം.116/22-23, 29.11.23 ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല.

1. പ്ലാന്റ് നടത്തിപ്പിന് കോർപ്പറേഷനും ഗ്രീൻ ബിൻ വേസ്റ്റ് മാനേജ്മെന്റുമായി ഒപ്പു വച്ച ധാരണാപത്രം

2 കേടുവന്ന മെഷീനറികൾ എംവേ എന്ന കമ്പനി ഗ്യാരന്റി എഗ്രിമെന്റ് അനുസരിച്ച് റിപ്പയർ ചെയ്ത് കാര്യക്ഷമമാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ ഇൻവോയ്സും മറ്റ് വിശദവിവരങ്ങളും നൽകേണ്ടതാണ്.

3. പ്ലാന്റ് തുടങ്ങുന്നതിന് മുൻപ് ചുറ്റുപ്രദേശത്തുള്ളവരിൽ നിന്നും ലഭിച്ച സമ്മതപത്രം

4. പിസിബിയിൽ നിന്നും യഥാസമയം അനുമതി വാങ്ങാതിരുന്നതിന് കാരണം

5. ഒഡബ്ല്യുസി പ്ലാന്റിന് അനുയോജ്യമായ ഭൂമിയാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവരുടെ റിപ്പോർട്ട്

6. പ്ലാന്റിനായി തെരഞ്ഞെടുത്ത ഭൂമി കോർപ്പറേഷന്റെ ഭൂമിയാണോ,അഥവാ സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയതാണെങ്കിൽ ആയതിന്റെ രേഖകൾ

7. കോർപ്പറേഷൻ പരിധിയിലെയും പുറത്തു നിന്നുള്ളവയുമായ എല്ലാ സ്ഥലങ്ങളിൽ നിന്നും ബയോ വേസ്റ്റ് ശേഖരിക്കുന്നതിന് കരാറുകാരന് കരാറിൽ അനുമതി നൽകിയിട്ടുണ്ടായിരുന്നോ,ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ

8. നിലവിൽ പ്ലാന്റിൽ എംസിഎഫ് നിലനിർത്തുന്നതിന് പിസിബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയില്ല. മൂന്ന് കോടിയോളം രൂപ ചെലവഴിച്ച പദ്ധതി ഫലപ്രദമാകാത്തതിനാൽ കോർപ്പറേഷന്റെ നഷ്ടമായി കണക്കാക്കുന്നു.

## 3-3 ചെമ്പുക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - അപാകതകൾ, നഷ്ടം 218583/-

ഫയൽ നം. പിഡബ്ല്യു1/11793/17(എ), (ബി)

പ്രൊജക്റ്റ് നം. 413/19, 235/20, 481/21, 479/23

ഭരണാനുമതി - കൗൺസിൽ തീരുമാനം- 20/27.9.19

സാങ്കേതികാനുമതി - 93375/19-20/27.11.19 (31663000/-)

അഗ്രി.നം. - 102/ഇഇ1/19-20/12.2.20

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 12ൽ ചെമ്പുക്കാവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ 20/27.9.19 നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തു. ആയതിന്, ആർക്കിടെക്ചറൽ ഡിസൈൻ, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിന് സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തെ ഏൽപിച്ചു. തയ്യാറാക്കിയ ഡിപിആർ, ഡിസൈൻ എന്നിവ ഗവ. എഞ്ചിനീയറിംഗ് കോളേജിന്റെ ഭാഗമായ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ സെന്റർ സ്ട്രക്ചറൽ സ്ക്രൂട്ടിണി ചെയ്തു. തസ്വഭവ/ടിഎസ്/19-20/11390/27.11.19 നമ്പർ കത്തിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി അംഗീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വായ്പ എടുത്തും പ്രവൃത്തി പൂർത്തീകരിക്കുവാനാണ് 30.9.19ൽ കൗൺസിൽ തീരുമാനമെടുത്തിരുന്നത്. എന്നാൽ, നാളിതുവരെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് വഹിച്ചിട്ടുള്ളത്. വായ്പ എടുക്കേണ്ട നടപടികൾ ഒന്നും തന്നെ ആരംഭിച്ചതായി ഫയലിൽ രേഖകളില്ല.

പ്രവർത്തിക്ക് കോർപ്പറേഷൻ ടെന്റർ ക്ഷണിക്കുകയും ജെഎംജെ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന്റെ 2,11,11,278.84 രൂപയുടെ നിർമ്മാണ കരാർ സ്വീകരിക്കുകയും ചെയ്തു. 10.63 (അധികം) ശതമാനത്തിനാണ് തുക ക്വോട്ട് ചെയ്തത്. 15.2.2020 ന് വർക്ക് ഓർഡർ നൽകി. 25.3.20 ന് സൈറ്റ് ഏൽപിച്ചുവെങ്കിലും 9.11.20 തീയതിയിലും സൈറ്റിൽ നില നിന്നിരുന്ന മത്സ്യഷെഡിന്റെ കെട്ടിടവും ഉപയോഗയോഗ്യമല്ലാത്ത ഒരു വാട്ടർ കണക്ഷനും (കൺ.നം. 156493) നീക്കം ചെയ്യാത്തതിനാൽ എട്ട് മാസം പിന്നിട്ടിട്ടും പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് കരാറുകാരൻ പരാതി അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 27.4.22നാണ് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ട്രക്ചേഴ്സ് ഇന്ത്യക്ക് അധികതുക നൽകി

ആർക്കിടെക്ചറൽ ഡിസൈൻ, ഡിപിആർ എന്നിവ തയ്യാറാക്കിയ സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന് സാങ്കേതികാനുമതി തുകയുടെ 1.8% തുകയാണ് പ്രതിഫലമായി നൽകേണ്ടത്. കരാർ പ്രകാരം തുകയുടെ 20% പിപിആർ സമർപ്പിക്കുമ്പോൾ, 50% ഡിപിആർ സമർപ്പിക്കുമ്പോൾ, 20% സാങ്കേതികാനുമതി ലഭ്യമാകുമ്പോൾ, ബാക്കി 10% വർക്ക് പൂർത്തീകരിക്കുമ്പോൾ അന്തിമ ബില്ല് എന്നിങ്ങനെയാണ് തുക നൽകേണ്ടത്. നൽകിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാർ പ്രകാരം ഇലക്ട്രിക്കൽ+സിവിൽ വർക്ക് എസ്റ്റിമേറ്റിന്റെ 1.8% തുക നൽകാനായിരുന്നു ഉപാധി. (35766773 X 1.8% = 643801/-) എന്നാൽ, എസ്റ്റിമേറ്റ് തുകയിൽ പാസ്സഞ്ചർ ലിഫ്റ്റ്, ഫയർ പ്രൊട്ടക്ഷൻ, ജി.എസ്.ടി എന്നിവയ്ക്ക് വകയിരുത്തിയ തുക കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് യഥാർഥത്തിൽ പ്രതിഫലത്തിനായി കണക്കാക്കേണ്ടിയിരുന്നത്.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച തുക | 31662586.11 |
| കുറയ്ക്കുക പാസ്സഞ്ചർ ലിഫ്റ്റ് | 1576000 |
| ,, ഫയർ+ഇലക്ട്രിക്കൽ | 1533500 |
| ,, 8 പമ്പുകൾ | 100000 |
| ,, ജിഎസ്.ടി | 4829886 |
| | 23623200 |
| 23623200 X 1.8% = 4,25,218/- | |
| അധികം നൽകിയത് 643801 – 425218 | 2,18,583/- |

2,18,583/- രൂപ നഷ്ടം കണക്കാക്കുന്നു.

കോർപ്പറേഷന് നഷ്ടം വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ചേർക്കേണ്ടതാണ്.

### 3-4 പള്ളിക്കുളം MCF നോടു ചേർന്ന് പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണം-അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു. ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 360/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സി.എഞ്ചിനീയർ I |
| ഫയൽ നം | PW3/9913/22 |
| അടങ്കൽ തുക | 50,00,000 |
| ഭരണാനുമതി | ടെക്നിക്കൽ സാങ്ഷനിൽ രേഖപ്പെടുത്തിയത് 48(a)1/16.6.21 |
| സാങ്കേതികാനുമതി | 85773/2021-22/18.02.2022 |

| | |
|---|---|
| പുതുക്കിയ സാങ്കേതികാനുമതി | 93827/2019-20/12.04.2022 |
| ടെണ്ടർ/റിടെണ്ടർ തിയതി/ അംഗീകാരം | 14.3.22/4.4.22<br>ടെണ്ടറിലും റിടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചു. |
| കോൺട്രാക്ടർ | മിജോയ് മാമു കോടഞ്ചേരി |
| ക്വാട്ടു ചെയ്ത തുക/കൗൺസിൽ അംഗീകാരം | 4461145.00<br>ഫയൽ രേഖകൾ പ്രകാരം കരാറുകാരന്റെ ക്വട്ടേഷന് മേയറുടെ മുൻകൂർ അനുമതി (23.6.22)ലഭ്യമായിട്ടുണ്ടെങ്കിലും കൗൺസിൽ അംഗീകാരം ഇല്ല. |
| എഗ്രിമെന്റ് | 30/EE1/2022-23/4.7.22 |
| വർക്ക് ഓർഡർ/സൈറ്റ് കൈമാറിയ തീയതി | 15.7.22 |
| പൂർത്തീകരണ കാലയളവ്/തിയതി | 6 മാസം<br>16.2.23 |
| സപ്ലിമെന്ററി എഗ്രിമെന്റ് റിവൈസ്ഡ് എസ്റ്റിമേറ്റ് | 1/30/EE1/2022-23/26.07.22 |
| അളവു പുസ്തകങ്ങൾ | 126/D/2021-22 |
| പ്രൊജക്ട് വിശദാംശം | |
| 785/22 | ചെലവു നടന്നിട്ടില്ല. |
| 360/23<br>ഫസ്റ്റ്&ഫൈനൽബിൽ | 49,94,241.00<br>Vr.No.22203506/10.11.22 |

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.പ്രവൃത്തി സ്ഥലം കൃത്യതയോടെ പരിശോധിക്കാതെ ,മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കലും നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

15.7.22 ന് കോൺട്രാക്ടർക്ക് സൈറ്റ് കൈമാറി. 15.7.22 ൽ സെക്കന്റ് ഗ്രേഡ് ഓവർസിയർ തയ്യാറാക്കിയ ഓഫീസ് കുറിപ്പിൽ "അതിശക്തമായ മഴയിൽ സംരക്ഷണഭിത്തി കെട്ടേണ്ട ഭാഗത്തെ മണ്ണ് നിലവിലുള്ള MCF കെട്ടിടത്തോട് ചേർന്ന് കുളത്തിലേക്ക് ഇടിഞ്ഞ് വീണതിന്റെ ഭാഗമായി MCF കെട്ടിടം അപകടാവസ്ഥയിലാണെന്നും ആയതിനാൽ വളരെ അടിയന്തിരമായി കെട്ടിടം സംരക്ഷിച്ച് നിർത്തുന്നതിനായി റീട്ടെയ്നിംഗ് വാൾ 8.00 മീറ്റർ ഉയരത്തിൽ നിർമ്മിക്കേണ്ടതായി കാണുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത സമയത്ത് ആ ഭാഗത്ത് കാട്ടുമൂടി കിടക്കുന്നതിനാൽ അളവ് കൃത്യത വരുത്തുന്നതിന് സാധിച്ചില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടത് ആവശ്യമാണ്. കൂടാതെ ഇപ്പോഴത്തെ അപകടകരമായ അവസ്ഥ പരിഗണിച്ച് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും റീട്ടെയ്നിംഗ് വാളിന്റെ ഡിസൈൻ ലഭ്യമാക്കാവുന്നതുമാണെന്ന്" കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. “എസ്റ്റിമേറ്റിൽ 5m ഉയരത്തിലാണ് റീട്ടെയ്നിംഗ് വാൾ ഉദ്ദേശിച്ചത്. പ്രവൃത്തി

ആരംഭിക്കുന്നതിന് മുന്നോടിയായി സൈറ്റ് വൃത്തിയാക്കിയപ്പോഴാണ് മേൽപ്പറഞ്ഞത് ബോധ്യമായത്. കൂടാതെ ചളി നിറച്ച 2 മീറ്റർ ഉയരമുള്ള റിംഗ് ബണ്ടിന്റെ സ്ഥാനത്ത് ഷീറ്റ് പൈലിംഗ് നടത്തി MCF ബിൽഡിംഗ് സംരക്ഷിക്കേണ്ട ആവശ്യകതയുള്ളതായി മനസ്സിലാക്കുന്നു." ചുരുക്കിപ്പറഞ്ഞാൽ വേണ്ടത്ര മുന്നൊരുക്കമില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പ്രവൃത്തി ആരംഭിച്ച ദിവസം തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു.

28.11.23 ന് നടത്തിയ ഓഡിറ്റ് സ്ഥലപരിശോധനയിലും ഇക്കാര്യം വ്യക്തമായി. വിസ്തൃതിയും ആഴവും ഉള്ള പുരാതനമായ കുളത്തിന് സംരക്ഷണഭിത്തി നിർമ്മിക്കാൻ പുറപ്പെടും മുൻപ് വിശദമായ ശാസ്ത്രീയ പരിശോധന ആവശ്യമായിരുന്നു.

2. സ്ട്രക്ചറൽ ഡിസൈനും മണ്ണ് പരിശോധനയ്ക്കും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക -59000 രൂപ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി കോൺട്രാക്ടർക്ക് അനുവദിച്ചത് ഓഡിറ്റ് നിരാകരിക്കുന്നു. പ്രസ്തുത തുകയും ആയതിന്മേൽ അനുവദിച്ച GST തുക 12% 7080 ചേർത്ത് 66080 രൂപ നിരാകരിക്കുന്നു.തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമാണെന്ന് കണ്ടതിനെത്തുടർന്ന് സ്ട്രക്ചറൽ ഡിസൈനും മണ്ണുപരിശോധനയും നടത്തുന്നതിലേക്ക് തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്റർലേക്ക് എക്സി.എഞ്ചിനീയർ PW3 /9913/ 22 നമ്പരിൽ 18.7.22 ന് കത്ത് നൽകുകയുണ്ടായി. 40 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ഭിത്തിയുടെ ഡിസൈൻ തയ്യാറാക്കി അയച്ച് തരുന്നതിന് ആവശ്യപ്പെട്ടു. 19.7.22 ന് തന്നെ എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ സ്ട്രക്ചേഴ്സ് വിഭാഗം മേധാവിയുടെ 10/4 നമ്പരിലുള്ള പ്രൊഫോർമ ഇൻ വോയ്സ് ലഭ്യമായത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിലെ ഇനം നം.1.014 ലെ അളവ് 25% ൽ അധികരിച്ചതിനാലും, 12 എക്സ്ട്രാ ഇനം പ്രവൃത്തികൾ ഉൾപ്പെടുത്തിയതിനാലും, എഞ്ചിനീയറിംഗ് കോളേജിൽ നിന്നും സ്ട്രക്ച്ചറൽ ഡിസൈൻ തുകയും ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 26.07.22ന്അംഗീകാരം നേടിയിട്ടുണ്ട്. തുടർന്ന് എഗ്രിമെന്റ് ഷെഡ്യൂൾ റിവൈസ് ചെയ്തതിൽ E12 എക്സ്ട്രാ ഇനമായി 59000 രൂപ ഉൾപ്പെടുത്തി കോൺട്രാക്ടർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചു.

Continuing Education Cell (CEC) യിൽ നിന്നും എക്സി.എഞ്ചിനീയർക്ക് ലഭ്യമായ പ്രൊഫോർമ ഇൻ വോയ്സ് 10/4 തീയതി 19.7.22 പ്രകാരം തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ .നം | ഇനം | തുക |
|---|---|---|
| 1. | Structural Design Of Retaining Wall Charges | 35,000.00 |
| 2. | Soil Investigation Report Charges | 15,000.00 |
| 3. | Add-9% CGST & SGST | 9,000.00 |
| | Total | 59,000.00 |

പ്രസ്തുത ഫീ കാഷായിട്ടോ ചെക്കായിട്ടോ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെന്ററിൽ അടയ്ക്കാൻ ബാങ്ക് അക്കൗണ്ട് വിശദാംശം പ്രൊഫോർമ ഇൻവോയ്സിൽ നൽകിയിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയതിന്റെ രേഖകൾ ഫയലിൽ

ഇല്ല. തുക കൈമാറിയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സും ഫയലിലില്ല. മാത്രമല്ല ഇൻവോയ്സ് പ്രകാരമുള്ള സ്ട്രക്ചറൽ ഡിസൈനും സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല. മേൽസാഹചര്യത്തിൽ കോൺട്രാക്ടർക്ക നൽകിയ 59000 രൂപയും ആയതിന്റെ GST 12% 7080 രൂപയും അടക്കം 66080 രൂപ കോൺട്രാക്ടറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തിയിനങ്ങളിലെ അപാകത വിശദീകരിക്കേണ്ടതാണ്.

(I)പ്രവൃത്തിക്ക വേണ്ടി ആദ്യമുണ്ടാക്കിയ എസ്റ്റിമേറ്റിൽ ഇനം 2 ആയി 31.5 M3 Dismantling DR Masonory ഉണ്ടായിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ കുറച്ച ഭാഗത്തെ മതിൽ പൊളിക്കാതെ കാണപ്പെട്ടു. കുളത്തിലേക്ക് ഇടിഞ്ഞു വീണതിന്റെ ബാക്കി ഭാഗമാണോ അങ്ങനെ നിറുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത ഭാഗവും ശക്തമായ മഴ ഉണ്ടായാൽ ഇടിയാവുന്ന നിലയിൽ കാണപ്പെട്ടു. അവിടെ സംരക്ഷണഭിത്തി നിർമ്മിക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്.

(Ii)ഇനം 1.004 2.61 446.25 M3 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.ഇനം 2.25 ഫില്ലിംഗ് അവയ്ലബിൾ എക്സവേറ്റഡ് എർത്ത് 718 M3 വരുന്നുണ്ടുതാനും വ്യത്യാസം വിശദീകരിക്കേണ്ടതാണ്. എക്സ്ട്രാ ഇനം E2 പ്രകാരം എക്സ്കവേറ്റഡ് എർത്ത് 5 കി.മീ അകലെ ലോറിയിൽ കൊണ്ടുപോയതിന് 441776 .00 രൂപ അനുവദിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് പരാമർശമില്ല.

(Iii)12 എക്സ്ട്രാ ഇനങ്ങളിൽ 3 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് ഷീറ്റ് മാത്രമാണ് ഫയലിൽ ഉൾചേർത്തിട്ടുള്ളത്. ബണ്ട്, ഷീറ്റ് പൈലിംഗ്, ബെയിലിംഗ് ഔട്ട് വാട്ടർ ,ബാക്കി ഇനങ്ങളുടെ ഡാറ്റാ ഷീറ്റിന്റെ അഭാവത്തിൽ ഫൈനൽ ബിൽ പ്രകാരം കോൺട്രാക്ടർക്ക് നൽകിയ തുകയുടെ സാധുത പരിശോധിക്കാൻ കഴിഞ്ഞില്ല. കൂടാതെ എക്സ്ട്രാ ഇനം E9, E10 E11ഇനങ്ങൾ പ്രകാരം ചെയ്ത പ്രവൃത്തികൾ വിശദീകരിക്കേണ്ടതാണ്.

4.കൗൺസിൽ അംഗീകാരമോ സാധൂകരണമോ ലഭ്യമാക്കാതെ പ്രവൃത്തി നടത്തി.

മരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, കൗൺസിൽ എന്നിവയുടെ അംഗീകാരമോ സാധൂകരണമോ ഇല്ലാതെ പ്രവൃത്തി നടത്തി കോൺട്രാക്ടർക്ക് ഫൈനൽ ബിൽ നൽകിയതായാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. ടെണ്ടറും റീടെണ്ടറും കഴിഞ്ഞ് ക്വട്ടേഷൻ നടത്തുന്നതിന് 23.6.22 ന് മേയർ നൽകിയ മുൻകൂർ അനുമതിക്ക ശേഷം സ്ഥിരം സമിതിയുടെയോ കൗൺസിലിന്റെയോ ശ്രദ്ധയിൽ വിഷയം കൊണ്ടു വന്നതായി ഫയലിൽ രേഖയില്ല. 7.11.22 ലെ നോട്ട് ഫയൽ DB കുറിപ്പിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പള്ളിക്കുളം സംരക്ഷണഭിത്തി നിർമ്മാണ സമയത്തുണ്ടായ അടിയന്തിര സാഹചര്യം പരിഗണിക്കുമ്പോൾ കരാറുകാരന്റെ ടെണ്ടർ, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവക്ക് കൗൺസിൽ അംഗീകാരം തേടാതിരുന്നത് സംശയാസ്പദമാണ്. ഇപ്പോഴും സംരക്ഷണഭിത്തി നിർമ്മാണം മുഴുവനായിട്ടുമില്ല. MCF പ്രവർത്തിക്കുന്നില്ലെങ്കിലും കെട്ടിടം ഇടിഞ്ഞു വീഴാവുന്ന നിലയിൽ നിൽക്കുന്നു. പ്രവൃത്തി സ്ഥലത്തെ MCF കെട്ടിടം റൂഫിംഗ് മാത്രമായി നിൽക്കുന്നു. തറക്കെട്ട്

വിണ്ടുകീറിയ നിലയിലാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവുതുക 49,94,241 രൂപയിൽ 66,080 രൂപ നിരാകരിക്കുന്നു. ബാക്കി 49,28,161 രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക്(നം.129/11.12.2023) മറുപടി ലഭ്യമാക്കിയില്ല.

## 3-5 അനുപൂരക പോഷകാഹാരപദ്ധതി - സപ്ലൈകോയ്ക്ക് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

പ്രോജക്ട് - അനുപൂരക പോഷകാഹാരപദ്ധതി -അർബൻ - 1

പ്രോജക്ട് നമ്പർ -01/23

നിർവ്വഹണം -സി.ഡി.പി.ഒ

അടങ്കൽ -16500000(വികസനഫണ്ട്)

- 6500000(കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് -9998789 (വികസനഫണ്ട്)

-6500000(കേന്ദ്രാവിഷ്കൃത ഫണ്ട്)

സപ്ലൈകോ കോർപ്പറേഷൻ പരിധിയിലെ അങ്കണവാടികളിൽ 29/4/22 മുതൽ 10/8/22 വരെയുള്ള കാലയളവിൽ വിതരണം നടത്തിയ സാധനങ്ങളുടെ ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ / തീയ്യതി | തുക |
|---|---|---|
| 1 | 2276/29.4.22 | 94926 |
| 2 | 2277/29.4.22 | 98461 |
| 3 | 2278/29.4.22 | 78019 |
| 4 | 2279/29.4.22 | 83202 |
| 5 | 22106/18.5.22 | 87763 |
| 6 | 22265/20.7.22 | 139912 |
| 7 | 22266/20.7.22 | 159661 |
| 8 | 22267/20.7.22 | 104838 |
| 9 | 22268/20.7.22 | 118102 |
| 10 | 22269/20.7.22 | 111042 |
| 11 | 22270/20.7.22 | 100886 |
| 12 | 22276/30.7.22 | 10080 |
| 13 | 22287/30.7.22 | 7140 |

| | | |
|---|---|---|
| 14 | 22288/30.7.22 | 7980 |
| 15 | 22304/10.8.22 | 101234 |
| 16 | 22305/10.8.22 | 4016 |
| 17 | 22306/10.8.22 | 70810 |
| 18 | 22307/10.8.22 | 84173 |
| ആകെ | | 1462245/- |

മേൽ കണക്കുകൾ പ്രകാരം സപ്ലൈകോ, അയ്യന്തോളിന് നൽകേണ്ട തുക 14,62,245/-രൂപയാണ്. എന്നാൽ ട്രഷറി ബിൽ നമ്പർ 2/22-23/24.8.22 പ്രകാരം 14,67,245/-രൂപ സപ്ലൈകോ, അയ്യന്തോളിന് നൽകിയിട്ടുണ്ട്. അധികം നൽകിയ 5000/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, വിവരം അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ടെന്നും ടിയാരി തുക ഒടുക്കിയതിന്റെ ചലാൻ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക അടവാക്കി ചലാൻ ഓഡിറ്റിന് ലഭ്യമാക്കുംവരെ ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി 8/21.07.23)

## 3-6 പദ്ധതി രൂപീകരണവും മോണിറ്ററിംഗും - പ്രിന്റിംഗ് ചാർജ്ജിനത്തിൽ അധികം നൽകിയ 20130രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അഡീഷണൽ സെക്രട്ടറി

പദ്ധതി നം - 853/23

ഫണ്ട് ഇനം – വികസനഫണ്ട്

ഫയൽ നം - (1) പി സി 2/5097/22

(2) പി സി 2/43295/22

വൗച്ചർ നം - 22203482/5.11.22- 43920/-

പദ്ധതി പ്രകാരം പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് എന്ന സ്ഥാപനമാണ് പേജ് 1 ന് 3.25 രൂപ നിരക്കിൽ. 21.10.22 ലെ 2ാം നമ്പർ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമായി പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിന് ഡി ടി പി കളർ പേജ് ഇവയെല്ലാം ചേർത്ത് പേജ് 1 ന് 3.25 നിരക്കിൽ കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ ക്വട്ടേഷൻ സ്വീകരിച്ച് പ്രിന്റ് ചെയ്യിപ്പിച്ചിട്ടുള്ളതും, പ്രിന്റിംഗ് ചാർജ്ജ് പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ള പ്രസ്തുത ഓഫീസ് നടപടി സാധൂകരിച്ചിട്ടുള്ളതുമാണ്.

എന്നാൽ ക്വട്ടേഷൻ അംഗീകരിച്ച വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൗൺസിൽ അംഗീകരിച്ചതായി

കാണുന്നില്ല. സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായും കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സുമായി കരാറിലേർപ്പെട്ടതായും കാണുന്നില്ല.

കുടുംബശ്രീ മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സിന്റെ ഇൻവോയ്സ് നം 2261/1.11.22 പ്രകാരം 244 പേജുള്ള 30 പദ്ധതി രേഖ പ്രിന്റ് ചെയ്യതിന് പേജ് ഒന്നിന് 6 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ പ്രകാരം സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത് പേജ് ഒന്നിന് 3.25 രൂപയാണെന്നിരിക്കെ അധിക തുക നൽകിയതിന് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല

സ്ഥാപനത്തിന് അനുവദിക്കാവുന്നത് - 23790 (244 X 30 X 3.25)

അനുവദിച്ചത് - 43920 (244 X 30 X 6)

അധികം അനുവദിച്ചത് - 20130/-

അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാറിലേക്ക് അടവാക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി - 26 /22-23 തിയതി:7.8.23)

## 3-7 സംസം പാർക്ക് റോഡ് ടാറിംഗ് രണ്ടാം ഘട്ടം - 55766രൂപ നിരാകരിക്കുന്നു

ഒല്ലൂക്കര സോണലിന്റെ പരിധിയിൽ ഡിവിഷൻ 17 ൽ ഉൾപ്പെട്ട സംസം റോഡ് പുനരുദ്ധാരണം രണ്ടാം ഘട്ടത്തിൽ റോഡ് റീട്ടാറിംഗ്, കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ റോഡിനുള്ളിലേക്ക് മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. (20.3.23ന് പ്രവർത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്). DSR 2018, കോസ്റ്റ് ഇൻഡക്സ് 35.59% നിരക്കിലാണ് 335000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

കരാറുകാരൻ ക്വോട്ട് ചെയ്ത തുക (9.35%അധികം) 309866.29/- രൂപയാണ്. എന്നാൽ, ടി പ്രവർത്തിയിൽ ഉൾപ്പെട്ട രണ്ട് ഇനങ്ങൾ ചെയ്യാതെ തന്നെ 3,65,642 രൂപ ചെലവ് വന്നിരിക്കുന്നു. അതായത്, ക്വോട്ട് ചെയ്ത തുകയേക്കാൾ 55,766 രൂപ കൂടുതൽ.

പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും അനുവദിച്ച അടങ്കൽ തുക 350000 രൂപയിൽ ഒതുക്കി, നിയമാനുസൃത ഇളവുകൾ (15206/-രൂപ) കിഴിച്ച് നൽകിയ തുക 334794/- രൂപ ട്രഷറി ബിൽ വഴിയും, ബാക്കി 15642/-രൂപ നൽകുന്നതിന് പുതുക്കിയ പ്രൊജക്ടിൽ (നം.1130/24) ഉൾപ്പെടുത്തി തനതു ഫണ്ടിൽ നിന്നും കരാറുകാരന് നൽകിയിരിക്കുന്നു. (വൗച്ചർ നം.-22302077/26.10.23, ചെക്ക്.നം 233109) എന്നാൽ, ഇതേ ഫയലിൽ, അടുത്ത വർഷത്തെ പുതിയ പദ്ധതിയായി ഉൾപ്പെടുത്തി 9.11.23ന് 15642/-രൂപ വീണ്ടും നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നം.772233/9.11.2023). ആദ്യം നൽകിയ ചെക്ക് റദ്ദ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ലഭ്യമാവാത്തതിനാൽ 15642/-രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ

1. കുടിവെള്ള പൈപ്പ് ലൈനുകൾ റോഡിനടിയിലേക്ക് മാറ്റി സ്ഥാപിക്കുവാനുള്ള പ്രവർത്തി കരാറിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ടി പ്രവൃത്തി ചെയ്തിട്ടില്ല. ഇതുൾപ്പെടെയുള്ള പ്രവർത്തികൾക്കാണ് കരാറുകാരൻ

309866.29/-രൂപ ക്വോട്ട് ചെയ്തത്. ടാറിംഗ് പ്രവർത്തി മാത്രം ചെയ്യുകയും അടങ്കൽ തുകയേക്കാൾ തുക അധികരിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമായില്ല. ആയതിനാൽ അധികരിച്ച തുക 55,766 രൂപ(309866.29 – 3,65,642) നിരാകരിക്കുന്നു.

24.11.2022ന് ആരംഭിച്ച പ്രവർത്തി 20.3.2023 പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തിയുടെ കാലാവധി 5 മാസമായിരുന്നു. കരാറിൽ ഉൾപ്പെടുത്തിയ രണ്ട് ഇനങ്ങൾ ചെയ്യാതിരിക്കുകയും, ചെയ്ത മറ്റെല്ലാ ഇനങ്ങളും 25% അധികരിച്ച് പൂർത്തിയാക്കുകയും ചെയ്തിട്ടും പ്രവർത്തിയുടെ ഒരു ഘട്ടത്തിലും പദ്ധതി പുതുക്കുകയോ പ്രവർത്തിയിൽ വന്ന വ്യതിയാനത്തിന് കൃത്യമായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ അന്വേഷണക്കുറിപ്പ് (89/22-23/7.12.23/ഒല്ലൂക്കര) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.

## 3-8 ടാഗോർ ഹാൾ നിർമ്മാണം - ചെലവ് നഷ്ടം - 108309/-രൂപ

ഫയൽ നം - DW7-30736/18(A),(B)

തുക- 307500000/-

പ്രൊജക്ട് നം - 632/23, 367/20, 714/21, 160/23, 1492/24

നിർവഹണം- എക്സിക്യൂട്ടീവ് എഞ്ചിനീയർ 11

ഭരണാനുമതി - 96/ഇഇ2-22-23/24.11.22

സാങ്കേതികാനുമതി - (39565/22-23/25.10.22)

സാങ്കേതികാനുമതി - ഡിബി7/8958/2019/സിഇ/തസ്വഭവ. 31.12.22

കൗൺസിൽ തീരുമാനം- 7/21.3.23

എഗ്രി.നം. 66/ഇഇ2/19-20/14.11.19

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഡിവിഷൻ 51 ൽ 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണിത്. DSR 2016, കോസ്റ്റ് ഇൻഡക്സ് 31.06% നിരക്കിലാണ് രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിക്ക് 307500000/-രൂപയുടെ അടങ്കൽ ഉൾപ്പെടുത്തി 22.8.2019 ന് മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. നം.44/31.1.20 തീരുമാനത്താൽ ടി മുൻകൂർ അനുമതി കൗൺസിൽ സാധൂകരിച്ചിട്ടുണ്ട്. 30.75 കോടി രൂപയുടെ ബൃഹത്തായ പദ്ധതിയെ സംബന്ധിച്ച് കൗൺസിലിൽ ചർച്ച ചെയ്യാതെയും മതിയായ ഫണ്ട് ഉറപ്പ് വരുത്താതെയും, അടിയന്തിര പ്രവർത്തിയായി കണക്കാക്കി മുൻകൂർ അനുമതി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8360.63എം2 വിസ്തൃതിയിൽ മൂന്ന് നിലകളും രണ്ട് ബേസ്മെന്റുകളും അടങ്ങുന്നതാണ് കെട്ടിടം. ആദ്യത്തെ നിലയിൽ 700 പേർക്ക് ഇരിക്കാവുന്ന ഗ്യാലറി സൗകര്യം കൂടി ഉൾപ്പെടുത്തിയ ഹാൾ, രണ്ടാമത്തെ നിലയിൽ ചെറുതും വലുതുമായ ചടങ്ങുകൾ നടത്താവുന്ന മൾട്ടി പർപ്പസ് ഹാൾ, മൂന്നാമത്തെ നിലയിൽ മൂന്ന് ലക്ഷ്വറി ഗസ്റ്റ് റൂമുകൾ, ഓരോ നിലയിലും ശൗചാലയങ്ങൾ എന്നിവയാണ് കൺവെൻഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് ഫയലിൽ

റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ടാഗോർ ഹാൾ നിർമ്മാണത്തിന്റെ സിവിൽ വർക്കിന് ആർക്കിടെക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ, പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് ആർക്കോൺസ് ആർക്കിടെക്ചേഴ്സ്, ബാംഗളൂർ എന്ന സ്ഥാപനത്തിന് പദ്ധതി തുകയുടെ 2.1% രൂപയാണ് അഗ്രിമെന്റ് പ്രകാരം നൽകിയിട്ടുള്ളത്. 30.75 കോടിയുടെ പദ്ധതിക്ക് വായ്പയെടുത്ത് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിരുന്നത് എങ്കിലും, ഒരു ലോൺ സബ്കമ്മിറ്റി ആരംഭിച്ചു എന്നല്ലാതെ, വായ്പ ലഭ്യമാക്കുകയോ നാളിതുവരെ വായ്പയ്ക്കുള്ള നടപടികൾ ആരംഭിച്ചതായോ ഫയലിൽ രേഖകളില്ല. വികസന ഫണ്ടിൽ നിന്നും 3,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച തുക മുഴുവനും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് വഹിച്ചിട്ടുള്ളത്.

കെട്ടിടത്തിന്റെ സിവിൽ കൺസ്ട്രക്ഷൻ പദ്ധതികൾ 18,48,51,195.12 രൂപയ്ക്ക് (+ജിഎസ്.ടി) അമ്മൂസ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് ഏറ്റെടുത്തിട്ടുള്ളത്. ഡിഡബ്ല്യു7/30736/18(എ)/14.11.19 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 19.11.2019 ന് സൈറ്റ് കൈമാറ്റം ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കിയത് 23.6.23 ന് മാത്രമാണ്. കരാറുകാരന്റേതല്ലാത്ത കാരണത്താൽ നാല് തവണ പിഴ കൂടാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 31.3.2023 ന് കാലാവധി കഴിഞ്ഞതിന് ശേഷമാണ് സിവിൽ പ്രവർത്തി പൂർത്തിയാക്കിയത്. ആയതിന് പിഴ ഈടാക്കിയതായോ മറ്റ് നിയമാനുസൃതമായ കാരണങ്ങൾ രേഖപ്പെടുത്തിയതായോ ഫയലിൽ രേഖകൾ ഇല്ല. കാരണം വ്യക്തമാക്കേണ്ടതാണ്. ഫയലിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. മണ്ണ് ലേലം ചെയ്തതിന് റോയൽറ്റി അടച്ച ിട്ടില്ല

ടാഗോർ കൺവെൻഷനൽ സെന്ററിനുള്ള സൈറ്റിൽ നിന്നും 14308.67എം3 മണ്ണാണ് കുഴിച്ചെടുത്തിട്ടുള്ളത്. 4129.71എം3 മണ്ണ് സൈറ്റിൽ ഫില്ലിംഗിന് ആവശ്യമുണ്ടെന്നതിനാൽ ബാക്കി 10179എം3 മണ്ണ് ലേലം ചെയ്തിട്ടുണ്ട്. വട്ടപ്പുള്ളി വീട്ടിൽ വി.കെ.ഷാബുവാണ് 21,33,000 രൂപയ്ക്ക് മണ്ണ് ലേലത്തിനെടുത്തത്. ടി തുക 5% ജിഎസ്.ടി അടക്കം (2239650രൂപ) ടിയാൻ കോർപ്പറേഷനിൽ അടച്ചിട്ടുണ്ട്. (രശീത് നം.01/119040113790/23.1.2020) ടി മണ്ണിന് 1എം3ന് 40രൂപ എന്ന നിരക്കിൽ 4,07,160/- രൂപ ജിയോളജി വകുപ്പിലേക്ക് റോയൽറ്റി അടയ്ക്കേണ്ടതുണ്ട്. എന്നാൽ, ടി തുക അടച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. മണ്ണിന് വില കണക്കാക്കിയതിൽ കുറവ്

ടാഗോർ കൺവെൻഷൻ സെന്റർ പണിയുന്നതിന് കണ്ടെത്തിയ ഭൂമിയിൽ നിന്നും കുഴിച്ചെടുത്ത 10179എം3 ചുവന്ന മണ്ണിന് ഒരു എം3ന് 209 രൂപ വച്ച് കണക്കാക്കിയാണ് ലേലത്തിന് അടിസ്ഥാന തുക ആരംഭിച്ചിട്ടുള്ളത്. എന്നാൽ ഈ കാലയളവിൽ കണക്കാക്കേണ്ടിയിരുന്ന തുക താഴെ ചേർക്കുന്നു.

| | |
|---|---|
| മണ്ണിന് കോംപൻസേഷൻ | 159.71/എം3 |
| റോയൽട്ടി ഇനം | 30 |
| കോസ്റ്റ് ഇൻഡക്സ് | 49.61 (031.06%) |

| | |
|---|---|
| ആകെ | 239.32 |

ഒരു എം3 മണ്ണിന് 239 രൂപ കണക്കാക്കിയാൽ മിനിമം 24,32,781 രൂപ ലേലം തുകയായി ലഭിക്കേണ്ടതായിരുന്നു. എന്നാൽ, എം3ന് 209 രൂപ വച്ച് കണക്കാക്കിയതു കൊണ്ട് 21,27,411 രൂപയാണ് മിനിമം ലേല തുക ആരംഭിച്ചത് എന്നത് കൊണ്ട്, ഏറ്റവും കുറഞ്ഞത് 2,99,781 രൂപയുടെ (2432781 - 2133000) നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

3. മരം ലേലം - ടിമ്പർ ടാക്സ് അടച്ചില്ല

ടാഗോർ ഹാളിൻ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമിയിൽ നിന്നും വെട്ടി മാറ്റിയ മരങ്ങൾ വനം വകുപ്പിൽ നിന്നും ലഭ്യമായ നിരക്ക് വച്ച് ലേലം ചെയ്തിട്ടുണ്ട്. 72 മരങ്ങൾ മുറിക്കുവാൻ വനം വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചെങ്കിലും 57 മരങ്ങൾ മുറിയ്ക്കുവാനാണ് അനുമതി നൽകിയത്. അനുവദിച്ച വില നിരക്ക് താഴെ ചേർക്കുന്നു.

തടി നിരക്ക് - 766988/-

വിറക് നിരക്ക് - 41449/-

മരം മുറിക്കുവാൻ അനുമതി നൽകിയപ്പോൾ ലേലം ചെയ്ത് കിട്ടുന്ന തുകയുടെ 5% ടിമ്പർ ടാക്സ് അടയ്ക്കുവാനും മരം മുറിക്കുന്നതിന് പകരമായി ഒന്നിന് 10 എന്ന നിരക്കിൽ മരം വച്ച് പിടിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി വനം വകുപ്പിനെ അറിയിക്കണമെന്നും ഉപാധികളോടെയാണ് അനുമതി നൽകിയിട്ടുള്ളത്. ലേല തുകയുടെ 5% 106650 രൂപ (2133000x5%) വനം വകുപ്പിലേക്ക് അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായില്ല. മരം വച്ചു പിടിപ്പിക്കുവാൻ ഏതെങ്കിലും രീതിയിലുള്ള പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. ആർക്കോൺസ് ആർക്കിടെക്ച്ചേഴ്സിന് അധിക തുക നൽകിയത്

ടാഗോർ കൺവെൻഷൻ സെന്ററിനുള്ള സ്ട്രക്ചറൽ ഡിസൈൻ, പിപിആർ, ഡിപിആർ എന്നിവ തയ്യാറാക്കുന്നതിനായി ബാംഗ്ലൂരുള്ള ആർക്കോൺസ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. റഫ് കോസ്റ്റ് 307500000/-രൂപയിൽ താഴെ ചേർത്ത തുകകൾ കുറവ് ചെയ്ത തുകയ്ക്കാണ് ആർക്കോൺസിനുള്ള പ്രതിഫലം നിശ്ചയിക്കേണ്ടത്.

| | |
|---|---|
| ആകെ അടങ്കൽ തുക | 307500000 |
| കുറയ്ക്കുക ലിഫ്റ്റ്+ഇലക്ട്രിക്കൽ | 46000000 |
| ഫർണീച്ചർ +കിച്ചൺ എക്വിപ്പ്മെന്റ്സ് | 8450000 |
| ജല ലഭ്യത, കുടി വെള്ളം | 5000000 |
| കണ്ടിൻജന്റ് ചെലവ് | 5000000 |
| ചുറ്റുമതിൽ, ഗേറ്റ് | 5027837 |
| ജി.എസ്.ടി തുക | 36064398 |
| അറ്റ തുക | 200357765 |

| | |
|---|---|
| ആർക്കോൺസിന് നൽകേണ്ടിയിരുന്ന തുക | 200357765 X 2.1% = 42,07,513 + ജിഎസ്.ടി<br>ആകെ – 4964865/- |
| നൽകിയ തുക | 42,99,300+ജിഎസ്.ടി<br>ആകെ – 5073174/- |
| അധികം നൽകിയത് | 91,787+18% ജിഎസ് .ടി<br>1,08,309/-രൂപ |

അധികതുക നൽകിയത് നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പദ്ധതിയ്ക്കായി നാളിതുവരെ ചെലവായ തുക താഴെ ചേർക്കുന്നു

| വൗച്ചർ നമ്പർ /തീയതി | നൽകിയ തുക |
|---|---|
| 22104455/22.9.21 | 19283919 |
| 22105622/24.2.22 | 8396391 |
| 22105647/26.2.22 | 2319690 |
| 22105770/14.3.22 | 16239126 |
| 22105189/26.3.22 | 9674764 |
| 22105055/30.3.22 | 1145181 |
| 22203112/20.8.22 | 5060970 |
| 22203198/30.8.22 | 4939030 |
| 22203598/6.12.22 | 22567164 |
| 22204726/20.12.22 | 7432836 |
| 22204684/30.1.23 | 7387384 |
| 22204697/31.1.23 | 12612616 |
| 22204811/15.3.23 | 23120915 |
| ആകെ | 14,01,79,986/- |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 1.08.2023 മുതൽ 10.08.2023 വരെ | കെ.എസ്.എ.(ടി.എസ്.സി)4-780/2023 തീ.30.12.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരം Advance To Implementing Agencies -Muncipal Fund എന്ന ഹെഡിൽ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ചെലവ് | അഡ്വാൻസ് നൽകിയത് | നീക്കി ബാക്കി |
|---|---|---|---|---|---|
| 2022-23 | 1,46,82,147/- | ഇല്ല | ഇല്ല | 5,34,33,426 | 6,81,15,573/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പാ തിരിച്ചടവ്

സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു.

| മുൻബാക്കി | വരവ് | തിരിച്ചടവ് | നീക്കി ബാക്കി |
|---|---|---|---|
| 5,45,38,165 | 0 | മുതൽ – 48,48,000<br>പലിശ – 47,74,596 | 4,96,90,165 |

അക്കൗണ്ട്സ് പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു.

| മുൻബാക്കി | വരവ് | തിരിച്ചടച്ചത് | പലിശ ഇനത്തിലുള്ള വരവ് | ബാലൻസ് (ബി-5 ഷെഡ്യൂൾ) |
|---|---|---|---|---|
| 4,87,73,585 | ഇല്ല | 95,51,011 | 1,04,67,591 | 4,96,90,165 |

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ശീർഷകം നം. 330500202, Loan From HUDCO എന്നയിനത്തിൽ 2021-22 ലെ നീക്കിയിരിപ്പ് തുക 4,87,73,585 /- രൂപയായിരുന്നു. എന്നാൽ സ്ഥാപനം ലഭ്യമാക്കിയിരിക്കുന്ന വിവരം അനുസരിച്ച് മുൻബാക്കി 5,45,38,165 രൂപയാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനം ലഭ്യമാക്കിയ കണക്ക് പ്രകാരം സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 7,31,30,304 |
| തൻവർഷം നിക്ഷേപിച്ച തുക | 33,4,648 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 6,12,46,434 (Head Correction Resumption Entry) |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 1,22,18,518 |

ഹെഡ് കറക്ഷൻ എൻട്രി വഴി 6,12,46,434/-രൂപ സ്ഥിരനിക്ഷേപത്തിൽ നിന്നും കുറവ് ചെയ്തിരിക്കുന്നു. അപാകത ഖണ്ഡിക 1-11, 1-1-37 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി

| ക്രമ നം. | വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 1991-1992 | 43 | 2000-01 | അദ്ധ്യായം 53(എ) | ഗവൺമെന്റ് വായ്പ തിരിച്ചടയ്ക്കാത്തതുമൂലം ഉണ്ടായ സാമ്പത്തികനഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.7.4) 19,630/- രൂപയുടെ നഷ്ടം നികത്താനായി സെക്ഷൻ ക്ലർക്കിന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന 2,996/- രൂപ ടിയാളുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. അയതിന്മേലുള്ള അന്തിമറിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| 2 | 1991-1992 | 55 | 2000-01 | അദ്ധ്യായം 53(സി) | റോഡ് നിർമ്മാണം കോൺട്രാക്ടർക്ക് അധികം തുക നൽകിയത് അംഗീകരിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.8.4) കോർപ്പറേഷന് ഉണ്ടായ നഷ്ടം ഈടാക്കുന്നതിനു വേണ്ടി റിക്കവറി നടപടികൾ സ്വീകരിച്ച് റിക്കവറി നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. |
| 3 | 1999-2000 | 33 | 2000-01 | അദ്ധ്യായം 53(ഇ) | എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് 1 ലക്ഷം രൂപ അധികം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) 17മത് റിപ്പോർട്ട് (ഖണ്ഡിക നം.105) എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയിൽ നിന്ന് 23,484/- രൂപ കോർപ്പറേഷന് ലഭിക്കാനുണ്ട്. പ്രസ്തുത തുക അടിയന്തിരമായി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. |
| 4 | 1999-2000 | 32 | 2000-01 | അദ്ധ്യായം 53(എഫ്) | സിമന്റ് ലഭ്യമാക്കിയതിൽ കുറവ് 42,192/- രൂപയുടെ നഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.10.7) കോർപ്പറേഷന് ഉണ്ടായ നഷ്ടം 42,192/- രൂപയുടെ നഷ്ടം ഉത്തരവാദിയായ കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 5 | 1998-1999 | 36 | 2000-01 | അദ്ധ്യായം 53(ജി) | നാഷണൽ ഹൈവേ (സി) ഡിവിഷന് കടം നൽകിയ 10 ടൺ കമ്പി നഷ്ടപ്പെട്ടു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.4.1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫയലുകൾ സൂക്ഷിയ്ക്കുന്നതിനും തീർപ്പാക്കുന്നതിനും തീർപ്പാക്കിയ ഫയലുകൾ റെക്കോർഡ് റൂമിൽ സൂക്ഷിയ്ക്കുന്നതിനും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഫയലുകൾ കൈമാറുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ ഫലപ്രദവും കുറ്റമറ്റതുമാക്കുന്നതിന് സർക്കാർ തസത്തിൽ ആവശ്യമായ നടപടിക്രമങ്ങൾ ആവിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. |
| 6 | 1998-1999 | 71 | 2000-01 | അദ്ധ്യായം 53(എച്ച്) | ജനകീയാസൂത്രണ പദ്ധതി വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.11.10) പദ്ധതി നിർവ്വഹണ സമയത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അപാകതകൾ | തൃശ്ശൂർ കോർപ്പറേഷനിൽ വ്യവസായ വികസന ഓഫീസറായ ശ്രീ.മുഹമ്മദ് കോയ ജോലി നോക്കിയിട്ടില്ലാത്തതിനാൽ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാനും ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുവാനും പരിശോധനയിൽ ധനനഷ്ടമോ ധനാപഹരണമോ ഉണ്ടായിട്ടുണ്ടെന്ന് തെളിയുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാനും രേഖകൾ ഹാജരാക്കി ബോദ്ധ്യപ്പെട്ട സംഗതികളിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശുപാർശ ചെയ്യു. തുടർനടപടികളുണ്ടായിട്ടില്ല |
| 7 | 2000-2001 | 51 | 2003-04 | അദ്ധ്യായം 7(4) (2) | വനിത ഹോസ്റ്റൽ പണിയുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ തുക അടവാക്കി - പണി തുടങ്ങിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) 39-ാമത് റിപ്പോർട്ട് ഖണ്ഡിക നം.23 പ്രകാരം ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ച പണത്തിന് ആനുപാതികമായ പ്രവൃത്തി അവരെക്കൊണ്ട് നടത്തിച്ചശേഷം ബാക്കി നഗരസഭ തന്നെ നേരിട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് ശുപാർശ ചെയ്യു. തുടർനടപടികളുണ്ടായിട്ടില്ല |
| 8 | 2001-02 | 5ബി (1), (2) | 2003-04 | അദ്ധ്യായം 7(4)(2) | തെരുവ് വിളക്ക് സ്ഥാപിക്കാൻ വൈദ്യുതി ബോർഡിന് തുക നൽകിയെങ്കിലും പണി തുടങ്ങിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 9 | 2001-2002 (ചെലവ്) | 2-14 | 2005-06 | അദ്ധ്യായം 3.4.1 | ടാർ വാങ്ങിയതിലെ അപാകതകൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 10 | 2001-2002 (ചെലവ്) | 2-17 | 2005-06 | അദ്ധ്യായം 3.4.2 | കാരറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് | ഖണ്ഡിക നിലനിൽക്കുന്നു |
| 11 | 2001-2002 (ചെലവ്) | 2-22 | 2005-06 | അദ്ധ്യായം 3.4.3 | മൊബൈൽ ഫോൺ ചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന് | ഖണ്ഡിക നിലനിൽക്കുന്നു |
| 12 | 2002-2003 (ചെലവ്) | 2-31 | 2005-06 | അദ്ധ്യായം 4.4.2 | കാർ വാടകയ്ക്ക് എടുത്തതിന് ചെലവായത് - നഷ്ടം വരുത്തിയ തുക തിരിച്ചുപിടിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 13 | 2002-2003 (ചെലവ്) | 2-46 | 2005-06 | അദ്ധ്യായം 4.4.3 | ചിപ്പിംഗ് കാർപ്പെറ്റിന് അധികനിരക്ക് നൽകി | ഖണ്ഡിക നിലനിൽക്കുന്നു |
| 14 | 2002-2003 (ചെലവ്) | 2-4-7 | 2006-07 | അദ്ധ്യായം 4.4.4 | കാരറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു | ഖണ്ഡിക നിലനിൽക്കുന്നു |
| 15 | 2005-2006 (ചെലവ്) | 2-12 | 2009-10 | അദ്ധ്യായം 3.1.6(i) | നഗരസഭ വക കെട്ടിടം - ബിനി ടൂറിസ്റ്റ് ഹോം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ അപാകത | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 22-ാമത് റിപ്പോർട്ട് ഖണ്ഡിക നം.45 നഗരസഭയുടെ ടൂറിസ്റ്റ് ഹോം ടെണ്ടർ നടപടികളിലെ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി നിയമാനുസൃതമായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള വിശദീകരണവും നൽകുവാൻ സമിതിത ആവശ്യപ്പെട്ടിട്ടുണ്ട്. തുടർനടപടികളുണ്ടായിട്ടില്ല |
| 16 | 2006.2007 | 3-30 | 2010-11 | അദ്ധ്യായം 5.2.19(1) | സ്ത്രീപദവിപഠനം 4,26,580/- രൂപ പാഴായി | ഖണ്ഡിക നിലനിൽക്കുന്നു |
| 17 | 2007-2008 | 3-4 | 2010-11 | അദ്ധ്യായം 5.2.19(2) | നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിൽ 83 ലക്ഷത്തിന്റെ ബാദ്ധ്യത | ഖണ്ഡിക നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 18 | 2008-2009 | 2-12ഇ | 2011-12 | അദ്ധ്യായം 4-13 | വനിതാ വ്യവസായകേന്ദ്രം പ്രവർത്തനസജ്ജമായില്ല – നിഷ്ക്രിയ നിക്ഷേപം 10,97,913/- | ഖണ്ഡിക നിലനിൽക്കുന്നു |
| 19 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 20 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-1 | കാർഷികപദ്ധതികളും കൃഷിഭവനും | ഖണ്ഡിക നിലനിൽക്കുന്നു |
| 21 | 2009-10 (പ്രവർത്തനവാലോകന റിപ്പോർട്ട്) | - | 2011-12 | അദ്ധ്യായം 3-3 | ശിശുക്ഷേമപദ്ധതികളും അംഗനവാടികളും | ഖണ്ഡിക നിലനിൽക്കുന്നു |
| 22 | 2008-2009 | 3-24 | 2011-12 | 4-14 | പൊളിച്ചുമാറ്റിയ കെട്ടിടത്തിന് സംരക്ഷണപദ്ധതി | ഖണ്ഡിക നിലനിൽക്കുന്നു |
| 23 | 2009-2010 (പ്രവർത്തനവാലോകന റിപ്പോർട്ട്) | 7-5 | 2012-13 | 3-1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഖരമാലിന്യ പരിപാലനം | ഖണ്ഡിക നിലനിൽക്കുന്നു |
| 24 | 2009-2010 | 7-4 | 2012-13 | 3-3 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും | ഖണ്ഡിക നിലനിൽക്കുന്നു |
| 25 | | 3-44-1 | 2014-15 | 6-10 | ആശ്രയ ഭവനപദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 26 | 2011-12 (ചെലവ്) | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2013-14 | | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | ഖണ്ഡിക നിലനിൽക്കുന്നു |
| 27 | 2012-13 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2014-15 | | അധികാരവികേന്ദ്രീകരണവും മൃഗസംരക്ഷണ ക്ഷീരവികസന മേഖലയും, കേന്ദ്രാവിഷ്കൃത പദ്ധതികൾ, നിഷ്ക്രിയാസ്തികൾ | ഖണ്ഡിക നിലനിൽക്കുന്നു |
| 28 | 2016-2017 | 3-25 | 2017-18 | അദ്ധ്യായം 1-8 | ഐ.എച്ച്.എസ്.ഡി.പി. പദ്ധതി- കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | ഖണ്ഡിക നിലനിൽക്കുന്നു |
| 29 | 2017-2018 | 3-28 | 2018-19 | - | വെന്റേഴ്സ് മാർക്കറ്റ് – നിഷ്ക്രിയ ആസ്തി - നഗരസഭയ്ക്ക് 1,25,45,484/- രൂപ നഷ്ടം | ഖണ്ഡിക നിലനിൽക്കുന്നു |
| 30 | 2017-18 | 3-42 | 2018-19 | - | മലിനജലസംസ്കരണത്തിനായി സ്ഥലം വാങ്ങൽ - 2,15,71,588/- രൂപ പാഴ്ചെലവ് | ഖണ്ഡിക നിലനിൽക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ | തുക | തുക അടച്ചതിന്റെ വിവരം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|---|
| 1 | 2001-02 തനത് ഫണ്ട് (ചെലവ്) | 2-13 | അലോഷ്യസ് മാത്യു, സെക്രട്ടറി | നോട്ടീസ് - LF9148/ Spl.cell/SC4/06(1) Dtd.19-12-2006 /09-05-2007 | 8568/- | | |
| 2 | 2001-02 തനത് ഫണ്ട് | 2-17 | ജി.ബെന്നൻ, സെക്രട്ടറി | നോട്ടീസ് - (2-17 Part) LF9148/ Spl.cell/SC4/06(2) | 19404/- | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | (ചെലവ്) | | | Dtd.19-12-2006/ 09-05-2007 | | | |
| 3 | 2001-02 തനത് ഫണ്ട് (ചെലവ്) | 2-21 | ജി.ബെന്നൻ, സെക്രട്ടറി | നോട്ടീസ് - LF9148/ Spl.cell/SC4/06(2) Dtd.19-12-2006/ 09-05-2007 | 6760/- | | |
| 4 | 2001-02 തനത് ഫണ്ട് (ചെലവ്) | 2-22 | ജി.ബെന്നൻ, സെക്രട്ടറി | സർട്ടിഫിക്കറ്റ് - LF9148/spl.cellSC4 /2006Dtd.03-10-2008 | 36409/- | | |
| | | | സി.മെഴ്സി, റിട്ട.എഞ്ചിനിയർ | | | | |
| 5 | 2003-04 (ചെലവ്) | 2-17 | എം.എ. ശ്രീധരൻ നായർ,സെക്രട്ടറി | നോട്ടീസ് - LF14415/ Spl.cell(SC4)/ 2008 Dtd.01-12-2008 | 26886/- | | |
| 6 | 2003-04 (ചെലവ്) | 2-42 | എം.എ. ശ്രീധരൻ നായർ,സെക്രട്ടറി | നോട്ടീസ് – LF14415/ Spl.cell(SC4)/ 2008 Dtd.01-12-2008 | 23154/- | | |
| 7 | 2006-07 | 2-4(എ) | ഡോ.സി.ശാന്ത (3363/-), ഹെൽത്ത് ഓഫീസർ, ഡോ. സി.ജി. എലിസബത്ത് (2451/-), ഹെൽത്ത് ഓഫീസർ | നോട്ടീസ് - LF7067/spl.cell (SC4)/10 Dtd.13-12-2011 | 5814/- | | |
| 8 | 2006-07 | 2-6 | കെ. എൻ. രാമചന്ദ്രൻ, റവന്യൂ ഓഫീസർ(റിട്ട.) | സർട്ടിഫിക്കറ്റ് -LF7067/spl.cell (SC4)/10 Dtd.29-05-2015 | 13416/- | | |
| 9 | 2006-07 | 3-10 | പി.എം. ദേവരാ ജൻ, സെക്രട്ടറി | നോട്ടീസ് - LF7067/spl.cell (SC4)/10 Dtd.13-12-2011 | 21390/- | | |
| 10 | 2006-07 | 3-24 | കെ.സി. വേലായുധൻ (20000/-) SCDO, ടി.കെ. ശ്രീകുമാർ(35000/-), SCDO | നോട്ടീസ് - LF7067/spl.cell (SC4)/10 Dtd.19-05-2012 | 55000/- | | |
| 11 | 2007-08 | 3-16 | പി.എം. ദേവരാ ജൻ, സെക്രട്ടറി | നോട്ടീസ് - LF10947/CSC | 3720/- | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | /A2/20/11<br>Dtd.30-03-2012 | | | |
| 12 | 2008-09 | 2-9-എ | പി. ആർ. അശോകൻ, റവന്യൂ ഓഫീസർ | നോട്ടീസ് - LF 371/spl.cell / CSC/A2/12<br>Dtd.30-05-2013 | 186250/- | | |
| 13 | 2008-09 | 2-17 | ഡോ. ശാന്ത,ഹെൽത്ത് ഓഫീസർ | 371/spl.cell /നോട്ടീസ് - LF CSC/A2/12<br>Dtd.13-03-2012 | 1080000/- | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,21,09,29,876/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,83,81,13,196/- |
| വരവിനങ്ങളിലുള്ള നഷ്ടം | 3,16,863.65/- |
| ചെലവിനങ്ങളിനുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,27,968/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 91,27,10,384/- |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ |
|---|---|---|---|

| നം. | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 8,030/- | - | ശ്രീ. വേണുഗോപാൽ. ആർ, സൂപ്രണ്ട്, ചുർക്കഞ്ചേരി മേഖലാകാര്യാലയം |
| 2-2 | 9,052.65/- | -- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ I |
| 2-3 | 2,99,781/- | -- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 3-1 | --- | 3,988/- | ശ്രീ. ഭരതരാജൻ , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 3-2 | --- | 50,112/- | ശ്രീ.ബാലസുബ്രഹ്മണ്യം, ഹെൽത്ത് സൂപ്പർവൈസർ |
| 3-3 | -- | 2,18,583/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ I |
| 3-4 | - | 66,080/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ I |
| 3-5 | ---- | 5,000/- | ശ്രീമതി.ജയന്തി സി ആർ സിഡിപിഒ, അർബൻ 1 |
| 3-6 | -- | 20,130 | ശ്രീമതി. അനു.ആർ.എസ്, അഡീഷണൽ സെക്രട്ടറി |
| 3-7 | - | 55,766/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ I |
| 3-8 | --- | 1,08,309/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| ആകെ | 3,16,863.65/- | 5,27,968/- | |

## സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-85 | 22,37,11,947/- | ശ്രീ.രാഹേഷ് കുമാർ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ |
| 1-88 | 5,51,490/- | ശ്രീമതി. അനു.ആർ.എസ്, അഡീഷണൽ സെക്രട്ടറി |
| 1-90 | 17,23,35,207/- | ശ്രീമതി. അനു.ആർ.എസ്, അഡീഷണൽ സെക്രട്ടറി |
| 1-99 | 1,90,028/- | ശ്രീമതി.സിനില ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡവലപ്പ്മെന്റ് |
| 1-100 | 9,31,776/- | ശ്രീ.ബാലസുബ്രഹ്മണ്യം, ഹെൽത്ത് സൂപ്പർവൈസർ |
| 1-101(1) | 23,59,666/- | ശ്രീ.സന്തോഷ് കുമാർ പി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-101(2) | 5,270/- | ശ്രീ.ബാലസുബ്രഹ്മണ്യം, ഹെൽത്ത് സൂപ്പർവൈസർ |
| | 2,790/- | ശ്രീ.സന്തോഷ് കുമാർ പി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-101(3) | 90,720/- | ശ്രീ.ബാലസുബ്രഹ്മണ്യം, ഹെൽത്ത് സൂപ്പർവൈസർ |
| | 1,49,037/- | ശ്രീ.സന്തോഷ് കുമാർ പി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-101(4) | 93,060/- | ശ്രീ.ബാലസുബ്രഹ്മണ്യം, ഹെൽത്ത് സൂപ്പർവൈസർ |
| | 1,86,121/- | ശ്രീ.സന്തോഷ് കുമാർ പി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-102 | 3,00,000/- | ശ്രീമതി. ധന്യ വിൻസന്റ്, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജ്ജന സെൽ |
| 1-107 | 43,53,659/- | ശ്രീമതി. ശ്രീവിദ്യ.എസ്.മാരാർ, സി.ഡി.പി.ഒ, അർബൻ 2 |
| 1-111 | 1,15,867/- | ശ്രീമതി. ശ്രീകല കെ,സി.ഡി.പി.ഒ,അർബൻ 1 |
| 1-115 | 1,13,542/- | ശ്രീമതി.ബിന്ദു പി.ബി, മെമ്പർ സെക്രട്ടറി |
| 1-116 | 1,99,496/- | ശ്രീമതി.ബിന്ദു പി.ബി, മെമ്പർ സെക്രട്ടറി |

| | | |
|---|---|---|
| 1-117 | 25,20,640/- | ശ്രീമതി.ബിന്നു പി.ബി, മെമ്പർ സെക്രട്ടറി |
| 1-121 | 61,016/- | ശ്രീമതി. പ്രഭിത .വി, പട്ടികജാതി വികസന ഓഫീസർ |
| 1-122 | 50,000/- | ശ്രീമതി. പ്രഭിത .വി, പട്ടികജാതി വികസന ഓഫീസർ |
| 1-123 | 5,24,697 | ശ്രീമതി. പ്രഭിത .വി, പട്ടികജാതി വികസന ഓഫീസർ |
| 1-124 | 3,09,015/- | ഡോ. ബിന്ദു, സൂപ്രണ്ട്, സി.എച്ച്.സി, ഒല്ലൂർ |
| 1-125 | 8,53,024/- | ഡോ. ബിന്ദു, സൂപ്രണ്ട്, സി.എച്ച്.സി, ഒല്ലൂർ |
| 1-134 | 50,000/- | ശ്രീ. ഭരതരാജൻ , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-136 | 50,00,000/- | ശ്രീ. ഭരതരാജൻ , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-137 | 24,99,828/- | ശ്രീ. ഭരതരാജൻ ,പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-139 | 9,99,480/- | ശ്രീ. ഭരതരാജൻ , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ |
| 1-141 | 1,00,00,000/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-142 | 7,62,070/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-143 | 1,25,00,000/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-144 | 1,49,41,264/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-146 | 28,30,175/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-147 | 49,99,896/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-148 | 6,37,90,000/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-149 | 79,04,953/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |

| | | |
|---|---|---|
| 1-152 | 44,31,117/- | ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-155 | 18,49,760/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-157 | 15,642/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-158 | 3,41,609/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-159 | 49,28,161/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I |
| 1-160 | 4,18,98,657/- | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I/ ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-161 | 22,05,81,947 | ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I/ ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II |
| 1-164 | 68,00,005/- | ശ്രീ.രാഹേഷ് കുമാർ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ |
| 1-168 | 33,78,903/- | ശ്രീ.രാഹേഷ് കുമാർ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ |
| 1-169 | 9,21,98,849/- | ശ്രീ.രാഹേഷ് കുമാർ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ |
| ആകെ | 91,27,10,384/- | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | മറ്റ് സ്ഥാപനങ്ങളുടെ വിവരം |
|---|---|---|
| 1-142 | 75,603/- | ജിയോളജി വകുപ്പ് |
| 1-156 | 4,07,160/- | ജിയോളജി വകുപ്പ് |
| 1-156 | 1,06,650/- | വനം വകുപ്പ് |

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-37

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാഹേഷ്കുമാർ.ആർ, സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, മലപ്പുറം | മേലെ ഇടപ്പള്ളി ഹൗസ്, നേമം പി.ഒ, നെയ്യാറ്റിൻകര |
| ശ്രീമതി.ഷീജ എസ്.എസ്, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ I | എക്സിക്യൂട്ടീവ് എഞ്ചിനീയർ I,തൃശ്ശൂർ കോർപ്പറേഷൻ | അനുഗ്രഹ, മാർക്കറ്റ് റോഡ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| ശ്രീ.രാജ് ജെ.ആർ, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ II | എക്സിക്യൂട്ടീവ് എഞ്ചിനീയർ II, തൃശ്ശൂർ കോർപ്പറേഷൻ | ജെയാർ വില്ല, വിയ്യൂർ, തൃശ്ശൂർ |
| ഡോ. ബിന്ദു, സൂപ്രണ്ട്, സി.എച്ച്.സി, ഒല്ലൂർ | സൂപ്രണ്ട്, സി.എച്ച്.സി, ഒല്ലൂർ | പത്മവില്ല, ആറ്റിങ്ങൽ |
| ശ്രീ. ഭരതരാജൻ , പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ പൂങ്കുന്നം | റിട്ടയേർഡ് | ഭാസുരി, കണിയമംഗലം ഹൗസ്, പേരമംഗലം, തൃശ്ശൂർ |
| ശ്രീമതി. ശ്രീകല കെ, സി.ഡി.പി.ഒ,അർബൻ 1 | സി.ഡി.പി.ഒ,അർബൻ 1 | ശ്രീപാദം, പുളുർക്കര, അയ്യന്തോൾ പി.ഒ |
| ശ്രീമതി.ജയന്തി സി.ആർ, സി.ഡി.പി.ഒ,അർബൻ 1 | സി.ഡി.പി.ഒ,അർബൻ 1 | തോട്ടപ്പള്ളി ഹൗസ്, താണിശ്ശേരി പി.ഒ, ഇരിങ്ങാലക്കുട |
| ശ്രീമതി. ശ്രീവിദ്യ.എസ്.മാരാർ, | സി.ഡി.പി.ഒ,ഐ.സി.ഡി.എസ്. ഒല്ലൂക്കര അഡീഷണൽ അർബൻ 2, | ഇബിയ,മാരിയമ്മൻ കോവിൽ റോഡ്, |

| | | |
|---|---|---|
| സി.ഡി.പി.ഒ, അർബൻ 2 | | അഞ്ചേരി |
| ശ്രീമതി. ധന്യ വിൻസന്റ്, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജ്ജന സെൽ | ജെ.പി.എച്ച്.എൻ, കോട്ടയം മുനിസിപ്പാലിറ്റി | ചക്കാലക്കൽ ഹൗസ്, ഒല്ലൂക്കര പി.ഒ, തൃശ്ശൂർ |
| ശ്രീമതി. പ്രഭിത .വി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, തൃശ്ശൂർ കോർപ്പറേഷൻ | പാച്ചംപ്പിള്ളി ഹൗസ്, വില്ലടം, രാമവർമ്മപുരം, തൃശ്ശൂർ, 680631 |
| ശ്രീമതി. അനു.ആർ.എസ്, അഡീഷണൽ സെക്രട്ടറി | അഡീഷണൽ സെക്രട്ടറി,കൊല്ലം കോർപ്പറേഷൻ | വിപഞ്ചിക, മനക്കര, ശാസ്താംകോട്ട, കൊല്ലം |
